കൂപമണ്ഡൂക
പ്രബുദ്ധ സാമ്രാജ്യം

ശ്രീകേഷ് പുതുവാശ്ശേരി

കൂപമണ്ഡൂക
പ്രബുദ്ധ സാമ്രാജ്യം

ശ്രീകേഷ് പുതുവാശ്ശേരി

എ.പി.സി. ബുക്ക്സ്, ഇന്ത്യ

കൂപമണ്ഡൂക പ്രബുദ്ധ സാമ്രാജ്യം

ശ്രീകേഷ് പുതുവാശ്ശേരി

© 2025 Sreekesh Puthuvassery
All rights reserved.

ഈ പുസ്തകത്തിലെ ഉള്ളടക്കത്തിന്റെ ഏതെങ്കിലും ഭാഗം—എഴുത്ത്, ആശയം, രൂപരേഖ, ചിത്രങ്ങൾ, ഗ്രാഫിക്സ് എന്നിവ ഉൾപ്പെടെ – രചയിതാവിന്റെ മുൻകൂർ എഴുത്തുപരമായ അനുമതിയില്ലാതെ പകർത്ത് പ്രസിദ്ധീകരിക്കുകയോ, സ്കാൻ ചെയ്യുകയോ, റെക്കോർഡ് ചെയ്യുകയോ, ഡിജിറ്റൽ രീതിയിൽ പ്രചരിപ്പിക്കുകയോ പാടില്ല.

ISBN: 978-93-344-1613-8

ഡിസൈൻ, ടൈപ്പ്സെറ്റിംഗ് & കവർ ആർട്ട്:
ശ്രീകേഷ് പുതുവാശ്ശേരി

നിരാകരണം:
ഈ പുസ്തകത്തിലെ അഭിപ്രായങ്ങളും ആശയങ്ങളും രചയിതാവിന്റെ വ്യക്തിപരമായ ധാരണകളും ഗവേഷണഫലങ്ങളും മാത്രമാണ്. ഇതിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങൾ ഏതെങ്കിലും മതസ്ഥാപനങ്ങളുടെയോ രാഷ്ട്രീയ സംഘടനകളുടെയോ ഔദ്യോഗിക നിലപാട് പ്രതിനിധീകരിക്കുന്നതല്ല.

പ്രസാധകർ:
എ.പി.സി. ബുക്ക്സ്, ഇന്ത്യ
(APC. Books, India)
Printed in India
MRP: 299/-

For enquiries, permissions & rights:
books.apc@gmail.com

ഉള്ളടക്കം

ആമുഖം 1

ബൗദ്ധികത 4

മാനദണ്ഡം 30

സംവരണം 52

ആരോഗ്യം 72

അവകാശം 89

നീതി 114

ഭരണഘടന 134

പൗരബോധം 156

രാഷ്ട്രീയം 177

മൂല്യക്രമം 200

ആമുഖം

ലോകം നമ്മെ വിശ്വസിപ്പിക്കുന്നതുപോലെ നീതിയുടെയും ജനാധിപത്യത്തിന്റെയും നിർവചനങ്ങൾ സ്ഥായിയായി നിലനിൽക്കുന്ന ഒന്നല്ല. സൈദ്ധാന്തികമായ നിർവചനങ്ങൾക്കപ്പുറം വിശ്വാസ പ്രമാണങ്ങൾക്കപ്പുറം പലപ്പോഴും അത് വിചിത്രമായി തോന്നുന്ന തരത്തിലാകാം സഞ്ചരിക്കുന്നത്. ജനാധിപത്യം മനുഷ്യൻ സൃഷ്ടിച്ചൊരു സംവിധാനമാണ്. അതിന്റെ മുഖച്ഛായയിൽ സ്വാതന്ത്ര്യവും പങ്കാളിത്തവും കാണപ്പെട്ടാലും യാഥാർത്ഥ്യത്തിൽ അത് ജനങ്ങളെ നിയന്ത്രിക്കാൻ രൂപകൽപ്പന ചെയ്ത അദൃശ്യമായ ഒരു ഉപകരണമാണ്. പുറമേ അത് ജനങ്ങളുടെ ശബ്ദമെന്നു തോന്നിപ്പിക്കുമ്പോഴും അകത്ത് അധികാരം കൈവശം വച്ചിരിക്കുന്നവരുടെ ആധിപത്യത്തിന്റെ ഉപാധിയായി മാത്രമേ പ്രവർത്തിക്കുകയുള്ളൂ. ജനങ്ങൾക്ക് അവരുടെ ഭാവി നിർണയിക്കാനുള്ള ശക്തി ഇല്ലെന്നും അവരുടെ പങ്കാളിത്തം ഒരു കാഴ്ചക്കാരന്റെ സമാധാന പാരമ്പര്യമായി മാത്രം ഉപയോഗിക്കപ്പെടുന്നതാണെന്നും ചരിത്രം തെളിയിക്കുന്നു. പ്രതീക്ഷകൾ, വാഗ്ദാനങ്ങൾ, തിരഞ്ഞെടുപ്പ് പ്രചാരണങ്ങൾ എല്ലാം ജനങ്ങളെ തമ്മിൽ കലഹിപ്പിക്കുന്നൊരു കളി മാത്രമാണ്. ജനങ്ങൾ സ്വയം തീരുമാനിക്കാൻ കഴിയുന്നവരല്ല. അവർ നിർമ്മിതമായ ഒരു മഞ്ചാടിപ്പൂവുപോലെ രാഷ്ട്രീയ യന്ത്രങ്ങളുടെ ഇടയിലേയ്ക്ക് വക്രീകരിക്കപ്പെട്ടിരിക്കുന്നു. നിർവചനങ്ങളിൽ, ജനാധിപത്യത്തിൽ ജനങ്ങളാൽ ഭരിക്കപ്പെടുന്നു എന്ന് രേഖപ്പെടുത്തിയിരുന്നാലും യാഥാർത്ഥ്യങ്ങളുമായി അത് യാതൊരു വിധത്തിലും പൊരുത്തപ്പെടുന്നില്ല. ജനങ്ങളെ നയിക്കാൻ കഴിയുന്ന പ്രതിനിധി എന്നത് ജനങ്ങളുടെ ഭാവിയും, ജീവനും, ജീവിതവും, സ്വാതന്ത്ര്യവും, സുരക്ഷയും ഉറപ്പ് നൽകാൻ കഴിയുന്നവൻ എന്ന ജനപ്രതീക്ഷയാണ്. എന്നാൽ ആ പ്രതീക്ഷകൾ പലപ്പോഴും ചൂഷണത്തിന്റേയും, അവഗണനയുടേയും, സ്വാതന്ത്ര്യമില്ലായ്മയുടേയും വെയിലേറ്റ് വാടുന്നതായി നമുക്ക് കാണാവുന്നതാണ്.

ജനാധിപത്യം ജനങ്ങൾക്ക് സ്വാതന്ത്ര്യം നൽകുന്ന ഒന്നല്ല. അത് മിഥ്യാഭ്രമം സൃഷ്ടിക്കുന്ന ഒരു കബളിപ്പിക്കൽ മാത്രമാണ്. 'ജനങ്ങളുടെ ശാക്തീകരണം', 'പൗരന്റെ അവകാശം' എന്നീ വാക്കുകൾ ഭരണകൂടം ആവർത്തിച്ചു പറയുന്ന മുദ്രാവാക്യങ്ങൾ മാത്രമാണ്. എന്നാൽ യാഥാർത്ഥ്യത്തിൽ അവ ജനങ്ങളെ അനുസരണത്തിലേക്ക് കൂട്ടിച്ചേർക്കാൻ ഉപയോഗിക്കുന്ന രാഷ്ട്രീയ വലയങ്ങളാണ്. തിരഞ്ഞെടുപ്പ് ദിവസം വോട്ടു ചെയ്യുവാനുള്ള അവകാശം ജനങ്ങൾക്ക് യഥാർത്ഥ സ്വാതന്ത്ര്യം നൽകുന്നില്ല. അത് അവരുടെ മനസ്സിൽ 'നമ്മൾ തീരുമാനങ്ങളിൽ പങ്കാളികളാണ്' എന്നൊരു ഭ്രമം മാത്രം സൃഷ്ടിക്കുന്നു. വിദ്യാഭ്യാസവും അതു പോലെയാണ്. അറിവ് നൽകുന്നതുപോലെ തോന്നിപ്പിച്ചാലും യാഥാർത്ഥ്യത്തിൽ അത് ചിന്താശേഷിയെ നിയന്ത്രിക്കുന്ന ഒരു സംവിധാനമാണ്. ജനങ്ങൾക്ക് സുരക്ഷിതമാ

ണെന്ന് തോന്നിപ്പിക്കുന്ന ഈ മിഥ്യാഭാസം അവരുടെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കുള്ള വഴികളെ അടച്ചുപൂട്ടുകയാണ്. സമൂഹം നമ്മോട് പറയുന്നത്, 'നിങ്ങൾക്ക് അവകാശങ്ങളുണ്ട്, നിങ്ങൾക്ക് സ്വാതന്ത്ര്യമുണ്ട്' എന്നാണ്. എന്നാൽ ആ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും ഭരണഘടന, നിയമങ്ങൾ, സാമ്പത്തിക വ്യവസ്ഥകളും സാമൂഹിക ബന്ധങ്ങളുമെന്ന ശക്തമായ ശൃംഖലകളുടെ കീഴിൽ പൂർണ്ണമായി നിയന്ത്രിതമാണ്. ജനങ്ങളുടെ സ്വാതന്ത്ര്യം തന്ത്രപരമായി ഉപഭോക്താവ് എന്ന രീതിയിൽ നിർവചിക്കപ്പെട്ടിട്ടുണ്ട്. അവരുടെ കാഴ്ചപ്പാട്, അഭിപ്രായം, പ്രവർത്തനം എല്ലാം ഒരു നിശ്ചിത അതിരിനുള്ളിൽ പരിമിതപ്പെടുത്തിയിരിക്കുന്നു. എന്നതുകൊണ്ട് പൗരന്റെ സ്വാതന്ത്ര്യത്തിന് മാനദണ്ഡം ആവശ്യമില്ല എന്ന് അർത്ഥമില്ല. ജനങ്ങൾക്ക് തങ്ങളാണ് 'കേന്ദ്രം' എന്നും 'അവസാന വിധികർത്താക്കൾ' എന്നും തോന്നുന്നു. പക്ഷേ യാഥാർത്ഥ്യത്തിൽ പുറത്തേക്ക് നോക്കാൻ കഴിയുന്നുവെങ്കിലും അതിരുകൾ കടക്കാനാകാത്ത, ചലനശേഷി നഷ്ടപ്പെട്ട കൂപമണ്ഡൂകങ്ങളെപ്പോലെ പൊൻതുവലുകൾകൊണ്ട് അലങ്കരിച്ച മഞ്ഞളിപ്പ് മൂടിയ കുപ്പിക്കുള്ളിൽ അവർ കുടുക്കപ്പെട്ടിരിക്കുന്നു. അവരുടെ ജീവിതം, അവരുടെ സ്വപ്നങ്ങൾ, അവരുടെ ദൈനംദിന തീരുമാനങ്ങൾ എല്ലാം തന്നെ ഉന്നതവർഗ്ഗം സാമ്പത്തികവും രാഷ്ട്രീയവുമായ ഉപാധികളിലൂടെ നിർദ്ദേശിക്കുന്ന വഴികളിൽ കുടുങ്ങിക്കിടക്കുന്നു. അവർ സ്വയം മുന്നോട്ടുപോകുന്നു എന്ന് കരുതുന്ന ഓരോ അടിയിലും യന്ത്രവൽക്കരിച്ച നിയന്ത്രണത്തിന്റെ ഭാരം മാത്രമാണ് പ്രവർത്തിക്കുന്നത്.

ഇതിൽ നിന്ന് ഒഴിഞ്ഞു മാറാൻ എളുപ്പമല്ലാത്ത ഒരു സത്യം തെളിഞ്ഞു നില്ക്കുന്നു. ജനങ്ങൾക്ക് ലഭിക്കുന്ന എല്ലാ വാഗ്ദാനങ്ങളും, ഭരണഘടനയിലെ വരികളും, നിയമങ്ങളുടെയും നയങ്ങളുടെയും രൂപങ്ങളും — ഇവയെല്ലാം ഒറ്റ ലക്ഷ്യത്തിന് വേണ്ടി പ്രവർത്തിക്കുന്നു. ആ ലക്ഷ്യം, ഉന്നതവർഗ്ഗത്തിന്റെ സമ്പത്ത് ഉറപ്പാക്കുകയും അവരുടെ ശക്തിയും നിയന്ത്രണവും നിരന്തരമായി വർദ്ധിപ്പിക്കുകയും ചെയ്യുന്നതാണ്. ഭരണകൂടങ്ങൾ ജനങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്നു എന്നത് ഒരു വലിയ തമാശ മാത്രമാണ്. ഭരണഘടന, നിയമം, ഭരണകൂടത്തിന്റെ സ്ഥാപനങ്ങൾ, നേതൃത്വം എന്നിവ ജനങ്ങളുടെ പ്രതിനിധികളല്ല. മറിച്ച് ഉന്നതവർഗ്ഗത്തിന്റെ സ്വപ്നങ്ങളെ സംരക്ഷിക്കാൻ രൂപപ്പെടുത്തിയ ഒരു സുരക്ഷിതമായ ഭിത്തിയാണ്. ജനങ്ങളുടെ സമ്പത്ത്, അവരുടെ അദ്ധ്വാനം, രക്തം, വേദനയും ആകുലതകളും എല്ലാം തന്നെ ഭരണകൂടത്തിന്റെ കേളികളിൽ പണമായി മാറുന്നു. ഓരോ നിയമവും, ഓരോ നയവും, ഓരോ തെരഞ്ഞെടുപ്പും ജനങ്ങളെ പിടിച്ചിരുത്തുന്ന സൂക്ഷ്മമായി കണക്കാക്കിയ ശൃംഖലകളാണ്. ഇവ വളരെ ശാസ്ത്രീയമായി ആസൂത്രണം ചെയ്ത കുടുക്കുകളാണ്. അവയിൽ നിന്ന് ജനങ്ങൾക്ക് രക്ഷപ്പെടാനാകില്ല. സ്വാതന്ത്ര്യം, പങ്കാളിത്തം, അവകാശങ്ങൾ തുടങ്ങിയവയെല്ലാം തിളക്കമേറിയ പേരുകളായി മാത്രം നിലനിൽക്കുന്നു. അവയുടെ യാഥാർത്ഥ്യത്തിലുള്ള ഉള്ളടക്കം ഭരണാധികാരികളുടെ കൈകളിൽ നിന്നും ജനങ്ങൾക്ക് ഒരിക്കലും ലഭിക്കുന്നില്ല.

അതിനാൽ ജനങ്ങൾ ഒരിക്കലും സ്വയം കരുതലിന്റെ കേന്ദ്രമല്ല. അവർ ഭരണ കൂടത്തിന്റെ കണക്കുകൂട്ടിയ നിയന്ത്രണങ്ങളിലും ഉന്നതവർഗ്ഗം തീർത്ത സൂക്ഷ്മമായ ചതിക്കുഴികളിലും കുടുങ്ങിയ കളിപ്പാവകളാണ്. അവരുടെ ചലനവും ചിന്തയും സ്വതന്ത്രമെന്നു തോന്നിച്ചാലും യാഥാർത്ഥ്യത്തിൽ അത് ഒരു സംവിധാനത്തിൽ നിയന്ത്രിതമായിരിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ സ്വപ്നങ്ങൾ, പങ്കാളിത്തത്തിന്റെ വിശ്വാസങ്ങൾ, ജനാധിപത്യത്തിന്റെ ആകർഷകമായ മുദ്രാവാക്യങ്ങൾ ഇവ ഒടുവിൽ ഭ്രാന്തമായ സങ്കല്പങ്ങളായി മാത്രം മാറുന്നു. ജനങ്ങൾ കബളിക്കപ്പെടുകയും, അവരുടെ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും ഭരണകൂടം നിർദ്ദേശിക്കുന്ന രീതിയിൽ തന്നെ സ്വീകരിക്കുകയും ചെയ്യുന്നു. അവർക്കു മുന്നിൽ അവതരിപ്പിക്കുന്ന കാഴ്ചയുടെ പുറംതോടു മാത്രം അവർക്ക് അനുഭവിക്കാൻ കഴിയുന്നു. അതിനകത്തുള്ള യഥാർത്ഥ മുഖം അവർ കാണുന്നില്ല. ജനാധിപത്യം മരിച്ചൊരു തത്വശാസ്ത്രമാണ്. അത് ജനങ്ങൾക്ക് തണലും ശക്തിയും നൽകുന്നതല്ല. മറിച്ച് ഉന്നതവർഗ്ഗത്തിന്റെ നിയന്ത്രണത്തിനും ലാഭത്തിനുമായി നിർമ്മിച്ചൊരു ദൃശ്യഭാഷ മാത്രമാണ്. ഇന്നത്തെ ജനാധിപത്യത്തിൽ ജനങ്ങൾ ജീവിക്കുന്നത് ചലനശേഷിയില്ലാത്ത യന്ത്രങ്ങളായി നിയന്ത്രണത്തിനും കബളിപ്പിക്കലുകൾക്കും വിധേയരായി മാത്രമാണ്. എന്നിരുന്നാലും, ഇവിടെ ഏറ്റവും വിചിത്രമായൊരു വിരോധാഭാസം നിലനിൽക്കുന്നു. ഈ സാഹചര്യങ്ങളിലും, ജനങ്ങൾ മിഥ്യാഭ്രമത്തിൽ അകപ്പെട്ടുകൊണ്ട് തങ്ങളാണ് ചിന്തകളിലും പ്രവർത്തികളിലും പ്രബുദ്ധരും സ്വതന്ത്രരുമെന്ന് സ്വയം വിശ്വസിക്കുന്നു. അവർ പറയുന്നത്, ‘ഞങ്ങൾ പഠിച്ചിരിക്കുന്നു, ഞങ്ങൾ വോട്ട് ചെയ്യുന്നു, ഞങ്ങൾ സംസാരിക്കുന്നു, ഞങ്ങളുടെ ശബ്ദം ശക്തമാണ്, അതിനാൽ ഞങ്ങൾ സ്വതന്ത്രരാണ്’ എന്നതാണ്. എന്നാൽ യാഥാർത്ഥ്യം, അവരുടേതെന്ന് കരുതുന്ന ചിന്തകൾ തന്നെ വിദ്യാഭ്യാസവും മാധ്യമങ്ങളും രൂപപ്പെടുത്തുന്നതാണ്. അവരുടേതെന്ന് കരുതുന്ന വാക്കുകൾ, ഭരണകൂടത്തിന്റെ പരിധികളിൽ നിന്ന് പുറത്തുകടക്കാത്ത വിധം മുൻകൂട്ടി ചിട്ടപ്പെടുത്തിയവയാണ്. ഇതാണ് ജനാധിപത്യത്തിന്റെ ഏറ്റവും വലിയ വിരോധാഭാസം. അടിമത്തത്തിൽ ജീവിക്കുമ്പോഴും സ്വാതന്ത്ര്യമാണെന്ന് കരുതുന്ന ജനങ്ങളുടെ മിഥ്യാനുഭവം. ഈ ഭ്രമത്തിൽ നിന്ന് ജനങ്ങൾ ഉണരുന്നത് വരെ അവരുടെ ജീവിതം ഉന്നത വിഭാഗത്തിന്റെ കളിയുടെ ഭാഗമായിത്തന്നെ തുടരും.

അദ്ധ്യായം–1
ബൗദ്ധികത

വ്യക്തിഗതമായ വളർച്ച എന്നത് സാന്ദ്രബോധത്തിന്റെയും ആത്മസത്വത്തിന്റെയും ക്രമാഗതമായ ക്ഷയമാണ്. മാനസിക വളർച്ച എന്നത് അതിന്റെ പരിണിത ഫലവും. ഒരു സാമൂഹിക ജീവി എന്ന നിലയിൽ നാം പക്വതയേയും മാനസിക വികാസത്തേയും പ്രോത്സാഹിപ്പിക്കുമ്പോൾ സത്യത്തിൽ ഒരു ജീവി എന്ന നിലയിൽ ആ മനുഷ്യൻ അതിന്റെ അന്തസത്തയിൽ നിന്നും ആത്മബോധത്തിൽ നിന്നും അത്യന്തമായ അകലങ്ങളിലേയ്ക്ക് നീങ്ങുകയാണ്. എന്നാൽ പക്വതയെ പ്രാപിച്ച ഈ വ്യക്തിബോധത്തെ അതിന്റെ അന്തരാളങ്ങളിലൂടെ അവലോകനം ചെയ്യുമ്പോൾ സത്യത്തിൽ അത് കേവലം പൊള്ളയായ നീർക്കുമിളയാണെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. എങ്കിലും അതിനെ അംഗീകരിക്കുവാനുള്ള മാനസികാവസ്ഥ മനുഷ്യനുണ്ടോ എന്നത് സംശയാസ്പദമായ ചോദ്യമാണ്. അത് ഓരോ വ്യക്തിയും ആത്മവിചിന്തനം ചെയ്യേണ്ടതാണെന്ന് പറയുകയല്ലാതെ ഈ ചോദ്യത്തിന് ഉത്തരം ഞാൻ ഇവിടെ പ്രതീക്ഷിക്കുന്നുമില്ല. ഒരു മനുഷ്യന്റെ ആത്മബോധത്തിന്റെ ജീർണ്ണനത്തിന് മാതാപിതാക്കളും, ബന്ധുമിത്രാദികളും, സുഹൃത്തുക്കളും, ആധുനിക വിദ്യാഭ്യാസ സമ്പ്രദായവും, സമൂഹവും, ഭരണ സിരാകേന്ദ്രവും ഒരേ പോലെ പങ്കുവഹിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഇവിടെ ആരും നിരപരാധിയായിരിക്കാൻ അർഹനുമല്ല. ഈ വ്യക്തിബോധം എന്നത് അഹം എന്ന ബോധം തന്നെയാണ്. അതിന്റെ വളർച്ച എന്നത് അഹങ്കാരവും. എങ്കിലും അതിന് പരിക്കേൽക്കാത്തിടത്തോളം കാലം അത് കാപട്യത്തിന്റെ വർണ്ണ ശബളമായ വേഷങ്ങളണിഞ്ഞ് സമൂഹത്തിന്റെ സ്നേഹവും കരുതലും ആദരവും നേടുകയും മുറിവേൽക്കപ്പെടുമ്പോൾ, വേദനയുടെ സീമകൾ ലംഘിക്കപ്പെടുമ്പോൾ സമൂഹം കൽപ്പിച്ച് നൽകിയ വിലയുടേയും നിലയുടേയും എല്ലാ അടിസ്ഥാന ഘടനകളും വരമ്പുകളും ലംഘിച്ച് സ്വരൂപത്തെ പ്രാപിക്കുകയും ചെയ്യും. അത് ഒരു ശാശ്വതമായ സത്യമാണ്. ഞാൻ മറ്റൊരുവനേക്കൾ മികച്ചവൻ എന്ന് ചിന്തിക്കുന്ന ജനസമൂഹം ഉടലെടുക്കുന്നതിന്റെ കേന്ദ്രബിന്ദുവും ഇതേ വ്യക്തിബോധമാണ്. ഓരോ മനുഷ്യനും വ്യത്യസ്തനായിരിക്കെ ഒരുപക്ഷെ ഇത്തരത്തിലുള്ള താരതമ്യം എന്തിന്റെ അടിസ്ഥാനത്തിലാണ് എന്നതിനെപ്പറ്റി ചിന്തിച്ചാൽ അത് തികച്ചും ഭോഷത്വം നിറഞ്ഞതും തികച്ചും അർത്ഥ ശൂന്യവുമാണ് എന്ന് കാണാവുന്നതുമാണ്. ഓരോ മനുഷ്യനും വ്യത്യസ്തനായിരിക്കുന്നതിനാൽ അവരുടെ ചിന്തകളും, പ്രവർത്തികളും, കഴിവുകളും, ബുദ്ധിയും, അവലോകന–അപഗ്രഥന ശക്തികളും വ്യത്യസ്തമായിരിക്കും. ജനിതക ഘടനയിലെ ക്രമം നിശ്ചയിക്കുന്ന ഈ വ്യത്യസ്തതകൾ സത്യമായിരിക്കെ താരതമ്യങ്ങൾക്ക് ഇവിടെ എന്താണ് പ്രസക്തി?. ഒരു പക്ഷെ ഈ വരികളുടെ ആന്തരിക അർത്ഥം പോലും പലരും പലരീതിയിലാകാം മനസ്സിലാക്കുന്നത്. അതിന്റെ ആഴങ്ങളെ തലോടാൻ കഴിയാത്തവർ ഈ വരികളോട്, ആ

ശയങ്ങളോട് ഒരു പക്ഷെ ഐക്യം പ്രകടിപ്പിക്കാൻ വൈഷമ്യം കാണിച്ചാൽ അതിൽ ലവലേശം അതിശയോക്തി ഇല്ല. എന്നാൽ അപ്രകാരം സംഭവിക്കുമ്പോൾ ഒരേസമയം അത് സ്വയം മേൽപ്പറഞ്ഞ ആശയത്തെ സാധൂകരിക്കുകയും ചെയ്യുന്നു.

ഈ സമൂഹത്തിൽ ജീവിച്ചിരിക്കുന്നതും മരിച്ചുപോയതുമായ ഓരോ മനുഷ്യജീവിയേയും താരതമ്യം ചെയ്താലും അതിൽ ഒരു ജോടിയെങ്കിലും നൂറുശതമാനവും സമാനമായിരിക്കുകയില്ല. ഇത് അറിഞ്ഞുതന്നെ ജനിച്ചുവീഴുന്ന ഒരോ കുഞ്ഞിനേയും സമൂഹം കൽപ്പിക്കുന്ന രീതിയിൽ, മേഖലകളിൽ, വിദ്യാഭ്യാസത്തിൽ, അച്ചടക്കത്തിൽ പരിശീലനം ചെയ്യാൻ ശ്രമിക്കുന്നു എന്നതാണ് ഏറ്റവും വലിയ വങ്കത്വം. അപ്രകാരം ചെയ്കെ തന്നെ നിങ്ങൾക്ക് ലഭിക്കുന്ന ഫലം ഒന്നുതന്നെ ആണോ?. ഒരിക്കലുമില്ല, എത്ര ശ്രമിച്ചാലും ആകുകയുമില്ല. എന്നിരിക്കയാലും സമൂഹം അതിൽ നിന്ന് കൊയ്യുന്നത് മത്സരബുദ്ധിയും വെറുപ്പും വിദ്വേഷവും അത് ബാഹ്യമായി പ്രകടിപ്പിച്ചാലും ഇല്ലെങ്കിലും. ഇതേ സമ്പ്രദായമാണ് പാശ്ചാത്യ ശാസ്ത്രവും ചികത്സാരീതികളും അവലമ്പിക്കുന്നതും. ഒരുവന് ഔഷധമായിരിക്കുന്ന ഒന്ന് മറ്റൊരുവന് വിഷമായി ഭവിക്കാം. വിഷമെന്നാൽ തൽക്ഷണം മരണം എന്ന അർത്ഥം ഇവിടെ ഉദ്ദേശിക്കുന്നില്ല. അതേസമയം ഡസനോളമോ അതിലധികമോ വാക്സിനേഷനുകൾ നൽകിയിട്ടും വന്യമൃഗങ്ങളോളം പോലും മനുഷ്യന് രോഗ പ്രതിരോധ ശക്തിയുമില്ല, വർഷത്തിൽ ഒരിക്കലെങ്കിലും രോഗിയാവാതിരിക്കുന്നുമില്ല. എന്നാൽ എല്ലാവരും അപ്രകാരം രോഗാവസ്ഥയെ പ്രാപിക്കണം എന്നുമില്ല. വൈവിധ്യങ്ങളെ ഒരേപോലെ അംഗീകരിക്കാൻ മനസ്സില്ലാത്ത സമൂഹം ചില വൈവിധ്യങ്ങളെ ഉത്കൃഷ്ടവും മറ്റ്ചിലത് അതകൃതവും ആയി കാണാൻ ശ്രമിക്കുന്നത് വഴി സമൂഹത്തെ മലീസമാക്കാൻ കഴിയും എന്നല്ലാതെ ഓരോന്നിലേയും നല്ലതിനെ കണ്ട് പ്രോത്സാഹിപ്പിക്കാൻ കഴിയാത്തിടത്തോളം കാലം ശാന്തവും ഉത്കൃഷ്ടവുമായ ഒരു ലോകവും ആത്മസാക്ഷാകാരത്തിലേയ്ക്ക് നയിക്കാവുന്ന ഒരു സമൂഹത്തേയും (ഇത് ഒരുഘടകം മാത്രമാണെങ്കിൽപ്പോലും)പടുത്തുയർത്താൻ പോകുന്നില്ല.

കപടബുദ്ധിജീവികളും സാംസ്കാരിക നായകന്മാരും അർദ്ധസത്യങ്ങൾ മാത്രമായ ഭൗതീക ശാസ്ത്രത്തെ മറയാക്കി ബോധം എന്നത് ഭൗതികതയുടെ പരിണിത ഫലമായി സ്വയം വിശ്വസിക്കുകയും അവരുടെ വിശ്വാസങ്ങളെ മസ്തിഷ്ക പ്രക്ഷാളനം ചെയ്യപ്പെട്ട, സ്വയമേവ ചിന്താശേഷി നഷ്ടപ്പെട്ട ഒരു കൂട്ടത്തിലേക്ക് അടിച്ചേൽപ്പിക്കുകയും ചെയ്യുന്നു. എന്നാൽ ഭൗതികതയുടെ സൂക്ഷതലങ്ങളിലേയ്ക്ക് പോകുമ്പോൾ അവിടെ ബോധത്തിനാൽ പ്രവർത്തിക്കുന്ന ഒരു ശക്തി മാത്രമായി രൂപാന്തരം പ്രാപിക്കുകയും അതിനുമപ്പുറം വെറും ആത്യന്തിക ശൂന്യതയിലേക്ക് ഭൗതികത പരിണമിക്കുകയും ചെയ്യുന്നതായി നമുക്ക് മനസ്സിലാക്കാൻ കഴിയും. ഈ ബോധം ഭൗതീക തത്വത്തിന്റെ ഒരു സോഫ്റ്റ്‌വെയറായി നിലനിൽക്കുന്നത് ഓ

രോ സൃഷ്ടിയുടേയും പ്രവർത്തനത്തിന്റേയും സൂക്ഷ്മനിരീക്ഷണത്തിലൂടേയും സൂക്ഷ്മ ചിന്തയിലൂടേയും സ്വയം നമുക്ക് മനസ്സിലാക്കാവുന്നതാണ്. അതേസമയം ഈ ബോധത്തിനെ ശക്തിയിൽ നിന്നും വേർതിരിക്കുക എന്നത് അസാധ്യമായ കാര്യമാണ്. ഈ ബോധത്തിന്റെ അഭാവത്തെ സാങ്കൽപ്പികമായാണെങ്കിലും ചിന്തിച്ച് നോക്കുകയാണെങ്കിൽ ശക്തി താളം തെറ്റിയ ഒരു താരാട്ടുമാത്രമായിരിക്കുകയും സൃഷ്ടി എന്നത് അസംഭവ്യമായിരിക്കുകയും ചെയ്യുന്നതായി നമുക്ക് മനസ്സിലാക്കാൻ സാധിക്കുകയും ചെയ്യും.

അർദ്ധശാസ്ത്രങ്ങളെ പൂർണ്ണമായും വിശ്വസിച്ച് പൊള്ളയായ ചില ആശയങ്ങളുടേയും വിശ്വാസങ്ങളുടേയും മേൽ ആധിപത്യം സ്ഥാപിച്ച് സ്വയം പ്രബുദ്ധരായവരെന്ന് ഘോഷിച്ച് ജീവിക്കുന്ന ഒരുകൂട്ടം ജനതയെപ്പറ്റിയുള്ള അവലോകനമാണ് കൂപമണ്ഡൂക പ്രബുദ്ധ സാമ്രാജ്യം. ഭാരതത്തിന്റെ രാഷ്ട്രീയ-സാമൂഹിക ഭൂപ്രകൃതിയുടെ പൊതുചിത്രത്തിൽ കെട്ടിച്ചമയ്ക്കപ്പെട്ട മേൽക്കോയ്മ അവകാശപ്പെടുന്നതും അതിൽ അഭിമാനിക്കപ്പെടുന്നതുമായ ചുരുക്കം ചില സംസ്ഥാനങ്ങളിൽ ഒന്നാമതാണ് കേരളം. ഏറ്റവും പുരോഗമനമുള്ള, സാക്ഷരതയുള്ള, സംസ്കാരമുള്ള, ഏറ്റവും സാമൂഹിക ബോധമുള്ള സമൂഹമായി സ്വയം കണക്കാക്കപ്പെടുന്ന ഒരു പൊതുബോധത്തിന്റെ ബാധ അവരിൽ മാധ്യമ, സാംസ്കാരിക, രാഷ്ട്രീയ ശക്തികളാൽ വർഷങ്ങളായി കയറ്റപ്പെട്ടിട്ടുള്ളതാണ്. വിദ്യാഭ്യാസത്തിൽ നിന്നുയിർത്ത രാഷ്ട്രീയ ബോധം മുതൽ ആരോഗ്യമേഖലകളിലെ സ്ത്രീ സാന്നിദ്ധ്യത്തിൽ വരെ തങ്ങൾ രാജ്യത്തിലെ മറ്റുള്ളവരേക്കാൾ ബുദ്ധിയുള്ളവരാണ് എന്ന അടിസ്ഥാനശൂന്യമായ ഈ അഭിമാന ചിന്തയ്ക്ക് കീഴിൽ ഗൗരവമേറിയ ഒരു മനഃശാസ്ത്ര വിവക്ഷ കുടിയിരിക്കുന്നു. മാധ്യമങ്ങളും രാഷ്ട്രീയക്കാരും സ്വതാത്പര്യത്തിനായ് വളർത്തിയെടുത്ത ഒരു ആത്മപരാക്രണത്തിന്റെ ഭ്രമം.

ഞങ്ങൾ മികച്ചവർ എന്ന ഈ മിഥ്യാധാരണയുടെ കേന്ദ്രബിന്ദു ഈ പൊതു ബോധം ആയിരിക്കെത്തന്നെ ഇത് വെറും വിശ്വാസം എന്ന നിലയിലല്ല, മറിച്ച് യാഥാർത്ഥ്യമായ കണക്കുകളായാണ് സമർപ്പിക്കപ്പെടുന്നത്. അതിനോടൊപ്പം ആന്തരികമായി ആഴത്തിൽ പതിഞ്ഞുപോയ ഒരു പ്രാദേശിക വാദവും. ഉത്തരേന്ത്യക്കാരേക്കാൾ കൂടുതൽ യുക്തിയുള്ളവരായും, ഉത്തർപ്രദേശ്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളെ അപേക്ഷിച്ച് വർഗ്ഗീയത കുറഞ്ഞവരായും ഹരിയാന, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളേക്കാൾ ലിംഗസമത്വം നിറവേറ്റുന്നവരായും രാജ്യത്തിന്റെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മികച്ച രാഷ്ട്രീയ ബോധമുള്ളവരായും ചിത്രീകരിക്കുവാൻ കേരളീയരെ അതിതീഷ്ണമായും, സൂക്ഷ്മതലത്തിലും പഠിപ്പിക്കപ്പെടുന്നു എന്നതാണ് സത്യം. ഈ സംഘടിത മനഃശാസ്ത്രം ആത്മപ്രതിഫലനത്തേയും വ്യക്തിഗതാതീയമായ ഉയർച്ചയേയും തടസ്സപ്പെടുത്തുന്ന ധിക്കാരത്തിലധിഷ്ഠിതമായ അഹങ്കാരത്തിന്റെ ഭീകരമായ രൂപമായി പരിണമിക്കുന്നു. എന്നാൽ അത് ആന്തരികമായ ബോധത്തിൽ നിന്നും വിവേചനാശക്തിയിൽ നിന്നും വ്യ

ക്തിഗതമായി രൂപപ്പെടുന്ന ചിന്തയല്ല. മറിച്ച്, ഒരു സാമൂഹിക മസ്തിഷ്ക പ്രക്ഷാളനത്തിന്റെ പ്രവാഹത്തിൽ രൂപപ്പെട്ടുകൊണ്ടിരിക്കുന്ന അർത്ഥ ശൂന്യതയാണ് എന്ന് മനസ്സിലാക്കാം. അടിസ്ഥാന തലത്തിലോ അല്ലെങ്കിൽ കൂടുതൽ ഗഹനമായോ വ്യക്തികളെ അവലോകനം ചെയ്താൽ അവർക്ക് അതിന്റെ കാര്യകാരണങ്ങളോ ഉരുത്തിരിഞ്ഞ വഴികളോ അറിയില്ലന്ന് മനസ്സിലാക്കാവുന്നതാണ്. ഈ വികാരം പ്രതലത്തിൽ മാത്രം പ്രതിഫലിക്കുന്നതും എന്നാൽ സമൂഹത്തിന്റെ പൊതുബോധവും ആയതിനാൽ ഇഷ്ടാനിഷ്ടങ്ങളാൽ തിരഞ്ഞെടുത്ത് വ്യക്തി ഒരു വിശ്വാസ പ്രമാണം തന്റെ ഉള്ളിൽ പ്രതിഷ്ഠിക്കുന്നു എന്നതിൽപരം പ്രാധാന്യം ഇത് അർഹിക്കപ്പെടുന്നില്ല. ഈ പ്രവണതയെ പ്രബുദ്ധത എന്ന് വിളിക്കുന്നത് തികച്ചും പരിഹാസ്യമാണ്.

എന്നിരുന്നാലും ഞങ്ങൾ പുരോഗതി നേടിയവരാണ് എന്ന വിരസത നിറഞ്ഞ തനിയാവർത്തനങ്ങളിലൂടെ ആരും പുരോഗമനം നേടുന്നില്ല. പുരോഗമനം എന്നത് ഭൗതികം മാത്രമല്ല മാനസികവും കൂടിയാണ്. ഉദാഹരണമായി കേരള സമൂഹം ജാതിമത ചിന്തകൾക്ക് അതീതമാണെന്ന് പറയുമ്പോൾ തന്നെ വിവാഹ പരസ്യങ്ങൾ, ഗവൺമന്റ് അപേക്ഷകൾ, ചില ആശുപത്രി ഫോമുകൾ, എന്തിന് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അപേക്ഷകളിൽ വരെ ജാതിയും മതവും രേഖപ്പെടുത്തുവാനുള്ള കോളങ്ങൾ നമുക്ക് കാണുവാൻ കഴിയും. എന്ന് മാത്രമല്ല, പലപ്പോഴും അത് നിർബന്ധകരവും ആയിരിക്കും എന്നതാണ് വിരോധാഭാസം. ലൗകികത അവസാനിക്കുന്നിടത്താണ് ആത്മീയത തുടങ്ങുന്നതെന്നിരിക്കെ ആത്മീയത എന്നത് തെല്ലും അറിയാത്തവരുടെ മഹാപ്രളയം പള്ളികളിലും ക്ഷേത്രങ്ങളിലും മസ്ജിദുകളിലും ദർഗ്ഗകളിലും ദർശിക്കാനാവുന്നു എങ്കിൽ നിങ്ങളുടെ കപടമതാതീത സാമൂഹിക ചിന്തയുടെ സ്ഥാനം എവിടെയാണ്?. ലിംഗസമത്വം പുലമ്പുന്ന ഇതേ സംസ്ഥാനത്തെ സ്ത്രീകൾക്കെതിരെയുള്ള കുറ്റപത്രങ്ങളുടെ കണക്ക് ഭീതിജന്യമാണ്. പുറമേ കാണുന്ന സമത്വം, വിദ്യാഭ്യാസം, വികസനം എന്നിവ സത്യമായിരുന്നാലും അവബോധത്തിന്റെ ആഴങ്ങളിൽ ജാതി-മതാധിഷ്ഠിത ചിന്തകൾ ഇപ്പോഴും നിലനിൽക്കുന്നു എന്നതാണ് യാഥാർത്ഥ്യം. എന്നാൽ അവ സാമൂഹിക ജീവിതത്തെ നിയന്ത്രിക്കുന്ന ശക്തമായ ഘടകങ്ങളായി തുടരുന്നില്ല. തുറന്ന വിമർശനത്തിനും മാറ്റത്തിനും വിധേയമായ അവസ്ഥയിലാണ്.

അതിനാൽ, കേരളത്തിലെ പുരോഗതി വെറും നിയമപരമായോ ഭരണഘടനാപരമായോ മാത്രം സംഭവിച്ച ഒന്നല്ല. സാമൂഹിക നവോത്ഥാനത്തിന്റെ ദീർഘകാലിക പ്രേരണയും വിദ്യാഭ്യാസത്തിന്റെ വ്യാപകവത്കരണവും ജനങ്ങളുടെ മനസ്സിൽ സ്ഥിരമായൊരു ചിന്താമാറ്റം കൊണ്ടുവന്നിട്ടുണ്ട്. പക്ഷെ മത, വർഗ്ഗീയ, രാഷ്ട്രീയ, ലിംഗഭേദ അതീതചിന്തകൾ സ്ഥായിയായി നിലനിൽക്കുന്നതല്ല. അവ കടലിലെ തിരമാലകൾ പോലെയാണ്. ഒരിറക്കത്തിന് ഒരു കയറ്റം എന്നപോലെ. അത് കാലത്തിനനുസരിച്ച് മാറിക്കൊണ്ടിരിക്കും. ഈ ഘടകങ്ങളെ ലഘൂകരിക്കാ

നും ആളിക്കത്തിക്കുവാനും സമൂഹത്തിലെ ഛിദ്രശക്തികൾ വിചാരിച്ചാൽ വളരെ എളുപ്പത്തിൽ സാധിക്കുന്നതാണ്. അതേസമയം സമഭാവന എന്നത് പുറമെ നിന്ന് വീക്ഷിക്കുമ്പോൾ മനോഹരമായി തോന്നുമെങ്കിലും അത് ഒരു പൗരന്റേയോ രാഷ്ട്രത്തിന്റെയോ ഉന്നതിക്ക് ഉതകുന്നതല്ല. സമൂഹത്തിന്റെ വളർച്ചയ്ക്കും പുരോഗമനത്തിനും ആരോഗ്യപരമായ മത്സരം അത്യന്താപേക്ഷിതമാണ്.

പുരോഗമനത്തിന്റെ മേനിപറച്ചിലിനിടെ ആധുനിക ജനതയുടെ മാനസികാവസ്ഥ പൗരാണിക വനവാസികളിൽ നിന്നും തികച്ചും വ്യത്യസ്തമല്ല എന്നത് പല തരത്തിൽ നമുക്ക് മനസ്സിലാക്കാവുന്നതാണ്. മലയാളി സോഷ്യൽ മീഡിയ ഹാൻഡിലുകളിൽ പങ്കുവെയ്ക്കപ്പെടുന്ന പോസ്റ്റുകളിലും അവയ്ക്കുതാഴെ വരുന്ന കമന്റുകളിലും കപടത നിറഞ്ഞ ഈ പ്രബുദ്ധതയുടെ പൊയ്മുഖങ്ങൾ അഴിഞ്ഞു വീഴുന്നത് നമുക്ക് ദർശിക്കുവാൻ സാധിക്കും. അതിഭീകരമായ രാഷ്ട്രീയ അടിമത്വം, പരസമുദായ, മത, ജാതീയ അധിക്ഷേപങ്ങൾ, സ്ത്രീ വിരുദ്ധത നിറഞ്ഞ അശ്ലീല കമന്റുകൾ മുതൽ സാംസ്കാരിക സംരക്ഷണമെന്ന പേരിലുള്ള മതപരമായ അധികാരവാദം വരെ നമുക്ക് പല സാമൂഹിക മാധ്യമങ്ങളിലും കാണാം. ഈ കമന്റുകളിൽ സദാചാര ആങ്ങളമാരുടെയും പെങ്ങൾമാരുടെയും വരെ ഉപദേശ രൂപത്തിലുള്ള അധിക്ഷേപ കമന്റുകൾ കാണുന്നു എന്നതാണ് വിരോധാഭാസം. ഇത് പൊള്ളയായ ഒരു ആത്മഗൗരവം എന്നതിന് ഉപരിയായി കേരളത്തിന്റെ പൊതുമനസ്സിന്റെ ആഴത്തിലുള്ള നിഷേധാത്മക നിറഞ്ഞ മനഃശാസ്ത്ര പ്രതിഭാസമാണ്. മാധ്യമങ്ങളും, രാഷ്ട്രീയ പാർട്ടികളും ഇതിനെ പരമ്പരാഗത ശൈലിയിൽ ഉപയോഗിക്കുന്നു എന്നുമാത്രം. അവർ ഒരുവശത്ത് കേരള സമൂഹത്തിന് ബുദ്ധിജീവിപ്പട്ടം ചാർത്തിക്കൊടുക്കുകയും മറുവശത്ത് കാഴ്ചപ്പാടില്ലാത്തവരായി ചിത്രീകരിക്കുകയും ചെയ്യുന്നു. രാഷ്ട്രീയ നേതാക്കൾ 'നമ്മളാണ് ഏറ്റവും ബോധമുള്ളവർ' എന്ന രീതിയിൽ ഗൗരവപൂർണ്ണമായ ഭാഷണങ്ങൾ നടത്തും അതോടൊപ്പം തന്നെ ജാതിയിലൂടെയും മതാരാധനയിലൂടെയും നയതന്ത്ര മുദ്രാവാക്യങ്ങളിലൂടെയും ആളുകളെ തന്ത്രപൂർവമായി ഉപയോഗിക്കും. പുരോഗതിയുടെ മിഥ്യകൾ ബ്രാൻഡായി വിൽക്കുകയും യഥാർത്ഥ പ്രശ്നങ്ങളെ വിസ്മൃതിയിലേയ്ക്ക് തള്ളിവിടുകയും ചെയ്യുന്നു. ഇത് ബോധമുള്ള ഒരു ജനത എന്നതരത്തിൽ കേരള സമൂഹത്തെ കണക്കിൽപ്പെടുത്താവുന്ന ഒരു ഗുണമല്ല. പൊതുജനം എപ്പോഴും പുതുമകളെ ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന ആസ്വാദകർ മാത്രമായി ഒതുങ്ങുന്നു. പഴമകളെ സൗകര്യപൂർവ്വം മറക്കുകയും ചെയ്യുന്നു. ഇത് സമൂഹം എന്നത് രാഷ്ട്രീയ, മാധ്യമ, ഗൂഢതാൽപര്യ, സാമൂഹിക വിരുദ്ധ ശക്തികളുടെ ചരടിൽ കളിക്കുന്ന പാവകൾ മാത്രമാണെന്നതിനെ ശരിവയ്ക്കുന്നു. അവസരോചിതമായ തന്ത്രങ്ങൾ മെനഞ്ഞ് കൊണ്ടിരിക്കുന്ന കേന്ദ്രങ്ങൾക്കെതിരെ സ്വതന്ത്രമായ നിലപാട് സ്വീകരിക്കാതെ വീണ്ടും അവരെ താങ്ങുന്ന ഒരു സമൂഹമായി കേരളത്തിന്റെ വ്യക്തിബോധം അധഃപതിച്ചിരിക്കുന്നു എന്നതാണ് സത്യം. ഒരുവൻ എപ്രകാരമാണോ ജന്മം കൊണ്ട് പ്രത്യേക മതസ്ഥനാകുന്ന

ത്. കേരള സമൂഹത്തിൽ വ്യക്തി പ്രബുദ്ധനാകുന്നത് അപ്രകാരം തന്നെ ആണ്. ബോധം കൊണ്ടല്ല, വെറും ജന്മാവകാശം.

ശരിയായ രാഷ്ട്രീയ ഉൾക്കാഴ്ചകൾ ഇല്ലാത്ത ജനമാണ് രാഷ്ട്രീയ അടിമകളായി അവർക്ക് വിടുവേല ചെയ്ത് നടക്കുന്നത്. കൂടുതൽ ഗാഢമായി ചിന്തിച്ചാൽ ഇവർക്ക് രാഷ്ട്രവീക്ഷണം എന്നൊന്നില്ല മറിച്ച് പാർട്ടി/നേതൃത്വ അടിമത്വം മാത്രമാണ് ഉള്ളത് എന്ന് കാണാവുന്നതാണ്. ഈ ഭ്രമം തിരഞ്ഞെടുപ്പ് അടുക്കുമ്പോൾ ശക്തമാകുന്നു. രാഷ്ട്രീയ പാർട്ടികളും മാധ്യമങ്ങളും ചർച്ച ചെയ്യുന്ന താരതമ്യങ്ങളിൽ കേരളത്തെക്കാൾ പിന്നിലായിട്ടുള്ള സംസ്ഥാനങ്ങൾ മാത്രം ഇടം പിടിക്കാറുള്ളൂ. മുന്നിലുള്ള സംസ്ഥാനങ്ങളെപ്പറ്റി അവർ മിണ്ടാറില്ല. പുരോഗതി നേടിയ സംസ്ഥാനങ്ങളെ മറികടന്ന് മുന്നേറാനുള്ള കാലപരിധി നിശ്ചയിച്ചിട്ടുള്ള രൂപരേഖയോ ആശയങ്ങളോ കൊണ്ടുവരാറുമില്ല. കേരളത്തിന്റെ ഈ ബുദ്ധിജീവിതാഭിമാനം വിമർശനവൈരാഗ്യം എന്ന മറ്റൊരു പ്രശ്നത്തിനും വഴിയൊരുക്കുന്നു. കേരളത്തെ കുറിച്ചുള്ള യഥാർത്ഥ വിമർശനങ്ങൾ പലപ്പോഴും അസൂയ, കേരള വിരുദ്ധത, ജ്ഞാനഹീനത എന്നിങ്ങനെ ശബ്ദങ്ങൾ നൽകി തള്ളപ്പെടുന്നു. സത്യസന്ധമായ ചർച്ചകൾ അടിച്ചമർത്തുവാൻ വ്യഗ്രത കാണിക്കുകയും ചെയ്യുന്നു. ഈ അപക്വമായ വൈകാരികത പുറമേ കാണുന്ന ആത്മവിശ്വാസത്തിന് ഉപരിയായി എത്രയോ ദുർബലവും സുരക്ഷിതത്വം ഇല്ലാത്തതുമാണ് കേരളത്തിന്റെ പ്രബുദ്ധതാഭിമാനം എന്ന യാഥാർത്ഥ്യത്തെ വെളിപ്പെടുത്തുന്നു. കേരള ജനത സ്വയം മേനി നടിക്കുന്നത് അവസാനിപ്പിച്ച് ആത്മപരിശോധനക്ക് തയ്യാറാകണം. പുരോഗതി സ്ഥായിയായ ഒന്നല്ല മറിച്ച് സ്ഥിരമായ ഒരു ദൗത്യമാണ്. ഈ പ്രപഞ്ചത്തിന്റെ മാറ്റങ്ങൾ എല്ലാം കൃത്യനിഷ്ഠമായ കണക്കിലാണ് നടക്കുന്നത്. ഒന്ന് മറ്റൊന്നുമായി കണ്ണികളായി ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു എന്നുമാത്രം. പുരോഗതിയിലേക്കുള്ള സ്ഥിരമായ ദൗത്യത്തിലേയ്ക്ക് നമുക്ക് വേണ്ടതും ആ അടുക്കും ചിട്ടയും ആണ്. അതിന് വ്യക്തമായ വിദ്യാഭ്യാസ ശൈലിയും, ജീവിതരീതിയും സംസ്കാരബോധവും നമുക്ക് ആവശ്യമാണ്. അത് നഷ്ടപ്പെട്ടുമ്പോൾ ജീവിതം ക്രമമില്ലാത്തതാവുകയും ആത്മവിശ്വാസം നഷ്ടപ്പെടുകയും ചെയ്യും.

കേരളം വളരെ നാളുകളായി ഇൻഡ്യയിലെ ഏറ്റവും സാക്ഷരതയാർന്ന സംസ്ഥാനമായി ആഘോഷിക്കപ്പെടുകയും സാക്ഷരതയുടെ ആഗോള മൂല്യത്തിന്റെ സാമീപ്യമുള്ള സ്ഥാനം തങ്ങളുടെ സാംസ്കാരിക മേൽക്കോയ്മയുടേയും പ്രബുദ്ധതാ മുന്നേറ്റത്തിന്റേയും പ്രതീകമാണെന്ന് കെട്ടിച്ചമച്ച് നടക്കുകയും ചെയ്യുന്നു. എന്നിരുന്നാലും ഈ മിന്നിത്തിളങ്ങുന്ന പ്രതലത്തിൻ കീഴെ പരുപരുത്ത വിരോധാഭാസം നിറഞ്ഞ ചില അപ്രിയസത്യങ്ങൾ ഉണ്ട്. ഈ സാക്ഷരസമൂഹം സ്വതന്ത്ര ചിന്തയിൽ, യുക്തിസഹമായ സൂക്ഷ്മാവലോകനങ്ങളിൽ, സ്ഥാപിത താൽപര്യങ്ങളിലൂന്നിയ ആഖ്യനങ്ങളിൽ, പരമ്പരാഗതമായ വിശ്വാസങ്ങളെ ചോദ്യം ചെയ്യുന്നതിൽ തുടങ്ങിയ എല്ലാത്തിനു മുൻപിലും പൂർണ്ണ തോൽവിയും അതിനെതിരെ

ശബ്ദിക്കുന്നതിലും അതിനെ പ്രതിരോധിക്കുന്നതിലും വൈഷമ്യം നേരിടുന്നവരുമാണ്. സാക്ഷരതയും (എഴുതാനും, വായിക്കാനും ഉള്ള കഴിവ്) വിമർശനാത്മക ചിന്തയും (അപഗ്രഥനം, യുക്തിയുക്തത, സംവാദം) തമ്മിലുള്ള നിർണായകമായ വ്യത്യാസം തെറ്റുദ്ധരിക്കപ്പെടുകയോ അവഗണിക്കപ്പെടുകയോ ചെയ്യുന്നു എന്നതാണ് പരമാർത്ഥം. സാക്ഷരത ഒരു വിഷയത്തെ ആഴത്തിൽ മനസ്സിലാക്കാനുള്ള കഴിവോ, ബുദ്ധിപരമായ വിനയമോ, മര്യാദയോ ഉറപ്പ് നൽകുന്നില്ല. എന്നിരുന്നാലും കേരളം പത്രങ്ങളിലും രാഷ്ട്രീയ പ്രകടന പത്രികകളിലും വാട്ട്സപ്പ് ഫോർവാഡുകളിലുമുള്ള അക്ഷരക്കൂട്ടങ്ങൾ സംഗ്രഹിച്ച് അവയിലെ തെളിവുകൾ ബോധോദയം നേട്ടുവാൻ പര്യാപ്തമാണ് എന്ന് നിശ്ചയിച്ചിരിക്കുന്നു. ഈ മിഥ്യാബോധം അമിതാത്മവിശ്വാസ പ്രബുദ്ധത എന്ന അപകടകരമായ അവസ്ഥയിലേയ്ക്ക് കേരളത്തെ എത്തിച്ചിരിക്കുന്നു. അതിൽ വിദ്യാഭ്യാസം എന്നത് പരിവർത്തനത്തിന്റെ ചാലകശക്തി എന്നതിനു പകരം പ്രകടനത്തിന്റെ സവിശേഷത മാത്രമായിരിക്കുന്നു. ആളുകൾ അഭിമാന പുരസരം തങ്ങളുടെ മാർക്കുകളും ഡിഗ്രികളും ഉയർത്തിപ്പിടിക്കുന്നു. എന്നാൽ ആത്മാർത്ഥമായ ആത്മവിചാരണയ്ക്കും ജിജ്ഞാസയ്ക്കും വിധേയമാകുന്നത് വിരളം. ഭിന്നസ്വരങ്ങൾ അറിവില്ലായ്മയായും യാഥാസ്ഥികത പ്രബുദ്ധതയായും കേരള സമൂഹം കൊണ്ടാടുന്നു.

സാക്ഷരതയുടെ ഈ അനുചിതമായ അഭിമാനം സാമൂഹിക വിഷയങ്ങളിൽ നേരിട്ടുള്ള പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു. രാഷ്ട്രീയത്തിലും, സാമ്പത്തിക ശാസ്ത്രത്തിലും, ആത്മീയതയിലും ആഴത്തിലുള്ള ചർച്ചകളിൽ വിദ്യാസമ്പന്നരായ സമൂഹം ഇടപെടണമെന്ന് ആഗ്രഹിച്ചാലും അത് വിഷനിബിഡമായതോ പൊള്ളയായതോ കൈയ്യടിനേടാനുള്ളതോ ആയ സംവാദങ്ങൾ മാത്രമായിത്തീരുന്നു. സങ്കീർണ്ണമായ വിഷയങ്ങൾ ലഘൂകരിക്കപ്പെടുകയും യുക്തിസഹജമായ ചോദ്യങ്ങൾ വൈകാരികമായ ആരോപണങ്ങളാൽ അടിച്ചമർത്തുകയും ചെയ്യുന്നു. വൈവിധ്യം നിറഞ്ഞ ആശയങ്ങൾ, ദൃഷ്ടികോണുകൾ കേൾക്കുവാനും യോജിക്കുവാനും ഉള്ള അസഹിഷ്ണുതയും തിരിച്ചറിവിന്റെ വഴക്കമില്ലായ്മയും പദസമ്പത്തിന്റെ ഉന്നതിയിലും സംവാദങ്ങൾ വെറും കോലാഹലങ്ങൾ മാത്രമാക്കിത്തീർക്കുന്നു. ഈ പ്രശ്നത്തിന്റെ മൂലകാരണം കൊളോണിസത്തിന്റെ വിദ്യാഭ്യാസ രീതി പിന്തുടരുന്നതിന്റെ അനന്തരഫലമാണ് എന്ന് കാണാം. വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന വിഷയങ്ങൾ ചോദ്യം ചെയ്യപ്പെടാൻ പാടില്ലാതെ ഉൾക്കൊള്ളുകയും ഓർത്തിരിക്കുകയും ചെയ്യുക എന്ന ഈ സമ്പ്രദായം, അനുസരണ എന്നത് ക്ലാസ്സ് മുറികളിലും രാഷ്ട്രീയത്തിലും സ്വതസിദ്ധമായ ചിന്തകൾക്ക് മുകളിൽ പ്രതിഫലങ്ങളും സ്ഥാനമാനങ്ങളും നൽകപ്പെടുന്ന വേദികളായി അധഃപതിച്ചിരിക്കുന്നു. ഇവിടെ കഴിവിന്റെ അടിസ്ഥാനം ഉയർന്ന മാർക്കുകൾ മാത്രമാണ്. അത് മറ്റേതോ ബുദ്ധി–ബോധസ്ഥമായ ചിലരുടെ മസ്തിഷങ്ങളിൽ ഉരുത്തിരിഞ്ഞ വിഷയങ്ങളെ ഓർത്തിരിക്കുകയും ആവശ്യപ്പെടുമ്പോൾ ഛർദ്ദിക്കുകയും ചെയ്യുന്ന ഒരു കലാവാസനയാണെന്നതാണ് നിതാന്തമായ സത്യം. യാന്ത്രികമായ വൈദഗ്ദ്ധ്യവും അനുസര

ണയും ക്രിയാത്മകതയ്ക്കും വിഭിന്നാഭിപ്രായങ്ങൾക്കും പകരമായി പാഠ്യപദ്ധതിക ൾ പ്രോത്സാഹിപ്പിക്കുന്നു. ഈ സാഹചര്യം വായന എന്നത് സ്വാതന്ത്ര്യത്തിലേയ്ക്കു ള്ള പാതക്ക് പകരം അടിമത്വവും എഴുത്ത് എന്നത് വെളിപാടിന് പകരം ആവർ ത്തനവുമായിരിക്കുന്നു.

ഈ സാക്ഷരാഭിമാനത്തിലുള്ള പരിവർത്തനം മനഃശാസ്ത്രപരമായ ഒരു കെണി യായിത്തീരുന്നു. അതിലുള്ള ഉറച്ച വിശ്വാസം സ്വയം അപഗ്രഥനം ചെയ്യുന്നതി നേയും ആന്തരിക വൈരുദ്ധ്യങ്ങളെ അവലോകനം ചെയ്യുന്നതിനേയും തടയു ന്നു. ജാതീയത, വർഗ്ഗീയത, ലിംഗവിവേചനം, അഴിമതി, രാഷ്ട്രീയാന്ധത എന്നീ സമൂഹത്തിലെ കുറവുകൾ പൊടിതുടച്ച് സാക്ഷരത കുറഞ്ഞ മറ്റുള്ള സംസ്ഥാന ങ്ങളുടേതായി കാണിക്കപ്പെടുന്നു. ഇപ്രകാരം ചെയ്യുന്നത് വഴി കേരള സമൂഹം തി രിച്ചറിവ് നഷ്ടപ്പെട്ട് ജ്ഞാനാന്ധത ബാധിച്ചവരായി തീർന്നിരിക്കുന്നു. അന്ധമാ യ അഭിമാനം നിരാകരണം മാത്രമായിത്തീർന്നിരിക്കുന്നു. നിശ്ചലാവസ്ഥയിലേ ക്കുള്ള നിരാകരണം. കെട്ടുകഥകളും യാഥാർത്ഥ സംഭവങ്ങളും ഈ സാക്ഷരാഭി മാനത്തിന്റെ കൂടുതൽ പൊള്ളയായ അവസ്ഥ തുറന്ന് കാണിക്കുന്നു. അഭ്യസ്തവി ദ്യരായ കേരളീയർ കപടശാസ്ത്ര ആരോഗ്യ ചികിത്സകരിലും, ഒറ്റമൂലി ദാതാക്കളി ലും, ജ്യോതിഷത്തിലും കണ്ണുമടച്ച് വിശ്വസിക്കുന്നു. രാഷ്ട്രീയ തത്വശാസ്ത്രങ്ങളോടു ള്ള പ്രതിപത്തി, രാഷ്ട്രീയക്കാരോടുള്ള അമിത ഭക്തി തുടങ്ങിയവയിലും ഒട്ടും പിന്നി ലല്ല. എന്നാൽ വിഷയങ്ങളുടെ ശാസ്ത്രവശങ്ങളെ സ്വയം യുക്തിസഹജമായി പഠ നവിധേയമാക്കാൻ താല്പര്യപ്പെടാതെ കപടപണ്ഡിതരുടെ വാക്കുകളെ ശിരസ്സാ വഹിക്കുകയും സ്വാഭിപ്രായമാക്കി മാറ്റുകയും ചെയ്യുന്നു.

യഥാർത്ഥ യുക്തിചിന്തയ്ക്ക് പക്ഷപാതം നിറഞ്ഞ പ്രസ്ഥാവനകളെ വെല്ലുവിളി ക്കാനും, വൈവിധ്യങ്ങളെ ഉൾക്കൊള്ളുവാനും, ആത്മസുഖമേഖലയ്ക്ക് അപ്പുറത്തേ ക്കുള്ള ജിജ്ഞാസ നിറഞ്ഞ അന്വേഷണ ത്വരതയും, ഭിന്നാഭിപ്രായങ്ങളോടുള്ള സഹിഷ്ണുതയും ആവശ്യമാണ്. അവ വിദ്യാഭ്യാസം പൂർത്തിയാക്കിയതുകൊണ്ടോ പുസ്തകങ്ങൾ പഠിച്ചതുകൊണ്ടോ പ്രാപ്തമാക്കുക സാധ്യമല്ല. അത് തെറ്റുകളിലൂടെ ശരികളെ കണ്ടെത്തുന്നതിലൂടെയും ആത്മസംശയ നിവാരണത്തിലൂടെയും സം വാദ സംസ്കാരത്തിലൂടെയും ഉണ്ടാകുന്നതാണ്. എന്നിരുന്നാലും കേരളത്തിന്റെ വിദ്യാസമ്പന്ന സമൂഹം നേരിടുന്നത് പഴകിദ്രവിച്ച ചിന്തകളും, വിരസമായ പാർട്ടി മുദ്രാവാക്യങ്ങളും പരമ്പരാഗത മുൻവിധികളും ജാതിയമായ കെട്ടിച്ചമയ്ക്കലുകളുമാ ണ്. ഡിഗ്രികളോടും സർട്ടിഫിക്കറ്റുകളോടുമുള്ള പ്രതിപത്തി ഈ പ്രബുദ്ധതയെ കൂ ടുതൽ ജീർണ്ണിപ്പിക്കുന്നു. കേരളത്തിൽ ഒരു വ്യക്തിയുടെ വില അളക്കുന്നത് ആ വ്യക്തിയുടെ ധാർമ്മിക മൂല്യങ്ങളെയോ മൂല്യാധിഷ്ഠിത വ്യക്തതയെയോ അടി സ്ഥാനപ്പെടുത്തിയല്ല. മറിച്ച്, അയാളുടെ വിദ്യാഭ്യാസ യോഗ്യതയെ അടിസ്ഥാ നപ്പെടുത്തിയാണ്. കേരളം ലോകത്തിലെ ഏറ്റവും വിദ്യാഭ്യാസമുള്ള സമൂഹമാണ് എന്നതാണ് മലയാളിയുടെ വലിയ അഭിമാനം. ഉയർന്ന സാക്ഷരതയും വിദ്യാ

ഭ്യാസ നേട്ടങ്ങളും ഉയർത്തിക്കാട്ടി നമ്മൾ നിരന്തരം പൊങ്ങച്ചം പറയുന്നു. എന്നാൽ ചോദ്യം ഉയരുന്നത്. ഈ വിദ്യാഭ്യാസം നാട്ടിലെ ജീവിത നിലവാരത്തിൽ എന്ത് മാറ്റം സൃഷ്ടിച്ചു? സ്കൂളുകളും കോളേജുകളും പൂർത്തിയാക്കി വരുന്ന തലമുറ, നാട്ടിൽ തൊഴിൽ കണ്ടെത്താതെ വിദേശ രാജ്യങ്ങളിലേയ്ക്ക് ഒഴുകുകയാണ്. പഠനത്തിൽ നേടിയ അറിവ് നാട്ടിൽ പ്രായോഗികമായൊരു പുരോഗതി സൃഷ്ടിക്കുന്നില്ല. വികൃതമായ രാഷ്ട്രീയ സംസ്കാരങ്ങൾ കൊണ്ട് നടക്കുന്നവർ വിദ്യാസമ്പന്നരുടെ സംരംഭങ്ങൾക്ക് തടസമായി നിലകൊള്ളുന്നതും അവസരങ്ങൾ തേടി കഴിവുള്ളവർ കടൽ കടക്കുന്നതിന് കാരണമാകുന്നു. വിദ്യാസമ്പന്ന സമൂഹം തങ്ങളുടെ ഭാവി നിർണ്ണയിക്കുന്ന കാഴ്ച്ചപ്പാടുള്ള നേതാക്കളെ തിരഞ്ഞെടുക്കുന്നതിൽ ജാഗ്രത കാണിക്കുന്നില്ല എന്നത് ഇതിലൂടെ നമുക്ക് മനസ്സിലാക്കാവുന്നതാണ്. കേരളത്തിൽ അവസരം ഇല്ലെന്ന് പറഞ്ഞ് സ്വന്തം യുവാക്കൾ വിദേശത്തേക്കും ഗൾഫിലേക്കും ഒഴുകുമ്പോൾ, മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വരുന്നവർ കേരളത്തിലെ കഠിനാധ്വാന ജോലികൾ ഏറ്റെടുത്തു ജീവിക്കുന്നു. മലയാളിയുടെ മനസാക്ഷിയിൽ 'വെള്ള കോളർ' ജോലികൾ മാത്രമേ മാന്യതയുള്ളതായി തോന്നപ്പെടുന്നുള്ളു. വിദ്യാഭ്യാസം 'നേട്ടം' എന്ന പേരിൽ പുസ്തകങ്ങളിൽ മാത്രം നിറഞ്ഞു നിൽക്കുമ്പോൾ സാമൂഹ്യ-സാമ്പത്തിക രംഗത്ത് അത് ഫലശൂന്യമായിത്തീരുന്നു. മാതാപിതാക്കൾ കുട്ടികളെ മെഡിസിനും എഞ്ചിനിയറിംഗിനും തള്ളിവിടുന്നത് അവരുടെ സാമർത്ഥ്യത്തെ പുഷ്ടിപ്പെടുത്താനല്ല. മറിച്ച്, സമൂഹത്തിന്റെ കണ്ണിൽ അവരുടെ ശ്രേണി നിലനിർത്തുവനാണ്. അവർക്ക് യോഗ്യതാ പരീക്ഷകൾ വിജയിക്കുവാൻ കഴിയുന്നു. എന്നാൽ അസ്തിത്വത്തിന്റെ അടിസ്ഥാനത്തിന്റെയും, ജനാധിപത്യത്തിന്റെയും ആഴത്തിലുള്ള അർത്ഥങ്ങൾ വ്യാഖ്യാനിക്കാൻ കഴിയാതെ പോകുന്നു. യോഗ്യതയുടെ പ്രാഗത്ഭ്യത്തിൽ ഉതിർന്ന ഈ സമവാക്യങ്ങളാൽ ചൈതന്യമില്ലാത്ത യന്ത്രങ്ങൾപോലെ സമൂഹത്തെ പ്രവർത്തിപ്പിക്കുവാൻ കഴിയും എന്നാൽ അതിനു പിന്നിലെ ബോധത്തെ ഉൾക്കൊള്ളുവാൻ സാധിക്കുകയില്ല.

കാലങ്ങളായി കേരളത്തിൽ വാർത്തകൾ ഉപഭോഗം ചെയ്യുന്ന പ്രവർത്തി ദൈനംദിന ശീലം എന്നതിനുപരി സാംസ്കാരിക ആചാരവും ജീവിതചര്യയുടെ താളവുമാണ്. ഇന്ന് ചുരുക്കം ചിലർ മാറി ചിന്തിക്കുന്നുണ്ട്. പ്രഭാതത്തിലെ ചായകുടി മുതൽ സുഹൃത്തുക്കളുമായി സംവദിക്കുന്നത് വരെ ഇതുമായി ബന്ധപ്പെട്ട് കിടക്കുന്നു. എന്നിരുന്നാലും സ്വതന്ത്രചിന്തയ്ക്ക് സാധ്യതയില്ലാത്ത വിധം മാധ്യമ സൃഷ്ടിതമായ അഭിപ്രായങ്ങൾ ചോദ്യം ചെയ്യപ്പെടാതെ എഡിറ്റോറിയൽ ബോഡിന്റെ ശക്തിയിൽ, അവതരണ മികവിൽ, ചിലരുടെ വ്യക്തി, രാഷ്ട്രീയ, സ്വാർത്ഥ താൽപര്യങ്ങളുടെ അജണ്ടകൾ അടിസ്ഥാനമാക്കി തെളിവുകളുടെ അഭാവത്തിലും വാർത്ത എന്ന പേരിൽ മാധ്യമ സ്ഥാപനങ്ങൾ നടത്തുന്ന പ്രസ്ഥാവനകൾ ജനം വിശ്വസിക്കുന്നു. യാഥാർത്ഥ ജനകീയ പ്രശ്നങ്ങൾ ചർച്ച ചെയ്യാനോ, ജനങ്ങൾക്ക് നീതി, പോംവഴികൾ നേടിക്കൊടുക്കും വരെ പോരാടുവാനോ മാധ്യമങ്ങൾക്ക് സ

മയമില്ല. എന്നാൽ രാഷ്ട്രീയ, മത, വൈദേശിക ഗൂഢതാൽപര്യങ്ങൾക്ക് അനുസരിച്ച് അവരിൽ നിന്നും കൈപ്പറ്റുന്ന സഹായങ്ങൾക്ക് നന്ദി സൂചകമായി നിർമ്മിക്കപ്പെടുന്ന വാർത്തകൾക്ക് സമയം ചിലവഴിക്കാൻ മാധ്യമങ്ങൾക്കും, അവ തങ്ങളുടെ ജീവിതത്തിൽ ഒരു നേട്ടവും ഉണ്ടാക്കാൻ പോകുന്നില്ല എന്നറിഞ്ഞിരുന്നിട്ടും തങ്ങളുടെ ജീവിതത്തിന്റെ വിലപ്പെട്ട സിംഹഭാഗമാകുന്ന സമയം ഈ ഉപയോഗശൂന്യമായ വാർത്തകൾക്കായി ചിലവഴിക്കാൻ സമ്പൂർണ്ണ സാക്ഷര സമൂഹത്തിന്റെ പക്കലും വേണ്ടുവോളം ഉണ്ട്. കേരള മാധ്യമങ്ങൾ നിരീക്ഷിക്കുകയാണെങ്കിൽ 80–90 കാലഘട്ടത്തിൽ ഉച്ചയൂണ് കഴിഞ്ഞ് പരദൂഷണം പറയുവാൻ അയൽപക്കത്തുള്ള സ്ത്രീകൾ കൂട്ടം കൂടുന്ന അതേ പ്രതീതിയാണ് സൃഷ്ടിക്കപ്പെടുന്നത്. കേവലമൂല്യം പോലുമില്ലാത്ത ഈ വാർത്തകളിലൂടെ കടന്നുപോകുന്ന കാലചക്രത്തിനുള്ളിൽ തങ്ങൾക്ക് സംഭവിക്കാൻ പോകുന്ന അപകടം സാക്ഷര സമൂഹത്തിന് ചിന്തിക്കാൻ പോലും കഴിയുന്നില്ല. വെറും രാഷ്ട്രീയ കാടത്വവും സാമ്പത്തിക ചൂഷണവും മാത്രമല്ല. പിന്നിൽ വളരുന്ന തീവ്രവാദവും സ്വതന്ത്രമായ ജീവിതം ദുഷ്കരമാക്കുവാൻ പോന്ന തരത്തിൽ അതിന്റെ യൗവനാവസ്ഥയിലേക്ക് വളർന്നിരിക്കുന്നു. ലോകത്തെക്കുറിച്ചുള്ള ഒരു ജനതയുടെ കാഴ്ചപ്പാടുകൾ മാധ്യമ അജണ്ടകളിൽ മാത്രം നിർലീനമായതെങ്കിൽ അവർ എങ്ങിനെയാണ് പ്രബുദ്ധജനതയാകുന്നത്? പ്രഭാതത്തിൽ പത്രം വായിക്കുന്നതും സ്മാർട്ട് ഫോണുകളിലെ സാമൂഹ്യ മാധ്യമങ്ങളിലും ഓൺലൈൻ വാർത്ത പോർട്ടലുകളിലും പ്രത്യക്ഷപ്പെടുന്ന, തെളിവുകളുടെ അനിവാര്യത ആവശ്യപ്പെടാത്ത അർദ്ധസത്യങ്ങൾ വിഴുങ്ങുന്നതും പ്രബുദ്ധത വളർത്താനുള്ള ഒരു വ്യായാമം ആയി കരുതുന്ന ഒരു ജനതയ്ക്ക്, സ്വയം അവർ മാധ്യമങ്ങളാൽ നിയന്ത്രിക്കപ്പെടുന്നതും കുത്തിനിറയ്ക്കപ്പെട്ടതുമായ ഉൾക്കാഴ്ചയില്ലാത്ത ശുദ്ധമായ യുക്തി ബോധമില്ലാത്ത വീഞ്ഞപ്പെട്ടികൾ മാത്രമാണെന്ന് തിരിച്ചറിയുവാൻ പോലും കഴിയുന്നില്ല എന്നതാണ് സത്യം.

മാധ്യമങ്ങൾ ജീവൻ കൊടുക്കുന്ന പാവകളാകുന്ന അടിമകൾ ഇത്തരം വാർത്തകൾ സ്വയം വിശ്വസിക്കുന്നതിന് ഉപരിയായി സോഷ്യൽ മീഡിയകളിൽ പോസ്റ്റ് ചെയ്ത് അതിന്മേൽ ചർച്ചകൾ, കമന്റുകൾ, ഹാഷ്ടാഗുകൾ, വെല്ലുവിളികൾ തുടങ്ങിയ കലാപരിപാടികൾ നടത്തുന്നു. ഇത്തരം അടിമകളെക്കൊണ്ട് ലാഭം ഉണ്ടാക്കുവാൻ ചില മസ്തിഷ്കങ്ങൾ പിന്നിൽ പ്രവർത്തിക്കുന്നു എന്ന് മനസ്സിലാക്കുവാനും പ്രബുദ്ധ സാക്ഷര സമൂഹത്തിന് കഴിയുന്നില്ല. ഉദാഹരണമായി രാഷ്ട്രീയ ലാഭത്തിനായി ഉണ്ടാക്കപ്പെടുന്ന വാർത്തകൾ ഇത്തരത്തിൽ ഉപയോഗിക്കപ്പെടുന്നത് വഴി മാനസികമായി ആ രാഷ്ട്രീയ പാർട്ടിയോട് ചായ്വുള്ള അടിമകളെ ഉണ്ടാക്കിയെടുക്കാൻ കഴിയും. ഇതിന് നാൽകവലകളിലെ പ്രസംഗത്തിനും പ്രചാരണത്തിലും കഴിയുന്നതിനുമപ്പുറം തെരഞ്ഞെടുപ്പ് വേളയിൽ ഉപയോഗിക്കാൻ തരത്തിൽ പൗരനെ സ്വാധീനിക്കാൻ കഴിയും. ഈ ഗുരുതരമായ രോഗം തുടങ്ങുന്നത് വിദ്യാലയത്തിൽ നിന്നാണ്. പഠിക്കുന്ന കാര്യങ്ങളുടെ ഉദ്ഭവവും തെളിവും അതിലുള്ള വക്രീകരണവും ചോദ്യം ചെയ്യുവാനുള്ള അവസരങ്ങൾ നിഷേധിച്ച്, പറയുന്നത്

ഉപാധികളില്ലാതെ ഉൾക്കൊള്ളുക എന്ന വിദ്യാഭ്യാസ സംസ്കാരത്തിന്റെ പരിണിതഫലമാണ് ഇന്ന് സമൂഹം അനുഭവിക്കുന്നത്. ഈ മാനസികാവസ്ഥയാണ് അവരെ കേൾക്കുന്നതും വായിക്കുന്നതും സത്യമാണെന്ന് വിശ്വസിക്കാൻ പ്രേരണ നൽകുന്നത്. യാഥാർത്ഥ ചിന്തയ്ക്ക് സ്വാതന്ത്ര്യം ആവശ്യമാണ്. മാധ്യമങ്ങളുടെ അഭിപ്രായങ്ങൾ ദൈവവചനമായി കാണുന്ന സ്വഭാവം നമ്മൾ മാറ്റണം. കേൾക്കുന്ന വാർത്തകൾ പല വീക്ഷണ കോണുകളിൽ നിന്നും അവലോകനം ചെയ്യണം. ഞാൻ എന്തിന് ഇത് വിശ്വസിക്കണം എന്ന് സ്വയം ചോദിക്കണം. ഈ വാർത്തകൾ വക്രീകരിക്കപ്പെട്ടിട്ടുണ്ടോ എന്ന് നോക്കണം. ഇത്തരം വാർത്തകൾ കൊണ്ട് ഗുണം, ലാഭം ആർക്കാണ് എന്ന് നോക്കി കാണണം. വാർത്തകളിൽ അവരുടെ പ്രതികരണ ശൈലികൾ നിരീക്ഷിക്കണം. സ്വതന്ത്ര ചിന്ത കൂടുതൽ വിവരങ്ങൾ നേടുന്നതിൽ നിന്നല്ല. മറിച്ച്, നിശബ്ദമായ അപഗ്രഥനങ്ങളിൽ നിന്നും സംശയദൃഷ്ടിയോടെയുള്ള വീക്ഷണങ്ങളിലൂടെയും സ്വയം മാറിചിന്തിക്കാനുള്ള ആഗ്രഹത്തിലൂടെയും വളർന്നു വരുന്നതാണ്.

കേരളത്തിൽ രാഷ്ട്രീയ സംവാദം ഒരു പൊതു നീതിബോധം മാത്രം അല്ല. അതൊരു സംസ്കാരപരമായ ചടങ്ങാണ്. ചായക്കടകളിലും ബസ്സ് സ്റ്റോപ്പുകളിലും ക്ലാസ്സ് മുറികളിലും വാട്സ്ആപ്പ് ഗ്രൂപ്പുകളിലും ആകാംക്ഷയോടെ നടക്കുന്ന ഈ 'ചർച്ചകൾ' ഏകദേശം മതാചാരപാലനത്തെ പോലെയാണ്. ഒരു സാധാരണ മലയാളിക്ക് രാഷ്ട്രീയ കാര്യത്തിൽ ധൈര്യവും ആത്മവിശ്വാസവും ഉണ്ട്. ദൈനം ദിനം പുലർച്ചെ ന്യൂസ് കാണുന്നതിൽ നിന്നും രാത്രി യുട്യൂബ് ഡിബേറ്റുകളിൽ പങ്കെടുക്കുന്നതിൽ വരെ കേരളത്തിലെ രാഷ്ട്രീയ അന്തരീക്ഷം എന്നും ചർച്ചകളാൽ തിളക്കമാർന്നതാണ്. എന്നാൽ ഈ വ്യാപകമായ പങ്കാളിത്തം യഥാർത്ഥ രാഷ്ട്രീയ ബോധത്തിന്റെ അഭാവം എന്ന ഒരു വലിയ കുറവിനെ മറയ്ക്കുന്നു. അഭിപ്രായങ്ങളുടെ ശബ്ദം ജ്ഞാനത്തിന്റെ നിർദ്ദേശങ്ങൾ മൂടിക്കളയുന്നു.

കേരളത്തിലെ മിക്കവാറും പൊതു–സ്വകാര്യ രംഗങ്ങളിലെ രാഷ്ട്രീയ സംവാദങ്ങൾ ഭരണഘടനയും നയരൂപീകരണവും ആഗോള രാഷ്ട്രീയ പ്രവണതകളും ആഴത്തിലുള്ള അറിവിൽ നിന്ന് വളരെയധികം അകന്നതാണ്. ഇതിനു പകരം ചർച്ചകൾ; പാർട്ടി ചിഹ്നങ്ങൾ, വ്യക്തിത്വങ്ങൾ, പുതിയ വിവാദങ്ങൾ, പഴയ ചരിത്ര ഓർമ്മകൾ എന്നിവയ്ക്ക് ചുറ്റുമാണ് ഒതുങ്ങുന്നത്. ഉയർന്ന ശബ്ദം, വേഗത്തിലുള്ള പ്രതികരണം, ഉപാഖ്യാനങ്ങൾ നിറഞ്ഞ മറുപടി തുടങ്ങിയവയാണ് പൊതുവെ 'വിദഗ്ധത' ആയി കണക്കാക്കുന്നത്. അഴിമതിയെക്കുറിച്ച്, വർഗ്ഗീയതയെക്കുറിച്ച്, സാമ്പ്രദായികതയെക്കുറിച്ച്, ദേശീയനേതൃത്വത്തെക്കുറിച്ച് കുറ്റപ്പെടുത്തി സംസാരിക്കുന്ന കൂട്ടരെ കേരളത്തിന്റെ പൊതു ഇടങ്ങളിൽ നമുക്ക് സുലഭമായി കാണാം. എന്നാൽ എങ്ങിനെയാണ് ജി.എസ് ടി പ്രവർത്തിക്കുന്നത്? എന്താണ് ഭരണഘടന ഫെഡറലിസത്തെക്കുറിച്ച് പറയുന്നത്? അല്ലെങ്കിൽ ഒരു ബഹുധ്രുവികൃത ലോകത്തിൽ ഇൻഡ്യയുടെ വിദേശനയം എങ്ങിനെ രൂപപ്പെടുന്നു? തുടങ്ങിയ കാര്യങ്ങ

ൾ വിശദ്ധീകരിക്കുവാൻ ഇവർക്ക് അറിയില്ല. ദേശീയ-തദ്ദേശീയ മാധ്യമങ്ങളെ സംബന്ധിച്ചിടത്തോളം ആഗോള രാഷ്ട്രീയം എന്നത് മാസത്തിൽ ഒരിക്കൽ കിട്ടുന്ന റേഷൻ വിഹിതം എന്ന പോലെ ഒന്നോ രണ്ടോ വരികളിൽ തീരുന്നതും ചിലപ്പോൾ മാത്രം സംഭവിക്കുന്നതുമായ ഒരു അപൂർവ്വ പ്രതിഭാസവുമാണ്. ആഗോള രാഷ്ട്രീയം ഓരോ രാജ്യത്തിലെയും പ്രാദേശിക രാഷ്ട്രീയത്തെയും ജനജീവിതത്തെയും എങ്ങിനെ ബാധിക്കുന്നു എന്നത് കേരള മാധ്യമങ്ങളെ സംബന്ധിച്ചിടത്തോളം പ്രാധാന്യം അർഹിക്കാത്ത ഒന്നാണ്. ഇതാണ് കേരളത്തിന്റെ പ്രബുദ്ധതയുടെ സവിശേഷത. ആയതുകൊണ്ട് തന്നെ ഇത്തരം വിഷയങ്ങളെപ്പറ്റി ചർച്ചകൾ നടക്കുമ്പോൾ ആധികാരികമായി മറുപടി പറയുന്നവർ എന്ന നിലയിൽ മേനിനടിക്കുന്നവരുടെ വങ്കത്തരങ്ങൾ ലോകവാർത്തകൾ പലരാജ്യങ്ങളുടെ ദേശീയ മാധ്യമങ്ങളിലൂടെ വേർതിരിച്ച് അറിയുന്നവരെ സംബന്ധിച്ചിടത്തോളം തികച്ചും അലോസരം നിറഞ്ഞതാണെങ്കിലും 100% സാക്ഷരർ എന്ന് അഭിമാനിക്കുന്ന സാധാരണക്കാരെ സംബന്ധിച്ചിടത്തോളം വേദവചനങ്ങളായിത്തീരുന്നു.

ഉയർന്ന ശബ്ദവും ഗ്രഹ്യശേഷിയും തമ്മിലുള്ള ജനത്തിന്റെ ആശയക്കുഴപ്പം ഒരു ആഴമില്ലാത്ത രാഷ്ട്രീയ സംസ്കാരത്തെ സൃഷ്ടിച്ചിരിക്കുന്നു. ആരാണ് ഉച്ചത്തിൽ സംസാരിക്കുന്നത്, അവനാണ് ശരിയെന്ന് വിശ്വസിക്കുന്ന മനോഭാവം വളർന്നിരിക്കുന്നു. അക്രമപരമായ ഭാഷ, രൂക്ഷ പരിഹാസം നിറഞ്ഞ രീതി, മാന്യമല്ലാത്ത ശരീരഭാഷ തുടങ്ങിയവ രാഷ്ട്രീയ ഗുണമായി കരുതപ്പെടുന്നു. എന്നാൽ ശാന്തവും ആലോചനാപരവുമായ വിശകലന ശൈലി ഭയമായോ നിർണയശേഷി ഇല്ലായ്മയായോ കണക്കാക്കപ്പെടുന്നു. ഇതു ശരിയായ വിശകലന ശേഷി, അഭിപ്രായ വ്യത്യാസങ്ങൾ, കേൾക്കാനുള്ള മനസ്സ് എന്നിവയെ ഇല്ലായ്മ ചെയ്യുന്നു. രാഷ്ട്രീയത്തിന് നാടക സ്വഭാവം വന്നിരിക്കുന്നു. ഓരോ പൗരനും ഓർക്കുന്നത് ചിന്താശേഷിയും ബോധവും ഉള്ളവരെയല്ല. പകരം ചുരുങ്ങിയ വരികൾ ഒറ്റയടിക്ക് ഉരിയാടുന്ന അഭിനേതാക്കളെയാണ്. പ്രബുദ്ധ ജനതയുടെ ബുദ്ധി ശൂന്യതയുടെ പ്രധാന കാരണം ആഴത്തിലുള്ള പാർട്ടി വിശ്വാസം നിറഞ്ഞ രാഷ്ട്രീയ അടിമത്വമാണ്. കേരളത്തിന്റെ രാഷ്ട്രീയ തിരിച്ചറിവ് നയപരമായ നിലപാടുകളിലോ പരിഷ്കരണ ചിന്തകളിലോ അടിസ്ഥാനമാക്കിയുള്ളതല്ല. മറിച്ച്, ചരിത്രപരമായ വിശ്വാസങ്ങൾ, കുടുംബ പരമ്പരാഗതത്വം, സി.പി.ഐ(എം), കോൺഗ്രസ്, ബി.ജെ.പി പോലുള്ള പാർട്ടികളോട് ഉള്ള തീവ്രമായ അനുബന്ധം മുതലായവയാണ്. ഈ അന്ധമായ വിശ്വാസം വ്യക്തിപരമായ, പരിണാമമല്ലാത്ത ചർച്ചകൾക്ക് വഴിയൊരുക്കുന്നു. തർക്കങ്ങൾ തെളിവിനെയോ, ഗുണങ്ങളയോ അടിസ്ഥാനമാക്കി വിലയിരുത്തുന്നതിന് പകരം പാർട്ടി ആശയങ്ങൾക്ക് അനുചിതമായാണ് വിലയിരുത്തപ്പെടുന്നത്. 'നമ്മുടെ പക്ഷത്തുള്ളവനാണെങ്കിൽ' ഒരാളുടെ കഴിവില്ലായ്മയും കുറ്റവും അഴിമതിയും മാപ്പിന് അർഹതയുള്ളതാണ്. 'എതിർപക്ഷത്തായാൽ' നല്ല ഉദ്ദേശ്യവും പരിഹസിക്കപ്പെടുന്നു. ഈ ഗോത്രവാദം ജനാധിപത്യത്തിന്റെ ആത്മാവായ വിഷയകേന്ദ്ര ചർച്ചയും ഉത്തരവാദിത്തവുമെല്ലാം നശിപ്പിക്കുന്നു.

ഒരു രാഷ്ട്രീയ നേതാവ് ആവേശജനകമായ പ്രസംഗം നടത്തുന്നതോ, പ്രതിഷേധ നാടകം നടത്തുന്നതോ ആണ് പൊതുജനം അഭിനന്ദിക്കുന്നത്. അവന്റെ ഭരണ പരവും നിയമനിർമ്മാണപരവുമായ കഴിവുകൾക്കല്ല. ജനങ്ങൾ നേതാവിനെ സാമൂഹ്യ മാധ്യമ പോസ്റ്റുകളും ടെലിവിഷൻ അവതരണങ്ങളും ഉപയോഗിച്ച് വിലയിരുത്തുന്നു. പ്രത്യേകിച്ച് അവൻ എതിരാളികളെ എങ്ങനെ പരിഹസിക്കുന്നു എന്നതിലൂടെ. നയപരമായ നിർദ്ദേശങ്ങളിലൂടെയോ പ്രായോഗിക പരിഹാരങ്ങളിലൂടെയോ എത്രത്തോളം പ്രയാസങ്ങളും പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുമോ എന്നതല്ല ഈ വിലയിരുത്തലിന്റെ അളവുകോൽ. ഇതേ പ്രകടന മൂല്യങ്ങൾ പൊതുജനങ്ങളിലേക്കും പടരുന്നു. പൊതുജനത്തിന് എന്തുവേണം എന്നതല്ല. മറിച്ച്, രാഷ്ട്രീയ നേതൃത്വം എന്ത് വാഗ്ദാനം ചെയ്യുന്നു എന്നതാണ് ഇവിടെ പ്രധാന്യം കൽപ്പിക്കപ്പെടുന്നത്. കാരണം ജനത്തിന്റെ ആവശ്യങ്ങൾ പരിഗണിക്കുമ്പോൾ, അവ പരിഹരിക്കുമ്പോൾ ജനങ്ങളുടെ ആശ്രിതത്വം നഷ്ടപ്പെടും. ജനങ്ങൾ എപ്പോഴും ആശ്രിതരായിരിക്കണം നേതാക്കൾ ആശ്രിത വത്സിതരായി അവർക്ക് അനുഭവപ്പെടുകയും വേണം. മുദ്രാവാക്യങ്ങൾ ഉദ്ധരിക്കൽ, എതിരാളികളെ പരിഹസിക്കൽ, പാർട്ടിയോട് അമിതമായ അന്ധവിശ്വാസം പ്രകടിപ്പിക്കൽ തുടങ്ങിയവ 'രാഷ്ട്രീയ ബോധം' ആണെന്ന് നാം കരുതുന്നു. സാധാരണ മലയാളിയുടെ രാഷ്ട്രീയ മനസ്സ് ഒരു ആശയങ്ങളുടെയും പുതിയ ചിന്തകളുടെയും ശിൽപ്പശാലയല്ല. പാരമ്പര്യ വിശ്വാസങ്ങൾക്കിടയിലെ യുദ്ധ ഭൂമിയാണ്.

രാഷ്ട്രീയ ചർച്ചകളിൽ പങ്കാളിയാകുന്നു എന്നതിനാൽ തന്നെ താൻ രാഷ്ട്രീയ പരമായി പ്രഗത്ഭനാണെന്ന് ഒരാൾ കരുതുന്നു. എന്നാൽ യാഥാർത്ഥ്യത്തിൽ ആര് ഏത് കസേരയിൽ ജയിച്ചു?, പാർലമെന്റിൽ ആര് എന്ത് പറഞ്ഞു?, ടിറ്ററിൽ ആര് ആരെ പരിഹസിച്ചു എന്നൊക്കെ അറിയുന്നത് രാഷ്ട്രീയ ബോധത്തിന്റെ സൂചക മാനദണ്ഡമല്ല. അതൊരു വിനോദം ആണ്. ആക്റ്റിവിസം എന്ന് തോന്നിക്കുന്നതിനാൽ മാത്രം. യഥാർത്ഥ രാഷ്ട്രീയ ബോധം എന്നത്: വികാരങ്ങളിൽ നിന്ന് വിശകലനം വേർതിരിക്കുക, സ്വന്തം പക്ഷത്തെ പോലും വിമർശിക്കാൻ ധൈര്യമുണ്ടാകുക, പൊതുനന്മയേയും ജനാധിപത്യ മൂല്യങ്ങളേയും പ്രതിപാദിക്കുക, രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും ഭാവിയെപ്പറ്റി വ്യക്തമായ വീക്ഷണം ഉണ്ടായിരിക്കുക തുടങ്ങിയവയാണ്. ഒരു വ്യക്തി എല്ലാ പ്രശ്നങ്ങളെയും പാർട്ടി വിശ്വാസം അല്ലെങ്കിൽ പാർട്ടി അടയാളം എന്ന പശ്ചാത്തലത്തിൽ മാത്രം കാണുന്നുവെങ്കിൽ അവന് വൈവിധ്യങ്ങളെയും യാഥാർത്ഥ്യങ്ങളെയും കാണാനാകാതെ പോകുന്നു. രാഷ്ട്രീയ ബോധം എന്നത് ഒരു രാഷ്ട്രീയ പാർട്ടിയും നേതാവും സിദ്ധാന്തവും വിമർശനത്തിന് അതീതമല്ലെന്നത് മനസ്സിലാക്കുന്നതിൽ ആണ്. ഭരണം എന്നത് വാദം ജയിക്കുന്നതല്ല. മറിച്ച്, യാഥാർത്ഥ പ്രശ്നങ്ങളെ നേരിടുന്നതിനുള്ള കഴിവാണ്. ദാരിദ്ര്യം, അസമത്വം, വിലക്കയറ്റം, കാലാവസ്ഥ ദുരിതങ്ങൾ, തൊഴിലില്ലായ്മ, അഴിമതി ഇവ വാദം കൊണ്ട് പരിഹരിക്കാനാവില്ല. അതിന് കൂടുതൽ ആഴവും, അറിവും, സഹകരണ ചിന്തയും ആവശ്യമാണ്. കേരളത്തിൽ ഈ രാഷ്ട്രീയ

പ്രബുദ്ധതാഭ്രമം ഒരു അഭയസ്ഥാനമായി മാറിയിരിക്കുന്നു. ഭരണ സംവിധാനങ്ങളെക്കുറിച്ചുള്ള മൂല്യപ്രധാനമായ അറിവില്ലായ്മയെ മറച്ച് വെച്ച് ബുദ്ധിജീവിപ്പട്ടം അണിയാനുള്ള ഇടം. ഈ സംസ്കാരം അഹന്തയിൽ ഉതിർന്ന കോലാഹലങ്ങളിൽ നിന്നും 'പരിവർത്തന ബോധത്തിലേയ്ക്ക്' മാറാത്തത് വരെ ഈ സംവാദങ്ങൾ ശബ്ദമുള്ളതായിരിക്കും—എന്നിരുന്നാലും ഉള്ളടക്കം ഇല്ലാത്തതായിരിക്കും. ജനങ്ങളുടെ ശബ്ദസാന്നിധ്യവും ആവേശവും നിലനിൽക്കുമ്പോഴും ഈ സംസ്ഥാനം ഉള്ളടക്കമില്ലാത്ത ഒരു ശബ്ദജനാധിപത്യമായി മാറുന്ന അപകടകരമായ സാധ്യത നേരിട്ടുകൊണ്ടിരിക്കും.

കേരളത്തെ സംബന്ധിച്ച് പൊതുവായി ഉള്ള ഒരു വിശ്വാസം – ഇവിടെ ജനങ്ങൾ ഏറെ ബുദ്ധിമാന്മാരാണ്, വിമർശന ശേഷിയുള്ളവരാണ്, വിദ്യാഭ്യാസ പരമായി മുൻപന്തിയിലുള്ളവരാണ് എന്നെല്ലാമാണ്. എന്നാൽ, സമകാലിക കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹിക പശ്ചാത്തലത്തിൽ ഇതൊരു ഭ്രമമാണെന്ന് തെളിയിക്കാവുന്ന നിരവധി ഉദാഹരണങ്ങൾ നമ്മുടെ ചുറ്റുപാടുകളിൽ തന്നെ കാണാവുന്നതാണ്. ഇവിടുത്തെ വലിയൊരു വിഭാഗം ജനങ്ങൾ യാഥാർത്ഥ്യത്തെ വിശകലനം ചെയ്തല്ല നിഗമനങ്ങളിൽ എത്തുന്നത്. പകരം, രാഷ്ട്രീയ നേതാക്കളുടെ കുറ്റപ്പെടുത്തുന്ന പ്രസ്താവനകളിലും ആ വാർത്തകളെ ആവർത്തിച്ച് ശക്തിപ്പെടുത്തുന്ന മാധ്യമങ്ങൾ ഉണ്ടാക്കുന്ന തരംഗത്തിലുമാണ് സമൂഹം വിശ്വസിക്കുന്നത്. മലിനമായ മാധ്യമ സംസ്കാരത്തിന്റെ ഇരകളാണ് കേരള ജനത. പക്ഷെ അതിനെ ഒരേ സമയം വേട്ടക്കാരും ഇരകളും ആഘോഷിക്കുന്നു എന്നതാണ് വിരോധാഭാസം. യാഥാർത്ഥ്യത്തിൽ എന്താണ് സംഭവിച്ചതെന്ന് വിവേകത്തോടെ അന്വേഷിക്കുന്നതിനു പകരം അല്ലെങ്കിൽ ചിന്തിച്ച് അപഗ്രഥിക്കുന്നതിന് പകരം ആരാണ് വേദിയിൽ ചടുലമായ വാഗ്ദോരണിയിലൂടേയും ശബ്ദ-ഭീഷണ ഭാവത്തിലൂടേയും മുന്നേറിയത് എന്ന് നോക്കിയാണ് സ്വന്തം അഭിപ്രായത്തെ രൂപപ്പെടുത്തിയെടുക്കുന്നത്. സാമൂഹിക മാധ്യമങ്ങളിലൂടെയും ഉപരിതല വിവരങ്ങളിലൂടെയും മനസ്സിൽ ഉറപ്പാക്കിയിരിക്കുന്ന ചില അപാകതകളും നിരന്തര ആക്രോശങ്ങളുമാണ് ഇവരെ നയിക്കുന്ന വാസ്തവം. ഒരിക്കലും വ്യക്തിപരമായി അനുഭവിച്ചിട്ടില്ലാത്ത അനുഭവങ്ങളെ മറ്റൊരാളുടെ കാഴ്ച്ചപ്പാടിലൂടെയും പഴയ പാരമ്പര്യ അനുഭവങ്ങളിലൂടെയും വിലയിരുത്തുകയാണ് പലരും ചെയ്യുന്നത്.

ഇതിന് ഉദാഹരണമാണ് ഇന്നും ഭരണകൂടം നിലനിർത്തിക്കൊണ്ട് പോകുന്ന ജാതി വിവേചനം. ജനത്തിന്റെ മനസ്സിൽ അതുണ്ടാക്കുന്ന വികാരപ്രകടനങ്ങൾ ബൗദ്ധിക ചിന്തയെയോ, സമകാലീക സാഹചര്യത്തെയോ അടിസ്ഥാനമായുള്ളതല്ല. പ്രത്യേകിച്ച് താഴ്ന്ന ജാതികളായി സ്വയം തിരിച്ചറിയുന്ന ചില വിഭാഗങ്ങൾ, കഴിഞ്ഞുപോയതും ഊതിവീർപ്പിക്കപ്പെട്ടതുമായ പഴയ സംഭവങ്ങളുടേയും അതിലേറെ സ്വാർത്ഥതാൽപര്യങ്ങൾക്ക് വേണ്ടി ചമയ്ക്കപ്പെട്ടിട്ടുള്ളതുമായ നിരവധി കഥകളിലൂടേയും വിഘടനവാദികളായ എന്നാൽ സ്വയം പ്രഖ്യാപിത ആധുനിക നവോ

ദ്വാന ആക്ടിവിസ്റ്റുകളുടെ അജണ്ടകളിലും വേരു പിടിച്ച വിശ്വാസതലങ്ങൾക്കുള്ളിൽ അടിമുടിവെറുപ്പിലും അപമാന ബോധത്തിലും കുരുങ്ങിക്കിടക്കുകയാണ്. അപചയിച്ച രാഷ്ട്രീയ പാർട്ടികളും അതിലേറെ എത്ര വേണമെങ്കിലും താഴാൻ തയ്യാറായി നിൽക്കുന്ന മാധ്യമ ശിഖണ്ഡികളും ജിഹാദി സംഘടനകളും അവരുടെ ആവശ്യങ്ങൾക്കായി കൃത്രിമമായി നിർമ്മിച്ചെടുക്കുന്നതും പൊലിപ്പിച്ചെടുക്കുന്നതുമായ ജാതീയതയ്ക്കും വർഗീയതയ്ക്കും അപ്പുറമായി ഒരു പ്രശ്നവും കേരളത്തിന്റെ സാമൂഹിക വ്യവസ്ഥയിൽ ഇന്ന് കാണുവാൻ കഴിയില്ല. അതേസമയം പുതിയ തലമുറകളിലെങ്കിലും ഒറ്റപ്പെട്ട സംഭവങ്ങളെ പുനരാവിഷ്കരിക്കാൻ ചിലപ്പോഴെങ്കിലും ആവർത്തിച്ച് ഓർമ്മപ്പെടുത്തുന്ന ഈ സാമൂഹ്യവിരുദ്ധരുടെ കർമ്മ പദ്ധതികൾ കാരണമാകുന്നുണ്ട്. ആധുനിക ലോകത്തിൽ ചിലർ അധഃകൃതരും ചിലർ ഉത്കൃഷ്ടരും ആണെന്നത് ഉറപ്പിച്ചുകൊണ്ടിരിക്കേണ്ടത് രാഷ്ട്രീയത്തിന്റെ ആവശ്യകതയാണ് എന്നത് സ്വാതന്ത്ര്യം നേടിയത് മുതൽ ഉള്ള സർക്കാരുകളുടെ ജാതിമത സെൻസസുകൾ തെളിയിക്കുന്നു. ഓരോ ചെറിയ സംഭവത്തെയും 'ജാതിയെന്ന അടിസ്ഥാനത്തിൽ നമ്മളെ നിരസിച്ച്' എന്ന നിലയിലേക്കാണ് ഇവർ മാറ്റുന്നത്. എന്നാൽ യാഥാർത്ഥ്യത്തിൽ അവരെ ആര് നിരസിച്ചുവെന്ന് ഇവർക്ക് തന്നെ വ്യക്തതയും ബോധ്യവും ഇല്ല. എങ്കിലും കേരളത്തിലെ പ്രബുദ്ധശിരോമണികൾ ഇവരാണ്. സ്വാതന്ത്ര്യാനന്തര ഇൻഡ്യ ഭരിക്കുന്നത് ഭരണഘടനാടിസ്ഥാനത്തിലും, അവഗണിക്കപ്പെടുന്നത് ഉയർന്ന ജാതി എന്ന പട്ടികയിൽപ്പെട്ടവരുമാണ്. സമത്വം പ്രഖ്യാപിക്കുന്ന ഭരണഘടന സമത്വം പാലിക്കുന്നതിൽ വിമുഖത കാണിക്കുന്നു എന്നതാണ് സത്യം. ഇന്നത്തെ പുതിയ തലമുറയെ സംബന്ധിച്ചിടത്തോളം ഇതൊന്നും ഒരു വിഷയമേ അല്ല. പക്ഷെ, ഇതിനെ പരിപോഷിപ്പിക്കുന്നത് ചില രാഷ്ട്രീയപാർട്ടികളും സാംസ്കാരിക മൂല്യച്യുതി സംഭവിച്ച കുടുംബങ്ങളിൽ വളർന്ന് അത്തരത്തിലുള്ള ചിന്തകൾക്ക് പ്രചാരം നൽകി ഗുണഭോക്താക്കളാവാൻ തുനിയുന്ന ചില മനുഷ്യരുമാണ് എന്നത് മനസ്സിലാക്കാവുന്നതുമാണ്. എന്നാൽ, ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിൽ ഭിന്നിച്ച് ഭരിക്കപ്പെട്ട ഇന്ത്യയിൽ അതിന്റെ ഫലമായി ഇന്നും പല സംസ്ഥാനങ്ങളിലും ജാതി-മത വിവേചനം നിലനിൽക്കുന്നു എന്നത് തിരസ്കരിക്കാനാകാത്ത വസ്തുത തന്നെയാണ്. പക്ഷെ, കേരള സമൂഹത്തിൽ ശ്രേഷ്ഠജാതികൾ എന്ന് അറിയപ്പെടുന്ന പുതിയ തലമുറ എല്ലാക്കാര്യങ്ങളിലും സമൂഹത്തിലെ എല്ലാവിധത്തിൽപ്പെട്ട ആളുകളുമായി സഹകരിക്കുന്നവരാണ്. മുൻപ് നടന്നിട്ടുണ്ടെന്ന് പറയപ്പെടുന്ന ഒരു നീചസംഭവങ്ങളിലും പുതിയ തലമുറയ്ക്കോ അല്ലെങ്കിൽ അത്തരം സംഭവങ്ങൾ ആരോപിക്കുന്നവർക്കും അതിൽ പഴികേൾക്കുന്നവർക്കും പങ്കില്ല. എങ്കിലും താഴ്ന്ന ജാതികൾ എന്ന ബോധം കൊണ്ട് നടക്കുന്നവർ അവർക്ക് നൽകപ്പെടുന്ന അനുകൂല്യങ്ങളും അവസരങ്ങളും ഇൻഡ്യൻ ഭരണഘടനയുടെ 'എല്ലാവരും ഭരണഘടനക്ക് മുന്നിൽ തുല്യരാണ്' എന്നതിന്റെ നഗ്നമായ ലംഘനമാണ് എന്ന് മനസ്സിലാക്കേണ്ടതാണ്. കഴിഞ്ഞ 78 വർഷമായി ഒരു സമൂഹത്തിൽ നിന്നും തട്ടിപ്പറിച്ച് അവരെ വഞ്ചിച്ചാണ് പീഡിത സമൂഹം എന്ന് വിളിക്കപ്പെടുന്നവർ ഈ ആനുകൂല്യങ്ങളും അവസരങ്ങളും അ

നുഭവിക്കുന്നത്. ജാതി-മത സംവരണത്തിന് പകരം സാമ്പത്തിക സംവരണമാണ് ശാശ്വത പരിഹാരം എന്ന് അറിഞ്ഞിരുന്നിട്ടും അതിന് വേണ്ട നടപടികൾ സ്വീകരിക്കാതെ തുടരുന്നത് ഭാരതീയരെ ഭിന്നിപ്പിച്ച് ചൂഷണം നടത്തിയ ബ്രിട്ടീഷ് എലീറ്റ് കമ്പനിയായ ഈസ്ററ് ഇന്ത്യ കമ്പനി പോലെ ഇന്നും ചില ആഗോള എലീറ്റുകളുടെ പാവഭരണ കൂടമായി ഇന്ത്യ തുടരുന്നു എന്നതിന് തെളിവാണ്.

സ്വാതന്ത്ര്യത്തിന് മുൻപുള്ള ഇൻഡ്യയുടെ പാപഭാരങ്ങൾ ഒരേപോലെ സമമായ അനുപാതത്തിൽ നികുതി നൽകുന്ന പുതിയ തലമുറ ചുമക്കേണ്ട കാര്യമില്ല. ന്യായം എല്ലാവർക്കും ഒരുപോലെ ആകണം. പക്ഷേ, ഒരേസമയം മറ്റൊരുവനു കൂടി അനുഭവേദ്യമായ കാര്യങ്ങൾ താഴന്ന ജാതി എന്ന പേരിൽ ചില വിഭാഗങ്ങൾ അശീതി കൊല്ലങ്ങളായി അനുഭവിച്ച് കൊണ്ടിരിക്കുകയും അതേസമയം ആനുകൂല്യങ്ങളും അവസരങ്ങളും ആരിൽ നിന്നാണോ പിടിച്ചുവാങ്ങിക്കൊണ്ടിരിക്കുന്നത് അവരെ പഴി പറഞ്ഞു കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇത് പാൽ കൊടുക്കുന്ന കൈയ്യ്ക്ക് തന്നെ കടിക്കുന്ന പാമ്പിന്റെ സ്വഭാവത്തിന് തുല്യമാണ്. സ്വാതന്ത്ര്യ ലബ്ദിക്ക് 80 വർഷത്തിന് ഇപ്പുറവും ഒരു ജനത സ്വയം താഴ്ന്നതാണ് എന്ന് ഇപ്പോഴും വിശ്വസിക്കുന്നു എങ്കിൽ അതിന് കാരണം അവരുടെ ചിന്താഗതിയുടെ കുഴപ്പമാണ്. ബോധതലത്തിന്റെ വികസന വിരുദ്ധതയെ താലോലിക്കാൻ ഇഷ്ടപ്പെട്ടുന്നതിനാൽ മാത്രം. കൂടാതെ അവരെ നയിച്ച ഭരണകൂടവും ഇതിന് ഉത്തരവാദികൾ ആണ്. രാഷ്ട്രീയപാർട്ടികൾ ആണ് ഈ വിവേചനത്തെ ഇപ്പോഴും നട്ടുനനച്ച് പരിപോഷിപ്പിക്കുന്നത്. അഥവാ അധകൃത മനോഭാവവും വെറുപ്പും ഇപ്പോഴും നിലനിൽക്കുന്നെങ്കിൽ ഇത്തരത്തിലുള്ള അനുകൂല്യങ്ങളെ അഭിമാനപൂർവ്വം തിരസ്കരിച്ച് സ്വന്തം കഴിവുകൊണ്ട് മുന്നേറേണ്ടതാണ്. കാരണം, ആധുനിക ഇൻഡ്യയിലെ ഈ ജനതയിൽ ഒരുവനും ഒന്നും അനുഭവിച്ചിട്ടുമില്ല, ഒരുവനും ഒന്നും ചെയ്തിട്ടുമില്ല. അവർക്കു സാക്ഷാത്കാരമായ ജോലികളും വിദ്യാഭ്യാസവും ഒക്കെ ഏതു തലത്തിൽ ആണെന്നത് വിശദ്ധമായി നോക്കിയാൽ, അവർക്ക് സർക്കാർ തലത്തിൽ ലഭിച്ച സാധ്യതകളും സംരക്ഷണങ്ങളും അവർക്ക് തന്നെ മനസ്സിലാകും. രാജാധിപത്യത്തിനും ജനാധിപത്യത്തിനും തമ്മിൽ ഒരുപാട് അന്തരം ഉണ്ടെന്നും അർത്ഥ തലങ്ങൾ വേറെയാണെന്നും അക്കാലഘട്ടത്തെ സംഭവങ്ങളെ ഒരു സ്വതന്ത്ര ജനാധിപത്യ രാജ്യത്തിൽ ഉപമിച്ച് ന്യായികരിക്കാൻ (അന്ന് അങ്ങിനെ ആയിരുന്നതിനാൽ ഇന്ന് ഇങ്ങിനെ ആവണം) കഴിയില്ല എന്നും മനസ്സിലാക്കാനുള്ള കഴിവില്ലായ്മ നിറഞ്ഞ ഒരു സമൂഹത്തെ എങ്ങിനെയാണ് പ്രബുദ്ധ ജനസമൂഹമായി കരുതപ്പെടുന്നത്?.

പക്ഷെ, ലഭിച്ച അനുകൂല്യങ്ങളുടെ അടിസ്ഥാനത്തിൽ ഔദ്യോഗിക പദവികൾ അലങ്കരിക്കുന്നവരിൽ ഭൂരിഭാഗവും ഈ ചിന്തയുടെ വെറുപ്പ് ഉള്ളിൽ സൂക്ഷിക്കുന്നവരാണ് എന്നത് ദൗർഭാഗ്യകരമായ സത്യമാണ്. ഇത് അവരുടെ കൂട്ടായ്മകളിലും, പ്രസംഗവേദികളിലും നിഴലിക്കുന്നു. അവരുടെ മനസ്സിൽ നിറയുന്ന ഒരു സ്ഥി

രം 'ഞങ്ങൾ തലമുറകളായി ചൂഷണം ചെയ്യപ്പെടുന്നു' എന്ന തോന്നൽ, പ്രത്യേകിച്ച് സേവനദായക നിലയിലോ തങ്ങളുടെ കൈവശമുള്ള അധികാരസ്ഥാനങ്ങളിലോ മറ്റുള്ളവരോടുള്ള വെറുപ്പിലും നിന്ദയിലും പ്രകടിതമാക്കപ്പെടുന്നു. ഈ വെറുപ്പിന്റെ പ്രകടനം പലപ്പോഴും ജാതി ഉന്നതരെന്ന് കരുതപ്പെടുന്ന വ്യക്തികൾക്കെതിരായ ശബ്ദങ്ങൾ, പെരുമാറ്റങ്ങൾ, ആകസ്മിക നിഷേധങ്ങൾ എന്നിവയിലായി ഭാവമാറ്റം സംഭവിക്കുന്നു.

ഈ സൈക്കോളജിക്കൽ ആക്രോശം, അതായത് ശതാബ്ദങ്ങളോളം ജാതി അടിമത്വം എന്ന നിലയിൽ നേരിട്ട വഞ്ചനയുടെ പ്രതികാരമെന്ന രീതിയിൽ ഇപ്പോൾ അതേ രീതിയിലുള്ള പീഡനങ്ങളായി പുറത്തുവരുന്ന സാഹചര്യത്തിൽ പുതിയ തലമുറ തന്നെ പീഡനം അനുഭവിക്കുന്നവരായി മാറുന്നു. പലപ്പോഴും 'താങ്കൾക്ക് ഈ സേവനം നൽകാനാകില്ല', 'ഞങ്ങൾ നിങ്ങളുടെ അടിമകൾ അല്ല', 'ഞങ്ങളാണ് ഈ ഓഫീസിന്റെ യഥാർത്ഥ ഉടമസ്ഥർ' തുടങ്ങിയ രീതിയിലുള്ള പ്രതികരണങ്ങൾ പൊതുപ്രവർത്തനരംഗത്ത് നിന്ന് വരെ കേൾക്കാവുന്നതാണ്. ഇത് യോഗ്യരായവർക്ക് കഴിവിലുള്ള ആത്മവിശ്വാസം നഷ്ടമാക്കുന്നു. ഇവിടെ കഴിവിനും സത്യസന്ധതയ്ക്കും കാര്യക്ഷമതയ്ക്കും സ്ഥാനം ലഭിക്കില്ല എന്ന പ്രതീതി ഉണ്ടാകുന്നു. കൂടാതെ തങ്ങൾ ആധുനിക ഗവണ്മെന്റിനാൽ അവഗണിക്കപ്പെടുന്നു എന്ന തോന്നൽ അവരിൽ ഉണ്ടാകുന്നു. തങ്ങളുടെ ഭാഗത്തുള്ള തെറ്റ് എന്താണെന്ന് അവർ സ്വയം ചോദിച്ച് പോകുന്നു. എന്നാൽ, അതിന് അവർക്ക് ഉത്തരം ലഭിക്കുന്നുമില്ല. അതിനാൽ ഇരുകൂട്ടരും സമൂഹത്തിൽ നല്ലരീതിയിൽ പ്രവർത്തിക്കാനുള്ള സാദ്ധ്യതകളെ നഷ്ടമാക്കുന്നു. ഇത് ആധുനിക ജനാധിപത്യത്തിന്റെ ആഴത്തിലുള്ള പരാജയം മാത്രമല്ല. മറിച്ച്, സാമൂഹ്യ പുനഃസംഘടനയുടെ പേരിൽ വീണ്ടും വീണ്ടും ജാതിയുടെ അധീനത ഉപയോഗിച്ച് സ്ഥാനം തിരിച്ചെടുക്കാനുള്ള അവബോധപരമായ ശ്രമവുമാണ്. അതായത്, നൂറ്റാണ്ടുകൾക്ക് മുമ്പ് ഉന്നത ജാതികൾ ചെയ്തിരുന്നു എന്ന് ആംഗലേയ-കമ്മ്യൂണിസ്റ്റ് ചരിത്രങ്ങളിൽ കാണപ്പെട്ടന്ന അതിക്രമങ്ങൾ, ഇന്ന് താഴ്ന്ന ജാതിക്കാർ അതേ രീതിയിൽ അധികാരത്തിന്റെ തലത്തിൽ ആവർത്തിക്കുന്നതായി നിരീക്ഷിക്കാവുന്നതാണ്. ഇത് സാംസ്കാരിക, സാക്ഷര പ്രബുദ്ധർ എന്ന് വീമ്പിളക്കുന്ന കൂപമണ്ഡൂകങ്ങളുടെ ബോധത്തിന്റെ അപചയമാണ്. ഇവിടെ മണ്മറഞ്ഞുപോയ ഉയർന്ന ജാതീയ ദ്വേഷകരും, താഴ്ന്ന ജാതിക്കാർ എന്ന് നടിക്കുന്നവരും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. അന്ന് അവർ ചെയ്യുന്നത് ഇന്ന് ഇവർ ചെയ്യുന്നു. ഫലത്തിൽ രണ്ടും ഒന്ന് തന്നെ. സത്യത്തിൽ അടിസ്ഥാനമായ പ്രശ്നം അധികാരമുള്ളവന് അധികാരമില്ലാത്തവനോട്, ബലമുള്ളവന് ദുർബലനോട് ഉള്ള ധിക്കാര പരമായതും മേൽക്കോയ്മ സ്ഥാപിക്കാനുമുള്ള മനോഭാവമാണ് ജാതിയേക്കാൾ ഉപരിയായി കാലങ്ങളായി ഇവിടെ നടന്ന് കൊണ്ടിരിക്കുന്നത് എന്ന അടിസ്ഥാനപരമായ വസ്തുത ഇവർ മനസ്സിലാക്കുന്നില്ല. കേരളം മുന്നോട്ട് പോകണമെങ്കിൽ ഈ ഇരട്ടശീലങ്ങൾ അവസാനിപ്പിക്കേണ്ടതുണ്ട്. രാഷ്ട്രീയവും മാധ്യമങ്ങളും ബോധപൂർവം വളർത്തുന്ന ഇരുട്ട് മാറ്റി, വ്യ

ക്തിഗത-സാമൂഹിക യാഥാർത്ഥ്യങ്ങൾ കാഴ്ചവയ്ക്കേണ്ട സമയമാണ് ഇത്. പച്ച യായ സത്യം അതിനോടുള്ള നിരപേക്ഷ കാഴ്ചപ്പാട് - അതാണ് കേരളത്തിന്റെ നന്മയുടെ വഴിയെന്ന് തിരിച്ചറിയുക അനിവാര്യമാണ്.

കേരളത്തിലെ ജനങ്ങൾ തങ്ങളുടെ ബൗദ്ധിക ശേഷിയെ അഭിമാനപൂർവ്വം ഉയർ ത്തിക്കാട്ടുന്നതിൽ പ്രസിദ്ധരാണ്. വിദ്യാഭ്യാസം, സാഹിത്യം, സാംസ്കാരിക പ്രവർ ത്തനങ്ങൾ എന്നിവയിൽ സംസ്ഥാനത്തിന് ലഭിച്ച നേട്ടങ്ങൾ ഈ അഭിമാന ത്തിന് ശക്തമായ അടിത്തറയായിട്ടുണ്ട്. എന്നാൽ, ഈ ബൗദ്ധികത പലപ്പോഴും സ്വതന്ത്രചിന്തയെ വളർത്തുന്നതിന് പകരം രാഷ്ട്രീയ-സാമൂഹിക ഘടനകളുടെ ആവശ്യങ്ങൾക്ക് അനുകൂലമായി വിനിയോഗിക്കപ്പെടുന്നു. രാഷ്ട്രീയ നേതാക്കളും മാധ്യമങ്ങളും സാംസ്കാരിക പ്രവർത്തകരും ചേർന്ന് സൃഷ്ടിക്കുന്ന പ്രശംസാഭരിത മായ സന്ദേശങ്ങൾ ജനങ്ങളുടെ ചിന്തകളെ നിർദ്ദിഷ്ട ദിശകളിലേക്ക് തിരിച്ചുവിടു ന്നു. കേരളീയർ വിമർശനാത്മകവും സ്വതന്ത്രവുമായ ചിന്തകരാണെന്ന പൊതു വിശ്വാസം നിലനിൽക്കുമ്പോഴും അവർ പലപ്പോഴും അറിഞ്ഞുകൊണ്ടല്ലാതെ ത ന്നെ ഈ നിയന്ത്രണങ്ങളുടെയും സൂക്ഷ്മമായ അനൈച്ഛിക പരിണാമ പ്രക്രിയക ളുടെയും ഇരകളായി മാറിക്കൊണ്ടിരിക്കുന്നു.

മാധ്യമങ്ങൾ ഈ അനൈച്ഛിക പരിണാമ പ്രക്രിയയിൽ ഏറ്റവും ശക്തമായ പങ്ക് വഹിക്കുന്നു. വാർത്തകളും പരസ്യങ്ങളും സാമൂഹ്യ പ്രചാരണങ്ങളും ജനങ്ങളുടെ വിശ്വാസങ്ങളെയും ചിന്തകളെയും നിർണ്ണായകമായ രീതിയിൽ അടിസ്ഥാന ത ലങ്ങളിൽ തന്നെ സ്വാധീനിക്കുന്നു. ഇതിന് പുറമെ, രാഷ്ട്രീയ നേതാക്കളുടെ പ്രസം ഗങ്ങളും സാംസ്കാരിക ആഘോഷങ്ങളും ബഹുമതികളും ജനങ്ങൾ തിരിച്ചറിയാ തെ തന്നെ അവരെ ഒരു മാനസിക നിയന്ത്രണത്തിലേക്ക് നയിക്കുന്നു. ജനങ്ങൾ സ്വയം ബൗദ്ധിക സമൂഹത്തിന്റെ ഭാഗമാണെന്നുള്ള അഭിമാനം വച്ചുപുലർത്തുന്ന ത് കൊണ്ടുതന്നെ ഈ നിയന്ത്രണത്തിന്റെ പ്രത്യേകത അവരുടെ പ്രതിരോധം അവർ അറിയാതെ കുറഞ്ഞുപോകുന്നു എന്നതാണ്. സ്വന്തം ബോധവൽക്കര ണം ശക്തമാണെന്ന വിശ്വാസം ഈ അനൈച്ഛിക പരിണാമ പ്രക്രിയകളെ കൂടു തൽ സുഗമമായി പ്രവർത്തിക്കാൻ വഴിയൊരുക്കുന്നു. ചരിത്രപരമായി നോക്കു മ്പോൾ ഇത്തരത്തിലുള്ള മാനസിക രൂപപ്പെടുത്തൽ കേരളത്തിൽ ദശാബ്ദങ്ങ ളായി നിലനിന്നിട്ടുണ്ടെന്നും സാമൂഹിക രാഷ്ട്രീയ യാഥാർത്ഥ്യങ്ങളിൽ അതിന്റെ ഫലങ്ങൾ വ്യക്തമായി പ്രകടമായിട്ടുണ്ട് എന്നും കാണാവുന്നതാണ്. വിമർശന ബോധവും സ്വതന്ത്രചിന്തയും വിശകലന ശേഷിയും ജനങ്ങൾക്ക് ഇത്തരം മാന സിക നിയന്ത്രണങ്ങളിൽ നിന്ന് മോചിതരാകാൻ അനിവാര്യമാണ്. ഇത്തരത്തി ലുള്ള കുത്സിത പരിവർത്തനങ്ങളുടെ യഥാർത്ഥ ഉദ്ദേശ്യം സമൂഹത്തിന്റെ ഐക്യ മില്ലായ്മ നിലനിർത്തുന്നതിനും ഭരണവർഗ്ഗത്തിന്റെ ചൂഷണത്തിന് സഹായകര മായ വഴി കൂടുതൽ സുഗമമാക്കി തീർക്കുവാനും ആണെന്ന് മനസ്സിലാക്കേണ്ടതാ ണ്.

ഐക്യമുള്ള ജനത ഒരു രാജ്യത്തെ ശക്തിയുള്ളതാക്കിത്തീർക്കുന്നതിൽ പ്രധാന ഘടകമാണ്. ചരിത്രപരമായി നോക്കിയാൽ എപ്പോഴും സ്വാതന്ത്ര്യ സംഘട്ടനങ്ങളും സാമൂഹിക സുസ്ഥിരതയും നിലനിൽക്കുന്നത് ജനങ്ങളുടെ ഐക്യത്താൽ മാത്രമാണ് സാധിച്ചിരിക്കുന്നത്. പക്ഷേ, സമൂഹത്തിൽ അനൈക്യം ഉണ്ടാക്കുവാനുള്ള ശ്രമങ്ങൾ സഹസ്രാബ്ദങ്ങളായി നിലനിന്നുവരുന്നു. ഈ ശ്രമങ്ങൾക്ക് പിന്നിലെ പ്രേരക ശക്തികൾ അവരുടെ സാമ്പത്തിക, രാഷ്ട്രീയ, ശാക്തീക സ്വാർത്ഥതകൾക്കായി പ്രവർത്തിക്കുന്നു. അവർക്ക് ജനങ്ങളെ വിഭജിക്കാനും ഒരു സമൂഹത്തെ ഭിന്നിപ്പിക്കാനുമുള്ള തന്ത്രങ്ങൾ രചിക്കാനും പ്രത്യേക താല്പര്യവും നൈപുണ്യവുമുണ്ട്. ഭാഷ, മതം, ജാതി, ഉപജാതി, ഉയർന്നവർ, താഴ്ന്നവർ എന്നിങ്ങനെ സമൂഹത്തിൽ നിലനിന്നുകൊണ്ടിരിക്കുന്ന വ്യത്യാസങ്ങൾ അവർ ഭിന്നിപ്പിന് ഉപയോഗിച്ചുവരുന്നു. ജനങ്ങൾ തമ്മിൽ ആശയവിനിമയത്തിനും സഹജീവിതത്തിനും ഒരു മതിയായ അടിസ്ഥാനം ഉണ്ടാക്കുന്നതിന് പകരം ഈ വ്യത്യാസങ്ങൾ സംഘർഷത്തിനും അസമത്വത്തിനും വാതിൽ തുറക്കുന്ന ഉപാധികളായി മാറുന്നു. ചരിത്രം ഇതിന്റെ ഉദാഹരണങ്ങൾ കൊണ്ട് സമ്പന്നമാണ്. ഇന്നത്തെ കാലത്തും ഈ ഭിന്നിപ്പിനുള്ള ശ്രമങ്ങൾ സമാന രീതിയിൽ നടന്നുകൊണ്ടിരിക്കുന്നു. മതതീവ്രവാദം, പരിവർത്തനങ്ങൾ, സാമൂഹിക വിരുദ്ധത, കലാപ ശ്രമങ്ങൾ തുടങ്ങിയവ ജനങ്ങളിൽ ആശങ്ക, സംശയം, ഭയം എന്നിവ സൃഷ്ടിക്കുന്ന ഒരു ഉപാധിയായി മാറുന്നു. ഈ ഭിന്നിപ്പുകൾ സ്വാഭാവികമല്ല. മറിച്ച്, അവർ സൃഷ്ടിച്ചെടുത്ത ഒരു കൃത്യമായ പ്രക്രിയയുടെ ഫലമാണ്. പലതവണ, പല സംസ്ഥാനങ്ങളിലും പല ദേശങ്ങളിൽ ഈ ശ്രമങ്ങൾ വ്യവസ്ഥാപിതമായ, അജണ്ടകളാൽ നിയന്ത്രിതമായ രീതിയിലാണ് നടന്നു വരുന്നത്.

മാധ്യമങ്ങളും ഈ ഭിന്നിപ്പിന്റെ പ്രചാരണത്തിൽ വലിയ പങ്ക് വഹിക്കുന്നു. വാർത്തകൾ, സാംസ്കാരിക പ്രചാരണങ്ങൾ, സോഷ്യൽ പ്ലാറ്റ്ഫോമുകൾ എന്നിവയ്ക്ക് അജണ്ടകൾ നൽകുകയും ഒരു നിർദ്ദിഷ്ട സന്ദേശം ജനങ്ങളിലേക്ക് എത്തിക്കുകയും ചെയ്യുന്നു. ജനങ്ങൾ അതിനെ സ്വാഭാവികമായി സ്വീകരിക്കുകയും, അതിന്റെ വിശ്വാസികൾ ആയിത്തീരുകയും ചെയ്യുന്നു. ഇതുവഴി, ജനതയുടെ ഐക്യം കേട്ടുപാടിന് ഇരയാകുന്നു. രാജ്യത്തെ പല സാമൂഹിക സംഘടനകളും സാംസ്കാരിക ഘടനകളും ചിലപ്പോൾ ഈ ഭിന്നിപ്പിന്റെ ഭാഗമാകുന്നു. നിയമങ്ങൾ, ഭരണ സംവിധാനങ്ങൾ, വിദ്യാഭ്യാസം, തൊഴിൽ വകുപ്പുകൾ തുടങ്ങിയവ ജനങ്ങളെ നീതിപൂർവ്വം സമന്വിതമായി നയിക്കുന്നതിന് പകരം ചിലപ്പോൾ അനൈച്ഛിക പരിവർത്തിത നടപടിയുടെ ഭാഗമായിത്തീരുന്നു. ഇതിന്റെ ഫലമായി ജനങ്ങളിൽ ആശങ്കയും ഭയവും നിറയുകയും, സ്വതന്ത്ര ചിന്തയും വിമർശനബോധവും കുറയുകയും ചെയ്യുന്നു.

ഐക്യത്തെ ഭിന്നിപ്പിക്കുന്ന ഈ വിരുദ്ധ ശക്തികൾ ജനങ്ങളെ നിലനിൽപ്പിന്റെ യുക്തിപരമായ തീരുമാനങ്ങളിൽ നിന്ന് അകറ്റുന്നു. അതുകൊണ്ട്, ജനങ്ങൾക്കും

സമൂഹത്തിനും വേണ്ടി ഈ ഭിന്നിപ്പിനെ തിരിച്ചറിയുന്നതിനും പ്രതിരോധിക്കുന്നതിനുമുള്ള ബോധവൽക്കരണം അത്യന്താപേക്ഷിതമാണ്. ജനങ്ങളുടെ ഐക്യത്തെ ഊർജ്ജസ്വലപ്പെടുത്തി സമാധാനപരമായും സുസ്ഥിരത നിലനിർത്തിയും രാജ്യത്തെ മുന്നോട്ട് നയിക്കുന്നതിന് സാധിക്കണം. അതിനാൽ രാജ്യത്തിന്റെ ശക്തി ജനങ്ങളുടെ ഐക്യത്തിലും അവരുടെ ബോധവൽക്കരണത്തിലും അടങ്ങിയിരിക്കുകയാണ്. ഭിന്നിപ്പിന്റെ ശ്രമങ്ങളെ തിരിച്ചറിയുകയും അവയെ പ്രതിരോധിക്കുകയും ചെയ്യുന്ന ഒരു സാമൂഹിക ബോധം സൃഷ്ടിക്കുന്നതിലൂടെ മാത്രമാണ് രാജ്യത്തെ ശക്തിയുള്ളതാക്കാൻ കഴിയുന്നത്. ഇത് ജനങ്ങളുടെ സാമൂഹിക സൗഹൃദത്തെയും രാഷ്ട്രീയ സ്വാതന്ത്ര്യത്തെയും സംരക്ഷിക്കുന്നതിനും നിർണായകമാണ്.

അതുപോലെ തന്നെ, അഴിമതിക്കെതിരെ ആഹ്വാനങ്ങൾ മുഴക്കി പരസ്യ പ്രസംഗങ്ങൾ നടത്തുന്ന ഒരുപാട് പേരെ കാണാം. രാഷ്ട്രീയ നേതാക്കളെ കുറ്റപ്പെടുത്തി ഭരണ വ്യവസ്ഥയെ വിമർശിച്ച് അവർ ജനശ്രദ്ധ പിടിച്ചുപറ്റുന്നു. പക്ഷേ, തെരഞ്ഞെടുപ്പിൽ അവർ തന്നെ വീണ്ടും വീണ്ടും അഴിമതിയിൽ അകപ്പെട്ട നേതാക്കൾക്കായി വോട്ട് ചെയ്തു വിജയിപ്പിക്കുന്നതും നമുക്ക് കാണാവുന്നതാണ്. പുറമെ കാണിക്കുന്ന സ്വതന്ത്ര ചിന്തയ്ക്കപ്പുറം സ്വന്തം കാര്യം വരുമ്പോൾ മുറുകെപ്പിടിക്കുന്ന മത മൗലീകവാദവും ഒട്ടും കുറവല്ല. മതേതരത്വം, സ്ത്രീപക്ഷ വാദം, സാമൂഹിക നീതി തുടങ്ങി വിവിധ ആധുനികതയുള്ള ആശയങ്ങൾ നാം പലതും സൗജന്യമായി നമ്മുടെ പ്രൊഫൈലുകളിൽ ചേർക്കുന്നു. അതെല്ലാം ഒരു സാമൂഹിക ബാഡ്ജായി, മറ്റുള്ളവരുടെ മുന്നിൽ നിൽക്കാൻ വേണ്ടി ഉപയോഗിക്കുന്നത് മാത്രമാണ്. 'ഞാൻ ഫെമിനിസ്റ്റാണ്', 'ഞാൻ മതേതരനാണ്', 'ഞാൻ യുക്തിവാദിയാണ്' എന്ന പ്രൊഫൈൽ അവകാശവാദങ്ങൾക്ക് പിന്നിൽ, ജീവിതത്തിൽ അത് നിലനിൽക്കുന്നുവോ എന്നത് ആരും പരിശോധിക്കാറില്ല. നിരീശ്വരവാദ നാടകം നടത്തുന്ന കമ്മ്യൂണിസ്റ്റുകാർ സ്വന്തം മക്കളുടെ വിവാഹം, നൂലുകെട്ട് തുടങ്ങിയ വിശേഷങ്ങൾ ആചാരപ്രകാരം തന്നെ നടത്തുന്ന വൈരുദ്ധ്യം നിറഞ്ഞ സംഭവങ്ങൾ നമ്മുടെ മുന്നിലുള്ള ഉദാഹരണമാണ്. സോഷ്യൽ ജസ്റ്റിസ് ഇന്ന് പലർക്കും ഒരു 'ബ്രാൻഡ്' ആയി മാറിയിരിക്കുന്നു. അതിനായി പോസ്റ്റുകൾ പങ്കുവെക്കുന്നത്, ഹാഷ്ടാഗുകൾ ഉപയോഗിക്കുന്നത്, മെർച്ചന്റൈസ് അണിയുന്നത്, പരിപാടികളിൽ പങ്കെടുക്കുന്നത് മുതലായവയെല്ലാം വലിയൊരു സമൂഹത്തിൽ അംഗത്വം ഉറപ്പാക്കാനുള്ള മാർഗ്ഗമായി മാത്രം മാറിയിരിക്കുന്നു. എന്നാൽ സമൂഹത്തിന്റെ ആഴത്തിലുള്ള അനീതികളും അസമത്വങ്ങളും മാറ്റുന്നതിനായി യാതൊരു താൽപര്യവും പ്രവർത്തനവും കാണാനില്ല. നമ്മുടെ പ്രസംഗങ്ങൾ എത്രമേൽ മനോഹരമായാലും അതിന് പിന്നിൽ ജീവിതത്തിൽ ആ മൂല്യങ്ങൾ ആഴത്തിൽ നിലനിൽക്കുന്നില്ലെങ്കിൽ അതിന് യാതൊരു അർത്ഥവുമില്ല. വ്യക്തികൾ ജനങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കുന്ന മുഖം ഒരു പൊയ്മുഖം മാത്രമായി മാറിയിരിക്കുന്ന ഈ യുഗത്തിൽ ഒറ്റമനസ്സോടെ ആത്മപരിശോധന നടത്തേണ്ടത് അനിവാര്യമാണ്. നമ്മുടെ പ്രസ്ഥാനങ്ങൾ, വിശ്വാസങ്ങൾ, രാഷ്ട്രീയം, മതം, ആധുനികത എന്നിവ മറ്റുള്ളവരെ കാണി

ക്കാനും അംഗീകാരം കിട്ടാനുമുള്ള ബാഡ്ജുകളായി കാണരുത്. ഒരു പ്രബുദ്ധ ജനത കാപട്യജനതയായി തുടരുന്നതിന് പകരം പൊതുജീവിതത്തിലും സ്വകാര്യ ജീവിതത്തിലും സത്യസന്ധതയും വിവേകവും നിറഞ്ഞ പ്രവർത്തനങ്ങളാണ് കാഴ്ചവെയ്ക്കേണ്ടത്.

കേരളത്തിന്റെ സാമൂഹിക-രാഷ്ട്രീയ മനസ്സിൽ ഏറെ കരുത്തോടെ നിലനിൽക്കുന്ന ഒരു പ്രത്യേക സ്വഭാവം ആണ് ഭരണകൂടത്തിന്റെയും അതിലെ ഉദ്യോഗസ്ഥരുടെയും മേൽ ഉള്ള അകമറ്റ വിധേയത്വം. സർക്കാരും അതിന്റെ സംവിധാനങ്ങളും എപ്പോഴും ശരിയാണ്. അവയെ ചോദ്യം ചെയ്യുന്നത് തെറ്റാണ് എന്ന കാഴ്ചപ്പാട് അല്ലെങ്കിൽ അതിനോടുള്ള ഭീതി കേരളത്തിന്റെ പൊതുജന രാഷ്ട്രതയിൽ നൂറ്റാണ്ടുകളായി വളർന്നു വന്ന ഒരു കോളനിയൽ ശേഷിപ്പാണ്. ബ്രിട്ടീഷ് ഭരണകാലത്ത് തുടങ്ങുകയും പിന്നീട് ഇന്ത്യൻ ഭരണഘടനയിലേയ്ക്ക് അതിന്റെ പാരമ്പര്യം പടരുകയും ചെയ്തു. സർക്കാർ എപ്പോഴും നമ്മുടെ ഭാവിക്ഷേമം കണക്കാക്കുന്നുണ്ടെന്ന മിഥ്യാധാരണകളെ ആശ്രയിച്ചുള്ള ഒരു രാഷ്ട്രബോധത്തിന്റെ ശേഷിപ്പുകൾ പേറിയ ഒരു സോഷ്യലിസ്റ്റ് മനോഭാവ ഭൂമിയായി കേരളം മാറിയിരിക്കുന്നു.

സർക്കാർ ഭരണ സംവിധാനങ്ങൾക്ക് വിരുദ്ധമായി വിമർശനം നടത്തുന്നത് പലപ്പോഴും 'രാജ്യദ്രോഹം' എന്നോ 'വിമതസ്വഭാവം' എന്നോ കണക്കാക്കുന്ന ഒരു മനോഭാവമാണ് സമൂഹത്തിൽ നിലനിൽക്കുന്നത്. സർക്കാർ ഉദ്യോഗസ്ഥർ പറയുന്നത് നിയമമാണ് എന്നുള്ള ധാരണയിൽ ജനദ്രോഹ അന്യായങ്ങൾ പോലും ചോദ്യം ചെയ്യുവാൻ പൊതുജനങ്ങൾ മടിക്കുന്നു. ജനങ്ങളെ സേവിക്കേണ്ട ഉദ്യോഗസ്ഥരുടെ മുന്നിൽ വിധേയത്വത്തോടെ അടിമകളെപ്പോലെ 'സാർ' എന്ന വിളിപ്പേരിലൂടെയും ആഹ്ലാദത്തോടെ ആരാധിക്കുന്ന സംസ്കാരം പലപ്പോഴും സ്വതന്ത്ര ചിന്തയ്ക്കും അറിവിനും വിരുദ്ധമാണ്. പൊതുജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഒരു ജനപ്രതിനിധിയുടെ അകൽച്ചയ്ക്കും അതീതമായി ഒരു സാധാരണ ക്ലർക്കിന്റെ ഫോം നിഷേധിച്ചുള്ള അനീതി ഇവിടെ കൂടുതൽ ഞെട്ടലുകൾ ഉണ്ടാക്കുന്നു. ഒരു കീഴുദ്യോഗസ്ഥനുപോലും കസേരയുടെ അധികാരം ഉപയോഗിച്ച് പൗരനെ അവഗണിക്കാനും അവകാശങ്ങൾ വൈകിപ്പിക്കാനും നിഷേധിക്കാനും കഴിയും എന്നത് ഒരു സങ്കടകരമായ യാഥാർത്ഥ്യമാണ്. ഇതാണ് കോളോണിയൽ വ്യവസ്ഥിതിയുടെ ചാരന്മാരായ രാഷ്ട്രീയ ഹിജഡകൾ രാജ്യത്തിന് സമ്മാനിച്ച് കൊണ്ടിരിക്കുന്നത്. പലപ്പോഴും ചെറിയ കാര്യങ്ങൾ — ഒരു സർട്ടിഫിക്കറ്റ് നൽകുക, ഒരു പട്ടികയിൽ പേര് ചേർക്കുക പോലുള്ള അടിസ്ഥാന കാര്യങ്ങൾ പോലും പൊതുജനങ്ങൾക്ക് വലിയൊരു വിജയം നേടിയതുപോലെ തോന്നിപ്പോകുന്ന അവസ്ഥ ജനാധിപത്യത്തിന്റെ യഥാർത്ഥ ആത്മാവിനെ തന്നെ അപഹസിക്കുന്നതാണ്. ഇതിന്റെ പിന്നിൽ ഒരേയൊരു മൂലകാരണമാണ്. പൊതുജനങ്ങൾ അതിന്റെ അപര്യാപ്തതയെ അംഗീകരിച്ച് അത് തങ്ങൾക്ക് ലഭിക്കുന്ന വലിയ ഭാഗ്യമാണ് എന്ന മാനസികവസ്ഥയിൽ ജീവിക്കാൻ പ്രേരിതരായിരിക്കുന്നു. അതേസമയം തൊഴി

ൽ രഹിതരായവർ സർക്കാരുകളുടെയും സർക്കാർ ഉദ്യോഗസ്ഥരുടെയും അവഗണനയേയും അഴിമതിയേയും പറ്റി വിമർശനം ഉന്നയിക്കുകയും സർക്കാർ ഉദ്യോഗം ലഭിച്ചാൽ അഴിമതിക്കാരും അഹംഭാവികളും ആയിമാറുകയും ചെയ്യുന്ന എന്ന സ്വാഭാവികമായ പ്രതിഭാസം നമുക്ക് ഇതേസമൂഹത്തിൽ ദർശിക്കാൻ കഴിയും. കേരളം പോലുള്ള സംസ്ഥാനം ഉയർന്ന വിദ്യാഭ്യാസ നിരക്കും സാമൂഹിക ജാഗ്രതയും ഉള്ളതായിട്ടാണ് കണക്കാക്കപ്പെടുന്നത്. എന്നാൽ അതിനു വിരുദ്ധമായി കാര്യക്ഷമതയില്ലാത്തതും അഴിമതിയുള്ളതുമായ സംവിധാനത്തെപ്പോലും സ്വീകരിക്കുന്ന ഈ സമീപനം വ്യത്യസ്തമായ ഇടവേളകളിൽ പ്രത്യക്ഷപ്പെടുന്നു. അധികാരത്തിനും സംവിധാനത്തിനും മുന്നിൽ അടിയറവ് പറയുന്നത് വഴി നല്ല പൗരന്മാരെ സൃഷ്ടിക്കുകയല്ല. മറിച്ച്, ചിന്തിക്കാനും പ്രതികരിക്കാനും മടിക്കുന്ന ഒരു ജനതയെ വികസിപ്പിക്കുകയാണ് ചെയ്യുന്നത്.

കേരളത്തിൽ രാഷ്ട്രീയ ആയുധമാക്കും വിധത്തിൽ അതിനെ അടിസ്ഥാനമാക്കിയിട്ടുള്ള സാമൂഹിക വികസനം, സർക്കാർ സംവിധാനം ജനങ്ങളുടെ ദൈവമായി മാറുന്ന പ്രത്യയശാസ്ത്രം, സർക്കാരിന്റെ ഇടപെടലുകൾ ഇല്ലാതെ ഒരാളുടെ സാമൂഹീക ജീവിതം സാധ്യമാകുകയില്ല എന്ന ധാരണയെ വളർത്തിയെടുത്തു. അതുകൊണ്ടുതന്നെ ഉദ്യോഗസ്ഥ അലംഭാവത്തിലും ക്യൂവിൽ നിൽക്കുമ്പോൾപ്പോലും അമിതമായ വിധേയത്വം ജനങ്ങൾ പുലർത്തുന്നു. എന്നാൽ മറുഭാഗത്ത്, വികസ്വര രാജ്യങ്ങളായ ചില യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലും കാണപ്പെടുന്നത് ജനങ്ങൾ സർക്കാരിനെ പ്രതികരിക്കാൻ നിബന്ധനപ്പെടുത്തുകയും ഉദ്യോഗസ്ഥർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കാൻ സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്നു. അവിടുത്തെ പൗരൻമാർക്ക് സർക്കാർ ഒരു സേവനദായകനാണ്. ഒരു ഉടമയല്ല. എന്നാൽ ഇവിടെ നമ്മളാണ് സർക്കാരിനെ ഉണ്ടാക്കുന്നത്. നാം തന്നെയാണ് യഥാർത്ഥ അധികാരികൾ എന്നുള്ള തിരിച്ചറിവ് മങ്ങിയിരിക്കുന്നു. വായ്പ്പ തുക എഴുതിത്തള്ളുന്നത് പോലെയുള്ള ചെറിയ രാഷ്ട്രീയ വിജയം പോലും വലിയ സാമൂഹിക നേട്ടമായി ഇവിടെ ആഘോഷിക്കപ്പെടുമ്പോൾ രാഷ്ട്രീയത്തിന്റെ പ്രവർത്തന ക്ഷമതയെ കുറിച്ച് ആരും ചോദ്യം ചെയ്യില്ല.

പാരമ്പര്യമായി കൈവരിച്ച ഉയർന്ന അറിവിന്റെ സംസ്കാരം സർക്കാരിന്റെ കാര്യക്ഷമത ശക്തിപ്പെടുത്താൻ വേണ്ടിയുള്ള നടപടികളായി മാറാതെ അതിന്റെ നെഞ്ചിൽ ശാന്തമായി ഉറങ്ങിക്കൊണ്ടിരിക്കുന്നു. അധീനതയ്ക്കൊപ്പം വരുന്ന സ്വയം നിഷേധം ഒരു സമൂഹത്തിന്റെ മുന്നേറ്റം തടസ്സപ്പെടുത്തുന്നു. ഭരണഘടനയെ ചോദ്യം ചെയ്യാനും കൃത്യതയും ഉത്തരവാദിത്തവും ആവശ്യപ്പെടാനുമുള്ള സാധ്യതയാണ് ജനാധിപത്യത്തിൽ നിലനിൽക്കുന്ന ശക്തമായ മാർഗ്ഗം. ആയതിനാൽ യഥാർ ത്ഥ ശക്തി അന്ധമായ വിശ്വസത്തിൽ അല്ല. മറിച്ച്, പ്രശ്നങ്ങളെക്കുറിച്ച് ഓർമ്മപ്പെടുത്തുന്നതിലും അതിനെ നടപ്പിലാക്കൻ ഭരണ സംവിധാനങ്ങൾക്ക് ശക്തമായ താക്കീത് നൽകുന്നതിലുമാണ്.

സമൂഹത്തിൽ കപടമുഖങ്ങൾ അണിഞ്ഞ് പലരും തങ്ങളുടെ വികാരങ്ങളാണ് പ്രമേയങ്ങളായി അവതരിപ്പിക്കുന്നത്. വിമർശനങ്ങളെ അഭിമുഖീകരിക്കാൻ കഴിവില്ലാത്ത ഒരു കൂട്ടം ആളുകൾ അതിനെ സംവാദ വിഷയങ്ങളായി അവതരിപ്പിക്കുന്നത് ബൗദ്ധികതയുടെ സാധ്യതകളെ തന്നെ നിരാകരിക്കുന്ന അവസ്ഥയെ സംജാതമാക്കുന്നു. ഒരാൾക്ക് നേരിട്ട വിമർശനങ്ങളെ തലയുയർത്തി അഭിമുഖീകരിക്കാൻ കഴിയുന്നില്ല എന്നത് ആ വിമർശനങ്ങളിൽ കഴമ്പുള്ളതുകൊണ്ടാണ്. എന്നാൽ അതിനെതിരെയുള്ള തിരിച്ചടി എന്ന നിലയിൽ വിമർശനം ഉന്നയിച്ച വ്യക്തിയേയും വിമർശനത്തേയും കൂട്ടമായി ആക്രമിക്കുന്ന നിലപാട് നിലവാരം കുറഞ്ഞതും അതിനെ അംഗീകരിക്കുന്ന ജനത പ്രബുദ്ധത പട്ടം അണിഞ്ഞ് നടക്കുന്നത് ശുംഭത്വവുമാണ്.

ആധുനിക മാധ്യമങ്ങളിൽ വ്യാപകമായി നിലനിൽക്കുന്ന ഔട്രേജ് കൾച്ചർ എന്നത്, വ്യവസ്ഥകൾക്ക് ആളുകളെ വിവിധ വിഷയങ്ങളിൽ വികാരങ്ങളാൽ അധീനരാക്കിക്കൊണ്ട് അവരുടെ പ്രതികരണങ്ങളെ തങ്ങൾക്ക് ഇഷ്ടമുള്ള വഴിയിലേക്ക് അടുപ്പിച്ച് കൊണ്ടുപോകാനുള്ള അപകടകരമായ രീതിയായി മാറിക്കൊണ്ടിരിക്കുന്നു. യുക്തിയും വിശകലനവും ആവശ്യമായ വിഷയങ്ങളിൽപ്പോലും വികാരങ്ങളുടെ ചൂടിൽ തെറ്റായ ദിശകളിലേക്ക് തിരിഞ്ഞ് പോകുന്നത് സമൂഹത്തെ ബോധപൂർവ്വമായ ചിന്തയിൽ നിന്ന് അകറ്റി വെക്കുന്ന ദൗർഭാഗ്യകരമായ പ്രവണതയായി മാറുന്നു. ഒരാളുടെ അഭിമാനം, അഹങ്കാരം, പരാജയ ഭീതികൾ എന്നിവ ചേർന്ന് സംജാതമാക്കപ്പെടുന്ന ആത്മസംരക്ഷണ പ്രവൃത്തികൾ പലപ്പോഴും സ്വതന്ത്രചിന്തയെന്നു തോന്നുന്ന വാദങ്ങളായി അതിവിദഗ്ദ്ധമായി സമർപ്പിക്കപ്പെടുന്നു. എന്നാൽ അതിന്റെ അടിസ്ഥാനം ലളിതമായി വിശകലനം ചെയ്തുനോക്കുമ്പോൾ അത് സ്വതന്ത്രമായ ചിന്തയിൽ നിന്നും ഉതിർന്നതല്ല എന്ന് മനസ്സിലാക്കാവുന്നതാണ്. ഇത് വ്യക്തിയുടെ അന്തരാത്മാവിനെ സ്വാർത്ഥതയുടെയും സങ്കുചിതത്വത്തിന്റെയും ചങ്ങലകളിൽ നിന്നും വിമുക്തനാക്കേണ്ടതിന്റെ ആവശ്യകതയെ ഓർമ്മപ്പെടുത്തുന്നു. ആളുകൾ തങ്ങളുടെ രാഷ്ട്രീയ-സാംസ്കാരിക വിശ്വാസങ്ങൾ, മതപരമായ നിലപാടുകൾ, ദേശീയ അഭിമാനങ്ങൾ തുടങ്ങിയവയെ എത്രത്തോളം സ്വതന്ത്രമായി വിമർശിക്കാൻ തയ്യാറാണ് എന്നത് ഒരു വ്യക്തിയുടെ യഥാർത്ഥ ബൗദ്ധികത അറിയാൻ വേണ്ടിയുള്ള മാർഗ്ഗമാണ്. പക്ഷേ നമ്മൾ കാണുന്നത്, ആ വിശ്വാസങ്ങളോട് വ്യക്തികൾക്കുള്ള 'ഭാവാത്മകമായ ഉടമസ്ഥത' ആണ്. ഈ ഉടമസ്ഥത ബൗദ്ധികതയ്ക്ക് വിരുദ്ധമാണ്. ഇത്തരത്തിലുള്ള ആശയങ്ങളോടുള്ള അടിമത്വം സ്വതന്ത്രചിന്തയ്ക്കും ബൗദ്ധിക വികാസത്തിനും വിലങ്ങുതടിയായി മാറുന്നു. ഒരു ആശയത്തെ സംവാദ വിഷയമായി വേദിയിൽ മുന്നോട്ട് വയ്ക്കുമ്പോൾ പ്രസ്തുത ആശയങ്ങളുടെ ഉള്ളടക്കങ്ങളെ അപഗ്രഥിക്കുന്നതിന് പകരം, ആ ആശയം സ്വീകരിച്ച വ്യക്തിയുടെ വ്യക്തിത്വം തന്നെ നിർദ്ദയമായി ചോദ്യം ചെയ്യപ്പെടുന്നു എന്ന ഭയം ആളുകളെ പിടിച്ചുലയ്ക്കുന്നു.

അതോടൊപ്പം തന്നെ, ഉടലെടുക്കുന്ന വികാരപ്രധാനമായ പ്രസംഗങ്ങൾ, അതി നന്ദസൃതമായ ശബ്ദം, കൈയുടെ ചലനങ്ങൾ, ആക്രോശം തുടങ്ങിയവ കാണു ന്നവർക്കുള്ള പ്രഭാവം വർദ്ധിപ്പിക്കുന്നു. പക്ഷേ ഈ കൗശലം നിറഞ്ഞ അവതര ണം പലർക്കും ബൗദ്ധികതയുടെ അടയാളമായി തോന്നുന്നു. നല്ല അവതരണവും ആത്മവിശ്വാസം നിറഞ്ഞ ശൈലിയും ഉള്ള വാദം സത്യമായിരിക്കണമെന്നില്ല. അതിനാൽ തന്നെ, സംസാരശൈലിയിലല്ല വാദത്തിന്റെ മൂല്യം. അതിന്റെ അടി സ്ഥാനമായ യുക്തിയിലും തെളിവുകളിലുമാണ്. സോഷ്യൽ മീഡിയകളിൽ നട ക്കുന്ന രാഷ്ട്രീയ, മത, സാമൂഹിക ചർച്ചകൾ എപ്പോഴോ ഒരുകൂട്ടം പൗരാണിക അ പരിഷ്കൃത ജനതയുടെ യുദ്ധമാണെന്ന വിധത്തിൽ മാറിയിരിക്കുന്നു. ഒരുപക്ഷത്തി ന് സമ്മതിക്കാനാകാത്ത അഭിപ്രായം ഉള്ളവരെ ‘വൈരികൾ’ ആക്കുക എന്ന താണ് ഈ ചർച്ചകളുടെ അടിസ്ഥാന രൂപം. ഇവിടെ യുക്തിപൂർണ്ണമായ പ്രത്യു ത്തരങ്ങൾ ഇല്ലാതെയാകുമ്പോൾ വ്യക്തിപരമായ അധിക്ഷേപങ്ങളാണ് മറുപ ക്ഷം ഏറ്റുവാങ്ങുന്നത്. ഇത് അതിലധികം വ്യക്തിയുടെ അഭിമാനത്തെ ആസ്പദ മാക്കി വികാരപരമായ പ്രതികരണങ്ങളിലേക്ക് നയിക്കുന്നു.

യഥാർത്ഥ ബൗദ്ധികത, തർക്കത്തോടും വിമർശനത്തോടും മനസ്സുതുറന്നുള്ള സ മീപനമാണ്. ഒരാളുടെ ആശയങ്ങളെ വിലയിരുത്തുന്നതിന്റെ ആദ്യപടി, പ്രസ്തുത ആശയങ്ങളിൽ നിന്ന് വ്യക്തിയെ വേർതിരിച്ച് കാണുകയാണ്. എന്നാൽ നമ്മ ൾ കാണുന്നത് ആശയം എതിരായാൽ വ്യക്തിയും എതിരാണെന്ന അവിഭാജ്യ ഭാവമാണ്. ഇതിന് പിന്നിൽ ഒളിഞ്ഞിരിക്കുന്ന അരക്ഷിതാവസ്ഥയാണ് പലരും പ്രകടിതമാക്കുന്ന പ്രകോപിതമായ ഇത്തരം പ്രതികരണങ്ങൾക്ക് അടിത്തറ നൽ കുന്നത്. തങ്ങൾ വിശ്വസിക്കുന്നതിനെ സംബന്ധിച്ചുള്ള അതിക്രമിച്ച ചോദ്യങ്ങൾ പോലും തങ്ങളുടെ വ്യക്തിത്വത്തെ നശിപ്പിക്കാനാകുമെന്ന ഭയം അവരെ പ്രകോ പിപ്പിക്കുന്നു. ഈ സാഹചര്യത്തിൽ, ബൗദ്ധികതയുടെ പേരിൽ നാം പ്രകടിപ്പിക്കു ന്നവയിൽ നിന്നും യുക്തിയും സംശയവും പഠിക്കാൻ തയ്യാറുള്ള മനസ്സും യഥാർ ത്ഥ ബൗദ്ധികതയ്ക്കിടയിൽ വലിയ അന്തരം ഉണ്ടാക്കുന്നുണ്ട്. ഈ തിരിച്ചറിവാണ് ഓരോ വ്യക്തിയേയും ഉൾച്ചിന്തയിലേക്കും സ്വതന്ത്രമായ വാദപരമ്പരകളിലേക്കും നയിക്കുക.

ബൗദ്ധിക വികസനത്തിന് ആവശ്യമായ ഏറ്റവും പ്രധാന ഘടകം വൈവിധ്യ പൂ ർണ്ണമായ ആശയങ്ങളുടെ ക്രയവിക്രയമാണ്. എന്നാൽ ഇന്നത്തെ കേരള സമൂ ഹത്തിൽ ഇത്തരം ധാരാളമായ ആശയവിനിമയങ്ങൾ നടന്നു കൊണ്ടിരിക്കുന്നു എന്നത് ഒരു ഭ്രമം മാത്രമാണ്. യാഥാർത്ഥ്യത്തിൽ, ഇന്ന് നമ്മൾ ജീവിക്കുന്ന ബൗ ദ്ധിക പരിസരം ഒരു പ്രതിധ്വനിയുടെ കൂടാരം എന്ന പ്രതിഭാസം പോലെ അതിരു കളും മതിലുകളുമായാണ് അടുക്കപ്പെടുന്നത്. ഒരേ ആശയങ്ങൾ, ഒരേ കാഴ്ചപ്പാടു കൾ, ഒരേ വിധത്തിലുള്ള പ്രതീക്ഷകൾ തുടങ്ങിയവയെല്ലാം വീണ്ടും വീണ്ടും ആവ ർത്തിച്ചു പറയുന്ന സാംസ്കാരിക വൃത്തങ്ങൾ മാത്രമാകുന്നു ഇക്കാലത്തെ ഈ ചി

ന്താശക്തികളുടെ ചുറ്റുപാട്. കേരളത്തിന്റെ രാഷ്ട്രീയ-സാംസ്കാരിക സാഹചര്യത്തിൽ ഇടതുപക്ഷം, വലതുപക്ഷം എന്ന രണ്ടുതരം ധ്രുവീകരണമാണ് എല്ലാ ചിന്തകളെയും നിരന്തരം നിയന്ത്രിക്കുന്നത്. ഈ ഘടനയിൽ ആരെങ്കിലും ഒരു തെറ്റായ നിലപാട് സ്വീകരിച്ചാൽ 'അവർ വലതുപക്ഷമാണ്' അല്ലെങ്കിൽ 'ഇടതുപക്ഷമാണ്' എന്ന എളുപ്പമാർഗ്ഗത്തിൽ ആരോപണങ്ങൾ ഉന്നയിക്കാനുള്ള സൗകര്യം ഒരുക്കുന്നു. പക്ഷേ ഈ നിർണയങ്ങളിൽ നിന്ന് അതീതമായ ചിന്തകൾക്ക് ഇടം നൽകാൻ ആരും താൽപര്യപ്പെടുന്നുമില്ല. യാഥാർത്ഥ്യത്തിൽ ബൗദ്ധികത എന്നത് അനേകം കാഴ്ചപ്പാടുകളെ ചേർത്തുവെയ്ക്കുന്ന സംവാദ പരമ്പരയാണെങ്കിലും ഇരുമുന്നണികളുടെ ചേരിതിരിഞ്ഞുള്ള ആശയങ്ങളുടെ വക്രീയതകൾ അതിനെ ചുരുക്കിക്കാണുകയും ഒടുവിൽ ബൗദ്ധികതയെത്തന്നെ വൈരിയായി കാണുന്ന നിലപാടിലേയ്ക്ക് അധഃപതിക്കുകയും ചെയ്യുന്നു.

രാജ്യത്തെ തൊഴിലവസരങ്ങൾ ചിലമേഖലകൾക്ക് മാത്രമായി കേന്ദ്രീകൃതമാകുന്നതും മറ്റുമേഖലകൾക്ക് വിലനൽകപ്പെടാത്തതും മൂലം വിദ്യാഭ്യാസ മേഖലയിലെ വൈവിധ്യം നഷ്ടപ്പെടുകയും രക്ഷിതാക്കൾ മക്കളെ സമൂഹത്തിൽ നിലയും വിലയും ലഭിക്കുന്ന മറ്റുമേഖലകളിലേയ്ക്ക് മാത്രമായി തള്ളിവിടുന്ന അവസ്ഥയെ സംജാതമാക്കുകയും ചെയ്യുന്നു. തിരക്കേറിയതും ക്ലേശകരവുമായ ജീവിതശൈലിയും മനസ്സിനെയും മസ്തിഷ്കത്തെയും സ്വതന്ത്രമായ ബൗദ്ധിക ചിന്തകളിൽ നിന്ന് അകറ്റുന്നു. പരിണിതഫലമായി വൈവിധ്യമായ മേഖലകളിൽ സമ്പുഷ്ടമാകേണ്ട മസ്തിഷ്കങ്ങൾക്ക് ജീർണ്ണത സംഭവിക്കുകയും സമൂഹത്തിൽ വൈവിധ്യമായ ആശയസമ്പുഷ്ടീകരണവും ക്രയവിക്രയവും നടക്കാതെ ആകുകയും ചെയ്യുന്നു. പുതുമയുള്ള സൃഷ്ടികളും ആശയങ്ങളും ഉടലെടുക്കണമെങ്കിൽ വൈവിധ്യങ്ങളുടെ ഏറ്റുമുട്ടലുകളും ക്രയവിക്രയങ്ങളും ആവശ്യമാണ്. എന്നാൽ ആധുനിക സമൂഹം എതിരഭിപ്രായങ്ങളെ ഭയക്കുന്നു. സോഷ്യൽ മീഡിയയുടെ കാലഘട്ടത്തിൽ ഓരോ വ്യക്തിക്കും തങ്ങളെ ആശ്വസിപ്പിക്കുന്ന, അവരുമായി ഒരേ നിലപാടിലുള്ളവരുടെ കൂട്ടായ്മകളിലേക്കാണ് സ്വാഭാവികമായി ആകർഷണമുണ്ടാകുന്നത്. ഫേസ്ബുക്ക് ഗ്രൂപ്പുകൾ, വാട്ട്സ്ആപ്പ് ചാറ്റുകൾ, യൂട്യൂബ് ചാനലുകൾ തുടങ്ങിയവയിലൂടെ പിറവിയെടുത്തിരിക്കുന്ന സമാനചേതോവികാരങ്ങൾ നിറഞ്ഞ ഇടങ്ങൾ പുതിയ ചിന്തകൾക്കുള്ള സാധ്യതകൾ ഇല്ലാതാക്കുന്ന 'കമ്പോഡ്മെന്റ് ചിന്താഗതികൾ' ഉണ്ടാക്കുന്നു. ഈ ഇടങ്ങളിൽ ഒരാൾ തത്സമയ പ്രശ്നങ്ങളെ വിമർശിച്ചാൽ അല്ലെങ്കിൽ ഒരു വ്യത്യസ്ത കാഴ്ചപ്പാട് അവതരിപ്പിച്ചാൽ തന്നെ അത് നിരാകരിക്കപ്പെടുകയാണ് ചെയ്യപ്പെടുന്നത്. അഡ്മിനുകളായിരിക്കുന്നവരും ആശയങ്ങളുടെ നേതാക്കളായി വിശേഷിപ്പിക്കപ്പെടുന്നവരും ഇത്തരം ഏകോപന സമ്മതികൾക്ക് വിധേയരാകേണ്ടിവരുമ്പോൾ അവരുടെ ഭാവിസ്ഥാനം പോലും സംശയത്തിന്റെ വിഷയമാകുന്നു.

പ്രബുദ്ധരെന്ന് വിശേഷിപ്പിക്കപ്പെടുന്നവരുടെ പരിസരങ്ങൾ ഇന്ന് സുരക്ഷിതമായ സമാന ചിന്തകളെ മാത്രം ഉയർത്തിക്കാണിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യപ്പെടുന്ന വൈകല്യം നിറഞ്ഞ മാനസികാവസ്ഥയിലൂടെ കടന്ന് പോകുന്നു. ബൗദ്ധിക സംഘടനകൾ, സമ്മേളനങ്ങൾ, പ്രസംഗങ്ങൾ എല്ലാം കേവലം സാമൂഹികമായി അംഗീകരിക്കപ്പെടുന്ന രീതികളിലേക്കും ഭാഷകളിലേക്കും ഒതുക്കപ്പെടുകയാണ്. പുതിയ ചിന്തകളോ സ്വതന്ത്രമായി മുന്നോട്ട് വെയ്ക്കുന്ന നിരീക്ഷണങ്ങളോ ഇല്ലാതെയാണ് പല കലോത്സവങ്ങളും ഗ്രന്ഥശാലകളും മുന്നോട്ടുപോകുന്നത്. യാഥാർത്ഥ്യത്തിൽ, പ്രബുദ്ധത സത്യാന്വേഷണത്തിന്റെയും സൃഷ്ടിപരതയുടെയും ഉള്ളിൽ ഉള്ള അമൂല്യമായ അസ്വസ്ഥതകളിലൂടെയാണ് വളരുന്നത്. അത് കഠിനമായ പുനർമൂല്യനിർണയത്തിലൂടെയും പൊള്ളലുണ്ടാക്കുന്ന പ്രത്യാഘാതങ്ങളിലൂടെയും നടക്കുന്ന ക്ലേശകരമായ യാത്രയുമാണ്. കേരളം തന്നെ 'ചിന്തിക്കുന്ന ജനത' എന്ന പേരിൽ അഭിമാനിച്ചിരുന്ന സംസ്ഥാനം ആണെങ്കിലും ഈ ചിന്താശീലങ്ങൾ എത്രത്തോളം പുതുമയോടെയും ആത്മപരിശോധനയോടെയും ആണ് മുന്നോട്ട് പോകുന്നുവെന്നത് ചോദ്യചിഹ്നമാണ്. ഇവിടെ വാദങ്ങൾ പോലും മുൻകൂട്ടി സജ്ജമാക്കിയ ഫോർമാറ്റുകൾ പിന്തുടരുമ്പോൾ സംശയങ്ങൾ ഉയരാതെ പോകുന്നു. വ്യക്തിയുടെ ചിന്താവികസനത്തിന് സംശയിക്കാൻ ധൈര്യമുണ്ടാകാനും അതിനോട് സംവദിക്കാനും ഉള്ള സ്വാതന്ത്ര്യമാണ് ഏറ്റവും വലിയ ശക്തി. അതിനാൽ തന്നെ, കേരളം എന്ന ചിന്താവ്യാപാരഭൂമി വീണ്ടും അതിന്റെ യഥാർത്ഥ അർത്ഥതലങ്ങളിലേക്ക് തിരികെ പോകണമെങ്കിൽ സ്വയം സംശയിക്കാനും ഭിന്നതയെ സ്വാഗതം ചെയ്യാനുമുള്ള മനസ്സിനെ സൃഷ്ടിച്ചെടുക്കണം.

അദ്ധ്യായം-2

മാനദണ്ഡം

ഇന്ത്യയുടെ തിരഞ്ഞെടുപ്പ് സംവിധാനം രൂപീകരിച്ച സമയത്ത് രാജ്യം ആ കാല ഘട്ടത്തിന് അനുയോജ്യമായ ഘടനയും നിയമങ്ങളും അനുസരിച്ചായിരുന്നു തെരഞ്ഞെടുപ്പ് സംവിധാനം ചിട്ടപ്പെടുത്തിയിരുന്നത്. സ്വാതന്ത്ര്യാനന്തര ഇൻഡ്യയിലെ ബഹുഭൂരിപക്ഷം വരുന്ന നിരക്ഷരരായ ജനതയുടെ അന്നത്തെ കുറഞ്ഞ യോഗ്യതയ്ക്കനുസരിച്ചാണ് തിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവസരം നിർണയിച്ചിരിക്കുന്നത്. എന്നാൽ ഇന്നത്തെ ഇൻഡ്യയും അതിന്റെ ആധുനിക ഭരണകൂടവും തന്ത്രപ്രധാനമായ ഭരണ പ്രവർത്തനങ്ങളും തികച്ചും വലുതും സങ്കീർണ്ണമായതുമാണ്. എങ്കിലും 1950കളിൽ രൂപം കൊടുത്ത അടിസ്ഥാന തത്വങ്ങളും അളവുകളും ഇന്നും വലിയ മാറ്റമില്ലാതെ തുടരുന്നതിനെ ചോദ്യം ചെയ്യതെ നോക്കിക്കാണുന്ന ഇൻഡ്യൻ ഇലക്ഷൻ കമ്മീഷന്റെ നിലവിലെ സമീപനം അത്യന്തം വസ്തുതാവിരുദ്ധവും ജനക്ഷേമ വിരുദ്ധവുമാണ്. ആധുനിക സമൂഹത്തിൽ ഗവൺമെന്റ് സംവിധാനങ്ങൾ വളരെ സങ്കീർണ്ണങ്ങളാണ്. വ്യവസായം, ഡിജിറ്റൽ സുരക്ഷ, ഇന്റർനാഷണൽ ട്രേഡ്, കസ്റ്റംസ്, ടാക്സ്, ലോകമാകെയുള്ള നയതന്ത്ര ബന്ധങ്ങൾ, ആണവശക്തി, ആസൂത്രിത നഗരവികസനം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കാൻ ഭരണകൂടത്തിന്റെ എല്ലാ വകുപ്പുകൾക്കും പ്രത്യേകമുള്ള പരിജ്ഞാനവും വൈദഗ്ദ്ധ്യവും ആവശ്യമാണ്. എന്നാൽ ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ട മന്ത്രിമാരായും എംപി-മാരായും തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒരു അടിസ്ഥാന വിദ്യാഭ്യാസ നിലവാരമോ വിജ്ഞാനപരമായ യോഗ്യതയോ ഇപ്പോഴും നിർബന്ധമായിട്ടുള്ളതായി കാണപ്പെടുന്നില്ല. വിവിധ സർക്കാർ ജോലിസ്ഥാനങ്ങളിലേക്ക് എത്രയോ പരീക്ഷകളും അഭിമുഖങ്ങളും വിജ്ഞാന ചോദ്യങ്ങളും നടത്തി അതിൽ യോഗ്യത നേടിയവർക്ക് മാത്രം പ്രവേശനം അനുവദിക്കുമ്പോൾ അതിന്റെ മന്ത്രാലയങ്ങൾ നിയന്ത്രിക്കുന്ന നേതാക്കൾക്ക് ആവശ്യമായ ഒരേ ഒരു യോഗ്യത തെരഞ്ഞെടുപ്പിൽ വിജയിക്കുക എന്നതാണ്. ഇത് ജനാധിപത്യത്തെ ഗുരുതരമായ കാര്യക്ഷമത ഇല്ലായ്മയിലേക്കാണ് നയിക്കുന്നത്. ജനങ്ങൾക്കും രാജ്യത്തിനും വേണ്ടതായ പ്രഗത്ഭനായ ഉദ്യോഗസ്ഥനെ നിയമിക്കുമ്പോൾ അപാരമായ മാനദണ്ഡങ്ങൾ ഉപയോഗിച്ച് യോഗ്യത അളക്കുകയും ആ ഉദ്യോഗസ്ഥനെ നിയന്ത്രിക്കുന്ന മന്ത്രിക്ക് വിദ്യാഭ്യാസം പോലും അവശ്യവസ്തു അല്ലാതായിരിക്കുകയും ചെയ്യുന്ന അപകടകരമായ വിരോദാഭാസം.

1950-ലെ ഭരണഘടനയുടെ സാഹചര്യങ്ങൾ അനുസരിച്ച് ജനങ്ങൾക്കിടയിൽ രാഷ്ട്രീയബോധവും സാക്ഷരതയും വളരെ കുറവായിരുന്നു. അപ്പോൾ ജനങ്ങൾക്ക് അവരുടെ പ്രദേശത്ത് നിന്ന് സ്ഥാനാർത്ഥികളെ തിരഞ്ഞെടുക്കാൻ കുറഞ്ഞ

യോഗ്യതകൾ മാത്രമേ വേണ്ടതായിരുന്നുള്ളൂ. എന്നാൽ ഇന്നത്തെ സമൂഹം വിദ്യാഭ്യാസപരമായി വളരെയധികം മുന്നോട്ട് പോയിട്ടുണ്ട്. പല നിയമങ്ങൾക്കും സാമ്പത്തിക തന്ത്രങ്ങൾക്കും ബഹിരാകാശം മുതൽ അന്താരാഷ്ട്ര കരാറുകൾ വരെയുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടി വരുന്ന സാഹചര്യത്തിൽ ഉപരിതല പ്രസംഗങ്ങളോ ജനതയെ താത്കാലികമായി മോഹിപ്പിക്കുന്ന വാഗ്ദാനങ്ങളോ രാഷ്ട്രീയത്തിന്റെ കാഴ്ചപ്പാടായിരിക്കണമോ എന്ന് നമ്മൾ ചിന്തിക്കേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്ഥാനാർത്ഥികൾക്കുപോലും അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത നിർബന്ധമാക്കിയ സംസ്ഥാനങ്ങൾ ഇന്ത്യയിലുണ്ട്. എന്നാൽ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യത്തിന്റെ കേന്ദ്രനിയമനിർമ്മാണ സ്ഥാപനമായ ലോകസഭയിലേയ്ക്കോ സംസ്ഥാന നിയമസഭയിലേക്കോ തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഇതുപോലും ആവശ്യമായിട്ടില്ല. ഓരോ മന്ത്രാലയങ്ങളിലേക്കും പ്രസക്തമായ വിഷയങ്ങളിൽ ലൈവ് യോഗ്യത പരിശോധനകൾ നടത്തിക്കൊണ്ട് ജനങ്ങൾക്ക് നേരിട്ട് സ്ഥാനാർത്ഥികളെ ചോദ്യം ചെയ്യാനും അവരുടെ ഉത്തരങ്ങൾ വിലയിരുത്താനും കഴിയുന്ന സാങ്കേതിക സംവിധാനങ്ങൾ നിലവിൽ തന്നെ ഇന്ത്യക്ക് ഉപയോഗിക്കാൻ കഴിയും. (ലൈവ് യോഗ്യത പരിശോധന എന്നതുകൊണ്ട് ഉദ്ദേശിച്ചത് ഈ ഇടക്കാലത്ത് വാർത്ത ചാനലുകൾ നടത്തുന്ന കോമാളിത്തരം അല്ല.) എന്നാൽ ഇത്തരം സംവിധാനങ്ങളൊന്നും നടപ്പിലാക്കാൻ രാഷ്ട്രം സ്വയം മെനക്കെടുകയില്ല.

തെരഞ്ഞെടുപ്പ് സമിതിയും ഭരണഘടനാപരമായ സ്ഥാപനങ്ങളും സംരക്ഷിക്കേണ്ടത് ജനങ്ങളുടെ ഹിതമാണ് എന്നതിനു പകരം നിലവിലുള്ള രാഷ്ട്രീയ കക്ഷികൾക്ക് സഹായകരമായ രീതിയിൽ തന്നെ പ്രവർത്തിക്കുന്നതായാണ് കാണുന്നത്. അതുകൊണ്ടുതന്നെ ഇന്നും നാലക്ഷരം കൂട്ടിയെഴുതാൻ പോലും അറിയാത്തവൻ വിദ്യാഭ്യാസമന്ത്രി ആകുന്നു. വ്യവസായത്തെപ്പറ്റി ചുക്കും ചുണ്ണാമ്പുമറിയാത്തവൻ വ്യവസായമന്ത്രി ആകുന്നു. രോഗത്തെയും മരുന്നിനെപ്പറ്റിയും അറിയാത്തവൻ ആരോഗ്യമന്ത്രി ആകുന്നു. അത്തരത്തിൽ സ്വാർത്ഥ തല്പരരായ വിവരദോഷികളാൽ നയിക്കപ്പെടുന്ന ഒരു ചക്കടവണ്ടിയാണ് ഇന്ത്യയുടെ ഭരണകൂടം. അതുകൊണ്ട് തന്നെ ഈ പരാന്നജീവികൾക്ക് കീഴിൽ ഭരണം നടത്താൻ സഹായകരമായ രീതിയിൽ നിയമിച്ചിരിക്കുന്ന യോഗ്യരായ ഉദ്യോഗസ്ഥ സംഘത്തിന്റെ ശംബളം, അനുകൂല്യങ്ങൾ, പെൻഷൻ തുടങ്ങിയ അധിക ബാധ്യതകൾ കൂടി ജനത്തിന്റെ തലയിൽ വന്നു വീഴുന്നു. ഈ നീചമായ സമ്പ്രദായം അനാരോഗ്യകരമായ ഒരു അവസ്ഥ എല്ലാമേഖലകളിലും ഉണ്ടാക്കിയിരിക്കുന്നു. അയോഗ്യ ജനത കയ്യാളുന്ന സ്ഥാനങ്ങളിൽ അവരുടെ ജീർണ്ണമനസ്സിന്റെ കാഴ്ചപ്പാടിൽ അവർ ജനത്തോട് പെരുമാറുന്നു. ഇത്തരം തസ്തികകൾക്കായി മത്സരിക്കുന്നവരിൽ പലരും മദ്യവിൽപ്പനക്കാരോ സാമ്പത്തിക കുറ്റവാളികളോ സ്വതന്ത്ര വിദ്യാഭ്യാസം പോലും ഇല്ലാത്തവരോ ആകുന്നതിന്റെ പ്രധാന കാരണം ഇന്ന് വരെ തിരഞ്ഞെടുപ്പിന്റെ യോഗ്യതാ മാനദണ്ഡങ്ങൾ പരിഷ്കരിക്കപ്പെട്ടിട്ടില്ല എന്നതാണ്. കേരള

ത്തെ സംബന്ധിച്ചിടത്തോളം കുട്ടിക്കുറ്റവാളികളാണ് പിൽക്കാല നേതാക്കളായി തീരുന്നത് എന്ന് ചരിത്രം പരിശോധിച്ചാൽ കാണാവുന്നതാണ്. കലാലയങ്ങളിൽ നിന്ന് തുടങ്ങുന്ന ഈ രാഷ്ട്രീയ കുറ്റവാസനകൾ; ക്ലാസ്സ് മുറികൾ, പഠനോപകരണങ്ങൾ തുടങ്ങിയവ തകർക്കുന്നത് മുതൽ അദ്ധ്യാപകർക്ക് നേരെയുള്ള അക്രമവാസനയിലൂടെ ആരംഭിച്ച് പൊതുമുതൽ നശിപ്പിക്കുക, വാഹനങ്ങൾക്ക് കല്ലെറിയുക, തീയിടുക, കടകൾ തകർക്കുക തുടങ്ങിയ വിനോദങ്ങളായി തീർന്നിരുന്നത് 1980-95 കാലഘട്ടം പരിശോധിച്ചാൽ മനസ്സിലാകും. എങ്കിലും ഇവർ വലിയ പോരാളികളായാണ് സ്വയം വിലയിരുത്തുന്നത്. ഒരു രാഷ്ട്രീയ സംഘടന പൊതുമുതൽ നശിപ്പിച്ചാൽ അത് പുനഃനിർമ്മിക്കാനുള്ള ചിലവ് ബഡ്ജറ്റുകൾ അവതരിപ്പിക്കപ്പെടുമ്പോൾ ഉയർത്തപ്പെടുന്ന അധിക വിലയായി പൗരന്റെ ചുമലിൽ തന്നെ വരുമെന്ന ബോധ്യം പോലുമില്ലാതെ ഇത് ചെയ്തത് നിന്റെ പാർട്ടിയാണ്, ഇടതു പക്ഷമാണ്, വലതുപക്ഷമാണ് എന്നൊക്കെ പറയുന്നത് ഞങ്ങൾ പ്രബുദ്ധരാണ് എന്ന് വീമ്പിളക്കുന്ന ജനതയുടെ മസ്തിഷ്കജീർണ്ണത വെളിപ്പെടുത്തുന്നു. ജനാധിപത്യത്തിന്റെ യഥാർത്ഥ ആത്മാവ് സംരക്ഷിക്കപ്പെടണമെങ്കിൽ തിരഞ്ഞെടുപ്പ് യോഗ്യതാ മാനദണ്ഡങ്ങളിൽ ആധുനിക ഭാരതത്തിന്റെ സങ്കീർണ്ണതക്കും ആവശ്യങ്ങൾക്കും അനുയോജ്യമായി മാറ്റങ്ങൾ വരുത്തേണ്ടത് അത്യാവശ്യമാണ്. രാഷ്ട്രീയമെന്നത് ഒരു വെറും പൊതുസേവന പ്രവർത്തനമല്ല. അതിൽ പ്രതിഫലിക്കുന്ന ഉത്തരവാദിത്തം വളരെ വലുതാണ്. അതിന് ചിട്ടയായയതും നിയമപരമായതുമായ യോഗ്യതയും വ്യക്തിത്വപരമായ പരിശോധനയും ഉണ്ടായിരിക്കണം. 1950 ൽ ആവിഷ്കരിച്ച വിശ്വാസങ്ങളും പ്രമാണങ്ങളും തിരുത്താൻ തയ്യാറാകാതെ ആധുനിക യുഗത്തിലെ ആഗോള മത്സരത്തിൽ ഇന്ത്യ ഉദ്യോഗസ്ഥ ഉപദേശങ്ങളാൽ മുന്നോട്ടു പോകുന്നെങ്കിൽ അതിന്റെ പുരോഗതി സാധാരണ പൗരന്റെ ജീവിതത്തിൽ കാണുവാൻ കഴിയില്ല.

കേരളം വിദ്യാഭ്യാസപരമായും, ആരോഗ്യപരമായും ഉയർന്ന രീതിയിൽ ലോകമെമ്പാടും പ്രശംസിക്കപ്പെട്ട ഒരു സംസ്ഥാനം തന്നെയാണ്. പക്ഷേ, അതിനൊപ്പം തന്നെ കഴിഞ്ഞ അമ്പതുകൊല്ലത്തിൽ ഏറെയായി ഒരു കാര്യമായ സാമ്പത്തിക പുരോഗതിയും വ്യവസായമേഖലയിലും സ്റ്റാർട്ടപ്പ് സംരംഭങ്ങളിലുമുള്ള വളർച്ചയും സംസ്ഥാനത്തുണ്ടായിട്ടില്ല എന്നത് കടുത്ത യാഥാർത്ഥ്യമാണ്. അതിന്റെ പിന്നിൽ നിലനിൽക്കുന്ന പ്രധാനപ്പെട്ട കാരണമാണ് യോഗ്യതയില്ലാത്ത രാഷ്ട്രീയ നേതാക്കൾ മന്ത്രിസ്ഥാനം കൈകാര്യം ചെയ്യുന്നത്. ഒരു സംസ്ഥാനം വികസിക്കണമെങ്കിൽ ആദ്യം ചെയ്യേണ്ടത് വരുമാന സ്രോതസ്സുകൾ വർദ്ധിപ്പിച്ച് ജനങ്ങളുടെ പെർ ക്യാപിറ്റ വരുമാനവും ഉപഭോക്തൃ ശേഷിയും, പ്രാദേശിക ഉത്പന്ന കയറ്റുമതിയും ഉയർത്തുകയാണ്. അതിനായി പ്രാദേശിക നികുതിയായ സ്റ്റേറ്റ് ജിഎസ്ടിയും ഉത്പാദനത്തെയും ഉപഭോഗത്തെയും ആധാരമാക്കിയുള്ള സാമ്പത്തിക ചിന്തകളും കാര്യശേഷി നൈപുണ്യവും അത്യാവശ്യമാണ്. കേരളത്തിന്റെ ജിഡിപി ഉയരേണ്ടത് ഗൾഫ് വരുമാനത്തിൽ നിന്നുള്ള ഉപഭോഗ-ആശ്രിത

വളർച്ച കൊണ്ടല്ല. മറിച്ച്, ആഭ്യന്തര നിക്ഷേപവും തൊഴിൽ സൃഷ്ടിയും കൊണ്ടാണ്. പക്ഷേ കേരളത്തിലെ സർക്കാർ തലത്തിൽ കാണുന്നത് അതിനേക്കാൾ വ്യത്യസ്തമായ ഒരു സ്ഥിതിയാണ്. എല്ലാത്തിനും കേന്ദ്രസർക്കാരിനെ കുറ്റപ്പെടുത്തുന്നത്, പണം കിട്ടുന്നില്ലെന്ന വിലാപം, അടിസ്ഥാനപരമായ സാമ്പത്തിക നവീകരണങ്ങൾക്കായുള്ള ശ്രമങ്ങൾ ഇല്ലായ്മ, തലമുറകളായി നിക്ഷേപം നടത്തുന്ന സംരംഭകർക്ക് ചൂട്ടുപിടിച്ചുള്ള നടപടികൾ എന്നിവയാണ് ഇവിടെ സംവാദ വിഷയങ്ങൾ.

കേരളത്തിൽ സ്റ്റാർട്ടപ്പുകൾക്കും നിക്ഷേപത്തിനുമായി എത്തിയ പല സ്വകാര്യ സംരംഭകർക്കും തിരിച്ചറിയേണ്ടിവന്ന സത്യം എന്തെന്നാൽ, ഇവിടത്തെ സർക്കാർ സംവിധാനങ്ങൾക്ക് പുരോഗമന ചിന്തകളില്ല. അതിൽ പ്രവർത്തിക്കുന്ന നേതാക്കൾക്ക് വ്യവസായ മേഖലയേയും നൂതന സാധ്യതകളെയും കുറിച്ചുള്ള ബോധവുമില്ല. വ്യവസായം വളരേണ്ട സംസ്ഥാനങ്ങൾ തങ്ങളുടെ നികുതി വരുമാനം കൂട്ടാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഓരോ സംരംഭത്തെയും പ്രോത്സാഹിപ്പിക്കുന്നതിനിടയിൽ കേരളത്തിലെ മന്ത്രിമാർ സംരംഭങ്ങൾ നശിപ്പിക്കുന്ന രീതിയിലാണ് പ്രവർത്തിച്ചത്. സമ്മാനങ്ങൾ, കമ്മിഷനുകൾ, ആഭ്യന്തര ഗ്രൂപ്പ് രാഷ്ട്രീയങ്ങൾ, ഭേദപ്പെട്ട പദ്ധതികളിൽ പോലും മുടക്കം വരുത്തലുകൾ അങ്ങിനെ പോകുന്നു അഴിമതി ജന്യമായ കേരളത്തിന്റെ പ്രബുദ്ധ രാഷ്ട്രീയ വ്യവസ്ഥ. നമ്മുടെ മന്ത്രിമാർക്ക് 'രാജ്യം' അല്ലെങ്കിൽ 'സംസ്ഥാനം' എന്ന ആശയം ഒരു സ്വപ്നമല്ല. മറിച്ച്, ചിലവുകൾക്കും കമ്മീഷനുകൾക്കുമായി ജീവിക്കാൻ സഹായിക്കുന്ന ഒരു വേദിയാണ്. ഓരോ പദ്ധതിയിലും അവർക്ക് കിട്ടുന്ന പ്രതിഫലം എന്താണെന്ന് മാത്രമാണ് ചിന്ത. ലാഭമുണ്ടാക്കുന്ന പദ്ധതികളെക്കാൾ കമ്മീഷൻ ലഭിക്കാൻ സാധ്യതയുള്ള പദ്ധതികളെയാണ് ഇവിടെ തിരഞ്ഞെടുത്തത്. സ്റ്റേറ്റ് ജിഎസ്ടിയും പെർ ക്യാപിറ്റ വരുമാനവും ഇൻവെസ്റ്റ്മെന്റ് ആകർഷണവും ഉയർത്തുന്നതിലൂടെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നത് എങ്ങനെ സാധ്യമാക്കാമെന്ന് ഈ നേതാക്കൾക്ക് യാതൊരു ധാരണയും ഇല്ല. യോഗ്യതയില്ലാത്ത നേതാക്കളുടെ കീഴിൽ വ്യവസ്ഥിതികൾ തളരുന്നു, പുതിയ തൊഴിൽ അവസരങ്ങൾ ഇല്ലാതാകുന്നു, യുവാക്കളും സംരംഭകരും മറ്റു സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നു. കഴിഞ്ഞ രണ്ടായിരം കോടി രൂപയുടെ സംരംഭങ്ങൾ കേരളം വിട്ടുപോയതിന്റെ കാരണം ഇതിന് തെളിവാണ്.

സത്യത്തിൽ ഉപദേശകരുടെ വാക്കുകൾക്ക് അനുസൃതമായ നാടകത്തിന് ഉപരിയായി അയോഗ്യരായ മന്ത്രിമാർ ഒന്നും തന്നെ ചെയ്യുന്നില്ല. ഇവർ ചെയ്യുന്നത് വായ്പ എടുക്കുകയും, ആ പണം സർക്കാർ ചിലവുകൾക്കായി വിനിയോഗിക്കുകയും ചെയ്യുക മാത്രമാണ്. ഇതോടൊപ്പം പാർട്ടി താൽപര്യത്തിനും, സ്വതാൽപര്യങ്ങൾക്കുമായി വകമാറ്റുകയും ചെയ്യും. രാഷ്ട്രീയം എന്നാൽ സ്വന്തം കീശ വീർപ്പിക്കുന്ന സംസ്കാരമായാണ് അവർ പഠിച്ച് പോന്നിട്ടുള്ളത്. അതിന്റെ തിരിച്ചടിയായി ജന

ങ്ങൾ അധിക നികുതികൾ അടയ്ക്കേണ്ടി വരുന്നു. ഓരോ പുതിയ മന്ത്രിക്കും ഒട്ടേറെ ഉപദേഷ്ടാക്കൾ, യോഗ്യതയുള്ള ഉദ്യോഗസ്ഥർ, ഉപദേശകന്മാർ, ഓഫീസർമാർ ഇവർക്കായി കൂടി ബജറ്റിൽ ഉൾപ്പെടുത്തുമ്പോൾ അവരുടെ ശമ്പളവും പെൻഷനും ജനങ്ങൾക്ക് തന്നെ ബാധ്യതയാവുന്നു. ഓരോ മാസവും ഇവർക്ക് നൽകുന്ന ശമ്പളവും പെൻഷനും ജനങ്ങളുടെ നികുതിയിലാണ് വകയിരുത്തപ്പെടുന്നത് എന്നതാണ് വിഷമകരമായ യാഥാർത്ഥ്യം. ഇത്തരത്തിൽ വ്യവസ്ഥിതികൾ കാരണം ദരിദ്രനായിരിക്കുന്ന ഒരുവന് പണത്തിന്റെ അഭാവത്തിൽ പല ആവശ്യങ്ങളും ഒഴിവാക്കേണ്ടിവരുന്നു. എന്നാൽ സ്വന്തം ആവശ്യത്തിന് വേണ്ടുന്ന തുക അവൻ അദ്ധ്വാനിച്ച് സമ്പാദിക്കുന്നുമുണ്ട്. എന്നാൽ ആ തുക ബോധമില്ലാത്തവരെ തിരഞ്ഞെടുക്കുന്നത് മൂലം സംഭവിക്കുന്ന അധിക ബാധ്യതകളായ വിലക്കയറ്റം, അധിക നികുതി പിന്നെ മേൽപ്പറഞ്ഞ വിധത്തിലുള്ള മന്ത്രിപുംഗവന്മാരുടെ അധിക ജോലിക്കാരുടെ ശമ്പളം പെൻഷൻ എന്നിവയിലേക്കുള്ള സംഭാവനകളായി മാറ്റപ്പെടുന്നു. ദീർഘകാലം വരുമാനം ഉണ്ടാക്കാവുന്ന പദ്ധതികൾ സൃഷ്ടിക്കുമ്പോൾ മാത്രമാണ് വായ്പകൾ സംസ്ഥാനത്തിനോ രാജ്യത്തിനോ ഗുണം ചെയ്യുക അല്ലെങ്കിൽ പൗരന്റെ ജീവിതം നരക തുല്യമാക്കുന്ന കെണിയായി അത് മാറും.

ഇത് പോലെ ഉണ്ടാവുന്ന സർക്കാരിനേക്കാൾ നല്ലത് ഒരു കമ്പ്യൂട്ടർ പ്രോഗ്രാമാണ്. കുറഞ്ഞത് അത് കണക്കുകൾ കൃത്യമായി കണക്കാക്കും, ഉദ്ദേശിച്ച പ്രാപ്തിയിൽ പ്രവർത്തിക്കും. ഈ സ്ഥിതിയെ താങ്ങുന്നതിന് പകരം സർക്കാർ സംവിധാനങ്ങൾ പറ്റാവുന്നിടത്താളം കമ്പ്യൂട്ടർവത്കരിച്ച് സേവനങ്ങൾ അതുമുഖേനയാക്കുകയും മന്ത്രിമാരുടെ എണ്ണം കുറയ്ക്കുകയും വേണം. ജനങ്ങളുടെ ആവശ്യങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കാൻ പോർട്ടലിൽ സംവിധാനം ഒരുക്കിയാൽ മതിയാകും. വീക്ഷണവും മികവും യോഗ്യതയും ഇല്ലാത്ത മന്ത്രിമാർ ജനങ്ങൾക്ക് ബാധ്യത മാത്രമായി തീരുന്നു. ലോണെടുത്ത് ചിലവഴിക്കാനും മറ്റുള്ളവരെ കുറ്റപ്പെടുത്താനും എന്തെങ്കിലും സംരംഭം നശിപ്പിക്കാനുമെങ്കിൽ അതിനായി തിരഞ്ഞെടുപ്പ് ഒരു ആഡംബരമാണ്. സ്വയം പ്രവർത്തിക്കുന്ന ഒരു കമ്പ്യൂട്ടർ സംവിധാനം വഴി മെച്ചമായ രീതിയിൽ സംസ്ഥാനത്തിന് പ്രവർത്തിക്കാൻ കഴിയും. ആഗോളതലത്തിൽ നിലനിൽക്കുന്ന ശക്തമായ മത്സരത്തിൽ പിടിച്ച് നിൽക്കുന്നതിന് വളരെ ഉയർന്ന നൈപുണ്യം ആവശ്യമാണ്. അതിനായി ഓരോ സംസ്ഥാന ഗവണ്മെന്റുകളുടേയും കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതുണ്ട്. അതുകൊണ്ടു തന്നെ കോമളികളും പരദൂഷണക്കാരും ആയ നേതാക്കളേക്കാൾ നമുക്ക് ആവശ്യം ദേശീയതയും നൈപുണ്യവും സേവന മനോഭാവവും ഉള്ളവരേയാണ്. കാരണം, രാഷ്ട്രീയം ഒരു സേവനമാണ് അല്ലാതെ സ്വന്തം കുടുബത്തിന്റെ ആസ്തിവർദ്ധിപ്പിക്കാനുള്ള സർക്കാർ ജോലി അല്ല. കേരളം ഉണരേണ്ട സമയമാണിത്. ജനങ്ങളായ നമുക്ക് ചിന്തിക്കേണ്ടത് ആരാണ് നമ്മുടെ ഭാവി തീരുമാനിക്കുന്നത് എന്നതാണ്. ഒരു യോഗ്യതയും ഇല്ലാത്ത നേതാവോ? അതോ സംസ്ഥാനത്തിനെപ്പറ്റി ഭാവികാഴ്ചപ്പാടുകളും ഉത്തരവാദിത്വവും വിശാലവും പക്വമായതുമായ സമീപനവും യോഗ്യത

യുമുള്ള ഒരു നേതൃത്വമോ? അന്ത്യത്തിൽ അതിന്റെ ഭാരം ചുമക്കേണ്ടത് നമ്മളാണ്. സേവന സന്നദ്ധരായതിനാൽ അല്ല. മറിച്ച്, രാഷ്ട്രീയം കൊണ്ടുള്ള ഗുണങ്ങൾ മൂലമാണ് ചെറുപ്പക്കാർ രാഷ്ട്രീയത്തിലേക്ക് വരുന്നത്. ഒരു എംപിയോ, എംഎൽഎയോ, മന്ത്രിയോ ആയാൽ ജീവിതം മുഴുവൻ ലഭിക്കുന്ന ആനുകൂല്യങ്ങൾ കഴിവില്ലാത്ത മന്ത്രിമാർക്ക് നൽകുന്നതിനെപ്പറ്റി ജനം പുനരാലോചിക്കേണ്ടതുണ്ട്.

ഇന്ത്യൻ ഭരണഘടന അനുസരിച്ച് ജനങ്ങൾ ജനങ്ങൾക്കായി തിരഞ്ഞെടുക്കുന്ന എം.എൽ.എമാരും എം.പി.മാരും ഭരണത്തിൽ നിർണായക പങ്ക് വഹിക്കുന്നത് പ്രാതിനിധ്യത്തിലൂടെയും മന്ത്രിസഭയിലെ ഔദ്യോഗിക സ്ഥാനങ്ങളിലൂടെയുമാണ്. എന്നാൽ ഈ പ്രതിനിധികൾക്ക് നിയമപരമായ യോഗ്യതകൾ മാത്രം ആവശ്യമാണ്. ഉദാഹരണത്തിന്, ഇന്ത്യൻ പൗരത്വം, നിർദ്ദിഷ്ട പ്രായപരിധി, ചില കേസുകളിൽ കുറ്റവിമുക്തത — അത്രയും മാത്രം. ഒരു ആരോഗ്യ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയാകാൻ വൈദ്യശാസ്ത്ര ബിരുദമോ അതിനോട് ബന്ധപ്പെട്ട പരിചയമോ വേണമെന്ന നിയമമില്ല. ഇതുതന്നെ വിദ്യാഭ്യാസം, ധനകാര്യം, നിയമം, സാങ്കേതികവിദ്യ, റെയിൽവേസ്, പ്രതിരോധം തുടങ്ങിയ പ്രധാന വകുപ്പുകൾക്കും ബാധകമായിട്ടുള്ളത്. അതായത് ബൗദ്ധികമായി ചിന്തിച്ചാൽ ഒരു വിഭാഗത്തിൽ പ്രവർത്തിക്കുന്നവർക്കും മന്ത്രി സ്ഥാനങ്ങളിൽ തുടരാനുള്ള അർഹതയില്ല എന്നതാണ്. ഇത് ഗവൺമെന്റിന്റെ കാര്യക്ഷമതയെ വളരെ ആഴത്തിൽ ബാധിക്കുന്നു. ഓരോ വകുപ്പിനും അതിന്റെ ലക്ഷ്യങ്ങളും, സാങ്കേതിക നിർവചനങ്ങളും വളർച്ചാദിശകളും മാർഗ്ഗങ്ങളും ഉണ്ട്. അതിന് നേതൃത്വം നൽകുന്ന വ്യക്തിക്ക് അതിനോട് അനുയോജ്യമായ അറിവ്, പരിശീലനം, കാര്യവൈദഗ്ദ്ധ്യം എന്നിവ ഉണ്ടായിരിക്കണം. എന്നാൽ ഇന്നത്തെ സ്ഥിതി അതിന് എതിർ ദിശയിൽ സഞ്ചരിക്കുന്നതാണ്. തെരഞ്ഞെടുപ്പിൽ ജയിച്ചു വരുന്ന പ്രതിനിധിക്ക് രാഷ്ട്രീയ പിന്തുണയോ, സാമൂഹിക സ്വാധീനമോ, കക്ഷിചിന്തകളോട്ടുള്ള അനുരക്തിയോ അടിസ്ഥാനമാക്കി മന്ത്രി പദവി നല്കുന്നു. ഉദ്ദേശിച്ച വകുപ്പിനോട് അദ്ദേഹത്തിന് യാതൊരു അത്യന്താപേക്ഷിതമായ നൈപുണ്യവും വേണമെന്നില്ല.

ഇവിടെ പ്രശ്നം വ്യക്തികളോടുള്ള വിരോധമല്ല. പ്രശ്നം ഒരു രാജ്യത്തിന്റെ ഭാവിയെ രൂപപ്പെടുത്തുന്ന ഉത്തരവാദിത്തപ്പെട്ട സ്ഥാനങ്ങളിൽ യോഗ്യതയില്ലാത്ത വ്യക്തികളെ നിയമിക്കാനുള്ള നിയമപരമായ അനുമതിയാണ്. ആരും എന്തും ഭരിക്കട്ടെ എന്നുള്ള മനോഭാവം കൊണ്ട് ഒരു രാജ്യത്തിന്റെ ഭാവി നിർണ്ണയിക്കപ്പെടുന്നത് അപകടകരമാണ്. നാം ഒരു ആശുപത്രിയിൽ ശസ്ത്രക്രിയ ചെയ്യാൻ പോകുമ്പോൾ ശസ്ത്രക്രിയ നടത്തുന്ന വ്യക്തിക്ക് സർജറിയിൽ താല്പര്യമുണ്ടെന്നു മാത്രമാണ് യോഗ്യതയെന്നാൽ നാം സമ്മതിക്കുമോ?. അതുപോലെ തന്നെ ആരോഗ്യമന്ത്രിയാകുവാൻ വിദ്യാഭ്യാസ യോഗ്യതയും അനുഭവപരിശീലനവും വേണ്ടന്നാണോ?. ഒരു ആരോഗ്യ വകുപ്പിന് നേതൃത്വം നൽകുന്ന മന്ത്രി ആരോഗ്യ രംഗത്തെ വൈദ്യശാസ്ത്രം, പൊതുആരോഗ്യം, പാൻഡെമിക് മാനേജ്മെന്റ്, മെഡിക്കൽ ഇൻ

ഫ്രാസ്ട്രക്ചർ തുടങ്ങിയ വിഷയങ്ങളിലെ അടിസ്ഥാന ബോധം പോലും ഇല്ലാതെ തീരുമാനങ്ങൾ എടുക്കുമ്പോൾ അതിന്റെ ദോഷഫലങ്ങൾ നേരിടേണ്ടത് ജനങ്ങളാണ്. വിദ്യാഭ്യാസ വകുപ്പിനുള്ള മുൻഗണനകൾ, ദേശീയ വിദ്യാഭ്യാസ നയത്തിൽ മാറ്റങ്ങൾ, വിദ്യാർത്ഥികളുടെ മാനസികാരോഗ്യം, അധ്യാപകരുടെ അദ്ധ്യാപന യോഗ്യത തുടങ്ങിയ വിഷയങ്ങളിൽ യാതൊരു വ്യക്തതയും ഇല്ലാത്ത മന്ത്രിമാർക്ക് അതിജീവിക്കാൻ കഴിയുന്നത് അവരുടെ ചുറ്റുമുള്ള ഉദ്യോഗസ്ഥരും ഉപദേഷ്ടാക്കളും കൊണ്ടുമാത്രമാണ്. ഇതാണ് യോഗ്യതയില്ലാത്ത സ്ഥാനാർത്ഥികളെ തിരഞ്ഞെടുക്കുന്നതിന്റെ അനന്തരഫലം. അർഹതയില്ലാത്ത മന്ത്രിമാർക്ക് വേണ്ടി ഉദ്യോഗസ്ഥരെ കൂട്ടിച്ചേർക്കുന്നു. ഇത് വലിയ പ്രത്യാഘാതങ്ങൾ ഉളവാക്കുന്നു. ഉന്നത വിദ്യാഭ്യാസം, ആരോഗ്യം, വിദേശകാര്യം, ധനകാര്യം പോലുള്ള പ്രധാന മന്ത്രാലയങ്ങളിൽ തെറ്റായ നയങ്ങളും, അപൂർണ്ണമായ അർത്ഥവത്കരണങ്ങളും രാജ്യത്തിന്റെ ഭാവിയെ അപകടത്തിലാക്കുന്നു. അനിയന്ത്രിതമായ പിഴവുകൾ മൂലം ജനങ്ങൾക്ക് ദോഷകരമായ തീരുമാനങ്ങൾ ഉണ്ടാകുന്നു. പ്രത്യേകിച്ചും മദ്ധ്യവർഗ്ഗം, വിദ്യാർത്ഥികൾ, തൊഴിലാളികൾ എന്നിവരാണ് ഈ തെറ്റായ നയങ്ങളുടെ ഏറ്റവും വലിയ ബാധിതർ.

യോഗ്യതയുടെയും അറിവിന്റെയും അഭാവം മൂലം പലപ്പോഴും മന്ത്രിമാർ തങ്ങൾക്ക് ലാഭകരമായ പദ്ധതികൾക്കാണ് മുൻഗണന നൽകുന്നത്. മികച്ച രീതിയിൽ പ്രവർത്തിക്കാവുന്ന ലഘുവായ പദ്ധതികളെ അവഗണിച്ച് കോടികൾ ചെലവിടുന്ന ബൃഹത്തായ പദ്ധതികൾക്ക് മുൻതൂക്കം നൽകുന്നു. പൊതുവായി മനസ്സിലാക്കേണ്ട കാര്യം എന്തെന്നാൽ അർഹതയില്ലാത്ത ഭരണത്തിൽ നീതിയും കൃത്യതയും കാഴ്ചവെയ്ക്കാനാകില്ല. ഇത് മാറ്റാൻ ദീർഘകാല പരിഷ്കരണങ്ങൾ അനിവാര്യമാണ്. തിരഞ്ഞെടുപ്പ് കമ്മീഷനും നിയമ നിർമ്മാണ സ്ഥാപനങ്ങളും കൂടിചേർന്ന് ഒരു അടിസ്ഥാനം നിർമ്മിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഓരോ മന്ത്രാലയത്തിനും അതാത് മേഖലയിൽ അടിസ്ഥാനപരമായ അർഹതകൾ നിർബന്ധമാക്കേണ്ടത് ജനാധിപത്യത്തിന്റെ സുതാര്യതയും ഉത്തരവാദിത്തവും നിലനിർത്താൻ സഹായിക്കും. പ്രബുദ്ധരെന്ന് വിളിക്കപ്പെടുന്ന ജനത ഈ വിഷയത്തിൽ പ്രതികരിക്കേണ്ടിയിരിക്കുന്നു. ഒരു ബഹുജന മുന്നേറ്റം ആവശ്യമായിരിക്കുന്നു. മാധ്യമങ്ങളിലൂടെയും പൊതുസമൂഹ ചർച്ചകളിലൂടെയും ഈ വിഷയങ്ങൾ ഉയർത്തിക്കാട്ടുന്നതിലൂടെ മാത്രമേ മാറ്റങ്ങൾ ജനിതകമാകുകയുള്ളൂ.

ജനാധിപത്യം ഉദ്ദേശിക്കുന്നത് എല്ലായ്പ്പോഴും ഓരോ പൗരനും ഭരണത്തിൽ പങ്കാളികളാകുന്ന സംവിധാനമാണ്. പക്ഷേ, അതിന് അടിസ്ഥാനമായിട്ടുള്ളത് ഉത്തരവാദിത്വ പൂർണ്ണമായ അറിവ് നിറഞ്ഞ തീരുമാനങ്ങളാകണം. അതിനാൽ തന്നെ, യോഗ്യതയും വൈദഗ്ദ്ധ്യവും ഇല്ലാത്തവരെ മന്ത്രിമാരായി നിയമിക്കുന്നത് നമ്മുടെ ജനാധിപത്യത്തിന്റെ പ്രതിരൂപത്തെ തന്നെ അപമാനിക്കുന്ന കാര്യമാകുന്നു. ഇന്ത്യയിലെ ജനാധിപത്യ സംവിധാനത്തിൽ പൊതുജനങ്ങൾക്ക് നൽ

കപ്പെട്ടിട്ടുള്ള ഏക അധികാരമാണ് എം.എൽ.എമാരെയും എം.പി.മാരെയും തിര ഞ്ഞെടുക്കുന്നത്. എന്നാൽ ജനങ്ങൾ നേരിട്ട് തിരഞ്ഞെടുക്കുന്നത് മുൻകൂറുള്ള വി ജ്ഞാപനം പ്രകാരം വിവിധ വകുപ്പുകളിലേയ്ക്കുള്ള മന്ത്രിമാരെ അല്ല. ഭാവിയിലെ സർക്കാർ രൂപപ്പെടുന്നതിന് പിന്നിലെ ആകെയുള്ള കണക്കുകൂട്ടലുകൾ ആധാര മാക്കിയാണ് മന്ത്രിസ്ഥാനം തീരുമാനിക്കുന്നത്. അങ്ങനെ വെറും ഒരു പ്രതിനിധി യെ തിരഞ്ഞെടുക്കുന്നതു വഴി അദ്ദേഹത്തിന്റെ നയപരമായ നിലപാടുകൾക്കും വകുപ്പിനോടുള്ള അർഹതകൾക്കും അടിസ്ഥാനമാക്കിയാണ് സ്ഥാനങ്ങൾ നൽ കപ്പെടുന്നത് എന്ന് വിശ്വസിക്കാൻ പ്രയാസമാണ്. ഒരു സമ്പൂർണ്ണ അശാസ്ത്രീയ തയിലൂടെയും സുതാര്യതയുടെ അഭാവത്തിലുമാണ് തിരഞ്ഞെടുപ്പ് സംവിധാനം പ്രവർത്തിക്കുന്നത്. ആരാണ് ധനകാര്യ മന്ത്രി ആകുക? ആരാണ് ആരോഗ്യ മ ന്ത്രി? വിദ്യാഭ്യാസം, ആഭ്യന്തര സുരക്ഷ, വിദേശകാര്യം, വ്യവസായം, തൊഴിൽ, പരിസ്ഥിതി തുടങ്ങിയ മേഖലകളെ ആരാണ് കൈകാര്യം ചെയ്യുക? ഇതെല്ലാം ജനങ്ങളുടെ ഭാഗത്ത് നിന്നുള്ള അഭിപ്രായമില്ലാതെ അധികാരത്തിനുള്ള രാഷ്ട്രീ യ കണക്കുകൂട്ടലുകൾക്ക് അനുസൃതമായി തീരുമാനിക്കപ്പെടുന്ന കാര്യങ്ങളാണ്. ഈ പ്രക്രിയയുടെ ഭീകരത ഇപ്രകാരം കാണാം: ഒരു വ്യക്തിയെ മണ്ഡലത്തിൽ ജനപ്രീതി നേടിയതിന്റെ പേരിൽ തിരഞ്ഞെടുക്കപ്പെടുന്നു. ആ വ്യക്തിക്ക് സാമ്പ ത്തിക രംഗത്ത് യാതൊരു ബോധവുമില്ലെങ്കിലും രാഷ്ട്രീയകക്ഷിക്ക് അതിൽ ക ണക്കുകൂട്ടലുകൾക്ക് അനുസൃതമായി അദ്ദേഹത്തെ ധനകാര്യ മന്ത്രിയാക്കാം. അ തുപോലെ, ആരോഗ്യരംഗത്തെക്കുറിച്ച് മൂലധാരണകളും അറിവും ഇല്ലാത്ത ഒരാ ളെ ആരോഗ്യവകുപ്പ് കൈകാര്യം ചെയ്യാൻ നിയോഗിക്കാം. ഈ സ്ഥാനങ്ങൾ നിർണ്ണയിക്കുന്നത് ജനങ്ങളോ പ്രദേശവാസികളോ അല്ല. പക്ഷെ, ആ മന്ത്രിമാരു ടെ തീരുമാനം ബാധിക്കുന്നത് കോടിക്കണക്കിന് ജനങ്ങളെയാണ്.

ജനാധിപത്യത്തിലെ ഏറ്റവും ശക്തമായ ഘടകമായ ജനങ്ങളുടെ അഭിപ്രായം മന്ത്രിമാരുടെ സ്ഥാനങ്ങൾ തിരഞ്ഞെടുക്കുന്നതിൽ പ്രതിഫലിക്കുന്നില്ല. അതിനു പരിഹാരമായി തെരഞ്ഞെടുപ്പ് കമ്മീഷൻ ഓരോ സ്ഥാനാർത്ഥിയും മത്സരിക്കു ന്നത് ഏത് മന്ത്രിസ്ഥാനത്തേക്കാണ് എന്നത് മുൻകൂട്ടി പ്രസിദ്ധീകരിക്കണം എന്ന ആവശ്യം അത്യന്താപേക്ഷിതമാണ്. അതിലൂടെയാണ് ഓരോ മണ്ഡലത്തിലേ യും വോട്ടർമാർക്കും അവരുടെ സ്ഥാനാർത്ഥി ആ മേഖല കൈകാര്യം ചെയ്യാൻ യോഗ്യനാണോ എന്നതിനെക്കുറിച്ച് ബോധപൂർവ്വമായ തീരുമാനമെടുക്കാൻ കഴി യുകയുള്ളു. ഇത് നടപ്പിലാക്കിയാൽ ഒരു സ്ഥാനാർത്ഥി വിദ്യാഭ്യാസവകുപ്പ് മന്ത്രി സ്ഥാനത്തേയ്ക്ക് മത്സരിക്കുന്നു എങ്കിൽ അയാളുടെ വിദ്യാഭ്യാസയോഗ്യതയും അ തിലുണ്ടായിരുന്ന പ്രവർത്തന പരിചയവും പരിശോധിക്കാൻ പൗരന് സാധിക്കും. ആരോഗ്യവകുപ്പിനായി മത്സരിക്കുന്നയാളിന്റെ പൊതുജനാരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾ പരിശോധിക്കാൻ കഴിയുന്നത് വോട്ടർമാർക്ക് സ്ഥാനാർത്ഥി ക്കായി യുക്തിപൂർവമായ തിരഞ്ഞെടുപ്പ് നടത്താൻ സഹായിക്കും. അതിനാൽ, ഭാവിയിലെ തെരഞ്ഞെടുപ്പുകളിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ സ്ഥാനാർത്ഥികൾ

മത്സരിക്കുന്ന വകുപ്പുകൾ മുൻകൂട്ടി പ്രസിദ്ധീകരിക്കുകയും അതനുസരിച്ച് യോഗ്യതകളും അനുഭവങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും വേണം. തിരഞ്ഞെടുപ്പ് നടക്കുന്ന സമയത്ത് തന്നെ ജനങ്ങൾക്ക് തങ്ങൾ എങ്ങനെ ഭാവിയിലേക്ക് ചുവടുവയ്ക്കുന്നു എന്ന് ആലോചിക്കാവുന്ന സാഹചര്യം ഉണ്ടാകണം. ഇതുപോലെയുള്ള മാറ്റങ്ങൾ മാത്രമാണ് ജനാധിപത്യത്തിൽ ജനങ്ങളുടെ പ്രാതിനിധ്യം ഉൾക്കൊണ്ടുള്ള നയരൂപീകരണത്തിലേക്കു നയിക്കുക. ഇല്ലെങ്കിൽ, പുരോഗതിയില്ലാത്ത സമൂഹത്തിന്റെ പ്രതിനിധിയായി നാം ജീവിക്കേണ്ടിവരുകയും ചൂഷണത്തിന് വിധേയമായിക്കൊണ്ടിരിക്കുകയും നമ്മുടെ ഭാവി നിർമ്മിക്കുന്നത് ഒരിക്കലും നമുക്ക് മനസ്സിലാവാത്ത ഭരണപരമായ സുതാര്യത ഇല്ലായ്മയായി തുടരുകയും ചെയ്യും. ജനങ്ങൾക്ക് പ്രസക്തമായ വിവരങ്ങൾ നൽകുന്നതിലൂടെ മാത്രമേ സുതാര്യവും ഉത്തരവാദിത്തവുമുള്ള ഭരണ സംവിധാനത്തിലേക്ക് നമുക്ക് എത്താൻ കഴിയുകയുള്ളൂ.

ഭരണത്തിൽ ഗുണനിലവാരവും വൈദഗ്ദ്ധ്യവും ഉറപ്പാക്കണമെങ്കിൽ ഓരോ മന്ത്രിസ്ഥാനവും വഹിക്കുന്ന വ്യക്തിയുടെ വിദ്യാഭ്യാസം, തൊഴിൽ പരിചയം, വിഷയ ബോധം എന്നിവ നിർബന്ധമാക്കേണ്ടതാണ്. ഇൻഡ്യയെ പോലുള്ള വളർച്ചാപഥത്തിലിരിക്കുന്ന ജനാധിപത്യ രാഷ്ട്രങ്ങൾക്ക് ഈ നിലപാട് കടുത്ത ആവശ്യമാണെങ്കിലും നിലവിലുള്ള രാഷ്ട്രീയ സംവിധാനത്തിൽ നേതാക്കളെ മന്ത്രി സ്ഥാനങ്ങളിൽ നിയോഗിക്കുന്നത് വൈദഗ്ദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ അല്ല. മറിച്ച് അധികാരത്തിന്റെ ഗണിതശാസ്ത്രത്തിൽ ആയിരിക്കുന്നു. അതുകൊണ്ടുതന്നെ, ഓരോ വകുപ്പിനും അടിസ്ഥാനപഠനവും അനുബന്ധ മേഖലയിലുണ്ടായിരുന്ന പ്രവർത്തന പരിചയവും അനിവാര്യമാണ്. താഴെ ഓരോ വകുപ്പിലേക്കും വേണ്ട മന്ത്രി സ്ഥാനം ലഭിക്കുന്നതിന് ആവശ്യമായ കുറഞ്ഞ അടിസ്ഥാന യോഗ്യതകൾ വിശദമാക്കുന്നു:

1. പ്രധാനമന്ത്രിയുടെ ഓഫീസ് (Prime Minister's Office)

ഭരണശാസ്ത്രം, നിയമം, സാമ്പത്തികശാസ്ത്രം, അന്താരാഷ്ട്ര ബന്ധങ്ങൾ പോലുള്ള വിഷയങ്ങളിൽ ബിരുദം അല്ലെങ്കിൽ ബിരുദാനന്തരബിരുദം ഉള്ളത് പ്രധാനമന്ത്രിയായിരിക്കാൻ യുക്തമായ യോഗ്യതയാകുന്നു. പൊതു ഭരണത്തിൽ ദീർഘകാല പ്രവർത്തന പരിചയവും വിദേശ നയതന്ത്ര ഇടപെടലുകളിൽ നേതൃപങ്കാളിത്തവും ആവശ്യമാണ്. ഭരണഘടന, ആഭ്യന്തര സുരക്ഷ, വിദേശകാര്യങ്ങൾ, സാമ്പത്തിക നയം, സാമൂഹിക നീതി എന്നിവയിൽ ആഴത്തിലുള്ള ബോധവും ധാർമ്മിക വ്യക്തിത്വവും ഈ സ്ഥാനത്തിനായി നിർബന്ധമാണ്.

2. ആരോഗ്യ മന്ത്രാലയം (Ministry of Health)

മെഡിക്കൽ സയൻസ്, പബ്ലിക് ഹെൽത്ത്, ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ, ഹെൽത്ത് എക്കണോമിക്സ് എന്നിവയിൽ ബിരുദം അല്ലെങ്കിൽ പിജി യോഗ്യത ആവശ്യമാണ്. സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലോ സ്വകാര്യ മെഡിക്കൽ മേഖലയിലോ പ്രവർത്തിച്ച പരിചയം, പബ്ലിക് ഹെൽത്ത് പ്രോജക്ടുകളിൽ പങ്കാളിത്തം എന്നിവ ഉണ്ടാകണം. എപ്പിഡമിയോളജി, ആരോഗ്യ സംവിധാനം പുനർ സംഘടന, മെഡിക്കൽ ഇൻഫ്രാസ്ട്രക്ചർ വികസനം, പോളിസി ആസൂത്രണം എന്നിവയിൽ അടിസ്ഥാനബോധം നിർബന്ധമാണ്.

3. ഗൃഹമന്ത്രാലയം (Ministry of Home Affairs)

നിയമം, പൊതുഭരണം, ക്രിമിനോളജി തുടങ്ങിയ വിഷയങ്ങളിൽ ബിരുദം വേണം. ആഭ്യന്തര സുരക്ഷ, പോലിസ് സംവിധാനം, ദുരന്തനിവാരണ സംവിധാനം എന്നിവയുമായി ബന്ധപ്പെട്ട ഔദ്യോഗിക പരിചയം നിർബന്ധമാണ്. ആഭ്യന്തര ഭീഷണികൾ, ഇന്റലിജൻസ് കോർഡിനേഷൻ, അതിർത്തി നിയന്ത്രണം, മത-ജന വിഭാഗ തർക്കം എന്നിവയെക്കുറിച്ചുള്ള ധാരാളം അറിവും, ദേശീയതാബോധവും ആവശ്യമാണ്.

4. സാമ്പത്തിക മന്ത്രാലയം (Ministry of Finance)

സാമ്പത്തിക ശാസ്ത്രം, പബ്ലിക് പോളിസി, കൊമേഴ്സ്, എം.ബി.എ എന്നീ മേഖലകളിൽ വിദ്യാഭ്യാസം ആവശ്യമാണ്. നികുതി നയം, പൊതുധനകാര്യങ്ങൾ, കേന്ദ്ര ബഡ്ജറ്റ്, ബാങ്കിംഗ് വ്യവസ്ഥ എന്നിവയിലുള്ള പ്രവർത്തന പരിചയം ആവശ്യമാണ്. മൊണിറ്ററി-ഫിസ്കൽ നയങ്ങൾ, ധനകാര്യ സ്ഥാപന നിയന്ത്രണം, തീവ്ര സാമ്പത്തിക വിശകലനം എന്നിവയിൽ ആഴത്തിലുള്ള ബോധം നിർബന്ധമാണ്.

5. സംരക്ഷണ മന്ത്രാലയം (Ministry of Defence)

സൈനിക ശാസ്ത്രം, സ്ട്രാറ്റജിക് സ്റ്റഡീസ്, അന്താരാഷ്ട്ര സുരക്ഷ, പ്രതിരോധ സാങ്കേതികവിദ്യ എന്നീ മേഖലകളിൽ പഠനം നിർബന്ധമാണ്. സൈനിക സേവനത്തിൽ നിന്നോ ആയുധ നിർമ്മാണ, നയതന്ത്ര സംവാദങ്ങളിലോ നിന്നും ലഭിച്ച പരിചയം അത്യാവശ്യമാണ്. ഇന്ത്യൻ ത്രിവർണ്ണ സേനയുടെ ഘടന, സമഗ്ര പ്രതിരോധം, അതിർത്തി സുരക്ഷാനയങ്ങൾ എന്നിവയെക്കുറിച്ചുള്ള വിശദമായ അറിവ് വേണം.

6. വിദേശകാര്യ മന്ത്രാലയം (Ministry of External Affairs)

ഇന്റർനാഷണൽ റിലേഷൻസ്, നയതന്ത്രം, നിയമം, രാഷ്ട്രീയം എന്നിവയിൽ ബിരുദം/പിജി വിദ്യാഭ്യാസം അനിവാര്യമാണ്. യു.എൻ, രാജ്യാന്തര നിയമങ്ങൾ, വിദേശ നയരൂപീകരണം തുടങ്ങിയ വിഷയങ്ങളിൽ ഗവേഷണമോ പ്രവർത്തന പരിചയമോ ഉണ്ടായിരിക്കണം. വിദേശ ദൗത്യങ്ങൾ, അംബാസഡറുമാരുമായുള്ള സഹകരണം, വൈവിധ്യമാർന്ന രാജ്യങ്ങളുമായി നയതന്ത്ര ബന്ധം കാത്തുസൂക്ഷിക്കൽ എന്നിവയെക്കുറിച്ചുള്ള അവബോധം നിർബന്ധമാണ്.

7. വിദ്യാഭ്യാസ മന്ത്രാലയം (Ministry of Education)

എജ്യുക്കേഷൻ, സോഷ്യോളജി, പബ്ലിക് അഡ്മിനിസ്ട്രേഷൻ തുടങ്ങിയ മേഖലകളിൽ വിദ്യാഭ്യാസം അനിവാര്യമാണ്. സ്കൂൾ വിദ്യാഭ്യാസം മുതൽ ഉന്നത വിദ്യാഭ്യാസം വരെയുള്ള ഘടനകളിലെയും പരിഷ്കരണ പ്രക്രിയകളിലെയും പങ്കാളിത്ത പരിചയം വേണം. നാഷണൽ കരിക്കുലം ഫ്രെയിംവർക്കുകൾ, വിദ്യാഭ്യാസ അവകാശം, ഡിജിറ്റൽ ലേണിംഗ്, അദ്ധ്യാപക പരിശീലനം എന്നിവയിൽ അടിസ്ഥാന ബോധം വേണം.

8. കൃഷിമന്ത്രാലയം (Ministry of Agriculture)

കൃഷിശാസ്ത്രം, മണ്ണിനെപ്പറ്റിയുള്ള ശാസ്ത്രീയമായ പഠനം, ജലസംരക്ഷണ ശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ ബിരുദം/പിജി ആവശ്യമാണ്. കാർഷിക സമിതി പ്രവർത്തനം, ഗ്രാമവികസനം, കർഷക ക്ഷേമ പദ്ധതികൾ എന്നിവയിലുള്ള അനുഭവം നിർബന്ധമാണ്. ജൈവകൃഷി, കൃഷിയനുകൂല തന്ത്രങ്ങൾ, കാർഷിക നയം, സാങ്കേതിക പരിഷ്കാരങ്ങൾ എന്നിവയിൽ ഉള്ള ബോധം നിർബന്ധം.

9. വൈദ്യുതി മന്ത്രാലയം (Ministry of Power)

ഇലക്ട്രിക്കൽ അല്ലെങ്കിൽ മെക്കാനിക്കൽ എൻജിനിയറിംഗിൽ ബിരുദം/പിജി യോഗ്യത ആവശ്യമാണ്. വൈദ്യുതി ഉത്പാദനം, വിതരണം, നവീകരണ ഊർജ്ജതന്ത്രങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട സർക്കാർ അല്ലെങ്കിൽ സ്വകാര്യ മേഖലകളിലെ പ്രവൃത്തിപരിചയം വേണം. ദേശീയ വൈദ്യുതി നയം, പവർ ഗ്രിഡ് മാനേജ്മെന്റ്, ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് എന്നിവയിൽ അടിസ്ഥാന ബോധം നിർബന്ധമാണ്.

10. റോഡ് ട്രാൻസ്പോർട്ട് മന്ത്രാലയം (Ministry of Road Transport & Highways)

സിവിൽ എൻജിനിയറിംഗ് അല്ലെങ്കിൽ ട്രാൻസ്പോർട്ട് പ്ലാനിംഗിൽ ബിരുദം അനിവാര്യമാണ്. റോഡ് വികസന പദ്ധതികളിൽ, ഹൈവേ നിർമ്മാണത്തിൽ, പാ

ർക്കിംഗ്-ട്രാഫിക് പ്ലാനിംഗിൽ അനുഭവം ആവശ്യമാണ്. മോട്ടോർ വാഹന നിയമങ്ങൾ, സുരക്ഷാ മാനദണ്ഡങ്ങൾ, പബ്ലിക് ട്രാൻസ്പോർട്ട് നെറ്റ്വർക്കുകൾ എന്നിവയെക്കുറിച്ചുള്ള അറിവ് വേണം.

11. ശാസ്ത്രം & സാങ്കേതിക മന്ത്രാലയം (Ministry of Science & Technology)

ശാസ്ത്ര മേഖലയിലോ എൻജിനിയറിംഗിലോ പിഎച്ച്ഡി/എം.ടെക്ക് യോഗ്യത നിർബന്ധമാണ്. ഗവേഷണ സ്ഥാപനങ്ങളിലോ സാങ്കേതിക പദ്ധതികളിലോ പ്രവർത്തിച്ച പരിചയം വേണം. ഇൻറർഡിസിപ്ലിനറി റിസർച്ച്, സാങ്കേതിക ഇൻവെസ്റ്റ്മെന്റ്, ശാസ്ത്രീയ നയരൂപീകരണം എന്നിവയിൽ പ്രാവീണ്യം ആവശ്യമാണ്.

12. നിയമ മന്ത്രാലയം (Ministry of Law & Justice)

നിയമം (LLB/LLM) പ്രാപ്തിയുള്ള വ്യക്തിയാകണം. അഭിഭാഷകനായി പ്രവർത്തിച്ച പരിചയവും നിയമ നിർമ്മാണത്തിൽ പങ്കാളിത്തവുമുള്ള വ്യക്തിയാകണം. ഭരണഘടനാനിയമം, ക്രിമിനൽ കോഡ്, സിവിൽ പ്രൊസീജർ കോഡ്, നിയമ പരിഷ്കാരങ്ങൾ എന്നിവയെക്കുറിച്ചുള്ള ആഴത്തിലുള്ള അറിവ് നിർബന്ധമാണ്.

13. പരിസ്ഥിതി മന്ത്രാലയം (Ministry of Environment, Forest & Climate Change)

പരിസ്ഥിതി ശാസ്ത്രം, ഫോറസ്ട്രി, ഇക്കോളജി എന്നിവയിൽ ബിരുദം അല്ലെങ്കിൽ പിജി ആവശ്യമാണ്. വനസംരക്ഷണ, ജൈവവൈവിധ്യ സംരക്ഷണ പദ്ധതികളിൽ പ്രവർത്തിച്ച അനുഭവം വേണം. കാലാവസ്ഥാമാറ്റം, വൈദ്യുതി വിതരണത്തിലുണ്ടാകുന്ന പരിസ്ഥിതി ആഘാതം, പരിസ്ഥിതി നിയമങ്ങൾ എന്നിവയിൽ അറിവ് നിർബന്ധമാണ്.

14. ടെലികോം & ഐടി മന്ത്രാലയം (Ministry of Communications & IT)

ഐടി, ടെലികമ്മ്യൂണിക്കേഷൻ, ഇലക്ട്രോണിക്സ് എൻജിനിയറിംഗ് മേഖലകളിൽ ബിരുദം/പിജി വേണം. ഡിജിറ്റൽ ഇന്ത്യ, ഇ-ഗവേണൻസ്, സൈബർ സുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തിപരിചയം ആവശ്യമാണ്. ടെലികോം റെഗുലേഷൻ, സ്പെക്ട്രം മാനേജ്മെന്റ്, ഡാറ്റ പ്രൈവസി നിയമങ്ങൾ എന്നിവയെക്കുറിച്ചുള്ള ബോധം വേണം.

15. വിവര-പ്രസരണ മന്ത്രാലയം (Ministry of Information & Broadcasting)

ജേർണലിസം, മാസ് കമ്മ്യൂണിക്കേഷൻ, മീഡിയ ലോ എന്നിവയിൽ ബിരുദം/ പിജി വേണം. പബ്ലിക് ബ്രോഡ്കാസ്റ്റിംഗ്, മീഡിയ പോളിസികൾ, സിനിമ നിയമങ്ങൾ എന്നിവയിൽ പരിചയം ആവശ്യമാണ്. നാഷണൽ ബ്രാൻഡിംഗ്, വ്യക്തി സ്വാതന്ത്ര്യവും സെൻസർഷിപ്പും തമ്മിലുള്ള താത്വിക തർക്കങ്ങൾ തുടങ്ങിയവ മനസ്സിലാക്കാൻ കഴിയണം.

16. തൊഴിൽ മന്ത്രാലയം (Ministry of Labour & Employment)

സോഷ്യൽ വർക്കിൽ അല്ലെങ്കിൽ ലേബർ സ്റ്റഡീസിൽ ബിരുദം/പിജി വേണം. തൊഴിലാളി ക്ഷേമം, നിയമങ്ങൾ, തൊഴിലവസര രൂപീകരണം എന്നിവയുമായി ബന്ധപ്പെട്ട പരിചയം വേണം. തൊഴിൽ നിയന്ത്രണങ്ങൾ, നിയമവ്യവസ്ഥ, തൊഴിൽ സുരക്ഷ തുടങ്ങിയവയെക്കുറിച്ചുള്ള അറിവ് ആവശ്യമാണ്.

17. ടെക്സ്റ്റൈൽ മന്ത്രാലയം (Ministry of Textiles)

ടെക്സ്റ്റൈൽ എൻജിനിയറിംഗ്, ഇൻഡസ്ട്രിയൽ മാനേജ്മെന്റ് എന്നിവയിൽ ബിരുദം ആവശ്യമാണ്. ഹാൻഡ്‌ലൂം, കുടിൽ വ്യവസായം, കൃഷിയുമായി ബന്ധമുള്ള ഫാബ്രിക് വ്യവസായ മേഖലകളിൽ പ്രവർത്തിച്ച പരിചയം വേണം. ദേശീയ-അന്തർദ്ദേശീയ മാർക്കറ്റിംഗ്, കച്ചവടനയം എന്നിവയെക്കുറിച്ചുള്ള ഉയർന്ന ബോധം വേണം.

18. സാമൂഹിക നീതി മന്ത്രാലയം (Ministry of Social Justice & Empowerment)

സോഷ്യോളജി, സോഷ്യൽ വർക്ക്, നിയമം തുടങ്ങിയ വിഷയങ്ങളിൽ ബിരുദം വേണം. പിറവിയിലൂടെ വഞ്ചിക്കപ്പെട്ട വിഭാഗങ്ങളുടെ സാമൂഹിക ഉന്നമനം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾക്കുള്ള മുൻപരിചയം വേണം. ശാരീരിക, മാനസിക, സാമൂഹികമായി പീഡിത വിഭാഗങ്ങളെ സംരക്ഷിക്കാനുള്ള നിയമങ്ങൾ, സംവരണ നയങ്ങൾ എന്നിവയെക്കുറിച്ചുള്ള അറിവ് വേണം.

19. സാംസ്കാരിക & വിനോദസഞ്ചാര മന്ത്രാലയം (Ministry of Culture & Tourism)

പുരാവസ്തു ശാസ്ത്രം, ചരിത്രം, ടൂറിസം മാനേജ്മെന്റ് എന്നിവയിൽ ബിരുദം/പിജി ആവശ്യമാണ്. ഹെറിറ്റേജ് കൺസർവേഷൻ, ടൂറിസം മാർക്കറ്റിംഗ്, സംസ്കാര പരമായ പരിപാടികളിൽ പങ്കാളിത്തം വേണം. വിവിധ സംസ്ഥാനങ്ങളിലെ സംസ്കാരങ്ങളോടുള്ള ബോധവും ആഗോള ടൂറിസം ഹബ് ആക്കാനുള്ള തന്ത്രങ്ങളും അറിയണം.

20. മുഖ്യമന്ത്രിസ്ഥാനം (Chief Minister of a State)

നിയമം, ഭരണശാസ്ത്രം, സാമൂഹിക ശാസ്ത്രം, വികസന പഠനങ്ങൾ പോലുള്ള വിഷയങ്ങളിൽ വിദ്യാഭ്യാസ യോഗ്യത ഉണ്ടായിരിക്കണം. പൊതുജനങ്ങളോട് നേരിട്ട് പ്രതികരിക്കാൻ, ആകെ സംസ്ഥാനത്തെ സാമ്പത്തിക, സാമൂഹിക, വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിൽ ആഖ്യാനാത്മക നേട്ടങ്ങൾ കൈവരിക്കാൻ വൈദഗ്ദ്ധ്യം വേണം. ഭരണഘടന, നിയമപരമായ അധികാരങ്ങൾ, സംസ്ഥാനങ്ങൾക്കിടയിലെ അധികാരഭാഗിത്വം, അധികാര പങ്കാളിത്തം, ജനാധിപത്യമൂല്യങ്ങൾ എന്നിവയെക്കുറിച്ചുള്ള ധാരണയും ജനങ്ങളുടെ പ്രതിനിധിയായ നിലയിൽ സുതാര്യതയും ആവശ്യമാണ്.

അങ്ങിനെ ഒരു സംസ്ഥാന/കേന്ദ്ര ഭരണ സമിതിയിലേക്ക് ആവശ്യമായ എല്ലാ സ്ഥാനങ്ങളിലേക്കും വേണ്ട സ്ഥാനാർത്ഥികളെ പാർട്ടികൾ അല്ലെങ്കിൽ സ്വതന്ത്രൻ എന്ന നിലയിൽ യോഗ്യതയ്ക്കനുസരിച്ച് മത്സരിക്കുന്ന മന്ത്രിപദ ഒഴിവുകളിലേക്ക് ഗ്രൂപ്പ് ചെയ്ത് സ്ഥാനാർത്ഥി പട്ടിക പ്രസിദ്ധീകരിക്കപ്പെടണം.

മന്ത്രിസ്ഥാനം ഒരാൾക്ക് നൽകുന്നതിന് മുൻപായി അദ്ദേഹത്തിന്റെ വിഷയബോധവും നേതൃശേഷിയും പൊതുജനങ്ങളോട് ഇടപെടുന്ന കഴിവുമെല്ലാം വ്യക്തതയോടെ തെളിയിക്കുന്ന ഒരു തത്സമയ വെറ്റിംഗ് പ്രക്രിയ ഏർപ്പെടുത്തേണ്ടതുണ്ട്. UPSC അഭിമുഖം പോലെയുള്ള കർശനമായ സംവിധാനമായിരിക്കണം സ്ഥാനാർത്ഥികളുടെ കഴിവ് അളക്കാനുള്ള മാതൃക. വകുപ്പുകൾ ലഭിക്കാൻ സാധ്യതയുള്ള ഓരോ സ്ഥാനാർത്ഥിയും, തത്സമയ സംവാദത്തിൽ പങ്കെടുക്കുകയും, അവരുടെ യോഗ്യതയും കാഴ്ചപ്പാടുകളും വിശദീകരിക്കുകയും വേണം. ഇത് ഒരു ലൈവ് വേദിയായി, വിദഗ്ദ്ധർ, തെരഞ്ഞെടുപ്പ് കമ്മീഷൻ, പൊതുജനങ്ങൾ എന്നിങ്ങനെ മൂന്ന് തലത്തിൽ നിലകൊള്ളുന്ന സംയുക്ത സംവിധാനം വഴിയാണ് നടക്കേണ്ടത്.

1. വിദഗ്ദ്ധ സമിതി

പ്രത്യേക വകുപ്പുകൾക്കായി വ്യക്തിയുടെ അറിവ് വിലയിരുത്താൻ അതാത് മേഖലയിലെ വിദഗ്ദ്ധർ അടങ്ങിയ സമിതി തയ്യാറാക്കണം. ഇവർ ആ വ്യക്തിയുടെ വിഷയപരമായ അറിവ്, നയങ്ങൾ രൂപപ്പെടുത്താനുള്ള വൈദഗ്ദ്ധ്യം, മാനേജ്മെന്റ് കാഴ്ചപ്പാട് എന്നിവ പരിശോധിക്കുന്നു. ഉദാഹരണത്തിന്, ആരോഗ്യവകുപ്പ് സംബന്ധിച്ച മന്ത്രിസ്ഥാനം ലഭിക്കാൻ ശ്രമിക്കുന്നവരെ മെഡിക്കൽ സയൻസിലും പബ്ലിക് ഹെൽത്തിൽ വിദഗ്ദ്ധരായവരോടുമാണ് അഭിമുഖം നടത്തേണ്ടത്. അതുപോലെ, ധനകാര്യ വകുപ്പിന് സാമ്പത്തിക ശാസ്ത്രജ്ഞരെയും പബ്ലിക് ഫിനാൻസ് ഓഫീസർമാരെയും ഉൾപ്പെടുത്താവുന്നതാണ്.

2. തിരഞ്ഞെടുപ്പ് കമ്മീഷന്റെ പങ്ക്

തത്സമയ വെറ്റിംഗ് പ്രക്രിയയുടെ നിയമപരമായ ഘടനയും സുതാര്യതയും ഉറപ്പാക്കേണ്ടത് തെരഞ്ഞെടുപ്പ് കമ്മീഷൻ ആയിരിക്കും. എല്ലാ പാർട്ടികളുടെയും സ്ഥാനാർത്ഥികൾക്ക് ഒരേ ക്രമീകരണങ്ങൾ, ഒരേ മാനദണ്ഡങ്ങൾ പ്രയോഗിക്കപ്പെടണം. ചോദ്യങ്ങൾ, സമയം, മാർക്കിടൽ രീതികൾ എല്ലാം മുൻകൂട്ടി ഘടിപ്പിച്ചിരിക്കാൻ കമ്മീഷൻ ബാധ്യസ്ഥമാണ്. നിഷ്പക്ഷതയുള്ള ഈ സംവിധാനം പൊളിറ്റിക്കൽ പക്ഷപാതം ഒഴിവാക്കുന്നതിനും അധികാര ദുരുപയോഗം തടയുന്നതിനും സഹായകമാകും.

3. പൊതുജനങ്ങളുടെ പങ്കാളിത്തം

വോട്ടുചെയ്യുന്ന ജനങ്ങൾക്കും ഈ പ്രക്രിയയിൽ ചോദ്യങ്ങൾ ഉയർത്താനുള്ള അവസരം നൽകണം. ഓൺലൈൻ പോർട്ടലുകൾ വഴിയോ സാമൂഹിക മാധ്യമങ്ങളിലൂടെയോ ചോദ്യങ്ങൾ സമർപ്പിക്കാൻ സാഹചര്യമുണ്ടാകണം. തെരഞ്ഞെടുക്കപ്പെടുന്ന പ്രധാനപ്പെട്ട ചോദ്യങ്ങൾ തത്സമയ വേദിയിൽ നേരിട്ട് ചോദിക്കപ്പെടണം. ഇത്തരം സംവാദത്തിലൂടെ പൊതുജനങ്ങൾക്കുള്ള പ്രാതിനിധ്യം കൂടുതൽ സജീവമാകുകയും സ്ഥാനാർത്ഥികളെ ജനം നേരിട്ട് നിരീക്ഷിക്കുന്ന സാഹചര്യത്തിലേക്ക് കടക്കുകയും ചെയ്യും.

4. തത്സമയ സംപ്രേക്ഷണം

വെറ്റിംഗ് പ്രക്രിയ ലൈവ് വീഡിയോ പ്ലാറ്റ്ഫോമുകൾ, സംപ്രേക്ഷണ ചാനലുകൾ, ഔദ്യോഗിക വെബ്സൈറ്റുകൾ എന്നിവ മുഖേന തത്സമയ സംപ്രേക്ഷണം ചെയ്യണം. ജനങ്ങൾക്ക് അവരുടെ നേതാക്കളുടെ കഴിവും ചിന്താശേഷിയും നേരിട്ട് വിലയിരുത്താൻ ഇത് അവസരം നൽകും. സുതാര്യതയും വിശ്വാസ്യതയും കൃത്യമായി ജനങ്ങൾക്കിടയിൽ രൂപപ്പെടുന്നതിനുള്ള സാധ്യത ഈ ഘടകത്തിലൂടെ വളരെ അധികം വർദ്ധിക്കും.

5. മാർക്ക് അടിസ്ഥാനത്തിലുള്ള വിലയിരുത്തൽ

ചോദ്യങ്ങൾക്ക് നൽകിയ മറുപടികൾ, പ്രസ്താവനകളുടെ വ്യക്തത, തന്ത്രപരമായ വീക്ഷണം, ഉത്തരവാദിത്വബോധം തുടങ്ങിയ കാര്യങ്ങൾ അടിസ്ഥാനമാക്കി സ്ഥാനാർത്ഥികൾക്ക് മാർക്കുകൾ നൽകണം. ഓരോ വകുപ്പിനും മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള യോഗ്യതാ മികവിന്റെ അടിസ്ഥാനത്തിൽ മാത്രമേ ആ മന്ത്രിസ്ഥാനം അനുവദിക്കാവൂ. ഇത് യോഗ്യതയുടെ അടിസ്ഥാനത്തിൽ മാത്രമല്ല, പ്രായോഗിക പരിജ്ഞാനം, തീരുമാനം എടുക്കുന്ന ബുദ്ധി, ജനമനസ്സിനെ മനസ്സിലാക്കുന്ന

സാമൂഹികബോധം മുതലായവയെ കൂടി ഉൾപ്പെടുത്തുന്ന തരത്തിലുള്ള വിലയിരുത്തലായിരിക്കണം.

മന്ത്രിസ്ഥാനം ലഭിക്കാൻ സാധ്യതയുള്ള വ്യക്തിയുടെ യോഗ്യതയും ഉത്തരവാദിത്വവും പൊതുജനങ്ങൾക്ക് നേരിട്ട് വിലയിരുത്താൻ കഴിയുന്ന സംവിധാനം ജനാധിപത്യത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിൽ നിർണായകമാണ്. പൊതുജനങ്ങൾ ചോദ്യങ്ങൾ ചോദിക്കുകയും, മറുപടികൾ വിലയിരുത്തുകയും, തീരുമാനം എടുക്കുന്നതിന് മുമ്പ് അവരുടെ അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്യുന്ന സംവിധാനം രാഷ്ട്രീയ പാർട്ടികളുടെ ആന്തരിക കണക്കുകൂട്ടലുകൾക്കും അപ്പുറമാകുന്ന ജനകീയ പങ്കാളിത്തത്തിന്റെ മാതൃകയാവും.

1. ഓൺലൈൻ പബ്ലിക് ക്വറി പോർട്ടൽ

മന്ത്രിസ്ഥാനങ്ങളിലേയ്ക്ക് മത്സരിക്കുന്ന ഓരോ സ്ഥാനാർത്ഥികളുടെയും വിശദാംശങ്ങൾ (പഠനയോഗ്യത, തൊഴിൽപരിചയം, മുൻപരിചയം, കേസുകൾ, സാമ്പത്തിക സാഹചര്യങ്ങൾ) ഔദ്യോഗിക പോർട്ടലിൽ പ്രസിദ്ധീകരിക്കണം. പൊതുജനങ്ങൾക്ക് അവരുടെ സ്മാർട്ട്ഫോണിലോ കമ്പ്യൂട്ടറിലോ ഈ പ്രൊഫൈലുകൾ പരിശോധിച്ച ശേഷം ചോദ്യങ്ങൾ സമർപ്പിക്കാൻ കഴിയണം. ഒരേ ചോദ്യങ്ങൾ ആവർത്തിക്കുന്നത് ഒഴിവാക്കാൻ AI സഹായത്താൽ ഗ്രൂപ്പ്ചെയ്യലും ഫിൽറ്ററിംഗും വേണം. അഭിമുഖ വേളയിൽ ഓരോ മന്ത്രിസ്ഥാനം പരിഗണിക്കുമ്പോൾ അതുമായി ബന്ധപ്പെട്ട് മാത്രം ചോദ്യങ്ങൾ ഉയർത്താൻ പൊതുജനങ്ങളെ പരിശീലിപ്പിക്കപ്പെടണം.

2. തത്സമയ പൊതുസംവാദ വേദികൾ

സ്ഥാനം പിടിക്കാൻ ശ്രമിക്കുന്ന മന്ത്രി സ്ഥാനാർത്ഥികൾക്ക് തത്സമയ ഓൺലൈൻ സംവാദങ്ങളിൽ നിർബന്ധമായും പങ്കെടുക്കേണ്ടതായിരിക്കും. ഇവയിൽ മുൻനിര മാധ്യമപ്രവർത്തകരോ വിഷയ വിദഗ്ദ്ധരോ ചോദ്യങ്ങൾ എടുക്കുകയും ആ വ്യക്തി മറുപടി നൽകുകയും വേണം. ചോദിക്കപ്പെടുന്ന ചോദ്യങ്ങൾ പൊതുജനങ്ങൾ ഓൺലൈൻ വഴി സമർപ്പിച്ചതിൽ നിന്നാണ് എടുക്കപ്പെടുന്നത്. ചോദ്യങ്ങൾ സ്ഥാനാർത്ഥിയുടെ കഴിവുകൾ അളക്കപ്പെടുന്ന രീതിയിൽ മാത്രം ആയിരിക്കും അല്ലാതെ പാർട്ടി പ്രസ്താവനകളോ കുറ്റപ്പെടുത്തലുകളോ മുൻകാലങ്ങളിൽ പാർട്ടി എന്ത് ചെയ്തു എന്നതിനെയോ അടിസ്ഥാനപ്പെടുത്തിയോ ആയിരിക്കരുത്. ഉത്തരങ്ങൾ തത്സമയത്തിൽ തന്നെ സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകൾ, ടെലിവിഷൻ ചാനലുകൾ, സർക്കാർ പോർട്ടലുകൾ വഴി സംപ്രേക്ഷണം ചെയ്യണം.

3. ചോദ്യങ്ങൾക്കും മറുപടികൾക്കും പൊതു പ്രതികരണ സൗകര്യം

പൊതുജനങ്ങൾക്കും തങ്ങളുടെ അഭിപ്രായം രേഖപ്പെടുത്താനുള്ള ലൈക്ക്/ഡിസ്‌ലൈക്ക് സംവിധാനം വേണം. ഓരോ മറുപടിയിലും ജനങ്ങൾ, തങ്ങൾ വിലമതിക്കുന്ന രീതിയിൽ പ്രതികരിക്കണം. കൂടാതെ, കമന്റ് സംവിധാനത്തിലൂടെ കൂടുതൽ വ്യക്തത തേടാനും അഭിപ്രായം രേഖപ്പെടുത്താനും സാധിക്കണം. ഈ റിയാക്ഷൻ ഡാറ്റ പൊതുവായ അംഗീകാരത്തിന്റെ ഗണിതപരമായ പ്രകടനമാവുകയും കേന്ദ്ര രേഖയാകുകയും വേണം.

4. യോഗ്യതാ റേറ്റിംഗ് സിസ്റ്റം

രാഷ്ട്രീയ വിജയം മാത്രം മന്ത്രിസ്ഥാനം നേടാൻ അടിസ്ഥാനമാകരുത്. അതിനുള്ള യോഗ്യതകളും മാനവികബോധവുമാണ് പ്രധാനമായത്. ഓരോ സ്ഥാനാർത്ഥിക്കും ഒരു പൊതു യോഗ്യതാ സ്കോർ നൽകപ്പെടണം. ഇത്തരം റേറ്റിംഗ് മാനദണ്ഡങ്ങൾ താഴെ പറയുന്നതാണ്:

വിഷയബോധം, തന്ത്രപരമായ കാഴ്ചപ്പാട്, ഭരണഘടനയെപ്പറ്റിയുള്ള ബോധം, പൊതുസംബന്ധ-സമ്പർക്ക ശേഷി, സാമ്പത്തിക-സാമൂഹിക ബോധം, ദേശീയ ബോധം, പ്രശ്നപരിഹാര നൈപുണ്യം. ഈ സ്കോറുകൾ മുഖ്യവായനക്കാർക്കും പാർട്ടികൾക്കും നിർദ്ദേശാത്മക മാർഗ്ഗരേഖയായി നിലകൊള്ളണം.

5. ഓൺലൈൻ പൊതുജന സമ്മത പരിശോധന

ഒരു വ്യക്തിക്ക് മന്ത്രിസ്ഥാനം ലഭിക്കുമോ എന്നത് പൊതുജന അംഗീകാരത്തിലൂടെ തീരുമാനിക്കപ്പെടണം. ഓൺലൈൻ വോട്ടിംഗിന് ഔദ്യോഗിക വേദി ഒരുക്കണം, പോർട്ടലുകൾ, മൊബൈൽ ആപ്പുകൾ, ഓഫ്‌ലൈൻ സെന്ററുകൾ എന്നിവ വഴി ജനങ്ങൾക്ക് പങ്കെടുക്കാൻ കഴിയണം. 50%ന് മുകളിൽ 'പബ്ലിക് ട്രസ്റ്റ് റേറ്റിംഗ്' ലഭിച്ചാൽ മാത്രമേ മന്ത്രിസ്ഥാനത്തിനുള്ള യോഗ്യത നിർണ്ണയിക്കാൻ പാടുള്ളൂ. ഈ വോട്ടിംഗിൽ വ്യക്തിയുടെ റേറ്റിംഗ്, ചോദ്യ-മറുപടി ട്രാക്ക് റെക്കോർഡ്, ശബ്ദാവലികൾ, പൊതുചർച്ചയിലെ പ്രതികരണങ്ങൾ എന്നിവ ജനങ്ങൾ പരിശോധിച്ച ശേഷമായിരിക്കണം.

6. ഭാഷ, സാങ്കേതിക സൗകര്യങ്ങൾ, വ്യാപ്തി

പൗരന്മാരുടെ ഈ വിലയിരുത്തൽ സംവിധാനം എല്ലാ സംസ്ഥാനങ്ങളിലും പ്രാദേശിക ഭാഷയിൽ ലഭ്യമാകണം. സാങ്കേതിക ലഭ്യത ഇല്ലാത്തവർക്കായി ഗ്രാമപഞ്ചായത്തുകളിൽ ഡിജിറ്റൽ സഹായ കേന്ദ്രങ്ങൾ സ്ഥാപിക്കണം. ദൃശ്യ പ്രസാരവും ഓഡിയോ സൗകര്യവും ഒരുക്കണം. സംവേദനം ഉൾക്കൊള്ളുന്ന ഓരോ തലത്തിനും സേവന മാർഗ്ഗങ്ങൾ വേണം.

7. അഭിനവ പൗരഭരണം – ജനകീയ നേതൃത്വം

ഇപ്രകാരമുള്ള മാർഗ്ഗത്തിൽ ഭരണഘടനയുടെ ആത്മാവായ 'ജനാധിപത്യം ജനങ്ങൾക്കായി, ജനങ്ങളാൽ' എന്ന ആശയം യാഥാർത്ഥ്യത്തിൽ പ്രാപ്തമാകും. ഇത്തരം ഒരു ജനപങ്കാളിത്ത സംവിധാനത്തിലൂടെ അർഹതയുള്ള നേതാക്കൾക്ക് മാത്രം മന്ത്രിസ്ഥാനം ലഭിക്കാൻ മാർഗ്ഗം തുറക്കപ്പെടുന്നു. പൊതുജനങ്ങൾ രാഷ്ട്രീയത്തിൽ സൂക്ഷ്മനിരീക്ഷകരായി മാറുമ്പോൾ അവരുടെ പ്രതിനിധികളായ മന്ത്രിമാർക്ക് ഒരേ സമയം പരിജ്ഞാനം, ശ്രദ്ധി, ജനസ്നേഹം എന്നിവ തെളിയിക്കേണ്ടി വരും. ഈ മാറ്റം ഭരണഘടനാപരിഷ്കാരത്തിലേക്കുള്ള പാതയുടെ തുടക്കം കൂടിയാണ്.

തെരഞ്ഞെടുപ്പിൽ വിജയിച്ച ഏതു എം.എൽ.എയേയും എം.പിയേയും അവരുടെ വിജയത്തിന്റെ പേരിൽ അത് യോഗ്യതയായി കണക്കാക്കി ഉടനെ മന്ത്രിസ്ഥാനം നൽകി വകുപ്പുകൾ കൈമാറുന്നതൊരു ഗൗരവപ്പെട്ട ഭരണ പ്രശ്നമാണ്. പൊതുജനങ്ങളെ നിത്യേനെ നേരിട്ട് ബാധിക്കുന്ന ആരോഗ്യം, ധനകാര്യം, വിദ്യാഭ്യാസം, ആഭ്യന്തര സുരക്ഷ പോലുള്ള തന്ത്രപ്രധാന വകുപ്പുകൾ നേതൃത്വം നൽകുന്നത് അതേ തികഞ്ഞ ഉത്തരവാദിത്വം കൊണ്ടായിരിക്കണം. അതിനാൽ, ഈ വകുപ്പുകൾ കൈകാര്യം ചെയ്യാൻ വേണ്ടി ഒരാൾക്ക് യോഗ്യതയും മാനസിക പക്വതയും വ്യക്തമായും തെളിയിക്കേണ്ടതുണ്ട്. അതിന് മുമ്പ് ആരെയും മന്ത്രിയാക്കുന്നത് ഭീകരമായ അപാകതകളെ ക്ഷണിക്കുകയാണ്. ഒരു രാഷ്ട്രീയ നേതാവ് വലിയ ജനപിന്തുണയോടെയാണ് തെരഞ്ഞെടുപ്പിൽ വിജയിക്കുന്നത് എങ്കിലും, അതിനെ ആധാരമാക്കി അദ്ദേഹത്തെ ഒരു വകുപ്പിന്റെ തലവനാക്കുന്നത് ഭരണത്തിന്റെ ഗുണനിലവാരത്തെ തകർക്കാൻ വഴിയൊരുക്കും. പലപ്പോഴും, അവരിൽ ഭൂരിഭാഗത്തിനും മന്ത്രിതല വിഷയങ്ങൾ സംബന്ധിച്ച ആഴമുള്ള അറിവോ അധികാരത്തിലെ മാനദണ്ഡങ്ങൾ പരിഗണിക്കുന്ന വിദഗ്ദ്ധ ബോധമോ ഉണ്ടാവാറില്ല. അദ്ദേഹത്തിന്റെ വ്യക്തിപരമായ വീക്ഷണം, പാർട്ടി താത്പര്യങ്ങൾ, അതിലേറെയും ഇടനിലക്കാർക്കുള്ള വഴിപാട് എന്നതിൽ നിന്നാണ് പല പദ്ധതികളും രൂപപ്പെടുന്നത്. ഇത് പൊതുധനം കാറ്റിൽ പറക്കാനും, നടപ്പാക്കേണ്ട നയങ്ങൾ കെട്ടിത്തള്ളപ്പെടാനും കാരണമാകുന്നു. ഗവൺമെന്റ് ഫണ്ടുകളും അത് ഉപയോഗിച്ച് നടത്തുന്ന പദ്ധതികളും അവയുടെ വിനിയോഗവും ലിക്വിഡ് ക്യാഷ് ഉപയോഗിക്കപ്പെടാത്ത രീതിയിൽ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യണം. അതോടൊപ്പം കരാറുകളും പൂർണ്ണമായി ജനങ്ങൾക്ക് നിരീക്ഷിക്കപ്പെടാവുന്ന തരത്തിൽ സുതാര്യമാക്കപ്പെടണം. സമയക്രമമായി ധനവിനിയോഗവും പദ്ധതിയുടെ പുരോഗതിയും നേരിട്ട് ജനങ്ങൾക്ക് വിലയിരുത്താനുള്ള സൗകര്യവും ഉണ്ടാകണം. ഇത് അഴിമതി തടയുവാൻ വളരെ അധികം സഹായിക്കും. എന്നുമാത്രമല്ല, ഭരണാധികാരികളെ തങ്ങളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ ജാഗ്രത പുലർത്താൻ പ്രേരിപ്പിക്കുകയും ചെയ്യും.

ഒരു വ്യക്തി എം.എൽ.എയോ എം.പിയോ ആണെന്ന് മാത്രമല്ല, അദ്ദേഹത്തിന് വ്യവസായം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളെ നയിക്കാൻ യോജിച്ച മനോഭാവവും, അറിവും, നയരൂപീകരണ ശേഷിയും ഉണ്ടോ എന്നതും അതിശയോക്തിയില്ലാതെ പരിശോധിക്കപ്പെടേണ്ടതാണ്. അതിനാൽ, തിരഞ്ഞെടുപ്പ് വിജയിച്ചവരെ തൽക്ഷണമായി മന്ത്രിസ്ഥാനം നൽകുന്നത് തടയേണ്ടതാണ്. പകരം, ഒരു കർശനമായ യോഗ്യതാ പരിശോധന നടപ്പാക്കുകയും അതിൽ വിജയിച്ച ശേഷം മാത്രമേ മന്ത്രിസ്ഥാനം കൈമാറാവൂ എന്ന വ്യവസ്ഥിതിയിലേക്ക് മാറേണ്ടതാണ്. ഇത്തരത്തിൽ വിജയിച്ച കൂടുതൽ അനുയോജ്യനായ വ്യക്തിയെ മന്ത്രിയായി തിരഞ്ഞെടുക്കുന്നതായിരിക്കും ഉചിതം. ഒരാളുടെ മന്ത്രിതല യോഗ്യത തെളിയിക്കാൻ നിർബന്ധമായ ഘടകങ്ങൾ;

1. വിഷയാധിഷ്ഠിത അപ്റ്റിറ്റ്യൂഡ് ടെസ്റ്റ്:

മന്ത്രിസ്ഥാനം ലഭിക്കാൻ ആഗ്രഹിക്കുന്ന ഓരോ വ്യക്തിയും അതത് മേഖലയുമായി ബന്ധപ്പെട്ട് അടിസ്ഥാന അറിവ് പരിശോധിക്കുന്ന പരീക്ഷകളിൽ നിർബന്ധമായും പങ്കെടുത്ത് യോഗ്യത തെളിയിക്കണം. ഉദാഹരണത്തിന്, ആരെങ്കിലും ധനകാര്യ വകുപ്പിനായി പരിഗണിക്കപ്പെടുകയാണെങ്കിൽ, സാമ്പത്തിക നയങ്ങൾ, ബജറ്റ് പദ്ധതി, നികുതി വ്യവസ്ഥ തുടങ്ങിയ വിഷയങ്ങളിൽ അപ്റ്റിറ്റ്യൂഡ് പരിശോധന നടത്തേണ്ടതാണ്.

2. അഡ്മിനിസ്ട്രേറ്റീവ് സിമുലേഷൻ:

ഭരണപരമായ സാഹചര്യങ്ങൾ തിരിച്ചറിയാൻ വിവിധ സിമുലേറ്റഡ് നയഘട്ടങ്ങളിൽ ഒരാളുടെ തീരുമാന ശേഷി, അടിയന്തര സന്ദർഭങ്ങളിലുള്ള പ്രതികരണ രീതികൾ, ഭരണഘടനയിൽ ഉള്ള അറിവ് തുടങ്ങിയവയെ പരിശോധിക്കേണ്ടതാണ്. ഈ സെക്ഷനിൽ ഹോം മിനിസ്റ്റർ സ്ഥാനം ആഗ്രഹിക്കുന്ന ഒരാൾ നിയമ സാധുതയുള്ള നടപടികൾ എടുക്കാൻ എത്രത്തോളം പ്രാപ്തനാണ് എന്നത് വ്യക്തമാക്കണം.

3. മനഃശാസ്ത്രപരമായ പക്വതാ പരിശോധന (Psychological Screening):

അധികാരസമ്പത്ത് കൈവരിച്ചയാൾ അത് തെറ്റായി ഉപയോഗിക്കുകയോ, എതിരാളികളെ അടിച്ചമർത്തുകയോ ചെയ്യുമോ എന്നത് മനസ്സിലാക്കാൻ പക്വതയും മനസ്സിന്റെ സ്ഥിരതയും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. പ്രകോപിത പ്രതികരണങ്ങൾ, അത്യാഗ്രഹം, സ്വതന്ത്രചിന്താരാഹിത്യം തുടങ്ങിയവ പരിഗണിക്കേണ്ട ഘടകങ്ങളാണ്.

വകുപ്പ് ചുമതലകൾ നൽകുന്നത് വേഗത്തിലോ രാഷ്ട്രീയ കണക്കുകൂട്ടലുകൾ അടിസ്ഥാനമാക്കിയോ ആവരുത്. മന്ത്രിസ്ഥാനം ലഭിക്കേണ്ടത് ഒരു വിദഗ്ദ്ധ അന്വേഷണ നടപടിക്കുശേഷം മാത്രമേ ഉണ്ടാകാവൂ. ഓരോ മന്ത്രിയുടെയും വിജ്ഞാനപരവും മാനസികവുമായ യോഗ്യത തെളിയിച്ച ശേഷമാണ് അദ്ദേഹത്തിന് അതത് മേഖല കൈമാറാൻ സാധിക്കുക. അവരുടെ തീരുമാനങ്ങൾക്കായി ഉത്തരവാദിത്തമുള്ളവർ ആകേണ്ടതുണ്ടെന്നത് കണക്കിലെടുക്കുന്ന ഘടനയായിരിക്കണം ഇത്. ഭരണത്തിൽ വൈകിയാലും അത് ജനങ്ങൾക്ക് ദോഷമല്ല. പക്ഷേ, യോഗ്യതയില്ലാത്തവർക്ക് മന്ത്രിസ്ഥാനം നൽകിയാൽ അതിന്റെ വില പൊതുജനങ്ങളാണ് അടയ്ക്കേണ്ടത്. അതിനാൽ, വകുപ്പുകൾ നൽകുന്നതിന് മുമ്പ് ഒരു നിർബന്ധിത നിയമന മോറട്ടോറിയം കൊണ്ടുവരുകയും യോഗ്യത തെളിയിക്കപ്പെട്ടവർക്ക് മാത്രം സ്ഥാനങ്ങൾ അനുവദിക്കപ്പെടുകയും വേണം. അതോടൊപ്പം മന്ത്രിപദത്തിൽ ഇരുന്ന് അഴിമതി, കെടുകാര്യസ്ഥത, സ്വജനപക്ഷപാതം തുടങ്ങിയവ നടത്തിയാൽ ജനത്തിന് പ്രസ്തുത മന്ത്രിയെ ആ സ്ഥാനത്ത് നിന്ന് നീക്കം ചെയ്യുവാനുള്ള അധികാരം നൽകുന്ന നിയമനിർമ്മാണവും ജനങ്ങൾക്ക് ആ പ്രക്രിയയ്ക്കുള്ള സംവിധാനം ഒരുക്കിക്കൊടുക്കുകയും പ്രധാനമാണ്. കൂടാതെ ജീവിതത്തിൽ വീണ്ടും ഏതെങ്കിലും മന്ത്രിസ്ഥാനത്തേയ്ക്ക് മത്സരിക്കുവാനുള്ള ആ വ്യക്തിയുടെ യോഗ്യത റദ്ദ് ചെയ്യുകയും വേണം.

ഇന്ത്യൻ രാഷ്ട്രീയത്തിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ യോഗ്യതാ മാനദണ്ഡങ്ങൾ, പ്രത്യേകിച്ച് ഓരോ മന്ത്രിതല വകുപ്പിനും അനുയോജ്യരാകുന്നതായുള്ള യോഗ്യത, നിലവിൽ നിയമപരമായ ദൗർബല്യം കൊണ്ടു നിരീക്ഷണ വിധേയമാണ്. പ്രായം, പൗരത്വം, തിരഞ്ഞെടുപ്പ് യോഗ്യത തുടങ്ങിയ അടിസ്ഥാന മാനദണ്ഡങ്ങൾ ഒഴികെ, പ്രൊഫഷണൽ യോഗ്യത, വിദ്യാഭ്യാസം, ആധികാരിക പരിചയം എന്നിവ യാതൊരു വകുപ്പിനും നിർബന്ധമാക്കിയിട്ടില്ല. ഈ ദൗർബല്യത്തെ പരിഹരിക്കേണ്ടത് അത്യാവശ്യമാണെന്നത് സമൂഹത്തിലെ ബുദ്ധിജീവികളും പൊതുജനങ്ങളും ആവർത്തിച്ച് ചൂണ്ടിക്കാണിക്കുന്നതും അതിനോട് രാഷ്ട്രീയ സംവിധാനങ്ങൾ വളരെ ശൈഥില്യത്തോടെ പ്രതികരിക്കുന്നതുമാണ് ദൗർഭാഗ്യം.

1. ഇന്ത്യയുടെ പാർലമെന്റ്

രാജ്യത്തിന്റെ നിയമ നിർമ്മാണാധികാരം പാർലമെന്റിനാണ്. സ്ഥാനാർത്ഥികളുടെ യോഗ്യതാ മാനദണ്ഡങ്ങൾ പുതുക്കണമെങ്കിൽ, അത് 1951ലെ പ്രതിനിധിത്വ നിയമം (Representation of the People Act) അല്ലെങ്കിൽ ഭാരണഘടനയിലെ അനുച്ഛേദങ്ങൾ (ഉദാഹരണത്തിന് Articles 102, 191) ദൃഢപ്പെടുത്തിക്കൊണ്ടുള്ള നിയമം കൊണ്ടുവന്നാലേ സാധ്യമാകുകയുള്ളൂ. നിയമം കൊണ്ടുവരാൻ കേന്ദ്രസർക്കാർ പാർലമെന്റിൽ ബിൽ അവതരിപ്പിക്കണം. ഇരുവിഭാഗങ്ങളിലെയും പ്രതി

നിധികൾ ഭൂരിപക്ഷ പിന്തുണയോടെ പാസ്സാക്കണം. രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ച ശേഷം മാത്രമേ അത് നിയമമായി മാറുകയുള്ളൂ.

2. നിയമ കമ്മീഷൻ (Law Commission of India)

ഇത് ഒരു ഉപദേശക സ്ഥാപനമാണ്. തിരഞ്ഞെടുപ്പ് നിയമങ്ങൾക്കും സ്ഥാനാർത്ഥികളുടെ യോഗ്യതയ്ക്കുമായി നിയമ പരിഷ്കാരങ്ങൾ ശുപാർശ ചെയ്യുന്നതിനുള്ള അധികാരമാണ് ഇതിന് ഉള്ളത്. നിയമ കമ്മിഷൻ തിരഞ്ഞെടുപ്പ് ഘടന പരിഷ്കരിക്കുന്നതിനായി ഗവേഷണം നടത്തി അതിന്റെ റിപ്പോർട്ട് നിയമ മന്ത്രാലയത്തിന് സമർപ്പിക്കണം. കമ്മീഷന്റെ ശുപാർശകൾ നിർബന്ധമായതല്ല. പക്ഷേ പാർലമെന്റിന്റെ പ്രവർത്തനത്തിൽ അതിന് സ്വാധീനം ചെലുത്താം.

3. ഇന്ത്യയുടെ തെരഞ്ഞെടുപ്പ് കമ്മീഷൻ (ECI)

തെരഞ്ഞെടുപ്പുകൾ ക്രമീകൃതമായും സ്വതന്ത്രമായും നടത്തേണ്ടതാണ് കമ്മീഷന്റെ ചുമതല. അതിനാൽ തന്നെ സ്ഥാനാർത്ഥികളുടെ യോഗ്യത നിശ്ചയിക്കാനുള്ള അധികാരം കമ്മീഷന് ഇല്ല. നിയമപരിഷ്കാരങ്ങൾക്കായി കേന്ദ്രസർക്കാരിനെയും നിയമ കമ്മീഷനെയും ശുപാർശ ചെയ്യുക, തിരഞ്ഞെടുപ്പ് വിവരങ്ങൾ ജനങ്ങളിലേക്ക് സുതാര്യമായി നൽകുക തുടങ്ങിയ നിലവിലെ നിയമങ്ങൾ കർശനമായി പാലിപ്പിക്കുക മാത്രമാണ് ഇലക്ഷൻ കമ്മിഷന് കഴിയുക.

4. സുപ്രീംകോടതി

ഭാരണഘടനയുടെ വ്യാഖ്യാനത്തിലൂടെയും പബ്ലിക് ഇന്ററെസ്റ്റ് ലിറ്റിഗേഷൻ (PIL) വഴി സുപ്രീംകോടതി ചില രാഷ്ട്രീയ സ്ഥാനാർത്ഥികളെ അയോഗ്യരാക്കുന്നതിനും പ്രതീക്ഷിക്കപ്പെടാത്ത വിധികളിലൂടെ മാനദണ്ഡങ്ങൾ ഉറപ്പാക്കുന്നതിനും സഹായിച്ചിട്ടുണ്ട്. കുറ്റമാറ്റം നടത്തിയവരെ അയോഗ്യരാക്കിയ വിധികൾ, ആസ്തി വിവരങ്ങൾ വെളിപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയ വിധികൾ തുടങ്ങിയവയ്ക്ക് ഉദാഹരണങ്ങളുണ്ട്. എന്നാൽ കോടതിക്ക് നിയമം നിർമ്മിക്കാൻ കഴിയില്ല. ഉള്ളത് റദ്ദാക്കാനും വ്യാഖ്യാനിക്കാനുമാണ് അധികാരമുള്ളത്.

5. രാഷ്ട്രപതി

രാഷ്ട്രീയമായി ഒരു നിയമം അംഗീകരിക്കാൻ ആവശ്യമായ അന്തിമ നടപടിയാണ് രാഷ്ട്രപതി ചെയ്യുന്നത്. സ്വതന്ത്രമായി നടപടികൾ കൈക്കൊള്ളാൻ അദ്ദേഹത്തിന് കഴിയില്ല. പാർലമെന്റ് പാസാക്കിയ ബില്ലുകൾക്ക് അംഗീകാരം നൽകു

കയാണ് അദ്ദേഹം ചെയ്യുന്നത്. മന്ത്രിസഭയുടെ ഉപദേശം ലഭിച്ചശേഷം മാത്രമേ രാഷ്ട്രപതി നടപടികൾ സ്വീകരിക്കുകയുള്ളൂ.

ഇതുവരെ ഇന്ത്യയിലെ ഒരു മന്ത്രിയും അദ്ദേഹത്തിന്റെ വകുപ്പിന്റെ അടിസ്ഥാന യോഗ്യത ഇല്ലാതെയാണ് അധികാരത്തിലിരിക്കുന്നത് എന്ന വസ്തുത നാട്ടുകാരനായ ഏതൊരു സാധാരണ മനുഷ്യനെയും, കഠിനാധ്വാനത്തിലൂടെ പരീക്ഷകൾ എഴുതി ജോലികൾ നേടുന്ന യുവതയേയും കബളിപ്പിക്കുന്നതാണ്. ഭരണഘടനാപരമായ പാടവം ഉപയോഗിച്ച് സൂക്ഷ്മമായ നിയമപരിഷ്കാരങ്ങൾ കൊണ്ടുവരുന്നത് മാത്രമേ ഈ ദുരവസ്ഥയ്ക്ക് പരിഹാരമാകൂ. എന്നിരുന്നാലും ഇവയെല്ലാം തനിയെ സംഭവിക്കാൻ പോകുന്നില്ല. ഇത് സംഭവിക്കണമെങ്കിൽ ‘നോട്ട’ ജയിക്കുന്ന കാലം വരണം. അങ്ങിനെ സംഭവിക്കണമെങ്കിൽ ജനത്തിന് യാഥാർത്ഥത്തിൽ പ്രബുദ്ധത ഉണ്ടാവണം.

അദ്ധ്യായം-3
സംവരണം

ഇന്ത്യൻ സംവരണ വ്യവസ്ഥയുടെ തുടക്കം അന്വേഷിച്ച് പോകുകയാണെങ്കിൽ അത് ബ്രിട്ടീഷ് ഭരണകാലഘട്ടത്തിലാകും ചെന്നെത്തി നിൽക്കുക. 1932-ലെ പൂനാ ഉടമ്പടി (Poona Pact) ഇതിനുള്ള പ്രധാന ചുവട് വെയ്പ്പായിരുന്നു. അംബേദ്ക്കറും ഗാന്ധിയുമായിരുന്നു അതിന്റെ കേന്ദ്രപാത്രങ്ങൾ. ബ്രിട്ടീഷ് ഭരണകൂടം അവഗണിത വിഭാഗങ്ങളായ ശൂദ്രർ, മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവർക്കായി പ്രത്യേക തെരഞ്ഞെടുപ്പ് വിഭാഗങ്ങൾ ഏർപ്പെടുത്താൻ തീരുമാനിച്ചപ്പോൾ ഗാന്ധി അതിനെതിരെ ഉപവാസ സത്യാഗ്രഹം ആരംഭിച്ചു. ഈ പശ്ചാത്തലത്തിൽ അംബേദ്കറും ഗാന്ധിയും തമ്മിൽ ചേർന്നാണ് പൂനാ ഉടമ്പടി ഉണ്ടാക്കിയത്. അതിലൂടെ അവർ സമവായത്തിലേക്ക് എത്തിയതുപോലെ തോന്നിച്ചെങ്കിലും ദീർഘകാലിക ഫലം പരിഗണിക്കുമ്പോൾ അംബേദ്ക്കറുടെ മൗലികമായ നിയമങ്ങളിൽ പലതിലും കാലക്രമേണ വെള്ളം ചേർത്തതായി കാണാവുന്നതാണ്. യാഥാർത്ഥ്യത്തിൽ, ഇന്ത്യൻ ഭരണഘടനയിൽ സംവരണം ഒരു താത്കാലിക സഹായം മാത്രമായാണ് കണക്കാക്കപ്പെട്ടുത്തിയിരുന്നത്. സാമൂഹ്യനീതിക്ക് വേണ്ടി ചരിത്രപരമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് തക്ക അവസരങ്ങൾ നൽകുവാൻ ആർട്ടിക്കിൾ 15(4), ആർട്ടിക്കിൾ 16(4) എന്നിവയുടെ രൂപത്തിൽ ഭരണഘടന തുല്യവേദിയിലേക്കുള്ള പ്രവേശനം ഉറപ്പാക്കാനായിരുന്നു ഉദ്ദേശിച്ചത്. എന്നാൽ ഒൻപത് പതിറ്റാണ്ടുകൾക്കിപ്പുറം, ഈ താത്കാലിക സഹായം ഒരു സ്ഥിരം അവകാശമായി മാറിയതും അതിന്റെ സംബന്ധിത ലക്ഷ്യങ്ങളിൽ നിന്നും വിട്ടുമാറിയതുമാണ് ഇന്ന് കാണുന്നത്.

ഡോ: ബി. ആർ. അംബേദ്കർ, സംവരണം ഒരിക്കലും ഭൗതിക നേട്ടങ്ങൾക്കോ രാഷ്ട്രീയ ലാഭങ്ങൾക്കോ വേണ്ടി നയിക്കേണ്ടതല്ലെന്ന നിലപാടിലായിരുന്നു. സമത്വത്തിനും തുല്യതയ്ക്കും വേണ്ടി ആയിരുന്നു അദ്ദേഹം നിലകൊണ്ടത്. സംവരണം ഭരണഘടന രൂപീകരണ ഘട്ടത്തിൽ 10 വർഷത്തേക്ക് മാത്രമായിരുന്നു നടപ്പിലാക്കാൻ പ്രസ്താവിക്കപ്പെട്ടിരുന്നത്. എന്നാൽ ഓരോ ദശകവും ഒരു രാഷ്ട്രീയ സൂത്രവാക്യമായി അത് പുതുക്കിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ, ഇതിന്റെ യഥാർത്ഥ ലക്ഷ്യമായ സാമൂഹ്യനീതിയേക്കാൾ ഭൂരിപക്ഷ മനസ്സാക്ഷിയെ ആക്രോശിപ്പിക്കാനും വോട്ട്ബാങ്ക് ഉറപ്പാക്കാനും ഉപയോഗിക്കപ്പെടുന്ന രാഷ്ട്രീയ ആയുധമായി സംവരണം മാറിക്കൊണ്ടിരുന്നു. ആദ്യഘട്ടത്തിൽ പട്ടികജാതി (SC), പട്ടിക വിഭാഗങ്ങൾക്കായി (ST) മാത്രമായിരുന്നു സംവരണം. അവർ സമൂഹത്തിൽ കയറി വരാനാവശ്യമായ അടിസ്ഥാനവിശ്വാസം പോലും നിഷേധിക്കപ്പെട്ടവർ ആയിരുന്നു. എന്നാൽ പിന്നീട് OBC (Other Backward Classes), EWS (Economically

Weaker Sections) എന്നീ കൂട്ടിച്ചേർക്കലുകളിലൂടെ സംവരണ വ്യവസ്ഥയുടെ അതിരുകൾ വ്യാപിപ്പിക്കപ്പെട്ടു. ഇതോടെ, യാഥാർത്ഥ്യത്തിൽ സാമൂഹികമായി അധോവിഭാഗങ്ങളിൽപ്പെട്ടവർക്ക് വേണ്ടിയുള്ള സംവരണതത്വം താളം തെറ്റിയെന്നത് അപവാദമല്ല ഒരു പരമസത്യമായി മാറി. സംവരണം ചുരുങ്ങിയ കാലയളവിനുള്ളിൽ സമൂഹത്തിൽ തുല്യത സൃഷ്ടിക്കേണ്ടതായിരുന്നു. എന്നാൽ രാഷ്ട്രീയ പാർട്ടികൾക്ക് ഈ സംവിധാനം വലിയൊരു വോട്ടുബാങ്ക് ഉറപ്പാക്കാനുള്ള ഉപകരണമായിത്തീരുകയും അതിനെ ചുമതലയായി കാക്കേണ്ട നിയമ പ്രവർത്തകരും ഭരണാധികാരികളും ഉദ്ദേശ്യം മറക്കുകയും ചെയ്തു. ഓരോ തെരഞ്ഞെടുപ്പ് സമയത്തും പുതിയൊരു വിഭാഗത്തെ സംവരണത്തിന് അർഹരാക്കുന്ന പ്രഖ്യാപനങ്ങളിലൂടെ ജനങ്ങളെ കൂടെ നിർത്താൻ ഉപയോഗിക്കുന്നതാണ് ഇന്നത്തെ രീതി.

അതിന് പുറമേ, പൊതു വിഭാഗങ്ങളിലെ ഏറ്റവും ഉപരിതലത്തിലും നിലവിലില്ലാത്തവർക്കും അവസരം കൊടുക്കാതെ, കൃത്രിമ തിരിച്ചറിവുകളുടെ പേരിൽ സൃഷ്ടിക്കപ്പെട്ട OBC പട്ടികയിൽ ഉൾപ്പെടുത്തപ്പെടുന്ന ഒരുപാട് വിഭാഗങ്ങൾ സുസജ്ജമായ ആനുകൂല്യങ്ങൾ ഏറ്റുവാങ്ങുകയാണ്. അതേസമയം OBC പട്ടികയിൽ ചില ജാതികൾ അവഗണനകളാൽ താഴെത്തട്ടിലേയ്ക്ക് പതിച്ചുകൊണ്ടിരിക്കുന്നു എന്നതും കാണേണ്ടതാണ്. എന്നാൽ, നിലവിൽ സാമ്പത്തികപരമായും വിദ്യാഭ്യാസപരമായും മുന്നിൽ നിൽക്കുന്ന പിന്നോക്ക ജാതികൾക്കും ആ വിഭാഗത്തിൽ ഉൾപ്പെടുന്നു എന്ന കാരണത്താൽ അനുകൂല്യങ്ങളും സംവരണവും വീണ്ടും ലഭിച്ച് കൊണ്ടിരിക്കുന്നു. ഈ വിഭാഗങ്ങളിലുണ്ടായ വിദ്യാഭ്യാസ, സാമ്പത്തിക മുന്നേറ്റങ്ങൾ പോലും സംവരണത്തിനുള്ള അർഹതയെ ചോദ്യം ചെയ്യുന്നില്ല. ഇതോടെ യാഥാർത്ഥ്യത്തിൽ പഠനത്തിലും കഴിവിലും ക്ഷമത ഉണ്ടായിട്ടും പൊതുവിഭാഗത്തിൽ പെടുന്നു എന്ന കാരണത്താൽ ദരിദ്രരായ ഒരു വലിയ വിഭാഗത്തിന് അവസരം നിഷേധിക്കപ്പെടുന്നു. ഭരണഘടനയുടെ ലക്ഷ്യം– സമൂഹത്തിൽ എല്ലാ മനുഷ്യർക്കും തുല്യ അവസരമെന്ന തത്വം – ഇന്ന് രാഷ്ട്രീയ താത്പര്യത്തിനുവേണ്ടി ചുരുക്കിയ പശ്ചാത്തലമായി മാത്രം നിലകൊള്ളുന്നു. ഭരണഘടന ആഗ്രഹിച്ച സമത്വം ഇല്ലാതാകുകയും, കുറച്ച് തത്വച്യുതരായ രാഷ്ട്രീയക്കാരുടെയും അതിനെ പിന്തുണക്കുന്ന താൽപര്യക്കാരുടേയും മനോഭാവം കൊണ്ട് യാഥാർത്ഥ്യത്തിൽ സാമൂഹ്യ വിദ്വേഷം വ്യാപിക്കുകയും ചെയ്യുന്നു. ഇവിടെ നികുതി നൽകുന്നതിന് മാത്രം സമത്വവും, അവസരം ലഭിക്കുന്നതിന് അസമത്വവും എന്ന കൊളോണിയൽ ചൂഷണ മനോഭാവം നിറഞ്ഞ ദുഷ്ടതയും, സ്വാർത്ഥ ലാഭത്തിനു വേണ്ടിയുള്ള രാഷ്ട്രീയക്കാരുടെ വ്യഗ്രതയും നമുക്ക് ദർശിക്കാവുന്നതാണ്. ഭരണഘടനാ നിരീക്ഷണങ്ങളോടെയും, പൊതുജനവികാരങ്ങളോടെയും ഈ വ്യവസ്ഥയുടെ ഉദ്ദേശ്യവും ഉപഭോഗവും വീണ്ടും വിലയിരുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഒരിക്കൽ പിന്തുണയ്ക്കപ്പെട്ട തത്വം ഇപ്പോൾ അവകാശമെന്ന ഭ്രമമായി മാറിക്കഴിഞ്ഞപ്പോൾ, ആ അവകാശത്തിന്റെ ധാർമ്മികത ചോദ്യം ചെയ്യേണ്ടത് സമൂഹത്തിലെ ഓരോ യുക്തിവാദിയുടെയും ഉത്തരവാദിത്വമാണ്.

ഇതിനിടയിൽ സംവരണവുമായി യാതൊരു പുലബന്ധവുമില്ലാതെ 'ന്യൂനപക്ഷം' എന്ന ലേബലിൽ സംവരണവും ആനുകൂല്യവും നൽകുന്നത് എന്ത് അടിസ്ഥാനത്തിൽ ആണെന്നുള്ളത് ബോധമുള്ളവർക്ക് ചിന്തിച്ചാൽ പിടികിട്ടുകയില്ല. ഒരു മനുഷ്യന്റെ സാമൂഹിക ജീവിത സാഹചര്യ നിലവാരം കുറഞ്ഞരീതിയിൽ മെച്ചപ്പെടുത്തുവാൻ ഉപയോഗിക്കപ്പെടേണ്ട സംവരണവും ആനുകൂല്യങ്ങളും മതന്യൂനപക്ഷമെന്ന രീതിയിൽ നൽകപ്പെടുമ്പോൾ അത് സമൂഹത്തിൽ സമത്വം അനുഭവിക്കേണ്ട മറ്റുവിഭാഗങ്ങളിൽ നിന്നും അവരുടെ അനുവാദം ഇല്ലാതെ പിടിച്ചുവാങ്ങിയാണ് നൽകുന്നത് എന്ന വസ്തുത മറന്നു പോകരുത്. കേരളത്തെ സംബന്ധിച്ചിടത്തോളം ന്യൂനപക്ഷ മത വിഭാഗങ്ങളാണ് സാമ്പത്തികമായി ഉന്നതിയിൽ നിൽക്കുന്നത്. പ്രത്യേകിച്ച് മലബാറിൽ ഉള്ളവർ. ഇന്ത്യയുടെ ഭരണകർത്താക്കൾ ഉദ്ദേശിക്കുന്നത് ഇന്ത്യയിൽ ജനാധിപത്യം നിലനിൽക്കുന്ന കാലത്തോളം സംവരണം തുടരണമെന്നാണോ?. അങ്ങിനെയെങ്കിൽ ഭരണഘടനയിൽ നിന്നും സമത്വം എന്ന വാക്ക് എടുത്തുകളയേണ്ടതാണ്. ജനാധിപത്യ ഇന്ത്യയിൽ സാഹോദര്യം, സമത്വം, മതേതരത്വം തുടങ്ങിയ വാക്കുകൾ വൺവേ ട്രാഫിക്കായി തുടർന്ന് കൊണ്ടിരിക്കുന്നു. അങ്ങിനെ അല്ല എന്ന് ചിലർക്ക് തോന്നുന്നെങ്കിൽ അത് ഒരു തരത്തിലുള്ള വിഭ്രമം മാത്രമാണ്.

കേരളത്തിലെ വലിയൊരു വിഭാഗം പട്ടികജാതി, പട്ടികവർഗ്ഗക്കാരും സാമ്പത്തികമായി മുൻപന്തിയിൽ ഉള്ളവരാണ്, ഗവണ്മെന്റ് ജോലിക്കാരുമാണ്. അങ്ങിനെ ഉള്ളവരും അവരുടെ മക്കളും അങ്ങിനെ തന്നെ തുടരുന്നുണ്ട്. എന്നാൽ ഇവിടെ കഴിവിന്റെ അടിസ്ഥാനത്തിലല്ല സ്ഥാനമാനങ്ങൾ അലങ്കരിക്കപ്പെടുന്നത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെയാണ് ഗവണ്മെന്റ് സഹായിക്കേണ്ടത്. അത് മതമോ ജാതിയോ നോക്കിയല്ല. അവർക്ക് ആനുകൂല്യങ്ങൾ നൽകേണ്ടത് അവരുടെ കഴിവ് വളർത്തിയെടുക്കാനുള്ള അവസരങ്ങൾക്കാണ് അല്ലാതെ സ്ഥാനമാനങ്ങൾക്കല്ല. സമൂഹത്തിലുള്ള അവരുടെ സ്ഥാനവും, ഉദ്യോഗവും അവരുടെ കഴിവ് കൊണ്ട് അവർ ഉണ്ടാക്കിയെടുക്കേണ്ടതാണ്. അല്ലാതെ സൗജന്യം കൊടുക്കേണ്ടത് അല്ല. എന്നാൽ അതിനെപ്പറ്റി ഭരണകൂടം ആലോചിക്കുവാൻ താൽപര്യപ്പെടുന്നില്ല. സത്യത്തിൽ എന്തിന്റെ പേരിലാണ് സമൂഹത്തിലെ ഒരു വിഭാഗത്തിന് മാത്രം 140 കോടി ജനത്തിൽ ബാക്കിയുള്ളവർക്ക് ഇല്ലാത്ത പ്രാധാന്യം നൽകുന്നത്. ഇത് ന്യായീകരണമില്ലാത്ത അനീതിയാണ്. ഇൻഡ്യൻ ജനാധിപത്യത്തെ താങ്ങിനിർത്തുന്ന ജനത്തോടുള്ള അന്യായം. ഒരു ഗവൺമന്റ് അതിന്റെ കാര്യക്ഷമതയും ഉത്പാദനക്ഷമതയും ഉയർത്തി രാജ്യത്തെ പുരോഗതിയിലേക്ക് കൊണ്ട് പോകുവാൻ പോകുന്നത്, ഗവണ്മെന്റിന്റെ സുഗമമായുള്ള നടത്തിപ്പിനായുള്ള സ്ഥാപനങ്ങളിൽ ഉള്ള ഔദ്യോഗിക സ്ഥാനങ്ങൾ അനുകൂല്യത്തിന്റെ അടിസ്ഥാനത്തിൽ കുത്തിനിറച്ച് കൊണ്ടാണോ?. കഴിവിന് മുൻതൂക്കം നൽകപ്പെടാതെ എങ്ങിനെയാണ് ഒരു രാജ്യത്തിന് മുന്നേറാൻ കഴിയുന്നത് ?. ഇൻഡ്യയുടെ സംവരണ വ്യവസ്ഥിതി സാമ്പത്തിക ഉന്നതി എന്ന ആവശ്യക

തയെ മറികടന്ന് ജാതീയ അവകാശവാദത്തിലേയ്ക്ക് തിരിഞ്ഞിരിക്കുന്നതായും ദീർഘകാലത്തെ ആശയത്തിലുണ്ടായ വ്യതിയാനമാണ് ഇതിന് കാരണമെന്നും കാണാവുന്നതാണ്. സാമ്പത്തിക ഉന്നതിയെന്നത് വ്യക്തിയുടെ വരുമാനം, വിദ്യാഭ്യാസം, തൊഴിൽസാദ്ധ്യത തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ നിർവചിക്കപ്പെടുന്നത് ആണെങ്കിൽ, ജാതി അവകാശവാദം എന്നത് ജനനത്തോട് അനുബന്ധിച്ചുള്ള ഒരു അസംവേദനാത്മക അവകാശധാരയായി നിലകൊള്ളുന്നു. വ്യക്തിയുടെ നിലവിലെ സാമൂഹ്യമാനദണ്ഡങ്ങളോ സാമ്പത്തിക നിലയോ പരിഗണിക്കാതെയാണ് അതിന്റെ ആവിഷ്കാരം. ഇരുവിഭാഗത്തിലും പെടുന്നവരെ താരതമ്യം ചെയ്യുമ്പോൾ ഇത് നമുക്ക് വ്യക്തമായി മനസ്സിലാക്കാവുന്നതാണ്. ഒരു വശത്ത് സംവരണ വിഭാഗത്തിലുള്ളവർ സാമ്പത്തിക ഭദ്രത, ഉന്നത വിദ്യാഭ്യാസ സാധ്യതകൾ, ഗവണ്മെന്റ് ഉദ്യോഗം, ഉയർന്ന ബന്ധങ്ങൾ എന്നിവ അനുഭവിക്കുമ്പോൾ, അല്ലെങ്കിൽ ക്വാട്ടയിൽ അവസരം ലഭിക്കുമ്പോൾ മറുഭാഗത്ത് പൊതുവിഭാഗത്തിൽപ്പെട്ട നിർദ്ധനരുടെ മക്കൾ കഴിവും, യോഗ്യതയും ഉണ്ടായിട്ടും അവഗണിക്കപ്പെടുന്നു. ഇൻഡ്യയിലെ ഒരു IAS ഓഫീസറുടെ മകൻ/മകൾ പോലും ജാതിയുടെയും മതത്തിന്റെയും പേരിൽ സംവരണം വാങ്ങുന്നത് നമ്മുടെ നിസ്സാരമായ നിയമ പരിണാമത്തിന്റെ ഉദാഹരണമാണ്. ഇവർക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം, ജോലി സാധ്യത, പരിശീലനം, മാർഗ്ഗദർശനം എന്നിവ ലഭ്യമായിരിക്കുന്നു. എങ്കിലും, അവർക്ക് ലഭിക്കുന്ന സംവരണമൂല്യങ്ങൾ, സാധാരണക്കാരന്റെ മകനായ ഒരു പൊതുവിഭാഗക്കാരനിൽ നിന്ന് അകറ്റപ്പെടുന്നു. ജാതി, മതം എന്നിവ ഒരാൾക്ക് ജന്മവശാൽ തികച്ചും ആപേക്ഷികമായി പ്രാപ്തമാകുന്ന ഒന്നാണ്. ആയതുകൊണ്ട് തന്നെ ഒരു പ്രത്യേക മതം, ജാതി ഇവയിൽ ജനിച്ചത് കൊണ്ട് മറ്റുള്ളവരോ മുൻഗാമികളോ ചെയ്തിട്ടുള്ള പാപങ്ങൾ അയാളുടെ മേൽ ചമയ്ക്കാൻ ശ്രമിക്കുന്നത് തികച്ചും നിന്ദ്യമാണ്. എന്തുകൊണ്ടെന്നാൽ, അയാളുടെ ജന്മത്തിന് മാതാപിതാക്കൾ തികച്ചും ഒരു കാരണം മാത്രമാണ്. അതേസമയം, സമൂഹത്തിലുള്ള മറ്റുള്ളവരുടെ ജീവിത സാഹചര്യങ്ങളോടോ അവസ്ഥകളോടോ ആ വ്യക്തിക്ക് യാതൊരു മുൻബന്ധവുമില്ല എന്ന വസ്തുത വ്യവസ്ഥകളില്ലാതെ മനസ്സിലാക്കേണ്ടതാണ്. ആയതിനാൽത്തന്നെ, ഭാരതത്തിൽ വസിക്കുന്ന, നികുതി നൽകുന്ന, ഒരു പൗരൻ എന്ന നിലയിൽ സമത്വപരമായി അവകാശങ്ങളും ആനുകൂല്യങ്ങളും ലഭിക്കുവാൻ ഉള്ള ആ വ്യക്തിയുടെ അർഹത, മേൽപ്പറഞ്ഞ കാരണങ്ങളാൽ ഇല്ലാതാകുന്നില്ല. എന്നാൽ ഇവിടെ പക്ഷഭേദം കാണിക്കുന്നത് സർക്കാരാണ്, ഭരണഘടനയാണ്. ഇത് ഒരു സാമൂഹിക അനീതിയാണ്, ഭരണഘടനയിലെ തുല്യാവകാശ തത്വത്തെ പാടെ നിരസിക്കുന്ന പ്രവൃത്തിയാണ്. കാലപരിധിയില്ലാതെ ആനുകൂല്യങ്ങൾ ചിലവിഭാഗങ്ങൾക്ക് മാത്രം ഭരണകൂടം നൽകുമ്പോൾ സ്വസമത്വം അനുഭവിക്കാൻ കഴിയാതെ ചിലർ മാത്രം സ്വാതന്ത്ര്യം ലഭിച്ച രാജ്യത്തിലെ ജനാധിപത്യ വിശ്വാസിയായിരിക്കുവാൻ നിർബന്ധിക്കപ്പെടുന്നത് തികച്ചും വിരോധാഭാസമാണ്. ഈ സാഹചര്യത്തിന് മാറ്റം ഉണ്ടാവേണ്ടതുണ്ട്. വിദ്യാഭ്യാസ, ബൗദ്ധിക പ്രബുദ്ധത അവകാശപ്പെടുന്ന മലയാളി സമൂഹത്തിന്

അടിസ്ഥാന തലത്തിൽ നടക്കുന്ന അനീതി മനസ്സിലാക്കാൻ കഴിയുന്നില്ലന്നത് വിചിത്രമാണ്. ഇവിടെ പ്രതികരണശേഷി അവകാശപ്പെടാനില്ലാത്ത പ്രബുദ്ധത തികച്ചും മൂല്യമില്ലാത്തതായി തീരുന്നു.

ഇന്ത്യൻ ഭരണകൂടം "ക്രീമി ലെയർ" എന്ന ആശയം അവതരിപ്പിച്ചത് ഇത്തരം വിഷയങ്ങൾക്കുള്ള പരിഹാരവും ദുരുപയോഗം തടയുക എന്ന ഉദ്ദേശ്യത്തോടും കൂടിയായിരുന്നു. എന്നാൽ അതിന്റെ പ്രായോഗികതയിൽ അതിനെ ദുരുപയോഗം ചെയ്യാൻ എളുപ്പമുള്ള ലൂപ്പ്ഹോൾസ് കാണാം. സംവരണത്തിന് സാമ്പത്തിക പരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിലും, പലരും തങ്ങളുടെ വരുമാനവും സ്വത്തുവകകളും മറച്ചു വച്ച് സംവരണാവകാശം തുടർന്ന് അനുഭവിക്കുന്നു. അധ്യാപകരായോ, സർക്കാർ ഉദ്യോഗസ്ഥരായോ പ്രവർത്തിക്കുന്നവരുടെ മക്കൾക്ക് സംവരണമുണ്ട് എന്നത് സാമൂഹ്യനീതി എന്ന അതിന്റെ ഉദ്ദേശ്യം പരാജയപ്പെട്ടിരിക്കുന്നു എന്ന വസ്തുത വെളിവാക്കുന്നു. ഇതിനിടെ, പല ജാതികളിലെയും സാക്ഷരതയും വരുമാനവും ഉയർന്നിരിക്കുന്നു. എങ്കിലും സംവരണ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നതിന്റെ പേരിൽ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, ഉദ്യോഗപ്രാപ്തിയിലുള്ള മുൻഗണന, സർക്കാർ സബ്സിഡികൾ, കോളേജ് പ്രവേശനം തുടങ്ങിയവയിൽ ഈ വിഭാഗങ്ങൾക്ക് തുടർന്നും ആനുകൂല്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഇവയ്ക്ക് ഏറ്റവും കൂടുതൽ അർഹതയുള്ള സാമൂഹികവും സാമ്പത്തികവുമായ പിന്നോക്ക അവസ്ഥയിൽ കഴിയുന്ന പൊതുവിഭാഗക്കാർക്ക് അവരുടെ വരുമാന നിലവാരത്തിന്റെ അടിസ്ഥാനത്തിൽ വേണ്ട സഹായം പോലും ലഭിക്കുന്നില്ല എന്നത് ഈ സംവിധാനത്തിന്റെ അപചയമാണ്.

വിദ്യാഭ്യാസ സ്കോളർഷിപ്പുകളുടെ വിവേചനം സൂക്ഷ്മമായി നിരീക്ഷിക്കുമ്പോൾ, സംവരണജാതിക്കാർക്ക് ലഭിക്കുന്ന ധനസഹായം ദരിദ്രരായ പൊതുവിഭാഗം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതുമായി താരതമ്യം ചെയ്യുമ്പോൾ വളരെ ഉയർന്നതാണ്. കൂടുതൽ അപകടകരമായ വസ്തുത, ഈ സ്കോളർഷിപ്പുകൾ പലപ്പോഴും മുന്തിയ സ്കൂളുകളിലും സ്വകാര്യ സ്ഥാപനങ്ങളിലുമാണ് ചിലവഴിക്കപ്പെടുന്നത്. അതായത് സമ്പന്ന വിഭാഗക്കാരായ ജാതി, മത ന്യൂനപക്ഷത്തിൽപ്പെട്ട കുട്ടികൾക്കാണ് ആ പണത്തിന്റെ പ്രയോജനം ലഭിക്കുന്നത്. അതേസമയം, ഗ്രാമീണ മേഖലകളിൽ നിന്ന് വരുന്ന സാധാരണ കുട്ടികൾ പൂർണമായി അവഗണിക്കപ്പെടുന്നു. ഇതിന്റെ ദുഷ്പ്രഭാവം ഏതെല്ലാമാണെന്ന് പരിശോധിക്കുമ്പോൾ, വളരെ വലിയൊരു വിഭാഗം പൊതുവിഭാഗക്കാർ –പ്രധാനമായും ജാതി മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്ത നിർധനർ –രാഷ്ട്രത്തിന്റെ അർഹമായ പിന്തുണയ്ക്കും സാദ്ധ്യതകൾക്കും പുറത്താണ്. അവരുടെ ദാരിദ്ര്യവും, പഠനാവസരങ്ങളും, തൊഴിൽ നിഷേധവും ദേശീയ വികസനത്തിന്റെ പ്രധാന തടസ്സങ്ങളിലൊന്നായി മാറിയിരിക്കുന്നു. അധികബാധ്യതകൾക്ക് മേൽ ജീവിതം മുന്നോട്ട് നയിക്കുന്ന അവർ അനന്തമായി നീളുന്ന സംവരണം മൂലം സ്വന്തം ജീവിതഗ്രാഫ് കീഴോട്ട് വരയ്ക്കുവാൻ വിധിയ്ക്കപ്പെട്ട

ന്നു. രാഷ്ട്രത്തിന് അവർ നികുതി ചൂഷണത്തിനുള്ള കറവപ്പശുക്കൾ മാത്രമായി തീർന്നിരിക്കുന്നു.

ഇന്ത്യയിലെ സംവരണ വ്യവസ്ഥയുടെ ഏറ്റവും പ്രശ്നപരമായ വികാസങ്ങളിലൊന്നാണ് തലമുറകളായുള്ള അവകാശമായി അത് മാറികൊണ്ടിരിക്കുന്നതും, പരസ്പര പിന്തുണകളുള്ള ചില കുടുംബങ്ങൾക്കിടയിൽ സർക്കാർ ജോലികളിൽ ഏകാധിപത്യം സ്ഥാപിക്കപ്പെടുന്നതും. സംവരണം സാമൂഹ്യനീതി സാധിപ്പിക്കാനുള്ള ഒരു താൽക്കാലിക ഇടപെടലായിരുന്നെങ്കിലും, ഇന്ന് അതു ചില സമുദായങ്ങളുടെയും കുടുംബങ്ങളുടെയും സ്ഥിരമായ തൊഴിൽ ഉറപ്പായി മാറിയിരിക്കുന്നു. ഇതിന് വ്യക്തമായ ഉദാഹരണങ്ങൾ ഉണ്ട്. 1950കളിൽ സംവരണത്തിന്റെ സഹായത്തോടെ സർക്കാർ ജോലികളിൽ പ്രവേശിച്ച പലരുടെയും മക്കളും ഇന്നും സംവരണം വഴി ഉദ്യോഗസ്ഥരാകുന്നു. പിന്നീട് അവരുടെ മക്കളും അങ്ങനെ തന്നെ തുടരുന്നു. അപ്രകാരം, ഒരു കുടുംബത്തിലെ മൂന്നോ നാലോ തലമുറക്കാർ സംവരണത്തിലൂടെ ജോലി നേടുന്നത് സാധാരണമായിരിക്കുന്നു. സംവരണ പട്ടികയിൽ ഉൾപ്പെട്ടതുമൂലമാണ് അവർക്ക് ഈ ആനുകൂല്യങ്ങൾ വീണ്ടും വീണ്ടും ലഭിക്കുന്നത്. ഇത് പിന്നോക്കാവസ്ഥയിൽ നിൽക്കുന്നവരിൽ നിന്നും അവസരങ്ങൾ കവർന്നെടുക്കുന്നതിന് തുല്യമാണ് എന്നതാണ് യാഥാർത്ഥ്യം. ഇവിടെ പ്രസക്തമായ ഒരു കാര്യം ഗവൺമെന്റ് ജോലിക്കാരായ പിന്നോക്ക ജാതികളിലുള്ള മാതാപിതാക്കളുടെ കുട്ടികൾക്ക് ജാതിയുടെ പേരിൽ വീണ്ടും അവസരം കൊടുക്കുന്നത് അവസാനിപ്പിക്കണം. അല്ലാത്തപക്ഷം അർഹതയുള്ള പിന്നോക്ക ജാതികാർക്ക് ഉയർന്ന് വരാനുള്ള അവസരത്തെ അത് ഇല്ലായ്മ ചെയ്യുകയും അവർക്കിടയിൽ തന്നെ വലിയ സാമ്പത്തിക അന്തരം സംജാതമാകുകയും ചെയ്യും. ഇത് സംവരണത്തിന്റെ നൈതികതക്ക് എതിരായ വൻ വെല്ലുവിളിയാണ്. ഒരു കുടുംബം ജാതി വശാൽ പിന്നോക്കം ആണെന്ന പേരിൽ ആനുകൂല്യം കൈവരിച്ചാൽ പിന്നീടുള്ള തലമുറകൾക്ക് അതത് സാഹചര്യത്തിൽ അനുകൂല്യത്തിന്റെ ആവശ്യമുണ്ടോ എന്നത് അന്വേഷിക്കപ്പെടുന്നില്ല. ഇവർ വിദ്യാഭ്യാസം, വരുമാനം, സാമൂഹിക സ്വാധീനം തുടങ്ങിയ ഘടകങ്ങളിൽ മുൻതൂക്കത്തിൽ നിന്നുകൊണ്ടായാലും, സംവരണ പട്ടികയിലുണ്ടെന്നതിന്റെ പേരിൽ അവകാശം കൈവശപ്പെടുത്തുവാൻ ശ്രമിക്കുന്നു.

പലപ്പോഴും ഈ ആനുകൂല്യങ്ങൾ ഉപയോഗിക്കുന്നത് മാത്രമല്ല, അതിന്റെ ഉപയോഗത്തിൽ നിന്നുള്ള മാറ്റങ്ങൾ അവരുടെ അടുത്ത തലമുറയിലേക്കും കൈമാറുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരുടെ മക്കൾ ക്വാട്ട മുഖേന സ്ഥാപനങ്ങളിൽ പ്രവേശിക്കുകയും, പിന്നീട് അവരുടെ ബന്ധുക്കൾക്കും പരിശീലനം നൽകി സംവരണ ഉപഭോഗം കൈമാറുകയും ചെയ്യുന്നു. ഈ രീതിയിലൂടെയാണ് ചില വിഭാഗങ്ങൾക്കിടയിൽ ജോലി അടിസ്ഥാനത്തിൽ മോണോപോളി – അതായത് തൊഴിൽ നിയമനങ്ങളിൽ ഏകാധിപത്യം – ഉരുത്തിരിയുന്ന

ത്. ഇത് പുതിയ തലമുറയിലെ യാഥാർത്ഥ്യത്തിൽ പിന്നോക്കം നിൽക്കുന്നവർക്കു ള്ള അവസരങ്ങൾ തടസപ്പെടുന്ന വലിയ പ്രശ്നമാണ്. പൊതുവിഭാഗത്തിൽപ്പെട്ട അനേകം വിദ്യാർത്ഥികൾ അത്യധികം മാർക്കുകൾ നേടി പോരായ്മകളില്ലാത്ത മികവിനൊപ്പം മുന്നോട്ടുവരുമ്പോഴും സംവരണത്തിന്റെ അഭാവം കൊണ്ട് അവർ ക്കുള്ള അവസരങ്ങൾ നഷ്ടപ്പെടുന്നു. ഇത് അവരുടെ മനോവികാസത്തെയും ആ ത്മവിശ്വാസത്തെയും തകർക്കുന്നു.

ഈ വ്യവസ്ഥ സ്ഥാപനങ്ങളിലെയും ഉദ്യോഗപരമായ അടിസ്ഥാനങ്ങളിലെയും മത്സരം നശിപ്പിക്കുന്നു. ഒരേ വിഭാഗം ആളുകൾ പല തലങ്ങളിലായി ഒരേ സ്ഥാ പനത്തിൽ ജോലി ചെയ്യുമ്പോൾ, ജോലി ശൈലിയും സ്ഥാപനത്തിന്റെ ഔദ്യോ ഗിക പ്രവർത്തനശേഷിയും തുടക്കത്തിൽ തന്നെ ക്ഷയിക്കുന്നു. സ്വകാര്യ രംഗങ്ങ ളുമായുള്ള മത്സരതലത്തിൽ ഈ സ്ഥാപനങ്ങൾ പിന്നിലാകാൻ തുടങ്ങുന്നു. കേ രളത്തിലെ പല സർക്കാർ സ്ഥാപനങ്ങളുടേയും കാര്യശേഷിക്കുറവിന്റെ പ്രധാന കാരണമായി ഇത് മാറിയിരിക്കുന്നു. പല തലമുറകളായി സംവരണം ആവർത്തി ച്ച് ഉപയോഗിക്കുന്നതിലൂടെ ഇക്കൂട്ടരുടെ നിലപാട് ഇപ്പോൾ സംവരണം അവരു ടെ അവകാശമെന്ന രീതിയിലേക്കാണ് മാറുന്നത്. ഒരു താത്കാലിക നീതി സം വിധാനമായിരുന്ന സംവരണം ഇന്ന് സ്ഥിരമായ അവകാശവാദമായി മാറിയി രിക്കുന്നു. ഇത് അതിന്റെ നൈതികമായ അധികാരവുമായും നിയമപരമായ ആ ധികാരികതയുമായും ഒട്ടുംതന്നെ പൊരുത്തപ്പെടുന്നില്ല. ആയതിനാൽ, ഒരിക്കൽ സാമൂഹികമായി ഉയർന്നതിനു ശേഷം സംവരണത്തിൽ നിന്ന് സ്വയം പിന്മാറേ ണ്ട സംവിധാനം ആവശ്യമാണ്. അതിലൂടെ യാഥാർത്ഥ്യത്തിൽ അവസരമറ്റവർ ക്കുള്ള വഴിയൊരുക്കാനും സംവരണത്തിന്റെ ഉദ്ദേശ്യപൂർത്തിയും സാമൂഹ്യ നീതി യും സംരക്ഷിക്കാനും കഴിയും. സംവരണം ഒരു കുടുംബത്തെ തലമുറകളായി സം രക്ഷിക്കുന്നതിനല്ല. മറിച്ച്, സുതാര്യതയോടെയുള്ളതും അത് അർഹിക്കപ്പെടുന്നവ ർക്കുള്ളതുമായ കൈത്താങ്ങായിരിക്കണം.

ഇന്ത്യൻ രാഷ്ട്രീയത്തിൽ ഏറ്റവും കൂടുതൽ തെറ്റദ്ധരിപ്പിക്കപ്പെടുകയും, എന്നാൽ അതേസമയം അതിമൂല്യമായ വോട്ട്ബാങ്ക് ആയി മാറിയതുമാണ് SC/ST/OBC വിഭാഗങ്ങൾ. യാഥാർത്ഥ്യത്തിൽ ഭരണഘടനാപരമായ സംവരണം ഈ വിഭാ ഗങ്ങളുടെ സാമൂഹിക ഉന്നമനത്തിനായിരുന്നെങ്കിലും ഇന്ന് അത് വോട്ട് ബാങ്ക് ജനസംഖ്യ കണക്ക്, വികാര ചൂഷണം, പ്രതീകാത്മക ആക്രോശം എന്ന നിലകളി ലേയ്ക്ക് തരം താഴ്ന്ന് പോയിരിക്കുന്നു. ജാതിയെ തിരിച്ചറിയൽ രേഖയാക്കുകയും സ മൂഹത്തിൽ ഭിന്നത വളർത്തുകയും ചെയ്യുന്ന ഈ കളിയിൽ, രാഷ്ട്രീയ പാർട്ടികളും അവരുടെ ആശയപ്രചാരകരുമായ മാധ്യമങ്ങളും രാജ്യത്തിന്റെ പുറത്തും അക ത്തും ഉള്ള ഛിദ്രശക്തികളും അവരിൽ നിന്നും സാമ്പത്തികം കൈപ്പറ്റുന്നവരും പ്രധാന പങ്ക് വഹിച്ചുകൊണ്ടിരിക്കുന്നു. രാഷ്ട്രീയ പാർട്ടികൾ SC/ST/OBC വിഭാഗ ങ്ങളെ തിരഞ്ഞെടുപ്പ് സമയത്ത് വോട്ടിനായുള്ള വൈകാരികത നിറഞ്ഞ മൂലധ

നമായി ഉപയോഗിക്കുന്നു. 'നാം ശോഷിതർ ആണ്', 'നാം അനുഭവിച്ച അത്യാചാരങ്ങൾ എത്ര ദാരുണമായിരുന്നു' എന്ന പ്രകാരങ്ങളിലുള്ള വികാര പ്രചാരണങ്ങളിലൂടെ ജാതി വോട്ടുകൾ ഉറപ്പാക്കുന്നു. ചരിത്രത്തിൽ ഉണ്ടായ അതിക്രമങ്ങളുടെ മുഴുവൻ ചുമതല അതുമായി യാതൊരു അറിവും ബന്ധവും ഇല്ലാത്ത ഇന്നത്തെ ജനറൽ വിഭാഗക്കാർക്കുമേൽ വിതറി അവരെ ദോഷികളുടെ പട്ടികയിലേക്ക് മാറ്റുന്നു. ഇതോടെ, പ്രതീക്ഷകളും പ്രതികരണങ്ങളും നഷ്ടപ്പെട്ട് ഒരു വിഭാഗം സ്വന്തം ദുരിതത്തിന്റെ പ്രതിഫലം ഏറ്റുവാങ്ങി ചെയ്യാത്ത തെറ്റിന് അപരാധി എന്ന ശീർഷകം ചുമന്നുകൊണ്ട് ചൂഷണ വിധേയരായി ജീവിക്കേണ്ടിവരുന്നു. അതായത്, അക്ഷരാർത്ഥത്തിൽ ചരിത്രപരമായ ക്രൂരതയും അവഗണയും ഇന്ന് ചൂഷിതർ എന്ന് നടിക്കുന്ന മറുവിഭാഗക്കാർ ചെയ്യുന്നു. എന്നാൽ അവർ ചൂഷിതരല്ല എന്നു മാത്രമല്ല നിരപരാധികളുടെ മേൽ കുറ്റം ചാർത്തുകയും അവരുടെ അവകാശങ്ങൾ ചൂഷണം ചെയ്ത് ജീവിക്കുകയും ചെയ്യുന്നതിനാൽ ചൂഷിതർ എന്ന് സ്വയം വിശേഷിപ്പിക്കുന്ന ഈ വിഭാഗം തീർച്ചയായും അപരാധികളാണ്.

വോട്ട് ബാങ്ക് രാഷ്ട്രീയത്തിനായുള്ള നാടകമെന്ന രീതിയിൽ കൃത്രിമമായി ഉണ്ടാക്കുന്ന ന്യൂനപക്ഷ ചൂഷണ, പീഡന സംഭവ വാർത്തകൾ, ഒറ്റപ്പെട്ട സംഭവങ്ങൾ മുതലായവ മാധ്യമങ്ങൾ അവരുടെ രാഷ്ട്രീയ ചായ്‌വുകൾ പ്രകാരം പൊലിപ്പിച്ച് കാണിക്കുന്നു. ഇത് സമൂഹത്തിൽ പാരമ്പര്യാധിഷ്ഠിതമായ സംഘർഷത്തെ പുനരുജ്ജീവിപ്പിക്കുന്നു. ചരിത്ര സത്യമുണ്ടായിരുന്നിട്ടും, അതിന്റെ പ്രസക്തിയില്ലാത്ത കാലഘട്ടങ്ങളിൽ പോലും ആ വേദനകളെ പുനർസംസ്കരിച്ച് വരുന്ന ഈ നാടകങ്ങൾ സാമാന്യ ജീവിതത്തിൽ ജനങ്ങൾ തമ്മിലുള്ള അനാവശ്യ വൈരാഗ്യം വളർത്തുന്നു. ഒറ്റപ്പെട്ട സംഭവങ്ങൾ പൊലിപ്പിച്ച് കാണിക്കുന്ന സ്വഭാവം മാധ്യമങ്ങൾക്ക് പുറമെ കമ്മ്യൂണിസ്റ്റ് എഴുത്തുകാരും കമ്മ്യൂണിസത്തിന്റെ ശൈശവകാലം മുതൽ ചെയ്ത് വരുന്നതാണ്. കളവിനെ കളവായി അംഗീകരിക്കുന്നതിന് പകരം അതിനെ ന്യായീകരിക്കുന്നതാണ് ഇവിടുത്തെ നയം. അതാണ് ചങ്ങമ്പുഴയുടെ കാവ്യമായ 'വാഴക്കുല'. കേരളം മുഴുവൻ അപ്രകാരമാണ് എന്ന പ്രതീതി ഉണ്ടാക്കാൻ ഈ സൃഷ്ടി സഹായിച്ചു. എന്നാൽ ഈ കേസ് ഒരു കോടതിയിൽ ആണെങ്കിൽ വൈകാരികതയെ ന്യായികരിച്ച് പ്രതിയെ വെറുതെ വിടുമോ?. കൊയ്യുന്ന വയലുകൾ എല്ലാം സ്വന്തമാകണമെന്നും, പണിയെടുക്കുന്ന കമ്പനിയുടെ ഓഹരി എല്ലാം തൊഴിലാളികൾക്ക് എഴുതി കൊടുക്കണം എന്ന് പറയുന്നത് ന്യായമോ?. അങ്ങിനെയുള്ള ഭ്രാന്തന്മാർ ഉള്ള നാട്ടിൽ ആരെങ്കിലും ബിസിനസ്സ് തുടങ്ങാൻ ധൈര്യപ്പെടുമോ?.

യഥാർത്ഥ ബുദ്ധിയും വൈഭവവും ഇല്ലാത്ത കുരിട്ടു ബുദ്ധികളായ രാഷ്ട്രീയക്കാർ, തങ്ങൾ കൈവരിച്ച നേട്ടങ്ങൾ ചൂണ്ടിക്കാണിച്ച് തിരഞ്ഞെടുപ്പിൽ ജയിക്കാൻ കഴിയില്ല എന്ന് അറിയാവുന്നതിനാൽ ജനങ്ങളെ എപ്പോഴും ജാതീയമായും മതപരമായും ഭിന്നിപ്പിച്ച് നിർത്തുന്നു. വിശേഷിച്ച് കോളേജുകളിലും സർവകലാശാലക

ളിലും, ചില വിദ്യാർത്ഥി സംഘടനകളും രാഷ്ട്രീയ രൂപത്തിലുള്ള NGOകളും സാമ്പത്തിക സഹായത്തോടെയും രാഷ്ട്രീയ പിന്തുണയോടെയും കൃത്രിമമായ ജാതി പ്രചാരണങ്ങൾ നടപ്പിലാക്കുന്നു. യൂണിവേഴ്സിറ്റികളിൽ 'ആരാണ് നമ്മെ ജാതി/മതപരമായി അടിച്ചമർത്തുന്നത്' എന്ന ആശയത്തിൽ ഉപരിതലത്തിലുള്ള പൊതുവിഭാഗം വിദ്യാർത്ഥികളെ തന്നെ 'ചൂഷകന്മാർ' എന്ന ശീർഷകത്തിന്റെ കരിനിഴലിൽ നിർത്തുന്നു. ഇപ്രകാരം വിദ്യാർത്ഥി രാഷ്ട്രീയത്തിൽ ഒരു വിഭാഗം വിപ്ലവികതയുടെ മറവിൽ മറുവിഭാഗത്തെ ദൂഷിപ്പിക്കുന്നു. ഇതിന്റെ പശ്ചാത്തലത്തിൽ പ്രതിപക്ഷം തനിക്കെതിരായി നിലകൊള്ളുമ്പോൾ, ഉടനെ ആ പരാമർശം 'ജാതിവാദം' എന്ന് മുദ്രവെച്ച് പുറത്താക്കുന്ന പലരെയും കാണാം. നീതി, മിതവാദം, ഭരണഘടനാപരമായ അവലോകനം ഇവയെല്ലാം തന്നെ 'ജാതി വിരോധം' എന്ന് മുദ്രകുത്തുന്നു. അതിന്റെ ഭാഗമായി, പൊതുവിഭാഗക്കാരായ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും സമൂഹത്തിൽ അഭിപ്രായ പ്രകടനം പോലും അസാധ്യമാകുന്നു.

രാഷ്ട്രീയ കണക്കുകൂട്ടലുകൾ വളരുമ്പോൾ തെരഞ്ഞെടുപ്പുകൾ വികസനം, തൊഴിലവസരങ്ങൾ, വിദ്യാഭ്യാസ മാനങ്ങൾ തുടങ്ങിയ കാര്യങ്ങളിലേക്ക് മാറാതെ രാഷ്ട്രീയം ജാതിവിവരണങ്ങളുടെ ഗണിതശാസ്ത്രത്തിലേക്ക് ചുരുങ്ങുന്നു. ഇതിന്റെ ഭാഗമായാണ് ഓരോ പാർട്ടിയും അവരുടെ തെരഞ്ഞെടുപ്പ് പ്രകടനപത്രികകളിൽ "വിദ്യാഭ്യാസം + സംവരണം = നീതി" പോലുള്ള വികാരാഭിഷേകങ്ങളിലൂടെ നുണകളും ആശ്വാസവാക്കുകളും മാത്രം നൽകുന്നത്. ഇത് രാഷ്ട്രീയ വികാര ചൂഷണത്തിന്റെ ഏറ്റവും അപകടകരമായ രൂപമാണ്. "നമുക്ക് നീതി കിട്ടണമെങ്കിൽ ഈ പാർട്ടിക്ക് വോട്ട് ചെയ്യണം", "നമ്മുടെ ഉയർച്ചയ്ക്ക് ഇവരെ തിരഞ്ഞെടുക്കണം" തുടങ്ങിയ പ്രചാരണങ്ങൾ വഴി ജനതയുടെ വികാരങ്ങൾ കൂട്ടത്തോടെ കച്ചവടമാക്കപ്പെടുന്നു. അവസാനം, സംവരണത്തിന് സംവേദനാത്മകമായ പ്രസക്തിയും ഭരണഘടനാപരമായ ഉദ്ദേശ്യവും നഷ്ടപ്പെടുന്നു. ബുദ്ധിജീവികളും സത്യാന്വേഷികളും "ജാതിവാദികൾ" എന്നു മുദ്രകുത്തപ്പെടുന്നു. ജാതിവികാരമെന്ന നാണയം എപ്പോഴും ഒരു വിഭാഗത്തിന്റെ അധികാരവും അവകാശവും പറ്റിച്ചെടുക്കാൻ ഉപകരിക്കുന്നു. എന്നാൽ രാജ്യത്തിന് യഥാർത്ഥ നീതിയും വളർച്ചയും ലഭിക്കാതെ തന്നെ തുടരുന്നു.

ഇന്ത്യയിലെ വിദ്യാഭ്യാസ, തൊഴിൽ മേഖലയിലെ സംവരണാത്മക അനീതികൾ ഏറ്റവും മേൽത്തട്ടിലുള്ള പൊതുവിഭാഗ വിദ്യാർത്ഥികളെയും ഉദ്യോഗാർത്ഥികളെയും നാടിനു പുറത്തേക്ക് ചേക്കേറുവാൻ പ്രേരിപ്പിക്കുന്ന പ്രധാനഘടകമായി മാറിയിരിക്കുന്നു. ഇന്ന്, ഐക്യരാഷ്ട്ര സംഘടനയുടെ റിപ്പോർട്ടുകൾ ഉൾപ്പെടെ ബഹുഭൂരിപക്ഷ അന്താരാഷ്ട്ര പഠനങ്ങളും ഏറ്റുപറയുന്നത് ഇന്ത്യയിൽ മികവിന്റെ അടിസ്ഥാനത്തിൽ അവസരങ്ങൾ ഇല്ലാതായ കാരണത്താൽ വൈദഗ്ദ്ധ്യവും കഴിവും ഉള്ളവർ വിധിയെ പഴിച്ച് ചൂഷണത്തിന് വിധേയരായി കഴിയാതെ അവസ

രങ്ങൾ തേടി വിദേശത്തേയ്ക്ക് പറക്കുന്നു എന്ന യാഥാർത്ഥ്യമാണ്. ഈ മികവില്ലു ണ്ടാകുന്ന ചോർച്ച ഭാവിയിൽ ഇന്ത്യയുടെ വികസനത്തിന് വലിയ ഭീഷണിയായി മാറുകയും അത്യന്താധുനികമായ പല ടെക്നോളജികൾക്കും വേണ്ടി നമുക്ക് മറ്റ് പല രാജ്യങ്ങളെ ആശ്രയിക്കേണ്ടതായി വരികയും ചെയ്യും. ഈ അനീതികൾ അവ ലോകനം ചെയ്യുമ്പോൾ പ്രത്യേകിച്ച് NEET, UPSC, JEE തുടങ്ങിയ പ്രധാന പരീക്ഷ കളിൽ ഗുരുതരമായ അവസ്ഥകളാണ് പൊതുവിഭാഗം വിദ്യാർത്ഥികൾ നേരിട്ടു ന്നത്. 600 മാർക്കും കിട്ടിയ വിദ്യാർത്ഥികൾക്ക് പ്രവേശനം നഷ്ടപ്പെടുമ്പോൾ 130 മാർക്ക് മാത്രം നേടിയ സംവരണ വിഭാഗക്കാർ മെഡിക്കൽ പ്രവേശനം നേടുന്നു എന്നത് വിരോധാഭാസമാണ് പ്രതിഷേധാർഹവുമാണ്. UPSCയിൽ അക്ഷരാർ ത്ഥത്തിൽ ഉയർന്ന റാങ്കുകൾ നേടുന്നവരും അന്തിമ ലിസ്റ്റിൽ ഇടം നേടാതെ സംവരണത്തിൽ താഴ്ന്ന റാങ്കുകൾ ഉള്ളവർക്ക് IAS, IPS തസ്തികകൾ ലഭിക്കുന്നതും സ്ഥിരമായ സാഹചര്യമാണ്. ഈ വിധത്തിലുള്ള നീതിയില്ലായ്മ, മികവിനെ പി ന്നിലാക്കുന്ന മനോഭാവം ഏറെ പ്രതീക്ഷയുള്ള വിദ്യാർത്ഥികളെയും തൊഴിലാളി കളെയും ദേശത്തു നിന്ന് അകലാൻ മനസ്സിനെ പ്രേരിതമാക്കുന്നു.

ഇന്ത്യയിലെ ടാലന്റ് പൂളിൽ നിന്ന് ആയിരക്കണക്കിന് വിദ്യാർത്ഥികൾ അമേരി ക്ക, യുകെ, കാനഡ, ജർമ്മനി, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലേക്ക് ചേക്കേറി യിരിക്കുന്നു. ഇവരുടെ നേട്ടം അവർ താമസിക്കുന്ന രാജ്യങ്ങൾക്ക് തന്നെയാകും. അവർ ഡോക്ടർമാരാകുമ്പോഴും ശാസ്ത്രജ്ഞരാകുമ്പോഴും സ്റ്റാർട്ടപ്പുകൾ തുടങ്ങു മ്പോഴും അതിന്റെ ഫലവും നിക്ഷേപവും ആ രാജ്യങ്ങളിലേക്കാണ് പോകുന്നത്. ഇന്ത്യയുടെ ശതകോടി മൂല്യത്തിലുള്ള മനുഷ്യശേഷി ജാതിമൂല്യ ചിന്തകളുടെയും രാഷ്ട്രീയ സമ്മർദ്ദങ്ങളുടെയും പേരിൽ നഷ്ടപ്പെടുകയാണ്. അതേസമയം ഭൂരിഭാ ഗം പൊതുവിഭാഗം ജനങ്ങളും സ്വകാര്യ മേഖലയിലേയ്ക്ക് മാറുന്നു. എന്നാൽ, അ വിടെയും സംവരണ സംസ്കാരത്തിന്റെ മറ്റൊരു വശം ഒളിഞ്ഞിരിക്കുന്നു. നിയമന വൈവിധ്യം (diversity hiring) എന്നതിന്റെ പേരിൽ പല MNCകൾ പോലും മനഃപൂ ർവ്വവും അല്ലാതെയും പൊതുവിഭാഗത്തിൽപ്പെടുന്നവരെ അവഗണിക്കുന്ന സാഹ ചര്യത്തിലേക്ക് പോകുന്നു. പല പൊതുവിഭാഗക്കാരും സംവരണവായ്പകളോ സൗ ജന്യ പരിശീലന പദ്ധതികളോ ലഭിക്കാത്തത് മൂലം ഉദ്യോഗകമ്പോളത്തിന്റെ മ ത്സരത്തിന് മുന്നിൽ തളരുന്നു. ഇവയെല്ലാം മാനസിക സമ്മർദ്ദം, തളർച്ച, വിഷാ ദം, ആത്മവിശ്വാസ നശീകരണം എന്നീ മാനസിക പ്രത്യാഘാതങ്ങളിലേക്ക് വി ദ്യാർത്ഥികളെ തള്ളുന്നു. അവർ സമൂഹത്തിൽ തങ്ങളുടെ നില കണ്ടെത്താനാ കാതെ, “നമുക്ക് ഇവിടെ സ്ഥാനം ഇല്ല” എന്ന ബോധ്യത്തിൽ താഴ്ന്ന് പോകുന്നു. വർഷങ്ങളായുള്ള കഠിനപ്രയത്നങ്ങൾക്കും പഠനമികവിനും പകരമായി ലഭിക്കുന്ന ത് നിരസനമാണ് എന്ന ദുരഭിമാനബോധം അവരിൽ ഉടലെടുക്കുന്നു.

ഈ പശ്ചാത്തലത്തിൽ ഇന്ത്യയിൽ തന്നെ പരിശീലന കേന്ദ്രങ്ങൾ, എൻ.ആർ. ഐ ക്വാട്ട, ക്യാപ്പിറ്റേഷൻ ഫീസ്, മാനേജ്മെന്റ് സീറ്റ് തുടങ്ങിയ ഉപരിപഥങ്ങൾ

കൂടുതൽ ശക്തമാകുന്നു. പണം കൊടുത്ത് അഡ്മിഷൻ വാങ്ങാൻ നിർബന്ധിത രാകുന്ന പൊതുവിഭാഗം മാതാപിതാക്കൾ വേദനയോടെയാണ് ഈ സമാന്തര വിദ്യാഭ്യാസ വ്യവസ്ഥയുടെ ചിലവുകൾ സഹിക്കുന്നത്. അതുവഴി പണം നഷ്ടപ്പെടുകയും, വിദ്യാഭ്യാസത്തെക്കുറിച്ചുള്ള വിശ്വാസം മങ്ങുകയും ചെയ്യുന്നു. ദേശീയ തലത്തിൽ ചിന്തിക്കുമ്പോൾ, ഈ "മികവില്ലുള്ള ചോർച്ച" ആകെയുള്ള രാജ്യത്തെ വൻ മൂലധന നഷ്ടമായി മാറുന്നു. ഇന്ത്യയ്ക്ക് വേണ്ടി സേവിക്കേണ്ട എഞ്ചിനിയർമാർ, ഗവേഷകർ, ശാസ്ത്രജ്ഞർ, ഡോക്ടർമാർ തുടങ്ങിയവർ ആഗോള ശക്തികൾക്ക് സേവനം നൽകുകയാണ്. ദേശീയ നിക്ഷേപങ്ങൾ, ശീലങ്ങൾ, വിദ്യാഭ്യാസത്തിന് ചെലവാക്കിയ മുഴുവൻ ആസ്തിയും ഒടുവിൽ മറ്റ് രാജ്യങ്ങൾക്കായി ഫലം കൊടുക്കുകയാണ്. ഇത് രാജ്യത്തിന്റെ സാമ്പത്തിക ശക്തിയേയും മാനവശേഷിയേയും തളർത്തുന്ന ഒരു സമീപകാല ദുരന്തമാണ്. അതിനാൽ, സമത്വം എന്ന പേരിൽ നടക്കുന്ന ഈ വിവേചനം, യാഥാർത്ഥ്യത്തിൽ ഇന്ത്യയുടെ ഭാവിയെ തന്നെയാണ് ശുഷ്കിപ്പിക്കുന്നത്. പ്രതിഭകൾക്കും ഉജ്ജ്വലതയ്ക്കും പകരം രാഷ്ട്രീയ കണക്കുകൂട്ടലുകൾ രാജ്യം മുന്നോട്ട് നയിക്കുന്ന ഈ സംസ്കാരം അവസാനിപ്പിക്കേണ്ട സമയമായി കഴിഞ്ഞു. അല്ലെങ്കിൽ, ഒരു ദിവസം ഇന്ത്യയിലുണ്ടാകുന്നത് കഴിവില്ലായ്മയുടെ ദാരിദ്ര്യവും അഭിമാനത്തിന്റെ അപചയവുമാണ്.

ഇന്ത്യയുടെ ഭരണഘടനയിൽ ഉറപ്പ നൽകിയിട്ടുള്ള സംവരണം, സാമൂഹ്യ നീതി കൊണ്ടുവരുന്നതിനുള്ള ഒരു ഉപായമായി രൂപകൽപ്പന ചെയ്തതാണ്. എന്നാൽ സംവരണത്തിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥ സ്ഥാനങ്ങളിൽ എത്തുന്നവരുടെ പ്രവർത്തനക്ഷമതയും ഉത്തരവാദിത്വവും വിലയിരുത്തുന്നതിനുള്ള സംവിധാനം വളരെ അപൂർവമാണ്. പ്രവേശന ഘട്ടത്തിൽ സംവരണ മികവിലൂടെ ഒരാൾ നിയമിതനായിക്കഴിഞ്ഞാൽ, അതിനുശേഷം അവന്റെ പ്രവർത്തനം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല. പൊതുസ്ഥാപനങ്ങളിൽ നിലവിലുള്ള പ്രവർത്തന മികവാണ് ഉദ്യോഗസ്ഥരുടെ നിലനില്പിനും ഉദ്യോഗകയറ്റത്തിനുള്ള പരിഗണനയ്ക്കും അടിസ്ഥാനമായിരിക്കുന്ന ഘടകം. പക്ഷേ സംവരണ ആനുകൂല്യത്തിൽ എത്തിയവർക്ക് ഇത് ബാധകമല്ലെന്ന സാഹചര്യം പലസ്ഥാപനങ്ങളിലും കണ്ടെത്താവുന്നതാണ്. ചികിത്സാസ്ഥാപനങ്ങൾ മുതൽ വിദ്യാഭ്യാസ, ന്യായവ്യവസ്ഥ, ഭരണ സംവിധാനങ്ങൾ വരെ എല്ലാ മേഖലകളിലും ഇത് ഒരു ഭീഷണിയാകുന്നത് പ്രകടമാണ്. ഒരു ഉദ്യോഗസ്ഥൻ തന്റെ സ്ഥാനം കൃത്യമായി നിർവഹിക്കുന്നില്ലെങ്കിൽ അതിന്റെ പ്രത്യാഘാതം നൂറുകണക്കിന്, ചിലപ്പോൾ ആയിരക്കണക്കിന് ജനങ്ങൾക്കാണ് അനുഭവിക്കേണ്ടിവരുന്നത്. ആരോഗ്യമേഖലയിൽ കഴിവില്ലായ്മ മൂലം രോഗികൾക്ക് മരണം വരെ സംഭവിക്കുന്ന നിരവധി സംഭവങ്ങൾ രാജ്യത്ത് പതിവാണ്. അധ്യാപക തലത്തിൽ നിലനിൽക്കുന്ന തൊഴിൽ ശൂന്യത പഠന നിലവാരത്തിൽ തകർച്ചയ്ക്ക് കാരണമാകുന്നു. ന്യായവ്യവസ്ഥയിലെ വൈകിയ വിധികൾ, അയോഗ്യമായ വിധി പ്രഖ്യാപനങ്ങൾ എന്നിവ സാമൂഹിക നീതിയേയും ജനവിശ്വാസത്തേയും തകർക്കുന്നു.

കാര്യക്ഷമതയുടെ അടിസ്ഥാനത്തിൽ പ്രതികൂലമായ അവസ്ഥ നേരിടേണ്ടി വരുമെന്നുള്ള ഒരു ഭയം പോലും സംവരണത്തിൽ നിയമിതനായ ഉദ്യോഗസ്ഥൻ അനുഭവിക്കുന്നില്ല. കാരണം, അവരുടെ സാമൂഹിക പിന്തുണയും രാഷ്ട്രീയ പിന്തുണയും അവരെ സുരക്ഷിതരാക്കുന്നു. ഇവരെ എതിർക്കാനോ തെറ്റ് ചൂണ്ടിക്കാണിക്കാൻ ശ്രമിച്ചാലോ ഉടൻ തന്നെ 'ജാതിവിവേചനം' എന്ന ആരോപണം ഉയർത്തപ്പെടുന്നു. ഇത് ഉന്നത തലത്തിൽ തന്നെ നിലകൊള്ളുന്ന ഒരു പ്രതിരോധ സംവിധാനമായി മാറിയിരിക്കുന്നു. അഭിമുഖങ്ങളില്ലാതെ, അന്വേഷണങ്ങളില്ലാതെ, പ്രവർത്തനക്ഷമതയുടെ അടിസ്ഥാനത്തിൽ മേൽനോട്ടം ഇല്ലാതെ ഒരു വിഭാഗം ഉദ്യോഗസ്ഥർക്ക് സംവരണം ഒരു അവകാശമായി മാറിയിരിക്കുന്നു. ഇവരുടെ ജോലിയിലുള്ള അലംഭാവം ചൂണ്ടിക്കാണിച്ചാൽ 'വംശീയ അധിക്ഷേപം', 'ജാതി വിവേചനം' തുടങ്ങിയ വാദങ്ങൾ ഉയർത്തുന്നത് സാധാരണമാണ്. ഇത്തരത്തിലുള്ള നീചമായ രീതികളിലൂടെ അവരുടെ മറുവശം പറയാൻ ശ്രമിക്കുന്നവരെ മാനസികമായും നിയമപരമായും തകർക്കുന്നു. കുറ്റങ്ങൾ തെളിയിക്കപ്പെടുന്ന സാഹചര്യങ്ങളിലും 'സാമൂഹിക പിൻതുണ' എന്ന സഹാനുഭൂതി നേട്ടമാണ് പലരും ഉപയോഗിക്കുന്നത്. ഇത് ഭരണതലത്തിൽ എടുക്കുന്ന കടുത്ത തീരുമാനങ്ങളേയും നിഷേധിക്കുന്ന രീതിയിലാണ് വികസിച്ചിരിക്കുന്നത്. സംവരണ സംവിധാനത്തിന്റെ ആരംഭം സമത്വം ഉറപ്പാക്കുന്നതിനായിരുന്നുവെങ്കിലും ഇന്ന് അവകാശവാദങ്ങൾക്കു മാത്രമല്ല, പ്രത്യേക പരിഗണന നിലനിർത്തുന്നതിനും, ഒരു ജാതി വിശേഷത്തിന് ഭരണ സംവിധാനത്തിലെ പങ്കാളിത്തം സ്ഥിരമായി ഉറപ്പുവരുത്തുന്നതിനും ഇതിനെ ഉപയോഗിക്കുന്നു. സംവരണം എന്നത് ഒരു ചുരുങ്ങിയ കാലയളവിനുള്ള ഇടപെടൽ ആകേണ്ടിയിരുന്നു. പക്ഷേ, ഇപ്പോൾ അത് തലമുറതോറും നിലനിൽക്കുന്ന അനന്തരാവകാശമായി മാറിയിരിക്കുകയാണ്.

ഒരു വിഭാഗം ജീവനക്കാർ പൊതുശ്രേണിയിൽ നിയമിതരാകുമ്പോൾ അവരുടെ എല്ലാ പ്രവർത്തനങ്ങളും പ്രതീക്ഷകളും നിരീക്ഷണത്തിലും പൊതു വിമർശനത്തിലുമാണ്. പക്ഷേ സംവരണത്തിലൂടെ എത്തിയവർക്ക് അതേ നിയമം ബാധകമാകുന്നില്ല. ഇത് ആധികാരികതയില്ലായ്മയും ആധികാരികതയുടെ ദുരുപയോഗവുമാണ്. പല വകുപ്പ് തലങ്ങളിലും, പ്രത്യേകിച്ച് സംസ്ഥാന അടിസ്ഥാനത്തിലുള്ള പ്രാദേശിക ഭരണ സംവിധാനങ്ങളിൽ, സംവരണ ഉദ്യോഗസ്ഥരുടെ ആധിപത്യം വർദ്ധിച്ചപ്പോൾ കാര്യക്ഷമത കുറഞ്ഞിട്ടുണ്ട് എന്നത് കണക്കുകൾ കൊണ്ട് തെളിയിക്കാവുന്നതാണ്. തുല്യത ആവശ്യപ്പെടുന്നവർ കാര്യക്ഷമത നിലനിർത്തുവാനുള്ള തത്തുല്യമായ നിരീക്ഷണങ്ങൾക്ക് വിധേയരാകുവാൻ വിസമ്മതിക്കുന്നു. സംവരണത്തിലൂടെ സ്ഥാനമേറ്റവർക്ക് പ്രവർത്തനപരമായ വിമർശനം നേരിടേണ്ടിവന്നാൽ, ഉടൻ തന്നെ അത് അവരുടെ ജന്മാവകാശത്തിലേയ്ക്കുള്ള കടന്നുകയറ്റം എന്ന പ്രമേയത്തിലേക്ക് വഴിമാറുന്നു. അങ്ങനെ, ഭരണസംവിധാനങ്ങളിലെ പോഷകത്വവും ക്രമസമാധാനവുമെല്ലാം സാമൂഹിക വസ്തുതകളുടെ പേരിൽ പിന്നോട്ടുപോകുന്ന അവസ്ഥയിലേക്ക് നയിക്കപ്പെടുന്നു. നിരീക്ഷണവും ഉത്തര

വാദിത്വവുമില്ലാതെ ഭരണഘടനാപരമായ സ്ഥാനങ്ങളിൽ ഇരിക്കുമ്പോൾ അധികാരത്തിന്റെ യഥാർത്ഥ ധർമ്മവും ലക്ഷ്യവും നഷ്ടപ്പെടുന്നു. ഭരണത്തിന് തുല്യമായ സേവനം ആവശ്യപ്പെടുന്നതിനാൽ മാത്രമല്ല, ജനങ്ങൾക്ക് ലഭിക്കേണ്ടതായ ഗുണമേന്മയുള്ള സേവനങ്ങൾ ഉറപ്പാക്കുന്നതിനും, സംവരണത്തിലൂടെ സ്ഥാനമേറ്റ ഉദ്യോഗസ്ഥർക്കും പെർഫോർമൻസ് അടിസ്ഥാനത്തിൽ പ്രതികരണങ്ങളും വിലയിരുത്തലുകളും ബാധകമാകണം. ഇല്ലെങ്കിൽ അത് ഭരണകൂടത്തിന്റെ വിശ്വാസ്യതയെ തന്നെ ചോദ്യം ചെയ്യപ്പെടുന്നതായി മാറും.

ഇന്ത്യൻ ബ്യൂറോക്രസിയുടെ അകത്തളങ്ങളിൽ ഒരു നിശബ്ദമായ വിപ്ലവം നടന്നുകൊണ്ടിരിക്കുന്നു. ഇതൊരു യോഗ്യതാപരമായ നവോത്ഥാനം അല്ല. മറിച്ച്, ജാതിയുടെ പേരിലുള്ള വ്യവസ്ഥാപിതമായ അധികാര സമ്പാദനമാണ്. ബ്രാഹ്മണാധിപത്യവും ജന്മികളുടെ അധിനിവേശവും ഇന്ന് അധികാര മേഖലകളിൽ നിന്നും അപ്രത്യക്ഷമായിരിക്കുന്നു. എന്നിരുന്നിട്ടും, അതിന്റെ അഭാവത്തിലും സമത്വം എന്നത് വിദൂരമായ ഒരു സ്വപ്നമായി തുടരുന്നു. പകരം, സംവരണം നൽകിയ പ്രാപ്തിയിലൂടെ വളർന്നു വരുന്ന ഒരു പുതിയ ഉന്നത വിഭാഗം അധികാരത്തിന്റെ മേഖലകൾ കൈയ്യടക്കിയിരിക്കുന്നു. സർക്കാർ സംവിധാനത്തിന്റെ അകത്ത് ഒരു 'അഡ്മിനിസ്ട്രേറ്റീവ് ജാതി' എന്നുതന്നെ പറയാവുന്ന പുതിയ ആധിപത്യം. പ്രമോഷനുകൾ, ട്രാൻസ്ഫറുകൾ, കമ്മിറ്റികൾ, യൂണിയനുകൾ, വകുപ്പുകൾ എല്ലായിടത്തും ഇവരുടെ കയ്യിലാണ് ആധിപത്യം. പൗരാണിക ഫ്യൂഡൽ പ്രഭുക്കളുടെ വേഷവിധാനങ്ങൾക്ക് പകരം സഫാരി സ്യൂട്ടും ആധുനിക വേഷഭൂഷാധികളുടേയും സർക്കാർ മുദ്രയുടേയും സഹായത്തോടെ പുനർജ്ജനിച്ച ജാതിയാധിപത്യം. സത്യത്തിൽ ഇവർക്ക് എന്ത് യോഗ്യതയാണുള്ളത് പഴയ കാലഘട്ടത്തിലെ ദുരവസ്ഥകളേയും ആധിപത്യത്തേയും കുറിച്ച് ഇന്നും വിലപിച്ച് കൊണ്ടിരിക്കുവാൻ?. ഇവർക്ക് ആർക്കെങ്കിലും അത്തരം അനുഭവമുണ്ടോ?. ജനിച്ചനാൾ മുതൽ ഇന്നുവരെ വെറും കേട്ടുകേൾവിയുള്ള കാര്യങ്ങളെപ്പറ്റി ദ്വേഷം പ്രചരിപ്പിക്കുകയും അതിന്റെ പേരിൽ അതുമായി യാതൊരു ബന്ധവുമില്ലാത്ത പൊതുവിഭാഗത്തെ ചൂഷണം ചെയ്ത് അവരിൽ നിന്നും അവർക്ക് കൂടികിട്ടേണ്ട അവസരങ്ങൾ അനുഭവിക്കുകയും ശേഷം അധികാരസ്ഥാനങ്ങളിൽ ഇരുന്ന് ഫ്യൂഡലിസ്റ്റ് മനോഭാവം കാണിക്കുകയും ചെയ്യുന്ന ഇവർ മനോവൈകൃതത്തോടൊപ്പം അധകൃതഭാവത്തിലുതിർന്ന ദ്വേഷചിന്തയെ മനസ്സിൽ താലോലിക്കുന്നവർ കൂടിയാണെന്ന് പ്രഥമ ദൃഷ്ടിയാൽ കാണാം.

സംവരണം ആദ്യം സ്ഥാനമാനങ്ങൾ ലഭിക്കുവാൻ സഹായിച്ചു. പക്ഷേ അതിനുശേഷം ലഭിച്ച സംരക്ഷണങ്ങളാണ് ഇവരെ സ്ഥിരമായ അധികാരികളാക്കിയത്. സിസ്റ്റത്തിലേക്ക് കയറിക്കഴിഞ്ഞാൽ പിന്നെ അധികാരത്തിന്റെ രസം ആസ്വദിക്കുകയും സേവനത്തെപ്പറ്റി ബോധവാന്മാർ അല്ലാതാകുകയും ചെയ്യുന്നു. പൊതുവിഭാഗത്തോട് ഇവർക്ക് മതിപ്പോ ഉത്തരവാദിത്വമോ ഇല്ല. ഉള്ളിലെത്തി

യവർ തങ്ങളുടെ ജാതിയിലെയും ഉപജാതിയിലെയും ആളുകളെ മാത്രം ഉയർത്തിക്കൊണ്ട് വരുന്ന 'ആന്തരിക ലോയൽറ്റി നെറ്റ്‌വർക്കുകൾ' സൃഷ്ടിച്ചു. ഇവരുടെ ക്ഷമതയും ഉത്തരവാദിത്വവും നിരീക്ഷിക്കുന്ന സംവിധാനത്തിന്റെ അഭാവവും യൂണിയനുകളുടെ രാഷ്ട്രീയസ്വാധീനവും പൊതുവിഭാഗത്തെ വ്യവസ്ഥിതിയുടെ ഉന്നതസ്ഥാനങ്ങളിൽ നിന്നും കാലങ്ങളായി അകറ്റി നിർത്തുന്ന രഹസ്യകരമായ ഒരു ആന്തരിക നെറ്റ്‌വർക്കായി ഇത് പ്രവർത്തിക്കുന്നു. എന്നാൽ വിരോദാഭാസകരമായ കാര്യം മറ്റ് പിന്നോക്ക ജാതികളേയും വിഭാഗക്കരേയും വരെ ഇവർ തഴയുന്നു എന്നതാണ്. സമ്പ്രദായികമായ ജന്മാധിഷ്ഠിതാധികാരത്തിൽ ഒരുകാലത്ത് നിലനിന്നിരുന്ന അധികാരം ഇവിടെ ഔദ്യോഗിക തസ്തികകളിലൂടെയും അധികാരത്തിന്റെ താളങ്ങളിലൂടെയും മാറ്റം സംഭവിക്കാതെ മറ്റൊരുരൂപത്തിൽ ഇന്ന് നിലനിൽക്കുന്നതാണ് ഇതിൽ നിന്നെല്ലാം നമുക്ക് മനസ്സിലാക്കാവുന്നത്. യാഥാർത്ഥ പ്രശ്നം ജാതിയോ, മതമോ അല്ല. അധികാരവും, പ്രശസ്തിയും, പണവും, സമൂഹത്തിൽ കിട്ടുന്ന സ്ഥാനവും മനുഷ്യനിൽ ഉണ്ടാക്കുന്ന ഭ്രമമാണ് . ജാതി, മതചൂഷണം എന്നത് ഒരു വിഭാഗത്തെ അടിച്ചമർത്തുവാൻ പ്രയോഗിക്കുന്ന കാരണങ്ങൾ മാത്രം. എന്നാൽ ഇവർക്കും ഭരിക്കാൻ പോരുന്ന ഒരുതരം ഉന്നതത്വം ലഭിച്ചിട്ടുണ്ട്. ജോലി ചെയ്യേണ്ടതില്ല, ജോലിയിൽ പരാജയപ്പെട്ടാലും ശിക്ഷയില്ല. കാരണം ജാതി അവരുടെ ഉദ്യോഗത്തിന് ഉറപ്പ് നൽകുന്നു. ഔദ്യോഗിക കൃത്യവിലോപം, പദവി ദുരുപയോഗം ചെയ്യൽ, അഴിമതി തുടങ്ങിയവയിൽ ശിക്ഷിക്കപ്പെടുകയില്ല എന്ന് മാത്രമല്ല, സമാന്തര മാർഗ്ഗത്തിലൂടെ അവരെ രക്ഷിക്കുകയും ഔദ്യോഗിക സ്ഥാനം ഉറപ്പ് വരുത്തുകയും പലപ്പോഴും സ്ഥാനകയറ്റം വരെ നൽകപ്പെടുകയും ചെയ്യുന്നു എന്നത് വ്യവസ്ഥിതി എത്രമാത്രം ദുഷിച്ചിരിക്കുന്നു എന്നതിന്റെ തെളിവാണ്. ജന്മിത്വം ഇന്ന് നിയമപരമായ രീതിയിൽ, ഉദ്യോഗസ്ഥാധിപത്യത്തിന്റെ ഭാഷയിൽ ജാതി ഐക്യത്തിന്റെ പുതിയ ഭാവത്തിൽ ചോദ്യം ചെയ്യാൻ കഴിയാത്ത വിധം പുനർജ്ജനിച്ചിരിക്കുന്നു.

സ്റ്റാഫ് യൂണിയനുകളും ഉദ്യോഗസ്ഥ സംഘടനകളും തുടക്കത്തിൽ ഉദ്യോഗസ്ഥ കൂട്ടായ്മയിലൂടെ അവരുടെ ഉന്നമനത്തിന് വേണ്ടി രൂപം കൊണ്ടതായിരുന്നു എങ്കിൽ ഇന്ന് അവയുടെ ഘടന ജാതിയപരമായി ഉറച്ച കോട്ടകൾക്ക് സമാനമായിരിക്കുന്നു. അംഗത്വവും നേതൃത്വവും ഇപ്പോൾ ജാതിപരമായി നിശ്ചയിക്കപ്പെട്ടുന്നു. ഇവരുടെ പ്രധാന ജോലി അയോഗ്യരും അഴിമതിക്കാരുമായ ഉദ്യോഗസ്ഥർക്ക് എതിരെ നടപടിയെടുക്കുന്നത് തടയുക, നിയമനങ്ങൾ സ്വാധീനിക്കുക, യോഗ്യതയുള്ള ഉദ്യോഗസ്ഥരെ തടയുക തുടങ്ങിയവയാണ്. ഇത്തരം യൂണിയനുകൾ പുതിയ ജാതി അധിപന്മാർക്ക് അധികാരസംരക്ഷണത്തിനുള്ള ഒരു സംരക്ഷണ ഭിത്തിയായി നിലകൊള്ളുന്നു. സത്യസന്ധരായ ഉദ്യോഗസ്ഥരെ വിലക്കാൻ ഇവർ ഒരു സെക്യൂരിറ്റി ശൃംഖലയായി പ്രവർത്തിക്കുന്നു. ഇതിൽ ഏറ്റവും വലിയ വിരോദാഭാസമായി നിൽക്കുന്നത്, ഈ പുതിയ ജാതിയാധിപത്യം തങ്ങളാൽ തന്നെ അവകാശവാദം ഉന്നയിക്കുന്ന ജാതി കൂട്ടായ്മകളെ തന്നെ ഉള്ളിൽ നിന്ന്

ചൂഷണം ചെയ്യുന്നു എന്നതാണ്. പട്ടികജാതികളിലെയും പട്ടികവർഗ്ഗത്തിലെയും ദരിദ്രരായ ഉദ്യോഗാർത്ഥികൾ ഇപ്പോഴും ഗ്രൂപ്പ് C, D തസ്തികകളിലാണ് കുടുങ്ങുന്നത്. ഗൈഡൻസ്, കോച്ചിംഗ്, സ്കോളർഷിപ്പ്, മുൻഗണന തുടങ്ങിയവയെല്ലാം പുതുതായി രൂപം കൊണ്ട ജാതിപ്രഭുക്കളുടെ നിയന്ത്രണത്തിലാണ്. അവർതന്നെ നിയന്ത്രിക്കുന്ന കോച്ചിംഗ് സെന്ററുകൾ, സ്കോളർഷിപ്പ് കമ്മിറ്റികൾ, ഇന്റർവ്യൂ പാനലുകൾ എന്നിവയിലൂടെ തങ്ങളുടെ നിലപാട് നിലനിർത്തുന്നു. ഈ പുതിയ ജാതിയാധിപത്യം അവരുടെ തന്നെ സമൂഹത്തെ ഉയർത്തുകയല്ല ചെയ്യുന്നത്. മറിച്ച്, സ്വയം ഒരു ഫ്യൂഡലിസ്റ്റ് മനോഭാവത്തിലുള്ള അവരുടെ തന്നെ വംശത്തെ പുനരുജ്ജീവിപ്പിക്കുകയാണ്.

രാഷ്ട്രീയക്കാർ ഈ പുതിയ ജാതിബ്യൂറോക്രാറ്റിക് അധികാരം കാണാതെ പോവുന്നില്ല. അവർ പേടിക്കുന്നു. കാരണം, ഈ ഉദ്യോഗസ്ഥർ സ്വന്തമായി വോട്ട് ബാങ്കുകൾ നിയന്ത്രിക്കുന്നു. ആ വോട്ടുകൾ നഷ്ടപ്പെടുമോ എന്ന പേടി രാഷ്ട്രീയക്കാരെ സഹകരിപ്പിക്കുന്നു. അതിനാൽ ഇരുപക്ഷത്തിനും അനുയോജ്യമായ ഒരു 'അനുയുക്തം' ആവിഷ്കരിക്കുന്നു: നിങ്ങൾ വോട്ട് ബാങ്കുകൾ സംരക്ഷിക്കുക, ഞങ്ങൾ നിങ്ങളുടെ അഴിമതിയും അധികാര ദുരുപയോഗവും ചോദ്യം ചെയ്യുകയില്ല. ഈ സംവിധാനം ഉപനിവേശകാലത്ത് സാമന്തന്മാരും ബ്രിട്ടീഷുകാരും തമ്മിൽ ഉണ്ടാക്കിയ അണിയറ ബന്ധങ്ങളുമായി സാമ്യമുള്ളതാണ് — നികുതി ശേഖരിക്കു, ബാക്കിയുള്ള കാര്യങ്ങളിൽ നിങ്ങൾക്ക് പൂർണ്ണ സ്വാതന്ത്ര്യം എന്ന രീതിയെ ഇത് ഓർമ്മിപ്പിക്കുന്നു. അതുകൊണ്ട് തന്നെ അധികാരികൾക്ക് എതിരായ അന്വേഷണങ്ങൾ വൈകുന്നു, മങ്ങിയ പ്രതിഫലനം, തണുത്ത പ്രതികരണങ്ങൾ, റിപ്പോർട്ടുകൾ തലത്തിൽ തന്നെ കുടുങ്ങുന്നു തുടങ്ങിയ കാര്യങ്ങൾ ഇതിന്റെ ഭാഗമായി കാണാവുന്നതാണ്. കാരണം, അവർ വലിയൊരു രാഷ്ട്രീയ കണക്കുകൂട്ടലിൽ ആണ്.

ഈ ഘടനയിൽ സത്യസന്ധത എന്നത് വലിയൊരു അപകടമാണ്. ഒരാളെങ്കിലും ഈ സംവിധാനത്തെ ചോദ്യം ചെയ്യാൻ ശ്രമിച്ചാൽ, അവൻ ജനറൽ വിഭാഗത്തിൽ പെട്ടവനായിരിക്കാം, അല്ലെങ്കിൽ പട്ടികജാതി വിഭാഗത്തിൽ പെട്ടവനായിരിക്കാം, അവന് തന്റെ ജോലി തന്നെ നഷ്ടപ്പെടും. ഫയലുകൾ പൊടിപിടിച്ച ശീതലമുറികളിലേക്ക് അയയ്ക്കപ്പെടും, പലതവണ സ്ഥലം മാറ്റം ഉണ്ടാകാം, പഴി ചുമത്തപ്പെടും, അവൻ പൊതുവിഭാഗത്തിൽപ്പെട്ടവൻ ആണെങ്കിൽ ജാതിവെറിയൻ എന്ന പട്ടം ചാർത്തപ്പെടും. പട്ടിക വിഭാഗത്തിൽപ്പെട്ടവൻ ആണെങ്കിൽ, 'സ്വന്തം ജാതിയെ വഞ്ചിച്ചവൻ' എന്ന് വിളിക്കപ്പെടും. എപ്രകാരമാണെങ്കിലും എതിർശബ്ദങ്ങൾ നിർവീര്യമാക്കപ്പെടും. ഈ സംവിധാനം സ്വാർത്ഥത നിറഞ്ഞതും, സ്വയം പ്രതിരോധം തീർക്കുന്നതും, മാറ്റത്തോട് വൈമുഖ്യം പ്രകടിപ്പിക്കുന്നതും പഴയ കോളോണിയൽ രാജഭരണത്തെ ഓർമ്മപ്പെടുത്തുന്നതുമായി തീർന്നിരിക്കുന്നു. സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവരെ ഉയർത്തുക എന്ന ഒരു സ്വപനത്തിന്റെ ആവിഷ്കാരമായിരുന്നു സംവരണം എന്നത്. എന്നാൽ, ഇന്ന് അതൊരു ദുരുപ

യോഗത്തിനുള്ള സൂത്രവാക്യമാണ്. അധികാരത്തിന്റെയും സുരക്ഷിതത്വത്തിന്റെയും പേരിൽ ഒരു പുതിയ അധികാരകുലം ഉണ്ടാക്കപ്പെട്ടിരിക്കുന്നു. ഇവർ സമൂഹത്തിൽ ഒരേ ഒരു ജാതിയുടെ പ്രതിനിധികൾ എന്ന വേഷത്തിൽ പൊതു വിഭവങ്ങൾ കൈവശപ്പെടുത്തി ആധുനിക സവർണ്ണത്വത്തിലൂടെ സമൂഹത്തെ പഴയ സാമന്ത സംവിധാനങ്ങളിലേക്കും അതിന്റെ അധിനിവേശ ചിന്തകളിലേക്കും തിരികെ കൊണ്ടുപോയിരിക്കുന്നു. മുൻപ് ജാതിയുടെ പേരിൽ ഒരു വിഭാഗം മനുഷ്യർക്ക് അവകാശം നഷ്ടപ്പെട്ടിരുന്നു. ഇന്ന് മറ്റൊരുവിഭാഗത്തിന് അവകാശം നഷ്ടപ്പെടുന്നു. കാരണം, അധികാരവും അവകാശവും ലഭിക്കുന്ന ജാതിയിൽ അവൻ പിറവിയെടുത്തില്ല. എന്താണ് വ്യത്യാസം? മുഖങ്ങൾ മാറി. പക്ഷേ ഫ്യൂഡലിസം അതേപടി തുടരുന്നു.

കേരളത്തിന്റെ രാഷ്ട്രീയചിത്രം ജാതിമതവിവേചനത്തിന് അതീതമായതാണ് എന്ന രീതിയിൽ ചിത്രീകരിക്കപ്പെടാറുണ്ടെങ്കിലും അന്തർദ്ധാര പരിശോധിച്ചാൽ സമുദായ നേതാക്കൾ രാഷ്ട്രീയരംഗത്ത് അന്ധമായി സ്വാധീനം ചെലുത്തുന്ന പശ്ചാത്തലങ്ങൾ വീക്ഷിക്കാവുന്നതാണ്. രാഷ്ട്രീയ പാർട്ടികൾക്ക് വേണ്ടി വോട്ടു ബാങ്ക് ഒരുക്കുന്ന മതനേതാക്കൾ, പുരോഹിതർ, 'അഡ്മിൻ ഗ്രൂപ്പ് നേതാക്കൾ', 'മത-സാമൂഹിക സംഘാടകർ' തുടങ്ങിയവർ ജാതിയുടേയും മതത്തിന്റെയും ഉന്നമനത്തിനായാണ് തങ്ങൾ പ്രവർത്തിക്കുന്നത് എന്ന് സ്വയം വിശ്വസിക്കുന്നു. ഈ അവ്യക്തമായ ശക്തികൾ ജനാധിപത്യ തന്ത്രങ്ങൾ അട്ടിമറിക്കുകയും പൊതുജനങ്ങളുടെ വോട്ട് ഒരു വ്യക്തിയുടെ വിജയത്തിന് വേണ്ടി ചുരുക്കുകയും ചെയ്യുന്നു. ഇടതും വലതും മറ്റുള്ള പാർട്ടികളും വോട്ടിന് വേണ്ടി സമുദായങ്ങളെ സ്വാധീനിക്കുവാൻ തുടങ്ങുന്നത് രാഷ്ട്രീയത്തിന്റെ അടിത്തട്ടിൽ നിന്നാണ്. ഈ പാർട്ടികൾക്കെല്ലാം അവരുടേതായ അജണ്ടകൾ ഉണ്ടെങ്കിലും ഒരു സംഘത്തിൽ അധീനത നിലനിർത്തുന്ന വ്യക്തികൾ ഓരോ തെരഞ്ഞെടുപ്പിന് മുൻപ് നിശ്ചിത രാഷ്ട്രീയ അജണ്ടയ്ക്ക് വേണ്ടി അവരുടെ അനുയായികളെ ഏകോപിപ്പിക്കുന്നു. തിരഞ്ഞെടുപ്പിന് മുൻപായി പറയാനില്ലാത്ത ഇവരുടെ യോഗ്യതയ്ക്കും ഭരണനേട്ടങ്ങൾക്കും അതീതമായി സമുദായനേതാക്കളുമായി, പുരോഹിതവർഗ്ഗവുമായി ഇവർ സ്വകാര്യ അനുരഞ്ജനങ്ങളും വാഗ്ദാനങ്ങളും നടത്തി വോട്ടുകൾ ഉറപ്പിക്കുന്നു. ഈ സമുദായ ശൃംഖലകൾ വഴി നൂറുകണക്കിന്, ആയിരക്കണക്കിന് വോട്ടുകൾ ഒരു പാർട്ടിക്ക് ലഭിക്കുന്നതിനുള്ള നിഗൂഢ ഇടപെടലുകൾ നിരവധിയാണ്.

ഇതോടൊപ്പം, ചില നേതാക്കൾ സമുദായത്തിന്റെ ശബ്ദം എന്ന പേരിൽ രാഷ്ട്രീയ പാർട്ടികളുമായി ചർച്ച നടത്തുന്നവരായി നടിക്കുന്നു. പൊതുജനങ്ങളുടെ യാതൊരു അഭിപ്രായവും നേരിട്ട് കേൾക്കാതെ, അവർക്ക് വേണ്ടി തീരുമാനങ്ങൾ എടുക്കുന്ന ഈ സമുദായനേതാക്കൾ തെരഞ്ഞെടുപ്പിന് മുമ്പ് മന്ത്രിമാരോട്, എം. എൽ. എമാരോട്, സ്ഥാനാർത്ഥികളോട് കൂടിച്ചേരുന്നു. തങ്ങളുടെ സമുദായത്തിന്റെ പിന്തുണ പ്രസ്തുത പാർട്ടിക്കാണ് എന്ന് വാഗ്ദാനം നൽകുകയും അതിന് പകരമായി

സ്വകാര്യമായി പ്രതിഫലങ്ങളും അവസരങ്ങളും കൈപ്പറ്റുകയും ചെയ്യുന്നു. ഇത് ജനങ്ങളുടെ പ്രാതിനിധ്യത്തെയല്ല, വ്യക്തിഗതമായ ആനുകൂല്യത്തെ മാത്രമാണ് പ്രതിനിധീകരിക്കുന്നത്. രാഷ്ട്രീയ പാർട്ടികളെ സംബന്ധിച്ചിടത്തോളം ഈ സമുദായ പ്രമുഖർ വളരെ പ്രാധാന്യം അർഹിക്കുന്നവർ ആണ്. അവരെ സംതൃപ്തരാക്കുന്നതിലൂടെ നൂറുകണക്കിന് വോട്ടുകൾ ഉറപ്പാക്കാനാകും. മാത്രവുമല്ല, രാഷ്ട്രീയ പ്രചാരണവും ജനങ്ങളെ സ്വാധീനിക്കാനുള്ള അധ്വാനവും കുറയ്ക്കുകയും ചെയ്യാം എന്ന വിശ്വാസമാണ് ഇതിന് പിന്നിൽ. പക്ഷേ, ഇതുതന്നെയാണ് ജനാധിപത്യത്തെ അവിശുദ്ധമാക്കുന്ന ഏറ്റവും അപകടകരമായ ചക്രവ്യൂഹം. ഓരോ വ്യക്തിയുടേയും സ്വന്തം ബുദ്ധിയും ചിന്താശേഷിയും ഉപയോഗിച്ച് അപഗ്രഥിച്ച് വോട്ട് ചെയ്യുവാനുള്ള അവസരം ഇതുമൂലം തകരാറിലാകുന്നു. പകരം, തങ്ങളുടെ സമുദായ നേതാവ്/പുരോഹിതൻ പറഞ്ഞതിനാൽ ഞാൻ അവർക്ക് വോട്ട് ചെയ്തു എന്ന നിലയിലേയ്ക്ക് അധഃപതിക്കുന്നു. ഇത് വ്യക്തിഗതമായ രാഷ്ട്രീയ ബോധം നശിപ്പിക്കുകയും ചില ഗ്രൂപ്പുകൾക്ക് മുന്നിൽ അടിയറവ് പറയുന്ന മാനസികാവസ്ഥ ജനങ്ങളിൽ ഉണ്ടാക്കിയെടുക്കുകയും ചെയ്യുന്നു.

ഇതിന്റെ പരിതാപകരമായ മറ്റൊരു വശം, യുവാക്കൾക്ക് രാഷ്ട്രീയത്തിലേക്കുള്ള പ്രവേശനത്തിന് തടയിടപ്പെടുന്നു എന്നതാണ്. യുവജനങ്ങൾക്ക് സമൂഹത്തിൽ സ്വതന്ത്രമായ നിലപാട് പ്രകടിപ്പിക്കാൻ കഴിയാതെ പോവുകയാണ്. പഴയ തലമുറയുടെ നേതാക്കൾ തന്നെയാണ് അധികാരം കൈവിടാതെ തുടരുന്നത്. ഒരു കാലഘട്ടത്തിന് ശേഷം, അവരുടെ തന്നെ ഒരു പാരമ്പര്യ കുലാധിപത്യമായി രാഷ്ട്രീയം മാറുന്നു. രാഷ്ട്രീയമെന്നത് ജനങ്ങളുടെ മുന്നിൽ തികച്ചും തുറന്നതും വിശ്വാസ യോഗ്യവുമായ മണ്ഡലമായിരിക്കണം. എന്നാൽ, ഈ അനധികൃത സമുദായ നേതൃവർഗ്ഗം അതിനെ 'പ്രൈവറ്റ് ക്ലബ്ബ്' ആക്കുകയാണ്. കൂടാതെ, ഇത്തരം കമ്മ്യൂണിറ്റി നേതാക്കൾ പലപ്പോഴും അനധികൃത സൗകര്യങ്ങൾക്കായി പാർട്ടികളുമായി നീരസം പ്രകടിപ്പിക്കുന്നു. വിദ്യാഭ്യാസത്തിൽ പ്രവേശനം, ജോലിയിലേക്ക് നിയമനം, ധനസഹായ പദ്ധതികൾ, പൊതുമേഖല ഉദ്യോഗസ്ഥനായി നിയമനം തുടങ്ങി നൂറു കാര്യമാകാം. ഇവ 'നല്ലൊരു വോട്ട് ട്രാൻസാക്ഷൻ' വഴി നടത്തുന്ന വിലപേശൽ പോലെ കാണപ്പെടുന്നു. ഇതിലൂടെ പ്രതിഫലിക്കപ്പെടുന്നത് ഏതൊരു പൊതുസംവിധാനത്തെയും അഴിമതി മുഖേന കൈക്കലാക്കാനുള്ള മനോഭാവമാണ്. വോട്ടർമാർ ഓരോരുത്തരും വ്യക്തിഗതമായ ബുദ്ധിയുടെയും അന്തസ്സിന്റെയും അടിസ്ഥാനത്തിൽ തന്നെ രാഷ്ട്രീയത്തിൽ പങ്കുചേരേണ്ടവരാണ്. എന്നാൽ, സമുദായ നേതാക്കളുടെ പ്രായോഗിക അധികാരം അതിന് ഇടയാക്കുന്നില്ല എന്ന് ഇവിടെ വ്യക്തമായി കാണാവുന്നതാണ്. ഒരാളെ സംബന്ധിച്ചുള്ള രാഷ്ട്രീയ അവബോധം പൂർണമായും മറ്റൊരാളുടെ നിർദ്ദേശങ്ങളിലാണ് ആശ്രിതമായിരിക്കുന്നത്. ഇതെല്ലാം കൂടി ചിന്തിച്ചാൽ, കേരളത്തിലെ ജനാധിപത്യത്തിന്റെ ശുദ്ധിയും പ്രവർത്തന ക്ഷമതയും ഈ 'കുലപതിത്വ രാഷ്ട്രീയം' കീറിമുറുക്കുന്നുവെന്ന് നിഷേധിക്കാനാകില്ല. കാലങ്ങളായി നിലനിൽക്കുന്ന ഈ പ്രവണത പൂർ

ണ്ണമായും അവസാനിപ്പിക്കേണ്ടത് അനിവാര്യമാണ്. തെരഞ്ഞെടുക്കപ്പെടുന്ന നേതാവ് എന്നത് ജനങ്ങളുടെ ക്ഷേമം നിലനിർത്തുവാൻ കഴിയുന്നവനും അവരുടെ ജീവിതം പുരോഗതിയിലേക്ക് നയിക്കുവാൻ കഴിയുന്നവനുമായ സേവകനായിരിക്കണം. അല്ലാതെ പാരമ്പര്യാധിപത്യത്തിന്റെ അധികാരത്തിൽ സ്വന്തം കുടുംബത്തിന് വേണ്ടി ജോലിയും സമ്പാദ്യവും ഉറപ്പാക്കുന്നതിൽ വ്യാപൃതനായിരിക്കുന്ന ക്ഷുദ്രജീവിയായിരിക്കരുത് എന്ന് ഉറപ്പുവരുത്തേണ്ടത് ജനങ്ങളുടെ കടമയാണ്. ജനാധിപത്യത്തിന്റെ വഴിയാത്ര ജനതയ്ക്ക് വേണ്ടി ഹൃദയപൂർവ്വം പ്രവർത്തിക്കേണ്ടത് രാഷ്ട്രീയ സമുദായ മാഫിയകൾ വഴിയല്ല. സ്വതന്ത്ര, മോചിതമായ നിലപാടുകൾ വഴിയാവണം.

ഇന്ത്യയിലെ സംവരണ സംവിധാനത്തിന്റെ മൂല്യതത്വം സാമൂഹ്യനീതി സാക്ഷാത്കാരം ആയിരുന്നുവെങ്കിലും ഇന്ന് അത് രാഷ്ട്രീയ കച്ചവടത്തിന്റെയും വോട്ടുബാങ്ക് കൃഷിയുടെയും ഉപകരണമായി തീരുകയാണ്. ഭരണഘടനയുടെ ആത്മാവിനും ജനാധിപത്യത്തിന്റെ മൂല്യങ്ങളുടെയും പരാമർശങ്ങൾക്ക് അതീതമായി, തിരഞ്ഞെടുപ്പിന് മുന്നോടിയായി വാഗ്ദാനങ്ങളുടെയും ജാതി സെൻസസുകളുടെയും പേരിൽ സംവരണങ്ങൾ വ്യാപിപ്പിക്കുന്നതിന്റെ പിന്നിൽ രാഷ്ട്രീയ ലാഭം മാത്രമാണ്. ഇക്കാര്യങ്ങൾ സാമൂഹിക നവോത്ഥാനമല്ല. മറിച്ച്, ജാതിമേൽ അത്തരം ആവിഷ്ക്കരണങ്ങൾ വഴിനയിക്കുന്ന രാഷ്ട്രീയ വാണിജ്യമാണ്. ചെറിയ തോതിലാണെങ്കിലും സമൂഹത്തിന്റെ വോട്ടുകൾ ഉറപ്പാക്കാൻ ജാതി അടിസ്ഥാനത്തിൽ വാഗ്ദാനങ്ങൾ നൽകുന്നത് പല രാഷ്ട്രീയ കക്ഷികളും നിലനിറുത്തുന്ന ഒരു തന്ത്രമായി മാറിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി, പരമ്പരാഗതമായി പിന്നോക്കമെന്ന് കണക്കാക്കപ്പെടുന്ന വിഭാഗങ്ങളുടെ എണ്ണം കൃത്രിമമായി ഉയർത്തുന്നതിനും ജാതി വിഭജനങ്ങളെ ആധാരമാക്കി നിലപാടുകൾ സ്വീകരിക്കുന്നതിനും ശ്രമങ്ങൾ നടക്കുന്നു. അതോടൊപ്പം ഇത്തരം ചിന്തകൾ സമൂഹത്തിൽ ഊട്ടിയുറപ്പിക്കുന്നതിന് വേണ്ടി ചിലസംഘടനകൾക്ക് സാമ്പത്തിക സഹായം നൽകി സാംസ്കാരിക നായകർ എന്നപേരിൽ അറിയപ്പെടുന്ന ചിലരെ ഉൾപ്പെടുത്തി ഇത്തരം ആശയങ്ങൾ അടിസ്ഥാനപ്പെടുത്തി സമ്മേളനങ്ങളും സംവാദങ്ങളും സംഘടിപ്പിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതുവഴി, ജാതിയെ രാഷ്ട്രീയ ഇടപെടലുകളുടെ മുഖ്യവേദിയായി മാറ്റുന്ന ഒരു പ്രവണത സമൂഹത്തിൽ ശക്തിപ്രാപിക്കുന്നു. ജാതിചിന്തകൾ സമൂഹത്തിലെ വികസന സംഭാഷണങ്ങളെ സമ്പന്നമാക്കുന്നതിന് പകരം ജാതിവിവേചനം വളർത്തുന്ന രാഷ്ട്രീയ ആയുധങ്ങളായി മാറുന്നുവെന്ന് ഇതിലൂടെ വ്യക്തമാകുന്നു.

വികസനം എന്ന ലക്ഷ്യത്തിലേക്കുള്ള യാഥാർത്ഥ്യ പ്രവർത്തനങ്ങളിൽ നിന്ന് പിന്തിരിഞ്ഞ്, ജാതി അടിസ്ഥാനത്തിലുള്ള വാഗ്ദാനങ്ങൾ നൽകുന്നതിലേക്കാണ് രാഷ്ട്രീയ കക്ഷികളുടെ ശ്രദ്ധ മാറുന്നത്. ഭൂമിയില്ലായ്മ, തൊഴിൽ അഭാവം, നിലവാരം കുറഞ്ഞ വിദ്യാഭ്യാസം, സുതാര്യമായ ആരോഗ്യ പരിരക്ഷ പോലുള്ള പ്രധാന

ആവശ്യങ്ങൾ അവഗണിച്ചുകൊണ്ട്, ജാതി രാഷ്ട്രീയമാകുന്ന സാഹചര്യം തന്നെയാണ് ഇന്ന് നടന്നു കൊണ്ടിരിക്കുന്നത്. ഇതിലൂടെ, ഒരുവിഭാഗം ജനങ്ങൾ യാഥാർത്ഥ വികസനത്തിൽ വിശ്വസിക്കാതെ, വാഗ്ദാനങ്ങളുടെ മോഹത്തോടെയാണ് രാഷ്ട്രീയ നേതാക്കളെ സമീപിക്കുന്നത്. ഇതിന്റെ ഭാഗമായി, ജാതിയുമായി ചേർന്ന് പ്രവർത്തിക്കുന്ന നേതാക്കളും സാമൂഹിക സ്വാധീനമുള്ള വ്യക്തിത്വങ്ങളുമാണ് ഓരോ തെരഞ്ഞെടുപ്പും അവരുടെ വോട്ടുബലത്തെ കച്ചവട വിഷയമായി മാറ്റുന്നത്. അവർക്ക് സ്ഥാനങ്ങൾ, പദ്ധതികൾ, സാമ്പത്തിക അനുകൂല്യങ്ങൾ തുടങ്ങിയവയ്ക്ക് പ്രതിഫലമായി പ്രതീക്ഷയിടാനും ആവശ്യം കൂട്ടാനും കഴിയും. രാഷ്ട്രീയം ഇനി ജനങ്ങളുടെ ഭാവിയെ നിർമ്മിക്കുന്ന മാനവിക ശ്രമങ്ങളല്ല. മറിച്ച്, ജാതി അനുകൂലതകൾ കച്ചവടമാക്കുന്ന വിപണിമൂലക സംവിധാനങ്ങളാണ്.

ഇതിനിടെ, സംവരണം സ്വാഭാവികമായി ചില വിഭാഗങ്ങളിലുണ്ടാക്കുന്ന ആശ്രിതത്വം മറ്റൊരു പ്രതിസന്ധിയായി മാറിക്കൊണ്ടിരിക്കുന്നു. പ്രത്യേക ആനുകൂല്യങ്ങൾ നിലനിൽക്കുന്നത് കൊണ്ടുതന്നെ, അവ കൈവിട്ട് പോകുമോ എന്ന ആശങ്ക ഭരണകൂടത്തോട് അവരുടെ അധീനതയെ തുടർച്ചയായി ഉറപ്പാക്കുന്നു. അവരുടെ രാഷ്ട്രീയ മനോഭാവം സാമൂഹിക പുരോഗതിയിലല്ല, ആനുകൂല്യങ്ങളുടെ നിലനില്പിലാണെന്നതാണ് അവരുടെ രാഷ്ട്രീയ കാഴ്ചപ്പാട് രൂപപ്പെടുന്നതിന് കാരണമാകുന്നത്. ഇത് വ്യക്തികളുടെ ആത്മവിശ്വാസം ക്രമാതീതമായി ദുർബലമാക്കുകയും ചിന്തിക്കാതെയുള്ള വോട്ടെടുപ്പുകളിലേക്ക് നയിക്കുകയും ചെയ്യുന്നു. ഈ ആശ്രിതത്വം ഇന്ത്യയുടെ ജനാധിപത്യത്തിനുള്ള ഒരു വലിയ വെല്ലുവിളിയാകുന്നു. അതോടൊപ്പം, സംവരണ രാഷ്ട്രീയം ഉപയോഗിച്ച് പ്രധാന വികസന വിഷയങ്ങളിൽ നിന്നുള്ള പൊതുജന ശ്രദ്ധ മറയ്ക്കപ്പെടുന്നു. കുടിവെള്ളം, തൊഴിലവസരങ്ങൾ, അടിസ്ഥാന സേവനങ്ങളുടെ ഗുണനിലവാരം, ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസം തുടങ്ങിയ നിർണായക മേഖലകളിൽ സർക്കാരുകളുടെ കൃത്യമായ പ്രവർത്തനങ്ങൾക്കായി പണം ചിലവഴിക്കേണ്ടത് ഒഴിവാക്കി അതിനു പകരം ഭാവനാപരമായ വാഗ്ദാനങ്ങളാണ് രാഷ്ട്രീയ തന്ത്രങ്ങൾക്ക് മുൻതൂക്കം നൽകുന്നത്. ഇതിലൂടെ ജനങ്ങളുമായി യാഥാർത്ഥ്യത്തിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ പങ്കിടാതെ, അവരുടെ തുച്ഛമായ ആഗ്രഹങ്ങളിലും കാഴ്ചപ്പാടിലും രാഷ്ട്രീയ നേതാക്കൾ ജനങ്ങളെ തളച്ചിടുന്നു.

ഈ നിലപാട് തുടർന്നാൽ, ജാതി മുഖേന ശക്തിപ്പെടുത്തപ്പെടുന്ന രാഷ്ട്രീയ പ്രവർത്തകർ, തിരഞ്ഞെടുപ്പ് കണക്കുകൂട്ടലുകൾ, ബ്യൂറോക്രാറ്റിക് വ്യവസ്ഥ എന്നിവ ചേർന്ന്, 'ജാതി ആധാരിത രാഷ്ട്രീയ വ്യവസായം' എന്നൊരു പുതിയ മാതൃക രൂപപ്പെടും. നയതന്ത്രവും കൃത്രിമത്വവും ചേർത്തുള്ള ഈ ക്രിയകളിലൂടെ ഭരണാധികാരം നിലനിർത്തുകയാണ് ലക്ഷ്യം. ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നത് അപ്രധാനമാവുകയും, താത്ക്കാലിക ആനുകൂല്യങ്ങളിലൂടെയോ സാന്ത്വനങ്ങളിലൂടെയോ അവരുടെ ജാതി അടിസ്ഥാനത്തിലുള്ള താത്പര്യങ്ങ

ൾ സംരക്ഷിക്കുന്ന കാഴ്ചകൾക്ക് പ്രാധാന്യം അർഹിക്കുകയും ചെയ്യും. ഈ സാഹചര്യത്തിൽ, സംവരണത്തിന്റെ അതിജീവനാധിഷ്ഠിതമായ സാമൂഹിക നീതിയും ഐക്യവുമെന്ന ഉദ്ദേശ്യം കാലാനുസൃതമായി ദുർബലപ്പെട്ടുകയോ നശിച്ചുപോകുകയോ ചെയ്യുന്നു. സംവരണത്തിന്റെ മറവിൽ നടക്കുന്ന ഈ കച്ചവട രാഷ്ട്രീയം അവസാനിപ്പിക്കാതെ ഇന്ത്യയുടെ ജനാധിപത്യവും വികസനവും ഒരിക്കലും ഉജ്ജ്വലമാകില്ല. ആത്മാർത്ഥമായി സർക്കാർ ജനങ്ങളുടെ സമത്വം ആഗ്രഹിക്കുന്നു എങ്കിൽ സംവരണമല്ല. മറിച്ച്, സമത്വം നൽകേണ്ടത് അവർക്ക് വളർന്നു വരാനുള്ള അവസരങ്ങളിൽ ആണ്. ഔദ്യോഗിക പദവികളിൽ സംവരണം നൽകുന്നത് രാജ്യത്തോടും നികുതിദായകരായ ജനങ്ങളോടും ചെയ്യുന്ന അനീതി ആണ്. കഴിവ് വളർത്തിയെടുക്കേണ്ടതും ഉയർന്നുവരേണ്ടതും ഉയർന്ന രീതിയിൽ രാജ്യത്തെ സേവിക്കണം എന്ന മനോഭാവം രൂപപ്പെടേണ്ടതും ഓരോ പൗരനും രാജ്യത്തോട് ഉണ്ടാവേണ്ട പ്രതിപത്തി ആണ്. സംവരണം നിർത്തലാക്കാനുള്ള സാധ്യതകൾ പരിശോധിക്കാൻ കഴിയില്ലെങ്കിൽ കുറഞ്ഞത് സംവരണം സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവർക്കായി നിജപ്പെടുത്തണം. അതുവഴി എല്ലാവിഭാഗങ്ങളിലും ജാതികളിലും മതങ്ങളിലും ഉൾപ്പെട്ട സാമ്പത്തിക കഷ്ടതകൾ അനുഭവിക്കുന്നവർക്ക് സംവരണത്തിന്റെ ആനുകൂല്യം ലഭിക്കുകയും അതുവഴി സാമൂഹത്തിൽ മുന്നേറുവാനുള്ള അവരുടെ ആഗ്രഹങ്ങൾക്ക് ശുഭാപ്തിവിശ്വാസം കൈവരുകയും ചെയ്യും.

അദ്ധ്യായം-4

ആരോഗ്യം

കേരളം ആരോഗ്യപ്രവർത്തനങ്ങളിൽ നേടിയ മുന്നേറ്റങ്ങളിലൂടെ രാജ്യത്തെയും ലോകത്തെയും അമ്പരപ്പിച്ചുകൊണ്ടിരിക്കുന്ന സംസ്ഥാനമാണ്. ഉയർന്ന സാക്ഷരത നിരക്ക്, കുറഞ്ഞ ശിശുമരണനിരക്ക്, വലിയ തോതിൽ ആരോഗ്യമേഖലയിലുണ്ടാക്കിയ അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ നേട്ടങ്ങളിലൂടെ എവിടെയായാലും കേരള മാതൃകയെന്ന പേരിൽ പ്രശംസിക്കപ്പെടുന്നു. ഈ പൊതുജനാരോഗ്യ പ്രവർത്തനങ്ങളുടെ അന്താരാഷ്ട്ര അംഗീകാരം കേരളത്തിന്റെ സാമൂഹിക വികസനത്തിന്റെയും രാഷ്ട്രീയവ്യവസ്ഥയുടെയും നേട്ടമായി പലരും കണക്കാക്കുന്നു. ജനവാസമേഖലയിൽ നിന്നും ഒറ്റപ്പെട്ട കോളനികളിലേക്കും ആദിവാസി പ്രദേശങ്ങളിലേക്കും പ്രവർത്തകരെ എത്തിച്ചു ചികിത്സ നൽകുന്ന സാമൂഹിക ആരോഗ്യ പ്രവർത്തകരുടെയും, അംഗൻവാടി-ആശാവർക്കർമാരുടെയും ഉൾക്കാഴ്ചയും മനുഷ്യസ്നേഹവും ഇക്കാര്യത്തിൽ അത്യന്തം പ്രശംസാർഹനീയവും മാതൃകപരവുമാണ്. എന്നാൽ ഈ മിനുക്കിയ ചിത്രത്തിനകത്ത് ഒളിഞ്ഞിരിക്കുന്ന ഗൗരവപൂർണ്ണമായ യാഥാർത്ഥ്യമാണ് കേരളത്തിലെ പല പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും (PHC) ഇപ്പോഴും അടിസ്ഥാന സൗകര്യങ്ങളില്ലാതെ പ്രവർത്തിക്കുന്നു എന്നത്. ഭൗതികപരമായ നിലയിൽ പഴകിയ കെട്ടിടങ്ങൾ, അപ്രത്യക്ഷമായ ശുചിത്വം, പര്യാപ്തമല്ലാത്ത മരുന്ന് വിതരണവ്യവസ്ഥ, ജീവനക്കാരുടെ എണ്ണത്തിലുള്ള കുറവ് ഇവയെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെപ്പറ്റി സാധാരണക്കാരുടെ മനസ്സിലുള്ള ചിത്രം മാറ്റിവരക്കാൻ പ്രേരിപ്പിച്ചിരിക്കുന്നു.

ആരോഗ്യപ്രവർത്തകരെ നിയമിക്കുന്നതിലുള്ള താമസം, സേവനത്തിലുള്ളവരുടെ ഉത്തരവാദിത്വമില്ലായ്മ തുടങ്ങിയവയെല്ലാം ഈ മേഖലയിലുള്ള ഭരണകൂടത്തിന്റെ നിർജ്ജീവാവസ്ഥയെ പ്രകടിതമാക്കുന്നു. ഗ്രാമീണ മേഖലകളിൽ സജീവമായി പ്രവർത്തിക്കേണ്ട ഡോക്ടർമാരുടെ അഭാവം, ലാബ് ടെക്നീഷ്യന്മാരുടെയും നഴ്സുമാരുടെയും കുറവ്, രോഗനിർണയത്തിൽ വൈകിപ്പിക്കപ്പെടുന്ന ഫലങ്ങൾ, ഇവയൊക്കെ പൊതുജനങ്ങളുടെ പ്രതീക്ഷയെ തകർക്കുന്നു. പലപ്പോഴും ഡോക്ടർ താത്കാലിക നിയമനം വഴിയാണ് സെന്ററുകളിൽ എത്തുന്നത്. അതിനാൽ തുടർച്ചയായ ചികിത്സയും രോഗികളുടെ വിശ്വാസവും ഇല്ലാതാകുന്നു.

ഇതിന്റെ അനന്തര പരിണാമം എന്ന നിലയിൽ സമഗ്രമായ ആരോഗ്യപരിപാലനം നൽകേണ്ട സ്ഥാപനങ്ങളെക്കാൾ സ്വകാര്യ ആശുപത്രികളിലേക്കാണ് ജനങ്ങൾ ഒഴുകുന്നത്. സർക്കാർ ആശുപത്രികളിൽ ലഭ്യമാകാത്ത കാര്യക്ഷമതയും, വേഗതയും സൗകര്യങ്ങളും സ്വഭാവികമായും സ്വകാര്യ ആശുപത്രികളിൽ ലഭിക്ക

ന്നു എന്നത് രോഗികളെ സ്വകാര്യ ആശുപത്രികളിലേയ്ക്ക് ആകർഷിക്കുന്നു. എന്നാൽ ഇതിന്റെ പിന്നോടിയായി വലിയ സാമ്പത്തിക ബാധ്യതയും അവരുടെ ചുമലിൽ വന്നുവീഴുന്നു. സാധാരണ പൗരന് ഒരേ സമയം വലിയൊരു തുക ആശുപത്രികൾക്ക് നൽകാൻ സാധിക്കാതെ വരുന്നു. കേരളത്തിലെ സർക്കാർ ആരോഗ്യമേഖലയിൽ ഉണ്ടാകുന്ന അപചയം ആളുകളെ വലിയ കടബാദ്ധ്യതകളിലേയ്ക്ക് തള്ളിവിടുന്നു.

കേരളത്തിന്റെ ആരോഗ്യരംഗത്തെ കുറിച്ച് അതിയായി അഭിമാനിക്കുമ്പോൾത്തന്നെ പ്രത്യേകിച്ച് ഓർക്കേണ്ടത് ഗ്രാമീണ പ്രദേശങ്ങളിലെ പോഷകവിഭവങ്ങളില്ലായ്മയാണ്. പലയിടത്തും കാർഷിക തൊഴിലാളികളുടെ മക്കളെയും പട്ടിണിയോട് പൊരുതുന്ന കുടുംബങ്ങളെയും ലക്ഷ്യമിട്ടാണ് സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിരുന്നത്. എന്നാൽ ഇന്ന്, ഭക്ഷ്യസംഭരണീയതയെയും പോഷകാഹാര ദൗർലഭ്യത്തെയും പ്രധാനം ചെയ്യുന്ന ഇത്തരം പദ്ധതികൾ അതിന്റെ ലക്ഷ്യസ്ഥിതികളിലേക്ക് എത്തുന്നില്ല. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം സർക്കാരിന്റെ പ്രഖ്യാപിത രേഖകളിൽ മാത്രം പതിഞ്ഞിരിക്കുകയാണ്. ജയിൽവാസികളായ കുറ്റവാളികൾക്ക് പോഷകാഹാരവും, സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് അപര്യാപ്തമായ ഭക്ഷണവുമാണ് സർക്കാരിന്റെ പ്രകടിത നയം. പോഷകാഹാരവും ശംബളവും എല്ലാം കൂടി നോക്കിയാൽ ഒരു കണക്കിന് ജീവിതമാർഗ്ഗമില്ലാത്ത ഒരുവനെ സംബന്ധിച്ചിടത്തോളം ലഭിക്കാവുന്ന ഗവണ്മെന്റ് ജോലിയായി ജയിൽ ശിക്ഷ മാറിയിരിക്കുന്നു. കേരളത്തിന്റെ സാക്ഷരത എന്നത് അവരിലെ അക്ഷരജ്ഞാനം മാത്രമല്ല ബോധം കൂടിയാണെന്ന് ജനങ്ങൾ തെറ്റദ്ധരിക്കുന്നു. സത്യത്തിൽ സാക്ഷരതയിലൂടേയും ഉയർന്ന വിദ്യാഭ്യാസത്തിലൂടേയും നാം കൈവരിച്ചത് വിവരങ്ങളുടെ ശേഖരണം മാത്രമാണ്. അവയോ വൻകിട സ്ഥാപനങ്ങളുടെ ആവശ്യത്തിന് അനുസരിച്ച് വക്രീകരിക്കപ്പെട്ടിരിക്കുന്നു. രോഗം വന്നാൽ ആശുപത്രിയെ സമീപിക്കണം എന്ന് ജനങ്ങൾക്ക് അറിയാം. എന്നാൽ ആ രോഗം എന്തുകൊണ്ട് വരുന്നു എന്നോ അതിന്റെ മൂലകാരണം എന്തെന്നോ അവർ അറിയുന്നില്ല, ചിന്തിക്കാറുമില്ല എന്ന് മാത്രമല്ല, രോഗിക്ക് മരുന്നുകൾ ഡോക്ടർ നൽകുന്നത് രോഗലക്ഷണങ്ങൾ അവസാനിപ്പിക്കാനാണ്. രോഗത്തിന്റെ മൂലകാരണങ്ങൾ ഇല്ലാതാക്കാനല്ല. സംവിധാനം രോഗികളെ ഉണ്ടാക്കുകയും ചികത്സിക്കുകയും പണം സമ്പാദിച്ച് കൊണ്ടിരിക്കുകയും ചെയ്യും. എന്നാൽ ഞങ്ങൾ പ്രബുദ്ധരാണ് എന്ന് കരുതുന്ന ജനത എന്നായാലും മരിക്കേണ്ടതല്ലേ എന്ന ഒഴുക്കൻ ന്യായത്തിന്റെ മറവിലുള്ള അറിവുകേടിൽ സ്വയം നീരാടുന്നു. അവർ സ്വയം തങ്ങളുടെ പ്രതികരണശേഷി ഇല്ലായ്മയും അറിവില്ലായ്മയും മൂലം ചൂഷണം ചെയ്യപ്പെടുന്നു എന്ന സത്യം അംഗീകരിക്കാൻ തയ്യാറല്ല എന്നതും ഞാൻ ഒരാൾ പ്രതികരിച്ചാൽ ഇവിടെ ഒന്നും സംഭവിക്കില്ല എന്ന തോന്നലും അവർക്ക് തന്നെ വിനയായി കൊണ്ടിരിക്കുന്നു. മാത്രമല്ല, ഈ മനോഭാവം ചൂഷകർക്ക് കൂടുതൽ ധൈര്യം പകർന്ന് നൽകുകയും ചെയ്യുന്നു. ഭക്ഷ്യോത്പാദന, മരുന്നുത്പാദന വ്യവസാ

യ കോർപ്പറേറ്റുകൾ ചേർന്ന് നിയന്ത്രിക്കുന്ന ഈ ചൂഷണവ്യവസ്ഥ ഒരുപടികൂടി കടന്ന് പലപ്പോഴും അവരാൽ സ്പോൺസർ ചെയ്യപ്പെടുന്ന യൂണിവേഴ്സിറ്റികളാൽ, റിസർച്ച് സെന്ററുകളാൽ വ്യാജമായി പ്രചരിപ്പിക്കുന്ന കണ്ടുപിടുത്തങ്ങളിലൂടെ ജനത്തെ തെറ്റദ്ധരിപ്പിച്ച് അവരുടെ ഉദ്പന്നങ്ങൾ മാർക്കറ്റുചെയ്യുകയും ഒരുമിച്ച് ലാഭം കൊയ്യുകയും ചെയ്യുന്നു. കൊളോണിയൽ വിദ്യാഭ്യാസ ശൈലി ജനങ്ങളെ അനീതിക്കെതിരെ പ്രതികരിക്കാനല്ല. മറിച്ച്, അടിമകളെപ്പോലെ സഹിക്കുവാനാണ് പരിശീലിപ്പിക്കുന്നതെന്ന സത്യം ഇവിടെ ഊട്ടിയുറപ്പിക്കപ്പെടുന്നു.

സമാനമായി ശ്രദ്ധിക്കേണ്ട ഒരു വസ്തുത കൂടി ഉണ്ട്. ഡോക്ടർ ആയതിൽ അഭിമാനിക്കുന്നവരിൽ വലിയൊരു വിഭാഗവും ഉയർന്ന സാമ്പത്തിക പശ്ചാത്തലത്തിൽ നിന്നുള്ളവരാണ് സർക്കാർ ആരോഗ്യ സേവന മേഖലയിൽ പ്രവേശിക്കുന്നത്. സാമൂഹിക പ്രതിബദ്ധതയോ, മെഡിക്കൽ സർവീസിന്റെ ശീലബോധമോ ഇവരിൽ പലരിലും കാണാറില്ല. ഇതൊരു തൊഴിൽ മാത്രമല്ല, സാമൂഹിക ദൗത്യം കൂടിയാണ് എന്ന ബോധം ഇന്നത്തെ തലമുറയിലെ വൈദ്യ വിദ്യാർത്ഥികളിൽ അപൂർവ്വമാണ്. പണം ധാരാളം സംഭാവന നൽകി മെഡിക്കൽ സീറ്റുകൾ വാങ്ങുന്ന സമൃദ്ധകുടുംബങ്ങളിലെ കുട്ടികൾ, പിന്നീട് ബഹുജനസേവനത്തിന് താത്പര്യപ്പെടാതെ വിദേശത്ത് കുടിയേറുകയോ സ്വകാര്യ പ്രാക്ടീസ് മുഖേനയോ ആണ് ജീവിതം നയിക്കുന്നത്. അതേസമയം, സമുദായത്തിൽ നിന്നുള്ള ഉത്സാഹവും കഴിവും നൈതികബോധവുമുള്ളവരെ മെഡിക്കൽ സീറ്റുകളിലേയ്ക്ക് പ്രവേശിപ്പിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സജ്ജമാകുന്നില്ല. ഇത് പരിഷ്കരിക്കപ്പെടേണ്ട ഗൗരവപ്പെട്ട പ്രശ്നമാണ്.

ഇത്തരത്തിൽ, പീഡിത ജനതയുടെ ആരോഗ്യാവകാശം ആവിഷ്കൃത രൂപത്തിൽ മാത്രമായി ഒതുങ്ങുന്നു. കേരളത്തിന്റെ പുരോഗതി നേടിയ ആരോഗ്യ മാതൃക എന്നത് പ്രസംഗങ്ങളിലും ഗവേഷണങ്ങളിലുമുള്ള വിജയം മാത്രമായി നിൽക്കാതെ അതിന്റെ യഥാർത്ഥ അനുഭവം ഗ്രാമീണ ജനങ്ങൾക്കുകൂടി ലഭ്യമാകണം. സർക്കാരിന്റെ ലഭ്യമായ മുഴുവൻ ഉറവിടങ്ങളും ഉപയോഗിച്ച് ഈ വിഭ്രാന്തികളെ പരിഹരിക്കാനാണ് ഭരണകൂടം ശ്രമിക്കേണ്ടത്. മതിമറച്ച പോസ്റ്ററുകളും മുഖ്യധാര മാധ്യമങ്ങളുടെ അതിരുകവിഞ്ഞ ആഖ്യാനങ്ങളുമല്ല. മറിച്ച്, ഗ്രാമങ്ങളിലെ ചെറിയ ആരോഗ്യകേന്ദ്രങ്ങളിൽ നിന്നുവരെ പടർന്ന് ഉയരുന്ന തൃപ്തിയും ആരോഗ്യസുരക്ഷയും ആയിരിക്കണം ഉണ്ടാകേണ്ടത്.

ഒരു കാലത്ത് താരതമ്യത്തിന് അതീതവും അനുകമ്പയാർന്നതുമായ കേരളത്തിന്റെ ആരോഗ്യമേഖല ഇന്ന് കോർപ്പറേറ്റ് മെഡിക്കൽ മാഫിയയുടെ കൈപ്പിടിയിൽ നിയന്ത്രണാതീതമായതും ഗൗരവകരമായതുമായ മാറ്റം നേരിടുന്നു. ആരോഗ്യമേഖലയിലേയ്ക്കുള്ള സ്വകാര്യ സ്ഥാപനങ്ങളുടെ കടന്നുവരവ് ആദ്യം പൊതുമേഖലയെ കടത്തിവെട്ടുന്ന സേവനങ്ങളുമായി ആയിരുന്നു എങ്കിൽ ഇന്ന് അത്

രോഗികളെ ചൂഷണം ചെയ്യാൻ വേണ്ടി മാത്രം നിലകൊള്ളുന്ന വ്യവസായ സ്ഥാപനങ്ങളായി മാറിയിരിക്കുന്നു. ജനങ്ങളുടെ ആരോഗ്യവും നന്മയും എന്ന പ്രാഥമിക നൈതികബോധം രണ്ടാമതും സാമ്പത്തിക ലാഭം ഒന്നാമതും എന്ന മനോഭാവം ആണ് ഇന്ന് പല സ്വകാര്യ ആശുപത്രി മാനേജ്മെന്റുകൾക്കും ഉള്ളത്. രോഗിയേയും രോഗത്തേയും മനസ്സിലാക്കി അവരോട് അനുകമ്പയോടെ ആരോഗ്യ ശുശ്രൂഷയുടെ ഭാഷയ്ക്കുപകരം കച്ചവട ഭാഷയാണ് ആശുപത്രികൾ ഉപയോഗിക്കുന്നത് എന്നതാണ് യാഥാർത്ഥ്യം.

ഈ മാറ്റത്തിന്റെ ഏറ്റവും ഭീഷണമായ മുഖമാണ് അനാവശ്യമായ പരിശോധനകളുടെ വർദ്ധനവ്. ചെറിയ അസുഖങ്ങൾക്കുപോലും, രക്തപരിശോധനകളും സ്കാനുകളും സ്ക്രീനിംഗുകളും നിർബന്ധമാക്കിയിരിക്കുന്നു. ആധുനിക വൈദ്യശാസ്ത്രം വിശദ്ധമായ പരിശോധനയെ പ്രോത്സാഹിപ്പിക്കുന്നുവെങ്കിലും പല സ്വകാര്യ ആശുപത്രികളിലും ഇത് യുക്തിവത്കരിക്കാൻ കഴിയാതായിരിക്കുന്നു. ഇതിന് പിന്നിലുള്ള പ്രധാന ഉദ്ദേശ്യം രോഗിയെ സുഖപ്പെടുത്തുക എന്നതല്ല മറിച്ച് അവരിൽ നിന്നും ആവുന്നത്ര സാമ്പത്തിക ദ്രവ്യം ഊറ്റിയെടുക്കുക എന്നതാണ്. ഭൂരിഭാഗം പരിശോധനകളുടെ ഫലങ്ങൾ ചികിത്സയെ ബാധിക്കാത്തവയാകുമ്പോഴും ഓരോ ടെസ്റ്റും ആശുപത്രിക്ക് അധിക വരുമാനം ഉറപ്പാക്കുന്നതാണ്.

ഇതിനൊപ്പം തന്നെ മറ്റൊരു ഗുരുതരമായ വശമാണ് അനാവശ്യ ശസ്ത്രക്രിയകളുടെ വർദ്ധനവ്. സി-സെക്ഷനുകൾ, ആഞ്ചിയോപ്ലാസ്റ്റികൾ, അപ്പൻഡിക്ടമി, സ്പൈൻ ശസ്ത്രക്രിയകൾ തുടങ്ങിയവ ഒരു നിയന്ത്രണമില്ലാതെ നിർദ്ദേശിക്കപ്പെടുന്നു. പ്രത്യേകിച്ച് ഗ്രാമീണ മേഖലകളിൽ നിന്നുള്ളവർ, അല്ലെങ്കിൽ വിദ്യാഭ്യാസം കുറവുള്ളവർ, ഡോക്ടർമാരുടെ നിർദ്ദേശങ്ങൾ ചോദ്യം ചെയ്യാൻ പോലും സാധ്യതയില്ല. മെഡിക്കൽ ഭാഷയും, ഭയം സൃഷ്ടിക്കുന്ന പാരാജന്യവാക്യങ്ങളും ഉപയോഗിച്ച് രോഗിയെ ബുദ്ധിമുട്ടിലാക്കുന്നു: 'ഇപ്പോൾ തന്നെ ചെയ്യില്ലെങ്കിൽ കാര്യങ്ങൾ മോശമാവും' എന്ന രീതിയിലാണ് സംവേദനം. ഈ ഭയത്തെ അടിസ്ഥാനമാക്കി നടത്തപ്പെടുന്ന ശസ്ത്രക്രിയകൾ മൂലം രോഗിയുടെയും കുടുംബത്തിന്റെയും സാമ്പത്തിക അടിത്തറ തന്നെ തകർന്നടിയുന്നു.

അമിതമായ കൺസൾട്ടേഷൻ ഫീസുകൾ രോഗികളെ ഒരു കൂടുതൽ ഭാരമായ ചുമതലയിലേക്ക് നയിക്കുന്നു. ഇന്ന് ഇടത്തരം സ്വകാര്യ ആശുപത്രികളിൽ ഒരു സ്പെഷ്യലിസ്റ്റുമായി കാണുന്നതിന് ₹600 മുതൽ ₹1,500 വരെ ചെലവാകും. അതും വെറും അഞ്ച് മുതൽ പത്ത് മിനിറ്റോളം മാത്രമുള്ള കൂടിക്കാഴ്ച്ചയ്ക്കായി. അതിന് പിന്നാലെ നിർദ്ദേശിക്കുന്ന ടെസ്റ്റുകൾ, വീണ്ടും റിവ്യൂ അല്ലെങ്കിൽ മറ്റ് വിഭാഗങ്ങളിലേക്കുള്ള റഫറലുകൾ എന്നിവ കൂടി വരുമ്പോൾ ചെലവുകൾ അതിവേഗം ഉയരുന്നു. സർക്കാർ ആരോഗ്യ സംവിധാനത്തിന് സമാനമായ കുറഞ്ഞ ചെലവിൽ കൺസൾട്ടേഷൻ ലഭ്യമാകുന്ന സംവിധാനമല്ല ഇവിടെ ഉള്ളത്. സ്വകാര്യ ആശു

പത്രികൾ പ്രാഥമിക രോഗനിർണയത്തെ തന്നെ ഒരു പണം വലിച്ചെടുക്കാനുള്ള വാതിലാക്കി മാറ്റിയിരിക്കുന്നു. ഇത് രോഗികളെ ഒന്നിനു ശേഷം മറ്റൊന്നായി നൽകേണ്ട തുടർച്ചയായ പണപ്പിരിവ് സേവനശൃംഖലയിലേയ്ക്ക് ബലമായി തള്ളിവിടുന്നതിനുള്ള ഒരു കുടിലപദ്ധതി ആയാണ് ക്രമീകരിച്ചിരിക്കുന്നത്.

കോർപ്പറേറ്റ് ആശുപത്രികൾ ഇന്ന് കേരളത്തിലെ രണ്ടാംതരം പട്ടണങ്ങളിലേക്കും വ്യാപിച്ചു കഴിഞ്ഞിട്ടുണ്ട്. കോട്ടയം, തൃശ്ശൂർ, ആലപ്പുഴ, പാലക്കാട് തുടങ്ങി പല നഗരങ്ങളിലും മെട്രോ നഗരങ്ങളിലെ മാതൃകയിലുള്ള മൾട്ടി-സ്പെഷ്യാലിറ്റി ആശുപത്രികൾ ഉയരുന്നു. ബാഹ്യഭംഗിയും സാങ്കേതികതയും കാണിച്ചുകൊണ്ട് ഇവർ ലോക നിലവാരത്തിലുള്ള ചികിത്സ വാഗ്ദാനം ചെയ്യുന്നു. എന്നാൽ പ്രാഥമികമായ ലക്ഷ്യം മാർക്കറ്റിൽ ആധിപത്യം നേടുകയും അതുവഴി സ്ഥായിയായ പണമൊഴുക്ക് ഉണ്ടാക്കിയെടുക്കുകയുമാണ്. ഒരു തവണ പ്രാദേശികമായി ആധിപത്യം നേടിക്കഴിഞ്ഞാൽ ചെലവുകൾ, ചികിത്സാരീതി, റഫറൽ സംവിധാനം എല്ലാം കൃത്യമായി നിയന്ത്രിക്കുന്നു. ഇങ്ങനെ നാട്ടിലുള്ള ചെറിയ ഹോസ്പിറ്റലുകളും ഡോക്ടർമാരും വലയുന്നു. ആരോഗ്യമേഖലയിലേയ്ക്കുള്ള ഇൻഷ്വറൻസ് കമ്പനികളുടെ കടന്നുവരവ് ആരോഗ്യ മേഖലയിലെ അപചയത്തിന് ആക്കം കൂട്ടിയിരിക്കുന്നു. ഇൻഷ്വറൻസ് ഉള്ള രോഗികൾക്ക് വില കൂടിയ ചികിത്സകളും കൂടുതൽ ദിവസം കിടത്തി ചികിത്സകളും നിർദ്ദേശിക്കപ്പെടുന്നു. കാരണം അവർക്ക് നേരിട്ട് പണം നൽകേണ്ടതില്ലെന്ന ആശ്വാസം ഉണ്ട്. ആശുപത്രികൾ തങ്ങളുടെ ചികിത്സാ പദ്ധതികൾ രോഗിക്ക് എന്താണ് ഉചിതമായത് എന്ന രീതിയിൽ അല്ല മറിച്ച് ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും എത്രത്തോളം തുക ഈടാക്കാം എന്നതിന്റെ അടിസ്ഥാനത്തിലാണ് രൂപപ്പെടുത്തുന്നത്. എന്നാൽ ഇൻഷ്വറൻസ് പരിധി കടന്നു പോകുമ്പോഴും, ചില ചിലവുകൾ ഉൾപ്പെടാതെ പോകുമ്പോഴും, രോഗികൾ വലിയ തോതിൽ പണമടയ്ക്കേണ്ടി വരുന്നു. ഈ സാഹചര്യത്തിൽ 'സുരക്ഷ' എന്ന ആശ്വാസം അവസാന നിമിഷത്തിൽ തകരുന്നു. സത്യത്തിൽ സാക്ഷരജനത ഇൻഷ്വറൻസ് എടുത്തത് ഞങ്ങൾ കാണിച്ച ബുദ്ധിപരമായ തീരുമാനമാണ് എന്ന് കരുതുമ്പോൾ നടക്കുന്നത് മറ്റൊന്നാണ്. ഇതിനൊപ്പം പല മരുന്ന് കമ്പനികളുടെയും പുതുഉത്പന്നങ്ങളുടെ പരീക്ഷണ മൃഗങ്ങളായും രോഗികൾ മാറ്റപ്പെടുന്നു എന്നതും അവർ അറിയുന്നില്ല.

ഈ ലാഭമൂല്യാധിഷ്ഠിത സമീപനം ആശുപത്രികളുടെ ആന്തരിക സംസ്കാരത്തെയും ബാധിക്കുന്നു. പ്രത്യേകിച്ച് യുവ ഡോക്ടർമാർക്ക് ആന്തരികമായി സാമ്പത്തിക ലക്ഷ്യങ്ങൾ (ടാർഗറ്റ്) പാലിക്കേണ്ടതുണ്ടെന്ന സമ്മർദ്ദം നിറഞ്ഞ നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നു. അതിനാൽ അവർ സമഗ്രമായ രോഗനിർണയത്തേക്കാൾ ഉപരിയായി ലാഭം ലക്ഷ്യമിട്ട ചികിത്സയിലേക്ക് തിരിയുന്നു. ചിലവുകുറയ്ക്കാനായി ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്നതിനാൽ ജീവനക്കാർ അധികമായി ജോലി ചെയ്യേണ്ടിവരുന്നു. പ്രത്യേകിച്ച് നഴ്സ് വിഭാഗത്തിലുള്ളവർ കൂടുതൽ രോഗികളെ

സേവിക്കാൻ നിർബന്ധിതരാകുന്നു. അതേസമയം അഡ്മിനിസ്ട്രേറ്റീവ് വിഭാഗങ്ങൾ രോഗിയുടെ സംതൃപ്തിയേക്കാളും ബില്ലിംഗ് പ്രാധാന്യമാക്കുന്നു. ഒരിക്കൽ രോഗികളെ മാനുഷികതയോടെ കാണുന്നതിനായി നിശ്ചയിച്ചിരുന്ന ആശുപത്രികൾ ഇന്ന് ഒരു കച്ചവടശാലയായി മാറിയിരിക്കുന്നു. കേരളത്തിന്റെ ആരോഗ്യരംഗത്തെ ഇത്ര വലിയ അപചയം അതിന്റെ പരമ്പരാഗത മൂല്യങ്ങളിൽനിന്നുള്ള വ്യതിയാനമാണ്. സ്വകാര്യ മേഖലയുടെ പങ്ക് ആവശ്യമായതായിരുന്നു എങ്കിലും ഇന്നത്തെ അതിരുകടന്ന, ലാഭേച്ഛ മാത്രം ലക്ഷ്യമാക്കിയ, ധാർമ്മികത ഇല്ലാത്ത ഈ പാത വളരെ അപകടകരമാണ്. ഇതിനെ പുനഃപരിശോധിക്കേണ്ടത് അടിയന്തരമായ ആവശ്യമാണ്. ശക്തമായ നിയമനിർമ്മാണം, പൊതു ആശുപത്രികളിലെ ഗുണനിലവാര വർദ്ധന, സാമൂഹിക ബോധവൽക്കരണം എന്നിവയിലൂടെ ഈ തകർച്ചയെ അതിജീവിക്കാനാവണം. ആരോഗ്യസംരക്ഷണം ഒരു ഉത്പന്നമല്ല, മനുഷ്യാവകാശമാണ് എന്ന തിരിച്ചറിവ് സമൂഹം തിരികെ നേടണം.

ലോകത്തിലെ ഏത് ജീവികളും താരതമ്യേന ആരോഗ്യകരമായി ജീവിക്കുന്നുണ്ടെങ്കിലും മനുഷ്യൻ മാത്രമാണ് ശൈശവകാലം മുതൽ മരണത്തോളം ഇത്രയും മരുന്നുകളും വാക്സിനുകളും ഉപയോഗിച്ച് കഴിയുന്നത്. ജന്മം എടുത്ത് കഴിയുമ്പോൾ മുതൽ, സത്യത്തിൽ ഗർഭാവസ്ഥ മുതൽ ഡോക്ടറുടെ നിർദ്ദേശപ്രകാരം ഉള്ള ചികത്സകൾ തുടങ്ങുന്നു. ഇവിടെ ആലോചിക്കേണ്ട കാര്യം ഈ സംസ്കാരം ലോകത്തിലെ ഒരു ജീവജാലങ്ങൾക്കും ഇല്ല. ജനിച്ച് ദിവസങ്ങൾ കഴിയുമ്പോൾ മുതൽ വാക്സിനുകൾ, പിന്നെ മരുന്നുകൾ, ടോണിക്കുകൾ തുടങ്ങിയവ വളർച്ചയുടെ പല ഘട്ടങ്ങളിൽ ആയി നൽകപ്പെടുന്നു. എന്നാൽ ഇതൊക്കെ ഉണ്ടായിട്ടും മനുഷ്യൻ നല്ല ആരോഗ്യത്തോട് കൂടിയാണോ ജീവിക്കുന്നത് എന്ന് ഗൗരവമായി ചിന്തിക്കേണ്ട ഒരു കാര്യമാണ്. കാരണം ആരോഗ്യവത്കരണമല്ല രോഗാവസ്ഥയുടെ നിത്യാവർത്തനമാണ് ഇന്ന് വൈദ്യപരിപാലനത്തിന്റെ മുഖം. പ്രത്യേകിച്ച് കേരളത്തിൽ, മരുന്നിലുള്ള അമിതാശ്രയത്വവും, ഭയഭ്രമം ആധാരമാക്കിയ ചികിത്സാ സമീപനം, ലാബ്-നിർഭരമായ ആരോഗ്യ സംസ്കാരം എന്നിവ ഇന്ന് ജനജീവിതത്തിന്റെ അവിഭാജ്യഘടകങ്ങളായി മാറിയിരിക്കുന്നു. പേടിപ്പെടുത്തലും അനാവശ്യ ഭീഷണിപ്പെടുത്തലും ആധുനിക ചികിത്സാ സംസ്കാരത്തിന്റെ അത്യുജ്ജ്വലമായ ഭാഗമായി തീർന്നിരിക്കുന്നു. 'ഇത് ഉടൻ കഴിക്കേണ്ടത് ആണ്', 'ഇപ്പോൾ ചികിത്സിക്കാതെ പോയാൽ ജീവൻ തന്നെ അപകടം നേരിടും' തുടങ്ങിയ പ്രയോഗങ്ങൾ രോഗിയെയും കുടുംബത്തെയും സമ്മർദ്ദത്തിലാക്കുന്നു. ഓരോ ചെറിയ അസുഖത്തിനും സ്കാനുകളും ടെസ്റ്റുകളും നിർബന്ധമാക്കുന്നത് ചികിത്സയുടെ ഭാഗമല്ല. മറിച്ച്, രോഗിക്ക് മനസ്സിലാക്കാൻ പോലും സമയമില്ലാതെ അവനെ 'ചികിത്സാപരമായ ഉപഭോക്താവായി' മാറ്റിയിരിക്കുന്നു എന്ന ആധുനിക സമീപനമാണ്. ഭീതി അടിസ്ഥാനമാക്കിയുള്ള വൈദ്യസംസ്കാരം രോഗിയുടെ മനസ്സ് തളർത്തുന്നു, കൂടാതെ സ്വന്തം ശരീരത്തെക്കുറിച്ചുള്ള ബോധവും ചിന്താശേഷിയും ഇല്ലാതാക്കുന്നു.

മരുന്നുകളിലെ ആശ്രിതത്വം അതിന്റെ ഏറ്റവും അപകടകരമായ രൂപത്തിലാണ് കേരളത്തിൽ വളർന്നുകൊണ്ടിരിക്കുന്നത്. ഡോക്ടർമാർ മിക്ക സാഹചര്യങ്ങളിലും കൃത്യമായ ജീവിതശൈലി നിർദ്ദേശങ്ങൾ നൽകുന്നതിനേക്കാൾ വേഗത്തിൽ ആന്റിബയോട്ടിക്കുകൾക്കാണ് മുൻഗണന നൽകുന്നത്. ശരീരത്തിന്റെ ശരിയായ രോഗപ്രതിരോധ സംവിധാനത്തെ അപകടത്തിലാക്കുന്ന ഈ പ്രവണതയുടെ അനന്തരഫലമായി കാലക്രമത്തിൽ ഉടലെടുക്കുന്ന മറ്റ് രോഗങ്ങൾ ആശുപത്രിയും മരുന്നു കമ്പനികളും തമ്മിലുള്ള അവിശുദ്ധ പ്രണയബന്ധത്തിന് രോഗികൾ മുൻകൂറായി ദീർഘ സുമംഗലി ഭവ: എന്ന ആശംസ പറയും പോലെയാണ്. മുഴുവനായി ഭേദപ്പെടണമെങ്കിൽ മരുന്നു കഴിച്ചേ മതിയാകൂ എന്ന ചിന്താഗതിയാണ് ജനത്തിന് നിലവിൽ ഉള്ളത്. രോഗത്തിന് ശമനം വന്നതിന് ശേഷം പോലും പലരും മരുന്നിന്റെ ഉപയോഗം നിർത്താൻ ഭയക്കുന്നു. 'മറുവഴിയില്ല, ഈ മരുന്ന് നിർത്തിയാൽ പിന്നെയും വരും' എന്ന തെറ്റായ ധാരണയിൽ നിന്നും അനുദിനം മരുന്ന് ഉപയോഗിക്കുന്നതിനെപ്പറ്റി ചിന്തിപ്പിക്കുന്നു. പക്ഷേ, ഈ അവസ്ഥ യാദൃച്ഛികമല്ല. ഒരു വ്യവസായ ഘടനയാണ് ഇതിന് പിന്നിൽ – മരുന്ന് കമ്പനികൾ, പ്രൈവറ്റ് ആശുപത്രികൾ, ഇൻഷുറൻസ് ഇടപാടുകാർ എന്നിവ ചേർന്ന് 'രോഗം തന്നെ ഒരു വിപണിയായി' മാറ്റിയിരിക്കുന്നു. രോഗികളെ രോഗിയായിത്തന്നെ നിലനിർത്താനുള്ള കുതിപ്പാണ് ഇവരുടെ വളർച്ചയുടെ അടിസ്ഥാനമാകുന്നത്. ആരോഗ്യ സംരക്ഷണം എന്നത് രോഗ നിവാരണത്തിന്റെ പേരിൽ രോഗനിലയെ നിലനിർത്താനുള്ള 'മോഡൽ' ആയി മാറുന്നു. ഉയർന്ന ലാബ് നിരക്കുകൾ, ആവർത്തിച്ചുള്ള പരിശോധകൾ, ദൈർഘ്യമുള്ള 'റിവ്യൂ' കൺസൾട്ടേഷനുകൾ ഇവയെല്ലാം രോഗിയുടെ ഉണർന്ന മനസ്സിനെ നിശബ്ദമായി ഇല്ലായ്മ ചെയ്യുന്നു. ഏതൊരു ജീവിക്കും ജന്മനാലഭിക്കുന്ന രോഗപ്രതിരോധശക്തിയും രോഗം സ്വയം പരിഹരിക്കാനുള്ള ശരീരത്തിന്റെ കഴിവും ഈ ദുഷിച്ച ആരോഗ്യ സംസ്കാരത്താൽ തകർന്നടിയുന്നു. ഫോളോ അപ്പിന്റെയും നിയന്ത്രിത ആരോഗ്യ സംരക്ഷണത്തിന്റെയും പേരിൽ രോഗിയെ തിരികെ തിരികെ ആശുപത്രിയിലേക്ക് വിളിപ്പിക്കുന്ന ഈ സംസ്കാരം, ബുദ്ധിമുട്ടുള്ള പുനരാവർത്തനമെന്നോ മോചനം കിട്ടാത്ത 'ഹെൽത്ത് സബ്സ്ക്രിപ്ഷൻ മോഡൽ' എന്നോ വിശേഷിപ്പിക്കാവുന്നതാണ്. ഒരു രോഗം മാറുന്നതിന് ശേഷം പോലും രോഗിക്ക് നൽകുന്ന 'ഫോളോ അപ്പ് പ്ലാൻ' എന്നത് വീണ്ടും പരിശോധന, വീണ്ടും മരുന്ന്, വീണ്ടും സ്കാൻ എന്ന ചക്രവ്യൂഹത്തിൽ തന്നെ തുടരുന്നു. അതിനൊപ്പം വേഗതയുള്ള ശസ്ത്രക്രിയകളും പ്രതിസന്ധിയില്ലാത്തതും സൗകര്യപ്രദമായതുമായ ചികിത്സയുമാണ് ഇന്നത്തെ തലമുറ പ്രതീക്ഷിക്കുന്നത്. എന്നാൽ ഇതിലൂടെ ശരീരത്തിൽ ദൈർഘ്യമുള്ള പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നുണ്ടോ എന്നുള്ളത് ചോദിക്കപ്പെടുന്നില്ല. ചികിത്സ, സൗകര്യം, വേഗത എന്ന മാറ്റങ്ങളുടെ പേരിൽ നാം നഷ്ടപ്പെടുന്നത് ശരീരബോധവും ആത്മവിശ്വാസവുമാണ്.

ആരോഗ്യം എന്നത് ആധികാരികമായ ഔഷധ നിർദ്ദേശങ്ങളിൽ നിന്നല്ല, ശരീരത്തെക്കുറിച്ചുള്ള വ്യക്തിപരമായ അറിവിൽ നിന്നാണ് വളരേണ്ടത്. ഇന്ന് പലരും തങ്ങളുടെ ശരീരത്തെക്കുറിച്ച് ഒന്നും അറിയാതെ ഡോക്ടറുടെ വാക്ക് ഒരു വിധിയെന്ന നിലയിൽ സ്വീകരിക്കുന്നു. ഇത് ആരോഗ്യം സംബന്ധിച്ച ധാരണകളെ തകർക്കുന്നു. ഓരോ വ്യക്തിയുടെയും ശരീരം വേറിട്ടതും അതിനനുസരിച്ച് ചികിത്സ ആവശ്യവുമാണ് എന്നത് ഔപചാരികമായും വ്യക്തിഗതമായും തിരിച്ചറിയേണ്ടത് ആണെങ്കിലും ഇന്നത്തെ ചികിത്സാരീതി എല്ലാവർക്കും ഒരേ പരിഹാരമെന്ന പോലെ സമീപിക്കുന്നു. ഈ പശ്ചാത്തലത്തിൽ, കേരളത്തിലെ ജനങ്ങൾ അവരുടെ ആരോഗ്യത്തിന്റെയും ചികിത്സാചാരത്തിന്റെയും ഉടമസ്ഥത തിരികെ നേടേണ്ടത് അത്യാവശ്യമാണ്. ആശ്രിതത്വത്തിൽ നിന്ന് സ്വത്വത്തിലേയ്ക്ക്, ബോധത്തിലേക്ക്, ഭീതിയിൽ നിന്ന് അറിവിലേക്കുള്ള മാറ്റമാണ് ആരോഗ്യം തിരിച്ചു പിടിക്കാനുള്ള വഴി. കാരണം, മരുന്ന് രോഗം മാറ്റുവാൻ മാത്രമല്ല, ശരീര ബോധവും ജീവിത ദൗത്യവും നഷ്ടപ്പെടുത്താനും സഹായിക്കുന്നു. അതിനാൽ തന്നെ, അമിതമായുള്ള മരുന്നുപയോഗം എന്നത് ഒരിക്കൽക്കൂടി ചിന്തിക്കപ്പെടേണ്ട ഒരു 'രോഗം തന്നെയാണ്'. ഒരു പ്രദേശത്ത് തൊഴിൽ അവസരങ്ങൾക്കുള്ള സ്ഥാപനങ്ങളെക്കാൾ അധികം ആശുപത്രികൾ ലാഭകരമായി പ്രവർത്തിക്കുന്നു എങ്കിൽ അതിനുപിന്നിൽ പ്രവർത്തിക്കുന്ന മസ്തിഷ്കങ്ങളെ തിരിച്ചറിയാൻ ശ്രമിക്കേണ്ടത് അത്യാവശ്യമാണ്. ഒരു രാജ്യത്ത് അനവധിയായ ആരോഗ്യപരിരക്ഷ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്നത് അവിടുത്തെ ജനങ്ങളുടെ മോശമായ ആരോഗ്യാവസ്ഥയെയാണ് സൂചിപ്പിക്കുന്നത് അല്ലാതെ വികസനത്തെ അല്ല.

ഒരു കാലത്ത് മെഡിക്കൽ വിദ്യഭ്യാസം ഒരു വിശുദ്ധ ദൗത്യത്തിന്റെയും സാമൂഹിക പ്രതിബദ്ധതയുടെയും ഭാഗമായിരുന്നു. ചികിത്സയെ സേവനം എന്ന നിലയിലായിരുന്നു കണ്ടിരുന്നത്. എന്നാൽ ഇന്നത്തെ കേരളത്തിൽ, പ്രത്യേകിച്ചും സ്വകാര്യ മെഡിക്കൽ കോളജുകളുടെ ഉയർച്ചയ്ക്കുശേഷം ഈ വിദ്യാഭ്യാസം ഒന്നിച്ച് കച്ചവടവത്കരിക്കപ്പെട്ടിരിക്കുന്നു. അത്യന്തം ഉയർന്ന ഫീസുകളും മാനദണ്ഡങ്ങളുമൊക്കെ ചികിത്സയെ ഒരു ഉത്പന്നമായി മാറ്റിയിരിക്കുന്നു. പഠനസാധ്യതകളെ പണംകൊണ്ട് മാത്രം നിർണയിക്കുന്നതിനുള്ള മാർഗ്ഗമായി മാറ്റിയിരിക്കുന്നു. വിദ്യാർത്ഥിയുടെ ആഗ്രഹവും മികവുമല്ല. മറിച്ച്, കുടുംബത്തിന്റെ സാമ്പത്തിക ശേഷിയും പ്രചോദനവുമാണ് ഇപ്പോൾ ഡോക്ടറാകാനുള്ള വഴി നിർണ്ണയിക്കുന്നത്. കേരളത്തിൽ മാത്രം തന്നെ നിരവധി സ്വയംഭരണ മെഡിക്കൽ കോളജുകൾ അടുത്തിടെ ഉയർന്നിട്ടുണ്ട്. ഇവയുടെ പ്രധാന ലക്ഷ്യം വിദ്യാർത്ഥികളിൽ നിന്ന് കോടികൾ കൈപ്പറ്റി സീറ്റുകൾ വിൽക്കുക എന്നതാണ്. മാർക്ക്, കഴിവ്, എന്നിവയെക്കാൾ മുൻഗണന ലഭിക്കുന്നത് ആർക്കെല്ലാം ഫീസ് അടയ്ക്കാൻ കഴിവുണ്ട് എന്നതിൽ ആണ്. ഒരു എം.ബി.ബി.എസ്. സീറ്റിന് 60 ലക്ഷം മുതൽ ഒരു കോടി രൂപ വരെ ഫീസ് ഈടാക്കുന്ന പ്രവണത ഇന്ന് സാധാരണമാണ്. മിക്കവാറും വിദ്യാർത്ഥികളുടെ ആഗ്രഹം അല്ല. മറിച്ച്, മാതാപിതാക്കളുടെ നിർബന്ധവും നിക്ഷേപ

വും 'ഡോക്ടർ' എന്ന പദവി സമൂഹത്തിൽ നൽകുന്ന വിലയും, നിലയും സാമ്പത്തിക സുരക്ഷിതത്വവും ആണ് ആരോഗ്യമേഖലയിൽ ഇന്ന് ഡോക്ടർമാരെ സൃഷ്ടിക്കുന്നത്.

ഇതുകൊണ്ടാണ് വിദേശ രാജ്യങ്ങളിലേക്ക് മെഡിക്കൽ പഠനത്തിനായി ഇന്ത്യൻ വിദ്യാർത്ഥികളുടെ വലിയ ഒഴുക്ക് നിലനിൽക്കുന്നത്. ചൈന, ഉക്രെയ്ൻ, റഷ്യ, ഫിലിപ്പൈൻസ് തുടങ്ങിയ രാജ്യങ്ങളിൽ ഇന്ത്യൻ വിദ്യാർത്ഥികൾ വലിയ തോതിൽ പഠനം തുടരുന്നു. മാതാപിതാക്കൾ കുടുംബത്തിന്റെ സാമ്പത്തിക കാഴ്ചപ്പാടുകൾക്ക് അനുസരിച്ച് 'ഡോക്ടർ' എന്ന ലേബൽ സ്വന്തമാക്കാൻ ഈ വഴി തെരഞ്ഞെടുക്കുന്നു. അവിടങ്ങളിൽ പലസ്ഥലങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ പോലും തൃപ്തികരമല്ലെങ്കിൽക്കൂടിയും നിലവിലുള്ള ഇന്ത്യൻ വ്യവസ്ഥിതിയെക്കാൾ കുറഞ്ഞ ചിലവിൽ ഡോക്ടർ ഡിഗ്രി ലഭിക്കുമെന്നതിനാൽ കുട്ടികളുടെ താൽപര്യത്തിന് വിരുദ്ധമെങ്കിൽപ്പോലും മാതാപിതാക്കൾ ഇത്തരം രാജ്യങ്ങൾ തിരഞ്ഞെടുക്കുന്നു. ഈ സാഹചര്യത്തിൽ സ്വാഭാവികമായും ഉയരുന്ന ചോദ്യം ഇവരിൽ എത്രപേർക്ക് ചികിത്സയിലേയ്ക്കുള്ള അതിജീവനാത്മക ക്ഷമതയുണ്ട്? യാഥാർത്ഥ്യത്തിൽ സേവനത്തിന് അനുസൃതമായ മാനസികാവസ്ഥയും കരുതലും ഇവർക്ക് കൈവശമുണ്ടാവുമോ? ഇത്തരത്തിൽ ഔദ്യോഗിക പദവിയിലേക്ക് വരുന്ന നൈപുണ്യമില്ലാത്ത ഡോക്ടർമാർ സങ്കീർണ്ണമായ രോഗങ്ങൾ ചികിത്സിക്കുന്നത് രോഗിയുടെ ജീവന് വരെ ഭീഷിണിയായിത്തീരുന്നു. ഡോക്ടറാകുന്നത് സമ്പത്തിന്റെ പ്രതീകമായി കണ്ടുചെല്ലുന്ന നിരവധി രക്ഷിതാക്കളും, കുട്ടികളെ ഈ മേഖലയിലേക്കുള്ള ഒരു 'സുരക്ഷിത നിക്ഷേപം' എന്ന നിലയിൽ കാണുന്നു. 'നമ്മുടെ മകൻ ഡോക്ടറാണ്' എന്ന് പറയാൻ കഴിയുന്ന സ്ഥാനമാണ് ലക്ഷ്യം, ചികിത്സ ഒരു ദൗത്യമാണെന്ന ബോധമല്ല.

ഇങ്ങനെ രൂപപ്പെട്ട അന്തരീക്ഷത്തിൽ, മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ മൂല്യം നിശ്ചയിക്കപ്പെടുന്നത് ധാർമ്മികബോധത്തെയും സേവനസന്നദ്ധതയെയും അവഗണിച്ചുകൊണ്ട് ഭാവിയിലെ വരുമാന ശേഷിയോടും ജോലി സാധ്യതകളോടും താരതമ്യം ചെയ്തുകൊണ്ടാണ്. ഇതിന്റെ ഫലമായി, പൊതുസേവനത്തിനേക്കാൾ സ്വകാര്യ പ്രാക്ടീസ്, ഉയർന്ന ശമ്പളമുള്ള ആശുപത്രി സ്ഥാപനങ്ങൾ, വ്യക്തിപരമായ നേട്ടങ്ങൾ എന്നിവയിലേക്കാണ് കൂടുതൽ ഡോക്ടർമാരുടെയും ശ്രദ്ധ കേന്ദ്രീകരിക്കപ്പെടുന്നത്. ഗ്രാമീണ മേഖലകളിലോ സാമൂഹിക പ്രതിബദ്ധതയുള്ള മേഖലയിലോ ജോലി ചെയ്യാനുള്ള താത്പര്യം ഇന്ന് ഒരു ഡോക്ടർമാർക്കും ഇല്ല. കൂടാതെ, ഈ പ്രവണത സഹനക്ഷമതയുള്ള, അധ്വാനസഹിഷ്ണുതയുള്ള, മാനുഷികമായി ജാഗ്രതയുള്ള ഡോക്ടർമാരെ വളർത്തുന്ന സാഹചര്യത്തെ തന്നെ തകർക്കുന്നു. അധ്വാനിച്ചും സമർപ്പിച്ചും വിജയം നേടിയ വിദ്യാർത്ഥികൾക്കും സാമ്പത്തികമായി പിന്നോക്കം നിലനിൽക്കുന്നവർക്കും ഈ മേഖലയിലേക്കുള്ള പ്രവേശനം തികച്ചും അസാധ്യമായി മാറുന്നു. സാധാരണക്കാരന്റെ മക്കൾക്ക് ഡോക്ടറാ

യി സമൂഹത്തോട് ചേർന്ന് സേവനം ചെയ്യാൻ ഇനി ആഭിജാത്യമുള്ള കുടുംബങ്ങളിൽ പുനർജനിച്ചാൽ മാത്രമേ സാധ്യമാകുകയുള്ളൂ.

സാമ്പത്തിക ഉദ്ദേശ്യങ്ങൾ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ ആധിപത്യം പുലർത്തുമ്പോൾ, ഫലമായി ലഭിക്കുന്നത് വിലകൂടിയ ആരോഗ്യം മാത്രമല്ല. നൈതികതയുടെ തകർച്ചയുമാണ്. രോഗികളെ വരുമാന മാർഗ്ഗമായി കാണുന്ന ഒരു സംവിധാനത്തിൽ പരിശീലനം നേടുന്ന ഡോക്ടർമാർക്ക് കാരുണ്യം, സഹിഷ്ണത, അനുകമ്പ തുടങ്ങിയ മൂല്യങ്ങൾ നിലനിറുത്താൻ ബുദ്ധിമുട്ട് അനുഭവപ്പെടും. ചികിത്സ ഒരു കച്ചവട ഇടപാടായി മാറുമ്പോൾ, വിശ്വാസം ക്രമേണ അദൃശ്യമാകുന്നു, ഒടുവിൽ ആരോഗ്യരംഗത്തിന്റെ ആത്മാവ് തന്നെ നഷ്ടമാകുന്നു. ഒരു കാലത്ത് കേരളം അതിന്റെ ആരോഗ്യമാതൃകയിലും വൈദ്യശാസ്ത്ര മേഖലയിലുള്ള ധാർമ്മിക നിലവാരമുള്ള പ്രൊഫഷണൽമാരിലും അഭിമാനം കൊണ്ടിരുന്നു. പക്ഷേ ഇന്ന് ആ അഭിമാനം ശൂന്യമായി മാറിക്കഴിഞ്ഞു. കണ്ണിളക്കുന്ന പരസ്യങ്ങളും ബ്രാൻഡഡ് ആശുപത്രികളും, സേവനത്തെ ഒരു ഉത്പന്നമാക്കി മാറ്റിയ വിപണി മുൻഗണിത സംവിധാനവുമാണ് ഇപ്പോൾ ബാക്കി ഉള്ളത്. മെഡിക്കൽ മേഖലയിലെ മാന്യതയും ബഹുമാനവും വീണ്ടെടുക്കുന്നതിനായി അടിയന്തരമായി നയപരിഷ്കാരവും പൊതുബോധവൽക്കരണവും ഒപ്പം സംസ്കാരപരമായ ഉണർവ്വും അനിവാര്യമാണ്. ഇല്ലെങ്കിൽ 'സേവനം' എന്ന വാക്ക് അധികം താമസിയാതെ ആശുപത്രി ബിൽ ബോർഡുകളിൽ കാണപ്പെടുന്ന കച്ചവടതാൽപര്യം നിറഞ്ഞതും മറയ്ക്കപ്പെട്ടതുമായ മറ്റൊരു പരസ്യവാക്യമാകും.

കേരളത്തിൽ സർക്കാർ ആശുപത്രികളെ കുറിച്ചുള്ള പൊതുധാരണ ഇന്ന് വളരെ വ്യക്തമായി തിരിച്ചറിയാവുന്നതാണ്. 'അവിടം വൃത്തിയല്ല', 'അവിടെ സുരക്ഷ ഇല്ല', 'അത് ദരിദ്രർക്ക് വേണ്ടി ഉണ്ടാക്കിയിട്ടുള്ളതാണ്'. ഈ മാനസിക അവസ്ഥ സ്വാഭാവികമായി വളർന്നതല്ല, മറിച്ച് ഉത്തരവാദിത്വമില്ലായ്മയും പണിയെടുത്തില്ലെങ്കിലും സർക്കാർ സംവിധാനങ്ങളിൽ വേതനം ലഭിക്കും എന്നുള്ള ഉറപ്പും മൂലം വർഷങ്ങളായുള്ള സർക്കാർ ആരോഗ്യപ്രവർത്തകരുടെ കൂട്ടായ പരിശ്രമത്തിൽ നിന്ന് ഉണ്ടാക്കിയെടുത്തിട്ടുള്ളതാണ്. ഇതോടൊപ്പം സ്വകാര്യ മെഡിക്കൽ വ്യവസായം സ്വന്തം ലാഭത്തിനായി പൊതുവേദികളിൽ വ്യാപകമായി വളർത്തിയെടുത്ത ആഖ്യാനങ്ങൾ കൂടിയുണ്ട് എന്ന് മറച്ച് വയ്ക്കേണ്ടതല്ല. പക്ഷെ അതിനുള്ള അവസരങ്ങൾ ഉണ്ടാക്കിക്കൊടുത്തത് സർക്കാർ ജീവനക്കാരാണ്. ഒരാൾ ആരോഗ്യ സേവനം തിരഞ്ഞെടുക്കുമ്പോൾ പോലും ക്ലാസ്, ഗുണമേന്മ, സുരക്ഷ എന്നിവയ്ക്ക് മുൻതൂക്കം നൽകുന്നതിനാൽ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കാൻ കാരണമാകുന്നു. സ്വകാര്യ ആശുപത്രികൾ പരസ്യങ്ങളിൽ അവരുടെ 'പ്രൊഫഷണൽ ടെക്ക്നോളജി', 'ഹൈജീനിക് അന്തരീക്ഷം', "മൾട്ടി സ്പെഷ്യാലിറ്റി കെയർ' എന്നിവയെ മുൻനിർത്തി ബഹുഭൂരിപക്ഷം ജനങ്ങളിൽ സംതൃപ്തി പിടിച്ചുപറ്റിയിട്ടുണ്ട്. ഇതിന് നേർവിപരീതമായി, സർക്കാർ ആശുപത്രികളെ 'സമൂഹത്തിലെ

താഴെത്തട്ടിലുള്ളവരുടെ ഇടം', 'തള്ളപ്പെടുന്നവരുടെ അവസാന ആശ്വാസകേന്ദ്രം', 'അപര്യാപ്തം നിറഞ്ഞവ' എന്നൊക്കെ ചിത്രീകരിക്കുകയും ചെയ്തു. ഈ ദ്വന്ദ്വം മാധ്യമങ്ങളിലൂടെയും, സോഷ്യൽ മീഡിയയിലൂടെയും, ഇടപഴകലുകൾ വഴിയുമാണ് ഉരുത്തിരിഞ്ഞത്. ഇതിനു പിന്നിൽ മാധ്യമങ്ങളും സ്വകാര്യ ആശുപത്രി ലോബികളും മാത്രമല്ല. മറിച്ച്, സംസ്ഥാന ആരോഗ്യവിഭാഗം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടേയും അയോഗ്യരും സ്വാർത്ഥരുമായ മന്ത്രിമാരുടെ അനാസ്ഥയും ഒരുപോലെ കാരണമാണ്. ഒരുതരത്തിൽ കേരളത്തിലെ സർക്കാർ ആശുപത്രികളുടെ കാലങ്ങളായി തുടരുന്ന അപചയം മാറിമാറി വരുന്ന ഗവണ്മെന്റുകളും സ്വകാര്യ മെഡിക്കൽ വ്യവസായ മാഫിയകളും തമ്മിലുള്ള അവിശുദ്ധബന്ധത്തിന്റെ തെളിവാണെന്ന് ജനങ്ങൾ സംശയിച്ചാൽ അവരെ തെറ്റുപറയാനാവില്ല.

ഇവിടെയാണ് സാധാരണക്കാരുടെ മനസ്സിലെ മാറ്റം തുടങ്ങുന്നത്. ഒരു ചെറിയ പനിമൂലം പോലും ചികിത്സ തേടുമ്പോൾ, മധ്യവർഗ്ഗക്കാർ ഉൾപ്പെടെ സ്വകാര്യ ആശുപത്രികളിലേക്കാണ് തിരിയുന്നത്. സർക്കാർ ആശുപത്രിയിലേക്കുള്ള ഒരു കാൽവെയ്പ്പ് അപമാനകരമായ കാര്യമാണെന്ന ധാരണ വളർന്നിരിക്കുന്നതിനാൽ മധ്യവർഗ്ഗ ജനത പോലും സർക്കാർ ആശുപത്രിയെ സമീപിക്കാൻ മടിക്കുന്നു. ഈ സങ്കല്പം അത്ര ശക്തമായി ആഴത്തിൽ സമൂഹത്തിൽ വേരുപിടിച്ചിരിക്കുന്നു. മികച്ച ഡോക്ടർമാരും ആരോഗ്യപരമായ മികച്ച സേവനങ്ങളും ലഭ്യമാകുന്ന നിരവധി സർക്കാർ സ്ഥാപനങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും, അവ അവഗണിക്കപ്പെടുന്നു. കേരളത്തിലെ സർക്കാർ ആശുപത്രികളിലെ ആരോഗ്യ പ്രവർത്തകരുടെ മനോഭാവം വിവിധതരത്തിലായാണ് കാണപ്പെടുന്നത്. വലിയൊരു വിഭാഗം ഡോക്ടർമാരും നഴ്സുമാരും പോരായ്മകളുടെ പശ്ചാത്തലത്തിലും അത്യുജ്ജ്വലമായ സേവനമാണ് നൽകുന്നത്. അധികം പേർക്ക് ചികിത്സ നൽകേണ്ടി വരുന്ന തിരക്കുകൾ, മരുന്നുകളുടെയും ഉപകരണങ്ങളുടെയും ക്ഷാമം, വളരെ കുറച്ച് സഹായം ലഭിക്കുന്ന സാഹചര്യങ്ങൾ എന്നിവയെ അതിജീവിച്ച് സഹനത്തോടെയും കരുണയോടെയും അവരുടെ സേവനം തുടരുന്നവരാണ് ഇക്കൂട്ടർ. അവരുടെ മനസ്സിൽ രോഗിയുടേയും കുടുംബത്തിന്റേയും ദുഃഖവും മാനസിക സംഘട്ടനവും മനസ്സിലാക്കാനുള്ള പ്രത്യേക ശേഷിയുണ്ട്. പലപ്പോഴും അവർക്ക് ലഭിക്കുന്ന അംഗീകാരം വളരെ കുറവായിരുന്നാലും അർപ്പണ ബോധത്തോടെയാണ് അവർ ജോലി ചെയ്യുന്നത്.

അതേസമയം, മറ്റൊരു ഭാഗത്ത് ചില സർക്കാർ ആരോഗ്യപ്രവർത്തകരിൽ അധ്വാനത്തിൽ നിന്ന് ഒഴിഞ്ഞു നിൽക്കുന്ന സമീപനവും, രോഗിയോടുള്ള അവഗണനയും കണ്ടുവരാറുണ്ട്. കുറവ് വേതനവും മാനസിക സമ്മർദ്ദവും ഈ അവസ്ഥയ്ക്ക് വഴിവെക്കുന്നുണ്ട്. ജോലി സുരക്ഷയും സർക്കാർ സംവിധാനത്തിന്റെ സംരക്ഷണവും കാരണം ചിലർക്കു സേവനം കൃത്യതയോടെ നൽകേണ്ടതില്ലെന്ന തോന്നലുണ്ടാകാറുണ്ട്. കുറച്ച് വിഭാഗത്തിൽ കാണുന്ന ഈ അവഗണനാ പൂർണ്ണമായ

സമീപനം, മുഴുവൻ സർവീസ് മേഖലയുടെയും പ്രതിച്ഛായയെ ദോഷകരമായി ബാധിക്കുന്നു. പൊതുജന വിശ്വാസം നിലനിർത്താൻ ആരോഗ്യ പ്രവർത്തകരിൽ കൂടുതൽ ഉത്തരവാദിത്വ ബോധവും മനുഷ്യത്വവുമുള്ള സമീപനവും വളർത്തേണ്ടത് അത്യാവശ്യമാണ്. ഇതിന്റെ പശ്ചാത്തലത്തിൽ, പൊതുജനസേവനത്തെ 'ദുരിതം' ആയി ചിത്രീകരിക്കുന്നതിന്റെ പിൻനില കുറേക്കൂടി വിശകലനം ചെയ്യേണ്ടതുണ്ട്. സ്വകാര്യ ആശുപത്രികൾക്ക് ആവശ്യമായത് അവരുടെ 'ടാർഗെറ്റ് ഗ്രൂപ്പ്' പൂർണ്ണമായി സ്വന്തമാക്കുക എന്നതാണ്. ഇന്ന് ഒരു പൊതു ആശുപത്രിയിൽ ലഭിക്കുന്ന ചില ചികിത്സകളും മരുന്നുകളും മുൻനിര സ്വകാര്യ സ്ഥാപനങ്ങളിൽ ലഭിക്കുന്നത് അതിന്റെ 10 മടങ്ങ് ചിലവിൽ ആണ്. പക്ഷേ, വിശ്വാസത്തിന്റെ വ്യാജത്വം ശക്തമായത് കൊണ്ടുതന്നെ ജനങ്ങൾ തന്നെ അതിനെ ചോദ്യം ചെയ്യാറില്ല.

പല സ്വകാര്യ ആശുപത്രികളും വലിയ ഫാക്ടറികൾ പോലെ വളരുന്നതിന് കാരണം പൊതുജനത്തിന്റെ ഉള്ളിൽ വേരൂന്നിയ ഈ വിശ്വാസവും ആരും ചോദ്യം ചെയ്യാനും തിരുത്താനും ഇല്ലാത്ത സർക്കാർ ആരോഗ്യ സംവിധാനങ്ങളും ആണ്. ഇതിന്റെ ഭാഗമായി, ഒരു സംസ്കാരപരമായ തിരിച്ചറിവ് ആവശ്യമുണ്ട്. സർക്കാർ ആശുപത്രികൾ 'പാവപ്പെട്ടവർക്കുള്ള അവസാന കെട്ടിടം' എന്ന തോന്നൽ മാറ്റിവെച്ച്, അവയെ സമൂഹത്തിന്റെ ആന്തരിക ജീവശക്തിയായി തിരിച്ചറിയേണ്ടത് അനിവാര്യമാണ്. നല്ല ആരോഗ്യസംരക്ഷണം പണം കൊണ്ട് മാത്രം കിട്ടേണ്ട വസ്തുവല്ല. മറിച്ച്, എല്ലായിടത്തും എല്ലാവർക്കും തുല്യമായി ലഭിക്കേണ്ട ജനാധിപത്യ അവകാശമാണ് എന്നുള്ള തിരിച്ചറിവ് വളർത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. പൊതുജനങ്ങൾ അവരുടെ സ്വന്തം സർക്കാർ സ്ഥാപനങ്ങളെ വിലമതിക്കാതെ, അവയെ പ്രചരിപ്പിക്കാതെ, വിശ്വസിക്കാതെ, തെറ്റുകളേയും, ധിക്കാരങ്ങളേയും, അവഗണനകളേയും ചോദ്യം ചെയ്യാതെ ഔഷധ ശൃംഖലയും ആരോഗ്യ സംരക്ഷണ സംവിധാനവും സ്വകാര്യമേഖലകൾക്ക് സഹായകമാകും വിധത്തിൽ അവഗണനാത്മക ഇടപെടലുകൾക്കായി വിട്ടുകൊടുക്കുകയാണ്. അതിനാൽ, സർക്കാർ ആശുപത്രികൾക്ക് അടിയന്തരമായ സംരക്ഷണവും പൊതുവിജ്ഞാനവും നൽകുന്നതിന് സാമൂഹിക, രാഷ്ട്രീയ, മാധ്യമ പ്രേരണകൾ കൂടിയായുള്ള പ്രവർത്തനം അനിവാര്യമാണ്. പൊതുആരോഗ്യരംഗം തകർന്നു കിടക്കുമ്പോൾ മന്ത്രിമാർ വിദേശരാജ്യങ്ങളിൽ സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്നത് ഈ വ്യവസ്ഥയുടെ ഏറ്റവും വലിയ കപടനാട്യമാണ്. കൃത്രിമമായി തിടമ്പേറ്റിക്കൊണ്ട് നടക്കുന്ന പ്രബുദ്ധതയല്ല ജനത്തിന് വേണ്ടത്. മറിച്ച്, അടിസ്ഥാനപരമായി ഈ മേഖലയിലേയ്ക്ക് തിരഞ്ഞെടുക്കുന്ന മന്ത്രിമാർ മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർക്ക് വേണ്ട യോഗ്യതയും സേവന മനോഭാവവും വീക്ഷണവും സത്യസന്ധതയും ഉണ്ടോ എന്ന് ഉറപ്പുവരുത്തുകയാണ്. അല്ലെങ്കിൽ, പൊതുമേഖലയിലുള്ള ആശുപത്രികളുടെ വിശ്വാസ്യതയും, തുല്യതയും, ഭാരതീയ ആരോഗ്യരംഗത്തിന്റെ ആത്മാവും നിശബ്ദമായി ഇല്ലാതാവും.

സർക്കാർ ആരോഗ്യ സംവിധാനത്തിന്റെ അടിസ്ഥാന ഘടനയുടെ അടിത്തറയിൽ തന്നെ പിഴവുകൾ ബാധിച്ചിരിക്കുന്നത് നമുക്ക് കാണാവുന്നതാണ്. അഴിമതി എന്നത് ഓരോഘട്ടത്തിന്റെയും അവിഭാജ്യഘടകം ആയിരിക്കുന്നു. ആ അഴിമതികൾ വ്യക്തികളുടെ മാത്രമല്ല. മറിച്ച്, സ്ഥാപനങ്ങളുടെ അടിസ്ഥാനപ്രവൃത്തി പദ്ധതികളിലാണ് പടർന്നിരിക്കുന്നത്. മെഡിക്കൽ കൗൺസിലുകൾ മുതൽ ആരോഗ്യവകുപ്പ് മന്ത്രാലയങ്ങൾ, റെഗുലേറ്ററി ബോഡികൾ, ടെണ്ടർ പ്രക്രിയകൾ, മെഡിക്കൽ കോളേജുകളുടെ അംഗീകാരം, ആശുപത്രി ലൈസൻസ് നൽകൽ, ജീവനക്കാരുടെ നിയമനം തുടങ്ങി സംവിധാനത്തിന്റെ അത്യുജ്ജ്വല തലങ്ങളിൽ വരെ കയറിക്കൂടിയ ഈ അഴിമതിയാണ് കേരളത്തിന്റെ ആരോഗ്യ പരിപാടികളുടെ മേന്മ തകർക്കുന്നത്. ഒരു ആശുപത്രിക്ക് ലൈസൻസ് ലഭിക്കുവാൻ പോലും 'അനൗപചാരിക പ്രതിഫലം' എന്ന പേരിൽ കൈക്കൂലി നൽകേണ്ട അവസ്ഥയുണ്ടാകുന്നുണ്ട്. സ്വകാര്യ ആശുപത്രികൾ, ഡയഗ്നോസ്റ്റിക് സെന്ററുകൾ, ക്ലിനിക്കുകൾ മുതലായവ നിയമപരമായി പ്രവർത്തിക്കണമെങ്കിൽ അനിവാര്യമായ ലൈസൻസിംഗ്, ഇൻസ്പെക്ഷൻ, രജിസ്ട്രേഷൻ തുടങ്ങിയ കാര്യങ്ങൾക്കായി ആരോഗ്യവകുപ്പ് അധികൃതർക്കും ബന്ധപ്പെട്ട കൗൺസിലുകൾക്കുമുള്ള 'ഉപചാരം' നിഷേധിക്കാനാകാത്ത ഒന്നായി മാറിയിരിക്കുന്നു. ഇവയിൽ പലതും കൃത്രിമ പരിശോധന റിപ്പോർട്ടുകൾ, അടിയന്തരമായി കൃത്യമായി പാലിക്കേണ്ട സുരക്ഷാമാനദണ്ഡങ്ങളിലേയ്ക്കുള്ള നിയലംഘനങ്ങൾ തുടങ്ങിയവ കണ്ടില്ലെന്ന് നടിക്കുന്നതിന് വേണ്ടിയാണ് നൽകപ്പെടുന്നത്.

അപ്രകാരം തന്നെ നടക്കുന്നതും മ്ലേച്ഛമായതുമായ മറ്റൊരു അഴിമതിയാണ് മരുന്നുകളുടെ ടെണ്ടറുകൾ. സർക്കാർ ആശുപത്രികളിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി വർഷംതോറും കോടികൾ വകയിരുത്തുന്നുണ്ടെങ്കിലും അവയുടെ ഭൂരിഭാഗവും വിലകൂട്ടികാണിച്ച് ബില്ലുകൾ നൽകുന്ന ചില കമ്പനികൾക്കായി മാത്രം ഒരുക്കിയിരിക്കുന്ന സാഹചര്യത്തിൽ ടെണ്ടറുകൾ നൽകുന്നത് പതിവാണ്. വില കുറഞ്ഞ, ഗുണമേന്മയുള്ള മരുന്നുകൾ ലഭ്യമാക്കാനുള്ള താത്പര്യമല്ല ഇവിടെ മുൻഗണന ലഭിക്കുന്നത്. മറിച്ച്, അഴിമതിക്ക് കൂട്ടുനിൽക്കുന്നവരുമായി ഒത്തുചേർന്ന് അവർക്ക് അനുകൂലമായ രീതിയിൽ ടെണ്ടർ ജോലികൾക്കുള്ള വഴികളാണ് ഉറപ്പാക്കപ്പെടുന്നത്. രോഗനിവാരണനത്തിനായി അത്യാവശ്യമായ സൗകര്യങ്ങൾ ഉടൻ എത്തേണ്ടതായ ആശുപത്രികൾ, പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, ജില്ലാ ആശുപത്രികൾ എന്നിവയ്ക്ക് ബഡ്ജറ്റിൽ നീക്കിവയ്ക്കുന്ന തുക പലപ്പോഴും ആവശ്യമായ വിധത്തിൽ എത്തുന്നില്ല. പല സബ്-സെന്ററുകൾക്കും ഇന്ന് മരുന്നുകൾ ഇല്ല, ലാബ് ഉപകരണങ്ങൾ ഇല്ല, കിറ്റുകൾ ഇല്ല. ഇവയുടെ പിന്നിൽ പലപ്പോഴും ആ തുക അപ്രത്യക്ഷമാകുന്നതാണ്. സമർപ്പിതരായ ആരോഗ്യപ്രവർത്തകർ എത്രവേണമെങ്കിലും പ്രവർത്തിക്കാൻ തയ്യാറാണെങ്കിലും, വളരെ ആവശ്യമുള്ള ഉപകരണങ്ങളുടേയും മാനവശേഷിയുടേയും അഭാവ

ത്തിൽ അവർ വെറുതെ പ്രതീക്ഷയോടെ കാത്തിരിക്കുകയും നിശബ്ദമായി നിഷ്ക്രിയരാകുകയും ചെയ്യുന്നു.

ജീവനക്കാരുടെ നിയമനത്തിലും പ്രമോഷനിലും നടക്കുന്ന സ്വജനപക്ഷപാതം നിറഞ്ഞ (നെപ്പോട്ടിസം) അഴിമതിയും മറ്റൊരു രൂപമാണ്. യോഗ്യതയോ പരിചയമോ മുന്നിൽ കാണാതെ 'ആരോട് ബന്ധമുണ്ട്' എന്നത് പരിഗണിക്കുന്നത് പതിവാണ്. രോഗികൾ ജീവനുവേണ്ടി പോരാടുന്ന അതീവ സംരക്ഷണം വേണ്ട വിഭാഗങ്ങളിൽ പോലും ജനാധിപത്യത്തിന് അതീതമായി, വ്യക്തിവിശേഷങ്ങളുടെ സാരഥ്യതയിൽ മുന്നോട്ട് പോകുന്നതാണ് അവസ്ഥ. ഇതുമൂലം വിവിധ മേഖലകളിൽ സ്ഥിരം മികവില്ലായ്മയും സേവനത്തിന്റെ കാര്യക്ഷമത ഇല്ലായ്മയും കാണപ്പെടുന്നു. അടുത്തിടെ പൊതുജന ശ്രദ്ധ കേന്ദ്രീകരിക്കപ്പെടുന്നത് 'ഹെൽത്ത് ഇൻഷുറൻസ് പദ്ധതി', 'ഫ്രീ മെഡിക്കൽ ക്യാമ്പ്', കാരുണ്യ പദ്ധതി പോലുള്ള കൊട്ടിഘോഷിക്കപ്പെടുന്ന പദ്ധതി പ്രസംഗങ്ങളിലേക്കാണ്. പുറമേ കാണുന്ന ഈ തിളക്കങ്ങളുടെ പിന്നിൽ, സംവിധാനത്തിന്റെ അടിത്തറ അഗാധമായ ഗർത്തത്തിലേയ്ക്ക് പതിച്ചുകൊണ്ടിരിക്കുന്നു. ഒരു വൈദ്യസംവിധാനത്തിന്റെ അടിത്തറതന്നെ അഴിമതിയാൽ തകരുമ്പോൾ പുറമേ പ്രകാശമേറിയ പ്രവർത്തനങ്ങൾ എത്രമാത്രം നടത്തിയാലും അതിന്റെ ഭവിഷത്ത് ഗുണം പകരുന്നതാവില്ല. നല്ല പദ്ധതികളും പണിയെടുക്കുന്ന സ്ഥാപനങ്ങളും ഈ സ്ഥാപനാത്മക അഴിമതിയിൽപ്പെട്ടാൽ അവയുടെ ലക്ഷ്യങ്ങൾ പോലും തകരുന്നു.

ഇവയെക്കുറിച്ച് തുറന്ന് പറയാനും അവലംബമാക്കാനും പൊതുസമൂഹം അധികം താത്പര്യം കാണിക്കുന്നില്ല. ഈ പിഴവുകൾ വലിയ തലങ്ങളിൽ ആണെങ്കിലും ഏറ്റവും താഴെയുള്ള ആരോഗ്യ പ്രവർത്തകരുടെ മേലാണ് പൊതുവെ കുറ്റം ചുമത്തപ്പെടുന്നത്. അതിനാൽ തന്നെ, ഈ അഴിമതിയുടെ സിരാകേന്ദ്രം പൊതുജനങ്ങൾക്ക് കാണാനാവുന്നതല്ല. പൊതുശ്രദ്ധ, മാധ്യമ, രാഷ്ട്രീയ പരിപ്രേക്ഷ്യങ്ങൾ എല്ലാം കോർപറേറ്റ് മെഡിക്കൽ രംഗത്തിന്റെയും പാർട്ടി അടിത്തറയുടെയും ആശയങ്ങളിലേയ്ക്കാണ് വഴിമാറുന്നത്. കേരളത്തിലെ പൊതുആരോഗ്യ സംവിധാനം തകർക്കുന്ന സ്ഥാപനാത്മക അഴിമതിയെ ജനങ്ങൾ തിരിച്ചറിയാനും അതിനെതിരെ പ്രതികരിക്കാനും തയ്യാറാകണം. പൊതുആരോഗ്യ സംരക്ഷണം എന്നത് കൂടുതൽ ആശുപത്രികൾ പണിയുകയോ മേൽമേലായ പദ്ധതികൾ പ്രഖ്യാപിക്കുകയോ ചെയ്യുന്നതിൽ മാത്രം ഒതുങ്ങുന്നതല്ല. മറിച്ച്, ആ സംവിധാനത്തിന്റെ ഉള്ളിലുള്ള സത്യസന്ധതയും നൈതികതയും സംരക്ഷിക്കുന്നതിലൂടെയാണ് യഥാർത്ഥ പരിരക്ഷ നടക്കുന്നത്. കേരളത്തിന്റെ ആരോഗ്യരംഗം എന്നത് സ്വകാര്യ ആശുപത്രി സംസ്കാരമാണെങ്കിൽ എന്തിനാണ് ജനങ്ങളുടെ കോടിക്കണക്കിന് മൂല്യമുള്ള നികുതിപ്പണം പാഴാക്കി കളയുന്നത്. അത്രയും ധനം മറ്റ് വിഭാഗങ്ങളുടെ വികസനങ്ങൾക്ക് വിലയിരുത്തി ജനങ്ങളുടെ മേൽവരുന്ന അധിക നികുതി ബാധ്യതകൾ കുറയ്ക്കാൻ ഉപയോഗിക്കണം. ജനങ്ങൾ സുതാര്യത, സ്ഥിരതയുള്ള

ഓഡിറ്റ് സംവിധാനങ്ങൾ, നയ ഉത്തരവാദിത്വം, നൈതിക നേതൃപാടവം എന്നിവ ആവശ്യപ്പെടേണ്ടതുണ്ട്. ഇതൊന്നും ഇല്ലെങ്കിൽ, കേരളത്തിന്റെ ആരോഗ്യ രംഗം കോർപ്പറേറ്റ് ചൂഷണത്തിന്റെയും രാഷ്ട്രീയ കുത്തകകളുടെയും സ്ഥാപനപരമായ അനീതിയുടെയും കളിസ്ഥലമായി മാറ്റപ്പെടും.

ഒരുകാലത്ത് ആരോഗ്യരംഗം ഉയർന്ന ബഹുമതിയോടെയും ധാർമ്മിക ഉത്തരവാദിത്വമായി കണക്കാക്കിയിരുന്ന ശ്രേഷ്ഠമായ സേവനമായിരുന്നു. രോഗികളെ ദൈവസമാനമായി കാണുകയും ചികിത്സയെ ധർമ്മമായും ആത്മീയ ഉത്തരവാദിത്തമായും സമീപിക്കാറുണ്ടായിരുന്നു. എന്നാൽ ഇന്നത്തെ കേരളത്തിൽ, മെഡിക്കൽ സമൂഹത്തിലെ വലിയൊരു വിഭാഗത്തിൽ ഗൗരവമേറിയ ധാർമ്മിക തകരാറുകൾ കാണപ്പെടുന്നു. ഇന്ന് പലർക്കും ആരോഗ്യസംരക്ഷണ പ്രവർത്തകൻ എന്നത് സമ്പത്തിനും സമൂഹത്തിലെ ബഹുമാന്യമായ സ്ഥാനത്തിനുമുള്ള വഴി മാത്രമായിരിക്കുന്നു. ഡോക്ടർമാരുടെ രൂപാന്തരം ചികിത്സകരിൽ നിന്ന് ലാഭാർത്ഥികളിലേക്ക് മാറിയതിൽ ആകസ്മികതയില്ല; അത് ഒരു വ്യവസ്ഥാനുസൃതമായ സാംസ്കാരിക മാറ്റത്തിന്റെ ഫലമാണ്. ഇന്നത്തെ മെഡിക്കൽ വിദ്യാർത്ഥികളുടെ ഭൂരിപക്ഷവും കടുത്ത മത്സരത്തിലൂടെ അല്ലെങ്കിൽ അർബുദമായ ഫീസ് അടച്ച് സ്വകാര്യ മെഡിക്കൽ കോളേജുകളിലൂടെയോ വിദേശത്തു നിന്നും തന്റെ പേരിന്റെ മുന്നിൽ ചേർക്കുന്നതിനായി 'ഡോക്ടർ' പദവി നേടിയെടുത്തോ ആണ് ആരോഗ്യരംഗത്തെ കർമ്മമേഖലയിലേയ്ക്ക് പ്രവേശനം ചെയ്യുന്നത്. സേവനത്തിനുള്ള ആഴമുള്ള താത്പര്യം ഇവരിൽ വിരളമാണ്. പകരം കുടുംബത്തിന്റെ ഗൗരവം, സാമ്പത്തിക പ്രതിഫലം, അല്ലെങ്കിൽ സാമൂഹിക സുരക്ഷിതത്വം പോലുള്ള കാരണങ്ങളാണ് മുൻപന്തിയിൽ. വിദ്യാർത്ഥികാലം മുതലേ ഇവർ സാമൂഹ്യ സേവനത്തിനായല്ല. മറിച്ച്, കഴുത്തറപ്പൻ വിപണിയിൽ നിലനിൽക്കാനായി പരിശീലിക്കപ്പെടുന്നു. മെഡിസിൻ ഇന്ന് ഒരു മഹത്തായ സേവനം എന്നതിനേക്കാൾ ഉപരിയായി പണം, ജീവിതശൈലി മെച്ചപ്പെടുത്തൽ, സ്വാധീനം എന്നിവക്ക് വഴിയൊരുക്കുന്ന ലാഭകരമായ കരിയർ പാതയായി കാണപ്പെടുന്നു.

ഈ ധാർമ്മിക അധഃപതനത്തിന്റെ ഏറ്റവും ഭീതിജനകമായ ലക്ഷണങ്ങളിലൊന്നാണ് ഡോക്ടർമാരും ഫാർമസ്യൂട്ടിക്കൽ കമ്പനികളും തമ്മിലുള്ള തുറന്ന പങ്കാളിത്തം. കേരളത്തിൽ പ്രവർത്തിക്കുന്ന മിക്കവാറും ഡോക്ടർമാർക്കും ആരോഗ്യ മേഖലയിൽ തങ്ങളാണ് അന്തിമ അധികാരികൾ എന്ന് ധിക്കാരത്തിൽ അധിഷ്ഠിതമായ ദൃഢധാരണയുണ്ട്. ഫാർമ കമ്പനികൾ ഇതിനെ നന്നായി ഉപയോഗപ്പെടുത്തി വിദേശയാത്രകൾ, കോൺഫറൻസ് സ്പോൺസർഷിപ്പുകൾ, വിലയേറിയ വസ്തുങ്ങൾ, ആഡംബര സമ്മാനങ്ങൾ, ഫൈൻ ഡൈനിംഗ് എന്നിവയുടെ രൂപത്തിൽ ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്യുന്നു. അതിന് പ്രത്യുപകാരമായി അവർക്ക് ആവശ്യമായത് അവരുടെ ബ്രാൻഡഡ് മരുന്നുകൾ ഡോക്ടർമാർ എഴുതേണ്ടതാണ്. ഈ മരുന്നുകൾ രോഗിക്ക് യോജിക്കുന്നുവോ എന്ന ചോദ്യത്തിന് ഇ

വിടെ പ്രസക്തിയില്ല. ഡോക്ടറുടെ വ്യക്തിഗത ലാഭമാണ് മുൻഗണന. മറ്റൊരു ഗൗരവകരമായ പ്രശ്നമാണ് ഡയഗ്നോസ്റ്റിക് ലാബുകളുമായുള്ള കമ്മീഷൻ അടിസ്ഥാനത്തിലുള്ള റഫറൽ സംവിധാനം. ഓരോ ബ്ലഡ് ടെസ്റ്റിനും സ്കാനിനും എക്സ്റേക്കും ഡോക്ടർമാർക്ക് പ്രതിഫലമായി ചിലശതമാനം കമ്മീഷൻ ലഭിക്കുന്നു. ഒരിക്കൽ ഈ ചക്രവ്യൂഹത്തിൽ പ്രവേശിച്ചാൽ അനാവശ്യ പരിശോധനകൾ നിർദ്ദേശിക്കുന്നത് സാധാരണ കാര്യമയി മാറുന്നു. രോഗിയുടെ ആരോഗ്യം മുൻതൂക്കം ലഭിക്കേണ്ടതിനേക്കാൾ ധനലാഭം പ്രധാനമാകുന്നു. ഈ അധാർമ്മികമായ സമീപനം ആരോഗ്യരംഗത്ത് അതിവേഗം പ്രാമാണികത നേടിക്കൊണ്ടിരിക്കുന്നതും സംഘടിതവും സർവ്വസാധാരണവുമാണ്.

അതിനൊപ്പം, ജന ഔഷധി പോലുള്ള സർക്കാർ പദ്ധതികൾ വഴി ലഭ്യമായ വിലകുറഞ്ഞ ജനറിക് മരുന്നുകളെ തുറന്ന് അപമാനിക്കുന്ന പ്രവണതയും ഡോക്ടർമാരിൽ കാണാം. എന്നാൽ അമേരിക്ക അടക്കമുള്ള പല മുൻനിര രാജ്യങ്ങളിലും ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്ത മരുന്നുകൾ റീബ്രാൻഡ് ചെയ്ത് പതിന്മടങ്ങ് വിലയ്ക്ക് വിറ്റഴിക്കുന്നു എന്നത് അവഗണിക്കാനാകാത്ത നഗ്നസത്യമാണ്. പക്ഷെ ഇവിടെ ഫാർമ കമ്പനിയുമായി ഉള്ള കരാറുകൾ അനുസരിച്ച് തിരികെ നിറവേറ്റേണ്ട ചുമതലകൾ അടിസ്ഥാനമാക്കി അവർ വിലകൂടിയ ബ്രാൻഡഡ് മരുന്നുകൾ നിർദ്ദേശിക്കുന്നു. ഈ ഗൂഢമായ ഇടപാടുകളെ കുറിച്ച് അറിവില്ലാതെ രോഗികൾക്ക് പലപ്പോഴും പത്തു ശതമാനം ചിലവിൽ ലഭിക്കാവുന്ന മരുന്നുകൾക്ക് പകരം ഉയർന്ന ബില്ലുകൾ അടയ്ക്കേണ്ടിവരുന്നു. മരുന്ന് കമ്പനികളുമായി നേരിട്ട് ബന്ധമുള്ള ആശുപത്രികൾ രോഗിയെ പുറത്ത് വിടാതെ മരുന്നുകൾ മുഴവൻ ആശുപത്രി ഫാർമസി വഴി നൽകി ലാഭമുണ്ടാക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളെയാണ് ഇതിന്റെ ഭവിഷത്തുകൾ ഏറ്റവും കൂടുതൽ ബാധിക്കുന്നത്. അതേസമയം, സ്വകാര്യ ആശുപത്രികൾ അവരുടെ ഡോക്ടർമാർക്ക് മാസത്തിൽ പൂർണ്ണമാക്കേണ്ട 'ടാർഗെറ്റുകൾ' നിർബന്ധമായി ഏർപ്പെടുത്തുന്നു. എത്ര സർജറികൾ, അഡ്മിഷനുകൾ, സ്കാനുകൾ എന്നിവ പൂർത്തിയാക്കണം എന്നതാണ് ആ കണക്കുകൾ. ഈ കണക്കുകൾ കൈവരിക്കാത്തപക്ഷം ഡോക്ടർമാർ ശമ്പളക്കുറവ്, ബോണസ് നഷ്ടം, പെർഫോമൻസ് താക്കീതുകൾ പോലുള്ള ശിക്ഷകൾക്ക് വിധേയരാകുന്നു. ഈ കോർപ്പറേറ്റ് മാതൃക ആരോഗ്യരംഗത്തെ കർശനമായ ഒരു ബിസിനസ് സ്ഥാപനമമാക്കി മാറ്റുന്നു. ഇത്തരം സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ഡോക്ടർമാർ എത്രയേറെ കരുണയുള്ളവർ ആയിരുന്നാലും അവർ സാമ്പത്തിക ലാഭം മുൻതൂക്കം നൽകേണ്ടിവരുന്ന അവസ്ഥയിലാകും. ഇവിടെ, രോഗിയെ ഒരു ദുരിതത്തിൽ കിടക്കുന്ന മനുഷ്യനായി കാണുന്നില്ല. പകരം, വരുമാനത്തിനായി പ്രോസസ്സ് ചെയ്യപ്പെടേണ്ട ഒരു നമ്പറായി മാത്രമേ കാണുന്നുള്ളൂ.

പ്രാഥമിക ചികിത്സയിൽ നിന്ന് അടിയന്തര ചികിത്സയിലേക്കും ശിശുരോഗ വിദഗ്ധ ശാഖകളിലേക്കും ഈ ധാർമ്മിക തകർച്ച കാണാവുന്നതാണ്. ഇപ്പോഴും ഈ തകർച്ചയ്ക്ക് വിരുദ്ധമായി നിശ്ചയ ദാർഢ്യത്തോടെ ധാർമ്മികമായി പ്രവർത്തിക്കുന്ന ചില വ്യക്തിഗത ഡോക്ടർമാർ ഉണ്ടെങ്കിലും അവരുടെ എണ്ണം കുറയുന്നതായാണ് കാണുന്നത്. സമൂഹം തന്നെ ആരോഗ്യസംരക്ഷണത്തെ സർവ്വജനത്തിനുള്ള അടിസ്ഥാനാവകാശം ആയിട്ടല്ല. മറിച്ച്, ധനികർക്ക് മാത്രം ഉള്ള പ്രത്യേക അവകാശമായി കണ്ടുതുടങ്ങിയിരിക്കുന്നു. ഡോക്ടർമാർ അതിനോട് എതിർത്ത് നിലകൊള്ളേണ്ട ധാർമ്മിക ബാധ്യതയില്ലെന്ന രീതിയിൽ കശാപ്പുകാരന്റെ മാനസിക നിലയിലേക്ക് അധഃപതിച്ചിരിക്കുന്നു. ചികിത്സയുടെ അടിസ്ഥാനതത്വം ലാഭമല്ല ദുഃഖിതരെ സുഖപ്പെടുത്തുക എന്നതാണ്. സഹായിക്കാൻ ആരുമില്ലാത്തവർക്ക് അവസാന പ്രത്യാശയാകുന്ന ഡോക്ടറുടെ ഉള്ളിലെ പ്രകാശമാണ് ഈ വ്യവസ്ഥയുടെ സ്നേഹതാളം. ഇന്ന് ആ പ്രകാശം മങ്ങിക്കൊണ്ടിരിക്കുന്നു. ജീവനക്കാർക്കായുള്ള ആശ്രയം ലാഭത്തിൽ പരിമിതപ്പെടുമ്പോഴും, വിജയം കമ്മീഷനും ബില്ലിംഗുമാണ് എന്ന മാനദണ്ഡത്തിൽ അളക്കപ്പെടുമ്പോഴും മുഴുവൻ സംവിധാനവും ഒരു ധാർമ്മികമായി തകർന്ന ബിസിനസ് സംവിധാനമാകുന്നു. ഈ തകർച്ചയുടെ ആഘാതങ്ങൾ സമൂഹത്തിൽ വ്യക്തമാണ്. ഇനി ഡോക്ടർമാരുടെ കൈകളിൽ രോഗികൾ സുരക്ഷിതരാണ് എന്ന് മനസ്സമാധാനത്തോടെ കരുതുവാൻ ആർക്കും ആകില്ല. ചികിത്സകൻ-രോഗി ബന്ധം ഒരു സ്നേഹപൂർവമായ മാനുഷിക ബന്ധം അല്ല. പകരം വേദനയും ആകുലതയും നിറഞ്ഞ, തണുത്ത, ഇടപാട് മാത്രമുള്ള ബന്ധമായി മാറിത്തീർന്നിരിക്കുന്നു. ശാരീരിക രോഗങ്ങൾക്ക് ചികിത്സ ലഭിച്ചാലും അതിനോടൊപ്പം ഉണ്ടാവേണ്ട മാനസിക ആശ്വാസവും വിശ്വാസവും ഇല്ലാതാകുന്നു.

മെഡിക്കൽ രംഗത്തെ ഈ ധാർമ്മികതയുടെ മരണം കേവലം വ്യക്തികളുടെ പ്രശ്നം മാത്രമല്ല. സമ്പൂർണ്ണ സമൂഹം തന്നെ നേരിട്ട് കൈകാര്യം ചെയ്യേണ്ട ഗൗരവമായ വിഷയം കൂടിയാണ്. സത്യത്തിൽ പ്രബുദ്ധതയുടെ മുഖമണിയുന്ന മലയാളിക്ക് മറ്റ് സംസ്ഥാനങ്ങളോടോ രാജ്യങ്ങളോടോ താരതമ്യം ചെയ്യുമ്പോൾ അവർ അവകാശപ്പെടുന്ന ഒരു തരത്തിലും ഉള്ള ഉയർന്ന പ്രതികരണശേഷിയും ബോധവുമില്ല എന്നുമാത്രമല്ല. നശീകരണത്തിനല്ലാതെ എന്തെങ്കിലും പടുത്തുയർത്താൻ അവർ സംവിധാനങ്ങൾക്കും സർക്കാറിനും എതിരെ പ്രതികരിക്കാറുമില്ല സംഘടിക്കാറുമില്ല. കേരളത്തിന്റെ ആരോഗ്യസംവിധാനം അതിന്റെ ആത്മാവോടുകൂടി നിലനിൽക്കണമെങ്കിൽ നാം നമ്മോടുതന്നെ ഒരു ചോദ്യം ആദ്യം ചോദിക്കേണ്ടതുണ്ട്, അതിനോട് പ്രതികരിക്കേണ്ടതുമുണ്ട്. നാം ഒരു സുഖം പകരുന്ന സംസ്കാരം നിർമ്മിച്ചു കൊണ്ടിരിക്കുകയാണോ അതോ ഒരു ചൂഷണ യന്ത്രം വികസിപ്പിച്ചു കൊണ്ടിരിക്കുകയാണോ? എന്ന ഹൃദയത്തിൽ തട്ടിയുള്ള ചോദ്യം.

അദ്ധ്യായം-5

അവകാശം

സ്ത്രീ പുരുഷ സമത്വം സ്വായത്തമാക്കിയ പ്രബുദ്ധ സമൂഹമാണ് കേരളം എന്ന അവകാശവാദം സാംസ്കാരിക വേദികളിലും ബുദ്ധിജീവികളുടെ ചർച്ചകളിലും സ്ഥിരമായി ഉയരുന്ന ഒരു പ്രമേയമായി മാറിയിട്ടുണ്ട്. സ്ത്രീകൾ എല്ലായിടത്തും പുരുഷന്മാരോടൊപ്പം തുല്യ പങ്കാളിത്തം പുലർത്തുന്നു, നിയമം അവരുടെ കൂടെയുണ്ട്, വിദ്യാഭ്യാസവും തൊഴിലുമെല്ലാം തുല്യമായി അവർ കൈവരിച്ചിട്ടുണ്ട് എന്നതാണ് വേദികളിലും മാധ്യമങ്ങളിലും ഒഴുകുന്ന വാചാലതയുടെ കാതലായ സാരം. എന്നാൽ, ഈ വാചകങ്ങളുടെ യാഥാർത്ഥ്യത്തിലേക്ക് നോക്കുമ്പോൾ ചിത്രം അത്ര ലളിതമല്ല. രാത്രി ഒൻപതിന് ശേഷം ഒരു സ്ത്രീക്ക് ഏകാന്തമായി വഴിയിലൂടെ നടക്കാൻ പോലും ഭയം തോന്നുന്ന അവസ്ഥ ഇന്നും നിലനിൽക്കുന്നു. ചിലപ്പോൾ പകൽ പോലും. വികസനത്തിന്റെ കഥകൾ ഉയരുമ്പോഴും ഈ അസ്വസ്ഥത സമൂഹത്തിന്റെ ഉള്ളറകളിൽ ഒളിഞ്ഞിരിക്കുന്ന യാഥാർത്ഥ്യത്തെ തുറന്നുകാട്ടുന്നു. രാജ്യത്തിന്റെ പൊതുസാഹചര്യത്തിൽ നിന്ന് വ്യത്യസ്തമായി പ്രബുദ്ധത അവകാശപ്പെടുന്ന കേരളത്തിന്റെ സ്ഥിതിയും വിഭിന്നമല്ല. സെമിനാറുകൾ, സമ്മേളനങ്ങൾ, സാമൂഹിക ജാഗ്രതാ പരിപാടികൾ എല്ലാം ‘ലിംഗ സമത്വം’ എന്ന മുദ്രാവാക്യത്തോടെ നിറഞ്ഞു നിൽക്കുന്നു. സ്വപ്രഖ്യാപിത പണ്ഡിതർ സമ്മേളന വേദികളിൽ കേരളം കൈവരിച്ച സമത്വത്തെ കുറിച്ച് വീമ്പോടെ പ്രസംഗിക്കുകയും ഉച്ചത്തിൽ മുദ്രാവാക്യങ്ങൾ മുഴക്കുകയും ചെയ്യുന്നു. പക്ഷേ വേദികളിലെ തിളക്കത്തിനപ്പുറം പ്രായോഗിക ജീവിതത്തിൽ സമത്വം എവിടെയാണ് നിലകൊള്ളുന്നത്? പ്രബുദ്ധ സമൂഹമെന്ന് വിളിക്കുന്ന സാമ്രാജ്യത്തിലെ കോടതി മുറികളിൽ ഒരു പതിറ്റാണ്ടിലേറെ നീളുന്ന ഗാർഹിക പീഡന കേസുകൾ ഇന്നും തീർപ്പാകാതെ കിടക്കുമ്പോൾ, ജോലി സ്ഥലത്തെ ലൈംഗിക അതിക്രമങ്ങളിൽ ഇരകൾക്ക് ഇന്നും വേഗത്തിലുള്ള നീതി ലഭ്യമല്ലാത്തപ്പോൾ, ഈ ‘സമത്വം’ വാചകത്തിനപ്പുറം മറ്റൊരിടത്തും കാണാനാവുന്നില്ല.

പുസ്തകങ്ങളിലും പ്രസംഗങ്ങളിലും മാത്രം കേൾക്കുന്ന ‘സ്ത്രീശാക്തീകരണം’ എന്ന ആശയം പലപ്പോഴും ഇരകൾക്ക് നേരിടേണ്ടി വരുന്ന നിസ്സഹായ യാഥാർത്ഥ്യത്തിൽ മുങ്ങിപ്പോകുന്നു. സ്ത്രീകൾ പോലീസ് സ്റ്റേഷനുകളിൽ പരാതി നൽകുമ്പോൾ അവരെ തന്നെ സംശയിക്കുന്ന കണ്ണുകളാൽ പരിശോധിക്കുന്ന സാഹചര്യത്തിൽ ലിംഗനീതിയുടെ ഭാഷണം ശൂന്യമായ വാചകമായി മാറുന്നു. നിയമം ഉള്ളിടത്തും അതിന് പ്രായോഗികത ഇല്ലെങ്കിൽ പ്രഖ്യാപനങ്ങൾ ശൂന്യഘോഷണമല്ലാതെ മറ്റൊന്നുമല്ല. വിദ്യാഭ്യാസം, തൊഴിൽ, രാഷ്ട്രീയം എന്നിവിടങ്ങളിലെ സ്ത്രീപങ്കാളിത്ത കണക്കുകൾക്കപ്പുറം അവരുടെ ആത്മാഭിമാനം സംരക്ഷിക്കപ്പെടുന്നു

ണ്ടോ?. രാഷ്ട്രീയ പാർട്ടികൾ വനിതകൾക്ക് സീറ്റുകൾ അനുവദിച്ചെന്നാൽപ്പോലും സ്ത്രീകൾക്ക് തീരുമാനം എടുക്കാനുള്ള യഥാർത്ഥ അധികാരം ലഭിക്കുന്നുണ്ടോ?. കോടതികൾ സ്ത്രീയുടെ പരാതികൾ കേൾക്കുമ്പോൾ അത് ഇരയുടെ മനസ്സിന്റെ വേദനയും സാമൂഹിക അപമാനവും മനസ്സിലാക്കി സമീപിക്കുന്നുണ്ടോ ?. ലിംഗസമത്വം വെറും ചടങ്ങുകളിലോ, സമ്മേളന വേദികളിലോ, മുദ്രാവാക്യങ്ങളിലോ ഒതുങ്ങുമ്പോൾ അതിന്റെ യഥാർത്ഥ മൂല്യം ഇല്ലാതാകുന്നു. ഒരു സമൂഹത്തിന്റെ പുരോഗതി, സ്ത്രീയുടെ സുരക്ഷയിലും സ്വാതന്ത്ര്യത്തിലും ആണ് അളക്കേണ്ടത്. നിയമങ്ങളും ചട്ടങ്ങളും ഉണ്ടായിട്ടും അവയ്ക്ക് പ്രവർത്തനക്ഷമത ഇല്ലെങ്കിൽ 'സമത്വം' എന്ന ആശയം ജനങ്ങളുടെ ജീവിതത്തിൽ ഒരിക്കലും ആവിഷ്കരിക്കപ്പെടില്ല.

'സമത്വം നേടിയിരിക്കുന്നു' എന്ന വാചകം പലപ്പോഴും സ്ത്രീയെ പുരുഷനോട്ട തുല്യസ്ഥിതിയിലാക്കി എന്നൊരു വാഗ്ദാനമായി അവതരിപ്പിക്കപ്പെടുന്നു. എന്നാൽ യാഥാർത്ഥ്യത്തിൽ, അത് സ്ത്രീ നേരിടുന്ന ദിനസഹജമായ സുരക്ഷ അപവാദങ്ങളെയും, പൊതുസ്ഥലങ്ങളിൽ അനുഭവിക്കുന്ന ഭീതിനിറഞ്ഞ അനുഭവങ്ങളെയും മറയ്ക്കുന്ന ഒരു കാഴ്ചവഞ്ചന മാത്രമായി തീരുന്നു. ഇതൊന്നും ഏതെങ്കിലും പുരാണകഥകളുടെ അധ്യായമല്ല. മറിച്ച്, നാം ജീവിക്കുന്ന കാലഘട്ടത്തിന്റെ ഇന്നത്തെ സാമൂഹിക യാഥാർത്ഥ്യമാണ്. അതേസമയം, സ്ത്രീസംരക്ഷണത്തിന്റെ പേരിൽ രൂപപ്പെടുത്തിയ നിയമങ്ങളുടെ ദുരുപയോഗ സാധ്യതയും അവഗണിക്കാനാവില്ല. ഗാർഹിക പീഡനവും ലൈംഗിക അതിക്രമവും തടയാനായി നൽകിയ നിയമപരമായ അധികാരങ്ങൾ ചിലപ്പോൾ വ്യാജമായ കേസുകൾക്കും വ്യക്തിപരമായ പ്രതികാരത്തിനും വേദിയായി മാറുന്നു. തെറ്റൊന്നും ചെയ്യാത്ത പുരുഷന്മാർ തന്നെ നിഗൂഢ പ്രതികളാക്കി മാറ്റപ്പെടുന്ന അവസ്ഥ, 'സമത്വം' എന്ന ആശയം തന്നെ വിശ്വാസ യോഗ്യമല്ലാത്തതാക്കി തീർക്കുന്നു. സ്ത്രീകൾ നേരിടുന്ന സുരക്ഷാ ഭീതിയും പുരുഷന്മാർ നേരിടുന്ന വ്യാജ ആരോപണങ്ങളും ഇവ രണ്ടും ചേർന്നുണ്ടാകുന്ന വടംവലി സമൂഹത്തിന്റെ നീതിന്യായ ബോധത്തെ ദുർബലപ്പെടുത്തുന്നു. സമത്വം യാഥാർത്ഥ്യത്തിൽ നിലനിൽക്കണമെങ്കിൽ അത് സ്ത്രീകളെ സംരക്ഷിക്കുന്നതിന്റെയും പുരുഷന്മാരെ അന്യായമായി തിരസ്കരിക്കാതിരിക്കുകയും ചെയ്യുന്നതിന്റെ സമഗ്രമായ സംയോജനമായി മാത്രമേ മനസ്സിലാക്കാവൂ. എന്നാൽ, 'സമത്വം' എന്ന വാക്ക് ഒരു ശൂന്യഘോഷണവും ഒരു രാഷ്ട്രീയ മുദ്രാവാക്യവുമായിട്ടാണ് സമൂഹത്തിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നത്.

ഇവിടെ നിന്ന് ചില മാനവിക ചോദ്യങ്ങൾ ഉയരുന്നു – സ്ത്രീസുരക്ഷയുടെ പ്രതീകം എന്നപോലെ കാണുന്ന നിയമങ്ങൾക്കോ, സെമിനാറുകൾക്കോ, പ്രസംഗങ്ങൾക്കോ അതിരുകൾ ഇല്ലാതിരിക്കുന്നത് ശരിയാണോ?. സംരക്ഷണമെന്നതിനെ എങ്ങനെ നിർവ്വചിക്കണം?. എന്ത് പുരോഗതിയാണ് സ്ത്രീയെ ഭയരഹിതയായി വഴി നടത്താൻ പോലും കഴിയാത്ത ഒരു സമൂഹത്തിന് ഉണ്ടായിട്ടുള്ളത്?. പ്രാകൃതമായ മൃഗവാസനകളിൽ നിന്ന് ബോധതലത്തിൽ എത്രത്തോളം മാനുഷീക പ

രിണാമം സംഭവിച്ചിട്ടുണ്ട്?. എത്രത്തോളം മൃഗങ്ങളേക്കാൾ അധഃപതിച്ചിട്ടുണ്ട്? എന്നത് ഇന്നത്തെ കാലഘട്ടത്തിൽ ചിന്താവിഷയം തന്നെ ആണ്. ഇവിടെ നവോത്ഥാന നായകർക്ക് വലിയ പ്രസക്തി ഒന്നും തന്നെ ഇല്ല. കാരണം മനുഷ്യ ബോധത്തിൽ പൂർണ്ണപരിവർത്തനം ഉണ്ടാക്കാൻ തരത്തിൽ വലിയ മാറ്റം ഒന്നും തന്നെ ഇവിടെ ഉണ്ടായിട്ടില്ല. ഒരു മൃഗങ്ങളും വംശനാശം സംഭവിച്ച് മണ്മറഞ്ഞ് പോയിട്ടുമില്ല. എല്ലാം ഇരുകാലികളായി പരിണമിച്ച് ഇവിടെ തന്നെ ഉണ്ട്. ഇവിടെ മനസ്സിലാക്കേണ്ട ഒന്നുണ്ട്. മനുഷ്യന്റെ മൃഗീയമായ വാസനകൾ ശിലായുഗങ്ങൾക്കും അപ്പുറം എങ്ങിനെയായിരുന്നോ ഇന്നും അപ്രകാരം തന്നെ തുടരുന്നു എന്ന് കാണാവുന്നതാണ്. ചിലരിൽ അതിനെ തടയുന്ന ഘടകങ്ങളായി വർത്തിക്കുന്നത് സംസ്കാരം, സമൂഹത്തിലെ നില, അപമാന ഭയം തുടങ്ങിയവയാണ്.

ചിലർക്കിത് തന്മയത്വത്തിൽ നിന്ന് തെറ്റിയ ചിന്തയായി തോന്നാം. പക്ഷേ, ഈ പ്രകാശവത്കൃതമായ അന്തരീക്ഷത്തിൽ ഉറക്കെ വിളിച്ച് പറയുന്ന സമത്വം വിമർശനപരമായ വീക്ഷണത്തിൽ നിന്ന് നോക്കിയാൽ വെളിച്ചത്തിൽ തന്നെ അന്ധകാരത്തിന്റെ അരികുകൾ തെളിഞ്ഞു വരുന്നത് കാണാവുന്നതാണ്. ഈ പ്രബുദ്ധ സംസ്കാരം ഒരു സ്ത്രീക്ക് രാത്രിയിൽ ആശുപത്രിയിലേക്ക് പോകാൻ പോലും ഒരാൾ കൂടെ വേണം എന്ന സാഹചര്യത്തിന്റെ അത്രയും വ്യാജമാണ് എന്ന് തെളിയിക്കുന്നു. സംരക്ഷണം വേണ്ടത് ആ സ്ത്രീക്ക് മാത്രമല്ല. തെറ്റായ ആരോപണങ്ങളിൽ നിന്നും പുരുഷനും. ഒരിക്കൽ സ്ത്രീയുടെ വാക്ക് മാത്രം തെളിവായി കണക്കാക്കിയാൽ അത് ഭാവിയിൽ സത്യത്തിന്റേയും നീതിന്യായത്തിന്റേയും മേൽ പ്രത്യാഘാതങ്ങളുണ്ടാക്കും. അതിനാൽ, സ്ത്രീയും പുരുഷനും ഇരുവരെയും മാനവികതയുടെ അടിസ്ഥാനത്തിൽ സംരക്ഷിക്കേണ്ടതിനായി നിയമങ്ങൾക്കും സമീപനങ്ങൾക്കും തുല്യമായ ഒരു ക്രമം ഇവിടെ ആവശ്യമാണ്. സോഷ്യൽ മീഡിയയിൽ പ്രതിഫലിക്കുന്ന തുല്യനീതി ടാഗുകൾക്കപ്പുറം യാഥാർത്ഥ ജീവിതയാത്രകളിൽ ഒരു സ്ത്രീ എത്രമാത്രം സുരക്ഷിതയായിരിക്കുന്നു, ഒരു പുരുഷൻ സ്ത്രീയാൽ വ്യാജ ആരോപണങ്ങൾ നേരിടുമ്പോൾ സമൂഹത്തിൽ എത്രപേർ സത്യം കാണാൻ, അറിയാൻ ശ്രമിക്കാറുണ്ട് എന്നതും സ്വയം ആത്മപരിശോധന നടത്തി അറിയേണ്ട യാഥാർത്ഥ്യം ആണ്. എന്നാൽ സ്ത്രീ തെറ്റായ ആരോപണം ഉന്നയിക്കുമ്പോൾ പുരുഷന്റെ ഭാഗം കേൾക്കാൻ തയ്യാറാകാതെ പക്ഷപാതപരമായ തീരുമാനങ്ങളിൽ എത്തുന്ന സ്ത്രീചാപല്യ സമൂഹമനസ്സും പിന്നീട് സംഭവങ്ങൾ തിരിച്ചായിരുന്നു എന്ന് സമൂഹം മനസ്സിലാക്കപ്പെടുമ്പോൾ പൊതുഇടങ്ങളിൽ യാഥാർത്ഥത്തിൽ മോശമായ അനുഭവം നേരിടുന്ന സ്ത്രീക്ക് പോലും അതിനെതിരെ പ്രതികരിക്കാൻ ഉള്ള ആത്മവിശ്വാസം നഷ്ടപ്പെടുന്നതിന് കാരണമാക്കപ്പെടുന്നു. സ്ത്രീയില്ലാതെ പുരുഷനും പുരുഷനില്ലാതെ സ്ത്രീയും ഇല്ല. സ്ത്രീയും പുരുഷനും ഒരേപോലെ സുരക്ഷിതരാകേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കാതെ 'സമത്വം നേടിയിട്ടുണ്ട്' എന്ന വാചകമൊരിക്കലും സമഗ്രതയോടെ നിലനിൽക്കില്ല. അതിജീവനം, സ്വാതന്ത്ര്യം, നിയമ സംരക്ഷണം എല്ലാം വ്യക്തിക്ക് ലിംഗചിഹ്നത്തിന്റെ അടിസ്ഥാനത്തിൽ കൃ

ത്രിമമായി, പക്ഷപാതപരമായി ലഭിക്കേണ്ട അനുകൂല്യമല്ല. അടിസ്ഥാനപരമായി ലഭിക്കേണ്ട യഥാർത്ഥ ഉറപ്പായിരിക്കണം. അതല്ലേ അടിസ്ഥാനപരമായ നീതി?.

സമൂഹത്തിൽ ഒരുവശത്ത് ആറാംനൂറ്റാണ്ടിലേയ്ക്ക് സ്ത്രീയുടെ അവകാശങ്ങളെ സംക്ഷിപ്തപ്പെടുത്താൻ നടക്കുന്ന മതാന്ധകാരരൂപികളായ ദൈവത്തിന്റെ കാവൽക്കാർ, അതിനെ ഒളിഞ്ഞും തെളിഞ്ഞും സഹായിക്കുന്ന മാധ്യമങ്ങൾ, ഭരണവർഗ്ഗങ്ങൾ, പുരുഷമേൽക്കോയ്മക്കാർ, സദാചാരവിദഗ്ദ്ധർ, സാമൂഹ്യ വിരുദ്ധർ. മറുവശത്ത് വ്യക്തിത്വത്തിനപ്പുറം, നിലപാടുകൾക്കപ്പുറം ശരീരപ്രദർശനത്തിൽ ആത്മരതി കണ്ടെത്തുന്ന യുവത്വം, എന്റെ ശരീരം എന്റെ നയം, ഐ ഡോണ്ട് കേർ എന്ന ചിന്താഗതി. ഇതിനപ്പുറേത്തെയ്ക്ക് വളർന്ന് വരുന്ന സ്ത്രീകൾ വിരളം. സ്ത്രീപുരുഷ മനഃശാസ്ത്രം വിഭിന്നമാണ്. അത് മനസ്സിലാക്കാതെ, പാഠ്യപദ്ധതികളിൽ ഉൾപ്പെടുത്താതെ നിർജ്ജീവമായ ജീവശാസ്ത്രപഠനം സാമൂഹ്യ സുരക്ഷയ്ക്കോ പുരോഗതിക്കോ ഉതകുകയില്ല. സമൂഹത്തിലെ സ്ത്രീകളും പുരുഷന്മാരും വിഭിന്നമായ അന്തരീക്ഷത്തിൽ വളർന്ന് വരുന്നവരാണ്. സമൂഹത്തോടുള്ള അവരുടെ മാനസിക വ്യാപാരവും തികച്ചും വ്യത്യസ്തമാണ്. സമൂഹത്തിലെ സ്ത്രീകളുടെയും പുരുഷൻമാരുടെയും പ്രവൃത്തികൾ അവരിൽ സൃഷ്ടിക്കുന്ന പ്രതിഫലനങ്ങൾ തികച്ചും വ്യത്യസ്തമായിരിക്കും. ഇവിടെ പുരുഷന്റെ ചിന്താഗതിയാണ് മാറേണ്ടത് ഞങ്ങളുടെ വേഷവിധാനങ്ങൾ അല്ല എന്ന് സ്ത്രീകൾ പറയുമ്പോൾ സമൂഹത്തിൽ പുരുഷചിന്താഗതിക്ക്, മനോവ്യാപാരങ്ങൾക്ക് കുഴപ്പമുണ്ട് എന്ന് സ്ത്രീകൾ തന്നെ അംഗീകരിക്കുന്നു. എന്നാൽ ശരീരം പ്രദർശന വസ്തു ആക്കുന്നത് തങ്ങളുടെ അധികാരം എന്ന് അവർ കരുതുകയും ചെയ്യുന്നു. കാണുവാൻ പ്രേക്ഷകർ ഇല്ലെങ്കിൽ പ്രദർശനത്തിന്റെ പ്രാധാന്യം എന്താണ്?. കാണുവാൻ ആളുകളുടെ മനസ്സിനെ പാകപ്പെടുത്തിയെടുക്കുക എന്നത് കുത്തക വ്യവസായികളുടെ ആവശ്യമാണ്. അത് അവരുടെ ഉത്പന്നങ്ങൾക്ക് വേണ്ടി പരസ്യ മാധ്യമങ്ങൾ, സിനിമ, സീരിയലുകൾ, ഫാഷൻ ഷോകൾ തുടങ്ങി പലരീതികളിലൂടേയും അവർ ചെയ്യുന്നുണ്ട്. കാണുന്നവരുടെ മാനസികവികാരങ്ങളും ചാപല്യങ്ങളും തന്നെയാണ് ചൂഷണം ചെയ്യപ്പെടുന്നത്. അതുകൊണ്ട് തന്നെ പ്രദർശനത്തിന്റെ പ്രതിഫലനങ്ങൾ, പ്രതികരണങ്ങൾ എപ്രകാരം സമൂഹത്തിലെ വിവിധ തലത്തിൽ ഉള്ളവരിൽ വിഭിന്ന ഭാവങ്ങൾ ഉണ്ടാക്കും എന്നത് അതിന് മുതിരുന്നവർക്ക് നന്നേ അറിവുള്ളതാണ്. അതുകൊണ്ട് തന്നെ മേൽപ്പറഞ്ഞ അധികാരവാദങ്ങൾക്ക് എന്ത് പ്രസക്തിയാണ് ഉള്ളത് എന്ന് വിവേചിച്ച് അറിയേണ്ടതാണ്.

മദ്യപാനം, പുകവലി, മയക്കുമരുന്നുകൾ എന്നിവ ആരോഗ്യത്തിന് ഹാനികരമാണെന്ന് അറിയാത്ത ഒരു പൗരൻ പോലും ഇന്ത്യാമഹാരാജ്യത്തിൽ ഇല്ല. എന്നാൽ അവയുടെ ഉപയോഗവും വിപണനവും പ്രതിമാസക്കണക്ക് അനുസരിച്ച് കോടിക്കണക്കിന് രൂപയിൽ ആണ്. മാത്രമല്ല, ഇത് ഉപയോഗിക്കുന്നതിൽ പുരുഷന്മാർ മാത്രമല്ല മുന്നിൽ. സ്ത്രീ മനഃശാസ്ത്രവും പുരുഷ മനഃശാസ്ത്രവും വിഭിന്നമായിരിക്കു

ന്നു എന്ന് മാത്രമല്ല അവരിൽ തന്നെ വിഭിന്നമായിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ട് തന്നെ സമൂഹത്തിന്റെ ചിന്താഗതി മാറ്റുക എന്നത് മേൽ ഖണ്ഡികയിൽ സ്ത്രീജനങ്ങൾ ഉദ്ദേശിക്കും വിധം സംഭവ്യമായ കാര്യമല്ല. ആയതുകൊണ്ട് തന്നെ കുറ്റകൃത്യങ്ങൾ ഇല്ലായ്മ ചെയ്യുക എന്നതും നടക്കാത്ത സ്വപ്നം തന്നെ ആണ്. മാറ്റങ്ങൾ വരുത്താൻ കഴിയും ഒരു പരിധി വരെ. സംസ്കാരത്തെ പുഷ്ടിക്കുന്ന സാംസ്കാരിക പ്രമുഖർ ഉള്ള സമൂഹത്തിൽ അത് എത്രത്തോളം പ്രായോഗികമാണ് എന്നതാണ് പ്രധാന പ്രതിബന്ധം. സംസ്കാരം എന്നത് ചെറുപ്പകാലം മുതൽ ഒരുവൻ അഭിമുഖീകരിക്കുന്ന സംഭവങ്ങളാൽ അവന്റെ ഉള്ളിൽ സാംശിക്കരിക്കപ്പെടുന്നതും അതിനെ അടിസ്ഥാനപ്പെടുത്തി അവനിൽ നിന്നും വ്യത്യസ്തമായ സാഹചര്യങ്ങളിൽ പ്രകടിതമാകുന്ന പ്രതികരണങ്ങളുമാണ്. മാറ്റം വരുത്തേണ്ടത് അതിന്റെ മൂല്യങ്ങളിൽ ആണ്. അത് ഫലപ്രദമായി സംഭവിക്കണം എങ്കിൽ ചെറിയ ക്ലാസ്സുകളിൽ മുതൽ അഭിമാന പൂർണ്ണമായതും, ബഹുമാനിക്കാനും, അംഗീകരിക്കാനും കഴിയുന്ന മനസ്സും കാഴ്ചപ്പാടുകളും വ്യക്തിത്വവും ഐക്യവും വളർത്തിയെടുക്കുകയും അതിന് വേണ്ട പ്രോത്സാഹനങ്ങൾ നൽകുകയും വേണം. സമത്വം എന്നത് സ്വാതന്ത്ര്യത്തിന്റെ പരിധിയുമായി ബന്ധിക്കപ്പെട്ടിരിക്കുന്നതിനാൽ ആ പരിധികളെപ്പറ്റി പൗരന് ഉത്തമബോധ്യം ഉണ്ടായിരുന്നത് കൊണ്ട് മാത്രം കാര്യമില്ല. ആ പരിധികൾ ലംഘിക്കപ്പെടാതിരിക്കണം എങ്കിൽ സംസ്കാരികപരമായി മറ്റൊരാളുടെ സ്വാതന്ത്ര്യത്തെ, അവകാശങ്ങളെ ബഹുമാനിക്കാനുള്ള മര്യാദകൾ പൗരനിൽ വളർത്തിയെടുക്കണം. അല്ലെങ്കിൽ സമൂഹം മൃഗതൃഷ്ണമാത്രമുള്ള ഒരു കൂട്ടമായിത്തീരും. സമൂഹത്തിന്റെയും രാജ്യത്തിന്റെയും ഭാവിയെപറ്റി വ്യക്തമായ കാഴ്ചപ്പാടുകൾ ഉള്ള നേതൃത്വങ്ങൾക്ക് മാത്രമേ സമൂഹത്തിൽ ഉജ്ജ്വലമായ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിയുകയുള്ളൂ. അതുകൊണ്ട് തന്നെ സമൂഹത്തിലെ ഏത് ശ്രേണിയിൽ ഉൾപ്പെട്ടവരായിരുന്നാലും സ്ത്രീവിഷയത്തിൽ മനോചാപല്യമുള്ളവർ സമൂഹത്തിൽ നിലനിൽക്കുന്നിടത്തോളം 'എന്റെ ശരീരം എന്റെ അവകാശം എന്ന സ്ത്രീകളുടെ മുദ്രാവാക്യം' സ്ത്രീയെ ബഹുമാനിക്കാൻ, അവളെ ശരീരത്തിനപ്പുറം, ഉപഭോഗവസ്തുവായി കാണുന്ന മനോഭാവം മാറാത്തിടത്തോളം കാലം വിലപ്പോകില്ല എന്ന് മനസ്സിലാക്കേണ്ടതാണ്. അതുകൊണ്ട് തന്നെയാണ് പ്രാഥമിക പാഠ്യപദ്ധതികളുടെ അടിസ്ഥാനം സംസ്കാരം വളർത്തിയെടുക്കുന്നതിന് പ്രാധാന്യം അർഹിക്കുന്നത്.

ഫെമിനിസം ഒരു കാലത്ത് സ്ത്രീകളെ സാമൂഹികമായും നിയമപരമായും സമത്വത്തിലേക്ക് ഉയർത്തുവാൻ പ്രേരകമായിരുന്ന ഒരു മഹത്തായ പ്രസ്ഥാനമായിരുന്നു. സ്ത്രീകളുടെ വിദ്യാഭ്യാസം, തൊഴിൽസ്വാതന്ത്ര്യം, ശാരീരികസുരക്ഷ, വോട്ടവകാശം തുടങ്ങി അനേകം അവകാശങ്ങൾക്കായുള്ള പോരാട്ടത്തിന് ഫെമിനിസം വഴിയൊരുക്കിയിട്ടുണ്ട്. എന്നാൽ ഇന്നത്തെ നൂതന സമൂഹത്തിൽ ഈ പ്രസ്ഥാനത്തിന്റെ ചില ശാഖകൾ 'സ്ത്രീശാസ്തീകരണം' എന്ന പേരിൽ സ്ത്രീപക്ഷ തീവ്രചിന്താഗതിയിലേയ്ക്കും നിയമത്തിന്റെ ദുരുപയോഗത്തിലേക്കും വഴിമാറിയതിന്റെ ദുഷ്

ഫലിതം കുറവല്ല. ഇത് നിഷ്കളങ്കരായ അനവധി പുരുഷന്മാരുടെ ജീവിതം തകർക്കുന്ന രീതിയിലേക്കാണ് സമൂഹത്തെ കൊണ്ടുപോകുന്നത്.

യാഥാർത്ഥ്യങ്ങളിലേയ്ക്ക് കണ്ണോടിക്കുകയാണെങ്കിൽ ഇന്ത്യയിലെ വിവിധ നിയമങ്ങൾ സ്ത്രീപക്ഷത്വത്തിന്റെ പേരിൽ രൂപം കൊണ്ടതാണെങ്കിലും അതിന്റെ പ്രായോഗികതയിൽ പലപ്പോഴും പാരവശ്യതയും അനീതിയും കാണപ്പെടുന്നു. ഉദാഹരണത്തിന്, IPC 498A (ഗാർഹീക പീഡനം), പോക്സോ നിയമം 2012 (കുട്ടികൾക്ക് നേരെയുള്ള ലൈംഗികാതിക്രമം). ഗാർഹിക പീഡനത്തെ കുറിച്ചുള്ള നിയമങ്ങൾ ഇവയെല്ലാം തന്നെ ലക്ഷ്യമിടുന്നത് സ്ത്രീകളെ സംരക്ഷിക്കുക എന്നതായിരുന്നെങ്കിലും ഇവയെ ചിലർ മനുഷ്യത്വരഹിതമായി പകപോക്കലിന് ഉപകരണമാക്കി മാറ്റുന്നതായി കാണാവുന്നതാണ്. കേസുകളിൽ അഭ്യൂഹം മാത്രം മതിയാകുന്നത്, തെളിവില്ലാതെയുള്ള അറസ്റ്റ്, കുടുംബങ്ങളുടെ തകർച്ച, പുരുഷന്മാരുടെ മാനസികാരോഗ്യനാശം, ഇത്തരത്തിൽ അതിരുകടക്കുന്ന അനുഭവങ്ങൾ അനേകം പുരുഷന്മാർ നേരിടുന്നുണ്ട്. ചില സ്ത്രീകൾ അവരുടെ 'അഹങ്കാരം' സംരക്ഷിക്കാനോ ഇഷ്ടാനുസരണം പ്രതികാരങ്ങൾ തീർക്കുവാനോ സുഗമമായ വിവാഹ മോചനത്തിന് വഴിയൊരുക്കാനോ ഈ നിയമങ്ങളുടെ രൂക്ഷമായ വകഭേദങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഇതിൽ നിന്ന് സംരക്ഷിക്കപ്പെടാൻ പുരുഷന്മാർക്ക് വ്യക്തമായതും നിയമപരമായതുമായ മറുകവചമില്ലെന്നതാണ് ഏറ്റവും വലിയ പ്രശ്നം.

നീതിയുടെ തുലാസിൽ നിയമം ഇരുപക്ഷത്തേയും ഒരുപോലെ അളക്കണമെന്നും, അവകാശങ്ങളും കടമകളും ലിംഗഭേദം ഇല്ലാതെ നൽകണമെന്നും കരുതപ്പെടുന്നു. എന്നാൽ വ്യക്തിപരമായ കേസുകൾ പ്രത്യേകിച്ചും ദാമ്പത്യ തർക്കങ്ങൾ, ഗാർഹിക പീഡനം, പിതൃത്വാവകാശം, സ്ത്രീധനം തുടങ്ങിയ വിഷയങ്ങൾ പരിഗണിക്കുമ്പോൾ നിലവിലുള്ള നിയമങ്ങളും പ്രയോഗരീതികളും ചിലപ്പോൾ അർദ്ധവീഥികൾ മാത്രം സൃഷ്ടിക്കുന്നതായി കണ്ടെത്താൻ കഴിയും. പക്ഷേ ഈ നിയമങ്ങളുടെ ദുഷ്പ്രഭാവങ്ങൾ അതായത് കുറച്ച് സ്ത്രീകൾ ഇത് ദുരുപയോഗം ചെയ്യുന്നത് പൊതുവേദികളിൽ കൂടുതലായി ചർച്ചയാകാറില്ല.

ആക്ട് 498A എന്ന് അറിയപ്പെടുന്ന ഇന്ത്യൻ പീനൽ കോഡ് പ്രകാരമുള്ള നിയമം നടപ്പിൽ വന്നത് സ്ത്രീകൾക്കെതിരെ നടക്കുന്ന ഗാർഹിക പീഡനങ്ങൾ തടയാനാണ്. ഭാരതീയ ന്യായസംഹിത പ്രകാരം ഈ നിയമം ഇപ്പോൾ സെക്ഷൻ 85 ൽ ഉൾപ്പെടുത്തിയിരിക്കുന്നു. വിവാഹിതയായ സ്ത്രീയെ ഭർത്താവും അദ്ദേഹത്തിന്റെ കുടുംബവും പീഡിപ്പിക്കുന്നു എന്നുണ്ടെങ്കിൽ ഈ നിയമം പ്രകാരം അറസ്റ്റ് അടക്കമുള്ള കർശന നടപടികൾ എടുക്കാം. എന്നാൽ, നിരവധി കേസുകളിൽ പുരുഷന്മാരും അവരുടെ കുടുംബാംഗങ്ങളും ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ തെളിവില്ലാതെ ജയിലിൽ പോകുന്നത്, പിന്നീട് കേസുകൾ വ്യാജമാണെന്ന് തെ

ളിയുന്നത് വലിയ നിയമ വിവാദങ്ങൾക്കും സാമൂഹ്യ വിഷമതകൾക്കും വഴിവെച്ചിട്ടുണ്ട്. സുപ്രീംകോടതിയും നിരവധി ഹൈക്കോടതികളും ഇത്തരത്തിൽ ദുരുപയോഗം നടത്തിയ നിരവധി കേസുകൾ സംബന്ധിച്ച് കർശനമായ നിരീക്ഷണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു കേസിൽ തന്നെ കോടതി പരാമർശിച്ചത് ഇങ്ങനെ: 'പലപ്പോഴും വിവാഹബന്ധം പാളുമ്പോൾ സ്ത്രീകൾ, പ്രതീകാത്മകതയാകവേയും പ്രതികാരമാകവേയും നിയമങ്ങളുടെ സഹായം ദുരുപയോഗം ചെയ്യുന്നു.' എന്നാൽ ഇത്തരം നിരീക്ഷണങ്ങൾ പൊതുസമൂഹത്തിൽ ശ്രദ്ധിക്കപ്പെടാറില്ല. നിയമം സ്ത്രീക്കായി ഉണ്ടാക്കിയതാകുമ്പോഴും അതിന്റെ ദുരുപയോഗം പുരുഷനെ പീഡിപ്പിക്കുന്നതായിരിക്കുമ്പോൾ അതിനെതിരെ ഉയരേണ്ട ശബ്ദം വളരെ ക്ഷീണിതമാണ്.

വിവാഹമോചനത്തിനു ശേഷം കുട്ടികളുടെ കസ്റ്റഡി പലപ്പോഴും സ്ത്രീക്കാണ് നൽകുന്നത്. പിതാവ് കുട്ടിയുടെ ജീവിതത്തിൽ സജീവമായി ഇടപെടണമെന്ന് ആഗ്രഹിച്ചാലും, പലവട്ടവും നിയമം അതിനനുകൂലമാകാറില്ല. സ്ത്രീക്കാണ് 'പ്രധാന പരിചാരിക' എന്ന പദവി ലഭിക്കാനുള്ള സാധാരണ പരിഗണന. കുട്ടികളുടെ താൽപര്യം മുൻനിർത്തിയുള്ള നിയമവ്യവസ്ഥകളാണ് ഈ സമീപനം പിന്തുടരുന്നതിന് കാരണം എന്നു പറഞ്ഞാൽ നിസ്സന്ദേഹമായി ശരിയാവാം. പക്ഷേ ഒരേ സമയം അച്ഛന്മാരുടെ പങ്കും അതിന്റെ മാനസിക പ്രാധാന്യവും അവഗണിക്കപ്പെടുമ്പോൾ അത് നിയമ സമത്വത്തെ ചോദ്യം ചെയ്യുന്നു. അച്ഛന്മാരിൽ പലർക്കും അവരുടെ സ്വന്തം മക്കളെ കാണാനും സംസാരിക്കാനുമുള്ള അവകാശം നേടാൻ വർഷങ്ങൾ നീണ്ട നിയമയുദ്ധത്തിലൂടെ കടന്നുപോകേണ്ടിവരുന്നു. ചിലപ്പോൾ കുഞ്ഞിന്റെ മാതാവ് കുട്ടിയെ പിതാവിൽ നിന്ന് അകറ്റുന്നതും നിയമപരമായി തടയാനാകാത്തതുമായ സാഹചര്യം ഒരുക്കുന്നു. ഇവിടെ ലിംഗപരമായ മുൻഗണനകളിലൂടെ നിയമം ഏകപക്ഷീയമായി പ്രവർത്തിക്കുമ്പോൾ സാമൂഹ്യനീതിയുടെ തുക്കം ഒരുവശത്തേക്ക് ചാഞ്ഞുപോകുന്നു.

നമ്മുടെ സാമൂഹ്യവ്യവസ്ഥയിൽ സ്ത്രീപക്ഷമുള്ള നിയമങ്ങൾ അത്യാവശ്യമായിരുന്നു. എന്നാൽ അതിന്റെ ദുരുപയോഗം ആരെയും സംരക്ഷിക്കില്ല. പുരുഷന്മാരും സമൂഹത്തിൽ നിയമ ദുരുപയോഗത്തിന്റെയും അനീതിയുടെയും ഇരകളാകുന്നത് വാസ്തവമാണ്. പക്ഷേ മാനസികമായി ഇത് സ്വീകരിക്കാൻ സമൂഹം തയ്യാറാകാറില്ല. സ്ത്രീകൾ പീഡിപ്പിക്കപ്പെടുമ്പോൾ അത് സാമൂഹ്യനീതിയുടെ പ്രശ്നമാകുന്നു. എന്നാൽ പുരുഷൻ പീഡിപ്പിക്കപ്പെടുമ്പോൾ അത് പാശ്ചാത്യരും ഇന്ത്യയും ഒരുപോലെ ഫലിതമായി കാണാൻ ശ്രമിക്കുന്നു. സിനിമകളും മാധ്യമങ്ങളും കാലങ്ങളായി സമൂഹത്തിൽ സ്ത്രീയേയും പുരുഷനേയും ചിത്രീകരിച്ച് ഉണ്ടാക്കിയെടുത്തിട്ടുള്ള മനോഭാവവും ഈ മുന്നേറ്റങ്ങൾക്കും നിയമ ചർച്ചകൾക്കും തടസ്സമാകുന്നു. 'മനുഷ്യാവകാശം' എന്ന വാക്ക് എപ്പോഴും സ്ത്രീകളോട് മാത്രം ബന്ധിക്കപ്പെടുന്നത് ആകുമ്പോൾ നമ്മുടെ ചിന്തയും ബൗദ്ധികവാദവും എത്രയും ഭാഗീകമാണ് എന്ന് മന

സ്സിലാക്കേണ്ടതാണ്. നീതിയും നിയമവും ഒരേ തൂക്കത്തിൽ എല്ലാ മനുഷ്യർക്കും ബാധകമാകണം എന്നത് നിയമ വ്യവസ്ഥയുടെ അടിസ്ഥാനതത്വമാണ്. എന്നാൽ ലൈംഗികമായി വ്യത്യസ്ത പരിഗണനകൾ, സ്ത്രീപക്ഷം തന്നെ മാനദണ്ഡമാകുന്ന നിയമങ്ങൾ, ആ നിയമങ്ങളുടെ ദുരുപയോഗം, കസ്റ്റഡി സംബന്ധിച്ച അനീതികൾ തുടങ്ങിയവ പതിനായിരക്കണക്കിന് പുരുഷന്മാരെ മാനസികവും സാമ്പത്തികവുമായ നാശത്തിലേയ്ക്ക് നയിക്കുന്നു. സ്ത്രീകൾക്കുള്ള നിയമ സംരക്ഷണങ്ങൾ അത്യാവശ്യമാണ്. അതുപോലെ തന്നെ അവയുടെ നിസ്തുലതയും പരിധിയും പൊതുവേദികളിൽ ചർച്ച ചെയ്യപ്പെടേണ്ടതാണ്. പക്ഷേ ഇക്കാര്യങ്ങളിൽ മൗനം പാലിക്കുന്ന ബുദ്ധിജീവികൾ ഈ തുലാസിന്റെ ഒരു തട്ടിനുമാത്രം പരിഗണന നൽകുന്നത് ശരിയല്ല. സമത്വം എന്നത് ലിംഗഭേദത്തിന് അതീതമായി ലഭിക്കേണ്ട അവകാശമാണ്.

ആധുനിക കാലഘട്ടത്തിന്റെ പ്രതിനിധിയായി ഉയർന്ന് വന്ന ഒരു സാമൂഹിക സങ്കൽപ്പമാണ് 'വെപ്പണൈസ്ഡ് ഫെമിനിസം'. ഇതിന്റെ ആശയം ഫെമിനിസത്തിലേതല്ല. തുല്യതയ്ക്കായി സമരം ചെയ്യുന്ന ശക്തമായ സംഘടന എന്നതല്ല ഇതിന്റെ ലക്ഷ്യം. പകരം, ഫെമിനിസത്തിന്റെ പേര് ചൂഷണം ചെയ്ത് നിയമത്തെയും സമൂഹത്തെയും ഭീഷണിപ്പെടുത്തുന്ന രീതിയിലാണ് ഇത് നടപ്പിലാകുന്നത്. പല പ്രശസ്ത കേസുകളിലും സ്ത്രീകൾ വ്യാജ ആരോപണങ്ങൾ ഉന്നയിച്ചുവെന്നത് പിന്നീട് തെളിഞ്ഞിട്ടുണ്ട്. എന്നാൽ, ആ സമയത്ത് അറസ്റ്റ്, മാധ്യമ പരാതി, തൊഴിൽ നഷ്ടം, സാമൂഹിക നിന്ദ തുടങ്ങിയവയെല്ലാം നേരിടേണ്ടി വരുന്നത് പുരുഷന്മാരായിരുന്നു. കോടതികൾ പലപ്പോഴും നീതിയുടെ അന്തിമസ്ഥാനമല്ല. മറിച്ച്, നിയമത്തിന്റെ അന്തിമ സ്ഥാനമാണ് എന്ന് പലവട്ടം അവർ തെളിയിച്ചിട്ടുണ്ട്. സ്ത്രീ പക്ഷമായ വിധികൾ പുറപ്പെട്ടുവിക്കുമ്പോഴും പിന്നിട് പുരുഷൻ നിരപരാധിയെന്ന് കണ്ടെത്തിയാൽ വ്യാജപരാതി നൽകിയത് കുറ്റമായി കോടതികൾ കാണണമെങ്കിൽ അതിന് പുതുതായി ഹർജ്ജികൾ സമർപ്പിക്കുകയും ഫീസ് അടക്കുകയും വേണം. അല്ലാത്ത പക്ഷം ഇതൊന്നും ഞങ്ങളെ ബാധിക്കുന്ന കാര്യമല്ല എന്നതാണ് കക്ഷികളോടുള്ള ഇന്ത്യയിലെ കോടതികളുടെ മനോഭാവം. ഇൻഡ്യൻ നീതിന്യായ വ്യവസ്ഥയുടെ എടുത്ത് പറയേണ്ട പ്രത്യേക സൗന്ദര്യം എന്നത് സാധാരണക്കാരെ സംബന്ധിച്ചിടത്തോളം എപ്പോഴും അത് സുതാര്യത ഇല്ലാതെ തുടരുന്നു എന്നതാണ്. വ്യവസായവത്കൃതമായ നിയമ വ്യവസ്ഥയുടെ പ്രതിനിധിയായി അത് പൗരനെ നോക്കി എന്നും കൊഞ്ഞനം കുത്തിക്കൊണ്ടിരിക്കും.

ഇത് വെറും വ്യക്തിഗത ദുരന്തങ്ങളല്ല. സാമൂഹ്യപരമായി ഇതിന് ഗുരുതരമായ ആഘാതങ്ങളുണ്ട്. വിവാഹിതരായവരിലെ അവിഹിതബന്ധങ്ങളെ വ്യക്തിപരമായ തീരുമാനമായി വിധികൾ പറയുന്ന കോടതികൾ വിവാഹബന്ധങ്ങൾ, കുടുംബം, കുടുംബപരമായ ഉത്തരവാദിത്വങ്ങൾ എന്നിവയുടെ മേന്മ തകർക്കുന്നു. ഒരുതരത്തിൽ പൗരാവകാശങ്ങളിൽ വാചാലരാകുന്ന കോടതികളിലെ ചില ന്യാ

യാധിപന്മാർ ഉത്തമനായ ഒരു പൗരൻ ഒരു ഉത്തമ കുടുംബത്തിന്റെ സൃഷ്ടിയാണെന്ന കാര്യം വിസ്മൃതി പൂണ്ട് സമൂഹത്തെ തന്നെ തകർക്കുന്നവർ ആകുന്നു. നിയമസംവിധാനത്തെ സംബന്ധിച്ചിടത്തോളം മനുഷ്യൻ ഒരു ഇണയിൽ തൃപ്തിപ്പെടുന്ന ജീവിയല്ല എന്ന കാരണം നിരത്തിയേക്കാം. പക്ഷെ ആ യാഥർത്ഥ്യം നിനിലനിൽക്കുമ്പോഴും ഒരു പൗരന്റെ അദ്ധ്വാനഫലത്തെ നികുതി രൂപേണ പൂർണ്ണമായി ഗവൺമെന്റിന് വേണ്ടി ഊറ്റിയെടുക്കാൻ നിയമപരമായി സഹായിക്കുന്ന കോടതികൾ സമൂഹത്തിന്റെ കുടുംബഘടനയെ പൂർണ്ണമായി തള്ളിക്കളയാനും തയ്യാറല്ല എന്ന വിരോധാഭാസം നിലനിൽക്കുന്നതായി കാണാവുന്നതാണ്. പുരുഷന്മാർ വിവാഹത്തോട് പേടി കാണിക്കുക, ബന്ധങ്ങൾ ആരംഭിക്കാൻ മടിക്കുക, കുടുംബത്തിന്റെ ദൃഢത നഷ്ടപ്പെടൽ, രാജ്യത്തിന്റെ നിയമ വ്യവസ്ഥയിലുള്ള വിശ്വാസക്കുറവ് ഇതൊക്കെ ഒരു അസ്വസ്ഥ സമൂഹത്തിന്റെ അടയാളങ്ങളാണ്. ഇത് സത്യസന്ധമായ ഫെമിനിസത്തേയും നശിപ്പിക്കുന്നു. കാരണം, ഇതെല്ലാം യഥാർത്ഥ പീഡിത സ്ത്രീകൾക്ക് പോലും സംശയദൃഷ്ടി ഉണ്ടാക്കുന്നു. ഇതിന് എതിരെയായി ഒരു സംവേദനാത്മകമായ സൗമ്യമായ സമീപനം അത്യാവശ്യമാണ്. ഫെമിനിസത്തിന്റെ നല്ല മൂല്യങ്ങൾ സംരക്ഷിക്കേണ്ടതുണ്ട്. എന്നാൽ അതോടൊപ്പം നിയമങ്ങൾ ലിംഗതല പക്ഷഭേദമില്ലാതെ നടപ്പിലാക്കപ്പെടേണ്ടതുമാണ്. സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരേ നിയമപരമായ സംരക്ഷണം ആണ് നടപ്പിലാക്കേണ്ടത്. നിയമത്തിൽ പുരുഷ പക്ഷപാതവും സ്ത്രീപക്ഷപാതവും ഇല്ലാതാക്കുമ്പോഴാണ് യഥാർത്ഥ നീതി നടപ്പാകുന്നത്.

അതിനാൽ, ഓരോ പരാതിയിലും നിഷ്പക്ഷമായതും മുൻവിധിയോടെ അല്ലാതെയും ഉള്ള അന്വേഷണത്തിന് ശേഷം മാത്രമേ നിയമ നടപടികൾ കൈക്കൊള്ളാവൂ. വ്യാജ കേസുകൾ തെളിഞ്ഞാൽ, അപരാധികൾക്ക് ശിക്ഷ ഉറപ്പ് വരുത്തേണ്ടതാണ്. ബി.എൻ.എസ്സിലോ ക്രിമിനൽ ജസ്റ്റിസ് സിസ്റ്റത്തിലോ പ്രത്യേക സെക്ഷനുകൾ പുരുഷന്മാരെ സംരക്ഷിക്കാൻ വരണമെന്നതും പ്രസക്തമാണ്. ഫെമിനിസം ഉദ്ദേശിച്ചതുപോലെ ആകെ മനുഷ്യരാശിയുടെ ഉയർച്ചയ്ക്കായിരിക്കട്ടെ. പക്ഷേ, അത് അപകടകരമായ ആയുധമായി രൂപാന്തരപ്പെടുമ്പോൾ അതിനെതിരെയും ശക്തമായ ശബ്ദം ഉയരേണ്ടതാണ്. ഫെമിനിസം അങ്ങനെയല്ലെങ്കിൽ അതൊരു മനോവൈകല്യം നിറഞ്ഞ ത്രില്ലിനുള്ള അരങ്ങാവിഷ്കാരമായി തീരുന്നു. അത് പുരുഷന്മാരെയും, ശരിയായ ഫെമിനിസത്തെയും തകർക്കുന്നു. പുരുഷൻ സ്ത്രീക്ക് സ്വാതന്ത്ര്യം നൽകേണ്ടതില്ല. അവളുടെ സ്വാതന്ത്ര്യം അവളുടേത് എന്ന ആധുനിക ചിന്തകൾക്ക് ഐക്യം പ്രകടിപ്പിക്കാം. പക്ഷെ ആ സ്വാതന്ത്യം എല്ലാവർക്കുമുള്ളതിൽ കവിഞ്ഞതല്ല എന്ന് സ്വയം ബോധ്യമുണ്ടാകണം. അത് ചൂഷണം ചെയ്യുന്നത് നല്ലപ്രവണത അല്ല. കാരണം സ്ത്രീയുടെ സ്വാതന്ത്യം എന്നത് ആധുനിക സമൂഹത്തിന്റെ പുരോഗമന ചിന്തയുടെ, നിയമവ്യവസ്ഥയുടെ കനിവ് തന്നെയാണ്. ഒരുപക്ഷെ, ഈ പ്രസ്ഥാവന നിങ്ങൾക്ക് അനൗചിത്യമായി തോന്നിയേക്കാം. എന്നാൽ യാഥാർത്ഥ്യത്തിൽ പ്രാകൃതമായ സമൂഹത്തിൽ അതിന് നിലനി

ൽപ്പില്ല. ഉദാഹരണമായി, ഒരു കലാപ പ്രദേശമോ, യുദ്ധഭൂമിയോ നോക്കുകയാണെങ്കിൽ പുരുഷനെക്കാൾ കൂടുതൽ മാനസികവും, ശാരീരികവുമായി ചൂഷണം ചെയ്യപ്പെടുന്നത് സ്ത്രീകൾ ആയിരിക്കും. ആയതുകൊണ്ട് തന്നെ സമൂഹത്തിന്റെ സമാധാനപരമായ അന്തരീക്ഷതാളം നിലനിർത്തേണ്ടത് ഓരോ സ്ത്രീയുടേയും കടമയും ഉത്തരവാദിത്വവുമാണ്. വെപ്പണൈസ്ഡ് ഫെമിനിസം എന്നത് തികച്ചും ആരോഗ്യകരമായ ചിന്തയല്ല. പുരുഷൻ എന്നത് സ്ത്രീയുടെ തന്നെ സൃഷ്ടിയാണ്. അവനെ എങ്ങിനെ രൂപപ്പെടുത്തിയെടുക്കണം എന്നതും സംരക്ഷിക്കേണ്ടതും സ്ത്രീയുടെ ഉത്തരവാദിത്വം തന്നെ ആണ്. പ്രപഞ്ചം പുരുഷനായും പ്രകൃതി സ്ത്രീയായും ഇരിക്കുന്നിടത്ത് സൃഷ്ടി ഇവ രണ്ടും ചേർന്നതാണ്. ആയതുകൊണ്ട് തന്നെ പുരുഷനിൽ സ്ത്രീഗുണവും, സ്ത്രീയിൽ പുരുഷഗുണവും അടങ്ങിയിരിക്കുന്നു. സ്ത്രീയും പുരുഷനും പരസ്പരം സംരക്ഷിക്കാനും ബഹുമാനിക്കനും ബാധ്യസ്ഥരാണ്. എന്നാൽ അവന്റെ മനസ്സിനെ അതിനായി ബാല്യം മുതൽ പരിശീലിപ്പിച്ചെടുക്കുവാനുള്ള ഉയർന്ന ഉത്തരവാദിത്വം പുരുഷനേക്കാൾ കൂടുതൽ സ്ത്രീയിൽ സമർപ്പിതമായിരിക്കുന്നു. ആ ഉത്തരവാദിത്വത്തിന്റെ ശ്രദ്ധക്കുറവാണ് സമൂഹത്തിന്റെ അപചയത്തിന്റെ അടിസ്ഥാന കാരണം. ആധുനിക ചിന്തകളെ പ്രണയിക്കാം അവ നല്ലതിനെങ്കിൽ മാത്രം. തെറ്റുകൾ സംഭവിക്കുന്നു എങ്കിൽ അതിന്റെ മൂലകാരണങ്ങൾ കണ്ടെത്തി തിരുത്തുന്നതല്ലേ ശരിയായ പ്രബുദ്ധതയുടെ അടയാളം?.

പരമ്പരാഗത കുടുംബഘടനകളിൽ, പ്രത്യേകിച്ച് ആചാരാനുഷ്ഠാനങ്ങളിൽ വിട്ടുവീഴ്ച ചെയ്യാത്ത സമൂഹങ്ങളിൽ, 'നല്ല മകൻ' അല്ലെങ്കിൽ 'നല്ല മകൾ' എന്ന നിലയിൽ വളരുന്നത് വ്യക്തിത്വത്തിന്റെ വളർച്ചയെന്നതിനേക്കാൾ മുൻകൂട്ടി എഴുതിക്കഴിഞ്ഞ ഒരു തിരക്കഥ അനുസരിച്ച് ജീവിക്കാൻ വിധിക്കപ്പെടുന്ന അവസ്ഥയാണ്. ആ തിരക്കഥ ഒരു തലമുറയുടെ ആവശ്യമോ ആഗ്രഹമോ കൊണ്ടല്ല. മറിച്ച്, തലമുറകളിലൂടെ പകർന്നെടുത്ത ഭയങ്ങൾ, നിറവേറാത്ത പ്രതീക്ഷകൾ, അടിച്ചമർത്തപ്പെട്ട സ്വപ്നങ്ങൾ എന്നിവയുടെ ശില്പമാണ്. കാഴ്ചയിൽ അനുസരണയോടെ, മാതാപിതാക്കളുടെ ആജ്ഞകൾക്ക് വിധേയരായി നിലകൊള്ളുന്ന മക്കൾ, കുടുംബത്തിന്റെ വിജയവും നൈതിക ഉന്നതിയും പ്രതിനിധാനം ചെയ്യുന്ന പ്രതീകങ്ങളായി ഉയർത്തിക്കാണിക്കപ്പെടുന്നു. എന്നാൽ ആ മഹനീയമായ പ്രതീകത്തിന്റെ പ്രകാശത്തിനു പിന്നിൽ അവർ സഹിക്കേണ്ടിവരുന്ന വൈകാരിക വില അത്യന്തം ഭീകരമാണ്. അവരുടെ ജീവിതത്തിന്റെ അടിത്തട്ടിൽ തന്നെ സ്വമനസ്സാൽ അല്ലാതെ ചെയ്യപ്പെട്ട ഒരു ത്യാഗത്തിന്റെ ശാന്തമായി അടിച്ചു ചേർക്കപ്പെട്ട കുറ്റബോധം പാരമ്പര്യമായി കുടികൊള്ളുന്നു.

അതൊരു മനസ്സിന്റെ സ്വഭാവമല്ല. മറിച്ച്, മൗനമായി സഹിക്കാൻ നിർബന്ധിതമാക്കിയ ആത്മാവുകളുടെ നിശ്ശബ്ദ വേദനയാണ്. അത് തലമുറകളിൽ പകർന്നു നൽകപ്പെടുന്ന ഒരു പൈതൃകാഭരണം പോലെ, ഓരോ ത്യാഗത്തിലും ആത്മനിഷേധത്തിലും മിനുങ്ങി കൂടുതൽ കൂടുതൽ തിളങ്ങിക്കൊണ്ടിരിക്കുന്നു. കുടുംബത്തി

ന്റെ അഭിമാനത്തിന് വേണ്ടി കാത്തുസൂക്ഷിക്കപ്പെടുന്ന ആ ആഭരണം ഒരു വിധത്തിൽ പ്രശംസകളുടെയും മറുവശത്ത് ഒളിഞ്ഞിരിക്കുന്ന അപമാനങ്ങളുടെയും ഇടയിലൂടെ തലമുറകൾ സംരക്ഷിച്ചു പോരുന്നു. അവസാനം, അത് സ്നേഹത്തിന്റെ മറഞ്ഞ നാണയങ്ങളായും, വിശ്വസ്തതയുടെ അളവുകോലായും മാറ്റപ്പെടുന്നു. പക്ഷേ അതിന്റെ വില സ്വന്തം സ്വരത്തെ നഷ്ടപ്പെടുത്തിയൊരു തലമുറയുടെ മൗനജീവിതം തന്നെയാണ്.

അത്തരം കുടുംബങ്ങളിൽ കുഞ്ഞുങ്ങൾ വളരുന്ന പ്രായത്തിന്റെ ആദ്യഘട്ടങ്ങളിൽ തന്നെ അനുസരണ ഉയർന്ന ഗുണമായി പഠിപ്പിക്കപ്പെടുന്നു. മറുചോദ്യം ചോദിക്കാതെ നിർദ്ദേശങ്ങൾ പാലിക്കുന്ന കുട്ടിയെ പക്വതയുള്ളവനായി വിശേഷിപ്പിക്കുന്നു. അതേസമയം ചോദ്യങ്ങൾ ചോദിക്കുന്നവരെയും ചട്ടങ്ങൾ ചോദ്യം ചെയ്യുന്നവരെയും നിഷേധിയായും ബഹുമാനമില്ലാത്തവനായും കണക്കാക്കുന്നു. നല്ല പെരുമാറ്റം, മോശം പെരുമാറ്റം എന്ന് രണ്ടായി വേർതിരിച്ച് അവന്റെ മനസ്സിന്റെ പുതുമകളെ അമർച്ച ചെയ്യുന്നു. നീരസം, സ്വന്തം ആഗ്രഹങ്ങൾ, വ്യക്തിത്വം എന്നിവ കുട്ടി ആജ്ഞാനുവർത്തിത്വത്തിനായി ബലി നൽകുവാൻ പഠിക്കുന്നു. എന്നാൽ, ഈ അവ്യക്തമായ പക്വതയുടെ പിറകിൽ മറയുന്നത് യാഥാർത്ഥ്യത്തിൽ, വ്യക്തിഗത സ്വാതന്ത്ര്യത്തിന്റെ കാലഹരണപ്പെട്ട മരണമാണ്.

മറ്റുള്ളവരുടെ കണ്ണുകളിൽ ബഹുമാനിക്കപ്പെടുന്ന കുടുംബ മഹിമയ്ക്കായും, സമൂഹത്തിൽ 'നന്നായി വളർത്തിയവൻ' എന്ന പേര് നേടിയെടുക്കുന്നതിനായും പൊള്ളയായെങ്കിലും മഹത്തരമായി അവതരിപ്പിക്കപ്പെടുന്ന കുടുംബ ബഹുമതിയുടെ സംസ്കാരത്തിനായും മാതാപിതാക്കൾ പലപ്പോഴും അറിഞ്ഞുകൊണ്ടോ അറിയാതെയോ കുട്ടികളെ സ്വന്തം ജീവിതത്തിനല്ല, മറിച്ച് മറ്റുള്ളവർക്ക് വേണ്ടി ജീവിക്കുന്നവരാക്കി തീർക്കുന്നു. ഇത്തരത്തിൽ വളരുന്ന കുട്ടി, ഒടുവിൽ രണ്ടായി പിളർന്നൊരു വ്യക്തിത്വമായി മാറുന്നു. ഒരു വശം അംഗീകാരത്തിനും സ്നേഹത്തിനും വേണ്ടി നിരന്തരം കാത്തിരിക്കുന്നവൻ. മറുവശം സ്വന്തം ഇച്ഛകൾക്കും സ്വപ്നങ്ങൾക്കും വേണ്ടി അലഞ്ഞുതിരിയുന്നവൻ. പക്ഷേ ആ സ്വപ്നങ്ങൾക്കും ഇച്ഛകൾക്കും മീതെ കുറ്റബോധത്തിന്റെ കറുത്ത കാർമേഘങ്ങൾ ഭീഷണിയായി തങ്ങിനിൽക്കുന്നു. പുകഴ്ത്തപ്പെടുന്ന ത്യാഗത്തിന്റെ പേരിൽ വളർന്ന കുട്ടിയുടെ മനസ്സിനെ, 'മറ്റുള്ളവർക്ക് വേണ്ടി സ്വയം ഇല്ലാതാക്കുന്നതാണ് മഹത്വം' എന്ന ഒരു മാരകമായ ആശയം മുറുകെ പിടിച്ചിരിക്കുന്നു. അവർ സ്വന്തം വഴി തിരഞ്ഞെടുക്കുമ്പോൾ—അത് ജോലിയോ, ജീവിതശൈലിയോ, അഭിപ്രായമോ, ജീവിതപങ്കാളിയോ ആയിരിക്കാം– അവരുടെ ഉള്ളിൽ, തന്നെ വളർത്തിയ സാഹചര്യങ്ങളോട് വിശ്വാസ വഞ്ചന കാട്ടി എന്ന കുറ്റബോധം ഉണരുന്നു. കാരണം അവർക്ക് തോന്നുന്നത്, തങ്ങൾ തന്നെ വളർത്തിയ പ്രണയപൂർണ്ണ സംവിധാനത്തെ വഞ്ചിച്ചിരിക്കുകയാണ് എന്നതാണ്. അവർക്ക് എതിർപ്പ് മാത്രമല്ല നേരിടേണ്ടത്. ഒരു നൈതിക കുറ്റ വിമർശനമാണ് മുന്നിൽ വരുന്നത്. 'ഞങ്ങൾ നിനക്കായി ഇത്രയും ചെയ്തിട്ട്, ഇ

താണോ തിരികെ തരുന്നത്?.'എന്ന് ആ സംവിധാനം അവരോട് ചോദിക്കുന്ന തായാണ് അവർക്ക് അനുഭവപ്പെടുന്നത്.

ഈ തരത്തിലുള്ള നൈതിക സമ്മർദ്ദം, വ്യക്തിയെ വയസ്സാകുന്നതുവരെ ഉള്ള മാനസിക ആശ്രിതത്തിൽ തളച്ചിടുന്നു. കുറ്റബോധം ആ വ്യക്തിയും അവന്റെ സ്വാഭിലാഷങ്ങൾക്കും അഭിപ്രായങ്ങൾക്കും പ്രവർത്തികൾക്കും ഇടയിൽ ഒരു ക ണ്ണിയായി പ്രവർത്തിക്കുന്നു. ഓരോ തവണ അകലാൻ നോക്കുമ്പോഴും ആ കണ്ണി അവനെ അതുമായി കൂടുതൽ ശക്തിയിൽ ഒരു കാന്തം പോലെ വലിച്ച് അടുപ്പിച്ചു കൊണ്ടിരിക്കും. വ്യക്തിഗത സ്വാതന്ത്ര്യത്തെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങുമ്പോൾ അഹങ്കാരമെന്ന് തോന്നുന്നു. അവധിക്കാലം, വിശ്രമം, ആനന്ദം, ഏകാന്തത തുട ങ്ങിയവ സ്വാഭാവികമായ ആവശ്യമെന്നതിനേക്കാൾ അധികം കടമകൾ മറക്കു ന്ന ഒരു ആഡംബരമായി ചിത്രീകരിക്കപ്പെടുന്നു. ഒരുപക്ഷെ, അവർ എഞ്ചിനീയ ർമാരോ, ഡോക്ടർമാരോ, അല്ലെങ്കിൽ വീട്ടമ്മമാരോ ആയിത്തീർന്നേക്കാം. എ ന്നാൽ ഉള്ളിൽ ഇപ്പോഴും മാതാപിതാക്കളുടെ സമ്മതം ലഭിക്കണമെന്ന രീതിയി ൽ അദൃശ്യമായ ഒരു കൈവിലങ്ങ് അണിഞ്ഞാണ് അവർ ജീവിക്കുന്നത്. സ്നേഹം കൊണ്ടല്ല. മറിച്ച്, ധിക്കരിക്കുകയാണെങ്കിൽ ആ സ്നേഹം നഷ്ടപ്പെടാൻ സാധ്യത യുണ്ടെന്ന ഭയമാണ് അവരെ അനുസരിപ്പിക്കുന്നത്.

ഈ ഗതികേടിന് കൂടുതൽ ഇരുണ്ട ഒരുവശം കൂടി ഉണ്ട്. മറ്റുള്ളവർക്കായി ജീവി ക്കേണ്ടതിന്റെ സ്ഥിരമായ ഭാരം ചുമന്ന് വളർന്ന കുട്ടി വികാസ വികലനായ മന സ്സുമായി സമൂഹത്തിൽ ജീവിക്കേണ്ടിവരുന്നു. അവൻ ഉത്തരവാദിത്വത്തിൽ മിക വുറ്റവനായിരിക്കാം, പക്ഷേ അതിന്റെ അതിരുകൾ എവിടെയാണ് എന്ന് അവന് അറിയില്ല. അനുകൂലമാകുന്നതിൽ കഴിവുള്ളവൻ ആവാം, പക്ഷേ വ്യക്തമായ വി കാരങ്ങൾ പ്രകടിപ്പിക്കാൻ അറിയില്ല. കുടുംബത്തിന്റെ സ്വപ്നങ്ങൾ ചുമക്കുന്നവനാ യിരിക്കാം, പക്ഷേ സ്വന്തം സ്വപ്നങ്ങൾ അർത്ഥവത്കരിക്കാൻ അവനാകില്ല. അ വൻ 'ആശ്രയിക്കാൻ പറ്റുന്നവൻ' എന്ന പദവി നേടിയെടുക്കുന്നു. എന്നാൽ ആ ത്മനിർഭരതയുടെ അഭാവത്താൽ സ്വയം ക്ഷീണിതനായി അവൻ ആന്തരിക മായി ഓരോ നിമിഷവും നുറുങ്ങിക്കൊണ്ടിരിക്കുന്നു. ഇത് അവരിൽ മാത്രമായി അവസാനിക്കാതെ ഒരു ചക്രവ്യൂഹമായി തുടരുന്നു. അവർക്ക് കുഞ്ഞുങ്ങളുണ്ടാകു മ്പോൾ അതേ കുറ്റബോധത്തിന്റെ ശബ്ദഭാഷ ഉപയോഗിച്ച് അവരെയും വളർ ത്തിയെടുക്കുന്നു. കാരണം, അതാണ് അവർ കുട്ടിക്കാലത്ത് പഠിച്ച ഏക മാനസി ക ഭാഷ.

കുറ്റബോധത്തെ ഇത്രയും ശക്തമായും ഉപരിഭാഷയില്ലാത്തതുമായ ഒരു ശക്തി യാക്കുന്നത് അതിന്റെ അദൃശ്യ ശൂന്യതയാണ്. ശാരീരിക ശിക്ഷയെയോ പുറമേ കാണാവുന്ന നിയന്ത്രണങ്ങളെയോ പോലെ അല്ല ഇത്. കുറ്റബോധം ഉള്ളിൽ നി ന്നാണ് മനുഷ്യനെ നിയന്ത്രിക്കുന്നത്. മനുഷ്യനിൽ കുറ്റബോധം വളർത്തുക എന്ന

ഇതേ മനശാസ്ത്രം തന്നെയാണ് മതങ്ങളിലൂടെ അവരെ നിയന്ത്രിക്കുവാൻ അധികാരവർഗ്ഗ ശക്തികൾ ഉപയോഗിക്കുന്നത്. കുറ്റബോധം കുട്ടിയെ അവന്റെ സ്വന്തം ആഗ്രഹങ്ങളെ സംശയിക്കാനും, അവന്റെ ശബ്ദത്തെ അടിച്ചമർത്താനും പഠിപ്പിക്കുന്നു. അതുകൊണ്ട് വികാരപരമായ തടങ്കൽ തന്നെ ധർമ്മമായി അനുഭവപ്പെടുന്നു. ഉള്ളിൽ വരിഞ്ഞു മുറുകപ്പെട്ടുമ്പോഴും താൻ നല്ലത് ചെയ്യുകയാണെന്ന് കുട്ടിക്ക് തോന്നുന്നു. കുടുംബ സംഭവങ്ങൾ നാടക പ്രകടനങ്ങളാകുന്നു—ചിരികൾക്ക് പിറകിൽ അതൃപ്തി നിഴലിക്കുന്നു. 'ഞാൻ നിന്നിൽ അഭിമാനിക്കുന്നു' എന്നത് 'ഞങ്ങൾ പറഞ്ഞത് നീ അനുസരിച്ചു' എന്ന അർഥത്തിലാണ്. 'നീ സന്തോഷവാനായിരിക്കുക എന്നത് മാത്രമാണ് ഞങ്ങളുടെ ആഗ്രഹം' എന്നത് 'സന്തോഷത്തിന് ഞങ്ങൾ കൊടുത്തിരിക്കുന്ന നിർവചനത്തിന്റെ പരിമിതികൾക്കുള്ളിൽ മാത്രം' എന്ന സൂക്ഷ്മ മുന്നറിയിപ്പോടെയാണ് ചേർത്തിരിക്കുന്നത്.

അവസാനത്തിൽ, 'നല്ല കുട്ടി' ഒരു വഴിത്തിരിവിലേക്ക് എത്തുന്നു. ഒരുവശത്ത്, പുറത്ത് നിന്ന് രൂപകൽപ്പന ചെയ്ത ജീവിതം തുടരാം. കാലത്തിന് അനുസരിച്ച് ഉള്ളിൽ നിന്ന് ശൂന്യമാകുന്ന ഒരു ജീവിതം. മറുവശത്ത്, സ്വന്തം വഴിയെ തിരഞ്ഞാൽ സ്വാർത്ഥൻ, നന്ദിയില്ലാത്തവൻ, ക്രൂരൻ എന്നൊക്കെ വിളികൾ കേൾക്കപ്പെടേണ്ടിവരും. നീതി, വിശ്വാസ്യത, കനിവ് ഇവ ആവശ്യപ്പെട്ടിരുന്ന അതേ സമ്പ്രദായം, ഒരിക്കൽ നിങ്ങൾ 'നല്ലത്' എന്നതിനുള്ള അർത്ഥം പുനർനിർവചിക്കാൻ ശ്രമിച്ചാൽ ഉടൻ തന്നെ തനിക്കെതിരെ തിരിയുന്ന വിരോദാഭാസമായി തീരുന്നു. പിന്നാലെ വരുന്നത് 'ഋണബോധം' എന്ന നിഗൂഢായുധമാണ്. മുന്നോട്ടുവെച്ച ത്യാഗങ്ങൾ ആയുധങ്ങളാവുന്നു. കുറ്റബോധം മൂർച്ചകൂട്ടിയ കത്തി പോലെ കൃത്യമായി കുത്തിവെക്കപ്പെടുന്നു: 'നിനക്ക് അമ്മയോട് ഇങ്ങനെ ചെയ്യാൻ എങ്ങനെ കഴിയും? അവൾ അവളുടെ മുഴുവൻ ജീവിതവും നിനക്കായി ത്യജിച്ചു!' ഒരു പക്ഷെ, കണക്കുകളിൽ പത്തുമാസം ചുമന്നു എന്നത് വരെ കാണപ്പെട്ടേക്കാം. ഈ മാനസിക ജാലത്തിൽനിന്ന് രക്ഷപ്പെടുക എന്ന യാത്ര എളുപ്പമല്ല. വർഷങ്ങളായി ആഴത്തിൽ പതിഞ്ഞ കുറ്റബോധവും ത്യാഗബോധവുമാണ് തുടക്കത്തിൽ നേരിടേണ്ടത്. അതിന് ഒരുവൻ സ്വയം തന്റെ രക്ഷിതാവ് ആവേണ്ടിയിരിക്കുന്നു. കുറ്റബോധമില്ലാതെ സന്തോഷം അനുഭവിക്കാൻ, അനുമതി ചോദിക്കാതെ ഇച്ഛകൾ പ്രകടമാക്കാൻ, ആത്മവിശ്വാസത്തോടെ ജീവിതത്തിൽ സ്ഥാനം കണ്ടെത്താൻ പഠിക്കേണ്ടി വരും. ഇത് ഒരു പ്രധാന തിരിച്ചറിവിലേക്ക് നയിക്കുന്നു. സ്നേഹമെന്നത് നിയന്ത്രണമല്ല. പ്രശംസകളായി പ്രത്യക്ഷപ്പെടുന്ന കടപ്പാടുകൾ പലപ്പോഴും മാനസിക നിയന്ത്രണത്തിന്റെ രൂപമാണ്. 'നല്ല കുട്ടി' എന്ന വേഷം വലിച്ചെറിഞ്ഞ് സ്വയം നിർവ്വചിക്കുന്ന സ്വതന്ത്രജീവിയായി വളരുകയാണ് യഥാർത്ഥ വിമുക്തി. അത് ദ്രോഹമല്ല, അതെ അതാണ് മോക്ഷം. ഭൂമിയിൽ ജന്മമെടുക്കുന്ന ഒരു ജീവിയുടെ ഏറ്റവും കുറഞ്ഞ അവകാശമാണത്.

യഥാർത്ഥ ബഹുമാനത്തിന്റെ അളവുകോൽ വിധേയത്വമല്ല. ഓരോ തലമുറയ്ക്കും മുൻപിലെ അതിരുകൾ തകർത്ത് വളരാനുള്ള അവസരം നൽകലാണ് അതിന്റെ യാഥർത്ഥ്യം. 'നല്ല കുട്ടി' എന്ന പദത്തിനുള്ള വില വ്യക്തിഗത സ്വപ്നങ്ങളുടെ നഷ്ടമോ ധൈര്യങ്ങളുടെ അണയലോ അല്ല. മറിച്ച് ആത്മാവിന്റെ സ്വാതന്ത്ര്യത്തിന്റെയും സൃഷ്ടിപരമായ അന്വേഷണത്തിന്റെയും നിശ്ശബ്ദമായ മരണമാണ്. ഈ ചക്രം തല്ലിത്തകർക്കാതെ പോകുന്നിടത്തോളം സമ്പ്രദായത്തിന്റെ പൊന്മയത്തിലൊതുക്കിയ സ്നേഹത്തിന്റെ പേരിൽ ചുമത്തപ്പെടുന്ന മൂകപരാധീനതയായി കുറ്റബോധം പരമ്പരാഗതമായി തലമുറകളിൽ നിന്നും തലമുറകളിലേയ്ക്ക് പടർന്ന് കൊണ്ടിരിക്കും.

പാരമ്പര്യത്തെ നിലനിർത്തുകയും പിതൃസത്താധിപത്യത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്നവരായി സ്ത്രീകളെ കാണുന്നത് പലർക്കും ആദ്യം കേൾക്കുമ്പോൾ അസ്വാഭാവികമായി തോന്നാം. എന്നാൽ സാമൂഹികശാസ്ത്രപരവും ചരിത്രപരവുമായ വിശകലനങ്ങളിൽ നിന്നുള്ള തെളിവുകൾ വ്യക്തമാക്കുന്നത് സ്ത്രീകളെ മാത്രം കുറ്റപ്പെടുത്തലല്ല. എന്നാൽ അവരുടെയും പങ്ക് നിരാകരിച്ച് കടന്നുപോകാനാവില്ല എന്നതാണ്. സ്ത്രീകളാണ് സമൂഹത്തിലെ സ്വാതന്ത്ര്യഭിമുഖമായ മാറ്റങ്ങൾക്ക് ഏറ്റവും കൂടുതൽ പ്രതിരോധം കാണിക്കുന്നവരിൽ ചിലർ എന്നത് ഒരു വസ്തുതയാണ്. പ്രത്യേകിച്ച് മാതാക്കൾ, മുത്തശ്ശിമാർ, ചേച്ചിമാർ, അമ്മായിമാർ എന്നിവരാണ് പലപ്പോഴും അനുകരണാത്മകമായ സമീപനം സ്വീകരിച്ച് പാരമ്പര്യത്തെ കാക്കാൻ സജ്ജമാകുന്നത്.

പിതൃസത്താധിപത്യം ഒരു വ്യക്തി അല്ല സാമൂഹികമായി രൂപപ്പെടുത്തിയിട്ടുള്ളത്. അത് തലമുറകൾക്ക് ശേഷം തലമുറകളിൽ തലമുറകളിലേയ്ക്ക് പകർന്നു നൽകപ്പെടുന്ന ഒരു സംവിധാനം ആണ്. സ്ത്രീകൾക്ക് ഈ സംവിധാനത്തിൽ നീതി ലഭിക്കാറില്ല. എന്നിട്ടും അവർ തന്നെ അതിന്റെ പണിയാളുകൾ ആവുന്നു എന്നത് ദുരന്തകരമായ വിവക്ഷയാണ്. സ്ത്രീകൾക്ക് സമൂഹത്തിൽ അംഗീകാരം നേടുവാനും സുരക്ഷിതത്വം ഉറപ്പാക്കുവാനും പലപ്പോഴും ഏക വഴിയായി ബഹുമാന്യമായ പെരുമാറ്റചട്ടങ്ങൾ പാലിക്കുന്നത് മാത്രമേ ഉപാധിയായി കാണാറുള്ളു. ഈ ചട്ടങ്ങൾ ഭംഗിയായി പാരമ്പര്യമെന്ന പേരിൽ പൊതിഞ്ഞതാകുന്നു. അതിനാൽ തന്നെ, ബഹുമാനകാംക്ഷികളായ സ്ത്രീകളെ നിയന്ത്രിക്കുന്ന ഈ സംവിധാനത്തിന്റെ കാവൽക്കാരികളായി സ്ത്രീകളും വളരുന്നു.

മകളുടെ ജീവിതത്തിലെ എല്ലാ പ്രധാന ഘട്ടങ്ങളിലും, വിദ്യാഭ്യാസം, വിവാഹം, ജോലി, മാതൃത്വം എന്നിവയിലൊക്കെ അമ്മമാരും മറ്റ് കുടുംബത്തിലെ സ്ത്രീകളും നിർണായകമാവുന്നു. എന്നാൽ അവർ കൂടുതലും നൽകുന്നത് സ്വാതന്ത്ര്യത്തിന്റെ കതിരുകൾ അല്ല. നിയന്ത്രണത്തിനുള്ള സ്നേഹത്തിൽ പൊതിഞ്ഞ ശകാരത്തിന്റെ കാർക്കശ്യതയാണ്. ഞങ്ങൾ എല്ലാം ഇപ്രകാരം തന്നെയാണ് ജീവിച്ചത് എ

ന്നുള്ള ധ്വനി നിറഞ്ഞ പ്രസ്താവനയിൽ പതിഞ്ഞിരിക്കുന്ന ഈ കാർക്കശ്യം, മാറ്റത്തിനെതിരായ ഉറച്ച നിലപാടുകളാണ്. ഈ നിലപാടുകൾ പഴയതും ഇരുട്ടുള്ളതുമായ ആചാരങ്ങൾ നിലനിർത്തുന്നതിനുള്ള ഉപാധിയായി മാറുന്നു. പൊതുജനപരമായി പിതൃസത്താധിപത്യം പുരുഷന്റെ പേരിൽ നിന്നാണ് പ്രവർത്തിക്കുന്നത് എന്നു കരുതപ്പെടുന്നു. പക്ഷേ, അതിന്റെ ദീർഘായുസ്സിന് പിന്നിലെ ശക്തി പലപ്പോഴും സ്ത്രീയുടെ അറിവില്ലായ്മയാണ്. അവളാണ് കുടുംബശീലങ്ങൾ പതിപ്പിച്ച് അടുത്ത തലമുറയിലേക്ക് മാറ്റുന്നത്. അവളാണ് 'നല്ല പെൺകുട്ടികൾ ഇങ്ങനെ ചെയ്യും', 'ഇതൊക്കെ പെൺകുട്ടികൾക്ക് ചേർന്നതല്ല', 'വളർന്ന് കഴിയുമ്പോൾ നീ അമ്മയുടെ വില അറിയും' എന്നപോലുള്ള നിർദ്ദേശങ്ങൾ ആവർത്തിച്ച് പെൺകുട്ടികളിൽ കുറ്റബോധം വളർത്തുന്നത്.

സ്ത്രീകൾ തന്നെയാണ് മറ്റൊരു യുവതിയെ രാത്രി പുറത്തുപോകുന്നതിന്, നിർഭയമായ ധാരണകൾ കൈക്കൊള്ളുന്നതിന്, വ്യക്തിപരമായ തീരുമാനങ്ങൾ എടുക്കുന്നതിന് എതിരെ വിമർശിക്കുന്നവരാകുന്നത്. ഇവരൊക്കെ സദാചാരത്തിന്റെ നയപരിപാടികളുടെ പ്രചാരകരായി മാറുന്നു. പലപ്പോഴും അവർ പറയുന്നതും ചെയ്യുന്നതും അവരെ ശിക്ഷിച്ചും വിലക്കിയും വളർത്തിയ സമൂഹത്തിന്റെ പ്രതികരണങ്ങളാണ്. ഈ ഭയം അവരെ തന്നെ നിയന്ത്രിക്കുകയും, അത് മറ്റു സ്ത്രീകളിലേക്ക് പകർന്നു നൽകുകയും ചെയ്യുന്നു. അതേസമയം ഈ ഭയത്തിന് പിന്നിൽ ചില സാമൂഹ്യ യാഥാർത്ഥ്യങ്ങൾ കൂടി ഒളിഞ്ഞിരിക്കുന്നു. സുരക്ഷ ഉറപ്പ് നൽകാൻ കഴിയാത്ത സർക്കാർ സംവിധാനം. സർക്കാർ സംവിധാനങ്ങൾ കുറ്റവാളികളെ ഉണ്ടാക്കുന്നതിലും പരിപോഷിപ്പിക്കുന്നതിലും വരണാത്മകമായി ചില സംഭവങ്ങളിൽ മാത്രം കേസുകൾ എടുക്കുകയും ചെയ്യുന്നതിൽ സാമാർത്ഥ്യം പ്രകടിപ്പിക്കുന്നു. എന്നാൽ ഈ അയോഗ്യകരമായ നേതൃസംവിധാനം ക്രിയാത്മകരമായ, സർഗ്ഗാത്മകരമായ, സംസ്കാരപരമായ ഒരു നല്ല സമൂഹത്തെ വാർത്തെടുക്കാൻ ആഗ്രഹിക്കുന്നില്ല. അവരെ സംബന്ധിച്ചിടത്തോളം സ്വാർത്ഥ താൽപര്യങ്ങളാണ് പ്രധാനം. ഈ സത്യം നിലനിൽക്കെ മുതിർന്ന സ്ത്രീകളുടെ സുരക്ഷയെ സംബന്ധിച്ച ഉത്കണ്ഠകളെ പൂർണ്ണമായും തള്ളിക്കളയുവാനും സാധ്യമല്ല.

സ്ത്രീകളെ പിതൃസത്താധിപത്യത്തിന്റെ ഭാഗമായിട്ടല്ല, അതിനായി ബലിയർപ്പിക്കപ്പെട്ടവരായാണ് നമ്മുടെ പല രാഷ്ട്രീയ-സാംസ്കാരിക വ്യവസ്ഥകളും ഉപയോഗിച്ചിരിക്കുന്നത്. ഒരു സാമൂഹിക വിമർശനത്തിന്റെ ഭാഗമായി ഇതിനെ വായിക്കുമ്പോൾ സ്ത്രീകളെ കുറ്റവാളിയാക്കാനല്ല. പക്ഷേ അവർ ആവിഷ്കരിച്ച സങ്കീർണ്ണമായ പങ്ക് തിരിച്ചറിയുകയാണ് ലക്ഷ്യം. പാരമ്പര്യത്തിന്റെ പേരിൽ അടിച്ചമർത്തലിന് നീതി മുറുക്കം കാണിക്കുമ്പോൾ സ്ത്രീകളും ആധികാരികതയുടെ പങ്കാളികളാണെന്ന തിരിച്ചറിവ് വേണം. ഓരോ കുടുംബത്തിലും നടക്കുന്ന ഈ പെരുമാറ്റരീതികളുടെ മനഃശാസ്ത്രം തിരിച്ചറിയാതെ സമൂഹം സമത്വത്തിലേക്ക് നീങ്ങുകയില്ല.

എല്ലാ പുരുഷന്മാരും ഒരുപോലെയല്ല എന്നത് അംഗീകരിക്കേണ്ട സത്യമാണ്. എന്നാൽ, കുറ്റപ്രവണതയുള്ളവരും ക്രൂരമനസ്സുള്ളവരുമായ ചിലർ സമൂഹത്തിന്റെ വിവിധ തലങ്ങളിൽ ഇന്നും സജീവമായി നിലകൊള്ളുന്നുവെന്നതും അത്രതന്നെ നിരാകരിക്കാനാകാത്ത യാഥാർത്ഥ്യമാണ്. സമത്വം ആവശ്യപ്പെടുന്ന കാലഘട്ടത്തിലും സ്ത്രീകൾക്ക് അനുഭവപ്പെടുന്ന സുരക്ഷിതത്വമില്ലായ്മ പ്രത്യേകിച്ച് രാത്രികാല യാത്രകളിൽ ഇന്നും 99% വനിതകളുടെ മനസ്സിൽ ഭീതിയുടെയും ആശങ്കയുടെയും നിഴലായി തുടരുന്നു. സ്ത്രീകൾക്ക് ഭയം കൂടാതെ സ്വതന്ത്രമായി സഞ്ചരിക്കാനുള്ള അവകാശം ഉറപ്പാക്കുന്നത് ഭരണകൂടം ഉൾപ്പെടെയുള്ള സാമൂഹിക സംവിധാനങ്ങളുടെ അടിസ്ഥാന ഉത്തരവാദിത്വമാണ്. സമത്വം എന്ന ആശയം തത്വചിന്തയിലെ ഒരു ആശയമായി മാത്രം നിലനിൽക്കാതെ ജീവിതത്തിന്റെ പ്രായോഗിക തലങ്ങളിൽ വ്യക്തമായി പ്രതിഫലിക്കേണ്ടത് അത്യാവശ്യമാണ്. എന്നാൽ സുരക്ഷ ഉറപ്പാക്കേണ്ട സംസ്ഥാന സംവിധാനം തന്നെ പലപ്പോഴും ചൂഷണത്തിന്റെ ഉപാധിയായി മാറുമ്പോൾ ജനങ്ങൾക്ക് നൽകുന്ന ഉറപ്പുകൾക്ക് യഥാർത്ഥ പ്രസക്തി എങ്ങിനെയുണ്ടാകുമെന്ന് ചോദിക്കാതെ വയ്യ. പോലീസ് വകുപ്പുകളിലെ തന്നെ വനിതകൾ വരെ ചൂഷണത്തിന് ഇരയാകുന്ന സാഹചര്യങ്ങൾ പുറത്തുവരുമ്പോൾ സാധാരണ ജനങ്ങളുടെ സുരക്ഷയെക്കുറിച്ചുള്ള സർക്കാർ വാഗ്ദാനങ്ങൾ വിശ്വാസ യോഗ്യമാകുമോ എന്നത് വലിയ ചോദ്യമായി മാറുന്നു. അധികാരത്തിന്റെ പല തലങ്ങളിലുമുള്ള അസമത്വവും ചൂഷണവും നിലനിൽക്കുമ്പോൾ സാധാരണ സ്ത്രീകൾക്കും കുടുംബങ്ങൾക്കും സംസ്ഥാന സംവിധാനങ്ങളോട് ആശ്രയവും വിശ്വാസവും പുലർത്താൻ കഴിയുമോ എന്നതാണ് ഏറ്റവും കഠിനമായ ചോദ്യം.

വിദ്യാഭ്യാസവും പ്രബുദ്ധതയും ഇന്നത്തെ മാറിയ കാലഘട്ടങ്ങളിൽ പോലും തങ്ങളുടെ ആചാരങ്ങളിൽ പുരാതനമായ അനീതികളെ നിമിഷത്തിൽ പ്രത്യക്ഷപ്പെടുത്തുന്ന ഒന്നാണ് ആധുനിക ഇന്ത്യയിലെ ബുദ്ധിജീവികളുടെ ഇരട്ടത്താപ്പുകൾ. അവർ പകൽ ക്ലാസ്സ് മുറികളിൽ സിമോൺ ഡെ ബുവാരിന്റെ ഉദ്ധരണികളാൽ ശിഷ്യന്മാരെ അതിശയിപ്പിപ്പിക്കുകയും രാത്രിയിൽ അവരുടെ മക്കൾക്ക് വിവാഹം നിശ്ചയിക്കുമ്പോൾ 'ജാതി അനുസരിച്ച് ആലോചിക്കുക' എന്നത് അവരുടെ പ്രാഥമിക മാനദണ്ഡമാക്കുകയും ചെയ്യുന്നു. ഇതൊരു ഹൃദയ വേദനാജനകമായ ഭ്രാന്തും കമ്മ്യൂണിസ്റ്റ് നേതാക്കന്മാരുടേയും അണികളുടേയും അടക്കം ബുദ്ധിജീവികളുടെ താളം തെറ്റിച്ചതുമായ കണ്ണിയുമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലിംഗസമത്വത്തെക്കുറിച്ചും സാമൂഹ്യനീതിയെക്കുറിച്ചും വലിയ വേദികളിൽ സംസാരിക്കുന്ന അദ്ധ്യാപകരാണ് വീട്ടിൽ മകളുടെ വിവാഹം തീരുമാനിക്കുമ്പോൾ ഏറ്റവും പ്രാഥമികമായി ജാതിയും സ്വഭാവമേന്മയും ഒപ്പം സ്ത്രീധനത്തിന്റെ വലുപ്പവും പരിശോധിക്കുന്നത്. പൊതുവേദികളിൽ ഇന്റർകാസ്റ്റ് വിവാഹങ്ങളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ പ്രഭാഷണങ്ങൾ നടത്തുമ്പോൾ സ്വകാര്യ ജീവിതത്തിൽ അതി

ന്ന നേർവിപരീതമായി കാര്യങ്ങൾ നിർവ്വഹിക്കുന്നത് വെറും മറവിയായി ചിത്രീകരിക്കാൻ കഴിയില്ല. ഇത് ധാർമ്മികമായ ഒരു തട്ടിപ്പാണ്.

മറ്റൊരു വൈരുദ്ധ്യം നമ്മുടെ സംസ്കാരത്തിലുണ്ടാകുന്നത് ടെലിവിഷൻ ചാനലുകളിൽ നടക്കുന്ന ജെൻഡർ ഡിബേറ്റുകളെ പൂർണ്ണ ശ്രദ്ധയോടെ കാണുന്ന കുടുംബങ്ങൾക്കിടയിലൂടെയാണ്. അവിടെ അവർ 'നവീനത' പഠിക്കുന്നു. പക്ഷേ വീട്ടിലെ സ്ത്രീകൾ തങ്ങളുടെ സ്വാതന്ത്ര്യത്തെപ്പറ്റി അഭിപ്രായം പറഞ്ഞാൽ ആ യുവതിയെ 'അഹങ്കാരി' എന്നു വിളിക്കാൻ അവർ പിന്നോക്കം പോവില്ല. പത്രങ്ങളിലും ക്ലാസ്സുകളിലുമൊക്കെ സ്ത്രീധന വിരുദ്ധരായി സംസാരിക്കുന്ന മദ്ധ്യവർഗ്ഗപിതാക്കന്മാരാണ് മകളുടെ വിവാഹ സമയത്ത് സ്ത്രീധനമെന്ന പേരിൽ അവളുടെ ജീവിതത്തെ വിപണന വസ്തുവാക്കി മാറ്റുന്നത്.

ഇത് വെറും മറവിയുടെ പ്രശ്നമല്ല. മനുഷ്യന്റെ വ്യക്തിത്വത്തിൽ പതിഞ്ഞിരിക്കുന്ന ഇരട്ട മുഖം തുറന്നറിയേണ്ട കാലഘട്ടത്തിലാണ് നാം എത്തിനിൽക്കുന്നത്. വിദ്യാഭ്യാസം ഒരാളുടെ ദൃഷ്ടികോണുകളിലും ജീവിത അവബോധത്തിലും മാറ്റം വരുത്തണം എന്നത് ഒരു അടിസ്ഥാന പ്രതീക്ഷയാണ്. എന്നാൽ, യാഥാർത്ഥ്യത്തിൽ ഈ പ്രതീക്ഷ പലപ്പോഴും തകർന്നു പോകുന്നത് വിദ്യാസമ്പന്നരായ സമൂഹത്തിന്റെ പെരുമാറ്റത്തിലൂടെയാണ്. അവർ വായിക്കുന്ന പുസ്തകങ്ങളും, ചർച്ച ചെയ്യുന്ന തത്വചിന്തകളും, സംസാരിക്കുന്ന മൂല്യങ്ങളും ഒരിടത്തോളം മാത്രം പ്രവർത്തനക്ഷമമാണ്. അതിനു മീതെ കുടുംബത്തിന്റെ അനുഷ്ഠാനങ്ങൾ, മതത്തിന്റെ നിയന്ത്രണങ്ങൾ, ജാതിയുടെ ബന്ധനങ്ങൾ, പുരുഷാധികാരത്തിന്റെ ആഴത്തിലുള്ള പിടുത്തം എന്നിവയാണ് അവരുടെ പ്രായോഗിക ജീവിതത്തെ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്നത്. അതുകൊണ്ട് വിദ്യാഭ്യാസം കേവലം അറിവ് സമ്പാദനത്തിന്റെ പ്രക്രിയയായി മാത്രം നിലകൊള്ളുമ്പോൾ അതിൽ നിന്ന് ഉയരേണ്ട വ്യക്തിത്വപരമായ ശുദ്ധീകരണവും സാമൂഹിക ഉത്തരവാദിത്ത ബോധവും പലപ്പോഴും നഷ്ടമാകുന്നു. ഈ വിരോധാഭാസം തികച്ചും സാമൂഹിക മനസ്സിന്റെ പൊള്ളയായ വീക്ഷണമാണ്. നിങ്ങൾ ഒരു അവകാശവാദി ആകുമ്പോൾ അതിന് അനുയോജ്യമായ ജീവിതവും നയിക്കേണ്ടതുണ്ട്. വിദ്യഭ്യാസവും നവോത്ഥാനവും ജീവിതത്തിൽ നിർവ്വഹിക്കപ്പെടുന്നില്ലെങ്കിൽ അവ പൊള്ളയായ വെറും ധ്വനികൾ മാത്രമാകും. ആധുനിക ബൗദ്ധികതയുടെ അപചയങ്ങൾ ആണ് ഇത്തരത്തിലുള്ള സംഭവങ്ങൾ.

സത്യസന്ധമായ സംവാദത്തിനും സാമൂഹിക പരിവർത്തനത്തിനും ഇപ്പോൾ ഏറ്റവും കൂടുതൽ ആവശ്യമുള്ളത് ഈ മിതഭാവനകളെ പൊളിച്ച് കൊണ്ട് ആത്മപരിശോധന നടത്തുകയാണ്. ജാതി എന്നത് വൈജ്ഞാനികമോ തത്വചിന്താ ലൗകികതയോ അല്ല. നേരെമറിച്ച്, സാമൂഹ്യ നീരസത്തിന്റെയും അവജ്ഞയുടെയും ആയുധമാണ്. അതേ പോലെ സ്ത്രീധനവും. സ്ത്രീയെ പണത്തിന്റെ പ്രതീകമാ

ക്കുന്ന പ്രവണത സംസ്കാരം എത്രമാത്രം വളർന്നാലും ബോധതലങ്ങളിലേയ്ക്കുള്ള ആഴത്തിലുള്ള യാഥാർത്ഥ കുതിപ്പ് ഉണ്ടായില്ലെങ്കിൽ അതെല്ലാം വെള്ളത്തിലെ വരകൾ മാത്രമായിത്തീരും. വ്യക്തിപരമായ നിലപാടുകളും പൊതുവേദികളിലെ നിലപാടുകളും തമ്മിൽ പൊരുത്തപ്പെടുമ്പോഴാണ് ഒരാൾ യാഥാർത്ഥ്യത്തിൽ വിദ്യാഭ്യാസം നേടിയവനാകുന്നത്. ഇല്ലെങ്കിൽ അദ്ദേഹം കേവലം പുസ്തകങ്ങൾ പാരായണം നടത്തിയ ഒരാൾ മാത്രമാണ് – ജീവിതം മനസ്സിലാക്കിയവൻ അല്ല.

ഇവിടെ അവകാശങ്ങളെയും സ്വാതന്ത്ര്യത്തെയും കുറിച്ച് പറയുമ്പോൾ നാം നേടിയെന്ന് നമ്മൾ പറയുന്ന സ്വാതന്ത്ര്യത്തിനും അവകാശങ്ങൾക്കും യാതൊരു പ്രാധാന്യവും ഇല്ലെന്നും ഇവിടെ ഭരണകൂടങ്ങളാലും സമൂഹത്താലും കുടുംബങ്ങളാലും പരിധി നിശ്ചയിക്കപ്പെട്ടതും അനുവദിക്കപ്പെട്ടതുമായ അവകാശങ്ങളെ നിലനിൽക്കുന്നുള്ളു എന്നതും നമ്മൾ മനസ്സിലാക്കേണ്ടതാണ്. അത്തരത്തിൽ ഒരു സാമൂഹിക സാങ്കേതിക വിപ്ലവത്തിലൂടെയാണ് നാം കടന്നു പോകുന്നത്. പുതിയ തലമുറയുടെ സംസ്കാരവും ആസ്വാദ്യവുമെല്ലാം ടെലിവിഷൻ, സിനിമ, സോഷ്യൽ മീഡിയ എന്നിവയിൽ പ്രതിഫലിക്കുന്നു. ലൈംഗികത ഒരു മാർക്കറ്റിംഗ് ഉപാധിയായി മാറിയിട്ടുള്ള ഈ കാലഘട്ടത്തിൽ സ്ത്രീ ശരീരത്തെ ഒരു ഉത്പന്നമാക്കി വില കണക്കാക്കി വിൽക്കുകയാണ് വിപണിയും പരസ്യ വ്യവസ്ഥിതിയും. എന്നാൽ പരസ്യങ്ങളിലോ സിനിമകളിലോ സ്ത്രീയുടെ ശരീരത്തെ കച്ചവടത്തിനായി ഉപയോഗിക്കുന്നത് സാമൂഹികമായി അംഗീകരിക്കപ്പെടുമ്പോൾ അതേ സ്ത്രീ ജീവിതത്തിൽ സ്വന്തം തീരുമാനങ്ങൾ എടുക്കുമ്പോൾ അവളെ ഒറ്റപ്പെടുത്തുകയാണ് നമ്മുടെ സദാചാര സമൂഹം.

മാധ്യമങ്ങളിൽ കാണുന്ന ‘ഗ്ലാമർ’ സ്ത്രീകൾക്കെതിരായ തീവ്രമായ വ്യവഹാരപരമായ വിലയിരുത്തലുകൾക്കും വിചിത്രമായ രീതിയിൽ വഴിയൊരുക്കുന്നു. ചിത്രങ്ങളിലോ പരസ്യങ്ങളിലോ കാഴ്ചവെക്കുന്ന ലൈംഗികാഭിനിവേശം ‘കലയായി’ സ്വീകരിക്കുന്ന ഈ സംസ്കാരം യഥാർത്ഥ ജീവിതത്തിൽ സ്ത്രീ സ്വാതന്ത്ര്യം കാട്ടുമ്പോൾ അതിനെ അപവാദമായി കാണുന്നു. സ്ത്രീ എങ്ങനെ നടക്കണം, എപ്പോൾ വീട്ടിൽ എത്തണം, എന്ത് വസ്ത്രം ധരിക്കണം എന്നൊക്കെ നിർണയിക്കുന്നത് അവളുടെ കുടുംബം, നാട്, മതം, സ്ത്രീത്വത്തെ ഏകവ്യാഖ്യാനമായി കാണുന്ന സമൂഹം എന്നിങ്ങനെയാണ്. സോഷ്യൽ മീഡിയയിലെ പുതിയ തലമുറ കൺടെന്റ് ക്രിയേറ്റർമാരും ഇൻഫ്ലുവൻസർമാരും സ്ത്രീകളെ ഒരു ചട്ടക്കൂടിൽ കയറ്റാനുള്ള ഇത്തരം മെഷീനുകളായി മാറുമ്പോൾ, ‘സമ്പൂർണ്ണ സ്വാതന്ത്ര്യം’ എന്ന ആശയം തന്നെ വിചിത്രമായ ഫലിതമായി മാറുന്നു. സ്ത്രീയുടെ സ്വകാര്യത, ലൈംഗികത, ഭാവുകത്വം എല്ലാം കച്ചവടത്തിനായി കച്ചവടക്കാരാണ് ഉപയോഗിക്കുന്നത്. എന്നാൽ അവളുടെ സ്വയം പ്രചോദിതമായ കാഴ്ചപ്പാടുകൾ അതിനെ പിന്തുണയ്ക്കുന്ന സാമൂഹിക അന്തരീക്ഷം ഇല്ലാതായപ്പോൾ ഈ രാജ്യത്തെ ‘മോഡേൺ’ രൂപത്തിൽ പോലും സ്ത്രീ അധികാരവത്കരിക്കപ്പെടുന്നില്ല. അതേസമയം സ്ഥലകാലമനുസരിച്ചുള്ള

സന്ദർഭത്തിനും സാഹചര്യത്തിനും അനുസരിച്ച് വസ്ത്രം ധരിക്കുക എന്ന ബോധം സ്ത്രീക്ക് വേണ്ടതാണ് എന്ന വസ്തുത നിരാകരിക്കപ്പെടുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതല്ല സ്ത്രീശാക്തീകരണവും സമത്വവും. അതേ സാഹചര്യങ്ങളിൽ, സന്ദർഭങ്ങളിൽ പുരുഷന്മാരും അത്തരത്തിലുള്ള വസ്ത്രധാരണത്തിൽ എത്തിയാൽ സമൂഹം അംഗീകരിക്കില്ലെങ്കിൽ സ്ത്രീക്ക് പ്രത്യേക പരിഗണന ആ സാഹചര്യങ്ങളിൽ നൽകുന്നതിനെ അംഗീകരിക്കേണ്ടതില്ല. അതിനെ വസ്ത്രധാരണ സ്വാതന്ത്ര്യമായി കരുതേണ്ടതും ഇല്ല.

സ്ത്രീകൾ ശരീരപ്രദർശനം നടത്തുന്നത്, ഗ്ലാമർ മുഖാന്തിരം അംഗീകാരം തേടുന്നത്, സാമ്പത്തിക നേട്ടത്തിനായി ലൈംഗികതയെ ആശ്രയിക്കുന്നത് എന്നിവയ്ക്ക് പിന്നിൽ പലതരം സാമൂഹിക, മാനസിക, സാംസ്കാരിക ഘടകങ്ങളാണ് പ്രവർത്തിക്കുന്നത്. ഇതിനെ ഒരൊറ്റ കാരണത്തിലേക്ക് ചുരുക്കാൻ കഴിയില്ല. ചരിത്രപരമായി സ്ത്രീയെ ശരീരത്തോടാണ് കൂടുതലായി ബന്ധിപ്പിച്ചിരുന്നത്. പുരുഷനെ വിലയിരുത്തുന്നത് ധൈര്യം, തൊഴിൽ, സമ്പത്ത് എന്നിവയുമായി ബന്ധപ്പെട്ടുത്തിയാണെങ്കിൽ സ്ത്രീയുടെ മൂല്യം സൗന്ദര്യത്തോടും ആകർഷണത്തോടും മാത്രം ചുരുങ്ങി. ബാല്യത്തിലേ 'നീ സുന്ദരിയാണ്', 'നീ ഭംഗിയോടെ ഇരിക്കണം' എന്നതരത്തിലുള്ള പ്രോത്സാഹനങ്ങൾ കിട്ടുന്ന സാഹചര്യത്തിൽ, സ്ത്രീകൾ സ്വന്തം നിലപാടും മൂല്യവും ശരീരവുമായി ചേർത്തുനോക്കാൻ തുടങ്ങുന്നു. അതുകൊണ്ട് ശരീരത്തെ പ്രദർശിപ്പിച്ച് അംഗീകാരം നേടുന്നത് സ്വയം തെളിയിക്കുന്ന മാർഗ്ഗമായി തോന്നുന്നു. സ്ത്രീകൾക്ക് സമൂഹം ഇന്നും സമാനമായ അവസരങ്ങൾ നൽകുന്നില്ല. കഴിവിനും അധ്വാനത്തിനും വേണ്ടത്ര അംഗീകാരം ലഭിക്കാത്തതിനാൽ വേഗത്തിൽ പ്രശസ്തിയും അംഗീകാരവും നേടാനുള്ള വഴിയായി ശരീരത്തെ ആശ്രയിക്കുന്ന പ്രവണത വളരുന്നു. സിനിമയും പരസ്യങ്ങളും സോഷ്യൽ മീഡിയയും എല്ലാം ഭംഗിയെ മുൻനിർത്തി സ്ത്രീകളെ ഉയർത്തിക്കാണിക്കുന്നതിനാൽ ഇതൊരു സാധാരണ വഴി പോലെ തോന്നുന്നു.

സ്ത്രീയുടെ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്ന കുടുംബവും മതവും സംസ്കാരവും അവരെ എങ്ങനെ നടക്കണം, എന്ത് വസ്ത്രം ധരിക്കണം, എവിടെ പോകണം എന്നൊക്കെയായി നിയന്ത്രിക്കുമ്പോൾ, ശരീരപ്രദർശനം പലപ്പോഴും ഈ നിയന്ത്രണങ്ങൾക്കെതിരായ പ്രതിഷേധമായി മാറുന്നു. 'എന്റെ ശരീരം എന്റെ അവകാശം' എന്ന പ്രഖ്യാപനത്തിന്റെ രൂപമാണ് അത്. മാധ്യമങ്ങളും വിപണിയും സ്ത്രീയുടെ ശരീരത്തെ നിരന്തരം വിപണന വസ്തുവായി അവതരിപ്പിക്കുന്നു. ഗ്ലാമർ മുഖേന പ്രശസ്തിയും പണവും ലഭിക്കുന്ന ഉദാഹരണങ്ങൾ ചെറുപ്പത്തിൽ തന്നെ പെൺകുട്ടികൾ കാണുന്നു. ഇതിലൂടെ കഴിവിനേക്കാൾ ഭംഗി ഉടൻ പ്രതിഫലം നൽകുന്നു എന്ന ബോധം വളരുന്നു. വിജയത്തിലേക്കുള്ള എളുപ്പവഴി പോലെ അത് തോന്നിക്കുന്നു. അംഗീകാരത്തിനുള്ള ആവശ്യം മനുഷ്യർക്കെല്ലാം പൊതുവായതാണ്. എന്നാൽ സ്ത്രീകൾക്ക് സമൂഹം അംഗീകാരം നൽകുന്ന മുഖ്യവേദി ചരിത്രപരമായി സൗന്ദര്യ

ത്തോടും ലൈംഗിക ആകർഷണത്തോടും ബന്ധിപ്പിക്കപ്പെട്ടതിനാൽ അംഗീകാരം തേടുമ്പോൾ ശരീരത്തിലൂടെ കൂടുതൽ സാധ്യത അവർ കാണുന്നു.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സ്ത്രീകൾക്ക് വേഗത്തിലുള്ള നേട്ടവും സുരക്ഷയും ആവശ്യമായപ്പോൾ ശരീരം പ്രായോഗികമായ വഴിയായി തോന്നുന്നു. വിപണി തന്നെ സ്ത്രീ ശരീരത്തിന് വില നൽകുന്ന രീതിയിൽ ക്രമീകരിച്ചിരിക്കുന്നതിനാൽ, അത് ഒരുതരത്തിൽ നാണയമായി കാണപ്പെടുന്നു. സ്ത്രീകൾക്ക് രാഷ്ട്രീയ, സാമ്പത്തിക മേഖലകളിൽ നേരിട്ട് അധികാരം കുറവായതിനാൽ അവരുടെ ലൈംഗികത അധികാരത്തിന്റെ പ്രകടന മാർഗ്ഗമായി മാറുന്നു. ശരീരത്തെ ഉപാധിയാക്കി അവർ പുരുഷാധികാരമുള്ള ലോകത്തിൽ സ്വന്തം നിലപാട് ഉറപ്പിക്കാൻ ശ്രമിക്കുന്നു. സ്ത്രീ ശരീരം സമൂഹത്തിൽ ഒരേസമയം വിലക്കും വിപണിയുമാണ്. സിനിമയിൽ പ്രദർശിപ്പിക്കുമ്പോൾ അത് കല എന്നാണ് പറയുന്നത്. എന്നാൽ സ്ത്രീ സ്വന്തം ജീവിതത്തിൽ അതേ കാര്യം ചെയ്യുമ്പോൾ അത് അസാന്മാർഗ്ഗികം എന്ന രീതിയിൽ ഉള്ള കാഴ്ചപ്പാടുകളിലേയ്ക്ക് വഴിമാറുന്നു. ഈ ഇരട്ടച്ചട്ടം തന്നെ സ്ത്രീകളെ 'ശരീരത്തിലൂടെ മാത്രമെ ദൃശ്യരായിത്തീരാൻ കഴിയൂ' എന്ന തിരിച്ചറിവിലേക്ക് തള്ളുന്നു. അതിനാൽ സ്ത്രീ ശരീരപ്രദർശനത്തിനു പിന്നിൽ പണത്തിനുള്ള ആഗ്രഹമെന്നോ പ്രശസ്തിക്കുള്ള മോഹമെന്നോ മാത്രം കാരണങ്ങളില്ല. അംഗീകാരം തേടുന്ന മനഃശാസ്ത്രവും, സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടവും, നിയന്ത്രണങ്ങളോട് ഉള്ള പ്രതികാരവും, വിപണി വളർത്തിയ മനോഭാവവും, ചരിത്രപരമായ സമീപനങ്ങളും എല്ലാം ചേർന്നുണ്ടാക്കിയ സാമൂഹികവും മാനസികവുമായി ബന്ധപ്പെട്ട സങ്കീർണ്ണമായ സാഹചര്യമാണിത്.

സംസ്കാരത്തിന്റെ പേരിൽ സ്വന്തം ജീവിതശൈലി പാതയിൽ നീങ്ങുന്ന സ്ത്രീകളെ അപമാനിക്കുന്നതും ശിക്ഷിക്കുന്നതും അടങ്ങിയ ഈ ഏകപക്ഷീയ സംസ്ക്കാര വ്യാഖ്യാനങ്ങൾ, സാങ്കേതിക വിദ്യയുടെ പുരോഗതിയെ എതിർവശത്ത് നിർത്തുന്നു. പുരുഷനെ ജാതിയും മതവും സാമൂഹിക സ്ഥാനത്തിന്റേയും ചട്ടങ്ങളാൽ സംരക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ, സ്ത്രീയെ ഈ എല്ലാ ഘടകങ്ങളും ഉപയോഗിച്ച് പിടിച്ചുനിർത്തുന്നു. ഒരേ സമൂഹം, സിനിമകളിൽ സ്ത്രീകളെ സെക്ഷ്വൽ ഐക്കണായി അവതരിപ്പിച്ചാലും കയ്യടിക്കാനും, യാഥാർത്ഥ്യ ലോകത്തിൽ അവളുടെ ചുവട് പിടിച്ചുവലിക്കാനും ഒരുക്കമാണ്. ഇവിടെയാണ് പുരുഷമനോഭാവത്തിൽ മാറ്റം വരേണ്ടതിന്റെ ആവശ്യകതയെപറ്റിയുള്ള ചിന്തകൾക്കും ചർച്ചകൾക്കും വേദികൾ ഒരുങ്ങുന്നത്. ആകെ പറയുമ്പോൾ, വിപണിയുടെ അതിരുകളിലെ 'സെക്സ്' വിൽപ്പനയെയും ജീവിതത്തിന്റെ അതിരുകളിലെ സ്ത്രീ സ്വാതന്ത്ര്യവുമൊക്കെ വ്യത്യസ്തമായ വീക്ഷണകോണിലൂടെ കാണുന്ന നാം ഒരു ബാഹ്യപ്രതിച്ഛായയിലൂടെ ആണ് സ്ത്രീയെ കാണുന്നത്. അതിൽ അവളുടെ ആത്മാവിന്, താല്പര്യങ്ങൾക്ക്, കാഴ്ചപ്പാടുകൾക്ക് സ്ഥാനം ഇല്ല. മോറാലിറ്റി പോലീസിന്റെ സൈറന് പലതവണ മുന്നറിയിപ്പ് നൽകപ്പെട്ടിട്ടും ആ ശബ്ദം തുടരുകയാണ്. ഇതിനെതിരായ മാറ്റം വിദ്യാഭ്യാസ

ത്തിലൂടെയോ നിയമത്തിലൂടെയോ അല്ല, വ്യക്തിഗത മാനസിക വിശ്വാസങ്ങളിൽ നിന്നാണ് തുടങ്ങേണ്ടത്. ഒരാൾ എപ്രകാരം ജീവിക്കണം, വസ്ത്രധാരണം ചെയ്യണം, തുടങ്ങിയ കാര്യങ്ങൾ തീരുമാനിക്കേണ്ടത് സമൂഹമല്ല. പ്രത്യേകിച്ച് ആ വ്യക്തി സ്ത്രീയായിരിക്കുമ്പോൾ. സ്വാതന്ത്ര്യത്തിന് വിലയുണ്ടെങ്കിൽ, അതെല്ലാവർക്കും ഒറ്റയൊരേ ക്രമത്തിൽ മാത്രം ലഭ്യമായിരിക്കണം. അവളുടെ ശരീരം അവളുടേത് ആണെന്ന അവബോധം സമൂഹം മനസ്സിലാക്കണം.

അതേസമയം, ഇന്നത്തെ കാലഘട്ടത്തിൽ 'സമത്വം' എന്ന പദം സ്ത്രീകളുടെയും പുരുഷന്മാരുടെയും സമൂഹത്തിൽ നിലനിൽക്കുന്ന അവകാശങ്ങളെയും അവസരങ്ങളെയും സൂചിപ്പിക്കാൻ വ്യാപകമായി ഉപയോഗിക്കുന്നു. എന്നാൽ ചില സാഹചര്യങ്ങളിൽ, സ്ത്രീകൾ അവരുടെ സ്വാതന്ത്ര്യ പ്രകടനം വസ്ത്രധാരണത്തിലൂടെയോ ഭൗതിക സൗന്ദര്യം മുന്നോട്ട് വെയ്ക്കുന്നതിലൂടെയോ പ്രകടിപ്പിക്കുമ്പോൾ അത് സമൂഹത്തിൽ വൈവിധ്യമാർന്ന പ്രതികരണങ്ങൾക്ക് കാരണമാകുന്നു. പ്രത്യേകിച്ച് 'ലൈംഗിക ആകർഷണം' പ്രധാനം ചെയ്യുന്ന വേഷങ്ങൾ പലപ്പോഴും വിമർശനത്തിനും ചോദ്യചിഹ്നങ്ങൾക്കും ഇടയാക്കാറുണ്ട്. ഈ പ്രവണതയെക്കുറിച്ച് മനഃശ്ശാസ്ത്രത്തിന്റെ കാഴ്ചപ്പാട് വ്യക്തമാക്കുന്നത്, ഇതിന് പിന്നിലെ സ്ത്രീ മനസ്സിന്റെ പ്രവർത്തനം വെറും 'ശാരീരിക ആഹ്ലാദത്തിനായുള്ള ശ്രമം' മാത്രമല്ലെന്നതാണ്. ചരിത്രപരമായി നോക്കുമ്പോൾ സ്ത്രീകൾ നിരന്തരം നിയന്ത്രിക്കപ്പെട്ടും പരിമിതപ്പെടുത്തപ്പെട്ടും ജീവിക്കേണ്ടി വന്നിട്ടുണ്ട്. അവരുടെ ശരീരം, സൗന്ദര്യം, പെരുമാറ്റം എന്നിവയെ കുറിച്ച് സമൂഹം തീരുമാനങ്ങൾ എടുത്തുകൊണ്ടിരുന്നു. അതിനാൽ ശരീരത്തെയും സൗന്ദര്യത്തെയും മുൻനിർത്തി സ്വാതന്ത്ര്യം പ്രഖ്യാപിക്കുക എന്നത് ചിലപ്പോൾ അവർക്ക് അവരുടെ നിലപാട് തുറന്നുപറയാനുള്ള ഏറ്റവും ദൃശ്യമായ മാർഗ്ഗമായി മാറി. എന്നിരുന്നാലും, സമത്വം എന്ന ആശയം വെറും ശരീര സ്വാതന്ത്ര്യത്തിലോ വസ്ത്രധാരണത്തിലോ ഒതുങ്ങുന്നില്ല. യഥാർത്ഥ സമത്വം ലഭ്യമാകുന്നത് കഴിവ്, പ്രാവീണ്യം, വിദ്യാഭ്യാസം, ബുദ്ധിപരമായ സംഭാവനകൾ എന്നിവയെ അടിസ്ഥാനമാക്കിയാണ്. പുരുഷന്മാർ സമൂഹത്തിൽ ഉയർന്ന നിലയിൽ എത്തുമ്പോൾ അവരുടെ അംഗീകാരം പൊതുവെ അവരുടെ കഴിവുകളിലും പരിശ്രമത്തിലും നിന്നാണ് വരുന്നത്. പുരുഷന്മാർ ലൈംഗിക ആകർഷണം ആയുധമാക്കുന്നില്ലെന്ന് പറയുമ്പോൾ സ്ത്രീകൾക്ക് മുന്നിലുള്ള യഥാർത്ഥ വെല്ലുവിളി അവരുടെ പ്രതിഭയും പരിശ്രമവും തന്നെയാണ് സമൂഹത്തിൽ തെളിയിക്കേണ്ടത് എന്നതാണ്.

സ്ത്രീകളുടെ മനോഭാവത്തിൽ ഒരിക്കലും അവഗണിക്കാനാകാത്ത ഒരു സത്യം ഇതാണ് – അവരുടെ കഴിവുകൾ അംഗീകരിക്കപ്പെടുന്നതിനും മുന്നിൽ പലപ്പോഴും അവരുടെ 'സ്ത്രീത്വം' തന്നെയാണ് സാമൂഹിക വിലയിരുത്തലിന്റെ മാനദണ്ഡമാകുന്നത്. അതുകൊണ്ടാണ് ചിലപ്പോൾ അവരുടെ ദൃശ്യപരമായ ആകർഷണം അവർ 'കേൾപ്പിക്കപ്പെടുന്നതിനും' 'ഗണിക്കപ്പെടുന്നതിനും' ഒരു മാർഗ്ഗമായി മാറു

ന്നത്. ഇത് സ്ത്രീയെ ഒരു വ്യക്തിയായി കാണുന്നതിന് പകരം ഒരു വസ്തുവായി കാണുന്ന സമൂഹത്തിന്റെ വീക്ഷണ മനോഭാവത്തിന്റെ സാങ്കേതിക തകരാറാണ്. അത് ഏറ്റവും നന്നായി മനസ്സിലാക്കുന്നത് സ്ത്രീകൾ തന്നെയാണ്. ഈ മനോഭാവം മാറിയാൽ സ്വാഭാവികമായും സ്ത്രീകൾ ശാരീരിക ആകർഷണത്തിന് ഉപരിയായി വ്യക്തിപ്രഭാവ ശക്തിയെ വളർത്തുവാൻ ശ്രമിക്കും. അതിനാൽ ഇത്തരം പ്രവണതകൾ ശുദ്ധമായി വിമർശിക്കേണ്ടതിനു പകരം സാമൂഹികമായ അവഗണനയും അടിച്ചമർത്തലും ഉണ്ടാക്കിയ മാനസിക പ്രതികരണമായി കാണേണ്ടതാണ്. മാനുഷിക ചരിത്രത്തിൽ ഉടനീളം സൗന്ദര്യവും ലൈംഗികതയും അധികാരത്തോടും സാമൂഹിക സ്വാധീനത്തോടും ബന്ധിപ്പിച്ചിട്ടുണ്ടെന്ന സത്യം നിരസിക്കാനാവില്ല. കല, രാഷ്ട്രീയം, രാജധാനികൾ, സാഹിത്യം എല്ലായിടത്തും സൗന്ദര്യവും ലൈംഗിക ആകർഷണവും ഒരു ശക്തിയായി ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആധുനിക കാലഘട്ടത്തിൽ സമത്വം നേടാനുള്ള ഏകമാർഗ്ഗമായി അതിനെ സ്വീകരിക്കുന്നത് യഥാർത്ഥ പുരോഗതിയുടെ ലക്ഷണമായി കാണാൻ കഴിയില്ല.

സ്ത്രീകൾക്കുള്ള യഥാർത്ഥ സമത്വം അവരുടെ ശരീരത്തിന്റെയോ സൗന്ദര്യത്തിന്റെയോ വിലക്കൽ കൊണ്ടോ നിയന്ത്രണം കൊണ്ടോ ലഭിക്കുന്നതല്ല. മറിച്ച്, അവരുടെ ചിന്തകൾക്കും അറിവിനും കഴിവിനും സമൂഹം നൽകുന്ന അംഗീകാരമാണ് അവർക്കുള്ള ശരിയായ അവകാശം. സ്ത്രീകളും പുരുഷന്മാരും ഒരുപോലെ യോഗ്യതയിലൂടേയും പരിശ്രമത്തിലൂടേയും മാത്രമേ സമത്വത്തിലേയ്ക്ക് എത്താൻ പാടുള്ളു. അതേസമയം, സ്ത്രീകളുടെ വസ്ത്രധാരണത്തെയോ ജീവിതരീതിയെയോ സമൂഹം കുറ്റപ്പെടുത്തി കാണുന്നത് മറ്റൊരു പുരുഷാധിപത്യ രൂപമാണ്. സ്ത്രീകൾക്കും അവരുടെ ശരീരവും സൗന്ദര്യവും ഉൾപ്പെടുന്ന വ്യക്തിത്വം പ്രകടിപ്പിക്കാൻ സമാനമായ അവകാശമുണ്ട്. എന്നാൽ അത് വിജയത്തിലേക്കുള്ള ഏക ഉപാധിയാകുമ്പോൾ സമത്വത്തിന്റെ ആശയം തന്നെ തകരാറിലാകും.

ഇവിടെ സമൂഹത്തിന് മുന്നിൽ രണ്ട് ഉത്തരവാദിത്വങ്ങൾ ആണ് ഉള്ളത്. സ്ത്രീകൾക്ക് അവരുടെ കഴിവുകളും പ്രാപ്തികളും ആശ്രയിച്ച് ഉയർന്ന നിലകളിലേക്ക് ഉയരാനുള്ള അവസരങ്ങൾ സമൂഹം തുറന്നുകൊടുക്കണം. അതോടൊപ്പം, അവരുടെ വ്യക്തിപരമായ സ്വാതന്ത്ര്യ പ്രകടനങ്ങളെ വെറും 'ലൈംഗിക ആയുധം' എന്ന ഏകദൃഷ്ടികോണിലൂടെ മാത്രമല്ല, വ്യക്തിത്വത്തിന്റെ സ്വാഭാവിക ഭാഗമായിട്ടും കാണാൻ പഠിക്കണം. യഥാർത്ഥ സമത്വം കേവലം ശരീരസ്വാതന്ത്ര്യത്തോടോ ലൈംഗികാഭിപ്രായങ്ങളോടോ മാത്രം ബന്ധപ്പെട്ട നിലകൊള്ളുന്നതല്ല. അതിനേക്കാൾ ആഴത്തിലുള്ള ലക്ഷ്യം സമൂഹത്തിലെ എല്ലാ മേഖലകളിലും —അവസരങ്ങളിലും അംഗീകാരങ്ങളിലും മാനസിക സുരക്ഷിതത്വത്തിലും —സ്ത്രീക്കും പുരുഷനും സമാന അവകാശം ലഭ്യമാകുന്നതാണ്. സമത്വത്തിന്റെ യഥാർത്ഥ അർത്ഥം ഭൗതിക ആകർഷണത്തിലോ പുറത്തുള്ള അലങ്കാരത്തിലോ ഒതുങ്ങുന്നത

ല്ല. അത് വ്യക്തിയുടെ കഴിവിനെയും ചിന്തയുടെ ഗൗരവത്തെയും വ്യക്തിത്വത്തിന്റെ സമഗ്രതയെയും അംഗീകരിക്കുന്നതിലാണ്.

സ്ത്രീ സ്വാതന്ത്ര്യത്തേയും അവകാശങ്ങളേയും കുറിച്ച് പറയുമ്പോൾ താത്കാലിക പ്രണയജീവിത സങ്കൽപ്പങ്ങളെക്കുറിച്ച് പരാമർശിക്കാതെ പോകാനാകില്ല. ഇന്നത്തെ തലമുറയിൽ ബന്ധങ്ങളുടെ രൂപം, അർത്ഥം, ലക്ഷ്യം എല്ലാം തന്നെ വേഗത്തിൽ മാറുകയാണ്. 'ലിവ്-ഇൻ റിലേഷൻഷിപ്പ്' എന്ന ആശയം ഇപ്പോൾ ഒരു ജീവിതരീതിയായി മാറിയിരിക്കുന്നു. അത് സ്ത്രീകൾക്കും പുരുഷന്മാർക്കും തങ്ങളുടേതായ കാരണങ്ങളാൽ ആകർഷകമാകുന്നു. ചിലർക്കത് സ്വാതന്ത്ര്യത്തിന്റെ പ്രതീകമാണ്. മറ്റുചിലർക്ക് ഉത്തരവാദിത്വങ്ങളിൽ നിന്നുള്ള മോചനം പോലെ തോന്നുന്നു. എന്നാൽ ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് ആഴത്തിലുള്ള മനഃശാസ്ത്രപരവും സാമൂഹികവുമായ ഘടകങ്ങളാണ്. സ്ത്രീകൾക്ക് ലിവ്-ഇൻ ബന്ധം പലപ്പോഴും 'സ്വതന്ത്രമായി ജീവിക്കാനുള്ള അവകാശം' എന്ന ആത്മപ്രഖ്യാപനമാണ്. വിവാഹം എന്ന സ്ഥാപനത്തിൽ സ്ത്രീയെ നിയന്ത്രണത്തിന്റെയും വിധേയത്വത്തിന്റെയും ചങ്ങലയിൽ ബന്ധിച്ചിരുന്നതായി അവർ കാണുന്നു. ഭർത്താവിന്റെ നിയന്ത്രണം, കുടുംബത്തിന്റെ പ്രതീക്ഷകൾ, സമൂഹത്തിന്റെ വിധികൾ ഇതെല്ലാം മറികടന്ന് സ്വമേധയ ജീവിക്കാനുള്ള അവകാശം നേടുകയാണ് അവരുടേതായ ലക്ഷ്യം. ഒരാളോടുള്ള സ്നേഹം എത്രമാത്രം ആഴമുള്ളതാണെന്ന് മനസ്സിലാക്കാൻ അല്ലെങ്കിൽ ഏത് ബന്ധമാണ് തങ്ങളുടേതായ ജീവിതധാരയോട് പൊരുത്തപ്പെടുന്നത് എന്നത് പരീക്ഷിക്കാൻ അവർ ഈ ബന്ധരീതിയെ തിരഞ്ഞെടുക്കുന്നു. സ്ത്രീകൾ ഇത്തരം പുരോഗമന ആശയങ്ങളോട് പ്രതിപത്തി കാണിക്കുന്നത് സഹസ്രാബ്ദങ്ങളായി അവരോട് സമൂഹം ചെയ്തുകൊണ്ടിരിക്കുന്ന അനീതിയോട്, അവകാശ ലംഘനങ്ങളോട് എതിരായി ജനിതകമായി അവരിൽ അന്തർഗതമായിരിക്കുന്ന വെറുപ്പിൽ നിന്നുയരുന്ന പ്രതിക്ഷേധമായാണ്. വർഷങ്ങളായി കുടുംബങ്ങളും സമൂഹവും അവരെ നിയന്ത്രിച്ചും വിധിച്ചും ജീവിപ്പിച്ചതിന്റെ ഒരു മറുപടിയാണ് അവർ ഇന്നെഴുതുന്നത്. ഇത് അവർ അറിയാതെ തന്നെ അവരുടെ ജനിതക സ്വഭാവമായി മാറിയിരിക്കുന്നു. ഈ പ്രതികരണം വെറും വ്യക്തിപരമായതല്ല—അത് ചരിത്രപരമായ ഒരു ആത്മാവബോധത്തിന്റെ ഉണർവ്വാണ്.

അതേസമയം പുരുഷന്മാർക്ക് ലിവ്-ഇൻ ബന്ധങ്ങൾ പലപ്പോഴും 'ബാധ്യതകളില്ലാത്ത സ്വതന്ത്രജീവിതം' എന്നതുപോലെയാണ് തോന്നുന്നത്. വിവാഹത്തിന്റെ നിയമപരമായ ബാധ്യതകൾ, സാമ്പത്തിക ഉത്തരവാദിത്തങ്ങൾ, ബന്ധങ്ങളുടെ സാമൂഹിക സമ്മർദങ്ങൾ എന്നിവ ഒഴിവാക്കി ഭാവനാപരമായ ബന്ധം മാത്രമായി ജീവിതം കാണുന്ന ഒരു മനോഭാവത്തിന്റെ വളർച്ചയ്ക്ക് ഇത് ഊർജ്ജം പകരുന്നു. എന്നാൽ അതിനൊപ്പം സ്ഥിരതയില്ലാത്തതും ആത്മബന്ധം നഷ്ടപ്പെട്ടതുമായ മാനസിക അവസ്ഥയും രൂപപ്പെടുന്നു. ഇരുവരുടെയും മനോഭാവങ്ങൾ ചേർന്ന് ഒരു പുതിയ സമൂഹ രൂപം വളരുന്നു. മേല്പറഞ്ഞതുപോലെ, സ്ത്രീകൾക്ക്

ജീവിതത്തിൽ പരീക്ഷണാത്മകമായി ബന്ധങ്ങൾ വിലയിരുത്താനുള്ള അവസരം ലഭിക്കുന്നു. ആരാണ് അവരെ കൂടുതൽ മനസ്സിലാക്കുന്നത്? ഏത് ബന്ധമാണ് അവരുടെ ആത്മാവിനോട് ഒത്തുചേരുന്നത്? അവർക്ക് അതുകണ്ടെത്താൻ സമയം ലഭിക്കുന്നു. ചിലർക്ക് ഗർഭധാരണത്തേക്കുറിച്ചും മാതൃത്വത്തേക്കുറിച്ചും വ്യക്തിപരമായ തീരുമാനമെടുക്കാനുള്ള ധൈര്യവും ആകാംഷയും ഈ സ്വാതന്ത്ര്യം നൽകുന്നു.

ഈ സമീപനം പഴയ സമൂഹ മനോഭാവങ്ങൾക്ക് വെല്ലുവിളിയാകുന്നു. 'വിവാഹം', 'കുടുംബം', 'സ്ഥിരത' തുടങ്ങിയ മൂല്യങ്ങൾ ചോദ്യം ചെയ്യപ്പെട്ടപ്പോൾ പരമ്പരാഗത മനസ്സുകൾ അതിനെ 'പാശ്ചാത്യ സ്വാധീനമെന്നോ, അനാചാരമെന്നോ' കാണുന്നു. എന്നാൽ യാഥാർത്ഥ്യത്തിൽ ഇത് സ്ത്രീയുടെ ആത്മബോധത്തിന്റെ സ്വാഭാവിക വികാസമാണ്. അതിന്റെ പിന്നിൽ മറ്റൊരു ആഴമുള്ള യാഥാർത്ഥ്യവും ഉണ്ട്. ആധുനിക ലോകത്തിന്റെ ഗൂഢ ശക്തികൾ (ഡീപ്പ്സ്റ്റേറ്റുകൾ) പലപ്പോഴും ഈ പ്രവണതകളെ പ്രോത്സാഹിപ്പിക്കുന്നു. പുറമേ അത് സ്വാതന്ത്ര്യത്തിന്റെയും പുരോഗതിയുടെയും പേരിലാണ് തോന്നുക. എന്നാൽ ആന്തരികമായി സാമൂഹിക ഘടനകളുടെ പുനർരചനയും ദേശീയ ഐക്യത്തിലുള്ള ശിഥിലീകരണവും ജനസംഖ്യ നിയന്ത്രണവുമെന്ന പോലെയുള്ള ഗൂഢലക്ഷ്യങ്ങളാണ് മറഞ്ഞിരിക്കുന്നത്. എന്നാൽ ഇത്തരത്തിലുള്ള ആധുനിക ആശയങ്ങളെ ആദ്യമായി സ്വീകരിക്കുന്നത് സ്ത്രീകളാണ്. കാരണം അവർക്ക് അത് പഴയ അനീതിക്കെതിരായ സ്വാതന്ത്ര്യ പ്രഖ്യാപനമായാണ് തോന്നുന്നത്.

ഈ മാറ്റങ്ങൾ സാമൂഹികമായും സാമ്പത്തികമായും ദീർഘകാല പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു. വിവാഹങ്ങളും സ്ഥിരകുടുംബങ്ങളും കുറയുമ്പോൾ ജനനനിരക്ക് താഴുന്നു. യുവജനസംഖ്യ കുറയുന്നതോടെ ഉൽപാദനശേഷിയും തൊഴിൽവിപണിയിലുള്ള സ്ഥിരതയും ഇടിയുന്നു. ഇതൊക്കെ രാജ്യത്തിന്റെ വളർച്ചാനിരക്കിനെയും സമ്പദ്വ്യവസ്ഥയെയും ബാധിക്കുന്നു. എന്നാൽ അതിനപ്പുറം മനുഷ്യബന്ധങ്ങളിൽ ആത്മീയതയും വിശ്വാസവുമാണ് ഇടിയുന്നത്. എങ്കിലും ഇതെല്ലാം ഒരുപക്ഷേ ആവശ്യമായ ഒരു ഘട്ടവുമാണ്. സ്ത്രീയും പുരുഷനും രണ്ടുപേരും തുല്യമായി വ്യക്തിത്വമുള്ളവരായി മാറുന്നതിനുള്ള ഒരു മാനസിക പരിവർത്തനഘട്ടം. എന്നാൽ സമൂഹവും കുടുംബങ്ങളും സ്ത്രീയെ വ്യക്തിയായി കണ്ട് അവളെ ബഹുമാനിക്കുകയും അവളുടെ അഭിപ്രായങ്ങൾക്ക് വിലനൽകുകയും ചെയ്താൽ കുടുംബബന്ധങ്ങൾ ദൃഢമാകുകയും സമൂഹത്തിന്റെയും രാജ്യത്തിന്റെയും ശിഥിലീകരണം നമുക്ക് ഒരു പരിധി വരെയെങ്കിലും തടയാനാകുകയും ചെയ്യും. സ്വാതന്ത്ര്യം അർത്ഥശൂന്യമായ അകൽച്ചയാകരുത്. അത് ആത്മബോധത്തോടൊപ്പം വന്നാൽ മാത്രമേ മനുഷ്യബന്ധങ്ങൾക്ക് വളരാൻ കഴിയൂ. യഥാർത്ഥ പുരോഗതി അങ്ങനെയുള്ള ബോധത്തിൽ നിന്നാണ് ഉരുത്തിരിയുന്നത്.

സ്ത്രീയും പുരുഷനും ഒരുപോലെ മനുഷ്യരെന്ന നിലയിൽ സമൂഹത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ്. പൗരാവകാശങ്ങൾ അവരെ സമത്വത്തോടെ മുന്നോട്ട് കൊണ്ടുപോകാനുള്ള ശക്തിയാണ്. ഒരു വ്യക്തിക്ക് ലഭിക്കുന്ന അവകാശങ്ങൾ മറ്റൊരാളുടേതിനെ കുറയ്ക്കുന്ന രീതിയിൽ പ്രവർത്തിക്കരുത്. സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ വിദ്യാഭ്യാസം, തൊഴിൽ, രാഷ്ട്രീയ പങ്കാളിത്തം, വ്യക്തിഗത സ്വാതന്ത്ര്യം എന്നിവ ഉറപ്പുവരുത്തേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്തമാണ്. സമൂഹം പുരുഷാധിപത്യ ചിന്തകളോ സ്ത്രീസംരക്ഷണത്തിന്റെ പേരിലുള്ള നിയന്ത്രണങ്ങളോ മൂലം ഒരുവിഭാഗം പിന്നോക്കം പോകുമ്പോൾ ആ നഷ്ടം മുഴുവൻ മനുഷ്യരാശിയുടെയും പുരോഗതിയെ ബാധിക്കുന്നു. അവകാശങ്ങളോടൊപ്പം കടമകളും ധർമ്മങ്ങളും ഉണ്ട്. സ്ത്രീക്കും പുരുഷനും തുല്യമായ ഉത്തരവാദിത്വം സമൂഹത്തോടുണ്ട്. നിയമം പാലിക്കുക, മറ്റുള്ളവരുടെ അവകാശങ്ങളെ മാനിക്കുക, അക്രമത്തെയും അനീതിയെയും എതിർക്കുക, സാമൂഹിക ബോധവൽക്കരണത്തിൽ പങ്കാളികളാകുക എന്നിവ ഓരോ പൗരന്റെയും പൗരധർമ്മമാണ്. പൗരധർമ്മം പാലിക്കാതെ അവകാശങ്ങൾ പ്രയോജനപ്പെടുത്തുന്നത് ആ അവകാശത്തിന്റെ മൂല്യം കുറയ്ക്കും. അതിനാൽ അവകാശങ്ങളെ പ്രയോജനപ്പെടുത്തുമ്പോൾ ഉത്തരവാദിത്വബോധം അനിവാര്യമാണ്. പൗരാവകാശങ്ങളും പൗരധർമ്മങ്ങളും തമ്മിലുള്ള ഏകോപനം സമൂഹത്തിന്റെ ഉണർവാണ്. അവകാശങ്ങൾ ഉപയോഗിച്ച് സ്ത്രീയും പുരുഷനും ഒരുപോലെ ജീവിതം ഉയർത്തുമ്പോൾ, ഉത്തരവാദിത്വം പാലിച്ച് അവ സമൂഹത്തിന് മടക്കി നൽകുമ്പോൾ, ഒരു സുസ്ഥിരവും നീതിപൂർണവുമായ ഭാവി സൃഷ്ടിക്കപ്പെടുന്നു. അതിനാൽ അവകാശങ്ങളെപ്പറ്റി വാചാലരാകുമ്പോൾ പാലിക്കേണ്ട പൗരധർമ്മങ്ങളെപ്പറ്റിയും ഓർക്കണം. അവകാശം നേടുന്നത് ഒരു കർമ്മമാണ്. പക്ഷേ അതിന്റെ സംരക്ഷണവും പാലനവും ഒരു ധർമ്മമാണ് — അതാണ് യഥാർത്ഥ സമത്വത്തിന്റെ അടിത്തറ.

അദ്ധ്യായം-6

നീതി

നീതി—മനുഷ്യ ജീവിതത്തിന്റെ ഹൃദയമിടിപ്പ്, സംസ്കാരങ്ങളുടെ അടിസ്ഥാനം, സമൂഹങ്ങളുടെ നിലനിൽപ്പിന്റെ അന്തർധാര. മനുഷ്യൻ ആദ്യമായി കൂട്ടായ്മയോടെ ജീവിക്കാൻ പഠിച്ച നിമിഷം മുതൽ നീതിയെന്ന ആശയം അവന്റെ പ്രവൃത്തികളിൽ പ്രകാശിക്കുകയോ മങ്ങുകയോ ചെയ്തുകൊണ്ടേയിരിക്കുന്നു. എന്നാൽ നീതി എല്ലായിടത്തും ഒരേ പോലെ പ്രതിഫലിച്ചിട്ടില്ല. അധികാരികളുടെ കൈകളിൽ പലപ്പോഴും അത് വളഞ്ഞും മുറിഞ്ഞും സാധാരണ ജനങ്ങളുടെ ജീവിതത്തിലേക്ക് അപൂർണ്ണമായൊരു പ്രതിധ്വനിയായി മാത്രം എത്തുന്നു. നീതി സിദ്ധാന്തങ്ങൾ നമ്മെ പഠിപ്പിക്കുന്നത് മനുഷ്യൻ മനുഷ്യനോട് കാണിക്കേണ്ട മൗലിക ബഹുമാനത്തെയും, അവകാശങ്ങളുടെ സംരക്ഷണത്തെയും കുറിച്ചാണ്. എന്നാൽ യാഥാർത്ഥ്യത്തിൽ അത് പലപ്പോഴും ഒരു സ്വപ്നം പോലെ മാത്രം നിലനിൽക്കുന്നു. ചിലർക്കിത് അവകാശങ്ങളുടെ ഉറച്ച കോട്ടയായപ്പോൾ മറ്റൊരുപാട് പേർക്ക് അത് കരളിൽ മുറിപ്പെടുത്തുന്നൊരു അഭാവമായി മാറിയിട്ടുണ്ട്. നമ്മുടെ നാട്ടിൽ നീതി എന്നത് ഒരിക്കലും ജനങ്ങൾക്കുള്ള അവകാശമായി നിലനിൽക്കുന്നില്ല. പലപ്പോഴും അത് അധികാരവും സ്വാധീനവും ഉള്ളവരുടെ സ്വകാര്യമായ താത്പര്യമായിത്തീരുന്നു. രാഷ്ട്രീയ നേതാക്കൾ നേരിട്ട് കുറ്റകൃത്യങ്ങളിൽ പങ്കാളികളാകുകയോ, അന്വേഷണം തടസ്സപ്പെടുത്തുകയോ ചെയ്യുന്ന നിരവധി ഉദാഹരണങ്ങൾ ഇന്ത്യയിലെ രാഷ്ട്രീയ രംഗത്ത് നാം കണ്ടിട്ടുണ്ട്. കുറ്റകൃത്യങ്ങൾ ചെയ്തെന്ന ആരോപണങ്ങളിൽ പെടുന്ന രാഷ്ട്രീയ നേതാക്കൾ പലപ്പോഴും അറസ്റ്റിലാകാതെ അഭയം നേടുന്നതും നിയമം അവരുടെ താത്പര്യം അനുസരിച്ച് വളച്ചൊടിക്കപ്പെടുന്നതുമാണ് ദൗർഭാഗ്യകരമായ യാഥാർത്ഥ്യം.

കുറ്റകൃത്യങ്ങളിൽപ്പെട്ട രാഷ്ട്രീയ നേതാക്കളെക്കുറിച്ചുള്ള വാർത്തകൾ നമ്മുടെ ദേശീയ മാധ്യമങ്ങളിൽ പതിവായി പ്രത്യക്ഷപ്പെടുന്നു. ബലാത്സംഗക്കേസുകൾ, ഭൂമി കൈയ്യേറ്റങ്ങൾ, അഴിമതി, സമുദായിക കലാപങ്ങൾ തുടങ്ങിയ നിരവധി ഗുരുതര കുറ്റങ്ങളിലാണവർ ഉൾപ്പെട്ടിരിക്കുന്നത്. എന്നാൽ ഇത്തരം ആരോപണങ്ങളിൽ ഉൾപ്പെട്ടവരെ നിയമം കുടുക്കാൻ ആഗ്രഹിച്ചാലും അങ്ങനെ സംഭവിക്കുന്നില്ല. അവരുടെ രാഷ്ട്രീയ സ്വാധീനവും വിപുലമായ സാമ്പത്തിക ശേഷിയും കോടതികളേയും പോലീസിനേയും ഗതികേടിലാക്കുന്നു.

ഉദാഹരണത്തിന്, നിരവധി ബലാത്സംഗ കേസുകളിൽ പ്രതികളായ ചില രാഷ്ട്രീയ നേതാക്കളെ വരേണ്യരായ നിയമവാദികൾ പ്രതിരോധിക്കുന്നു. ഭയപ്പെടുത്തി കേസ് പിൻവലിക്കാൻ സമ്മർദ്ദം ചെലുത്തുന്നു, മാധ്യമങ്ങൾക്ക് പണം നൽകി വാ

ർത്തകൾ മാറ്റിമറിക്കുന്നു, പ്രത്യേക അന്വേഷണ സംഘങ്ങളുടെ നിയമനങ്ങൾ സ്വാധീനിക്കുന്നു. ഇതെല്ലാം ഒരു ശൃംഖലാപരമായ നീക്കമാണ്. പോലീസിന് പോലും അധികാരികളുടെ സമ്മർദ്ദം സഹിക്കേണ്ടിവരുന്നു. കേസെടുക്കാൻ മടിക്കുന്നു, തെളിവുകൾ കാണാതാകുന്നു, പരാതിക്കാരെ കൃത്യമായി ചോദ്യം ചെയ്യാറില്ല. ഇതുവഴി അന്വേഷണപ്രക്രിയ തന്നെ അർഥശൂന്യമായി തീരുന്നു.

തുടർന്ന്, രാജ്യത്ത് തനിക്കെതിരായ ക്രിമിനൽ കേസുകൾ നിലനിൽക്കുന്നവന് പോലും തെരഞ്ഞെടുപ്പിൽ മത്സരിക്കാം. ഇന്ത്യൻ നിയമം കുറ്റാരോപിതനായി മാറിയ ഒരാളെ തടയുന്നില്ല, ജയിലിൽ കിടന്നാലും നിയമസഭയിലേക്കോ പാർലമെന്റിലേക്കോ തെരഞ്ഞെടുക്കപ്പെടാം എന്നതാണ് സത്യം. അങ്ങനെയുള്ള വ്യവസ്ഥ, രാഷ്ട്രീയവും കുറ്റവാളികളും തമ്മിലുള്ള ബന്ധത്തെ നിയമപരമായി തന്നെ അനുവദിക്കുന്ന രീതിയിലാണ്. ഇതിന്റെ കനത്ത വിലയാണ് നീതി ലഭിക്കാത്തതിന്റെ വേതനമായി സാധാരണ ജനങ്ങൾ അനുഭവിക്കേണ്ടിവരുന്നത്.

ഭൂമി കൈയ്യേറ്റ കേസുകൾ ഗുരുതരമായി കാണേണ്ട മറ്റൊരു മേഖലയാണ്. ജനങ്ങളുടെ യഥാർഥ ഉടമസ്ഥതയിലുള്ള ഭൂമികൾ നിയമപരമായി തട്ടിയെടുക്കാൻ അധികാരത്തിൽ ഇരിക്കുന്ന നേതാക്കൾ ആസൂത്രണം ചെയ്യുന്നു. പൊതുമേഖലയിലും സ്വകാര്യ മേഖലയിലും നടക്കുന്ന വികസന പദ്ധതികൾ എന്ന പേരിൽ ഭൂമി അപഹരിക്കപ്പെടുന്നു. ഇതിനെതിരെ നിന്നാൽ രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കുന്നു എന്ന് ചാപ്പകുത്തപ്പെടുന്നു. ഇനി വികസന പദ്ധതികൾ കൊണ്ടുവരുന്ന സ്ഥലത്തിന് ചുറ്റും സ്ഥലവില അനവധി മടങ്ങ് വർദ്ധിക്കും എന്ന് അറിഞ്ഞുകൊണ്ട് നേരത്തെ രാഷ്ട്രീയനേതാക്കൾ സ്ഥലം വാങ്ങിക്കൂട്ടുന്നു. രാജ്യത്തിന്റെ വികസനം എന്നത് അവിടുത്തെ ജനത്തിന്റെ ജീവിതനിലവാരത്തിലുള്ള മികവാണ്. എന്നാൽ ഇവിടെ അത് വൻകിട മുതലാളികളുടെ ഉയർച്ചയും പാവപ്പെട്ടവന്റെ ജീവിത ഗ്രാഫ് താഴെക്ക് മാത്രം പോകുന്നതിന്റേയും പ്രതീകം മാത്രമാണ്. അവൻ സിറ്റികളിൽ ജീവിക്കുന്നുണ്ടാകാം. എങ്കിലും ഓരോ ദിവസവും ഉണരുമ്പോൾ വൈകീട്ടാവുമ്പോഴേക്കും അന്നേ ദിവസത്തെ ചിലവുകൾ കൂട്ടിമുട്ടിക്കാൻ കഴിയുമോ എന്നുള്ള ഭയമാണ് അവനിൽ നിഴലിക്കുന്നത്. നിയമം ഉദ്ദേശിക്കുന്നത് ജനത്തെ സംരക്ഷിക്കാനാണ് എങ്കിൽ, യാഥാർത്ഥ്യത്തിൽ അത് അവരെ ഉപേക്ഷിക്കുന്നതായി കാണാം.

പല കമ്മീഷനുകളും പ്രത്യേക അന്വേഷണ സംഘങ്ങളും രാഷ്ട്രീയ സ്വാധീനത്തിന് കീഴടങ്ങുന്ന സാഹചര്യമാണിതിന്റെ ഉദാഹരണം. കുറ്റകൃത്യം നടന്നു എന്നതിന്റെ വ്യക്തമായ തെളിവുകളുണ്ടെങ്കിലും അന്വേഷണ റിപ്പോർട്ടുകളിൽ "തെളിവുകൾ അപര്യാപ്തം" എന്ന് രേഖപ്പെടുത്തപ്പെടുന്നു. ഇതിലൂടെ പ്രതികളെ രക്ഷപ്പെടുത്തുകയാണ് ലക്ഷ്യം. പരാതിക്കാരെ മാനസികമായി തകർക്കുക, പരാതി പിൻ

വലിക്കാനുള്ള സമ്മർദ്ദം ചെലുത്തുക തുടങ്ങിയ രീതികൾ ജനാധിപത്യ സംവിധാനത്തിൽ ഒരു പതിവായ മാർഗ്ഗമാണ്.

നിയമം എല്ലാവർക്കും ഒരുപോലെ അല്ല. അധികാരമുണ്ടെങ്കിൽ, കുറ്റം ചെയ്താലും ഇവിടെ നിരപരാധി ആക്കപ്പെടും. പരാതി നൽകി കഴിഞ്ഞാൽ കുറ്റാരോപിതനായ വ്യക്തിക്കെതിരെ കേസ് എടുക്കുന്നതിന് പകരം പരാതിക്കാരനെ കുറ്റക്കാരനാക്കുകയാണ് ഇവിടുത്തെ രീതി. അത് മാധ്യമങ്ങൾ വഴിയോ, സാമൂഹ്യമാധ്യമങ്ങളിലൂടെയോ അല്ലെങ്കിൽ പോലീസ് അന്വേഷണങ്ങളിലൂടെയോ ആകാം. നാം ജീവിക്കുന്ന ഒരു ജനാധിപത്യ വ്യവസ്ഥയിൽ നിയമത്തിന്റെ ഭരണമെന്നത് സമൂഹത്തിൽ എല്ലാവർക്കും ഒരുപോലെ ആയിരിക്കണം. അധികാരം ഒരു ‘രോഗപ്രതിരോധ സംവിധാനം’ പോലെയാണ്. കുറ്റകൃത്യങ്ങളേയും ഭീഷിണികളേയും ഇല്ലാതാക്കുന്ന ശക്തമായ ഒരു പ്രതിരോധമന്ത്രം. എന്നാൽ ഇന്ന് ജനങ്ങൾ അതിന്റെ ഇരകളായി മാത്രമാണ് അവസാനിക്കുന്നത്. ജനങ്ങൾക്ക് വിശ്വസിക്കാവുന്ന നീതി സംവിധാനവും സ്വതന്ത്ര അന്വേഷണ വ്യവസ്ഥയും ഉറപ്പുവരുത്തേണ്ടത് ഭരണകൂടത്തിന്റെ ബാധ്യതയാണ്. പക്ഷേ അധികാരവും അതേ ദിശയിൽ സഞ്ചരിക്കുമ്പോൾ നീതി വെറുമൊരു കാഴ്ചക്കാരനായി മാറുന്നത് ദൗർഭാഗ്യകരമായ ദേശീയ ദുരന്തമാണ്.

രാജ്യത്തിന്റെ ഭരണഘടനയുടെയും ജനാധിപത്യ മൂല്യങ്ങളുടെയും അടിസ്ഥാനത്തിൽ പോലീസിന്റെ പ്രധാന ഉത്തരവാദിത്തം ജനങ്ങളെ സംരക്ഷിക്കുന്നതും നിയമം പാലിക്കുന്നതും ആകണമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. എന്നാൽ യാഥാർത്ഥ്യത്തിൽ പോലീസിനെ അധികാരമുള്ളവരുടെ രാഷ്ട്രീയ ഏജന്റുകളായി ഉപയോഗിക്കുന്നതിന്റെ നിരവധി തെളിവുകളും ഉദാഹരണങ്ങളും ഇന്നത്തെ ഇന്ത്യയിലും പ്രത്യേകിച്ച് കേരളത്തിലും കാണുന്നു. ശക്തരായ രാഷ്ട്രീയ നേതാക്കൾക്കെതിരെ പരാതി നൽകാനെത്തുന്ന സാധാരണക്കാരെ പോലീസ് ഭയപ്പെടുത്തുകയോ പരാതികൾ സ്വീകരിക്കാതിരിക്കുകയോ ചെയ്യുന്ന സാഹചര്യം പതിവാണ്. പോലീസ് സ്റ്റേഷനുകളിൽ പൗരന്റെ അടിസ്ഥാന അവകാശങ്ങൾ പോലും സംരക്ഷിക്കപ്പെടുന്നില്ല. കുറ്റാരോപിതൻ ആയിരുന്നാലും കോടതി ശിക്ഷിക്കും വരെ അവൻ കുറ്റവാളി അല്ല. എന്നാൽ പണവും അധികാരവും ഉള്ളവനോടുള്ള മാന്യമായ സമീപനമല്ല പോലീസിന് സാധാരണക്കാരനോടുള്ളത്. അത് തികച്ചും ഫ്യൂഡലിസ്റ്റ് പ്രഭുക്കൾ അടിമകളോട് കാണിക്കുന്ന സമീപനമാണ്.

ഒരു കേസിൽ FIR (First Information Report) നൽകുന്നത് പോലും ശക്തനായ പ്രതിയെ ആശ്രയിച്ചിരിക്കുന്നു. രാഷ്ട്രീയ പാർട്ടികളുമായി അടുത്ത ബന്ധം പുലർത്തുന്നവർക്കെതിരെ കേസുകൾ പോലീസിന് മുന്നിൽ പോലും എത്തില്ല. എന്നാൽ, ആരെയും പ്രതികളാക്കാൻ സാധിക്കുന്ന UAPA (Unlawful Activities Prevention Act), NSA (National Security Act), സിഡിഷൻ (Sedition) നിയമങ്ങൾ പോലുള്ള

നിർദ്ദയമായ നിയമങ്ങൾ സാധാരണക്കാരായ പ്രതിഷേധക്കാരെ ഭയപ്പെടുത്തു ന്നതിനായി ഉപയോഗിക്കപ്പെടുന്നു. ഈ നിയമങ്ങൾ രാജ്യദ്രോഹത്തെയും ദേശ വിരുദ്ധതയെയും തടയുന്നതിനായി രൂപപ്പെടുത്തപ്പെട്ടവയായിരുന്നു എങ്കിലും, ഇ പ്പോൾ അവ രാഷ്ട്രീയ എതിരാളികളെ അടിച്ചമർത്തുന്നതിനും പൊതുജന വിമത ഭാവങ്ങൾ കെട്ടിപ്പടുക്കുന്നതിനും ഉപയോഗിക്കുന്നു.

കസ്റ്റഡി മരണങ്ങൾ പോലീസിന്റെ ക്രൂരതയുടെ ഏറ്റവും ഭീകരമായ ഉദാഹരണ ങ്ങളാണ്. കേരളത്തിലും ഹരിയാന, ഉത്തർപ്രദേശ് പോലുള്ള സംസ്ഥാനങ്ങളി ലും നിരവധി കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും, അതിൽ അധികം സംഭവങ്ങൾ ചൂഷണം ചെയ്യപ്പെട്ടവരുടെ കുടുംബങ്ങൾക്ക് നീതിയും സംവേദന വും ലഭിക്കാതെ അകലുകയാണ്. കോടതികളും അന്വേഷണ ഏജൻസികളും കൃ ത്യമായി ഇടപെടാതെ പലപ്പോഴും സമരങ്ങൾക്കോ മാധ്യമ സമ്മർദ്ദത്തിന് വി ധേയമായോ ആണ് അന്വേഷണങ്ങൾ നടക്കുന്നത്. എന്നാൽ രാഷ്ട്രീയ നേതാ ക്കൾക്ക് എതിരെയുള്ള കേസുകളിൽ പാർട്ടികളിൽ നിന്നും പ്രതിഫലം പറ്റി മാധ്യ മങ്ങൾ അത്തരം കേസുകളെപ്പറ്റി ചർച്ച ചെയ്യുന്നത് തുടങ്ങിയതുപോലെ തന്നെ അവസാനിപ്പിക്കുന്നു.

പോലീസ് സംരക്ഷണം പ്രാപിക്കുന്ന രാഷ്ട്രീയ നേതാക്കളുടെ കാര്യത്തിൽ നൂറില ധികം അഴിമതി കേസുകൾ നിലനിൽക്കുന്നവർക്കുപോലും VIP സുരക്ഷയും പ്രത്യേ ക പരിഗണനയും ലഭിക്കുന്നത് ഈ സംവിധാനത്തിന്റെ ഇരട്ടത്താപ്പ് വെളിപ്പെടു ത്തുന്നു. അധികാരവ്യവസ്ഥയിൽ ഇടപെടാൻ കഴിയുന്നവരുടെ ഉത്തരവാദിത്വ മില്ലായ്മയും കഴിവുകേടുമാണ് ഈ വിഭാഗത്തെ സുരക്ഷിതരാക്കുന്നത്. അതേസമ യം, സാധാരണ ജനങ്ങൾ പ്രത്യേകിച്ച് ആദിവാസികൾ, ന്യൂനപക്ഷങ്ങൾ എന്നി വരെ സംബന്ധിച്ചിടത്തോളം പോലീസിന്റെ സമീപനം അത്യന്തം കഠിനവും ക്രൂ രവുമാണ്. സത്യത്തിൽ പോലീസ് സംവിധാനം ഭരണ സംവിധാനത്തിന്റെ ചോ ദ്യം ചെയ്യപ്പെടാത്ത ഗുണ്ടകളായി പ്രവർത്തിക്കുന്നു എന്നതാണ് ഒരു സാധാരണ പൗരന് മനസ്സിലാക്കാൻ കഴിയുന്നത്.

പോലീസിലുള്ള നവീകരണങ്ങൾ പത്രവാർത്തകളുടേയും ഭരണഘടനാ പ്രസ്താവ നകളുടെയും തലത്തിൽ മാത്രം പരിമിതമാകുമ്പോൾ, ജാഗ്രത പുലർത്തേണ്ട ചുമ തലകളിൽ യാതൊരു മാറ്റവും കാണാനില്ല. സംസ്ഥാനത്ത് ഉടനീളം നടപ്പിലാ ക്കപ്പെടുന്ന 'സ്മാർട്ട് പോലീസ്, പീപ്പിൾ ഫ്രണ്ട് പോലീസ്' പദ്ധതികൾ ലളിതമായി പരസ്യ പ്രവർത്തനങ്ങളിൽ നിന്നുപോകുന്നു എങ്കിലും സ്റ്റേഷൻ തലത്തിൽ വ്യസ ന നിവാരണത്തിന് സാധാരണക്കാരനായി പോവുന്നവനോട് പോലീസ് കൈ ക്കൊള്ളുന്ന മനോഭാവത്തിൽ യാതൊരു മാനുഷികതയും അവശേഷിക്കുന്നില്ല. എന്നാൽ പോലീസിൽ സത്യസന്ധരായ ഒരുപാട് ഉദ്യോഗസ്ഥർ ഉണ്ടെങ്കിലും

ഉന്നതർ ഇടപെടുന്ന കേസുകളിൽ അവർക്കും ഒന്നും തന്നെ ചെയ്യാൻ കഴിയാറില്ല.

ജനതയ്ക്ക് ആത്മവിശ്വാസം നൽകേണ്ട നവോത്ഥാന പ്രസ്ഥാനങ്ങളുടെ കാലത്ത്, നിയമവ്യവസ്ഥയെ നിരന്തരം ഒരു കെട്ടുപാടായി ഉപയോഗിച്ച് സാധാരണക്കാർക്ക് തങ്ങളുടെ പ്രശ്നങ്ങൾക്ക് നേരിട്ട് നീതി തേടാൻ പോലും മടിയുന്ന അവസ്ഥ സൃഷ്ടിക്കപ്പെടുന്നു. ഇതിന് പിന്നിൽ രാഷ്ട്രീയത്തിന്റെ മറവിലുള്ള അജണ്ട തെളിഞ്ഞതാണ്. ആശ്രയമില്ലാത്തവരെ കുടുക്കാൻ തീർത്ത വ്യാജകേസുകൾ, വിദ്യാർത്ഥി പ്രക്ഷോഭങ്ങളെ അടിച്ചമർത്താനായി ചുമത്തുന്ന കുറ്റപത്രങ്ങൾ, ജനകീയ പ്രസ്ഥാനങ്ങളെയും തൊഴിലാളി–കർഷക സമരങ്ങളെയും നിയമത്തിന്റെ പേടികൊണ്ട് തളർത്താനുള്ള നീക്കങ്ങൾ ഇവയെല്ലാം രാഷ്ട്രീയ പ്രേരിതവും നിയമ ദൗത്യത്തിന് അതീതമായി പ്രവർത്തിക്കുന്ന സ്വാർത്ഥ മനോഭാവക്കാരായ അധികാരവർഗ്ഗക്കാരുടെ പ്രവണതകളുമാണ്.

പോലീസ് യൂണിഫോമിൽ നിറഞ്ഞിരിക്കുന്ന അധികാരം, ജനങ്ങളുടെ സുരക്ഷയ്ക്കും നീതിക്കും വേണ്ടി ഉപയോഗിക്കപ്പെടാതെ അധികാരികളുടെ രാഷ്ട്രീയ ആജ്ഞകളെ അനുസരിക്കുന്നതിലേക്ക് മറ്റപ്പെട്ടിരിക്കുന്നു. നിയമം എല്ലായ്പ്പോഴും ഏകസമനായി എല്ലാവർക്കും ബാധകമാണെന്ന് പ്രസ്താവിച്ചിട്ടും യാഥാർത്ഥ്യത്തിൽ നീതി കിട്ടുന്നതിന്റെ അടിസ്ഥാനം വ്യക്തിയുടെ ജാതിയും സമുദായവും രാഷ്ട്രീയ നിലപാടുമൊക്കെ ചേർന്നുള്ള ഒരു പ്രഹേളികയായിരിക്കുന്നു.

ഇത്രയും ബോധവൽക്കരണത്തിന്റെയും മാധ്യമ നിർഭയതയുടെയും കാലഘട്ടത്തിലും പോലീസ് സംവിധാനത്തിന്റെ ഈ ഇരട്ടമുഖം അതിജീവിക്കുന്നു. കാരണം, ഇതൊരു വ്യക്തിഗത സമ്പ്രദായിക പ്രശ്നമല്ല. മറിച്ച്, ഒരു ഭരണഘടന സംവിധാനത്തിന്റെ ആന്തരിക വ്യവസ്ഥയാണ്. ഒരു സമൂഹം നീതിയും സുരക്ഷയും പ്രതീക്ഷിക്കുന്നുവെങ്കിൽ പോലീസിന്റെ രാഷ്ട്രീയ ഉപയോഗം അവസാനിപ്പിച്ച് ആ നിയമവ്യവസ്ഥയെ പൊതുജന സൗഹൃദമായ രീതിയിലാക്കേണ്ടതിന്റെ ആവശ്യകത അത്യന്തം ഗൗരവത്തോടെയാണ് നിലനിൽക്കുന്നത്. രാഷ്ട്രീയ അധികാരവർഗ്ഗത്തെ ഭയക്കുന്ന പോലീസ് സംവിധാനം, സ്ഥലം മാറ്റത്തിന്റെ ഭീഷണിയിൽ വിറങ്ങലിക്കുന്ന പോലീസ് ഉദ്യോഗസ്ഥർ, സസ്പെൻഷനും വകുപ്പ് മാറ്റവും പേടിച്ചു നീങ്ങുന്ന നിയമ സംരക്ഷണ ശക്തികൾ ഇവയൊക്കെ ഒരുമിച്ചാകുമ്പോൾ, ജനങ്ങൾക്കുള്ള നീതി പ്രതീക്ഷയുടെ അടിസ്ഥാനം തന്നെ തകർന്നടിയുന്നു. നീതി പാലിക്കേണ്ടവർ തന്നെ ഭയത്തിന്റെ ബന്ധനത്തിൽ കുടുങ്ങുമ്പോൾ, സാധാരണ ജനങ്ങളുടെ സുരക്ഷയും അവകാശങ്ങളും ആരുടെ കൈകളിലാണ് ഏൽപ്പിക്കപ്പെടുന്നത്?. പോലീസ് ഉദ്യോഗസ്ഥരുടെ വ്യക്തിഗതമായ പ്രതികാര നടപടിയായി സൃഷ്ടിക്കപ്പെടുന്ന സാധാരണക്കാർക്ക് എതിരെയുള്ള കള്ളകേസുകളും ഒട്ടും കുറവല്ല.

സ്വതന്ത്രമായി ജനത്തിന് വിശ്വാസത്തോടെ പോലീസിനെ ആശ്രയിക്കണമെങ്കിൽ പോലീസ് സംവിധാനത്തെ രാഷ്ട്രീയ സ്വാധീനങ്ങളിൽ നിന്ന് പൂർണ്ണമായി സ്വതന്ത്രമാക്കുന്ന സംസ്ഥാനം സൃഷ്ടിക്കുന്ന നടപടിയാണ് വേണ്ടത്. പോലീസ് ജനങ്ങൾക്ക് സേവനം ചെയ്യുന്ന സംവിധാനമായി നിലകൊള്ളണമെങ്കിൽ നിയമപരമായ ശക്തിയും ഭരണഘടനാപരമായ സംരക്ഷണവും അവർക്കു വേണം. സ്ഥലം മാറ്റം, സസ്പെൻഷൻ, വകുപ്പ് മാറ്റം എന്നിവ രാഷ്ട്രീയത്തിന്റെ ഇഷ്ടാനുസരണം നടത്തുന്നതല്ല, സ്വതന്ത്രമായ ഒരു പോലീസ് കമ്മീഷൻ മുഖാന്തരം മാത്രം നടപ്പിലാക്കുന്ന രീതിയാണ് ആവശ്യമായത്.

അതോടൊപ്പം, പോലീസ് സംവിധാനത്തിനുള്ളിൽ സുതാര്യമായ ഉത്തരവാദിത്തവും, ജനങ്ങളോടുള്ള വിശ്വാസബന്ധവും വളർത്തി എടുക്കണം. ജനങ്ങളോട് കർശനമായി പെരുമാറുന്ന 'ഭീതിസൃഷ്ടിച്ച് ജനത്തെ ഒതുക്കുന്നവർ' എന്ന പ്രതിച്ഛായയിൽ നിന്ന് പോലീസ് പുറത്തു വരികയും ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന സത്യസന്ധമായ പങ്കാളികൾ എന്ന നിലയിൽ മാറുകയും വേണം. പോലീസിൽ തെറ്റുകൾ ചെയ്യുന്നവരെയും ക്രിമിനൽ സ്വഭാവം പുലർത്തുന്നവരെയും സംരക്ഷിക്കാൻ ഇന്നത്തെ രീതിയിൽ നടപ്പാക്കുന്ന സ്ഥലം മാറ്റവും സസ്പെൻഷനും വെറും കാഴ്ചവഞ്ചന മാത്രമാണ്. ജനങ്ങളുടെ കണ്ണിൽ പൊടിയിടാനുള്ള ഇത്തരം നടപടി സമൂഹത്തിന് യാതൊരു പ്രയോജനവും നൽകുന്നില്ല. കുറ്റവാസനയും ക്രിമിനൽ മനോഭാവവും തെളിയിക്കപ്പെട്ട ഉദ്യോഗസ്ഥരെ പൊതുസേവനത്തിന്റെ വിശുദ്ധ വേദിയിൽ തുടർന്നിരിക്കാൻ ഒരിക്കലും അനുവദിക്കരുത്. അവർ ആ സ്ഥാനത്തിന് അയോഗ്യരാണെന്ന് തുറന്നുപറഞ്ഞ്, ആവശ്യമായിടത്ത് ഡിമോഷൻ നൽകി താഴ്ത്തണം. കുറ്റം ഗുരുതരമാണെങ്കിൽ നിയമത്തിന്റെ ശക്തമായ നടപടി സ്വീകരിച്ച് അവരെ സേവനത്തിൽ നിന്നുതന്നെ പുറത്താക്കണം. ജനങ്ങളുടെ സുരക്ഷയ്ക്കും വിശ്വാസത്തിനുമായി നിലകൊള്ളേണ്ട പോലീസിനെ കുറ്റക്കാരുടെ അഭയകേന്ദ്രമാക്കി മാറ്റാൻ അനുവദിക്കരുത്. തെറ്റുകാരെ സംരക്ഷിക്കുന്ന സംവിധാനമല്ല, നീതി ഉറപ്പാക്കുന്ന ശാസനയാണ് രാജ്യത്തിനാവശ്യമായത്.

ഭാരതത്തിലെ നീതി നിർവ്വഹണ സംവിധാനം പലതരത്തിൽ പ്രശംസിക്കപ്പെട്ടുമ്പോഴും അതിന് ഒരു മറുവശം കൂടിയുണ്ട് എന്നതാണ് യാഥാർത്ഥ്യം. കോടതികൾ പതിനായിരക്കണക്കിന് കേസുകളാൽ നിറഞ്ഞ് കവിഞ്ഞിരിക്കുന്നു. നീതി ലഭ്യമാകാൻ ഒരാൾക്കെടുക്കുന്ന വർഷങ്ങളായ കാത്തിരിപ്പും അതിനോടനുബന്ധിച്ച ചെലവുകളും നീതിയെ ഒരു വിലയുള്ള ഉൽപ്പന്നമാക്കി മാറ്റുന്നു. സമ്പന്നർക്ക് നിയമം ഒരു വിലകുറഞ്ഞ ഉൽപ്പന്നമാണ്. അവർക്ക് മികച്ച അഭിഭാഷകരെ നിയമിച്ച് കേസ് വർഷങ്ങളോളം നീട്ടാൻ കഴിയും. എന്നാൽ, പാവപ്പെട്ടവർക്ക് നീതി ഒരു ആഡംബരമാണ്. അവരുടെ പ്രതീക്ഷകളും പണവും ഒടുങ്ങുമ്പോൾ നീതിയും എത്രയും പെട്ടെന്ന് ഒടുങ്ങുന്നു.

ഇന്ത്യൻ കോടതികളിൽ ലക്ഷക്കണക്കിന് കേസുകൾ പരിഗണനയ്ക്കായി അടിഞ്ഞുകിടക്കുകയാണ്. ഒരു സാധാരണ പൗരൻ തന്റെ കേസ് കേൾക്കപ്പെടാൻ വർഷങ്ങളോളം കാത്തിരിക്കേണ്ട ദുരവസ്ഥയിലാണ്. നീതിയുടെ വാതിൽ തട്ടിയെത്തുന്നവർക്ക് പ്രതീക്ഷ നൽകേണ്ട സംവിധാനമാണ് കോടതികൾ, എന്നാൽ ഇന്നത് കാലതാമസത്തിന്റെ ഇരുണ്ട ഇടനാഴികളിൽ കുടുങ്ങിക്കിടക്കുകയാണ്. വാദം കേൾക്കുന്നതിലെ അനാവശ്യ നീണ്ടുപോക്കുകൾ ശക്തരായ പ്രതികൾക്ക് ആശ്വാസം നൽകുന്നു. കാര്യക്ഷമതയുടെ അഭാവം, നിരന്തരം നടക്കുന്ന മാറ്റിവെയ്പ്പുകൾ, ജഡ്ജിമാരുടെ ക്ഷാമം ഇവയെല്ലാം ചേർന്നാണ് ഒരു കേസിന്റെ ആയുസ്സ് അസാധാരണമായി നീളുന്നത്. അതേസമയം കുറ്റവാളിയെന്ന് കോടതി വിധിക്കും വരെ കരുതൽ തടങ്കിൽ വർഷങ്ങളോളം വയ്ക്കുന്നത് തികച്ചും അന്യായമാണ്. കോടതിക്ക് സമയമില്ല എന്നത് പ്രതി എന്ന് ആരോപിക്കപ്പെടുന്നയാളുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന നടപടിയെ ന്യായികരിക്കാൻ പ്രാപ്തമല്ല എന്നതാണ് സത്യം.

അതേസമയം ഉന്നതരായ യഥാർത്ഥ പ്രതികൾക്ക് ഈ നീണ്ട ഇടവേളകളിൽ സാക്ഷികളെ സ്വാധീനിക്കാനും തെളിവുകൾ ഇല്ലാതാക്കാനും തങ്ങളുടെ നിലയ്ക്ക് അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കാനും അവസരം ലഭിക്കുന്നു. ജുഡീഷ്യൽ അവധികൾ, ആവർത്തിച്ചുള്ള അഡ്ജേൺമെന്റുകൾ, 'ഇത് എന്റെ ജഡ്ജ്മെന്റ് അല്ല' എന്ന പേരിൽ കേസുകളുടെ മാറ്റം തുടങ്ങിയവയെല്ലാം ഇരകളുടെ മാനസിക ധൈര്യം തകർക്കുകയും നീതിയിലേക്കുള്ള അവരുടെ വിശ്വാസത്തെ ഇല്ലാതാക്കുകയും ചെയ്യുന്നു. അങ്ങനെ, നീതി ലഭിക്കണമെന്ന ആത്മവിശ്വാസത്തിന് പകരം നീതിയുടെ തന്നെ ആധികാരികത ചോദ്യം ചെയ്യപ്പെടുന്ന യാഥാർത്ഥ്യമാണ് ഇന്ന് കോടതികളുടെ ചുമരുകൾക്കുള്ളിൽ തെളിഞ്ഞുകിടക്കുന്നത്.

വാഹനം ഓടിക്കാൻ ട്രാഫിക് നിയമങ്ങൾ പഠിക്കേണ്ടത് കർശനമായ ആവശ്യകതയാണ്. ഡ്രൈവിങ് പഠിച്ചുതീർന്നാലും, ലൈസൻസ് നേടാൻ പ്രായോഗിക പരീക്ഷയ്ക്ക് വിധേയനാകേണ്ടതുണ്ട്. പക്ഷേ അതേ കടുപ്പം ഒരു നാടിന്റെ പൗരനായിരിക്കാനുള്ള പഠനത്തിൽ ഇല്ല. ഭരണഘടനയെയും പൗരാവകാശങ്ങളെയും അറിയാതെ തന്നെ ഒരു മനുഷ്യന് ജീവിക്കാം. ജനങ്ങൾക്ക് വേണ്ടി ഉണ്ടാക്കിയ നിയമങ്ങൾ തന്നെ ജനങ്ങളെ പഠിപ്പിക്കുന്നില്ല. എന്നാൽ അബദ്ധവശാൽ കുറ്റകൃത്യത്തിൽ പെട്ട് നിയമ സംവിധാനത്തിന്റെ മുന്നിൽ നിൽക്കുമ്പോൾ ഒരാൾക്ക് സ്വയം നിയമം അറിയില്ല എന്ന് പറയാനുള്ള അവകാശമില്ല. നിയമം അറിയില്ല എങ്കിലും ശിക്ഷാ വിധിയെ അത് ബാധിക്കുകയും ഇല്ല. നിയമ വിദ്യാഭ്യാസം ഒരു വിൽപനച്ചരക്കും വ്യവസായവുമാണ്. സ്കൂൾ തലത്തിൽ കിട്ടുന്നത് പൗരത്വവിദ്യയിലെ ചുരുക്കപ്പെട്ട, കടമ്പകൾ നിറഞ്ഞ കുറച്ച് പാഠങ്ങൾ മാത്രമാണ്. അതിനാൽ ഒരു പൗരൻ തന്റെ അവകാശങ്ങൾ അറിയാതെ നീതിയുടെ വാതിൽ തേടുമ്പോൾ അവൻ വിധിയുടെ ഇടനാഴികളിൽ വഴിതെറ്റുന്നു. അവന്റെ ധനസാധ്യത കെ

ട്ടുപോവുകയും ആത്മവിശ്വാസം ഇടിഞ്ഞു വീഴുകയും ചെയ്യുന്നു. അവകാശബോധമില്ലാതെ നീതി തേടുന്നവൻ കണ്ണടച്ചുപോവുന്നൊരു യാത്രക്കാരനെപ്പോലെ നിയമത്തിന്റെ ഇരുണ്ട ഇടവഴികളിൽ നിരാശയുടെ ഇരയായി മാറുന്നു.

ഇതിനെയെല്ലാം അനുമോദിക്കുന്നതാണ് ഇപ്പോഴത്തെ നിയമ വ്യവസ്ഥിതിയുടെയും അഭിഭാഷക വ്യവസായത്തിന്റെയും പല ഭാഗങ്ങളും. ജനങ്ങളിൽ ഭൂരിഭാഗത്തിനും എന്താണ് റിമാൻഡ്, അപ്പീൽ, ബെയിൽ, റിട്ട് പെറ്റീഷൻ തുടങ്ങിയ അടിസ്ഥാനപരമായ പദങ്ങൾ അർത്ഥമാക്കുന്നത് എന്ന് പോലും അറിയില്ല. നിയമം പഠിക്കാൻ അല്ലെങ്കിൽ വ്യക്തിപരമായി അഭിഭാഷകരുമായി വാദിക്കാൻ ജനങ്ങൾക്ക് ഓപ്ഷനില്ല. ഇത് നീതി എന്നത് ആവശ്യമുള്ളവന് വാങ്ങാൻ പറ്റുന്ന വസ്തുവായി മാറുന്നതിന് കാരണമായിരിക്കുന്നു.

ഈ വ്യവസ്ഥിതി മാറ്റേണ്ടത് അനിവാര്യമാണ്. സ്കൂൾ തലത്തിൽ നിന്നും തന്നെ വിദ്യാർത്ഥികളെ സുതാര്യമായി നിയമപരമായ അവകാശങ്ങളേയും ബാധ്യതകളേയും കുറിച്ച് പഠിപ്പിച്ചാൽ അവർക്ക് പിന്നീട് നീതി തേടാനും ജനാധിപത്യത്തിൽ കേവലമൂല്യത്തോടെ നിലകൊള്ളാനും കഴിയും. പൗരധർമ്മ ശാസ്ത്രത്തിൽ കേവലം ഭരണഘടനയുടെ തുടർച്ചകളോ, ദേശീയ പതാകയുടെ നിറങ്ങളോ പഠിപ്പിച്ചതുകൊണ്ട് മാത്രം കാര്യമില്ല. പകരം, BNS, CrPC, RTI, Consumer Rights, Cyber Laws തുടങ്ങിയ അടിസ്ഥാന അറിവുകൾ ഉൾപ്പെടുത്തണം. പൗരന്മാർക്ക് ഏറ്റവും ആവശ്യമാകുന്നതും ഏറ്റവും ഉപയോഗപ്രദവുമായ ശബ്ദം അവരുടേത് തന്നെയാണ്. അവരെ അതിനായി സജ്ജരാക്കാൻ വിദ്യാഭ്യാസമാണ് മുഖ്യ ആയുധം.

ഇന്ത്യൻ നിയമവ്യവസ്ഥയെ എല്ലാവർക്കുമുള്ളതാക്കാൻ, സുതാര്യവും ചെലവില്ലാത്തതുമായ നീതി ലഭ്യമാകേണ്ടതുണ്ട്. പൗരന്റെ പരമാവധി ഉപഭോക്താവ് ഭരണകൂടം ആയിരുന്നിട്ടും അവർക്ക് നീതി ലഭിക്കാൻ അവർ പണം നൽകണം എന്ന വ്യവസ്ഥിതി അത്യന്തം ക്രൂരവും മനുഷ്യത്വരഹിതവും ആണ്. അവകാശങ്ങൾ ബോധ്യപ്പെട്ട പൗരന്മാർക്ക് മാത്രമാണ് ശക്തമായ സാമൂഹിക മാറ്റങ്ങൾക്ക് വഴിവയ്ക്കാൻ കഴിയുക. നീതിയെ വാങ്ങാൻ കഴിയാതെ പോകുന്നവർക്കായി, അതിനെ തിരിച്ചുപിടിക്കാൻ വഴികൾ ഒരുക്കേണ്ടത് സർക്കാരിന്റെയും സമൂഹത്തിന്റെയും കടമയാണ്. നീതി ഒരുപക്ഷേ വൈകാമെങ്കിലും അത് ഏന്നെങ്കിലും ഒരു ദിവസം എത്തുമെന്ന പ്രതീക്ഷയുണ്ടാകും. പക്ഷേ അതിന് വേണ്ടി പൗരനെ പ്രതിനിധീകരിക്കാൻ നിയമം തന്നെ പഠിക്കേണ്ടത് അനിവാര്യമാണ്.

വിലനൽകാൻ തയ്യാറാകാതെ പിടിച്ചെടുക്കുന്ന നീതി വിപണനമല്ല. അതൊരു യുദ്ധം ആണ്. എന്നാൽ ആ യുദ്ധത്തിൽ ആയുധമില്ലാതെ ഇറങ്ങുന്നവരാണ് പാവപ്പെട്ടവരും നിയമശാസ്ത്രം പഠിക്കാതിരിക്കുന്നവരും. അതിനാൽ നിയമവിദ്യയെ

പൊതുവായ വിദ്യാഭ്യാസത്തിൽ ഉൾപ്പെടുത്തുകയെന്നത് ഒരു ഐച്ഛിക പ്രവർത്തിയല്ല, അത് നീതിയുടെ ആത്മാവിനോടുള്ള പ്രതിജ്ഞയാണ്.

ഭാരതത്തിൽ, പ്രത്യേകിച്ച് ഉന്നതപ്രാധാന്യമുള്ള ക്രിമിനൽ കേസുകളിൽ സാക്ഷിയായി മാറുന്നത് ശരിക്കും ഒരു മരണശിക്ഷയാണെന്ന് പറയുന്നത് അതിശയോക്തിയല്ല. അതുപോലെ തന്നെ, സാക്ഷികളുടെ ഭാഗത്ത് നിന്ന് സത്യസാക്ഷ്യം പ്രതീക്ഷിക്കുന്നത് കൂടെ വലിയ കാര്യമായിരിക്കുന്നത് നീതിന്യായ വ്യവസ്ഥയുടെ നിർഭാഗ്യമായ അപചയമാണ്. രാഷ്ട്രീയ, സാമ്പത്തിക പ്രതാപം ഇല്ലാത്ത സാധാരണ ആളുകൾ സാക്ഷിയായി മാറുമ്പോൾ നേരിടേണ്ടി വരുന്ന ശാരീരിക ഭീഷണിയും മാനസിക പീഡനവുമാണ് അവരുടെ ജീവിതം ഒരിക്കലും പുനരധിവസിക്കാൻ കഴിയാത്ത വിധം തകർക്കുന്നത്.

ഇതിന് അനവധി ഉദാഹരണങ്ങൾ നമ്മുടെ ചുറ്റുപാടിലുണ്ട്. സാക്ഷികൾ അപകടകാരികളായ പ്രതികൾക്ക് എതിരെ മൊഴി നൽകുന്നതിന് മുമ്പ് കാണാതാകുന്നതും, ഭീഷണി കാരണം മൊഴി മറ്റുന്നതും പതിവാണ്. 2002ലെ ഗുജറാത്ത് കലാപക്കേസുകളിലും, ജെസിക്ക ലാൽ വധക്കേസിലും, കൂടത്തായി കുഞ്ഞിക്കുട്ടൻ കേസിലും ഇതിന്റെ വ്യക്തമായ തെളിവുകൾ ഉണ്ട്. കുറ്റവാളിയോടുള്ള ഭയത്തിലായതിനാൽ സാക്ഷികൾ ഒഴിഞ്ഞു പോകുന്നുവെന്ന വാസ്തവം സമൂഹത്തിൽ നീതിയുടെ മേൽ ഉള്ള വിശ്വാസം പൂർണ്ണമായി തകർക്കുന്നു.

ജെസിക്ക ലാൽ വധക്കേസിലെ പ്രധാന സാക്ഷികളായ പലരും ആദ്യം നൽകിയ മൊഴികൾ പിന്നീട് തിരുത്തി പിൻവലിച്ചത് കാരണമാണ് പ്രതിയെ തുടക്കത്തിൽ വെറുതെ വിടേണ്ടി വന്നത്. പിന്നീട് വലിയ ജനമാധ്യമ സമ്മർദ്ദം ഉണ്ടായപ്പോൾ മാത്രമാണ് കേസ് വീണ്ടും തുറക്കുകയും പ്രതി ശിക്ഷിക്കപ്പെടുകയും ചെയ്തത്. അതേസമയം, എല്ലാ കേസുകളിലും മാധ്യമങ്ങളോ സമൂഹമനസ്സോ ഒരേ വിധത്തിൽ പ്രതികരിക്കില്ല. അതുകൊണ്ട്, ഉയർന്ന രാഷ്ട്രീയ ബന്ധമുള്ളവർക്കും അധികാരത്തെ കൈപ്പറ്റാൻ കഴിയുന്നവർക്കും നിയമവ്യവസ്ഥയെന്നത് കളിക്കാൻ കഴിയുന്ന ഒരു മൈതാനമായി ഒതുങ്ങുന്നു.

പോലീസും കോടതി സംവിധാനവും സംയുക്തമായി ഒരു വ്യക്തിയെ സംരക്ഷിക്കാൻ തക്കതായ നീതി നൽകാൻ കഴിയാത്ത സാഹചര്യത്തിൽ, യഥാർത്ഥമായ സാക്ഷ്യങ്ങൾ മൂടിവെയ്ക്കപ്പെടുകയും അതിന്റെ അനന്തരഫലമായി പ്രതികൾ മോചിതരാവുകയും ചെയ്യുന്നത് ഒരു രാജ്യത്തിന്റെ നീതിന്യായ സംവിധാനത്തിന് ഭൂഷണമല്ല. കേരളത്തിലും ഇത്തരത്തിൽ നിസ്സാരമായി കണക്കാക്കാനാകാത്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. കസ്റ്റഡി മരണം ഉൾപ്പെടെ അന്വേഷണത്തിലായിരുന്ന കേസുകളിൽ മൊഴിയെടുക്കേണ്ട നിരവധി വ്യക്തികൾ ശാരീരിക ആക്രമണത്തിനോ കുടുംബത്തിന് ഭീഷിണി നേരിടുകയോ ചെയ്തിട്ടുണ്ട്. എന്തുകൊ

ണ്ടാണ് ഇന്നും ഇന്ത്യയിൽ ഒരു ഫലപ്രദമായ സാക്ഷി സംരക്ഷണ സംവിധാന മില്ലാത്തത് എന്നത് അത്യന്തം പ്രധാനമായ ചോദ്യമാണ്.

ഏകദേശം 15 വർഷങ്ങൾക്ക് മുൻപ് പാർലമെന്റിൽ അവതരിപ്പിച്ച "Witness Prot-ection Scheme" പലഘട്ടങ്ങളിലായി രൂപീകരിക്കപ്പെട്ടെങ്കിലും അതിന്റെ പ്രാബ ല്യവും പ്രായോഗികതയും വളരെ പരിമിതമാണ്. പ്രത്യേകിച്ച്, സംസ്ഥാന തല ത്തിൽ നീതി സംവിധാനത്തിന്റെ ഔദ്യോഗികതയില്ലാത്ത ഇടപെടലുകൾ ഈ പദ്ധതി സജീവമാകാൻ തടസ്സമാകുന്നു. സാക്ഷിയെ അതീവ രഹസ്യമായ വേഷ ത്തിൽ കോടതിയിൽ കൊണ്ടുവരിക, പുതിയ ഐഡന്റിറ്റിയ്ക്കായി സഹായം ന ൽകുക, താമസം മാറ്റി നൽകുക തുടങ്ങിയവ ഏതെങ്കിലും കേസുകളിൽ മാത്രം നിയന്ത്രിതമായ രീതിയിൽ നടപ്പിലാക്കപ്പെടുന്നു.

ഇതിനാൽതന്നെ, പ്രതികൾക്കായി കാര്യക്ഷമമായ ലോബികൾ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ സാക്ഷികൾ ഭയത്താൽ പിന്നോട്ടുപോവുകയാണ് പതിവ്. ഇ ങ്ങനെ സത്യം കോടതി വരെ എത്താതിരിക്കുമ്പോൾ അതിന്റെ പിഴവ് വ്യക്തിക ൾക്ക് മാത്രമല്ല. സമൂഹത്തെയും നീതി സംവിധാനത്തെയും ബാധിക്കുന്നു. ഈ മരണം, ഭീഷണിക്കു വഴങ്ങി പിന്മാറിയ ഒരു സാക്ഷിക്ക് മാത്രമല്ല. അതുപോലെ തന്നെ നീതിക്കും ഈ രാജ്യമെന്ന വലിയ സംവിധാനത്തിനുമാണ്. സാക്ഷി കൊ ല ചെയ്യപ്പെടുമ്പോൾ ആ ശവസംസ്കാരത്തിലൂടെ പ്രകടിതമാകുന്നത് നീതിയുടെ ശവസംസ്കാരമാണ്.

സാക്ഷികളെ സംരക്ഷിക്കാൻ നിർമ്മിതമായ ശക്തമായ നിയമത്തെ അതിലും കർശനമായി പ്രാവർത്തികമാക്കാതിരിക്കാൻ ഇടയാക്കുന്ന ഏത് സർക്കാരിനും നീതി എന്ന മൂല്യത്തിന്റെ മുൻപിൽ ഉത്തരവാദിത്തം പറയേണ്ടതുണ്ട്. ഭയത്തെ അതിജയിച്ച് സത്യത്തിനായി നിൽക്കുന്നവരെ സംരക്ഷിക്കാൻ കഴിയാത്ത ഒരു രാജ്യത്തിൽ ആത്മാർത്ഥമായ നീതി എന്ന ആശയത്തിന് സാധ്യതയില്ല. നീതി പകരണമെന്നുള്ള പ്രതീക്ഷയുടെ അന്തിമകേന്ദ്രമായി കോടതികളെ നമ്മൾ കാ ണുന്നുവെങ്കിലും, യാഥാർത്ഥ്യം അതിന് ഏറെ വിപരീതമാണ്. 'കോടതികൾ ത ന്നെയും വിമർശനാതീതമല്ല്' എന്ന വാചകം ഇന്ന് അത്യന്തം പ്രസക്തമാണ്. ന മ്മുടെ നീതിന്യായവ്യവസ്ഥയുടെ അടിത്തറയിൽ തന്നെ അസമത്വം കയറി കിട ക്കുകയാണ്. നീതി ലഭിക്കേണ്ട വിധത്തിലല്ല നമുക്ക് എത്തുന്നത്. അതിന്റെ വഴി യിൽ തന്നെ ആർക്കാണ് ആ സൗഭാഗ്യം എന്നത് ഒരു സാമൂഹിക, സാമ്പത്തി ക ധനികതയോട് ചേർന്നിരിക്കുന്നു.

ഭൂരിഭാഗം ജഡ്ജിമാരും സമ്പന്നരായ ഹൈ-സൊസൈറ്റിയിലേതായ കുടുംബ ങ്ങളിലൂടെയാണ് വരുന്നത്. സാമ്പത്തികവും വിദ്യാഭ്യാസപരവുമായ സൗകര്യ ങ്ങളുള്ള പാശ്ചാത്യവത്കൃത ജീവിത പശ്ചാത്തലത്തിൽ വളർന്നവരുടെ കണ്ണില്ലൂ

ടെ കണ്ടതുപോലെയാണ് സാധാരണക്കാരന്റെ അഴിമതി, അക്രമം, നീതിനിഷേധം തുടങ്ങിയവ വിലയിരുത്തപ്പെടുന്നത്. അവരിൽ ഒട്ടുമിക്കവരും ഗ്രാമീണ ജീവിതമോ, ദാരിദ്ര്യത്തിന്റെ മുഖം കാണുന്ന സമീപനങ്ങളോ അനുഭവിച്ചിട്ടില്ല. ഇതാണ് ഉപബോധ മനസ്സിൽ വിഭാഗീയതാ ബോധം ഉണ്ടാക്കുന്നതും വിധികളിൽ അതിന്റെ അർദ്ധതലങ്ങൾ പ്രതിഫലിപ്പിക്കപ്പെടുന്നതും. ചില വിധികളിൽ പ്രതിഫലിക്കപ്പെടുന്നത് ജഡ്ജിയുടെ മുന്നിലുള്ള തെളിവുകളും വാദങ്ങളും അടിസ്ഥാനമായല്ല. മറിച്ച്, അവിടെ സാധാരണക്കാരനുപോലും സംശയം തോന്നുന്നത് ന്യായാധിപനും സ്വന്തമായി രാഷ്ട്രീയമോ താല്പര്യങ്ങളോ ഉണ്ട് എന്നതരത്തിലാണ്. ഉദാഹരണമായി പാർലമെൻററി കാര്യങ്ങളിലുള്ള കൈകടത്തൽ, വിവാഹിതരുടെ അവിഹിതങ്ങളിൽ ഉള്ള വിധികൾ. ഈസ്റ്റ് ഇന്ത്യ കമ്പനി എന്ന പ്രൈവറ്റ് സ്ഥാപനത്താൽ ആദ്യമായി ഔപചാരിക കോടതി ഇന്ത്യയിൽ സ്ഥാപിക്കപ്പെട്ടത് മുതൽ പിന്നീടങ്ങോട്ട് മദ്രാസിൽ സ്ഥാപിക്കപ്പെട്ട മേയർ കോടതിയിലൂടെ പലഘട്ടങ്ങളായി പരിഷകരിക്കപ്പെട്ട് 1774 ൽ കൽക്കത്തയിൽ സുപ്രീം കോടതി സ്ഥാപിതമായത് വരെയും ശേഷവും നിലനിന്നിരുന്ന ബ്രിട്ടീഷുകാരന്റെ ഇന്ത്യക്കാരോടുള്ള ഫ്യൂഡലിസ്റ്റ് മനോഭാവവും രീതികളും സ്വാതന്ത്ര്യത്തിനിപ്പുറവും ഇന്ത്യൻ കോടതികളും ജഡ്ജിമാരും ഇന്നും വച്ച് പുലർത്തുന്നു. സാമാന്യബോധത്തിന് നിരക്കാത്ത വിധികൾ പ്രസ്ഥാവിക്കപ്പെടുമ്പോഴും കോടതികളെ വിമർശിക്കാൻ പാടില്ല എന്നത് ഈ മനോഭാവത്തിന്റെ തെളിവാണ്.

അതിനോടൊപ്പം ചേർക്കപ്പെടുന്നത് ആണ് ഇന്ത്യയുടെ അത്യന്തം അസ്പഷ്ടമായ കൊളീജിയം സംവിധാനം എന്ന സുപ്രീം കോടതി ജഡ്ജിമാരെ നിയമിക്കുന്ന സംവിധാനം. പൂർണ്ണമായി അകത്തളവാസികളുടെയും, ഭൂരിഭാഗവും പരസ്പര പരിചയത്തിലൂടെയും തന്നിഷ്ടപ്രകാരമുള്ള തിരഞ്ഞെടുപ്പ് ചെയ്യപ്പെടുന്ന പേരുകളുടെയും മേൽ അധിഷ്ഠിതമായ ഈ സംവിധാനം ആരോടും ഉത്തരവാദിത്വം വഹിക്കേണ്ടതില്ല. എന്തുകൊണ്ട് ഒരാളെ നിയമിച്ചു? എന്തുകൊണ്ട് മറ്റൊരാളെ ഒഴിവാക്കി? പൊതുസമൂഹം ഇതിൽ ഒന്നും അറിയാറില്ല. ഭരണഘടനാപരമായി സുതാര്യത ആവശ്യമാണ് എന്ന് പലതവണ ആവശ്യപ്പെട്ടിട്ടും, കൊളീജിയം ഇതു വരെ ആഗോള നിലവാരത്തിലുള്ള സുതാര്യത വരുത്തിയിട്ടില്ല.

ഇതുവരെ ഇന്ത്യയിൽ ഒരു ജഡ്ജിയ്ക്ക് എതിരെ ശാസനാപരമായ നടപടികൾ ഉണ്ടായത് വളരെ വിരളമായിട്ടാണ്. എന്തുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്? ജഡ്ജിമാരെ മാപ്പ് പറയാത്തവരായി സ്വയം കാണുന്നതിനാൽ തന്നെ, സ്വവർഗ്ഗതലത്തിൽ ഉത്തരവാദിത്വം ഇല്ലാതാക്കപ്പെടുകയാണ്. ജഡ്ജിമാർ നിയമലംഘനം ചെയ്താലും, ധാർമ്മികത ലംഘിച്ചാലും, പലപ്പോഴും അതു നിസ്സാരമായി മാറുന്നു. ജോലി ചെയ്യുന്ന പരിസ്ഥിതിയിൽ നിന്ന് നീക്കം ചെയ്യപ്പെടുകയോ ജനങ്ങൾക്കു മുന്നിൽ ശരിയായ വിശദീകരണം നൽകുകയോ ചെയ്യുന്നില്ല.

ഇതിന്റെ ഫലമായി, ചില വിധികളിൽ നമ്മൾ കാണുന്നത് അതിസങ്കീർണ്ണമായ നിയമ തന്ത്രങ്ങൾ ഉപയോഗിച്ച് നീതി വൈകിക്കപ്പെടുന്നതും പലപ്പോഴും സമൂഹത്തിലെ ഉയർന്ന തലത്തിലുള്ളവർക്ക് അനുകൂലമായ രീതിയിൽ പ്രസ്താവിക്കപ്പെടുന്നതുമാണ്. സ്വാധീനമുള്ളവർക്കെതിരായ കേസുകൾ പലപ്പോഴും വളഞ്ഞും പുളഞ്ഞും പോകുന്ന നിയമവിശകലനങ്ങളിൽ കുടുങ്ങി വർഷങ്ങളോളം നീളുന്നു. അതേസമയം, ദാരിദ്ര്യത്തിന്റെ ഭാരത്തിൽ തളർന്നുപോകുന്ന സാധാരണക്കാർക്ക് അവരുടെ ഹർജികൾ കോടതിമുറികളിൽ കേൾക്കപ്പെടാതെ വർഷങ്ങളോളം കാത്തിരിക്കേണ്ടി വരുന്നു. അവരുടെ കഷ്ടപ്പാടിനും സമയത്തിനും നിയമവ്യവസ്ഥയ്ക്ക് മുന്നിൽ വിലയില്ലാതാകുന്നു.

നീതിയുടെ തുലാസ്സ് പാവപ്പെട്ടവന്റെ മുൻപിൽ കൂപ്പുകുത്തുമ്പോൾ, സെലിബ്രിറ്റി അഭിഭാഷകൻ ഹാജരാകുന്ന പൊതു താൽപ്പര്യ ഹർജികൾ (PIL) അടുത്ത ദിവസം തന്നെ ഫാസ്റ്റ്ട്രാക്കിൽ മുൻഗണന ലഭിച്ച് പരിഗണിക്കപ്പെടുന്നു. ഇങ്ങനെ, ഒരു വശത്ത് ജനങ്ങളുടെ വർഷങ്ങളായുള്ള കാത്തിരിപ്പ് നീണ്ടുനിൽക്കുമ്പോൾ മറുവശത്ത് അധികാരത്തിന്റെയും പ്രാധാന്യത്തിന്റെയും മുഖം കണ്ട ഉടനെ നീതിയുടെ വാതിൽ തുറക്കപ്പെടുന്നു. ഇതു തന്നെയാണ് നമ്മുടെ നീതിവ്യവസ്ഥയുടെ ഏറ്റവും വേദനാജനകമായ വിരോധാഭാസം.

കൂടുതൽ സമവായവും പൊതുതാൽപ്പര്യവും പ്രതീക്ഷിച്ചിരുന്ന പബ്ലിക് ഇന്ററസ്റ്റ് ലിറ്റിഗേഷൻ (PIL) സമ്പ്രദായം പോലും ഇന്ന് ക്രമേണ ഒരു വിശേഷാധികാരത്തിന്റെ ഉപകരണമായി മാറിക്കൊണ്ടിരിക്കുന്നു. പൊതുസമൂഹത്തിന്റെ അടിസ്ഥാന ആവശ്യങ്ങളുമായി ബന്ധപ്പെട്ട നിരവധി കേസുകൾ പോലും ഗതിയെ കാണുന്നത് മാധ്യമ ശ്രദ്ധ പിടിച്ചുപറ്റിയാലോ, TRP-ലാഭത്തിനായി ചർച്ചയാകുകയോ, അതിപ്രശസ്തരായ അഭിഭാഷകർ ഇടപെടുകയോ ചെയ്താൽ മാത്രമാണ്. സാധാരണക്കാരൻ തന്റെ ജീവിതാവശ്യങ്ങളുമായി ബന്ധപ്പെട്ട PIL സമർപ്പിച്ചാൽ അത് പലപ്പോഴും കോടതി രജിസ്റ്ററിലെ ഫയൽ മുറികളുടെ ഇരുണ്ട അലമാരകൾക്കുള്ളിൽ അടച്ചുപൂട്ടപ്പെട്ട് ഒരു മരിച്ച രേഖയായി മാറിപ്പോകുന്നതാണ് പതിവ്.

സുപ്രീം കോടതി പോലുള്ള ഉന്നതസ്ഥാപനങ്ങൾ പോലും പുറപ്പെടുവിക്കുന്ന വിധികൾ പലപ്പോഴും കർമ്മനീതിയില്ലാത്തവയാകുന്നു. കേസിന്റെ യാഥാർത്ഥ്യങ്ങളെക്കാൾ മുൻതൂക്കം നൽകുന്നത് പ്രോട്ടോക്കോളുകൾക്കും, നിയമസാങ്കേതികതകൾക്കുമാണ്. ഈ സാഹചര്യത്തിൽ നീതി, വിചാരണയുടെ നിയമപദ്ധതിയിൽ തന്നെ പരാജയപ്പെടുന്നു. സാമൂഹികമായി ശക്തമായ സാങ്കേതിക ബോധമില്ലാത്തവരിൽ കുറ്റബോധം പ്രയോഗിക്കപ്പെടുന്നു. എന്നാൽ നിയമത്തിന്റെ സമഗ്രരൂപം മനസ്സിലാക്കാൻ കഴിയുന്നവർ അതിനുള്ള വഴികളും തന്ത്രങ്ങളും കണ്ടെത്തുന്നു.

ഇന്ത്യയിലെ ജനാധിപത്യത്തിന്റെ ഭാഗമായി കോടതികൾ പ്രവർത്തിച്ചുവരുന്നു വെങ്കിലും അതിന്റെ നടുവിൽ ഉള്ള അപ്പർക്ലാസ്സിനുള്ള പ്രത്യേക അവകാശം, വൈവിധ്യത്തിന്റെ അഭാവം, സുതാര്യതയുടെ കുറവ് എന്നിവയെ പരിഷ്കരിക്കാതെ നീതി എന്ന ധാരണ സമഗ്രമായി വിജയം കാണുകയില്ല. നീതി ലഭിക്കണം എന്നത് മാത്രം പോരാ; അത് ഓരോ വ്യക്തിയിലേക്കും ഒരേപോലെ സമമായി എത്തണം. അതിന് മുമ്പായി, ന്യായവ്യവസ്ഥയെ തന്നെ തടയുന്ന പ്രത്യേക പരിഗണനയുടേയും, മേൽഗണനാത്മക ചിന്തകളുടെയും അഴുക്ക് പിടിച്ച ചങ്ങലകൾ അഴിച്ചു കളയേണ്ടത് അനിവാര്യമാണ്.

ന്യായവ്യവസ്ഥയുടെ അടിസ്ഥാന സങ്കൽപങ്ങളിൽ ഒന്നാണ് നിയമപരമായ പ്രക്രിയയുടെ പ്രാധാന്യം. കോടതി തീരുമാനിക്കേണ്ട വിധികളെ പൊതുജനത്തിന്റെ മുന്നിൽ ഒരു 'രംഗം' ആയി മാറ്റുന്ന വീക്ഷണമാണ് ഇപ്പോഴത്തെ മാധ്യമ വിചാരണ. പ്രത്യേകിച്ച് ടെലിവിഷൻ ചാനലുകൾ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ തുടങ്ങിയവ കുറ്റം തെളിയിക്കപ്പെട്ടും മുമ്പേ ആരുടെയെങ്കിലും ജീവിതം നശിപ്പിക്കുന്നതിനുള്ള കാരണങ്ങളായി മാറുകയാണ്. കുറ്റവാളിയാണോ അല്ലയോ എന്ന് തീരുമാനിക്കുന്നത് കോടതി ആകുമ്പോഴും, മുമ്പേ തന്നെ കൃത്യമായ തെളിവുകളില്ലാതെ അപകീർത്തിപ്പെടുത്തൽ, സാമൂഹികമായി തളർത്തൽ എന്നിവ മാധ്യമങ്ങൾ വഴി നടക്കുന്നു. ഇത് നീതിയുടെ ചുമതല മാധ്യമങ്ങൾ ഏറ്റെടുക്കുന്നതായി തെറ്റായ ഒരു ഭ്രമം സൃഷ്ടിക്കുന്നു.

ഒരു കുറ്റകൃത്യം റിപ്പോർട്ട് ചെയ്യുമ്പോൾ അതിന്റെ മുഴുവൻ അർത്ഥവും പശ്ചാത്തലവും മനസിലാക്കാതെ ബ്രേക്കിംഗ് ന്യൂസ് ആക്കാൻ മാത്രമുള്ള ഉദ്ദേശത്തോടെയാണ് പലരും വാർത്തകൾ പ്രസിദ്ധീകരിക്കുന്നത്. നൂതന മാധ്യമ ചാനലുകളുടെ മുന്നേറ്റം സംഭവത്തെ 'സെൻസേഷണൽ' ആക്കുകയാണ്. ഇത് തെളിവുകൾ കോടതിയിൽ അവതരിപ്പിക്കപ്പെട്ടും മുമ്പേ തന്നെ ഒരു വ്യക്തിയെ കുറ്റവാളിയാക്കുന്നു. പലപ്പോഴും പോലീസിന്റെ ആദ്യഘട്ട റിപ്പോർട്ടുകളും ചോർന്ന ചാർജ്ജ് ഷീറ്റുകളും മാധ്യമങ്ങളിൽ എത്തിക്കുകയും അതിനെ ആശ്രയിച്ചുകൊണ്ട് "ന്യായവായനകൾ" നടക്കുകയും ചെയ്യുന്നു. അവിടെ കുറ്റവാളിയല്ലാത്ത ഒരാൾ പോലും സമൂഹത്തിൽ ശിക്ഷിക്കപ്പെടുന്നു.

ഇതിന്റെ വലിയ പ്രത്യാഘാതമാണ് പൊതുജനങ്ങളുടെ മനസ്സിലുണ്ടാകുന്നത്. സമൂഹത്തിന്റെ കൂട്ടബോധം കോടതികളുടെ പ്രഭാവത്തിൽ പോലും ഇടപെടുന്നു. രാഷ്ട്രീയ നേതാക്കന്മാരോ, കോർപ്പറേറ്റ് ഭീമന്മാരോ കുറ്റക്കാർ ആയാൽ, വാർത്താ ചാനലുകൾ പ്രസ്തുത സംഭവത്തെ ഉത്തരവാദിത്വത്തോടെയോ, പക്വതയോടെയോ കൈകാര്യം ചെയ്യാറില്ല. 'ദിവസം കാത്തിരിക്കാൻ സമയമില്ല' എന്ന നിലയിലാകും അവരുടെ പ്രതികരണങ്ങൾ. കേസിലുള്ള കാര്യങ്ങൾ എല്ലാം കണ്ണാടി പോലെ പരിചിതമാണ് എന്ന പോലെയാണ് അവരുടെ പ്രതികരണം. മറുവശ

ത്ത്, തദ്ദേശീയ സമുദായത്തിൽ പെട്ട ഒരാൾ ഒരിക്കലും കുറ്റവാളിയാണെന്ന് തെളിയിക്കപ്പെടാത്തവനും, താൻ അനാവശ്യമായി കുറ്റാരോപിതനാക്കപ്പെട്ടവനും ആകാമെങ്കിലും, മാധ്യമങ്ങൾ അദ്ദേഹത്തെ അപകീർത്തിപ്പെടുത്തി കുറ്റവാളിയായി പൊതുസമൂഹത്തിൽ ചിത്രീകരിക്കുന്നു.

ഇതിൽ നിന്നാണ് 'സെലെക്റ്റീവ് നാരേറ്റീവ്' എന്ന ഭീഷണിയുടെ ഉദയം. കുറ്റാരോപിതനോ അതിജീവിതയോ ആകുന്നവരുടെ പ്രസംഗങ്ങളും, കുടുംബ പശ്ചാത്തലങ്ങളും, നേരത്തെ ഉണ്ടായ വ്യക്തിപരമായ പ്രശ്നങ്ങളും ചോർത്തിയെടുത്ത് അല്ലെങ്കിൽ കൃത്രിമമായി ചിത്രീകരിച്ച് കാണിക്കുന്നു. അഭിഭാഷകരും അന്വേഷണ ഉദ്യോഗസ്ഥരും നൽകേണ്ട മറുപടികൾ പോലും മാധ്യമങ്ങൾ നിർവഹിക്കുന്നത് പോലെ കാഴ്ചവെക്കുന്നു. ഇത് നീതിപൂർവമായ പ്രക്രിയയുടെ അടിസ്ഥാന തന്മാത്രയുടെ തന്നെ ലംഘനമാണ്.

നീതിയും നിയമവുമെന്നുള്ളത് വളരെ സങ്കീർണ്ണമായ നിരീക്ഷണങ്ങളുടെയും തെളിവുകളുടെയും സമുച്ചയത്തിലാണ് നടക്കുന്നത്. അതിന് ഘട്ടംഘട്ടമായി ചോദ്യം ചെയ്യലുകളും, സാക്ഷികളുടെ പ്രസ്താവനകളും, പോരായ്മകളുള്ള തെളിവുകളുടെ സംശോധനവും ആവശ്യമാണ്. പക്ഷേ, ഈ മുഴുവൻ പ്രക്രിയയെ അപഹാസ്യവും അമിത ലളിതവുമാക്കി, 30 മിനിറ്റ് പാനൽ ചർച്ചയിലൂടെയാണ് പല ചാനലുകളും വിധി പ്രസ്താവിക്കുന്നത്. ഇവയിൽ പങ്കെടുക്കുന്നവരിൽ കുറച്ച് പേരെ നിയമപരമായി യോഗ്യതയുള്ളവരായിരിക്കുക. മറ്റുള്ളവർ പൊതുവേ 'പോളിറ്റിക്കൽ ആനലിസ്റ്റുകൾ', 'സോഷ്യൽ ആക്റ്റിവിസ്റ്റുകൾ', അല്ലെങ്കിൽ റേറ്റിംഗിന് വേണ്ടി ഉപയോഗിക്കുന്ന സദസ്യരാകാം. അതിനുമപ്പുറം അവതാരകന്റേയും, ചാനലിന്റേയും ഉദ്ദേശ്യവും രാഷ്ട്രീയവും കൂട്ടിക്കലർത്തി ചർച്ചകൾ പൂർണ്ണ വിഷയുക്തമാക്കുന്നു. അതിനാൽ, ഈ 'മാധ്യമ കോടതി' ഒരിക്കലും നീതിയുടെയും നിയമത്തിന്റെയും യഥാർത്ഥ പ്രതിനിധിയല്ല. അതേസമയം, ഒരു കേസിന്റെ ഘടനയും സാരവും ഇല്ലാതാക്കുന്നതും വലിയ പ്രശ്നമാണ്. ചിലപ്പോൾ ആഭിമുഖ്യവത്കരണമില്ലാത്ത സാമൂഹ്യ പ്രശ്നങ്ങൾ, ജാതി-മത അധിക്ഷേപങ്ങൾ, ലിംഗപീഡനങ്ങൾ തുടങ്ങിയവ, 'ഇന്റെർവൽ റെയ്റ്റിങ്ങിൽ ചേരാത്ത' വിഷയങ്ങളായി ഒഴിവാക്കുകയോ നിസ്സാരമായി കാണുകയോ ചെയ്യുന്നു. അതുകൊണ്ടാണ് പലപ്പോഴും, ദേശീയ ശ്രദ്ധ ആവശ്യമുള്ള കേസുകൾ പോലും എവിടെയോ മറഞ്ഞുപോകുന്നത്. വ്യക്തികൾക്ക് നേരെയുള്ള വ്യക്തിഗത ആക്രമണങ്ങളാകാം മുന്നിൽ കാണപ്പെടുന്നത്. നീതിക്ക് നിരക്കാത്ത മാധ്യമ വിചാരണയെന്ന ദുഷ്പ്രവർത്തിക്ക് കടിഞ്ഞാണിടേണ്ട സമയം പാടെ അതിക്രമിച്ചിരിക്കുന്നു. ഇതിനായി വാർത്താ മാധ്യമങ്ങളുടെ സെൻസറിംഗോ അഭ്യൂഹങ്ങളും തെറ്റായ വാർത്തകളും നരേറ്റീവുകളും പ്രചരിപ്പിക്കുന്നതിന് വിലക്കേർപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. ഒരു കാലത്ത് മാധ്യമ പ്രവർത്തകരെ ജനം ബഹുമാനത്തോടെയാണ് വീക്ഷിച്ചിരുന്നത് എങ്കിൽ ഇന്ന് സമൂഹത്തിലെ പുഴക്കുത്തുകളായാണ് കാണുന്നത്.

മാധ്യമങ്ങൾക്ക് അഭിപ്രായം ഉണ്ടാകാമെങ്കിലും, അതിനെ വിധിയായി മാറ്റുന്നതു നിയമപരമായി നിന്ദനീയമാണ്. വ്യക്തിയുടെ ബുദ്ധിമുട്ടുകൾ, കുടുംബ ജീവിതം, മാനസികമായ മുറിവുകൾ എന്നിവയെ അവഗണിച്ചുകൊണ്ടാണ് ചിത്രീകരണം നടത്തുന്നത്. ആരാണ് കുറ്റവാളി എന്നത് കോടതി തീർച്ചപ്പെടുത്തുമ്പോൾ, അതു വരെ ആ വ്യക്തി കുറ്റവിമുക്തനാണ് എന്നതിന്റെ മതിപ്പ് നഷ്ടപ്പെടുത്തുന്നതാണ് ഇന്ന് നമ്മൾ കണ്ടുവരുന്നത്. നീതി എന്നത് എല്ലാവർക്കും ഒരുപോലെ ലഭ്യമാകേണ്ട അവകാശമാണ്. കുറ്റവും തെറ്റും ആരാണ് ചെയ്തതെന്നതിൽ, അവരുടെ സാമൂഹിക സ്ഥാനം, മതം, തൊഴിൽ, സ്വാധീനം തുടങ്ങിയവയെ ആശ്രയിച്ച് വ്യത്യാസം വരാൻ പാടില്ല. പുരോഹിതൻ, മാധ്യമ പ്രവർത്തകൻ, രാഷ്ട്രീയ നേതാവ്, സാധാരണ പൗരൻ – ആരായാലും കുറ്റക്കാരനാണെങ്കിൽ നിയമത്തിന്റെ മുന്നിൽ ഒരേ രീതിയിൽ ഉത്തരവാദിത്തം ഏറ്റെടുക്കണം.

മാധ്യമ സ്ഥാപനങ്ങൾക്കും അവരുടെ പ്രവർത്തകർക്കും വ്യക്തമായ ഉത്തരവാദിത്വവും നിയന്ത്രണവും വേണം. തെറ്റായ വാർത്തകൾ, ഉദ്ദേശ്യപൂർവ്വമായ ദുഷ്പ്രചാരണം, തെളിവുകളില്ലാത്ത ഊഹാപോഹങ്ങൾ ഇവ സാധാരണ ജനങ്ങളുടെ ജീവിതത്തെയും സമൂഹത്തിലെ സമാധാനത്തെയും ഗുരുതരമായി ബാധിക്കുന്നു. അതിനാൽ, ഇത്തരത്തിലുള്ള പ്രവൃത്തികൾക്ക് തടവും പിഴയും ഉൾപ്പെടുന്ന ശക്തമായ ശിക്ഷാനിർണയം ഉണ്ടായിരിക്കണം. ശിക്ഷ സ്ഥാപനത്തിനു മാത്രമല്ല, തെറ്റായ വാർത്ത പ്രചരിപ്പിച്ച വ്യക്തിഗത മാധ്യമ പ്രവർത്തകനും ബാധകമായിരിക്കണം. ഇന്ത്യയിലെ ഭരണകൂടം പലപ്പോഴും മാധ്യമ പ്രവർത്തകരുടെ കുറ്റങ്ങൾ കണ്ടതായി നടിക്കാത്തതിന്റെ പിന്നിലെ യഥാർത്ഥ കാരണം, സാധാരണ ജനങ്ങൾക്ക് മാധ്യമങ്ങളെ ആവശ്യമാണെന്നതല്ല. മറിച്ച്, രാഷ്ട്രീയ പാർട്ടികൾക്കും അധികാര കേന്ദ്രങ്ങൾക്കും മാധ്യമങ്ങളുടെ സേവനം അനിവാര്യമാണെന്ന തിരിച്ചറിവാണ്. ഇതു കൊണ്ടാണ് മാധ്യമങ്ങൾ പലപ്പോഴും 'അസ്പർശ്യർ' എന്നപോലെ നിയമത്തിൽ നിന്നും സംരക്ഷിക്കപ്പെടുന്നത്. ഈ ദുഷിച്ച സംസ്കാരം മാറ്റേണ്ടത് അനിവാര്യമാണ്.

ദുഷ്പ്രചാരണം നടത്തിയാൽ, കുറ്റക്കാരനോട് വെറും ക്ഷമാപണം ആവശ്യപ്പെടുന്നത് മതിയാകില്ല. ചാനലിന്റെ T.R.P. അനുസരിച്ച്, എത്ര ലക്ഷം പ്രേക്ഷകർക്ക് ആ വ്യാജവാർത്ത എത്തിയെന്ന കണക്കെടുപ്പ് നടത്തി, അതനുസരിച്ച് ഭീമമായ നഷ്ടപരിഹാരം ബാധകമാക്കണം. ഇത്തരം മാതൃകാപരമായ വിധികൾ കോടതികളിൽ നിന്നും ഉണ്ടാകേണ്ടത് സമൂഹത്തെ സംരക്ഷിക്കുന്നതിനായാണ്. അതിനായി വ്യക്തമായ നിയമനിർമ്മാണവും വേണം. കുറ്റം തെളിയിക്കപ്പെടുന്നതുവരെ ഒരു വ്യക്തിക്കും ആരോപിതനായ ഒരാളെ 'കുറ്റക്കാരൻ' എന്ന മുദ്ര പതിപ്പിക്കാനാവില്ല. സമൂഹം തന്നെ മാധ്യമ ട്രയലുകളുടെ അടിസ്ഥാനത്തിൽ മുൻകൂട്ടി വിധി പറയും പക്ഷം, ആ വ്യക്തിക്ക് നിയമപരമായ പ്രതിരോധാവകാശം തന്നെ നഷ്ടമാകുന്നു. ഇതോടെ നീതി തന്നെ അപഹരിക്കപ്പെടുന്നു. അതിനാൽ, മാധ്യമങ്ങ

ളുടെ കടമ മുന്നറിയിപ്പ് നൽകുന്നതുവരെ മാത്രം പരിമിതമാക്കണം. വിധി പറയാനുള്ള അവകാശം കോടതികൾക്കും നിയമത്തിനും മാത്രമാണ്.

ഇന്ത്യയിലെ നിയമവ്യവസ്ഥയെ ആഴത്തിൽ പരിശോധിക്കുമ്പോൾ, അത് പലപ്പോഴും ദാരിദ്ര്യ വിരുദ്ധമായ ഒരു യന്ത്രം പോലെ പ്രവർത്തിക്കുന്നുവെന്ന് തോന്നിപ്പോകുന്നു. നിയമത്തിന്റെ കണ്ണിൽ എല്ലാവരും ഒരുപോലെ എന്ന് ഭരണഘടന ഉറക്കെ പ്രഖ്യാപിച്ചാലും, യാഥാർത്ഥ്യത്തിൽ കുറ്റത്തിന്റെ അർത്ഥം പോലും വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലെ സംഖ്യകൾ അനുസരിച്ച് മാറുന്നുണ്ടെന്നു പറയേണ്ടിവരുന്നു. ഒരു പാവപ്പെട്ട വ്യക്തിയുടേതായ ചെറിയ ഒരു തെറ്റ് നിയമം കനത്ത കൈകൊണ്ട് ശിക്ഷിക്കുമ്പോൾ, കോടികൾ തട്ടിപ്പ് നടത്തുന്ന സമ്പന്നർ അനായാസമായി ജാമ്യത്തിൽ പുറത്തിറങ്ങി വർഷങ്ങൾ നീണ്ടുനിൽക്കുന്ന കോടതി നടപടികളിലൂടെ തടങ്കൽ ശിക്ഷ ഒഴിവാക്കുന്നു. പാവപ്പെട്ടവന്റെ കുറ്റം എല്ലായ്പ്പോഴും കുറ്റമായിരിക്കും. അളവില്ലാത്ത കള്ളക്കളികൾ നടത്തുന്ന സാമ്രാജ്യത്വവാദികൾക്കത് ഒരു 'മനപ്പൂർവ്വമല്ലാത്ത കണക്കുകൂട്ടൽ പിഴവായി' മാത്രമേ വ്യാഖ്യാനിക്കപ്പെട്ടു. ഇന്ന് ഇന്ത്യയിലെ കോടതികൾക്ക് മുൻപിൽ പ്രതികളായി നിലകൊള്ളുന്നത് കൂടുതലും ദരിദ്രരായവരാണ്. അവർക്കെതിരെ കുറ്റങ്ങൾ ഉടൻ രജിസ്റ്റർ ചെയ്യപ്പെടുകയും അറസ്റ്റുകൾ വേഗത്തിൽ നടപ്പിലാക്കപ്പെടുകയും ചെയ്യുന്നു. സാമൂഹിക പ്രതീക്ഷകളെ പ്രതികൂലമായി സ്വാധീനിക്കുന്ന നിയമപരമായ ഇടപെടലുകൾ വളരെ കുറച്ച് പേരുടെ അവകാശങ്ങൾ സംരക്ഷിക്കുകയും ബഹുജനങ്ങളുടെ ജീവിതം നശിപ്പിക്കുകയും ചെയ്യുന്നു.

അതിനേക്കാൾ മനസ്സാക്ഷിയെ വേദനിപ്പിക്കുന്നതായി കാണുന്നത്, സമ്പന്നരും അധികാരികളുമായവരുടെ കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള വ്യവസ്ഥാപിത ശൂന്യത മനോഭാവമാണ്. കോടികൾ തട്ടിപ്പ് നടത്തിയ കോർപ്പറേറ്റ് തലവന്മാരും രാഷ്ട്രീയ നേതാക്കളും ഒരിക്കലും കൈവിലങ്ങിൽപ്പെട്ട് അകത്താകാറില്ല. പല കേസുകളും വർഷങ്ങളോളം നീളുകയും സാക്ഷികൾ പിൻവലിക്കപ്പെടുകയും തെളിവുകൾ ഇല്ലാതാക്കപ്പെടുകയും ചെയ്യുന്നു. ഈ നീളുന്ന നടപടികൾ വഴിയുള്ള നീതി പുരോഗമനം ഒരു ചിന്ത മാത്രമായി ശേഷിക്കുന്നു. ഇതെല്ലാം നടക്കുമ്പോൾ, ഒരു സാധാരണ പാവം യുവാവിന് അത്തരം പ്രതീക്ഷ പോലും വച്ച് പുലർത്താനാകില്ല.

അതിനൊപ്പം, നിയമ സഹായം ലഭിക്കുന്നതിൽ ഉള്ള അസമത്വവും വലിയൊരു പ്രശ്നമാണ്. പാവപ്പെട്ട പ്രതികൾക്ക് ലഭിക്കുന്നത് വലിയ തോതിൽ അവഗണിക്കപ്പെട്ട, ശരിയായ പരിശീലനമോ ആവശ്യമുള്ള സമയമോ ലഭിക്കാത്ത പബ്ലിക് ഡിഫൻഡർമാരാണ്. സംസ്ഥാനങ്ങളിലെ നിയമ സഹായ അതോറിറ്റികൾ പലപ്പോഴും തങ്ങൾക്കുള്ള ഫണ്ടുകളില്ലെന്നും, അഭിഭാഷകർ സേവനം നൽകാൻ തയാറല്ലെന്നും അറിയിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ, പലരെയും അഭിഭാഷകരില്ലാതെ കോടതിയിൽ ഹാജരാക്കുകയും, പലപ്പോഴും അവിടെത്തന്നെ കുറ്റം സ

മ്മതിപ്പിക്കപ്പെടുകയും ചെയ്യുന്നു. പലരും നിയമം എന്നത് തങ്ങളുടെ പക്ഷത്തല്ലെ ന്ന് ആത്മാവിലൂടെയാണ് അറിയുന്നത്.

മറ്റൊരു അടിയന്തരമായ പ്രശ്നം പോലീസിന്റെ പക്ഷപാതപരമായ സമീപനമാ ണ്. പാവപ്പെട്ടവർക്കെതിരായ കേസുകൾ മിനിറ്റുകൾക്കകം രജിസ്റ്റർ ചെയ്ത് നട പടി ആരംഭിക്കുമ്പോൾ, സമ്പന്നർക്കെതിരായ കേസുകൾ പലപ്പോഴും മാസങ്ങ ളോളം വലിച്ചിഴയ്ക്കപ്പെടുന്നു. ഒരു ദളിത് യുവാവിനോ ആദിവാസി യുവതിക്കോ എ തിരായി ചെറുതായൊരു കുറ്റം ആരോപിച്ചാലും, അവരെ അടിച്ചുമർദ്ദിച്ച് കസ്റ്റഡി യിൽ എടുക്കുന്നതാണ് പതിവ് പ്രക്രിയ. എന്നാൽ സമ്പന്നനായ വ്യവസായിയെ യോ സ്വാധീനമുള്ള രാഷ്ട്രീയക്കാരനെയോ ചോദ്യം ചെയ്യുമ്പോൾ പോലീസിന്റെ ഭാഷയും ഭാവവും മാന്യനായ ഒരു സേവകന്റേതായി മാറും. ഉന്നതരുടെ തെറ്റുക ൾ തെളിഞ്ഞാലും അത്തരം കുറ്റങ്ങൾക്ക് ശിക്ഷ ഉറപ്പാകാത്തത് ഇന്ത്യൻ നിയമ വ്യവസ്ഥയുടെ ഏറ്റവും ഭയപ്പെടുത്തുന്ന യാഥാർത്ഥ്യങ്ങളിൽ ഒന്നായി മാറിക്കഴി ഞ്ഞു.

ഇത് വെറും നിയമപരമായ വിഷയമല്ല, സാമൂഹിക നീതിയുടെ അടിസ്ഥാന പ്രശ്ന മാണ്. ഒരേ കുറ്റത്തിന് ഒരേ ശിക്ഷ നൽകുക എന്നതാണ് യഥാർത്ഥ നീതിയുടെ ലക്ഷ്യം. എന്നാൽ അതിനുള്ള മാനദണ്ഡം കുറ്റത്തിന്റെ ഗുരുത്വമല്ലാതെ വ്യക്തി യുടെ സാമ്പത്തിക–സാമൂഹിക പശ്ചാത്തലമായാൽ അത് നീതിയെന്ന ആശയ ത്തെ തന്നെ അപഹസിക്കുന്നതാണ്. ഇത്തരത്തിലുള്ള പ്രവൃത്തികൾ ഭരണ ഘ ടനയുടെ ആത്മാവിനെയും മനുഷ്യാവകാശങ്ങളുടെ അടിസ്ഥാനതത്വങ്ങളെയും പൂർണ്ണമായും നിരാകരിക്കുന്ന നടപടികളായി മാറുന്നു.

അതേസമയം, ഇത്തരം വിവേചനം പൊതുമേഖലയിൽ മാത്രം മാത്രമല്ല, മാധ്യമ ങ്ങളിലും സമൂഹത്തിലും കാണപ്പെടുന്നു. പാവപ്പെട്ടവൻ കുറ്റവാളിയാണെന്ന് തെ ളിയിക്കപ്പെടാത്ത സാഹചര്യത്തിൽ തന്നെ മുൻകൂർ വിധികൾ പുറപ്പെടുവിച്ച് മാ ധ്യമങ്ങൾ വിചാരണ നടത്തുന്നു. ഇതുവഴി, കോടതിയിലേക്കും നീതിയിലേക്കും വ്യ ക്തിയുടെ പ്രത്യാശപരമായ സാധ്യത നേരത്തെ തന്നെ തടയപ്പെടുന്നു. സമ്പന്ന ർക്കെതിരായ കുറ്റങ്ങൾ ‘നവീനമായ സാമ്പത്തിക പരീക്ഷണങ്ങൾ’ എന്നോ ‘ഇ ന്ത്യൻ വ്യവസായ ത്തിന്റെ പ്രശ്നങ്ങൾ’ എന്നോ വിശകലനം ചെയ്യപ്പെടുന്നു.

ഇതൊക്കെയാണ് ഇന്ന് ഇന്ത്യയിൽ പോക്കിരിമാരെ മാന്യന്മാരാക്കി മാറ്റുന്ന നി യമ സംവിധാനത്തിന്റെ പ്രതീകം. നിയമം സമത്വം ഉറപ്പാക്കേണ്ടതായിരിക്കുന്നു എന്ന ധാരണ നിയമപുസ്തകങ്ങളുടെ ഉള്ളിൽ മാത്രം ഇരിക്കേണ്ട ഒന്നല്ല. പകരം അതിനെ പ്രതിനിധീകരിക്കുന്നവരായ പോലീസും, കോടതി സംവിധാനവുമാണ് ഫലവത്താക്കേണ്ടത്. എന്നാൽ നിലവിലെ സാഹചര്യത്തിൽ ദാരിദ്ര്യവും ജന്മ സാമൂഹിക സ്ഥിതിയും തന്നെ കുറ്റമാക്കിയ നിയമചക്രവാളത്തിലാണ് പാവങ്ങ

ൾ ചവിട്ടിനിൽക്കുന്നത് എന്നതാണ് യാഥാർത്ഥ്യം. നീതിക്ക് ഒരു മുഖം വേണമെങ്കിൽ, അത് സമത്വമായിരിക്കണം. എന്നാൽ ഇന്ത്യയുടെ നിയമ വ്യവസ്ഥ പാവപ്പെട്ടവന്റെ വേദനയും സമ്പന്നന്റെ പ്രഭാവ ശക്തിയും ഒരേ ത്രാസിൽ ഓർക്കാറില്ല. ഇതിന്റെ തീക്ഷ്ണത ഇപ്പോഴും പല കോടതി മുറികളിലും അലയടിച്ച് കൊണ്ടിരിക്കുന്നു. ഇവിടെ പ്രാഥമികമായി നിലനിൽക്കുന്ന ഏറ്റവും വലിയ കുറ്റം എന്നത് ദരിദ്രനാണ് എന്നതാണ്.

ഇന്ത്യൻ ഭരണഘടനയുടെ ആരംഭ ഭാഗം നീതി, സ്വാതന്ത്ര്യം, സമത്വം എന്നീ മൂല്യങ്ങൾ ജനങ്ങൾക്ക് ഉറപ്പുനൽകുന്നു. എന്നാൽ ഭരണഘടനയിലെ ആ വാചകങ്ങൾ ജീവിത യാഥാർത്ഥ്യത്തിൽ എവിടെയാണ് കാണപ്പെടുന്നത് എന്നതാണ് ഇന്നത്തെ ഇന്ത്യയുടെ ഏറ്റവും വലിയ ദ്വന്ദ്വം. ഭരണഘടനയുമായി ഓരോ പൗരനും മനസ്സിൽ ഉടലെടുത്ത അഭിമാനത്തിന് മറുവശത്ത് കഠിനമായ യാഥാർത്ഥ്യമുണ്ട്. നീതി ഇന്ത്യയിൽ ഒരവകാശമല്ല. മറിച്ച്, അർഹതയുള്ളവർക്ക് മാത്രം അനുവദിക്കപ്പെട്ടിരിക്കുന്ന പ്രത്യേകതയാണ്. പണമുള്ളവർക്കും സ്വാധീനമുള്ളവർക്കും മാത്രമാണ് നീതി തേടി ഒരിക്കലെങ്കിലും കോടതികളെ സമീപിക്കാൻ കഴിയുന്നത്. സാധാരണ ജനങ്ങൾക്ക് അതൊരു ആഡംബരമാണ്. അതിനേക്കാൾ കൂടുതൽ അത്യാഗ്രഹവും, ഒരു ഭ്രമവും. ഒരു കർഷകൻ മെച്ചപ്പെട്ട വിളകൾ ആഗ്രഹിക്കുന്നത് പോലെയാണ് ഭരണകൂടം ഒരു പൗരനിൽ നിന്നും പ്രതീക്ഷിക്കുന്നത്. സ്വയം മെച്ചപ്പെടുവാനുള്ള അദ്ധ്വാനവും ബുദ്ധിയും പ്രയോഗിക്കാത്ത പക്ഷം ഭരണകൂടത്തിന് പൗരനിൽ നിന്ന് ലഭിക്കുന്ന ദ്രവ്യവും മെച്ചമില്ലാതിരിക്കും ആയതുകൊണ്ട് തന്നെ ഭരണകൂടം എപ്പോഴും സമ്പന്നരോടൊപ്പം ആയിരിക്കും നിൽക്കുന്നത് എന്നത് തർക്കമില്ലാത്ത വസ്തുതയാണ്.

ഭരണഘടനയുടെ അഭിമുഖത്തിൽ കാണുന്ന 'നീതിയും, സ്വാതന്ത്ര്യവും, സമത്വവും' എന്ന പ്രമേയം താളുകൾക്കിടയിലൂടെയാണ് മുന്നോട്ട് പോകുന്നത്. എന്നാൽ അതേ ഭരണഘടന തന്നെ സംരക്ഷിക്കപ്പെടുന്നത് അദൃശ്യമായി ശക്തർക്ക് അനുകൂലമാകുന്ന രീതിയിലാണ്. അനീതികൾ ഉയർന്നിരിക്കുന്ന ഒരു രാജ്യത്തെ നീതി സംവിധാനത്തിൽ ആദ്യമായി ചോദ്യചിഹ്നമുയർത്തപ്പെടുന്നത് നിയമങ്ങളാണ്. ഒറ്റനിയമം എല്ലാവർക്കും ഒരുപോലെ ബാധകമാണെന്ന ആശയം ഇന്നത്തെ ഇന്ത്യയിൽ ഇരുകാലിൽ നിവർന്ന് നിൽക്കാൻ കഴിയാത്ത അവസ്ഥയിലാണ്. നീതി ത്രാസിന്റെ തണ്ട് തന്നെ ഭാരത്തിന്റെ ചായലിൽ വിറയുകയാണെന്നു പറയേണ്ടി വരുന്ന അവസ്ഥ.

നമ്മുടെ നിയമങ്ങൾ ആത്മാർത്ഥതയോടെ പാലിക്കാൻ ശ്രമിക്കുന്നവരുടെ മേൽ മാത്രമാണ് കർശനമായി ബാധകമാകുന്നത്. എന്നാൽ രാഷ്ട്രീയ നേതാക്കൾ, അധികാരികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ നിയമ ലംഘനങ്ങൾ, വലിയ വ്യവസായികളുടെ ക്രമക്കേടുകൾ, സ്വാധീനമുള്ളവരുടെ അഴിമതി കേസുകൾ എ

ല്ലാം നീതിയുടെ വേദികളിൽ ഒലിച്ചുപോകുന്നു. പൊതുവെ, നിയമങ്ങൾ ശക്തരു ടേതായി മാറുമ്പോൾ, അതേ നിയമങ്ങൾ സാധാരണ ജനത്തെ അടിച്ചമർത്തു ന്ന ആയുധമാകുന്നു. ഈ മനോഭാവമാണ് ഭരണഘടനയുടെ തീവ്രമായ വെല്ലുവി ളിയും അതിനെ പരിഹാസ്യവും ആക്കുന്നത്.

ഇന്ത്യൻ ന്യായവ്യവസ്ഥയിലെ പ്രശ്നങ്ങൾ അതിശയിപ്പിക്കുന്നതും അതിനേക്കാ ൾ കൂടുതൽ വിചിത്രവുമാണ്. ഒരു കേസിന്റെ വിചാരണക്കായി പതിനായിരങ്ങൾ ചിലവഴിക്കേണ്ടിവരും, വർഷങ്ങളോളം കാത്തിരിക്കേണ്ടിവരും, കാൽപ്പാടില്ലാത്ത കോടതി മുറികളിൽ നിന്ന് വിധികൾ ഉയരും വരെ ജാമ്യമില്ലാതെ കഴിയേണ്ടിവ രും. ഇതെല്ലാം കാണുമ്പോൾ നീതി ഇന്ത്യയിൽ ഒരു വൈകാരിക ആശയമായി മാത്രം മാറുന്നതാണ്. സുപ്രീം കോടതി, ദേശീയ മനുഷ്യാവകാശ കമ്മീഷനുകൾ, നിയമരൂപീകരണ ബോർഡുകൾ എല്ലാം ഏതാണ്ട് ജനങ്ങളോട് അകലം പാലി ക്കുന്ന പ്രതീകാത്മക സ്ഥാപനങ്ങളായി മാറുന്നു.

നീതിയുടെ പ്രാപ്തിക്ക് വേണ്ടിയുള്ള പോരാട്ടം പാവപ്പെട്ടവർക്കും ദളിതർക്കും പി ന്നോക്ക വിഭാഗങ്ങൾക്കും സാധ്യമായതല്ല. എന്നാൽ നീതിയുടെ അതിജീവനം സാധ്യമാകണമെങ്കിൽ അവർക്കും തന്റെ നീതിക്ക് വേണ്ടി പൊരുതാൻ സാമ്പ ത്തികവും സാമൂഹികവുമായ പ്രാപ്തി വേണം. പാവപ്പെട്ടവർക്ക് കോടതിയിലെ ഒരു സിംപിൾ അപ്പീൽ നൽകാനോ ലഭ്യമാകുന്ന അഭിഭാഷകർ സമർപ്പണ ബോധമു ള്ളവരാണ് എന്ന് ഉറപ്പിക്കുവാനോ കഴിയില്ല. പാവപ്പെട്ടവന്റെ ദൗർബല്യത്തെ പൂ ർണ്ണമായി ഉപയോഗപ്പെടുത്തുന്നവരാണ് ശക്തർ.

ഇവിടെ ജനാധിപത്യത്തിന്റെ പ്രതീകമാണ് നീതി. എന്നാൽ അതൊരു മിഥ്യാ ബോധം മാത്രം. പൗരാധികാരത്തിന്റെയും സ്വാതന്ത്ര്യത്തിന്റേയും അടിസ്ഥാന ശിലയായ നീതി വിലകൂടിയ ഉൽപ്പന്നമായിത്തീർന്നാൽ ജനാധിപത്യം വെറും പോസ്റ്ററാകുന്നു. നിയമപരമായ എല്ലാ സൗകര്യങ്ങളുമുണ്ടായിട്ടും നീതിയുണ്ടാകാ ത്ത അവസ്ഥയിൽ, ഭരണഘടനയുടെ അതെ ആകർഷക വാക്യങ്ങൾ – We the People – ജനത്തെ നോക്കി പല്ലിളിക്കുന്നു. നീതി ശരിക്കും ജനങ്ങളുടേതാണോ എ ന്ന് ആരും ചോദിക്കാറില്ല. കാരണം, അതാണ് കാര്യങ്ങളുടെ സാധാരണ സ്ഥി തി.

ഇന്ത്യൻ ഭരണഘടനയുടെ ഏറ്റവും വലിയ പ്രതിസന്ധി അതിന്റെ ആന്തരിക ധാർമ്മികത നഷ്ടപ്പെട്ടതാണ്. ഭരണഘടനയുടെ പുനർവായന അതിന്റെ ആ ത്മാവിൽ നിന്ന് പിറകോട്ടുപോകുകയാണ്. അധികാരവ്യവസ്ഥയുടെയും നിയമ ക്രമത്തിന്റെയും ശക്തികൾ ജനങ്ങളോട് മൃദുത്വം കാണിക്കാത്ത, മറിച്ച് അവരു ടെ മേൽ പറ്റിപ്പിടിച്ച് വളരുന്ന ഇത്തിൾക്കണ്ണികൾ ആയ സംവിധാനങ്ങളായാ ണ് നിലകൊള്ളുന്നത്. ഇത് വെറും നിയമപരമായ പ്രശ്നമല്ല. ആത്യന്തികമായി

ഒരു സാംസ്കാരിക പ്രതിസന്ധിയാണ്. നീതി ഒരു ശീലമാക്കാൻ കഴിഞ്ഞില്ലെങ്കിൽ അനീതി പകർച്ചവ്യാധി പോലെ പടരും. നീതികേടുകൾ സമൂഹത്തിൽ ഉടനീളം വ്യാപിക്കുകയും ജനങ്ങളിലൊരു അസ്വസ്ഥതയും അവിശ്വാസവും വളർത്തപ്പെട്ടുകയും ചെയ്യും. ഭരണഘടനയുടെ പ്രതിജ്ഞകൾ പുനർപരിശോധന ചെയ്യേണ്ടത് നിയമപരമായി മാത്രമല്ല, ആത്മപരമായി കൂടിയാണെന്ന് ഇന്നത്തെ ഇന്ത്യ ഓർക്കേണ്ടിയിരിക്കുന്നു.

നമുക്ക് ഒരു ഭരണഘടനയുണ്ട്. അതിൽ കുറേ നിയമങ്ങളുണ്ട്. പക്ഷേ നീതിയില്ല. കാരണം നീതി ഇവിടെ ഒറ്റയ്ക്ക് നടക്കില്ല. അതിന് പണം, പദവി, പുരോഗതി തുടങ്ങിയ ഘടകങ്ങൾ കൂടെ വേണം. നീതിയുടെ കണ്ണുകൾ ഇന്ന് ഉചിതരായ കാഴ്ചക്കാരെ മാത്രം തിരിച്ചറിയുകയും അവർക്ക് അനുകൂലമായി വിധികൾ പുറപ്പെടുവിക്കുകയും ചെയ്യുന്നതായി മാറിയിരിക്കുന്നു. ഇവിടെ നീതി ഇല്ല. ഉള്ളത് നിയമങ്ങൾ മാത്രമാണ്. അവയോ ശക്തരായവർക്ക് വേണ്ടി മാത്രം.

അദ്ധ്യായം–7

ഭരണഘടന

ഒരു രാഷ്ട്രത്തിന്റെ ആത്മാവ് അതിന്റെ ഭരണഘടനയിലാണ് പതിഞ്ഞിരിക്കുന്നതെന്ന് നമ്മൾ വിശ്വസിക്കുന്നു. അതുകൊണ്ടുതന്നെ ഇന്ത്യൻ ഭരണഘടനയെ പലരും 'സാമൂഹിക കരാർ' (social contract) എന്നും, 'ജനങ്ങളുടെ വിശുദ്ധ ഗ്രന്ഥം' എന്നും വിളിച്ചിരിക്കുന്നു. പക്ഷേ, ഗ്രന്ഥത്തിലെ വാക്കുകൾക്ക് ഉള്ളിൽ ഒളിഞ്ഞിരിക്കുന്നത് വെറും നിയമങ്ങൾ മാത്രമല്ല സമൂഹത്തെ നിയന്ത്രിക്കുന്ന സൂക്ഷ്മമായ തന്ത്രങ്ങളും, അധികാരം നിലനിർത്താനുള്ള രാഷ്ട്രീയ ഗണിതങ്ങളും, പലപ്പോഴും സാധാരണ പൗരന് തിരിച്ചറിയാനാകാത്ത വൈരുദ്ധ്യങ്ങളും തന്നെയാണ്. ഭരണഘടന ഒരുവശത്ത് ജനങ്ങൾ എല്ലാം തുല്യരാണ് എന്നു പ്രഖ്യാപിക്കുമ്പോൾ, മറുവശത്ത് ജനനം, ജാതി, മതം, വർഗ്ഗം തുടങ്ങിയ തിരിച്ചറിയലുകളുടെ അടിസ്ഥാനത്തിൽ അവരെ പ്രത്യേകം വിഭാഗങ്ങളാക്കി മാറ്റുന്നു. നിയമത്തിന്റെ കണ്ണിൽ എല്ലാവരും ഒരുപോലെയെന്ന ആശയം, വ്യവസ്ഥകളുടെ സൂക്ഷ്മ വായനയിൽ 'ചിലർക്ക് കൂടുതൽ അവകാശങ്ങൾ' എന്ന പ്രത്യാഖ്യാനം തന്നെ സൃഷ്ടിക്കുന്നു. ഇതോടെ, ഭരണഘടന മനുഷ്യരെ ഒറ്റ കുടുംബമായി ചേർത്തുവെയ്ക്കുന്നതിനു പകരം, 'വർഗ്ഗീകരിച്ച സമത്വം' (classified equality) എന്ന വിചിത്രമായ യാഥാർത്ഥ്യം നിർമ്മിക്കുന്നു. സാധാരണ പൗരനെ ഭരണഘടനയെക്കുറിച്ച് പഠിപ്പിക്കപ്പെടുന്നത് മഹത്തായ സിദ്ധാന്തങ്ങളായ സ്വാതന്ത്ര്യം, സമത്വം, സൗഹൃദം, നീതി, സാഹോദര്യം തുടങ്ങിയ ആശയങ്ങളാണ്. എന്നാൽ ഭൂരിഭാഗം പേർക്കും അറിയാത്തത് ഭരണഘടന തന്നെ സൃഷ്ടിച്ചിരിക്കുന്ന പ്രത്യേക അവകാശങ്ങളുടെ ഭിത്തികളാണ്. അവ സമൂഹത്തിലെ പിന്നോക്ക വിഭാഗത്തിനുള്ള കരുണാമൂലമായ കൈത്താങ്ങല്ലാതെ രാഷ്ട്രീയ പാർട്ടികൾക്ക് കൈകാര്യം ചെയ്യാവുന്ന വലിയൊരു വോട്ടുശക്തിയുടെ കരാറായിത്തീർന്നിരിക്കുന്നു.

അതുകൊണ്ട് ഭരണഘടനയെ വായിക്കുന്നത് വെറും നിയമഗ്രന്ഥം വായിക്കുന്നതു മാത്രമല്ല. അത് സാമൂഹിക സംഘർഷങ്ങളുടെയും രാഷ്ട്രീയ ഇടപാടുകളുടെയും ആത്മാവിനെ മനസ്സിലാക്കുന്നതും തന്നെയാണ്. 'സമത്വം' എന്ന വാക്ക് ഭരണഘടനയുടെ നെഞ്ചിൽ പതിഞ്ഞിരിക്കുന്നുവെങ്കിലും, പ്രായോഗികതയിലുള്ള അതിന്റെ രൂപം പലപ്പോഴും 'നിയമാനുസൃതമായ അസമത്വം' ആയി മാറുന്നതാണ് ഇന്ത്യൻ യാഥാർത്ഥ്യം.

ഭരണഘടനയുടെ ആർട്ടിക്കിൾ 15 പ്രകാരം മതം, ജാതി, ലിംഗം, ജന്മസ്ഥലം തുടങ്ങിയവയെ അടിസ്ഥാനമാക്കി വിവേചനം കാണിക്കുന്നത് നിരോധിച്ചിരിക്കുന്നു. എന്നാൽ അതിനോടൊപ്പം തന്നെ അതേ ആർട്ടിക്കിളിൽ തന്നെ 'പിന്നോക്ക വി

ഭാഗങ്ങൾക്ക് പ്രത്യേക അധികാരങ്ങൾ നൽകാനും അനുവദിക്കുന്നു. ഇതുതന്നെ യാണ് വ്യതിയാനത്തിന്റെ തുടക്കം. ആർട്ടിക്കിൾ 16 ൽ പൊതുസ്ഥാപനങ്ങളിലെ ജോലി സംബന്ധിച്ച തുല്യാവകാശത്തെക്കുറിച്ചാണ് പറയുന്നത്. പിന്നോക്ക വർ ഗ്ഗങ്ങൾക്ക് സംവരണം അനുവദിക്കാമെന്ന് അതിലും ആവർത്തിക്കപ്പെടുന്നു. അ തായത്, ഒരേ ആർട്ടിക്കിളുകൾ തന്നെ ഒരു ഭാഗത്ത് സമത്വം ഉറപ്പുവരുത്തുന്നു എന്നപോലെ തോന്നിക്കുമെങ്കിലും മറുഭാഗത്ത് വിവേചനത്തേയും നിയമം മൂലം സാധൂകരിക്കുന്നു.

ആർട്ടിക്കിൾ 19 ഇന്ത്യൻ ഭരണഘടനയിൽ പൗരന്മാർക്ക് ആറു സ്വാതന്ത്ര്യങ്ങൾ ഉറപ്പുനൽകുന്നു. അഭിപ്രായം പറയാനും പ്രസിദ്ധീകരിക്കാനും, സമാധാനപരമാ യി യോഗം ചേരാനും, സംഘടനകൾ ആരംഭിക്കാനും അതിൽ ചേരുവാനും, രാ ജ്യത്തിനകത്ത് സ്വതന്ത്രമായി സഞ്ചരിക്കാനും, ഏതെങ്കിലും സ്ഥലത്ത് താമസി ക്കുവാനും, ഇഷ്ടാനുസരണം തൊഴിൽ, വ്യാപാരം, തൊഴിൽരംഗം എന്നിവ തിര ഞ്ഞെടുക്കുവാനും ഉള്ള അവകാശങ്ങൾ ഇത് ഉറപ്പുവരുത്തുന്നു. ജനാധിപത്യത്തി ന്റെ ശ്വാസകോശം തന്നെയാണ് ഇവ. ഒരാളുടെ വ്യക്തിത്വം പൂർത്തിയാകുന്നത് അവൻ ഭയമില്ലാതെ തന്റെ ചിന്ത വെളിപ്പെടുത്തുമ്പോഴും, സമൂഹത്തിന്റെ പുരോ ഗതി അഭിപ്രായങ്ങളുടെ സംഘർഷത്തിൽ നിന്ന് ജനിക്കുമ്പോഴും ആണ്. എന്നാ ൽ അതേ ഭരണഘടന തന്നെയാണ് ഈ സ്വാതന്ത്ര്യങ്ങൾ 'പരിമിതികളോടെ മാത്രം' നിലനിൽക്കും എന്നു പ്രഖ്യാപിക്കുന്നത്. അഭിപ്രായ സ്വാതന്ത്ര്യം പലപ്പോ ഴും 'ദേശദ്രോഹം' എന്ന മുദ്രയിൽ തടഞ്ഞു നിർത്തപ്പെടുന്നു, സമാധാന യോഗ ങ്ങൾ പോലീസിന്റെ അനുമതിയുടെ ചങ്ങലയിൽ കുടുങ്ങുന്നു, സംഘടനാ സ്വാത ന്ത്ര്യം ദേശീയ സുരക്ഷയുടെ പേരിൽ അടിച്ചമർത്തപ്പെടുന്നു, സംസ്ഥാനങ്ങൾ ത മ്മിൽ കുടിയേറ്റം ചെയ്യുന്നവർ 'അന്യ സംസ്ഥാനക്കാരൻ' എന്ന് വിളിക്കപ്പെടുക യും തൊഴിൽ സ്വാതന്ത്ര്യം വിപണി–രാജ്യകൂട്ടുകെട്ടുകളുടെ പിടിയിൽ കഴിയുകയും ചെയ്യുന്നു. അതിനാൽ ഭരണഘടന നമ്മെ സ്വതന്ത്രരാക്കുന്നു എന്ന പ്രതീക്ഷ ന ൽകുമ്പോഴും ഭരണകൂടം തന്നെ ആ സ്വാതന്ത്ര്യത്തിന് മേൽ ഇരുമ്പ് വലയൊരു ക്കുന്ന വിരോധാഭാസം ജീവിതത്തിൽ നിറഞ്ഞുനിൽക്കുന്നു.

ആർട്ടിക്കിൾ 20 കുറ്റകൃത്യങ്ങളിൽ നിന്ന് സംരക്ഷണത്തിന്റെ മഹത്തായ പ്രതി ജ്ഞയാണ്. ഒരേ കുറ്റത്തിന് ഒരാളെ രണ്ടുതവണ ശിക്ഷിക്കരുത്, നിയമം നില വിൽ വരുന്നതിന് മുമ്പുള്ള പ്രവൃത്തികൾക്ക് ശിക്ഷ ചുമത്തരുത്, ഒരാളെയും മറ്റൊ രാൾക്ക് വിരുദ്ധമായി മൊഴിപ്പറയാൻ നിർബന്ധിക്കരുത് – ഈ മൂന്നു ദൃഢമായ ഉറപ്പുകളാണ് നിയമത്തിന്റെ ആത്മാവായി ഇവിടെ ഉയരുന്നത്. കുറ്റം ചെയ്തവ നെന്ന് കരുതിയാലും, മനുഷ്യന്റെ മാന്യതയും അവകാശങ്ങളും നിയമം കൈവി ടുകയില്ല എന്നത് ജനാധിപത്യത്തിന്റെ മഹത്വമാണ്. എന്നാൽ, യാഥാർത്ഥ്യത്തി ൽ ഈ പ്രതിജ്ഞകൾ പലപ്പോഴും വിരോധാഭാസമായി മാറുന്നു. അന്വേഷണ ഏജൻസികൾ ഒരേ സംഭവത്തെ വ്യത്യസ്ത വകുപ്പുകളിൽ കൂട്ടിച്ചേർത്ത് നിരന്തരം വിചാരണ നടത്തുകയും 'ഒരേ കുറ്റത്തിന് രണ്ടുതവണ ശിക്ഷിക്കരുത്' എന്ന ഉറ

പ്പിനെ പൊളിച്ചെഴുതുകയും ചെയ്യുന്നു. പുതുതായി വന്ന നിയമങ്ങൾ പഴയ സംഭവങ്ങളിൽ പ്രയോഗിച്ച് 'പിന്നോട്ടുള്ള ശിക്ഷ' നടപ്പാക്കുന്ന പതിവും നിലനിൽക്കുന്നു. പ്രതിയോട് സ്വയം കുറ്റസമ്മതം നേരിട്ട് ആവശ്യപ്പെടുന്നില്ലെങ്കിലും അന്വേഷണ സമയത്തെ മാനസികവും ശാരീരികവുമായി വരുന്ന സമ്മർദ്ദങ്ങൾ ഒരാളെ തനിക്ക് തന്നെ വിരുദ്ധമായി മൊഴിപ്പറയാൻ നിർബന്ധിതമാക്കുന്നു. അതായത് ബലമായി കുറ്റം സമ്മതിപ്പിക്കുന്നു. ഇതിലുമധികം അപകടകരമാണ് കോടതി വിധി പുറപ്പെട്ടുവിക്കുന്നതിന് മുമ്പുതന്നെ മാധ്യമങ്ങൾ ഒരാളെ കുറ്റക്കാരനായി ജനസമൂഹത്തിന്റെ മുന്നിൽ പ്രഖ്യാപിക്കുന്നത്. അത് ഈ ആർട്ടിക്കിളിന്റെ ആത്മാവിനെ കളങ്കപ്പെടുത്തുകയും നിയമ സംരക്ഷണത്തിന്റെ വിശ്വാസ്യതയെ തന്നെ ചോദ്യം ചെയ്യുകയും ചെയ്യുന്നു.

ജനങ്ങളുടെ അവകാശങ്ങൾ തിരിച്ചറിയാനായി ഇന്ത്യയുടെ ഭരണഘടന പൊതുജനങ്ങളാൽ തുറന്ന് വായിക്കപ്പെടേണ്ട ഒരു പുസ്തകമാണ്. പൊതുവെ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഭരണഘടനയെപ്പറ്റിയുള്ള അറിവ് ക്ലാസ്സ് മുറിയിൽ അദ്ധ്യാപകൻ പറഞ്ഞ വരികളിലോ പൊതുയോഗ ദിവസത്തിൽ വായിച്ച വാചകങ്ങളിലോ മാത്രമായി ഒതുങ്ങിയിരിക്കുന്നു. ഇന്ത്യൻ ഭരണഘടനയുടെ അർത്ഥം ആഴത്തിൽ വിശകലനം ചെയ്യുന്നതിൽ നിന്നും അതിലെ കപടത്വവും മുന്നോട്ടുള്ള വെല്ലുവിളികളും തിരിച്ചറിയുന്നതിൽ നിന്നും സർക്കാരുകളും രാജ്യത്തെ രാഷ്ട്രീയ പാർട്ടികളും ജനങ്ങളെ അകറ്റി നിർത്തിയിരിക്കുന്നു.

ആർട്ടിക്കിൾ 22 ഒരു പൗരൻ അറസ്റ്റ് ചെയ്യപ്പെടുകയോ തടങ്കലിൽ പാർപ്പിക്കപ്പെടുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ അദ്ദേഹത്തിന്റെ അവകാശങ്ങൾക്ക് കരുത്തുറ്റ സുരക്ഷയാണ് ഉറപ്പുനൽകുന്നത്. അറസ്റ്റിന്റെ കാരണം ഉടൻ അറിയിക്കപ്പെടണം, അഭിഭാഷകന്റെ സഹായം തേടാനുള്ള അവകാശം നൽകണം, 24 മണിക്കൂറിനകം മജിസ്ട്രേറ്റിന്റെ മുമ്പാകെ ഹാജരാക്കണം, കോടതിയുടെ അനുമതിയില്ലാതെ 24 മണിക്കൂറിന് മുകളിൽ തടങ്കലിൽ പാർപ്പിക്കരുത്. ഇതൊക്കെയാണ് ജനാധിപത്യത്തിന്റെ മാനുഷിക മുഖം പ്രതിഫലിപ്പിക്കുന്ന വാഗ്ദാനങ്ങൾ. കുറ്റക്കാരനായാലും നിയമത്തിന് മുമ്പിൽ അവൻ മനുഷ്യനാണ്. ഭരണഘടന അവന്റെ വ്യക്തി സ്വാതന്ത്ര്യത്തിന് മീതെ അന്യായമായി കൈവീശരുത് എന്ന് പ്രഖ്യാപിക്കുന്നതിന്റെ മഹത്വമാണ് ഈ വകുപ്പ്.

എന്നാൽ, ഇതേ വകുപ്പ് തന്നെ 'പ്രിവന്റീവ് ഡിറ്റൻഷൻ' എന്ന വാക്കിലൂടെ ഭരണകൂടത്തിന് ഏറ്റവും അപകടകരമായ ആയുധം കൈമാറുന്നു. കുറ്റം തെളിഞ്ഞിട്ടില്ലാത്ത ഒരാളെ 'ഭാവിയിൽ കുറ്റം ചെയ്യാം' എന്നൊരു ആശങ്ക മാത്രം ചൂണ്ടിക്കാട്ടി മാസങ്ങളോളം, ചിലപ്പോൾ വർഷങ്ങളോളം തടങ്കലിൽ പാർപ്പിക്കാനുള്ള അധികാരം ഇവിടെ ഭരണകൂടത്തിന് അനുവദിച്ചിരിക്കുന്നു. പ്രതിഷേധക്കാരും സാമൂഹിക പ്രവർത്തകരും ദേശസുരക്ഷയുടെ പേരിൽ തടങ്കലിൽ കഴിയുന്നത് പതി

വായി മാറുകയും അഭിഭാഷകനെ കാണാനുള്ള അവകാശം പലർക്കും സ്വപ്നമായി തീരുകയും ചെയ്യുന്നു. 24 മണിക്കൂറിനകം മജിസ്ട്രേറ്റിന്റെ മുമ്പാകെ ഹാജരാക്കണം എന്ന വ്യവസ്ഥ പോലീസ് തങ്ങളുടെ സൗകര്യത്തിന് അനുസരിച്ച് വളച്ചൊടിക്കുന്നു. ഇങ്ങനെ സംരക്ഷണത്തിന്റെ മുഖം ധരിച്ചുകൊണ്ട് ആർട്ടിക്കിൾ 22 തന്നെ ജനാധിപത്യത്തിന്റെ ഹൃദയത്തെ വെട്ടിമുറിക്കുന്ന ഭരണാധികാരികളുടെ കരുത്തായിത്തീരുന്നു.

ആർട്ടിക്കിൾ 27 സംസ്ഥാനത്തിന്റെ പേരിൽ ഏതെങ്കിലും മതത്തെ പ്രോത്സാഹിപ്പിക്കാൻ ഒരു പൗരനെയും നികുതി അടക്കാൻ നിർബന്ധിക്കരുത് എന്ന് പ്രഖ്യാപിക്കുന്നു. മതനിരപേക്ഷതയുടെ കരുത്തുറ്റ ഉറപ്പാണ് ഈ വകുപ്പ് നൽകുന്നത്. ജനങ്ങളുടെ നികുതി പൊതു സേവനങ്ങൾക്കും വികസനത്തിനുമാണ് വിനിയോഗിക്കേണ്ടത്. ഏതെങ്കിലും ഒരു മതത്തിന്റെ ആചാരങ്ങൾക്കും സ്ഥാപനങ്ങൾക്കും വേണ്ടി ജനതയുടെ പൊതുസമ്പത്ത് വിനിയോഗിക്കുന്നത് ഭരണഘടനയുടെ ആത്മാവിനോട് തന്നെ പ്രകടിപ്പിക്കുന്ന വിരോധമാണ്. ഓരോ പൗരന്റെയും മതവിശ്വാസം അദ്ദേഹത്തിന്റെ സ്വകാര്യ ഭൂമികയാണ്. അത് സർക്കാർ ചെലവിൽ നിർബന്ധിതമായി പോഷിപ്പിക്കപ്പെടുന്നത് മതനിരപേക്ഷ രാഷ്ട്രത്തിന്റെ ആശയത്തെ തന്നെ തകർക്കുന്നു. 'മതേതരത്വം' എന്ന വാക്കിന്റെ യഥാർത്ഥ അർത്ഥം ഇന്ത്യയിൽ പലരും പറയുന്നത് പോലെ 'എല്ലാ മതങ്ങളോടും സഹിഷ്ണുത' അല്ല. അതിന്റെ ശരിയായ അർത്ഥം ഇതാണ്: മതേതരത്വം (secularism) എന്നത് പൊതുവിഷയങ്ങളിലും ഭരണകാര്യങ്ങളിലും മതത്തെ നിരാകരിക്കുകയോ മതത്തെ അടിസ്ഥാനമാക്കാതെ പ്രവർത്തിക്കുകയോ ചെയ്യുന്ന ഒരു തത്വശാസ്ത്രമാണ്. അതായത്, രാജ്യം, നിയമം, വിദ്യാഭ്യാസം, ഭരണം തുടങ്ങിയവയിൽ മതം ഇടപെടാൻ പാടില്ല എന്ന നിലപാടാണ്. ഇന്ത്യൻ ഭരണഘടനയിലെ മതേതരത്വം പാശ്ചാത്യ രാജ്യങ്ങളിലെ നിർവചനത്തിനെ അപേക്ഷിച്ച് വ്യത്യസ്തമാണ്. ഇവിടെ സർക്കാർ എല്ലാ മതങ്ങളോടും സമദൂരം പാലിക്കുകയും, എല്ലാ മതങ്ങൾക്കും തുല്യ പരിഗണന നൽകുകയും ചെയ്യുന്നു എന്നാണ് പ്രധാനമായി അർത്ഥമാക്കുന്നത് (സത്യത്തിൽ അങ്ങിനെ അല്ല എന്നതും പ്രീണനം ആണ് നയം എന്നും നമുക്ക് അറിയാവുന്നതാണ്). പക്ഷേ യഥാർത്ഥ പദാർത്ഥപരമായ നിർവചനം 'മതം ഇടപെടാത്ത / മതരഹിതമായ ഭരണം' എന്നതാണ്.

എന്നാൽ യാഥാർത്ഥ്യത്തിൽ ആർട്ടിക്കിൾ 27 നിരന്തരം ലംഘിക്കപ്പെടുന്നു. കേരളം ഉൾപ്പടെയുള്ള പല സംസ്ഥാനങ്ങളും മദ്രസ അദ്ധ്യാപനത്തിന് സർക്കാർ ഫണ്ടുകൾ നൽകുന്നത് പതിവാണ്. അത് മതവിദ്യാഭ്യാസത്തെ പൊതുനികുതി മുഖാന്തിരം നേരിട്ട് പ്രോത്സാഹിപ്പിക്കുന്നതാണ്. ഇതിനുപരിയായി മദ്രസ അധ്യാപകർക്കുള്ള ശമ്പളം, പെൻഷൻ എന്നിവ പൊതുഖജനാവിൽ നിന്നും കൊടുത്ത് ബഹുമത ധ്രുവീകൃതമായ ഒരു സമൂഹത്തോട് സർക്കാർ വിവേചനം നടത്തിക്കൊണ്ടിരിക്കുന്നു. കമ്മ്യൂണിസ്റ്റ് ഭരണകൂടം കമ്മ്യൂണിസ്റ്റ് ആശയത്തിൽ നിന്നും

വ്യതിചലിച്ച് ബ്രദർ ഹുഡ് ആശയത്തിലേയ്ക്ക് മാറ്റപ്പെട്ടിരിക്കുന്നു എന്ന് ആഗോള തീവ്രവാദത്തിൽ സംഭവിക്കുന്ന അക്രമങ്ങളിലുള്ള അവരുടെ വിവേചനാപൂർണ്ണ മായ അപലപനങ്ങളിലൂടെയും മറ്റുമതങ്ങളോടുള്ള പ്രതികാരപൂർണ്ണമായ സമീപ നങ്ങളിലൂടെയും മനസ്സിലാക്കാവുന്നതാണ്. ഇതിനെ കേവലബുദ്ധിയുടെ അടി സ്ഥാനത്തിൽ വെറും വോട്ട് ബാങ്ക് രാഷ്ട്രീയമായി എഴുതി തള്ളുക സാധ്യമല്ല. അ തുപോലെ കേന്ദ്ര-സംസ്ഥാന സർക്കാർ ഹജ്ജ് തീർത്ഥാടനത്തിനായി വർഷ ങ്ങളോളം ജനങ്ങളുടെ നികുതി ചിലവഴിക്കപ്പെട്ടിട്ടുണ്ട്. ക്ഷേത്രങ്ങൾ, പള്ളിവളപ്പ കൾ, പള്ളികൾ, തീർത്ഥാടന കേന്ദ്രങ്ങൾ മുതലായവയ്ക്ക് ഇന്ത്യയിൽ സർക്കാർ 'പൊതുവികസനം' എന്ന പേരിൽ ധാരാളം ധനസഹായങ്ങൾ നൽകുന്നു. മതോ ത്സവങ്ങൾക്കും തീർത്ഥാടന യാത്രകൾക്കും പ്രത്യേക പദ്ധതികൾ നടപ്പിലാക്കു ന്നത് പതിവായിട്ടുണ്ട്. ഭരണകൂടം മതത്തിന്റെ പേരിൽ ജനപ്രീതി പിടിച്ചെടുക്കു മ്പോൾ ആർട്ടിക്കിൾ 27 ന്റെ ആത്മാവാണ് വിഴുങ്ങപ്പെടുന്നത്. 'മത നിരപേക്ഷ ത' പുസ്തകത്തിൽ മാത്രം നിലനിൽക്കുകയും ജനങ്ങളുടെ നികുതി പലപ്പോഴും മത പരമായ പരിപാടികളുടെ ചുമടുചുമക്കുന്ന വണ്ടിയാവുകയും ചെയ്യുന്നു. ഇങ്ങനെ, മ തത്തിന്റെ പേരിൽ പൊതുസമ്പത്ത് വിനിയോഗിക്കുന്നത് ആർട്ടിക്കിൾ 27-ന്റെ സംരക്ഷണത്തെ യാഥാർത്ഥ്യത്തിൽ ഭ്രാന്തമാക്കുന്നു.

ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 25ഉം 26ഉം മതസ്വാതന്ത്ര്യത്തെ പ്രതി പാദിക്കുന്ന അമൂല്യമായ അവകാശങ്ങളാണ്. ആർട്ടിക്കിൾ 25 പ്രകാരം, ഓരോ വ്യക്തിക്കും സ്വന്തം മതവിശ്വാസം സ്വതന്ത്രമായി സ്വീകരിക്കാനും അനുസരിക്കാ നും പ്രചരിപ്പിക്കാനും അവകാശമുണ്ട്. എന്നാൽ ഈ അവകാശങ്ങൾ പൊതുശാ ന്തി, നന്മ, ആരോഗ്യകരമായ ആചരണം തുടങ്ങിയവയ്ക്ക് വിധേയമായിരിക്കണം. ആർട്ടിക്കിൾ 26 പ്രകാരം ഓരോ മതസമൂഹത്തിനും തങ്ങളുടെ മതകാര്യങ്ങൾ സ്വതന്ത്രമായി നിയന്ത്രിക്കാനും തങ്ങളുടെതായ ധാർമ്മിക/മത സ്ഥാപനങ്ങൾ സ്ഥാപിക്കാനും അവയുടെ ആസ്തികൾ കൈവശം വെയ്ക്കാനും, നിയന്ത്രിക്കാനും അവകാശമുണ്ട്. എന്നാൽ സാമ്പത്തിക വിഭാഗവും അഡ്മിനിസ്ട്രേറ്റീവ് വിഭാഗ വും സംസ്ഥാന സർക്കാരിന് കൺകറന്റ് ലിസ്റ്റ് പ്രകാരം നിയന്ത്രിക്കാം എന്ന കൗശല നിയമം വഴി രൂപീകരിച്ച ദേവസ്വം ബോർഡ് എന്ന പേരിൽ ഉള്ള സ്ഥാ പനം മുഖേന ഒരു വിഭാഗം ജനങ്ങളുടെ ആരാധനാലയങ്ങൾ സർക്കാർ കൈ യ്യേറ്റം ചെയ്തുകൊണ്ട് ആചാരങ്ങളിലും സമ്പത്തിലും ഇടപെടുകയും പലപ്പോഴും ദു രുപയോഗം ചെയ്യുകയും ചെയ്യുന്ന പ്രവണത ഈ നിയമ ഭാഗങ്ങളുടെ ആത്മാവി നെ തന്നെ നിശീതമായി കളങ്കപ്പെടുത്തുന്നു.

എന്നാൽ മതാടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ട് രൂപം കൊണ്ട ഒരു രാജ്യത്ത് ഇപ്ര കാരം ഒരു ആർട്ടിക്കിൾ ഉണ്ടായത് എങ്ങിനെയാണ് എന്നത് സംശയത്തിന് വ ഴിവയ്ക്കുന്നു. മതഭരണകൂടം അടിസ്ഥാന വിശ്വാസമാക്കപ്പെട്ട ഇസ്ലാം മതത്തിന് വളരാനും പരിവർത്തനം നടത്തുവാനും വീണ്ടും ഹിന്ദുക്കളുടെ ചോരപ്പുഴ ഒഴുക്കുവാ

ൻ വേണ്ടിയോ അതോ 2 ശതമാനം മാത്രം ഉണ്ടായിരുന്ന ക്രിസ്ത്യൻ വിഭാഗത്തി ന് മതപരിവർത്തനം നടത്തുവാനോ? ഇവിടെ നെഹ്റു കുടുംബം ബ്രിട്ടീഷ് പാവ യായിരുന്നു എന്നും അവർ പലനേതാക്കളെയും വിലയ്ക്കെടുത്തിരുന്നു എന്നുമു ള്ള സംശയം ബലപ്പെടുന്നു. വികൃതമാക്കപ്പെട്ട രാജ്യചരിത്ര പുനഃസൃഷ്ടി കോൺ ഗ്രസ്സ് ഭരണകൂടത്തിന്റെ ഉദ്ദേശ്യശുദ്ധിയെ കരിനിഴലിൽ നിർത്തുന്നു. എപ്പോൾ അവർ വീണ്ടും മുസ്ലീങ്ങൾക്ക് അനുകൂലമായി തിരിഞ്ഞു തുടങ്ങിയോ അതാണ് സീ ക്രട്ട് സൊസൈറ്റികൾ സോണിയ ഗാന്ധിയുടെ ഇന്ത്യൻ ഭരണത്തിലേക്കുള്ള ച വടുവയ്പ്പ് നിശ്ചയിക്കുവാൻ കാരണമായത്. അതോടെ നെഹ്റു കുടുംബത്തിന്റെ കളികൾ അവസാനിക്കുകയും ഭരണത്തിന്റെയും ഇവാഞ്ചലിസത്തിന്റെയും നിയ ന്ത്രണം സോണിയ ഗാന്ധിയുടെ കൈകളിൽ എത്തുകയും ചെയ്തു. ഇന്ത്യയിൽ മ തേതരത്വം എന്നത് വിവരദോഷികളായ ഹിന്ദുക്കളെ പരിവർത്തനം ചെയ്യാനു ള്ള ഒരു ലൈസൻസ് മാത്രമാണെന്നതിൽ കവിഞ്ഞ് പ്രാധാന്യം അർഹിക്കുന്നി ല്ല. അതേകാരണം തന്നെയാണ് സമത്വം ഭരണഘടന വിഭാവനം ചെയ്യുമ്പോഴും മതവും ജാതിയും രാജ്യത്ത് പ്രധാനമാവുന്നത്. അവരെ സംബന്ധിച്ചിടത്തോളം ഹിന്ദു ഏകീകരണം എന്നത് ഒരിക്കലും സാദ്ധ്യമാവാൻ പാടില്ലാത്തതാണ്

ആർട്ടിക്കിൾ 28 സംസ്ഥാന നിധികളാൽ നിയന്ത്രിക്കപ്പെടുന്ന വിദ്യാഭ്യാസ സ്ഥാ പനങ്ങളിൽ മതപാഠങ്ങൾ നൽകുന്നത് നിരോധിക്കുന്നു. പൊതുവിദ്യാഭ്യാസം മത നിരപേക്ഷമായിരിക്കണം. മതപരമായ നിർബന്ധം കുട്ടികളുടെ സ്വാതന്ത്ര്യത്തെ ബാധിക്കരുത് എന്ന നിലപാടാണ് ഭരണഘടന ഇവിടെ സ്വീകരിക്കുന്നത്. വിദ്യാ ലയം ജ്ഞാനത്തിന്റെ ആലയമാണ്, മതബോധനത്തിന്റെ കേന്ദ്രമല്ല. എല്ലാ മത വിശ്വാസങ്ങളെയും തുല്യമായി ആദരിക്കുന്ന സമൂഹം നിർമ്മിക്കാൻ വേണ്ടിയാണ് ഈ സംരക്ഷണം. എന്നാൽ, ആർട്ടിക്കിൾ 28 ലും കടുത്ത വിരോധാഭാസം നില നിൽക്കുന്നു. സർക്കാർ സഹായം ലഭിക്കുന്ന പല വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സൂക്ഷ്മമായോ തുറന്നോ മതപഠനങ്ങൾ നടപ്പിലാക്കപ്പെടുന്നു. ദേശീയ-സാംസ്കാ രിക വിദ്യാഭ്യാസത്തിന്റെ പേരിൽ മതഗ്രന്ഥങ്ങൾ പഠിപ്പിക്കുന്നതിനുള്ള ശ്രമങ്ങ ൾ നടക്കുന്നു. വിദ്യാലയങ്ങളിൽ മതചിഹ്നങ്ങൾ ഉയർത്തപ്പെടുകയും പ്രാർത്ഥന കൾ നിർബന്ധിതമാവുകയും ചെയ്യുന്ന സംഭവങ്ങൾ ആർട്ടിക്കിൾ 28 നൽകിയി രിക്കുന്ന അവകാശങ്ങൾ കാറ്റിൽ പറത്തുന്നു. മതം രാഷ്ട്രീയത്തിന്റെയും ഭരണ ത്തിന്റെയും ചുമലിൽ കയറി വിദ്യാലയങ്ങൾക്ക് ഉള്ളിൽ കാൽ വെയ്ക്കുമ്പോൾ, ഭരണഘടന പ്രഖ്യാപിച്ച മതനിരപേക്ഷ വിദ്യാഭ്യാസം വെറും സ്വപ്നമായിത്തീരു ന്നു.

എന്നാണോ പൗരൻ കാര്യഗൗരവത്തോടെ ഭരണഘടനയിലേക്ക് തന്റെ കാഴ്ച പ്പാട് തിരിക്കുന്നത്. അന്ന് അവൻ അതിലെ അടിയന്തരമായ മോഹവഞ്ചനക ളെ തിരിച്ചറിയാൻ തുടങ്ങും. ഈ തിരിച്ചറിവ്, വെറും നിയമപാഠങ്ങൾക്കുമപ്പുറം ക ടക്കുകയും ഭരണഘടനയിലെ വിശ്വാസമെന്ന വ്യാജ മൂടുപടത്തെ കീറിവലിച്ചെറി

യുകയും ചെയ്യും. ഇന്ത്യയിലെ ഭരണഘടന ഒരു പ്രബുദ്ധമായ ജനതയുടെ അച്ചടക്കപൂർവമായ പ്രതിനിധി ആയിരിക്കണം. പക്ഷേ ഇപ്പോഴത് രാഷ്ട്രീയ ഒത്തുകളികൾക്കുള്ള നിയമിത രേഖയായിത്തീർന്നിരിക്കുന്നു. ജനങ്ങൾക്ക് ഈ വസ്തുത തുറന്ന് കാണണമെങ്കിൽ അവർ സ്വയം ഭരണഘടന വായിക്കണം. അതിലെ ഇരട്ടമുഖങ്ങൾ തിരിച്ചറിയണം. സ്വന്തം അവകാശങ്ങൾ ഏതൊക്കെയെന്ന് മാത്രമല്ല, അവ എങ്ങനെ കവർച്ച ചെയ്യപ്പെടുന്നുവെന്നതും മനസ്സിലാക്കണം. ഭാവിയിലെ ജനാധിപത്യവും സാമൂഹിക നീതിയും പൗരന്റെ ചിന്താശക്തിയിലും ജാഗ്രതയിലുമാണ് ഒതുങ്ങിയിരിക്കുന്നത്.

ഭരണഘടനയെ പൊതുജനങ്ങൾക്ക് വേണ്ടി രൂപപ്പെടുത്തിയിരിക്കുന്നതിനാൽ അതിന്റെ ഭാഷ ജനബോധത്തിൽ ഊന്നിയിരിക്കണം എന്നത് ഒരു തരത്തിൽ നൈതികമായ പ്രതിബദ്ധതയാണ്. പക്ഷേ, ഇന്ത്യയിലെ ഭരണഘടന അവലോകനം ചെയ്യുമ്പോൾ തിരിച്ചറിയുന്നത് അതിന്റെ ഭാഷ, ഘടന, നിയമ പരിഭാഷ എന്നിവ സാധാരണ പൗരന് അറിഞ്ഞ് വായിക്കാൻ പോലും കഴിയാത്ത വിധത്തിലാണ് എന്നാണ്. ഇതൊരു യാദൃശ്ചികമായ ഭ്രമം അല്ല. മറിച്ച്, നിയമജ്ഞന്മാരായ വിദ്യാസമ്പന്നർക്കായി രൂപപ്പെട്ടിരിക്കുന്ന അതിസങ്കീർണ്ണമായ ഭാഷാപാരമ്പര്യമാണ്. ഇത് പൗരാവകാശങ്ങളെക്കുറിച്ചുള്ള അവബോധം കുറഞ്ഞവരെ അതിന്റെ സ്വതന്ത്ര വായനയിൽ നിന്ന് അകറ്റുകയും നിയമപരമായി അർഹതയുള്ളവരെ മാത്രം ഭരണഘടനയുടെ വ്യാഖ്യാതാക്കളാക്കി മാറ്റുകയും ചെയ്യുന്നു.

ഭരണഘടനയിലെ ശ്രേണി അടിസ്ഥാനമാക്കിയുള്ള ഭാഷ ഉപയോഗം പാവപ്പെട്ടവർക്കും വിദ്യാഭ്യാസം കുറഞ്ഞവർക്കും ഭരണഘടനയുടെ ഉള്ളടക്കം മനസ്സിലാക്കാൻ വലിയ തടസ്സമാണ്. വ്യത്യസ്ത വകുപ്പുകൾ ഛേദങ്ങളും അനുഛേദങ്ങളും കലാപരമായി ആസൂത്രണം ചെയ്യപ്പെട്ടിരിക്കുന്നതും ഉപവ്യാഖ്യാനങ്ങളാൽ നിർഭരിതമായിരിക്കുന്നതും സാധാരണ പൗരൻ മറിച്ച് നോക്കുമ്പോൾ തന്നെ മനസ്സിലാക്കാൻ കഴിയാത്തതായി തീർത്തിരിക്കുന്നു. നിയമപരമായ പദങ്ങൾ പോലും അറിയാത്ത സാധാരണക്കാരന് എങ്ങിനെയാണ് ഔന്നിത്യമായ ഭാഷയിലുള്ള ഭരണഘടനയുടെ അന്തസത്ത മനസ്സിലാക്കാൻ കഴിയുന്നത്?. ഇപ്രകാരം ഒരു ഭാഷ രീതിയിൽ ഭരണഘടനയെ രൂപപ്പെടുത്തുമ്പോൾ അതിന്റെ ആദ്യത്തെ ഇരകളാകുന്നത് രാജ്യത്തിന്റെ പിറകുവശത്ത് ജീവിക്കുന്ന പാവപ്പെട്ടവർ തന്നെ ആകുന്നു. അവരുടെ വിദ്യാഭ്യാസം, സാമൂഹിക പശ്ചാത്തലം, ഭാഷ അഭ്യാസം ഇവയൊക്കെ ഭരണഘടനയെക്കുറിച്ചുള്ള അവബോധം ഏറ്റെടുക്കാൻ ആകാത്തവയായി മാറ്റുന്നു. ഈ അപരിചിതത്വം സ്വാഭാവികമായി അവരെ രാഷ്ട്രീയ-നിയമ അജ്ഞതയിലേക്കാണ് തള്ളിക്കളയുന്നത്. പൗരാവകാശങ്ങളെപ്പറ്റിയുള്ള അവബോധം ഇല്ലാതായാൽ, ആ അവകാശങ്ങൾ ലംഘിക്കപ്പെടുമ്പോഴും അവർക്ക് പ്രതികരിക്കാൻ സാധിക്കില്ല. അതുകൊണ്ടാണ് ഭരണഘടന പഠിക്കുന്നത് തന്നെ

ഒരു വിപ്ലവാത്മക പ്രവർത്തിയായി പരിഗണിക്കണം എന്ന് ഇവിടെ അടിവരയിട്ട് പറയുന്നത്.

ഇതിനെ പിന്തുണയ്ക്കുന്ന ഏറ്റവും അപകടകരമായ ഘടകമാണ് – 'നിയമാത്മക അരിസ്റ്റോക്രസി' എന്ന പുതിയ വർഗ്ഗം. ഭരണഘടനയുടെ ഭാഷയെ മാത്രം മനസ്സിലാക്കാൻ കഴിയുന്ന നിയമജ്ഞർ, അഭിഭാഷകർ, ജഡ്ജിമാർ എന്നിവരാണ് ഈ വർഗ്ഗത്തിന്റെ അധിപതികൾ. ഇവർ നിയമത്തെ തങ്ങൾക്കിഷ്ടമായ രീതിയിൽ വ്യാഖ്യാനിക്കാനാണ് അവസരം ഉപയോഗിക്കുന്നത്. പൊതുജനങ്ങളിലെല്ലാം രാജ്യത്തുള്ള നിയമത്തെ മനസ്സിലാക്കാൻ കഴിയാതെ ആന്തരികമായി ഭയം ഉണ്ടാകുന്നു. അങ്ങനെ നിയമം പൊതുജനങ്ങൾക്കായി എഴുതിയതാണ് എന്നൊരു ഭ്രമം മാത്രം ശേഷിക്കുന്നു. പക്ഷേ, ആ ഭ്രമത്തിന് പിന്നിൽ പ്രവർത്തിക്കുന്നത് ജുഡീഷ്യൽ അധികാരമാണ് – നിയമം പോലും നിയമമല്ലെന്ന് പ്രഖ്യാപിക്കാനുള്ള ശക്തിയും ജഡ്ജിമാർക്ക് കൈവശമുണ്ട്.

ഈ രീതിയിൽ, ഭരണഘടനയിലെ അനവധി ഭേദഗതികളും വ്യാഖ്യാനങ്ങളും മൂലം അതിലെ അനേകം രക്ഷപ്പെടാനുള്ള പഴുതുകൾ ഒഴിവാക്കാനാകാതെ വരുന്നു. ക്രമീകരിച്ച മാർഗ്ഗങ്ങളിലൂടെയായാലും വാക്കുകളുടെ സങ്കീർണ്ണമായ ബന്ധങ്ങളിലൂടെയാണ് നിരവധി പാളിച്ചകളും സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഉദാഹരണത്തിന്, 'subject to', 'not withstanding', 'provided that', 'as may be prescribed' തുടങ്ങിയ വ്യാകരണ സൂചനകൾ സാധാരണ വായനക്കാരന്റെ ചിന്താഗതിയെ അലസിപ്പിക്കുന്നു. ഇതെല്ലാം കാരണം, ഭരണഘടനയിൽ ഏറ്റവും പ്രധാനപ്പെട്ട സംവേദനമായ അവകാശങ്ങളുടെ പ്രഖ്യാപനം ഭൂരിഭാഗം പൗരന്മാരുടെയും അവബോധത്തിന് പുറത്തായിത്തീരുന്നു. ഇതെല്ലാം ചേർത്ത് കണക്കാക്കുമ്പോൾ, ഭരണഘടന ജനത്തെ സംബന്ധിച്ചിടത്തോളം ഒരു സുപ്രധാനവും അത്യാവശ്യമായി മനസ്സിലാക്കേണ്ടതുമായ പുസ്തകമാണ് എന്ന് അംഗീകരിക്കേണ്ടതുണ്ട്. പക്ഷേ, അതിന്റെ ഭാഷ, ഘടന, ഉപവ്യാഖ്യാനം എന്നിവയെ കുറിച്ച് ചിന്തിച്ചാൽ ഭരണഘടനയെ പഠിക്കുന്നത് ജനങ്ങൾക്ക് മേൽ കൃത്യമായി അടിച്ചമർത്തുന്ന വിദ്യാഭ്യാസ ഭേദഗതി മാത്രമല്ല. മറിച്ച്, ഒരു രാഷ്ട്രീയ പുനർജനിയും അതിന്റെ ചുവടുപിടിച്ചുള്ള പ്രക്ഷോഭവും ആകുന്നു. ഭരണഘടനയിലേക്കുള്ള ഈ തിരിച്ചുവരവ് തന്നെ ശക്തമായ സാമൂഹ്യ വിമോചനത്തിന് വഴിയൊരുക്കും. അതിനാൽ തന്നെ രാജ്യത്തെ നിയമവും ഭരണഘടനയും വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തി വിദ്യാർത്ഥികളെ ചെറുപ്രായത്തിൽ തന്നെ അഭ്യസിപ്പിച്ച് തുടങ്ങണം. അതിനായി ഒരു വിപ്ലവാത്മകമായ മുന്നേറ്റം ആവശ്യമാണ്.

ഇന്ത്യൻ ജനത ഭരണഘടനയെ തങ്ങൾക്കുള്ള ആയുധമായി തിരിച്ചറിയേണ്ട കാലഘട്ടം അതിക്രമിച്ചിരിക്കുന്നു. ചൂഷണങ്ങൾക്ക് വിരാമം ആകേണ്ടിയിരിക്കുന്നു. ഭരണഘടനാ ഭാഷയുടെ മുകളിലേക്കുള്ള കടന്നുകയറ്റം ഒരു വിഭാഗം താത്വികമാ

യി നിയന്ത്രിക്കാൻ ശ്രമിച്ചുവെങ്കിലും അതിന്റെ ഉള്ളടക്കം എല്ലാ പൗരന്മാർക്കും സ്വന്തമാണെന്ന് തിരിച്ചറിഞ്ഞാൽ അതേ നിയമജ്ഞ വ്യവസ്ഥയും തകർക്കുവാൻ സാധിക്കും. ഭരണഘടന പഠിക്കുക എന്നത് മാത്രമല്ല, അതിനെ പൊതുബോധത്തിൽ കൊണ്ടുവരികയും രാഷ്ട്രീയ അട്ടുക്കളയുടെ അടിത്തറ തകർക്കുകയും ചെയ്യുക എന്നതാണ് ഈ കാലഘട്ടത്തിൽ ഏറ്റവും അനിവാര്യമായതും അടിസ്ഥാനപരവുമായ പ്രവർത്തി.

ഭരണഘടനയെ പൊതുവായനയുടെ ഭാഗമാക്കാൻ ഈ വാക്കുകൾ പ്രേരണയായിരിക്കട്ടെ. ന്യൂനപക്ഷം മാത്രം മനസ്സിലാക്കുന്ന ഭാഷയിൽ തയാറാക്കിയതിനാൽ ഭൂരിപക്ഷം ജനങ്ങൾ അതിൽ നിന്നും അകറ്റപ്പെട്ടിരിക്കുന്നു. ഈ അകലം കുറയ്ക്കുന്ന ഓരോ ശ്രമവും – ഒരു വാക്ക് മനസ്സിലാക്കുന്നത് മുതൽ ഒരു മുഴുവൻ വകുപ്പം ആഴത്തിൽ വായിക്കുക വരെ – അതൊരു പ്രക്ഷോഭമാണ്. അത് നമ്മുടെ അവകാശങ്ങളെ തിരിച്ചുപിടിക്കുന്ന യുദ്ധത്തിന്റെ ഭാഗമാണ്.

സ്വതന്ത്ര ഇന്ത്യയുടെ ഭരണഘടന, ആർട്ടിക്കിൾ 17 മുഖേന അസ്പർശതയെ ഭരണഘടനാപരമായി നിരോധിച്ചെങ്കിലും, അതേ ഭരണഘടനയിലൂടെയാണ് ജാതി എന്ന സാമൂഹികവ്യവസ്ഥ വൈകല്യത്തെ നിയമപരമായി ഉറപ്പുവരുത്തുകയും ദൈർഘ്യവത്കരിക്കുകയും ചെയ്തത്. Scheduled Castes (SC), Scheduled Tribes (ST), Other Backward Classes (OBC) എന്നീ വർഗ്ഗീയ തിരിച്ചറിയലുകളിലൂടെ, ഭരണഘടന നമ്മുടെ സമൂഹത്തിലെ ജാതികൾ ഇല്ലാതാക്കുക എന്നതിനു പകരം അതിനെ നിയമപരമായി അംഗീകരിക്കുകയും കൂടുതൽ ഉറച്ച് നിലനിൽക്കാൻ ഇടവരുത്തുകയും ചെയ്തു. കല്പിതമായ സമത്വം ഉറപ്പാക്കാൻ തുടങ്ങിയ സംവേദനാത്മക നടപടികൾ, ഉദ്ദേശിച്ച സാമൂഹിക മോചനം നേടാതിരുന്നതിനൊപ്പം രാഷ്ട്രീയവും സാമൂഹികവുമായ അനാവശ്യമായ മസ്തിഷ്ക വിഘടനങ്ങൾക്കും കാരണമായി. സാമൂഹികമായി ഇപ്രകാരം ജാതിയിൽ അധിഷ്ഠിതമായ നിയമ വ്യവസ്ഥ മാനസികമായും വലിയ തിരിച്ചടിയാകുന്നു. ഓരോ കുട്ടിയുടെയും മനസ്സിൽ വിദ്യാലയത്തിൽ ആദ്യമായി 'നിന്റെ ജാതി എന്താണ്?' എന്ന് ചോദിച്ചു കൊണ്ടുള്ള രജിസ്ട്രേഷൻ പ്രക്രിയ, അവനിലോ അവളിലോ ജാതി പരിചയം നിർബന്ധമാക്കുന്നു. ഈ തിരിച്ചറിവ് കാലക്രമേണ മനസ്സിൽ ജാതി മനോഭാവത്തിന് ഉണർവ്വ് നൽകുന്നു. ഇത് സമൂഹം വളരുമ്പോൾ വ്യക്തികൾക്ക് ഒരു കൂട്ടത്തിൽ ചേരുന്ന മനോഭാവം നൽകുന്നു. ഈ കൂട്ടമായ മാനസികത, വ്യത്യസ്ത ജാതികളിൽ ഉള്ള വിശ്വാസക്കുറവും ദൂരഭാവവുമാണ് വളർത്തുന്നത്. ഭരണഘടന ജാതി എന്ന ആശയം ഇല്ലാതാക്കുമെന്ന് പ്രഖ്യാപിച്ചിട്ടും ആർട്ടിക്കിൾ 15, ആർട്ടിക്കിൾ 16, ആർട്ടിക്കിൾ 46 എന്നിവ മുഖേനയും കല്പനകളിലൂടെയും ജാതിയെ അധികാരമാർന്ന സംവിധാനം ആക്കി മാറ്റിക്കൊണ്ടിരിക്കുന്നു. ഒരു സമൂഹത്തെ മുന്നോട്ടു നയിക്കേണ്ട ഭരണഘടന, പിന്നോട്ടുപോയ സാമൂഹിക ഘടനയെ തന്നെ പുനർഘടിപ്പിക്കു

കയായിരുന്നു ചെയ്തതെന്ന് ഇക്കാര്യത്തിൽ നിരവധിപ്പേരുടെ നിരീക്ഷണങ്ങളു ണ്ട്.

ആദ്യദൃഷ്ടിയിൽ സംവേദനാത്മക നീതിയാണ് ജാതി അധിഷ്ഠിത സംവരണങ്ങ ൾക്കു പിന്നിലുള്ളത്. നൂറ് വർഷങ്ങളിലേറെയായി സാമൂഹികമായി അവഗണിക്ക പ്പെട്ട വിഭാഗങ്ങൾ, വിദ്യാഭ്യാസം, തൊഴിൽ, ഭരണ നിലവാരത്തിൽ മുൻതൂക്കം നേടണമെന്ന് ഭരണഘടനാ രചയിതാക്കൾ ആഗ്രഹിച്ചു. പക്ഷേ, ഈ സംവരണ ങ്ങൾക്ക് നിയമപരമായി ജാതി നിർണയമായതിനാൽ ഇന്ത്യൻ സമൂഹത്തിൽ ജാതി പരിചയത്തെ ഒരു നിയമ പ്രാധാന്യത്തോടെ പുതുക്കിച്ചേർത്തുപിടിച്ചു. സാ മ്പത്തികാവസ്ഥയിൽ പിന്നോക്കം നിൽക്കുന്നവർക്ക് ഉയർന്നുവരാനുള്ള അവ സരം നൽകുക എന്ന ആശയത്തെ പാടെ അവഗണിച്ച് നടപ്പിലാക്കിയ ഈ പ ദ്ധതികൾക്ക് പിന്നിൽ ഗൂഢമായ രാഷ്ട്രീയ ലക്ഷ്യങ്ങൾ നിലനിന്നിരുന്നു എന്ന് വേ ണം കരുതാൻ. ഒരു വ്യക്തിയുടെ ശാസ്ത്രീയമായ കഴിവുകളെയോ അല്ലെങ്കിൽ വ്യക്തിത്വത്തെയോ അടിസ്ഥാനമാക്കാതെ, ജന്മത്തിൽ നിന്നുള്ള ജാതി ചിഹ്ന ത്തെ അടിസ്ഥാനമാക്കിയുള്ള ഭരണപദ്ധതികൾ, സമൂഹത്തിലെ യഥാർത്ഥ മു ന്നേറ്റത്തിനേയ്ക്ക് പ്രതിസന്ധിയാകുകയായിരുന്നു.

ആർട്ടിക്കിൾ 51A (a-j) പൗരന്മാർക്ക് ഭരണഘടനയും രാജ്യവും സമൂഹവും സംര ക്ഷിക്കാൻ നൽകുന്ന നീതിപൂർണ്ണ ചുമതലകളുടെ ഒരു പരമ്പര ആണ്. ഈ വകുപ്പ് പൗരന്റെ അവകാശങ്ങൾക്ക് പുറമേ അവൻ ഏറ്റെടുക്കേണ്ട നീതിപൂർണ്ണ ഉത്തര വാദിത്തങ്ങൾ വ്യക്തമാക്കുന്നു. ഭരണഘടനയെ ആദരിക്കുക, ദേശീയ പതാക യുടെ മഹത്വം ബോധ്യപ്പെടുത്തുക, രാജ്യത്തിന്റെ ആചാരങ്ങളും സാംസ്കാരിക പൈതൃകവും സംരക്ഷിക്കുക, പരിസ്ഥിതി സംരക്ഷണത്തിൽ പങ്കുചേരുക, ജാതി, മത, ഭാഷ, ലിംഗ വ്യത്യാസങ്ങൾക്ക് അതീതമായി സഹിഷ്ണുത പാലിക്കുക, രാജ്യ ത്തിന്റെ പരിരക്ഷയ്ക്ക് തയ്യാറാവുക -ഇങ്ങനെ പത്ത് പ്രധാന ചുമതലകളാണ് ആ ർട്ടിക്കിൾ 51A-ൽ വിശദീകരിച്ചിട്ടുള്ളത്. ഈ ചുമതലകൾ ജനങ്ങളെ ഉത്തരവാ ദിത്വമാർന്ന പൗരന്മാരാക്കുകയും ജനാധിപത്യത്തിന്റെ ആത്മാവിനെ ഉറപ്പാക്കു കയും ചെയ്യുന്നു.

എന്നാൽ യഥാർത്ഥ ജീവിതത്തിൽ ഈ ചുമതലകളും പലപ്പോഴും വിരോധാഭാസ ത്തിലേക്ക് കടക്കുന്നു. ഭരണഘടനയെ ആദരിക്കുക എന്നത് ഭാഗികമായി മാത്രം പാലിക്കപ്പെടുന്നു. പലപ്പോഴും ഭരണകൂടവും പൊതുജനങ്ങളും തന്നെ ഭരണഘടന യുടെ മീതെ പ്രവർത്തിക്കുന്നു. ദേശീയ പതാകയോടുള്ള ആദരവ് പ്രചോദിപ്പിക്ക പ്പെടുന്നുവെങ്കിലും, രാഷ്ട്രീയ കക്ഷികളുടെ പ്രചാരണ തന്ത്രങ്ങളുടെയും, ദേശദ്രോ ഹത്തിന്റെ ഭാവനകൾക്കും ഇടയിൽ അത് ഒരു കാഴ്ചാവിഭ്രാന്തിയായി മാറുന്നു. പൈതൃകസംരക്ഷണത്തിന്റെ ഉദ്ദേശ്യം പലപ്പോഴും ഭരണകൂടത്തിന്റെ നിയന്ത്രണ ങ്ങളും സാമ്പത്തിക താൽപര്യങ്ങളും കൊണ്ട് തല്ലിക്കയറ്റപ്പെടുന്നു. ആചാര സം

രക്ഷണങ്ങളിൽ സർക്കാർ, വിഘടനവാദികൾ, തീവ്രനിലപാട്ടുകാർ എന്നിവരുടേയും കൈകടത്തലുകൾ പതിവാണ്. പരിസ്ഥിതി സംരക്ഷണ ചുമതല പ്രാബല്യത്തിലാവുമ്പോഴും വ്യവസായ, കർഷക, നഗരവികസന പദ്ധതികളുടെ പേരിൽ വനം, നദികൾ, പാരമ്പര്യ സ്മാരകങ്ങൾ നശിപ്പിക്കപ്പെടുന്നത് പതിവാണ്. രാജ്യ സംരക്ഷണ ചുമതല പലപ്പോഴും അധികാരത്തിന്റേയും നയതന്ത്രത്തിന്റേയും പേരിൽ ജനങ്ങളുടെ സ്വാതന്ത്ര്യങ്ങളെ തടയുന്നതായി കാണപ്പെടുന്നു. ആർട്ടിക്കിൾ 51A-ൽ പ്രതിഫലിക്കുന്ന പൗരന്റെ ഉത്തരവാദിത്വങ്ങൾ സമൂഹത്തിനും രാജ്യത്തിനും നന്മ നൽകുന്ന കരുത്തായിത്തീരുന്നു. എന്നാൽ യഥാർത്ഥ പ്രായോഗിക സാഹചര്യങ്ങളിൽ അധികാരത്തിന്റെ ദുരുപയോഗം, സാമ്പത്തിക താൽപര്യങ്ങൾ, രാഷ്ട്രീയ ചതികൾ, ആചാര സംരക്ഷണത്തിലെ കൈകടത്തലുകൾ എന്നിവ ഈ ഉത്തരവാദിത്വങ്ങളുടെ ആത്മാവിനെ പ്രത്യക്ഷമായി ഉപരോധിക്കുന്നു.

ഇന്ത്യൻ ഭരണഘടനക്ക് പൊതുവെ ഫെഡറൽ ഘടനയുള്ളതായി വിശേഷിപ്പിക്കാറുണ്ട്. എന്നാൽ അതിന്റെ അന്തസത്തയിൽ ഒളിഞ്ഞിരിക്കുന്നത് കേന്ദ്രീകൃത അധികാരമാണ്. ഭരണഘടനയുടെ വ്യാകരണത്തിൽ സംസ്ഥാനങ്ങൾക്ക് സ്വാതന്ത്ര്യവും അധികാരവും നൽകുന്നു എന്ന് വ്യക്തമാക്കുന്നുണ്ടെങ്കിലും പ്രായോഗികമായി അത് കേന്ദ്രസർക്കാരിന്റെ ആധിപത്യം ഉറപ്പാക്കുന്നതാണ്. ഈ പരസ്പര വിരുദ്ധമായ ഘടനയിലെ യാഥാർത്ഥ്യം അതിന്റെ അടിത്തറയായിട്ടുള്ള ചില നിബന്ധനകളിലൂടെ വ്യക്തമായി കാണാൻ കഴിയും.

ഭരണഘടനയിലെ ആർട്ടിക്കിൾ 352 മുതൽ 360 വരെയുള്ള അടിയന്തര വ്യവസ്ഥകൾ കേന്ദ്രസർക്കാരിന് അസാധാരണമായ അധികാരങ്ങൾ സമ്മാനിക്കുന്നു. 1975ലെ അടിയന്തരാവസ്ഥക്ക് മുൻപ് ഇതിനെ കഠിനമായ അഭിപ്രായ വ്യത്യാസങ്ങളുടെ ഭാഗമായി പരിഗണിച്ചിരുന്നു. ആർട്ടിക്കിൾ 352 പ്രകാരം ദേശീയ സുരക്ഷയെ ബാധിക്കുന്ന സാഹചര്യങ്ങൾ ഉണ്ടാകുമ്പോൾ രാഷ്ട്രപതിക്ക് അടിയന്തരാവസ്ഥ പ്രഖ്യാപിക്കാമെന്നാണ് പറയുന്നത്. എന്നാൽ ഈ വ്യവസ്ഥയെ രാഷ്ട്രീയ താല്പര്യത്തിനായി ഉപയോഗിക്കപ്പെട്ടിട്ടുള്ള ചരിത്രം നമ്മൾ മറക്കരുത്. ഒരു പ്രധാനമന്ത്രി നേരിട്ട് അതിന്റെ സഹായത്തോടെ ഭരണഘടന തന്നെ മാറ്റിമറിക്കാൻ ശ്രമിച്ചതിന്റെ സാക്ഷ്യമായിരുന്നു കൊ.വ. 1975-77 കാലഘട്ടം. ഇതിലൂടെ സംസ്ഥാന സർക്കാരുകൾ പൂർണ്ണമായും കേന്ദ്രഭരണത്തിന് കീഴിലായിപ്പോയി. ദേശീയതയുടെ പേരിൽ സംസ്ഥാനങ്ങളിലെ ജനാധിപത്യ സ്ഥാപനങ്ങളെ നിർവീര്യമാക്കുകയും വിഭിന്നതകൾക്ക് വിലയിടുകയും ചെയ്തു.

ആർട്ടിക്കിൾ 356 പ്രകാരം രാഷ്ട്രപതി നിയമാനുസൃതമായി ഒരു സംസ്ഥാനത്തെ ഭരണഘടന പ്രകാരം പ്രവർത്തിക്കപ്പെടുന്ന സർക്കാരിൽ വിശ്വാസമില്ലെന്ന് കണ്ടെത്തുകയാണെങ്കിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്താമെന്ന് പറയുന്നു. ഗവർ

ണർ പ്രസ്തുത സാഹചര്യങ്ങൾ കേന്ദ്രത്തോട് റിപ്പോർട്ട് ചെയ്യുന്നു. എന്നാൽ, പല സമയങ്ങളിലും ഗവർണർമാർ കേന്ദ്രത്തിലെ ഭരണകക്ഷിയുടെ രാഷ്ട്രീയ പ്രതിനിധികളായി മാത്രമാണ് പ്രവർത്തിച്ചത്. അവരുടെ കണക്കുകൂട്ടലുകൾ, നടപടികൾ, റിപ്പോർട്ടുകൾ പലതും രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് അനുസൃതമായി നിർമ്മിച്ചതാണ്. ഈ സാഹചര്യത്തിൽ ആർട്ടിക്കിൾ 356 സംസ്ഥാനങ്ങളുടെ സ്വാതന്ത്ര്യത്തെ സിദ്ധാന്തപരമായി മാത്രം നിലനിർത്തുകയും പ്രായോഗികമായി അതിനെ അടിച്ചമർത്തുകയും ചെയ്യുന്നു.

ഗവർണർമാർക്ക് സുപ്രധാന ഭരണപദവിയായിട്ടുള്ള അംഗീകാരം ഉള്ളതാണെങ്കിലും അവരുടെ നിയമനം, നീക്കം, തസ്തികാവ്യാപനം എല്ലാം കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലാണ്. ഒരു സംസ്ഥാനത്തിലെ ഭരണത്തെ മോചിപ്പിക്കാൻ കഴിയുന്ന സ്വാധീനവും അവർക്കുണ്ട്. സർക്കാർ രൂപീകരണ സമയത്ത് നിയമസഭാംഗങ്ങളെ ക്ഷണിക്കുന്നതിൽ അവർക്കുള്ള സ്വാതന്ത്ര്യം വ്യാപകമായ രാഷ്ട്രീയ ഇടപെടലുകൾക്ക് വഴിവെക്കുന്നുണ്ട്. നിരവധി കേസുകളിൽ നിയമസഭയിൽ ഭൂരിപക്ഷം ലഭിച്ചിരിക്കുന്ന പക്ഷങ്ങളെ മറികടന്ന് ഗവർണർമാർ എൻഡോഴ്സ്മെന്റുകളുടെ അടിസ്ഥാനത്തിൽ സർക്കാർ രൂപീകരിക്കാൻ ക്ഷണിച്ചതും, ഏർപ്പെടുത്തിയ സർക്കാരിനെ പിരിച്ചുവിട്ട ചരിത്രവുമുണ്ട്. ഇത് സാങ്കേതികപരമായി ഫെഡറലിസത്തിന്റെ പരാജയമാണ്.

കൂടാതെ പദ്ധതികൾ, ധനകാര്യ വകയിരുത്തലുകൾ, നികുതി വിഭജനങ്ങൾ എന്നിവയിൽ കേന്ദ്രസർക്കാരിന് അനധികൃതമായ അധികാരവുമുണ്ട്. ധനകാര്യ കമ്മീഷൻ വഴിയുള്ള വിഭജനങ്ങളിൽ സംസ്ഥാനങ്ങളുടെ സ്വാതന്ത്ര്യം കുറവാണ്. സർക്കാർ മാറ്റത്തിനനുസരിച്ച് വിവിധ സംസ്ഥാനങ്ങൾക്ക് നൽകപ്പെടുന്ന ധനസഹായത്തിൽ വിവേചനവും രാഷ്ട്രീയ ഇടപെടലുകളും പതിവായിരിക്കുന്നു. അതിനാൽ ധനകാര്യമായ അസമത്വങ്ങൾ രാജ്യത്ത് ശക്തമായിത്തുടങ്ങി. തെക്കൻ സംസ്ഥാനങ്ങൾ, പ്രത്യേകിച്ചും കേരളം, കർണ്ണാടക, തമിഴ്നാട് തുടങ്ങിയവ അവരുടെ നികുതി സംഭാവനയേക്കാൾ കുറവാണ് കേന്ദ്രം തിരിച്ചുനൽകുന്നത്. ഇതോടെ വികസനാവകാശം പോലും രാഷ്ട്രീയത്തിന്റെയും കേന്ദ്രാധിപത്യത്തിന്റെയും ഹസ്തത്തിൽ കുടുങ്ങുന്നു.

ഭരണഘടനയുടെ തുടക്കം മുതൽ തന്നെ നിരവധി ഭേദഗതികൾ കേന്ദ്രീകൃതതയെ ശക്തിപ്പെടുത്തുന്നതിനായി നടപ്പാക്കിയിട്ടുണ്ട്. പ്രത്യേകിച്ചും 42-ാം ഭേദഗതി പ്രകാരം കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങളെ നിർബന്ധിതമായി സംസ്ഥാനങ്ങൾ സ്വീകരിക്കേണ്ട സാഹചര്യം സൃഷ്ടിക്കപ്പെട്ടു. ഇതിലൂടെ ഇന്ത്യയിലെ ഫെഡറൽ ഘടന ഏകീകൃത ഭരണത്തിനുള്ള വഴിയായി മാറ്റപ്പെട്ടു. ഭൂരിപക്ഷ കേന്ദ്ര തീരുമാനങ്ങൾ സംസ്ഥാനങ്ങളുമായുള്ള ചർച്ചകൾ ഇല്ലാതെ ഏകപക്ഷീയമായാണ് നടപ്പാക്കുന്നത്. ജി.എസ്.ടി ആകട്ടെ, വിദ്യാഭ്യാസത്തെ കൺകറണ്ട് ലിസ്റ്റി

ലേയ്ക്ക് മാറ്റിയതോ, എല്ലാം സംസ്ഥാനങ്ങൾക്കുള്ള തീരുമാന സാധ്യതയ്ക്ക് വലിയ തിരിച്ചടിയായിരുന്നു. എന്നിരുന്നാലും ഒരു രാജ്യത്തെ വിദ്യാഭ്യാസം ഏകീകൃതമായിരിക്കുന്നതാണ് സമഭാവനയ്ക്ക് നല്ലത് എന്നത് അംഗീകരിക്കപ്പെടേണ്ടതാണ്. പക്ഷെ പല തരത്തിലുള്ള സിലബസ്സുകൾ ഇതിന് വിഘാതമാണ്. സംസ്ഥാന സർക്കാരുകളുടെ സ്വാർത്ഥ രാഷ്ട്രീയ അജണ്ടകൾ വിദ്യാഭ്യാസ സമ്പ്രദായത്തെയും അതുവഴി വിദ്യാർത്ഥികളുടെ വ്യക്തിത്വത്തെയും സ്വാധീനിക്കാൻ ഇത് കാരണമാകും.

കേരളം പോലുള്ള സംസ്ഥാനങ്ങൾ കേന്ദ്രതത്വങ്ങളാൽ ആവർത്തിച്ച് പ്രതിരോധിക്കപ്പെട്ടിട്ടുണ്ട്. എയിംസ്, റെയിൽവേ സോൺ, ഉപഗ്രഹ സ്റ്റേഷനുകൾ തുടങ്ങി ദേശീയ പദ്ധതികളിൽ കേരളം നിരന്തരമായി അവഗണിക്കപ്പെടുന്നു. അതിന്റെ വികസന ആവശ്യങ്ങൾക്കനുസരിച്ച് ആവശ്യമായ ധനസഹായം ലഭിക്കുന്നില്ല. കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് പോലുള്ള വിഷയങ്ങളിൽ പോലും കേന്ദ്രത്തിന്റെ തീരുമാനം രാഷ്ട്രീയ നീക്കങ്ങൾക്ക് അനുസൃതമായാണ്. ഇത് ഫെഡറലിസത്തിന്റെ മറവിൽ ഉള്ള കേന്ദ്ര ആധിപത്യത്തിന്റെ കടുത്ത ഉദാഹരണമാണ്. എന്നാൽ സ്വാർത്ഥ താൽപര്യം മാത്രം മുൻകണ്ട് സ്ഥലം ചൂണ്ടിക്കാണിക്കുന്ന ഭരണത്തിലിരിക്കുന്ന സംസ്ഥാന സർക്കാരിന്റെ ഉദ്ദേശ്യ ശുദ്ധിയും ഇവിടെ ചോദ്യം ചെയ്യപ്പെടേണ്ടതാണ്.

ഭരണഘടനയെ മതിയായ അർത്ഥമില്ലാതെ ഉയർത്തിപ്പിടിക്കുന്ന സമൂഹത്തിൽ ഈ കേന്ദ്രതത്വം അധികം ചോദ്യം ചെയ്യപ്പെടുന്നില്ല. പലരും അത് രാഷ്ട്രം സംരക്ഷിക്കാൻ വേണ്ടിയുള്ള ഒരു അനിവാര്യതയായി കാണുന്നു. എന്നാൽ അതിന്റെ ഭീഷണികൾ സംസ്ഥാനങ്ങളുടെ വികസനം മാത്രം വഴിമുട്ടിക്കുന്നതല്ല. മുൻകാല ഗവൺമെന്റുകൾ ഇതിലും വലിയ തോൽവി ആയിരുന്നു എന്നത് തത്വത്തെ ന്യായീകരിക്കുന്നുമില്ല. നമ്മുടെ ഭാഷയും സംസ്കാരവും ദൈനംദിന ജീവിതത്തിലേക്ക് ഇടപെടലുകൾക്കായും വഴി തുറന്നിട്ടുണ്ട്. എന്നാൽ ജനം സമഗ്രമായി മാറി ചിന്തിക്കാത്തതിന് പിന്നിൽ സുരക്ഷയ്ക്ക് ഭീഷിണി ഉയർത്തുന്ന മതവർഗ്ഗീയ സംഘട്ടനങ്ങളുടെ പഴയ വേദനയാർന്ന മുറിവുകളും ഒരു കാരണമായി നിലനിൽക്കുന്നു എന്നത് കേവല യാഥർത്ഥ്യമാണ്. മതരാഷ്ട്രവാദത്തിന് പിന്നണിയിൽ ഐക്യം പ്രഖ്യാപിക്കുന്ന സർക്കാരുകളുടെ പ്രവർത്തനങ്ങളോട് പ്രതികരിക്കാൻ ഭയപ്പെടുന്ന ജനത്തിന്റെ ഉള്ളിൽ ഭാവിയെക്കുറിച്ചുള്ള ഉത്കണ്ഠ നിലനിൽക്കുന്നു. ഒന്നുകിൽ ഭരണഘടനയെ ജനം ചോദ്യം ചെയ്യണം അല്ലെങ്കിൽ ദുർബലന്റെ കൂടെ നിൽക്കുന്നതിന് പകരം അധികാരം ഉള്ളവന്റെ കൂടെ നിന്ന് ആവശ്യങ്ങൾ ബുദ്ധിപൂർവ്വം കരസ്ഥമാക്കണം. ഭരണകൂടത്തിന്റെ ദുർബലത ബുദ്ധിയിലും കഴിവിലും ഒരേപോലെ താഴ്ന്നിരിക്കുകയും അത് അഴിമതിയിൽ മുങ്ങിയിരിക്കുകയും ചെയ്യുമ്പോൾ പ്രബുദ്ധത ഉപയോഗിക്കേണ്ടത് മേൽപ്പറഞ്ഞ രണ്ട് കാര്യങ്ങളിൽ എടുക്കുന്ന ബോധപൂർവ്വമുള്ള തീരുമാനങ്ങളിൽ ആണ്.

ഇന്ത്യൻ ഫെഡറലിസം ഒരു കാല്പനിക രൂപത്തിൽ മാത്രമേ പ്രവർത്തിക്കുകയു ള്ളൂ. അതിന്റെ യഥാർത്ഥ സ്വഭാവം കേന്ദ്രീകൃത ഏകാധിപത്യമാണ്. ഈ ഘടന യിൽ മാറ്റം വരുത്തേണ്ടത് വെറും നിയമപരമായ മാറ്റങ്ങൾക്കുള്ള ക്ഷണമല്ല. അ തെപ്പറ്റിയുള്ള ഒരു വിപുലമായ ജനകീയ ബോധവത്കരണത്തിന്റെ ആവശ്യക തയാണ്. സംസ്ഥാനങ്ങളുടെ രാഷ്ട്രീയ സ്വാതന്ത്ര്യം സംരക്ഷിക്കപ്പെടേണ്ടത് ഒരു രാഷ്ട്രീയ താല്പര്യമായി അല്ല. ജനങ്ങളുടെ ആത്മാഭിമാനത്തിന്റെ ഭാഗമായാണ്. കൂടാതെ ഇതെല്ലാം ചോദ്യം ചെയ്യുന്നതിനും മാറ്റങ്ങൾ ആവശ്യപ്പെടുന്നതിനുമുള്ള ധൈര്യം നമ്മിൽ ഉണ്ടായിരിക്കണം.

സ്വത്ത് അവകാശം അതായത് വ്യക്തിക്ക് തന്റെ സ്വത്തുക്കളിൽ സുരക്ഷിതമായ ഉടമസ്ഥാവകാശം പുലർത്താൻ ഉള്ള അവകാശം ഒരു കാലത്ത് ഇന്ത്യൻ ഭരണ ഘടനയുടെ അതിസ്വാഭാവിക ഘടകമായിരുന്നു. ഭരണഘടനയുടെ ആർട്ടിക്കി ൾ 31 പ്രകാരം ഇതിന് സംരക്ഷണമുണ്ടായിരുന്നെങ്കിലും, 1978-ൽ 44-ാം ഭരണ ഘടന ഭേദഗതിയിലൂടെ ഇത് എടുത്തുകളയപ്പെട്ടു. ഇന്ന് ഇത് ഒരു നിയമാവകാ ശമായി മാത്രമേ നിലനില്ക്കുന്നുള്ളൂ. ആധുനിക നിയമങ്ങളുടെയും ഭരണപരിഷ്കാര ങ്ങളുടെയും മറവിൽ മൂടിപ്പൊതിഞ്ഞിരിക്കുന്ന ഒരു അഭ്യാസ ഭ്രമമായി മാത്രം.

ഭരണഘടനയുടെ ആദ്യഘട്ടത്തിൽ സ്വത്തവകാശം മറ്റ് അടിസ്ഥാന അവകാ ശങ്ങളുമായി ചേർന്ന് നിലനിന്നത് രാഷ്ട്രീയവും സാമൂഹ്യവുമായ വലിയ പ്രതീക്ഷ കൾ ഉയർത്തിയിരുന്നു. അതിന്റെ മുഖ്യ ഉദ്ദേശ്യം വ്യക്തികളുടെ സ്വകാര്യ സ്വത്തു ക്കൾ ഭരണകൂടത്തിന്റെ അന്യായ കയ്യേറ്റത്തിൽ നിന്നും സംരക്ഷിക്കുക എന്നതാ യിരുന്നു. എന്നാൽ പിന്നീട് 44-ാം ഭേദഗതിയിലൂടെ ഈ അവകാശം ഒഴിവാക്കി യതോടെ സ്വത്തവകാശത്തിന് ഇനി കൂടുതൽ ഉറപ്പില്ലാത്ത നിയമപരമായ നി ലനിൽപ്പ് മാത്രമേ ഉണ്ടായിരിക്കൂ. ഫലമായി മനുഷ്യാവകാശത്തിന്റെ പ്രാധാന്യം കുറയുകയും ഭരണകൂടത്തിന് സ്വത്തുക്കൾ കൈവശപ്പെടുത്താനുള്ള ശക്തി വർ ദ്ധിക്കുകയും ചെയ്തു.

ഈ മാറ്റം കൃത്യമായി വിലയിരുത്തുമ്പോൾ മനസ്സിലാവുന്ന പ്രധാന വിഷയം; അ തായത് സംസ്ഥാനത്തിന്റെ ഭൂമി ഏറ്റെടുക്കലുകൾ, വിശേഷമായും, ആദിവാസി ജനവിഭാഗങ്ങളുടെ ആദിവാസി ജനവാസ പ്രദേശങ്ങളിൽ ഒരു നിയമാവകാശ ത്തിന്റെ മറവിലാണെന്നതാകുന്നു. ഡെവലപ്പ്മെന്റ്, ഇൻഫ്രാസ്ട്രക്ചർ, വ്യാവസാ യിക വികസനം എന്നിവയുടെ പേരിലായി കേന്ദ്രവും സംസ്ഥാനങ്ങളും ചേർന്ന് ഇന്ത്യയുടെ വളരെ വിസ്തൃതമായ വനഭൂമികളും കൃഷിഭൂമികളും സ്വകാര്യ കമ്പനിക ൾക്ക് കൈമാറുന്നത് ഇപ്പോൾ ഒരു സാധാരണ പ്രവർത്തിയായി മാറിയിട്ടുണ്ട്. കുത്തകകളുടെ താൽപര്യങ്ങൾക്ക് വേണ്ടി തദ്ദേശീയ ജനതയെ അവർ താമസി ച്ചിരുന്ന നാട്ടുകളിൽ നിന്ന് പുറത്താക്കി വിടുന്നത് ഭരണകൂടം കണക്ക് കൂട്ടുന്ന 'വിക സനം' എന്ന ആശയത്തിലുള്ള ന്യായീകരണത്തിന്റെ ഭാഗമായിരിക്കുന്നു.

Special Economic Zones (SEZs) എന്ന നിലയിലായി പല പ്രദേശങ്ങളിലും ഭൂപ്രതിഷേധം ഉയർന്നിട്ടുണ്ടെങ്കിലും, സർക്കാരിന്റെ നിലപാട് വ്യക്തമാണ് — വികസനം മുന്നോട്ട് പോകണം, ഭൂഉടമസ്ഥാവകാശ സമരങ്ങൾ അട്ടിമറിക്കപ്പെടണം. മുഖ്യാധാരാ മാധ്യമങ്ങളും ജനാധിപത്യ സംവിധാനവും ഒന്നിച്ച് ചേർന്ന് ഈ ഭൂമി ഏറ്റെടുക്കലുകൾക്ക് ന്യായീകരണങ്ങൾ നൽകുന്നു. ഭൂമി ഉടമസ്ഥർക്കുള്ള നഷ്ടപരിഹാര നിയമങ്ങൾ ഉണ്ടെങ്കിലും ആ ധാരണകൾ അപാകതകളാൽ വികൃതമായിരിക്കുന്നു. മൂല്യനിർണയം വിശകലനമില്ലാത്ത രീതിയിലായതിനാൽ പലരും തങ്ങളുടെ ഭൂമിക്ക് യാതൊരു സാമ്പത്തിക നീതിയും ലഭിക്കാതെ അനാഥത്വം പേറി നിൽക്കേണ്ടിവരുന്നു. ഇതിന്റെ ഭീകരമായ ഉദാഹരണങ്ങളാണ് ജാർഖണ്ഡിൽ, ഛത്തീസ്ഗഡിൽ, ഒഡിഷയിലുമായി Tribal Land Acquisition Projects ആയി നടക്കുന്നതും അതിന്റെ പേരിൽ ആയിരക്കണക്കിന് ആദിവാസികൾ അവരുടെ ഭൂമിയിൽ നിന്ന് നിയമപരമായ അപാരതയോടെ പുറത്താക്കപ്പെടുന്നതുമായി കാണപ്പെടുന്നത്. അവരിലേക്കുള്ള വികസനം ഒരു മിഥ്യാ വാഗ്ദാനമായിരിക്കുന്നു. ഭൗതിക സൗകര്യങ്ങൾക്ക് പകരം അവരുടെ ജീവിതം തകർന്നു കിടക്കുകയാണ്. പരിസ്ഥിതിയിൽ അന്യമായിക്കൊണ്ടിരിക്കുന്ന ജൈവവൈവിധ്യങ്ങളും സമൂഹങ്ങളുടെ സംസ്കാരങ്ങളും അപരിചിത വ്യവസായ കാഴ്ചപ്പാടുകൾക്കായി സൃഷ്ടിച്ച പരിമിതമായ സീമകളിലേയ്ക്ക് തള്ളപ്പെടുന്നു.

ഭരണഘടനയിൽ നിന്നു സ്വത്തവകാശം എടുത്തുകളഞ്ഞതിന്റെ ഏറ്റവും വലിയ ദോഷം എന്തെന്നാൽ പൊതുജനം ഇതുവരെ അതിന്റെ ഗൗരവം മനസ്സിലാക്കിയിട്ടില്ല എന്നതാണ്. കുറേപേർക്ക് ഇപ്പോഴും ഭരണഘടന അവരുടെ സ്വത്തുക്കളിൽ സംരക്ഷണം നൽകുമെന്ന വിശ്വാസമുണ്ട്. എന്നാൽ സത്യസന്ധമായ നിലപാട് ഇക്കാര്യത്തിൽ ആവശ്യമാണ്. ഇപ്പോഴത്തെ നിയമവ്യവസ്ഥ അനുസരിച്ച് വ്യക്തിയുടെ ഭൂമി സർക്കാരിന് 'പബ്ലിക് പർപ്പസ്' എന്ന പേരിൽ എപ്പോൾ വേണമെങ്കിലും ഏറ്റെടുക്കാവുന്നതാണ്. നീതി കിട്ടാനുള്ള ഏകവഴി കോടതിയാണ്. അത് നേടുന്നതിനുള്ള ചെലവും സമയവും ഒരേസമയം സാധാരണ ജനങ്ങളെ വഴിമുട്ടിക്കുന്നു.

നീതിപൂർവ്വമായ പ്രതിഫലം ലഭിക്കാതെയും പുനരധിവാസ കാര്യത്തിൽ വ്യക്തത ഇല്ലാതെയും മനുഷ്യരെ തങ്ങളുടെ ജീവിതഭൂമിയിൽ നിന്ന് പുറത്താക്കുന്നതിന് ഭരണകൂടം നിയമപരമായ അധികാരങ്ങൾ ഉപയോഗിക്കുന്നു. അതിന്റെ പിൻഭാഗത്ത് പ്രവർത്തിക്കുന്ന വലിയ ശക്തിയാണ് വ്യവസായിക കുത്തകകൾ. വിവിധ സംസ്ഥാനങ്ങളിലെ നിയമങ്ങൾ, പ്രത്യേകിച്ച് ഭൂപരിഷ്കാര ചട്ടങ്ങൾ, ആ കുത്തകക്ക് അനുസരിച്ചാണ് മാറ്റപ്പെട്ടതെന്ന് പല സാമൂഹിക ശാസ്ത്രഗവേഷണങ്ങളും വ്യക്തമാക്കിയിട്ടുണ്ട്. ഭരണഘടനയിൽ നിന്നുമുള്ള ഈ മാറ്റം പൊതുജനങ്ങളുടെ ജനാധിപത്യ അവബോധത്തെ നന്നായി പരീക്ഷിക്കുന്നു. വോട്ട് ചെയ്യാനുള്ള അവകാശം ഒരിക്കലും ഒരാൾ കൈവശം വെച്ച് അനുഭവിക്കുന്ന ഭൂമിയിൽ ജീവിക്കാ

നുള്ള അവകാശത്തെ അവന് പകരം നല്കില്ല. അതിനാൽ തന്നെ, സ്വത്തവകാശം അടിസ്ഥാന അവകാശമായി തിരിച്ചെത്തിക്കേണ്ടതിന്റെ ആവശ്യകത ഇന്ന് അത്യന്താപേക്ഷിതമാണ്. വ്യക്തികളുടെ ജീവിതത്തോടുള്ള അടിത്തറയായ സ്വകാര്യസ്വത്തിന്റെ സുരക്ഷിതത്വം നഷ്ടപ്പെടുമ്പോൾ ഒരു ജനതയുടെ അന്തസ്സാണ് തകരുന്നത്. അതിനാൽ, ഈ വിഷയത്തിൽ പൊതുജന ബോധവത്കരണവും, നിയമപരമായ പുനഃപരിശോധനയും, നീതി നിലനിർത്താനുള്ള ശക്തമായ ജനകീയ ശ്രമങ്ങളും ഇന്ന് ഇന്ത്യയുടെ സംസ്കൃതിമനസ്സിന്റെ അന്തസ്സിനും ഭാവിയ്ക്കുമായുള്ള അത്യാവശ്യ നീക്കമായി കണ്ട് ജനം ഉണരേണ്ടതുണ്ട്.

ഭരണഘടന ഒരു രാഷ്ട്രത്തിന്റെ ആത്മാവാണ് എന്നു പലരും പറയുന്നു. ഇന്ത്യയുടെ ഭരണഘടനയും അതിന്റെ നീതിപൂർണ്ണമായ മൊഴികളിലൂടെ രാഷ്ട്രീയ സ്വാതന്ത്ര്യങ്ങൾക്കും പൗരാവകാശങ്ങൾക്കും വലിയ പ്രാധാന്യം കൊടുക്കുന്നു. എന്നാൽ ഇതിന് സമാന്തരമായി ഒരു ഗൗരവപ്പെട്ട മൂല്യവിമർശനമാണ് ഉയരുന്നത്. അതായത്, ഭരണഘടന സാമ്പത്തിക ചൂഷണത്തെക്കുറിച്ച് മൗനം പാലിക്കുന്നു. ഓരോ മനുഷ്യനും അടിസ്ഥാനമായിരിക്കേണ്ട ആയുസ്സ്, തൊഴിൽ, ജീവിത സാഹചര്യങ്ങൾ എന്നിവയെ ബാധിക്കുന്ന അതിപ്രധാന സാമ്പത്തിക പ്രശ്നങ്ങളായ കടബാധ്യത, വർദ്ധിച്ചുവരുന്ന വരുമാന വ്യത്യാസം, സ്ഥിരതയില്ലാത്ത തൊഴിൽ, സ്വകാര്യവൽക്കരണം, നികുതി ഭാരങ്ങൾ, നിത്യോപയോഗ വസ്തുക്കളുടെ വിലവർദ്ധന എന്നിവയെക്കുറിച്ച് ഭരണഘടനയിൽ കാര്യമായ പ്രതിപാദനമില്ല.

ഭരണഘടനയുടെ പ്രധാന അദ്ധ്യായങ്ങൾ, പ്രത്യേകിച്ച് മൗലികാവകാശങ്ങൾ ഉൾക്കൊള്ളുന്ന ഭാഗം, വ്യക്തിയുടെ രാഷ്ട്രീയവും സാംസ്കാരികവുമായ അന്തസ്സിനെ ഉറപ്പാക്കുന്നതിനാണ്. സംസാര സ്വാതന്ത്ര്യം, കൂട്ടായ്മ സ്വാതന്ത്ര്യം, മതാചരണ സ്വാതന്ത്ര്യം എന്നിവയെ ഭരണഘടന ശക്തമായി സംരക്ഷിക്കുന്നു. പക്ഷേ, ഒരാളുടെ കുടുംബം പോറ്റാൻ കഴിയുന്ന വേതനം ലഭിക്കുന്നതോ, കടത്തിൽ നിന്ന് മോചനം നേടുന്നതിനുള്ള ഗുണനിലവാരമുള്ള മാർഗ്ഗങ്ങളോ, സാമ്പത്തിക സുരക്ഷിതത്വമോ എന്നിവ സംബന്ധിച്ച സംരക്ഷണങ്ങൾ വളരെ മങ്ങിയവയാണ്. ഭരണഘടനയുടെ ഭാഗം IV ആയ 'രാജ്യത്തിന്റെ ദിശാനിർദ്ദേശക തത്വങ്ങൾ' (Directive Principles of State Policy) എന്ന വിഭാഗം സാമ്പത്തിക നീതിയേക്കുറിച്ച് ചില സിദ്ധാന്തങ്ങൾ പറയുന്നുവെങ്കിലും, അവ 'non-justiciable' ആണ്. അതായത്, അതൊന്നും തന്നെ പാലിക്കാൻ സർക്കാർ നിയമപരമായി ബാധ്യത പെട്ടിട്ടില്ല. ഇതാണ് സാമ്പത്തിക ചൂഷണം ഭരണഘടനയുടെ കാഴ്ചപാടിൽ നിലനിൽക്കാൻ ഉള്ള മുഖ്യകാരണം. ഭരണഘടന നിർദ്ദേശിക്കുന്നത് മാതൃകാപരമായ സാമൂഹ്യശാസ്ത്ര രൂപീകരണമാണ്. എന്നാൽ ഭരണ സംവിധാനങ്ങൾ അതിന്റെ പ്രാവർത്തികതയിലേക്ക് കടക്കേണ്ടിവരുമ്പോൾ ആ കർശനത കാണാറില്ല.

ഉദാഹരണത്തിന്, ഭരണഘടനയുടെ ആർട്ടിക്കിൾ 39(b) അനുസരിച്ച് രാജ്യത്തെ സമ്പത്ത് എല്ലാ പൗരന്മാരുടെയും മികച്ചതായ താത്പര്യങ്ങൾക്ക് അനുസൃതമായി വിതരണം ചെയ്യണമെന്ന് പറയുന്നു. എന്നാൽ അതിനെ നിയമപരമായി ആക്ഷേപിക്കാൻ ഒരാൾക്ക് കഴിയില്ല. നികുതികളിലൂടെ താഴ്ന്നപ്പെട്ട വരുമാനവർഗ്ഗത്തിന് മേൽ ഭാരം ചുമത്തുമ്പോഴും വലിയ കോർപ്പറേറ്റുകൾക്ക് നികുതി ഇളവുകൾ നൽകുമ്പോഴും ഭരണഘടനയുടെ ഈ വകുപ്പുകൾ സർക്കാർ ലംഘിക്കുന്നു എന്ന ആരോപണവുമായി കോടതിയെ സമീപിക്കാനാകില്ല. കാരണം, അവ non-justiciable ആണെന്നതുകൊണ്ട്.

സ്വകാര്യവൽക്കരണം സർക്കാരുകളുടെ പ്രധാന ലക്ഷ്യമായി മാറിയിട്ടുണ്ട്. തദ്ദേശീയമായ തൊഴിൽ സാധ്യതകൾ ഇല്ലാതാക്കുകയും പൊതുമേഖല ആരോഗ്യ സംരക്ഷണവും വിദ്യാഭ്യാസവും വൻ മുൻനിര സ്വകാര്യ വ്യവസായങ്ങൾക്കായി തുറന്ന് കൊടുക്കുകയും ചെയ്തിരിക്കുന്നു. ഇതിന്റെ ഫലമായി ജനങ്ങൾ സേവനങ്ങൾക്കായി അധിക ചെലവുകൾക്ക് മുൻപിൽ വഴങ്ങി ജീവിത നിലവാരം നിലനിർത്താൻ കഴിയാതെ കഷ്ടപ്പെടുന്നു. അതേസമയം, ഇന്ത്യൻ ഭരണഘടനയുടെ ആമുഖം (Preamble) ‘സാമൂഹിക ന്യായം’ എന്നതിനെ പ്രതിജ്ഞയാക്കുന്നു.

തൊഴിലില്ലായ്മയും കടബാധ്യതയും പ്രകൃതിപരമായ പ്രതിസന്ധികളാകുന്നതിനേക്കാൾ അധികം ഭരണഘടന നയങ്ങളാണ് സാധാരണക്കാർക്ക് ഭീഷണിയാകുന്നത്. കേരളത്തിലേയും മറ്റ് സംസ്ഥാനങ്ങളിലേയും കർഷകർ, ചെറുകിട വ്യവസായികൾ, ദിവസ വേതനക്കാർ ഇവരാണ് ഇതിന്റെ മുഖ്യ ചൂഷിതർ. അതേസമയം, മുകളിലത്തെ വരുമാനവർഗ്ഗത്തിന്റെ ആസ്തി വർദ്ധിക്കുന്നു. രാജ്യത്തെ ഏറ്റവും മികച്ച വൃത്തിയുള്ള, സമൃദ്ധിയുള്ള മേഖലകൾ എല്ലാംതന്നെ വലിയ കോർപ്പറേറ്റുകൾ കൈക്കൊള്ളുന്നു.

പൗരന്മാർക്ക് സാമ്പത്തിക നീതി ലഭിക്കാത്തതിന് കാരണം ഭരണഘടനയിൽ എഴുതപ്പെട്ടിട്ടുള്ള വകുപ്പുകൾക്കുള്ളിലെ പഴുതുകളുടെ പ്രശ്നമാണ്. ഇത് അനുസരിച്ച് ഭരണഘടന പഠിക്കേണ്ടത് അതിന്റെ വാഗ്ദാനങ്ങളുടെ അതിരുകൾ മനസ്സിലാക്കുന്നതിനാണ്. ജനങ്ങൾ ഭരണഘടനയോട് സൂക്ഷ്മമായ സമീപനം കാണിക്കാതിരിക്കുമ്പോൾ അവരുടെ ജീവിതത്തിലേക്കുള്ള കടന്നുകയറ്റം പൊതുമേഖല സ്ഥാപനങ്ങൾക്കും രാഷ്ട്രീയ ശക്തികൾക്കും അനായാസം സാദ്ധ്യമാകുന്നു. ഭരണഘടനയെ രക്ഷാപത്രമായി നോക്കിക്കാണാതെ അതിന്റെ അകമ്പടിയുടെ അപൂർണ്ണതകളും തിരിച്ചറിയണം. ഒരു ജനത ഭരണഘടനയെ അന്ധമായ ആരാധനയോടെ അല്ല. മറിച്ച്, ചോദ്യങ്ങളോടെയും നിരീക്ഷണങ്ങളോടെയും കാണുമ്പോഴാണ് നീതിപൂർണ്ണമായ മാറ്റങ്ങൾക്ക് വാതിൽ തുറക്കുന്നത്. വരും തലമുറക്ക് സാമ്പത്തിക സുരക്ഷയും സുതാര്യതയും ലഭ്യമാകണമെങ്കിൽ ഭരണഘടനയുടെ സാമ്പത്തിക നീതിയുമായി ബന്ധപ്പെട്ട ഭാഗങ്ങൾ പുനർവായിക്കാൻ സ

മയമായിരിക്കുന്നു. പൗരൻ ഭരണഘടന പഠിക്കുമ്പോൾ അതിൽ എവിടെയാണ് വാഗ്ദാനങ്ങൾ അവസാനിക്കുകയും കപടതകൾ തുടങ്ങുകയും ചെയ്യുന്നുവെന്ന് തിരിച്ചറിയാൻ തുടങ്ങുന്നു. അതുവഴി മാത്രമാണ് ഒരാളുടെ സാമ്പത്തിക മോചനത്തിനുള്ള യഥാർത്ഥ മുക്തിദ്വാരം തുറക്കുക.

ഇന്ത്യൻ ഭരണഘടന ലോകം ഒരു ജനാധിപത്യ മാതൃകയെന്ന് ആദരിച്ച ഭരണഘടനയാണ്. ഓരോ പൗരനും തുല്യമായി വോട്ടു ചെയ്യാനുള്ള അവകാശം നൽകുന്നതിലൂടെ ഈ ഭരണഘടന ഒരു വിപ്ലവം സൃഷ്ടിച്ചു. എന്നാൽ ഈ ശരാശരി കാഴ്ചയ്ക്ക് താഴെ നടന്നുകൊണ്ടിരിക്കുന്ന വാസ്തവം അത്ര എളുപ്പത്തിൽ കാണാനാകുന്നതല്ല. തിരഞ്ഞെടുപ്പ് പ്രക്രിയയ്ക്ക് പുറമേ, രാഷ്ട്രീയ കക്ഷികളുടെ പ്രവർത്തനം, പ്രചാരണ ധനസമ്പാദനം, പ്രതിനിധിത്വ സംവിധാനം ഇവയെല്ലാം ചേർന്ന് ഒരു വിധത്തിലുള്ള തിരഞ്ഞെടുപ്പ് ഏകാധിപത്യം ഉണ്ടാക്കുന്നു. ജനാധിപത്യമെന്ന പ്രക്രിയയുടെ താളത്തിൽ എല്ലാ കാര്യങ്ങളും നടക്കുന്നതായി തോന്നിപ്പിക്കുകയും അതിന്റെ മറവിൽ യഥാർത്ഥ അധികാരം കുറച്ചുപേർ കൈവശം വയ്ക്കുകയും ചെയ്യുന്നു.

ആദ്യമായി നോക്കിക്കാണേണ്ടത് പ്രചാരണ ധനസമ്പാദനത്തിലെ അസമത്വമാണ്. കോടിക്കണക്കിന് രൂപ പുഴപോലെ ഒഴുക്കിയ രാഷ്ട്രീയ കക്ഷികളാണ് ഇന്ന് ജനങ്ങളുടെ അധികാരസ്ഥാനത്തേയ്ക്ക് എത്തുന്നത്. വലിയ കോർപ്പറേറ്റുകൾക്ക് അനുകൂലമായ നയങ്ങൾ വാഗ്ദാനം ചെയ്ത്, അവർ സ്പോൺസർ ചെയ്യുന്ന ഈ പാർട്ടികൾക്ക് എതിരെ സാമ്പത്തികമായി പൊരുതാൻ ചെറിയ പാർട്ടികൾക്കും സ്വതന്ത്ര സ്ഥാനാർത്ഥികൾക്കും കഴിയുകയില്ല. ചെറുഗൃഹങ്ങൾ സന്ദർശിച്ച് വോട്ട് അഭ്യർത്ഥിക്കുന്ന കാലം മാറിയിരിക്കുന്നു. ഇപ്പോൾ ഫ്ലെക്സുകളും, ആഡംബര വാഹനങ്ങളുമുള്ള റോഡ് ഷോകളുമാണ് കാഴ്ച. ഇതിന്റെ പിന്നിലെ ധനം എവിടെ നിന്ന് വരുന്നു, അതിന്റെ കണക്കെടുപ്പ് എങ്ങനെ നടക്കുന്നു എന്നത് നിഗൂഢമായ വിഷയങ്ങളാണ്. ഭരണഘടനയിൽ ഇത് നിയന്ത്രിക്കുന്ന വ്യക്തമായ നിയമങ്ങളോ നിബന്ധനകളോ ഇല്ല.

രണ്ടാമത്, കക്ഷികളുടെ ആന്തരിക ജനാധിപത്യത്തിന്റെ അഭാവം രാഷ്ട്രീയത്തിന്റെ മുഖത്തെ ദുർലക്ഷ്യമായി മാറ്റിയിട്ടുണ്ട്. ഒരു പാർട്ടിയിലെ നേതാവായിരിക്കാൻ അംഗങ്ങളുടെ പിന്തുണയോ തെരഞ്ഞെടുപ്പിലൂടെയായുള്ള അംഗീകാരമോ അല്ല. പകരം കുടുംബം, ജാതി, സാമ്പത്തിക ശക്തി തുടങ്ങിയ ഘടകങ്ങൾ ഭാഗ്യം നിർണയിക്കുന്നു. ഇതാണ് രാഷ്ട്രീയ പാരമ്പര്യത്തിനും, കുടുംബവാഴ്ച സംസ്ക്കാരത്തിനും വഴിവെക്കുന്ന പ്രധാന കാരണത്തിൽ ഒന്ന്. ജനാധിപത്യത്തിൽ എല്ലായിടത്തും മത്സരിക്കാനാവശ്യമായ തുല്യ അവസരം എന്നത് ചിന്ത മാത്രമായിരിക്കുന്നു.

മൂന്നാമതായി, ക്രിമിനൽ പശ്ചാത്തലമുള്ളവരുടെ സാന്നിധ്യം ഇന്ന് പാർലമെന്റിലും നിയമസഭയിലും വലിയ തലത്തിൽ കാണപ്പെടുന്നു. നിരവധി ക്രിമിനൽ കേസുകൾ ഉള്ളവരാണ് സ്ഥാനാർത്ഥികളായി മത്സരിക്കുന്നത്. ജനങ്ങൾ പലപ്പോഴും 'ബറ്റർ ദി ഡെവിൽ യു നോ' എന്ന നിലപാടിൽ പതിയെ ഇവരെ സ്വീകാര്യമാക്കുകയാണ്. ചില കേസുകളിൽ ശിക്ഷിക്കപ്പെട്ടവർക്ക് പോലും തിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള നിയമപരമായ തടസ്സങ്ങൾ വളരെ ശക്തമായി നിലവിൽ ഇല്ല. ഇത് ഭരണഘടനാപരമായി നിരോധിക്കാൻ ശ്രമിച്ചിട്ടില്ല എന്നത് അതിശയകരമാണ്.

അതോടൊപ്പം രാജ്യസഭയിലും ലോകസഭയിലും ഉള്ള അംഗങ്ങൾ തികച്ചും പക്വതയില്ലാതെ ചർച്ചകൾക്കിടയിൽ ബഹളം വയ്ക്കുന്നതും ചർച്ചകൾ തടസ്സപ്പെടുത്തുന്നതിനും അറുതി വരേണ്ടതാണ്. അതിനായി ഒരു പെരുമാറ്റച്ചട്ടം അനിവാര്യമാണ്. ഓരോ അംഗത്തിനും അനുവദിച്ച സമയത്ത് അല്ലാതെ സംസാരിക്കാൻ അനുവദിക്കരുത്. പ്രസ്ഥാവനകളോട്, മറുപടികളോട് അഭിപ്രായവ്യത്യാസം ഉണ്ടെങ്കിൽ അത് തത്സമയം രേഖപ്പെടുത്താൻ ബട്ടൺ അമർത്താൻ അവസരം നൽകണം. അച്ചടക്ക ലംഘനം നടത്തുന്നവർക്കെതിരെ സസ്പെൻഷൻ, ശമ്പളം വെട്ടിക്കുറയ്ക്കൽ തുടങ്ങിയ നടപടികൾ പ്രാവർത്തികമാക്കണം. പാർലമെന്റിന്റെ ഓരോ കൂടിച്ചേരലുകൾക്കും കോടികളാണ് ചിലവഴിക്കപ്പെടുന്നത്. അത് വൈകൃതം നിറഞ്ഞ രാഷ്ട്രീയക്കാരുടെ അപക്വമായ സമീപനങ്ങൾ മൂലം പാഴാക്കാൻ അനുവദിക്കപ്പെടരുത്.

നാലാമതായി, ഇന്ത്യയിലെ ഫസ്റ്റ് പാസ്റ്റ് ദ പോസ്റ്റ് (FPTP) തിരഞ്ഞെടുപ്പ് സംവിധാനം ജനാധിപത്യത്തിൽ ജനങ്ങളുടെ യഥാർത്ഥ നിലപാട് പ്രതിഫലിപ്പിക്കുന്നില്ല. പ്രതിനിധികളുടെ ഭൂരിഭാഗവും സ്വന്തം മണ്ഡലത്തിലെ മുഴുവൻ വോട്ടുകളുടെ പകുതിയ്ക്ക് താഴെ മാത്രമാണ് നേടുന്നത്. എന്നാൽ, മത്സരിച്ചവരിൽ ഏറ്റവും കൂടുതൽ വോട്ട് കിട്ടിയതുകൊണ്ട് അവർ ജയിക്കുന്നു. 30% വോട്ട് കിട്ടിയാൽ പോലും സ്ഥാനവിജയം ഉറപ്പാവുന്ന സാഹചര്യമാണിത്. 70% വോട്ടർമാർ എതിരായിട്ടും ഒരു വ്യക്തി അവരുടെ പ്രതിനിധിയാകുന്നത് ജനാധിപത്യത്തിന്റെ പ്രത്യക്ഷ വിരോധമാണ്.

അഞ്ചാമതായി, ഭരണഘടനയിൽ ജനപ്രതിനിധികളെ തിരികെ വിളിക്കാനുള്ള വ്യവസ്ഥ ഇല്ല. ഒരു എംപിയോ എംഎൽഎയോ തിരഞ്ഞെടുക്കപ്പെട്ട ശേഷം 5 വർഷം വരെ അയാളെ മാറ്റാൻ പൗരന് ഒരു മാർഗ്ഗവുമില്ല. അദ്ദേഹം വാഗ്ദാനങ്ങൾ പാലിച്ചില്ല, അഴിമതിയിൽ അകപ്പെട്ട് വിശ്വാസം നഷ്ടപ്പെടുത്തി തുടങ്ങിയ സാഹചര്യങ്ങളിലും ജനങ്ങൾക്ക് കൈക്കൊള്ളാനാവുന്ന ഭരണഘടനാപരമായ മാർഗ്ഗങ്ങൾ ഇല്ല. ഇത് 5 വർഷക്കാല 'ചെറിയ ഏകാധിപത്യം' രൂപപ്പെടുത്തുന്നു.

അതിനു പുറമേ അവഗണനയും അത്യാചാരങ്ങളുമാണ് ജനങ്ങൾ ഏറ്റവുമധികം നേരിടേണ്ടിവരുന്നത്.

ആറാമതായി, തിരഞ്ഞെടുപ്പുകൾക്ക് ഇടയിൽ നടക്കുന്ന ഭരണഘടനാപരമായ ഇടപെടലുകൾ, നിയമസഭാനടപടി തടസ്സങ്ങൾ, ഗവർണർമാരുടെ തെറ്റായ നീക്കങ്ങൾ എന്നിവയും തിരഞ്ഞെടുപ്പ് സത്യസന്ധതയെ അട്ടിമറിക്കുന്നു. അധികാര കേന്ദ്രങ്ങളുടെ താത്പര്യം അനുസരിച്ച് നിയമസഭകൾ പിരിച്ചുവിടുകയും, ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഭരണകൂടങ്ങളെ മാറ്റുകയും ചെയ്യുന്ന സംഭവങ്ങൾ വളരെയധികം അരങ്ങേറുന്നുണ്ട്. അതിനോട് ഭരണഘടന എങ്ങിനെയാണ് പ്രതികരിക്കുന്നത് നിരീക്ഷിക്കാൻ നിരവധി ഉദാഹരണങ്ങൾ നിലവിൽ ഉണ്ട്.

ഏഴാമതായി, മാധ്യമങ്ങളും ഓൺലൈൻ പ്ലാറ്റ്ഫോമുകളും കോർപ്പറേറ്റുകളുടെ നിയന്ത്രണത്തിലായി. വിമർശനങ്ങൾ കളവായി മാറുന്നതും വ്യക്തിഹത്യ എന്ന തലത്തിലേക്ക് പോകുകയും ചെയ്യുന്നത് പതിവാകുന്നു. തെരഞ്ഞെടുപ്പിന്റെ പേരിൽ തിരഞ്ഞെടുക്കുന്ന വിഷയം, മുദ്രാവാക്യങ്ങൾ, രാഷ്ട്രീയം തുടങ്ങിയവയെല്ലാം വ്യാജ അജണ്ടകളുടെ ഉപാധികളായി മാറിയിരിക്കുന്നു. ജനങ്ങൾ ഉണരാതെ അത്തരത്തിലുള്ള വ്യാജ കണക്കുകൾ കേട്ട് ആശ്വസിക്കുകയാണ്.

എട്ടാമതായി, ഭരണഘടനയെ പൂർണ്ണമായി വായിക്കാത്ത ജനങ്ങൾ, അതിലുണ്ടായിരിക്കേണ്ട നിയമനിർമ്മാണവുമായും അതിന്റെ പരിമിതികളുമായും പൂർണ്ണമായി അജ്ഞാതരാണ്. തിരഞ്ഞെടുപ്പ് സംവിധാനം ഒരു യന്ത്രമാണ്. അതിന്റെ പ്രവർത്തനം മനസ്സിലാക്കാതെ ഒരു പൗരനും ശരിയായൊരു മാറ്റം ആവശ്യപ്പെടാൻ കഴിയില്ല. ഭരണഘടനയെ പഠിക്കുക എന്നത് ജനങ്ങളുടെ സ്വാതന്ത്ര്യത്തിനും വ്യക്തിത്വത്തിനും വേണ്ടിയുള്ള പ്രഥമമായ ആഭ്യന്തര വിപ്ലവമാണ്. അത് ഒരു കക്ഷിയെ വിരോധിക്കാൻ വേണ്ടിയല്ല. ഭാവിയിൽ വേണ്ട ശുദ്ധമായ ജനാധിപത്യത്തെ നിർമ്മിക്കാൻ വേണ്ടിയുള്ള പഠനമാണ്. ഇതിനെതിരായ പോരാട്ടം തെരഞ്ഞെടുപ്പ് ഇല്ലാതാക്കുവാനല്ല. പക്ഷേ അത് തനതായ അർത്ഥബോധത്തിൽ പുനഃസംഘടിപ്പിക്കപ്പെടണം. യഥാർത്ഥ പ്രതിനിധിത്വം, ഉത്തരവാദിത്വം, ആന്തരിക ജനാധിപത്യം, ധനവിനിമയ സുതാര്യത എന്നിവ ഉറപ്പാക്കേണ്ടതുണ്ട്. ഭരണഘടനയെ വീണ്ടും ജനങ്ങൾക്കായി എഴുതി തുടങ്ങേണ്ട സമയമായിരിക്കുന്നു.

ഭാരതത്തിന്റെ ഭരണഘടനയിലെ ആർട്ടിക്കിൾ 21 മനുഷ്യനു 'ജീവിതത്തിന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും അവകാശം' ഉറപ്പുനൽകുന്നു എന്നത് സത്യമായി തോന്നിച്ചേക്കാം. എന്നാൽ ആ സത്യത്തിൽ അടങ്ങിയിരിക്കുന്നത് ഒരു മിഥ്യാ ചോദന മാത്രമാണ്. അതായത് ഭരണഘടനയുടെ വാഗ്ദാനം പോലുമല്ല നാം നേരിടുന്ന യാഥാർത്ഥ്യം. ആധാർ ലിങ്കിംഗ്, യു.എ.പി.എ (UAPA), രാജദ്രോഹ നിയമങ്ങൾ, മുൻകൂട്ടി തടയൽ നിയമങ്ങൾ തുടങ്ങിയവ ജനങ്ങളുടെ സ്വാതന്ത്ര്യത്തിൽ

കടന്നു കയറി പട്ടിണിയും ഭീതിയും വിതയ്ക്കുന്ന കഠിന നിയന്ത്രണ സംവിധാനങ്ങളായി മാറിക്കഴിഞ്ഞിട്ടുണ്ട്. ഭരണഘടന ആർട്ടിക്കിൾ 21–ൽ പറയുന്നത് വ്യക്തിയുടേയും അവന്റെ സ്വകാര്യതയുടേയും സംരക്ഷണമാണ്. എന്നാൽ, ആധുനിക നിയമങ്ങൾ ഈ അവകാശത്തെ തന്നെ വിപരീതമായി ഉപയോഗിക്കുകയാണ്. ആധാർ എന്നത് പുരോഗതിക്കുള്ള ഒരു അടയാളമാണെന്ന് ഒരു പക്ഷെ പൊതുജനങ്ങൾക്ക് ബോധ്യമായേക്കാം. എന്നാൽ അതിലൂടെ അവകാശം പകർന്നിട്ടല്ല, സുരക്ഷയെന്ന പേരിൽ അവരുടെ ജീവിതം നിരീക്ഷിക്കാൻ ഓരോ പൗരന്റെയും വിരൽത്തുമ്പിൽ വരെ അവരെ പിന്തുടരാനാകുന്ന ഒരു ഉപാധിയായി അതിന്റെ പിൻഭാഗത്ത് രഹസ്യമായി പ്രവർത്തിക്കുന്നത് ഒരു ഡാറ്റാ സെന്ററാണ്.

ഭരണഘടന കാലാനുസൃതമായ പരിഷ്കാരങ്ങൾ സമയബന്ധിതമായി സ്വീകരിക്കാത്തത് ഈ പ്രശ്നത്തിന്റെ ആധാരമാണ്. ഇന്ത്യയുടെ ഭൗതിക, സാങ്കേതിക, നിയമപരമായ പുരോഗതിക്ക് അനുസരിച്ചുള്ള ഭരണഘടന പരിഷ്കാരങ്ങളില്ലാതെ നിലവിലുള്ള ആധികാരിക സംവിധാനങ്ങൾ പഴയ നിയമങ്ങളെയും ഭീഷണികളെയും ആധുനികമായി ഉപയോഗിക്കുകയാണ്. ഉദാഹരണത്തിന്, യു.എ.പി.എ (Unlawful Activities Prevention Act) നിയമം ഭീകരവാദത്തിനെതിരെ പോരാടാനുള്ളതാണ് എന്ന് പറയപ്പെടുന്നു. പക്ഷേ, അതിന്റെ ഉപയോഗം നോക്കിയാൽ വ്യക്തമായത് എന്തെന്നാൽ, അതിന്റെ പിന്നണിയിൽ പൊതുജനങ്ങളുടെ സ്വാതന്ത്ര്യത്തിനും വിമർശനത്തിനും എതിരായാണ് ദുഢതന്ത്രം കൊണ്ടുവരുന്നത്. ആരെങ്കിലും സർക്കാരിനെ വിമർശിച്ചാലും അല്ലെങ്കിൽ എതിർത്താലും താൻ രാജ്യദ്രോഹിയായി കണക്കാക്കപ്പെടുമോ എന്ന ഭയം ജനങ്ങളെ മൗനത്തിലേയ്ക്കാണ് നയിക്കുന്നത്. ഇത് ഭരണഘടനാപരമായ കുറ്റം മാത്രമല്ല, ജനാധിപത്യത്തെ തകർക്കുന്ന തന്ത്രമാണ്. UAPA പോലുള്ള നിയമങ്ങളിൽ ജാമ്യം നൽകാതിരിക്കാൻ സർക്കാർ അധികാരം സ്വീകരിക്കുന്നു. കുറ്റം തെളിയിക്കപ്പെടാത്തവരെ വർഷങ്ങളോളം തടവിൽ ഇടുന്നത് അനീതിയല്ലേ? 'നീതി വൈകുന്നിടത്താണ് അതിർത്തികൾ നഷ്ടപ്പെടുന്നത്' എന്ന പഴമൊഴി ഇവിടെ ബലവത്തായിത്തീരുന്നു.

രാജ്യദ്രോഹ നിയമം (Sedition Law) മറ്റൊരു ഉദാഹരണമാണ്. ബ്രിട്ടീഷുകാരുടെ കാലത്ത് സ്വാതന്ത്ര്യസമര പ്രവർത്തകരെ തകർക്കാനായി ഉണ്ടാക്കപ്പെട്ട ഈ നിയമം സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഇന്നും തുടർന്നുനില്ക്കുന്നു എന്നത് അതിശയം ജനിപ്പിക്കുന്നതാണ്. എന്തിനാണ് ഒരു ജനാധിപത്യ രാജ്യത്ത് മതിയായ വിമർശനത്തെ പോലും രാജ്യദ്രോഹമാക്കേണ്ടത്?. കാലമിത്രയും കഴിഞ്ഞിട്ടും ഭരണഘടനയിൽ നിന്നും നീക്കം ചെയ്യാൻ വ്യക്തമായ നിലപാട് സ്വീകരിക്കാതെ, അതിന് താൽപര്യം കാണിക്കതെ ഇരിക്കുന്നു എങ്കിൽ മറുവശം എന്താണെന്നു ചിന്തിക്കേണ്ടതുണ്ട്.

മുൻകൂർ തടങ്കൽ നിയമങ്ങൾ (Preventive Detention Acts) രണ്ടാം ലോക യുദ്ധ കാലഘട്ടം കഴിഞ്ഞിട്ടും ഇന്ത്യയിൽ നിലനിൽക്കുന്നത് അതിശയകരമാണ്. സ്വാതന്ത്ര്യ സമരകാലത്ത് ബ്രിട്ടീഷുകാർ പൊതുപ്രതിഷേധങ്ങൾ സംഹരിക്കാൻ ഉപയോഗിച്ചിരുന്ന ഈ നിയമപരമായ കഠിനമായ മാർഗ്ഗങ്ങൾ ഇന്ന് ഇന്ത്യൻ ഭരണകൂടം തന്നെ പൗരന്മാരുടെ മേൽ ഉപയോഗിക്കുന്നു. വ്യക്തിയെ കുറ്റം ചുമത്താതെയും തെളിവുകളില്ലാതെയും ജയിലിൽ അടയ്ക്കാൻ കഴിയുന്ന നിയമങ്ങൾ ഒരു ജനാധിപത്യ രാജ്യത്തിൽ ഇടം പിടിക്കുമ്പോൾ അതിന്റെ താത്പര്യം സ്വാതന്ത്ര്യമല്ല, നിയന്ത്രണമാണ്. ഇതിന്റെ പിന്നണിയിൽ പ്രവർത്തിക്കുന്നതാണ് സാങ്കേതിക മേൽനോട്ട സംവിധാനം. ഒരു പൗരന്റെ മൊബൈൽ നമ്പറും ബാങ്ക് അക്കൗണ്ടും അടക്കം ആധാറിലേക്ക് ബന്ധിപ്പിക്കുമ്പോൾ സർക്കാരിന് ആ വ്യക്തിയുടെ ഇടപാടുകൾ മുഴുവൻ നിരീക്ഷിക്കാൻ കഴിയും. ഇത് വെറും സുരക്ഷയ്ക്ക് വേണ്ടിയല്ല. ഇത് ഭാവിയിലെ സാമ്പത്തിക നിയന്ത്രണങ്ങളുടെയും സാമൂഹിക പ്രബലതയുടെയും ആധാരമാകുന്ന മൂലകാര്യമാണ്. ഒരു സാങ്കേതിക സംവിധാനം ഭരണകൂടത്തിനായി പൗരന്മാരെ സ്വാതന്ത്ര്യത്തിൽ നിന്ന് നിയന്ത്രിതരാക്കുന്നു.

ഭരണഘടനയുടെ കാഴ്ചപ്പാടും വാസ്തവ സാഹചര്യവും തമ്മിലുള്ള ഈ വൈരുദ്ധ്യമാണ് പ്രധാന പ്രശ്നം. ഭരണഘടനയുടെ ലളിത ഭാഷയിൽ വാഗ്ദാനങ്ങളുണ്ടാകാം. പക്ഷേ അതിന്റെ നടപ്പാക്കലിൽ ഭരണകൂടങ്ങൾ തങ്ങൾക്ക് അനുകൂലമായ രീതിയിലാണ് വ്യാഖ്യാനം ചെയ്യുന്നത്. അധികാരം കൈവശമുള്ളവർ നിയമത്തെ തന്നെ അവരുടെ സ്വാധീനത്തിനും ഭീഷണിക്കും ഉപകരിക്കാനായി തിരിച്ച് എഴുതി പ്രയോഗിക്കുമ്പോൾ സാധാരണ പൗരൻ ഭയത്തിൽ ജീവിക്കുന്നു.

ഭരണഘടനയെ ശരിയായി പഠിക്കുകയാണ് ഈ വിധേയത്വം കുത്തിയൊഴുകുന്ന സാഹചര്യത്തിൽ ഒരു പൗരൻ സ്വീകരിക്കാവുന്ന ഏറ്റവും പ്രബലമായ പ്രവൃത്തി. ഭരണഘടനയുടെ വാഗ്ദാനങ്ങൾ മാത്രമല്ല, അതിന്റെ പരിധികളും മൗനങ്ങളും തിരിച്ചറിയുമ്പോഴാണ് വ്യക്തി തന്റെ അവകാശങ്ങൾക്കായുള്ള യഥാർത്ഥ ബോധതലത്തിലെത്തുന്നത്. സ്വാതന്ത്ര്യം ഒരു സമ്മാനമല്ല. മാന്യമായും ന്യായമായും അത് ലഭിക്കുന്നില്ല എങ്കിൽ അത് സംരക്ഷിക്കേണ്ടത് ബോധപൂർവമായ ഒരു പോരാട്ടത്തിലൂടെയാണ്.

അദ്ധ്യായം-8
പൗരബോധം

പൗരധർമ്മം ഒരു രാജ്യത്തിന്റെ ശക്തിയുടെ അടിസ്ഥാനം മാത്രമല്ല, സാമൂഹിക ജീവിതത്തിന്റെ ആത്മാവുമാണ്. ജനാധിപത്യ വ്യവസ്ഥയിൽ ഓരോ വ്യക്തിയും സ്വന്തം അവകാശങ്ങൾ അനുഭവിക്കുന്നതുപോലെ തന്നെ കടമകളും നിറവേറ്റേണ്ടത് അനിവാര്യമാണ്. നിയമാനുസരണം ജീവിക്കുക, പൊതുസമ്പത്തിനെ സംരക്ഷിക്കുക, സാമൂഹിക ഐക്യവും സൗഹൃദവും വളർത്തുക, ദേശീയ മൂല്യങ്ങളെ മാനിക്കുക എന്നിവയൊക്കെയാണ് പൗരധർമ്മത്തിന്റെ അന്തർഗതികൾ. സ്വന്തം വീടിനെപ്പോലെ രാജ്യത്തെയും സമൂഹത്തെയും കരുതുന്ന മനോഭാവം വളർത്തിയാൽ മാത്രമേ യഥാർത്ഥ പുരോഗതി സാധ്യമാകൂ. അതിനാൽ, പൗരധർമ്മം ഒരു പുസ്തകത്തിലെ നിർദ്ദേശമല്ല, പ്രതിദിന ജീവിതത്തിൽ പാലിക്കേണ്ട ജീവിക്കുന്ന മാർഗ്ഗദർശനമാണ്.

ഒരു രാജ്യത്തിന്റെ വളർച്ചയും സ്ഥിരതയും അതിലെ പൗരന്മാർ അവരുടെ ഉത്തരവാദിത്തങ്ങൾ എത്രത്തോളം മനസ്സിലാക്കി പാലിക്കുന്നുവെന്നതിലാണ് ആശ്രയിച്ചിരിക്കുന്നത്. ഇന്ത്യൻ ഭരണഘടനയിൽ പൗരന്മാർക്ക് അടിസ്ഥാന അവകാശങ്ങൾ നൽകിയിരിക്കുന്നതുപോലെ തന്നെ അവരുടെ കടമകളും വ്യക്തമാക്കിയിട്ടുണ്ട്. ഭരണഘടനയിലെ 51A-ാം ആർട്ടിക്കിളിലാണ് പൗരന്മാരുടെ അടിസ്ഥാന കടമകൾ സൂചിപ്പിച്ചിരിക്കുന്നത്. 1976-ൽ വന്ന 42-ാം ഭരണഘടന ഭേദഗതിയിലൂടെയാണ് ഇവ ഉൾപ്പെടുത്തിയത്. പിന്നീട് 86-ാം ഭേദഗതിയിലൂടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട മറ്റൊരു കടമ കൂടി ചേർത്തു. ഇന്നു ഭരണഘടനയിൽ 11 കടമകളാണ് പറയുന്നത്. ഭരണഘടന പൗരന്മാരുടെ കടമകളെക്കുറിച്ച് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും അവ നടപ്പാക്കുന്നതിലെ യാഥർത്ഥ്യങ്ങൾ പലവിധ വൈരുദ്ധ്യങ്ങളാൽ നിറഞ്ഞിരിക്കുന്നു. ഭരണഘടനയുടെ 51A-ാം ആർട്ടിക്കിളിൽ 11 കടമകൾ പറയപ്പെട്ടിട്ടുണ്ടെങ്കിലും അവയെക്കുറിച്ചുള്ള ബോധവത്കരണം പൊതുജനങ്ങളിൽ പരിമിതമാണ്. വിദ്യാലയങ്ങളിൽ കുട്ടികൾക്ക് കടമകളെക്കുറിച്ച് പഠിപ്പിക്കാറുണ്ടെങ്കിലും പ്രായോഗിക ജീവിതത്തിൽ വലിയൊരു വിഭാഗം അവയെ മറക്കുകയാണ് ചെയ്യുന്നത്. പൗരന്റെ കടമകളിൽ പലതും മുൻ അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നതിനാൽ അവയെല്ലാം ഇവിടെ വീണ്ടും അവതരിപ്പിച്ച് ആവർത്തന വിരസത ഉണ്ടാക്കുന്നില്ല.

ഇന്ത്യയിലും, പ്രത്യേകിച്ച് മലയാളി സമൂഹത്തിലും, ഏറെ വ്യാപകമായി കാണപ്പെടുന്ന ഒരു മാനസിക പ്രവണതയാണ് അഴിമതിയെ ജീവിതത്തിന്റെ ഭാഗമായി സ്വീകരിക്കുന്നത്. പലർക്കും അത് കുറ്റകരമായ ഒരു കാര്യമായി തോന്നുന്നില്ല. മ

റിച്ച് 'സാധാരണ രീതിയാണ്' എന്ന ധാരണയോടെയാണ് സമീപനം. കൈക്കൂലി നൽകൽ, നിയമപരിധിക്ക് പുറത്തുള്ള മാർഗ്ഗങ്ങൾ തേടൽ, അനധികൃത ഇടപാടുകൾ സ്വീകരിക്കൽ എന്നിവയെ സമൂഹം കുറ്റബോധമില്ലാതെ പതിവുപോലെ നടത്തുന്നു. ഇതിന്റെ അടിത്തറ, 'എന്ത് ചെയ്താലും സിസ്റ്റം മാറില്ല' എന്ന നിരാശാജനകമായ ധാരണയാണ്. അധികാര ഘടനകളിൽ അഴിമതി ആഴത്തിൽ പതിഞ്ഞിരിക്കുമ്പോൾ അതിനെ ചോദ്യം ചെയ്യാൻ ആവശ്യമായ ധൈര്യവും സഹനവും ആളുകൾ ക്രമേണ നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

ദൈനംദിന ജീവിതത്തിലെ നിരവധി ഇടങ്ങളിൽ– സർക്കാർ ഓഫീസുകളിൽ, പോലീസ് സ്റ്റേഷനുകളിൽ, അനുമതി നൽകുന്ന സംവിധാനങ്ങളിൽ, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ, ആശുപത്രികളിൽ– സാധാരണ ജനങ്ങൾ സമയം, പരിശ്രമം, മാനസികശാന്തി എന്നിവ സംരക്ഷിക്കാനായി നിയമാനുസൃത പ്രക്രിയ ഒഴിവാക്കി കൈക്കൂലി നൽകുന്നത് പതിവാണ്. ഇതിലൂടെ പലപ്പോഴും ഉടൻ പ്രശ്ന പരിഹാരം ലഭിക്കുന്നുണ്ടെങ്കിലും ദീർഘകാലത്തിൽ ഇത്തരം പ്രവണത തന്നെയാണ് അഴിമതിയെ കൂടുതൽ ശക്തിപ്പെടുത്തുകയും നിയമ സംവിധാനത്തെ ദുർബലപ്പെടുത്തുകയും ചെയ്യുന്നത്.

മലയാളി സമൂഹത്തിൽ ഇതിന് പിന്നിൽ പ്രവർത്തിക്കുന്നത് ഒരു പ്രായോഗിക സമീപനമാണ്. കാര്യങ്ങൾ വേഗത്തിൽ തീർക്കണമെന്ന ആഗ്രഹം ധാർമ്മികതയും നീതിയും മറികടക്കുന്നു. സർക്കാർ സംവിധാനങ്ങളിലെ അനിയന്ത്രിതാവസ്ഥയെ പലരും 'ഇങ്ങനെ തന്നെയാണ് കാര്യങ്ങൾ നടക്കാറുള്ളത്' എന്ന് തുറന്നു പറഞ്ഞ് ന്യായികരിക്കുന്നു. തെറ്റായ പ്രവൃത്തിയെ കുറ്റബോധമില്ലാതെ സ്വീകരിക്കാനും അത് പതിവ് പോലെ തുടരാനും സമൂഹം തന്നെ പ്രേരിപ്പിക്കുന്നു. ഈ മനോഭാവം തലമുറകളിലൂടെ കുട്ടികളിലും യുവാക്കളിലും പതിയുന്നു. മാതാപിതാക്കൾ തന്നെ നിയമം മറികടന്ന് അനധികൃത മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനോട് സഹകരിക്കുമ്പോൾ പുതുതലമുറയും അതിനെ ജീവിതത്തിന്റെ സ്വാഭാവിക ഭാഗമായി ഉൾക്കൊള്ളുന്നു. ഇതോടെ ഭാവിയിലെ പൗരന്മാരും അഴിമതിയുടെ വലയത്തിൽ കുടുങ്ങി സമൂഹം മുഴുവനും അതിന്റെ പിടിയിൽ കഴിയേണ്ടിവരുന്നു.

സാമൂഹിക സമ്മർദ്ദവും സഹപ്രവർത്തകരുടെയോ ബന്ധുക്കളുടെയോ 'അങ്ങനെ ചെയ്താൽ മാത്രം കാര്യം നടക്കും' എന്ന ഉപദേശവും വ്യക്തിയെ നിയമപരമായ വഴികൾ പരീക്ഷിച്ച് നോക്കാതിരിക്കാനും തെറ്റായ മാർഗ്ഗങ്ങൾ സ്വീകരിക്കാനും പ്രേരിപ്പിക്കുന്നു. പലപ്പോഴും, കൈക്കൂലി കൊടുക്കാത്തവർക്ക് കാര്യങ്ങൾ വൈകുന്നതും അനാവശ്യ തടസ്സങ്ങൾ നേരിടുന്നതും ഒടുവിൽ വഴങ്ങി തെറ്റായ മാർഗ്ഗം സ്വീകരിക്കാൻ അവരെ നിർബന്ധിതരാക്കുന്നു. അഴിമതിയെ ചോദ്യം ചെയ്യാതിരിക്കുന്നത് നിയമലംഘകരുടെ ധൈര്യം വർദ്ധിപ്പിക്കുകയും സത്യസന്ധരായ ഉദ്യോഗസ്ഥരെ ഒറ്റപ്പെടുകയും ചെയ്യുന്നു. ഇത് ഒടുവിൽ സമ്പൂർണ്ണ ഭരണ സംവി

ധാനത്തെ തന്നെ ജനവിശ്വാസത്തിൽ നിന്ന് അകറ്റി ഒരു 'അനിവാര്യ ദോഷം' എന്ന നിലയിലേക്ക് അഴിമതിയെ ഉയർത്തുന്നു. ഈ മനോഭാവം മാറാൻ വ്യക്തി തലത്തിൽ നിന്ന് ആരംഭിക്കുന്ന ധൈര്യവും കൂട്ടായ്മകളും അനിവാര്യമാണ്. ജനങ്ങളിൽ നിയമപരമായ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള ആത്മവിശ്വാസം വളർത്തുകയും കൈക്കൂലി നൽകാതെ കാര്യങ്ങൾ തീർക്കുന്നവർക്ക് സാമൂഹിക അംഗീകാരം നൽകുകയും ചെയ്യുന്നത് മാറ്റത്തിന് തുടക്കമാകാം. അല്ലെങ്കിൽ നാം ഒരിക്കലും സുതാര്യമായ ഒരു സമൂഹത്തെ കാണാനാകാതെ 'അഴിമതി ഒരു ഭാഗം മാത്രമാണ് 'എന്ന പഴയ തെറ്റായ വിശ്വാസത്തിൽ കുടുങ്ങിക്കിടക്കേണ്ടിവരും.

ഭാഷ, സംസ്കാരം, ശുചിത്വം എന്നീ വിഷയങ്ങളിൽ മലയാളിയുടെ ചിന്താഗതിയിൽ പതിറ്റാണ്ടുകളായി അസത്യാഭാസം നിറഞ്ഞിരിക്കുന്നു. 'ലോകത്തിലെ ഏറ്റവും മധുരമുള്ള ഭാഷ മലയാളമാണ്' എന്ന് അഭിമാനത്തോടെ പറയുമ്പോഴും നഗരങ്ങളിലെ യുവാക്കളുടെ സംഭാഷണങ്ങളിൽ മലയാളം തന്നെ നഷ്ടപ്പെട്ട് ആംഗലേയവും ഹിന്ദിയും കലർന്ന ഒരു സങ്കരഭാഷയാണ് വളരുന്നത്. ശരിയായി മലയാളം വായിക്കാനും എഴുതാനും പലർക്കും കഴിയാത്ത അവസ്ഥ വളർന്ന് വരുന്നത് മാതൃഭാഷയോടുള്ള തികഞ്ഞ അനാദരവാണ്. പുറമേ അഭിമാനത്തിന്റെ മുഖം കാണിച്ചാലും ഉള്ളിൽ ഇപ്പോഴും ബ്രിട്ടീഷുകാർ പതിപ്പിച്ച 'സ്വന്തം സംസ്കാരം തരംതാഴ്ന്നതാണ്' എന്ന വികലബോധമാണ് പിടിച്ചുകിടക്കുന്നത്.

'കേരള സംസ്കാരം ലോകത്തിന് മാതൃക' എന്ന വാദം ഉയരുമ്പോഴും, തൊഴിൽ രാഹിത്യവും, മദ്യവും മയക്കുമരുന്നും തകർക്കുന്ന കുടുംബങ്ങൾ, ലക്ഷ്യബോധമില്ലാത്ത യുവത്വം എന്നിവ പിന്നിൽ മറഞ്ഞുകിടക്കുന്നു. ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നവരിൽ പോലും മദ്യം, പുകവലി, മയക്കുമരുന്ന് വ്യാപകമാണെന്നത് വിദ്യാഭ്യാസത്തിന്റെയും സാമൂഹിക മൂല്യങ്ങളുടെയും തകർച്ച തുറന്ന് കാട്ടുന്നു. ശുചിത്വത്തിന്റെ കാര്യത്തിലും അതേ അവസ്ഥ നിലനിൽക്കുന്നു. 'കേരളം ലോകത്തിന് മാതൃകയായ ശുചിത്വസംസ്കാരമുള്ള സംസ്ഥാനം' എന്ന് പ്രഖ്യാപിച്ചാലും വഴിയരികുകളിലും പൊതുസ്ഥലങ്ങളിലും നിറഞ്ഞുനിൽക്കുന്നത് മലിന്യക്കൂമ്പാരങ്ങളാണ്. സ്വന്തം വീട്ടുമുറ്റം മാത്രം വൃത്തിയായി സൂക്ഷിച്ച് പൊതുസ്ഥലങ്ങളെ അവഗണിക്കുന്ന മനോഭാവം മലയാളിയുടെ 'ശുചിത്വ അഭിമാനം' വെറും വാചകങ്ങളാക്കി മാത്രം ചുരുക്കുന്നു. ഇതുപോലെത്തന്നെ പാൻ, ഖുട്ക തുടങ്ങിയ ഉപയോഗിച്ച് പൊതുഇടങ്ങൾ തുപ്പി വൃത്തിഹീനമാക്കുന്നത് ഉത്തരേന്ത്യക്കാരെപ്പോലെ തന്നെ 100% സാക്ഷരർ എന്ന് പറയുന്ന മലയാളികളിലും കുറഞ്ഞ തോതിൽ എങ്കിലും കാണപ്പെടുന്നു.

പൊതുസമ്പത്തുകളുടെ പരിപാലനത്തിൽ കാണുന്ന അവഗണന ഗുരുതരമാണ്. ബസ്സ്റ്റാൻഡുകൾ, പാർക്കുകൾ, പൊതുകെട്ടിടങ്ങൾ, പൊതുശൗചാലയങ്ങൾ തുടങ്ങി ജനങ്ങൾ പങ്കുവെക്കുന്ന ഇടങ്ങളിൽ മതിലുകൾ മലിനപ്പെടുത്തൽ, സൗ

കര്യങ്ങൾ നശിപ്പിക്കൽ, ഉപകരണങ്ങൾ അനാവശ്യമായി തകർക്കൽ തുടങ്ങിയ പ്രവൃത്തികൾ പതിവായി നടക്കുന്നു. 'ഇത് സർക്കാർ പണമാണ്, നമ്മുടെ സ്വന്തം അല്ല' എന്ന തെറ്റായ മനോഭാവമാണ് ഇത്തരം അനാസ്ഥയ്ക്ക് വഴിയൊരുക്കുന്നത്. അടിസ്ഥാന ശുചിത്വചട്ടങ്ങളായ മാലിന്യങ്ങൾ വേർതിരിക്കുന്നത് പോലും പല വീടുകളും സ്ഥാപനങ്ങളും അവഗണിക്കുന്നു. പ്ലാസ്റ്റിക്, ജൈവ മാലിന്യം, ഇ-മാലിന്യം എന്നിവ പ്രത്യേകം ശേഖരിക്കണമെന്ന് സർക്കാർ നിരവധി പ്രചാരണങ്ങൾ നടത്തിയിട്ടും, പൊതുവേ 'അത് സർക്കാരിന്റെ ജോലി' എന്നുള്ള നിലപാടാണ് നിലനിൽക്കുന്നത്. ഇത്തരം സമീപനം നഗരസഭകളെയും പഞ്ചായത്തുകളെയും അമിതഭാരത്തിൽ ആക്കി ശുചിത്വ സംവിധാനങ്ങളെ തകരാറിലാക്കുന്നു.

പൊതുസ്ഥലങ്ങൾ നമ്മുടെ നിത്യജീവിതത്തിന്റെ ഒരു അനിവാര്യ ഘടകമാണ്. ലൈബ്രറികൾ, കളിസ്ഥലങ്ങൾ, പബ്ലിക് റോഡുകൾ, പൊതുപരിസരങ്ങൾ എന്നിവ സമൂഹത്തിന്റെ സാംസ്കാരികവും സാമൂഹികവും സാമ്പത്തികവുമായ നിലപാടുകൾ ഉയർത്തുന്ന മുഖ്യ ഉപകരണങ്ങളാണ്. എന്നാൽ ഇത്തരം പൊതുസ്ഥലങ്ങൾക്കെതിരെ ഉളവാകുന്ന അവഗണന സമൂഹത്തിന്റെ സമ്പദ്‌വ്യവസ്ഥയേയും ജനങ്ങളുടെ അവകാശങ്ങളേയും നേരിട്ട് ബാധിക്കുന്നു. പൊതുപരിസരങ്ങൾ നശീകരിക്കൽ, ലഭ്യമായ സൗകര്യങ്ങൾ ദുരുപയോഗം ചെയ്യൽ, അനധികൃതമായ പോസ്റ്ററുകൾ പതിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ കാണപ്പെടുന്നത് ഒരു സജീവമായ സമൂഹത്തിന്റെ നിലപാട് തെളിയിക്കുന്നതല്ല. മറിച്ച്, അത് പൊതുസമ്മതത്തിന്റെ മാനദണ്ഡങ്ങളെ നിഷേധിക്കുന്നു. പൊതുസ്ഥലങ്ങളെ നശിപ്പിക്കുന്നത് സാമ്പത്തിക നഷ്ടത്തിന് മാത്രമല്ല, അവയുടെ സാമൂഹിക മൂല്യത്തിലും വലിയ ക്ഷതി സൃഷ്ടിക്കുന്നു. പാർക്കിലെ വൃക്ഷങ്ങളെ നശിപ്പിക്കൽ, ലൈബ്രറിയിലെ പുസ്തകങ്ങളിൽ കുത്തിക്കുറിയൽ, പൊതുമേഖല കെട്ടിടങ്ങളിലെ കോൺക്രീറ്റ് മതിലുകൾ തകർക്കൽ തുടങ്ങിയ പ്രവൃത്തികൾ ജനങ്ങൾക്ക് ലഭ്യമാകേണ്ട അടിസ്ഥാന സൗകര്യങ്ങളെ ചൂഷണം ചെയ്യുന്നതുപോലെയാണ്. ഇത്തരത്തിലുള്ള പെരുമാറ്റം സമൂഹത്തിലെ ഭാവിതലമുറകൾക്കും ദോഷകരമാണ്. കാരണം നശിപ്പിക്കപ്പെട്ട പൊതുസമ്പത്തിന്റെ നഷ്ടത്തിന്റെ ബാധ്യതയുടെ ഭാരം അവസാനം സമൂഹം തന്നെ അനുഭവിക്കേണ്ടിവരും.

അനധികൃത പോസ്റ്ററുകൾ പൊതുസ്ഥലങ്ങളിൽ പതിക്കുന്നത് മറ്റൊരു ഗൗരവമുള്ള പ്രശ്നമാണ്. നഗരങ്ങളിൽ വലിയ സ്ക്രീനുകൾ, മതിലുകൾ, ട്രാഫിക് ലൈറ്റുകൾ എന്നിവയ്ക്ക് പുറത്തായി പതിക്കുന്ന പോസ്റ്ററുകൾ നഗര പരിസരത്തിന്റെ ശോഭയും ക്രമസൗകര്യവും ഗണ്യമായി കുറയ്ക്കുന്നു. ഇത് ദേശത്തിന്റെ ദൃശ്യസൗന്ദര്യത്തെയും പൊതുസ്ഥലങ്ങളുടെ പ്രവർത്തനക്ഷമതയെയും ബാധിക്കുന്നു. മാത്രമല്ല, ഇത്തരം പ്രവൃത്തികളെ നിയന്ത്രിക്കാൻ സർക്കാർ ചിലവഴിക്കേണ്ട ശ്രമവും രാജ്യത്തിന്റെ സാമ്പത്തിക വിഭവങ്ങളെ ബാധിക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നു. പൊതുസ്ഥലങ്ങളുടെ ദുരുപയോഗം സ്വാർത്ഥതയുടെ ചിഹ്നമാണ്. ഇതിന്

എതിരായി കർശന നിയന്ത്രണങ്ങളും സാമൂഹിക ബോധവൽക്കരണവും നിർബ ന്ധമാണ്. ഓരോ വ്യക്തിയും സമൂഹത്തിന്റെ ഭാഗമാണെന്ന് തിരിച്ചറിയുകയും പൊതുസ്ഥലങ്ങളെ സംരക്ഷിക്കുന്നതിൽ സ്വന്തം പങ്ക് തിരിച്ചറിയുകയും ചെയ്യ ണം. പൊതുസമ്പത്ത് സംരക്ഷിക്കുന്നതിന്റെ മൂല്യങ്ങളെ മനസ്സിലാക്കി അവയെ നശിപ്പിക്കാതിരിക്കുക, സൗകര്യങ്ങൾ ദുരുപയോഗം ചെയ്യാതിരിക്കുക എന്നിവ സാമൂഹിക ഉത്തരവാദിത്വത്തിന്റെ അടിസ്ഥാനമാണ്. പൊതുസ്ഥലങ്ങളെ പ്രാ യോഗികവും ശുചിത്വപരവും സുരക്ഷിതവുമായ രീതിയിൽ ഉപയോഗിക്കുന്നത് സ മൂഹത്തെ ഏകീകൃതവും സ്ഥിരവുമായ നിലയിൽ നിലനിറുത്തുവാൻ സഹായിക്കു ന്നു. ഓരോ വ്യക്തിയുടെ ചെറിയ ശ്രദ്ധയും ഉത്തരവാദിത്വബോധവും പൊതുസ മ്മതത്തിന്റെ ഭൗതികവും മാനസികവുമായ മൂല്യത്തെ സംരക്ഷിക്കാൻ നിർണാ യകമാണ്.

ഗതാഗതനിയമങ്ങളുടെ പാലനത്തിലെ കുറവും ഇതേ മനോഭാവത്തിന്റെ തെളി വാണ്. സിഗ്നൽ മറികടക്കൽ, ഹെൽമറ്റ് ധരിക്കാതിരിക്കുക, അമിതവേഗത്തിൽ വാഹനമോടിക്കൽ, തെറ്റായ ദിശയിൽ യാത്ര ചെയ്യൽ തുടങ്ങി അനവധി നിയ മ ലംഘനങ്ങൾ ദിവസേന നടക്കുന്നു. വിരോധാഭാസകരമായി, നിയമം പാലി ക്കാത്തവരിൽ പലരും തന്നെ “ട്രാഫിക് പോലീസ് കൈക്കൂലി വാങ്ങുന്നു” എന്ന് വിമർശിക്കുന്നവരാണ്. സ്വന്തം ഉത്തരവാദിത്തക്കുറവ് അംഗീകരിക്കാതെ സർ ക്കാർ സംവിധാനത്തിലെ വീഴ്ചകളെ കുറ്റപ്പെടുത്താനുള്ള ആയുധമാക്കുന്ന പ്രവ ണതയാണ് ഇവിടെ പ്രതിഫലിക്കുന്നത്. എന്നാൽ നിയമം പാലിക്കാൻ പറയുന്ന ഉദ്യോഗസ്ഥർ പരസ്യമായി നിയമലംഘനങ്ങൾ നടത്തുന്നു എന്നതാണ് ദുഃഖക രമായ മറ്റൊരു വസ്തുത.

സത്യത്തിൽ, കേരളത്തിന്റെ പ്രബുദ്ധത പലപ്പോഴും വ്യക്തിയുടെ സ്വന്തം കാര്യ ങ്ങളിൽ മാത്രം ഒതുങ്ങുകയും സമൂഹത്തിന്റെ ആരോഗ്യമോ സംസ്കാരമോ വില കുറച്ച് കാണുകയും ചെയ്യുന്ന അവസ്ഥയിലാണ്. ഏറ്റവും വിരോധാഭാസകരമാ യ യാഥാർത്ഥ്യം, പൊതുപ്രവർത്തനങ്ങളുടെ നിലവാരത്തെക്കുറിച്ച് നിരന്തരം വി മർശിക്കുന്നവരിൽ പലരും തന്നെയാണ് നിയമ ലംഘനത്തിന്റെയും അനാസ്ഥ യുടെയും ഭാഗമാകുന്നത്. സ്വന്തം ജീവിതത്തിൽ നിയമാനുസൃതമായ പെരുമാറ്റം കൊണ്ടുവരാതെ മാറ്റം സർക്കാർ ഏകപക്ഷീയമായി നടത്തുമെന്ന പ്രതീക്ഷ യാ ഥാർത്ഥ്യ ബോധം നഷ്ടപ്പെടുത്തിയ തെറ്റായ നിലപാടാണ്.

പൗരബോധം ജനിപ്പിക്കാൻ വിദ്യാഭ്യാസം, മാതൃകാപരമായ നേതൃത്വം, സാമൂഹി ക ഉത്തരവാദിത്വം എന്നിവയാണ് അടിസ്ഥാനം. സ്വന്തം വീടിന്റെ ശുചിത്വവും ക്രമവും പോലെ പൊതുസ്ഥലങ്ങളെയും കാണാൻ പഠിക്കാത്തിടത്ത് യഥാർത്ഥ പുരോഗതി സാദ്ധ്യമല്ല. ‘നിയമം പാലിക്കുന്നത് ഒരു ഭാരമല്ല, മറിച്ച് എന്റെ കട മയാണ്’ എന്ന തിരിച്ചറിവ് വളരാതെ ഒരു സമൂഹവും മുന്നോട്ടുപോവുകയില്ല. കുട്ടി

കളുടെ മനസ്സിൽ നിറയ്ക്കേണ്ടത് അക്രമികളുടെയും അഴിമതിക്കാരുടെയും വ്യാജ ഗുണങ്ങൾ അല്ല. മറിച്ച്, ഒരു പൗരന്റെ കടമയും പൊതുസ്വത്തിനോടുള്ള ആദരവും തന്നെയാണ്. പൊതുസ്വത്തിനെ തകർക്കുന്നവൻ, സർക്കാർ വക സ്വത്തല്ല നശിപ്പിക്കുന്നത്. തന്റെ സ്വന്തം സമ്പാദ്യമാണ് കൈയ്യൊഴിയുന്നത്. നികുതി രൂപത്തിൽ സ്വന്തം കൈവിട്ടുപോയ സമ്പത്ത് പൊതുസ്വത്തായെത്തുന്നു. ആ തിരിച്ചറിവ് പൊതുമനസ്സിൽ ഉണ്ടാക്കിയെടുക്കുകയാണ് ആദ്യം വേണ്ടത്. ആയതിനാൽ തന്നെ, പൊതുസമ്പത്ത് സംരക്ഷിക്കുന്നത് ഒരു മഹത്തായ കടമയും ഉത്തരവാദിത്വവുമാണ്. കുട്ടികളെ ബാല്യത്തിൽ തന്നെ അദ്ധ്യാപകരും മാതാപിതാക്കളും പഠിക്കേണ്ടത് 'പൊതുസ്വത്ത് സംരക്ഷിക്കുന്നില്ലെങ്കിൽ അതിന്റെ നഷ്ടപരിഹാരം സ്വന്തം കൈയ്യിൽ നിന്നുതന്നെ നമ്മൾ വീണ്ടും അടയ്ക്കേണ്ടിവരും' എന്ന കടുത്ത സത്യമാണ്. വിദ്യാഭ്യാസം നൽകേണ്ടത് പുസ്തകവിജ്ഞാനത്തിൽ ഒതുങ്ങുന്നതല്ല. മറിച്ച്, ഉത്തരവാദിത്വബോധം ജീവിതത്തിലേക്ക് പതിയുന്നതാവണം. മുതിർന്നവരിൽ ഇത്തരം ബോധം വളർത്താനുള്ള ശ്രമം പലപ്പോഴും 'പട്ടിയുടെ വാൽ കുഴലിൽ ഇട്ടതുപോലെ' തികച്ചും ഫലമില്ലാത്തതായിരിക്കും. അതുകൊണ്ടു തന്നെ മാറ്റത്തിന്റെ വിത്ത് കുട്ടികളുടെ മനസ്സിൽ തന്നെ വിതയ്ക്കണം.

വിദ്യാർത്ഥി പ്രസ്ഥാനങ്ങളിൽ നിന്നും ഉയർന്ന വരുന്ന കുട്ടിനേതാക്കൾ പ്രതിക്ഷേധം എന്ന രൂപേണ രാജ്യത്തിന്റെ പൊതുമുതൽ നശിപ്പിച്ചാണ് പ്രാഗൽഭ്യം തെളിയിക്കാൻ ശ്രമിക്കുന്നത്. എന്ന് മാത്രമല്ല, സമരങ്ങളിലൂടെ അവർ മറ്റ വിദ്യാർത്ഥികളിൽ ഉണ്ടാക്കിയെടുക്കുന്ന തെറ്റായ സാമൂഹിക ധാരണയും ഈ നാശോന്മുഖ ഭീകരഭാവമാണ്. ജീവിതകാലം മുഴുവൻ ജനങ്ങളുടെ നികുതി പണം ധൂർത്തടിച്ച് ജീവിക്കാൻ മനക്കോട്ട കെട്ടുന്നവരെ സംബന്ധിച്ചിടത്തോളം പൊതുസമ്പത്ത് നശീകരണം എന്ന വിഷയം പ്രാധാന്യം അർഹിക്കുന്ന കാര്യമായി തോന്നുകയില്ല. പക്ഷെ, അദ്ധ്വാനിച്ച് ജീവിക്കുന്നവരും നികുതിദായകരുമായ പൊതുജനത്തെ സംബന്ധിച്ചിടത്തോളം ഈ ദുഷ്പ്രവർത്തി നഷ്ടം ഉണ്ടാക്കുന്ന ഒന്നാണ്. സമരത്തിന്റെ പേരിൽ പൊതുസമ്പത്ത് നശിപ്പിക്കുന്നവരെ സർക്കാർ നിയമങ്ങളാൽ ശിക്ഷിക്കാൻ തയ്യാറല്ലെങ്കിൽ (സാധ്യത കുറവാണ്) മിക്കവാറും രാഷ്ട്രീയ പ്രവർത്തകർ തന്നെയാകും പൊതുവിഭവങ്ങൾ നശിപ്പിക്കുന്നത്. ആയതിനാൽ നടപടി ഉണ്ടാവുക വിരളം. ജനം ഇവരെ കൈകാര്യം ചെയ്യേണ്ടിവരും. ഒരു നേതാവിന്റെ സ്ഥാനം വെറും ഭരണാധികാരിയുടെ സ്ഥാനം മാത്രമല്ല. നേതാവ് ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നവനും, അവരുടെ ക്ഷേമത്തിന് കരുതലേകുന്നവനും, അവരുടെ ഭയങ്ങൾ അകറ്റുന്നവനും, അവരുടെ ജീവിതത്തിൽ പുരോഗതി വിതയ്ക്കുന്നവനും ആയിരിക്കണം. നേതാവെന്നത് അധികാരത്തിന്റെ പ്രതീകം അല്ല. ഉത്തരവാദിത്വത്തിന്റെ, കരുണയുടെ, ആത്മാർത്ഥ സേവനത്തിന്റെ പ്രതിരൂപമാണ്. കുട്ടികൾ ചെറുപ്പം മുതൽ നേതൃധർമ്മത്തെ ഇങ്ങനെ തിരിച്ചറിയുമ്പോൾ മാത്രമേ ഭാവിയിലെ സമൂഹം സുതാര്യവും ഉത്തരവാദിത്വമുള്ളതുമായി ഉയർന്ന് വരികയുള്ളൂ.

രാജ്യത്തിന്റെ ഭരണഘടന, ദേശീയ പതാക, ദേശീയ ഗാനം എന്നിവ ആദരിക്കേണ്ടത് ഓരോ പൗരന്റെയും അടിസ്ഥാന കടമയാണ്. നാം ഇന്ന് അനുഭവിക്കുന്ന സ്വാതന്ത്ര്യം നേടിയെടുക്കാൻ ജീവൻ ബലി അർപ്പിച്ച മഹത്തായ സ്വാതന്ത്ര്യ സമര സേനാനികളുടെ ത്യാഗത്തെ ഓർക്കാനും ആദരിക്കാനും പൗരൻ ബാധ്യസ്ഥനാണ്. രാജ്യത്തിലെ സുരക്ഷിതമായതും അതിക്രൂരമായ ആക്രമണങ്ങൾക്ക് വിധേയമാകാത്തതുമായ കേരളം പോലുള്ള സംസ്ഥാനങ്ങളിൽ ദേശത്തിന് വേണ്ടി ജീവൻ ബലി അർപ്പിച്ചവരോടുള്ള മനോഭാവം ഭൂരിഭാഗം പേരിലും അവഗണന നിറഞ്ഞതാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യവും ഐക്യവും അഖണ്ഡതയും സംരക്ഷിക്കുന്നതിനും രാജ്യത്തിന് അപകടം സംഭവിച്ചാൽ രാജ്യത്തെ പ്രതിരോധിക്കുന്നതിനും എല്ലാ പൗരന്മാരും സജ്ജരായിരിക്കണം. രാജ്യത്തിന്റെ പതാക, ദേശീയ ഗാനം, ഭരണഘടന എന്നിവ ആദരിക്കേണ്ടത് കടമയായി പറയപ്പെടുന്നു. എന്നാൽ രാഷ്ട്രീയ നേട്ടത്തിനായി തന്നെ പലരും ഈ പ്രതീകങ്ങളെ അവഹേളിക്കാറുണ്ട്. ചിലപ്പോൾ നിയമസഭകളിലും പാർലമെന്റിലുമുള്ള നേതാക്കളാണ് ഭരണഘടനയുടെ ആത്മാവിനെ തന്നെ അവഗണിക്കുന്നത്. കടമകൾ സാധാരണ പൗരന്മാർക്ക് മാത്രമെന്ന് കരുതപ്പെടുകയും അധികാരികളോ നേതാക്കളോ അതിൽ നിന്ന് ഒഴിവാകുന്നു എന്ന ഒരു അവസ്ഥ സമൂഹത്തിൽ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു.

വോട്ടിംഗ് എന്നത് ഒരു ജനാധിപത്യ രാജ്യത്ത് പൗരൻ കൈവശം വച്ചിരിക്കുന്ന ഏറ്റവും ശക്തമായ രാഷ്ട്രീയ ആയുധമാണ്. എന്നാൽ ഇന്ത്യയിലും മലയാളി സമൂഹത്തിലും പൊതുവെ കാണപ്പെടുന്ന ഒരു ദുർബലത എന്തെന്നാൽ ഭരണപരമായ കഴിവുകൾക്കും പ്രവർത്തന ഫലങ്ങൾക്കും പകരം വർഗ്ഗം, മതം, സൗജന്യ വാഗ്ദാനങ്ങൾ, വികാരാധിഷ്ഠിത വിശ്വസ്തത അല്ലെങ്കിൽ പാർട്ടി ആശയധാര എന്നിവയെ അടിസ്ഥാനമാക്കി നേതാക്കളെ തിരഞ്ഞെടുക്കുന്ന പ്രവണതയാണ്. ഇതു ജനാധിപത്യത്തിന്റെ ഗുണനിലവാരത്തെ ഗുരുതരമായി ബാധിക്കുന്ന ഒരു വസ്തുതയാണ്. മിക്ക തിരഞ്ഞെടുപ്പുകളിലും സ്ഥാനാർത്ഥിയുടെ ഭരണപരമായ രേഖകളും കഴിവുകളും വിലയിരുത്താതെ തന്റെ ജാതിക്കാരനോ മതക്കാരനോ ആയതിനാൽ മാത്രമോ അല്ലെങ്കിൽ കുടുംബപരമായ രാഷ്ട്രീയ അനുകൂലതയുടെ പേരിലോ വോട്ട് ചെയ്യുന്നത് സാധാരണമാണ്. ചിലർ സ്ഥാനാർത്ഥി സമൂഹത്തിൽ ചെയ്യുന്ന വികസന പ്രവർത്തനങ്ങളേക്കാൾ 'നമ്മുടെ ആളാണ്' എന്ന വികാരത്തിന് മുൻഗണന കൊടുക്കുന്നു. ഇതിലൂടെ ഭരണത്തിന്റെ നിലവാരം, നയങ്ങളുടെ ഗുണനിലവാരം, പൊതുസേവനങ്ങളുടെ കാര്യക്ഷമത എന്നിവയുടെ പ്രാധാന്യം തിരഞ്ഞെടുപ്പിൽ നഷ്ടപ്പെടുന്നു.

സൗജന്യ വാഗ്ദാനങ്ങളും വോട്ടിംഗിലെ മറ്റൊരു പ്രധാന സ്വാധീനകാരണമാണ്. തിരഞ്ഞെടുപ്പ് സമയത്ത് സൗജന്യ വൈദ്യുതി, ധാന്യം, ഉപകരണങ്ങൾ, ധനസഹായങ്ങൾ തുടങ്ങിയവ വാഗ്ദാനം ചെയ്യുന്നത് പലപ്പോഴും വോട്ടർമാരെ ഭര

ണപരമായ വീഴ്ചകളിൽ നിന്ന് കണ്ണടയ്ക്കാൻ പ്രേരിപ്പിക്കുന്നു. ചിലർക്ക്, ഇത്തരം വാഗ്ദാനങ്ങൾ ഉടൻ ലഭിക്കുന്ന വ്യക്തിഗത ഗുണമായി തോന്നുമ്പോഴും ദീർഘകാലത്തിൽ അത് സാമ്പത്തികവും സാമൂഹികവുമായ ബാധ്യതകൾ സൃഷ്ടിക്കുന്നു. വികാരാധിഷ്ഠിത വിശ്വസ്തതയും പാർട്ടി ആശയധാരയോടുള്ള അന്ധമായ അനുകൂലതയും വോട്ടർമാരെ യഥാർത്ഥ പ്രകടനത്തിന്റെ വിലയിരുത്തലിൽ നിന്ന് അകറ്റുന്നു. 'എന്റെ കുടുംബം കാലങ്ങളായി ഈ പാർട്ടിക്കാണ് വോട്ട് ചെയ്യുന്നത്' അല്ലെങ്കിൽ 'ഈ പാർട്ടിയാണ് നമ്മുടെ മതത്തെ/ജാതിയെ സംരക്ഷിക്കുന്നത്' എന്ന രീതിയിലുള്ള ചിന്തകൾ ഭരണത്തിന്റെ കാര്യക്ഷമതയെ തിരഞ്ഞെടുപ്പിൽ അളക്കുന്ന അവസരം നഷ്ടപ്പെടുത്തുന്നു.

മലയാളി സമൂഹത്തിലും ഇത്തരം പ്രവണത തിരഞ്ഞെടുപ്പ് സമയത്ത് വ്യക്തമായി കാണാം. വിദ്യാഭ്യാസവും സാമൂഹിക ബോധവുമുള്ള സമൂഹമായിട്ടും സ്ഥാനാർത്ഥിയുടെ പ്രകടനത്തെക്കാൾ സ്വന്തം സാമൂഹിക/സമുദായിക തിരിച്ചറിവുകൾ മുൻനിർത്തി വോട്ട് ചെയ്യുന്നവർ കുറവല്ല. ചിലപ്പോൾ ഭരണപരമായ അഴിമതിയും പരാജയങ്ങളും വ്യക്തമായിരിക്കുമ്പോഴും 'വിരോധികൾ ജയിക്കാൻ പാടില്ല' എന്ന വികാരം വോട്ടർമാരെ പഴയ നേതൃത്വത്തോട് ചേർത്ത് നിർത്തുന്നു. ഇതിന്റെ ഫലമായി, ഭരണത്തിന്റെ നിലവാരം മെച്ചപ്പെടുത്താൻ ആവശ്യമായ രാഷ്ട്രീയ ഉത്തരവാദിത്വം ജനങ്ങളിൽ നിന്ന് നഷ്ടമാകുന്നു. രാഷ്ട്രീയ നേതാക്കൾക്കും അവർ ചെയ്ത പ്രവൃത്തികളേക്കാൾ സമൂഹ-മത-വർഗ്ഗ അടിത്തറ ശക്തമാക്കുക, സൗജന്യ വാഗ്ദാനങ്ങൾ നൽകുക, വികാരങ്ങളെ ഉണർത്തുക എന്നിവക്ക് മുൻഗണന നൽകാൻ പ്രേരണയുണ്ടാക്കുന്നു. സുസ്ഥിര ജനാധിപത്യത്തിനായി വോട്ടർമാർ സ്ഥാനാർത്ഥികളുടെ ഭരണപരമായ പ്രകടനവും നയപരമായ ദൂരദർശിത്വവും പൊതുജനങ്ങളുടെ ജീവിത നിലവാരം ഉയർത്താനുള്ള ശ്രമങ്ങളും അടിസ്ഥാനമാക്കി തീരുമാനമെടുക്കണം. ജാതി, മതം, സൗജന്യ വാഗ്ദാനം, പാർട്ടി വിശ്വസ്തത എന്നിവയ്ക്ക് മീതെ യാഥാർത്ഥ്യത്തിൽ പ്രവർത്തിക്കാൻ കഴിവുള്ള നേതാക്കളെ തിരഞ്ഞെടുക്കുമ്പോഴാണ് ഒരു രാജ്യത്തിന്റെ ഭാവി സുരക്ഷിതമാകുക.

ഒരു വ്യക്തിയുടെ യാഥാർത്ഥ്യത്തിലുള്ള പുരോഗതി അദ്ദേഹത്തിന്റെ തൊഴിൽ മേഖലയിലോ പദവിയിലോ അല്ല. മറിച്ച്, അവൻ എത്രമാത്രം ആത്മാർഥതയോടും നിഷ്ഠയോടും കൂടിയാണ് തന്റെ ജീവിതത്തെ നയിക്കുന്നത് എന്നതിലാണ് അളക്കപ്പെടുന്നത്. 'വ്യക്തിഗതമായും കൂട്ടായ്മയായും എല്ലാ രംഗങ്ങളിലും ഉയർച്ച ലക്ഷ്യമാക്കാൻ ശ്രമിക്കുക, അതിലൂടെ രാഷ്ട്രത്തെ ഉയർന്ന നിലകളിലേക്ക് വളരാൻ സഹായിക്കുക' എന്ന ഭരണഘടന കടമ ഓരോ പൗരന്റെയും ജീവിതത്തിനുള്ള ആത്മമന്ത്രമാണ്. ഉയർച്ച എന്നത് വെറും അക്കാദമിക് നേട്ടമോ ധന സമ്പാദനമോ അല്ല. അത് ചിന്തയുടെ ഗുണനിലവാരം, പ്രവർത്തനത്തിലെ സത്യനിഷ്ഠ, മറ്റുള്ളവരോടുള്ള ഉത്തരവാദിത്വം എന്നിവയുടെ സമന്വയമാണ്. ഒരു വിദ്യാർത്ഥി തന്റെ പഠനത്തിൽ ഉയർച്ച ലക്ഷ്യമിടുമ്പോൾ അവൻ ഭാവിയിലെ ഒരു മികച്ച

പൗരനെ സൃഷ്ടിക്കുന്നു. ഒരു അദ്ധ്യാപകൻ തന്റെ കർത്തവ്യം ഉത്സാഹത്തോടെ നിർവഹിക്കുമ്പോൾ അതിലൂടെ ഒരു തലമുറയെ ഉന്നതതയിലേക്ക് നയിക്കുന്നു. അതുപോലെ, സമൂഹമായി നാം കൂട്ടായ്മയുടെ ഉയർച്ച ലക്ഷ്യമാക്കുമ്പോൾ അഴിമതി രഹിതമായ ഭരണക്രമം, പരിസ്ഥിതി സംരക്ഷണം, ശാസ്ത്രീയ മനോഭാവം, കരുണാഭാവമുള്ള മനുഷ്യബന്ധങ്ങൾ എന്നിവയാണ് അതിന്റെ അടിത്തറ. ഓരോരുത്തരും സ്വന്തം മേഖലയിൽ ഔന്നിത്വം നേടാനുള്ള ശ്രമം നടത്തുന്നിടത്ത് രാജ്യത്തിന്റെ ആകെയുള്ള പ്രഗതിയും ആത്മാഭിമാനവും ഉയരുന്നു. തൊഴിൽ മേഖലയിലും, കുടുംബജീവിതത്തിലും, സമൂഹസേവനത്തിലും ഉയർച്ച ലക്ഷ്യമാക്കുന്ന ഈ മനോഭാവം ആത്മാവിൽ ഉണരുമ്പോൾ അത് ഒരാളുടെ ജീവിതരീതിയാകും. അത് രാജ്യത്തിന്റെ ആത്മാവിൽ പ്രചോദനമായി മാറും. ഒരു മിന്നുന്ന നക്ഷത്രം പോലെ ഓരോ പൗരനും തങ്ങളുടെ പ്രകാശം പകരുമ്പോൾ, ആ വെളിച്ചങ്ങൾ ചേർന്നാണ് ഒരു രാജ്യത്തെ ഉജ്ജ്വലമാക്കുന്നത്. അതുകൊണ്ട്, ഉയർച്ച തേടുന്ന ശ്രമം സ്വാർത്ഥമല്ല. അത് സ്വയം തന്നെയും രാഷ്ട്രത്തെയും ഒന്നിച്ച് ഉയർത്തുന്ന ആന്തരിക പ്രവർത്തനം ആണ്.

മനുഷ്യന്റെ പുരോഗതിയുടെ അടിസ്ഥാനം അവന്റെ ചിന്താശേഷിയിലാണ്. അന്ധവിശ്വാസങ്ങളുടെയും അനാവശ്യ ആചാരങ്ങളുടെയും ബന്ധനങ്ങളിൽ നിന്ന് മനസിനെ മോചിപ്പിച്ച് സത്യാന്വേഷണത്തിലേക്ക് നയിക്കുന്നതാണ് ശാസ്ത്രീയ ചിന്താഗതിയുടെ യഥാർത്ഥ അർത്ഥം. 'ശാസ്ത്രീയ ചിന്താഗതിയും മനുഷ്യസ്നേഹവും അന്വേഷണം, നവീകരണം എന്നിവയുടെ മനോഭാവവും വളർത്തുക' എന്ന ഭരണഘടന കടമ നമ്മെ ബുദ്ധിയുടെയും കാരുണ്യത്തിന്റെയും പാതയിലൂടെ ഒരുമിച്ചുയരാൻ ആഹ്വാനം ചെയ്യുന്നു. ശാസ്ത്രീയ ചിന്താഗതിയെന്നത് വെറും പരീക്ഷണശാലയിലെ ഗവേഷണങ്ങളോ ശാസ്ത്രപഠനങ്ങളോ മാത്രമല്ല. അത് ജീവിതത്തെ കാണുന്ന സമീപനമാണ്. സംശയിക്കാനും ചോദ്യങ്ങൾ ചോദിക്കാനും, ഉത്തരം കണ്ടെത്താനും ധൈര്യം ഉണ്ടാകുക എന്നതാണ് അതിന്റെ ഹൃദയം. യഥാർത്ഥ ശാസ്ത്രീയ മനസ്സ് വിശ്വാസത്തെ തള്ളുന്നില്ല. പക്ഷേ, അവിശ്വാസത്തിന്റെ ഇരുട്ടിൽ അലയുന്നവരെ പ്രകാശത്തിലേക്ക് നയിക്കുന്നു. അതാണ് സാമൂഹിക ബോധത്തിന്റെ ആദ്യപടി. മനുഷ്യസ്നേഹം ഈ ചിന്താശേഷിയെ സമതുലിതമാക്കുന്ന ദിവ്യമായ ഗുണമാണ്. ശാസ്ത്രം ബുദ്ധിയെ ഉണർത്തുമ്പോൾ, മനുഷ്യസ്നേഹം ഹൃദയത്തെ ഉണർത്തുന്നു. അന്വേഷണവും നവീകരണവും ഈ രണ്ടിന്റെയും ഫലമാണ്. ഓരോ പുത്തൻ ആശയവും, ഓരോ നവീകരണവും, ഒരു സംശയത്തിന്റെ വിത്തിൽ നിന്നാണ് വളരുന്നത്. ചോദിക്കാൻ ധൈര്യം ഉണ്ടെങ്കിൽ, പുതുമയുടെ പാത സ്വയം തുറക്കും. ഈ മനോഭാവം വളർത്തുന്ന സമൂഹം ഒരിക്കലും പിന്നോക്കം പോകുകയില്ല. അത് നിരന്തരം മാറ്റത്തിന്റെ, വളർച്ചയുടെ, ഉജ്ജ്വലതയുടെ വഴിയിലായിരിക്കും. ശാസ്ത്രീയ ചിന്തയും മനുഷ്യസ്നേഹവും ഒരുമിച്ചു വളരുമ്പോഴാണ് മനുഷ്യൻ യഥാർത്ഥ അർത്ഥത്തിൽ സംസ്കാരവാനാകുന്നത്.

സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതും ഭരണഘടന പ്രകാരം പൗരന്റെ കടമയിൽ ഉൾപ്പെടുന്നു. കല, സാഹിത്യം, സംഗീതം, ശില്പം തുടങ്ങിയ മേഖലകൾ രാജ്യത്തിന്റെ അഭിമാനമാണ്. അവയെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക പൗരന്റെ കടമയാണ്. ട്രാഫിക് നിയമങ്ങൾ പാലിക്കുക, നികുതി അടയ്ക്കുക, ആരോഗ്യ സംരക്ഷണം ഉറപ്പാക്കുക, കുറ്റകൃത്യങ്ങളിൽ സഹകരിക്കാതെ അധികാരികളെ സഹായിക്കുക തുടങ്ങി നിത്യജീവിതത്തിൽ നാം അനുസരിക്കേണ്ട നിരവധി കടമകൾ ഭരണഘടന നമ്മെ ഓർമ്മപ്പെടുത്തുന്നു. സാമൂഹിക ഐക്യം വളർത്തുന്നതും ജനങ്ങൾ തമ്മിൽ സഹോദര്യം പുലർത്തുന്നതും ഒരു വലിയ കടമയാണ്. മതം, ഭാഷ, ജാതി, പ്രദേശം തുടങ്ങിയ വ്യത്യാസങ്ങൾ മറികടന്ന് സമഗ്രമായ ദേശീയ ഐക്യത്തിലേക്കാണ് കടമകൾ നമ്മെ നയിക്കുന്നത്. സ്ത്രീകളുടെ മാനവും അവകാശങ്ങളും സംരക്ഷിക്കുക, കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുക, തൊഴിലാളികളുടെ ക്ഷേമം സംരക്ഷിക്കുക എന്നിവയും കടമകളുടെ ഭാഗമാണ്. പൊതുസമ്പത്തുകൾ സംരക്ഷിക്കുന്നതും, പൊതുസ്ഥലങ്ങളുടെ ശുചിത്വം നിലനിർത്തുന്നതും പൗരന്റെ സാമൂഹിക ഉത്തരവാദിത്വമാണ്. സ്ത്രീകളുടെ മാനവും അവകാശങ്ങളും സംരക്ഷിക്കണമെന്ന് ഭരണഘടന പറയുന്നുണ്ടെങ്കിലും ഇന്ത്യയിൽ ഇന്നും സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും വിവേചനങ്ങളും വ്യാപകമാണ്. സ്ത്രീശാക്തീകരണത്തെക്കുറിച്ച് പ്രസംഗങ്ങൾ നടക്കുമ്പോഴും, തൊഴിൽ, വിദ്യാഭ്യാസം, സുരക്ഷ തുടങ്ങിയ മേഖലകളിൽ അവരെ പിന്നോക്കം നിർത്തുന്ന സാഹചര്യങ്ങൾ തുടരുന്നു. ഇതൊരു വലിയ വൈരുദ്ധ്യമാണ്.

രാഷ്ട്രീയത്തെ ഒരു ഗൗരവമേറിയ പൊതുപ്രവർത്തന മേഖലയായി കാണുന്നതിനെക്കാൾ ഒരു വിനോദവിഷയമായി കാണുന്ന പ്രവണത വർദ്ധിച്ചുകൊണ്ടിരിക്കുന്നു. നയപരമായ കാര്യങ്ങളിൽ, പ്രത്യേകിച്ച് സാമ്പത്തികം, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകളിലെ ചർച്ചകളിൽ പൊതുജന പങ്കാളിത്തം വളരെ കുറവാണ്. പലർക്കും, ഇത്തരം വിഷയങ്ങൾ 'സർക്കാരിന്റെയും വിദഗ്ദ്ധരുടെയും കാര്യമാണ്' എന്ന ധാരണ ശക്തമാണ്. എന്നാൽ, ദിനംപ്രതി നമ്മെ ബാധിക്കുന്ന വിലക്കയറ്റം മുതൽ അടിസ്ഥാന സൗകര്യങ്ങളുടെ നിലവാരം വരെ, എല്ലാം നയപരമായ തീരുമാനങ്ങളിലൂടെ മാത്രമേ നിയന്ത്രിക്കപ്പെടുന്നുള്ളൂ എന്ന ബോധ്യം പൊതുവെ നഷ്ടമാണ്. പാർട്ടി അടിമത്വത്തിൽ രാഷ്ട്രീയ നേതാക്കളുടെ തെറ്റുകളെ ന്യായീകരിക്കുന്ന പ്രവണത സമൂഹത്തിൽ വളർന്ന് കൊണ്ടിരിക്കുന്നതിനാൽ സർക്കാരിന്റെ നയപരമായ വീഴ്ചകളും ഭരണപരമായ പരാജയങ്ങളും തുറന്നുപറയാൻ ആളുകൾക്ക് മടി തോന്നുന്നു.

പൗരന്മാർ രാഷ്ട്രീയത്തിൽ നിന്ന് അകലം പാലിക്കാനുണ്ടാകുന്ന മറ്റൊരു കാരണമാണ് 'ഒറ്റ മനുഷ്യന്റെ ശബ്ദം മാറ്റമുണ്ടാക്കില്ല' എന്ന നിരാശ. എന്നാൽ, പൊതുയോഗങ്ങളിൽ പങ്കെടുക്കുക, പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുമായി ഇടപെടുക, ഭരണനയങ്ങളെക്കുറിച്ച് പഠിക്കുകയും അഭിപ്രായം രേഖപ്പെടുത്തുകയും

ചെയ്യുക ഇവയൊക്കെയാണ് ഒരു സജീവ ജനാധിപത്യത്തിന്റെ അടിത്തറ. ഇന്നത്തെ സാഹചര്യത്തിൽ, രാഷ്ട്രീയത്തെ വിനോദത്തിന്റെയും സോഷ്യൽ മീഡിയ ചർച്ചകളുടെയും പരിധിയിൽ അടയ്ക്കുന്ന മനോഭാവം, ഭരണപരമായ ഉത്തരവാദിത്വം ചോദ്യം ചെയ്യാനുള്ള ജനങ്ങളുടെ കഴിവിനെ തന്നെ കുറയ്ക്കുന്നു. നേതാക്കൾക്കും ജനങ്ങൾ വിശദമായ നയ ചർച്ചകളിൽ പങ്കെടുക്കുന്നില്ലെന്ന അറിവ് അവരെ പൊതുജനത്തിനു മുന്നിൽ ഉത്തരവാദിത്വം വഹിക്കുന്നതിനേക്കാൾ വികാരാധിഷ്ഠിത പ്രചാരണങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ പ്രേരിപ്പിക്കുന്നു. ഈ പ്രവണത മാറാൻ മാധ്യമങ്ങളും വിദ്യാഭ്യാസവും കൂടി ചേർന്ന് നയപരമായ വിഷയങ്ങളിൽ ജനങ്ങളെ ബോധവൽക്കരിക്കേണ്ടത് അനിവാര്യമാണ്. വ്യക്തിപരമായ പഠനശീലവും വസ്തുതാപരമായ വിവരങ്ങളെ മുൻനിർത്തിയുള്ള വിമർശനാത്മക ചിന്തയും മാത്രമാണ് രാഷ്ട്രീയത്തെ വിനോദത്തിലേക്ക് ചുരുക്കുന്ന മനോഭാവത്തിൽ നിന്ന് സമൂഹത്തെ രക്ഷപ്പെടുത്താൻ കഴിയുന്ന ഏക മാർഗ്ഗം.

സമൂഹത്തിൽ പൊതുവായി കാണപ്പെടുന്ന മറ്റൊരു ഗുരുതര മനോഭാവമാണ് ഭരണത്തിലെ ശരാശരി നിലവാരം സഹിക്കുകയും അതിനെ 'സാധാരണ' എന്ന് കരുതുകയും ചെയ്യുന്ന പ്രവണത. റോഡുകൾ കുഴികളാൽ നിറഞ്ഞിരിക്കുകയോ, സർക്കാർ ആശുപത്രികളിൽ ചികിത്സ വൈകുകയോ, പൊതുസേവനങ്ങൾ സമയബന്ധിതമായി ലഭിക്കാതിരിക്കുകയോ ചെയ്താലും, പൊതുജനങ്ങൾ അതിനെ ഭരണത്തിന്റെ സ്വാഭാവിക അവസ്ഥയായി അംഗീകരിക്കുന്നതാണ് പതിവ്. പൊതുസൗകര്യങ്ങളുടെ നിലവാരത്തെക്കുറിച്ചുള്ള പ്രതീക്ഷകൾ തന്നെ കുറവായതിനാൽ ഭരണഘടനയുടെ അടിസ്ഥാന ലക്ഷ്യമായ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുക എന്നത് പലപ്പോഴും തിരശീലയ്ക്ക് പിന്നിലാകുന്നു. റോഡുകൾ ഒരു മഴക്കാലം കഴിഞ്ഞാൽ തന്നെ തകർന്നുപോകുന്നത്, പാലങ്ങൾ ഭാഗികമായി പണിത ശേഷം വർഷങ്ങളോളം ഉപേക്ഷിക്കപ്പെടുന്നത്, സർക്കാർ ഓഫീസുകളിൽ അപേക്ഷകൾ മാസങ്ങളോളം തീർപ്പാകാതെ കിടക്കുന്നത് തുടങ്ങിയവയെല്ലാം ജനങ്ങളുടെ സഹിഷ്ണുത കൊണ്ട് മാത്രം നിലനിൽക്കുന്ന പ്രവൃത്തികളാണ്. മലയാളി സമൂഹത്തിലും, 'ഇന്ത്യയിൽ കാര്യങ്ങൾ ഇങ്ങനെ തന്നെയാണ്' എന്നൊരു സമ്മതബോധം ശക്തമാണ്. ഒരിക്കൽ പരാതിപ്പെട്ട് പ്രതികരണം ലഭിക്കാതെ പോയാൽ പലരും വീണ്ടും പരാതിപ്പെടാൻ പോലും തയ്യാറാകുന്നില്ല. ചിലപ്പോൾ, ചെറിയ പുരോഗതി പോലും വലിയ നേട്ടം എന്ന് കാണുന്ന പ്രവണത ഭരണനിലവാരം മെച്ചപ്പെടുത്താനുള്ള ജനങ്ങളുടെ സമ്മർദ്ദം കുറയ്ക്കുന്നു. ഭരണത്തിലെ ശരാശരിയെ സഹിക്കുന്ന ഈ മനോഭാവം ജനങ്ങളെ നിഷ്ക്രിയരാക്കുന്നു. പൊതുപ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം ചോദ്യം ചെയ്യാതെ ഭരണ സംവിധാനത്തിലെ വീഴ്ചകളോട് ആളുകൾ ഒത്തു പോകുമ്പോൾ, അധികാരികൾക്കും ഉയർന്ന നിലവാരം പാലിക്കാനുള്ള ഉത്തരവാദിത്വം നഷ്ടമാകുന്നു. 'ജനങ്ങൾക്ക് ഇത് മതിയാകും' എന്ന ധാരണ ഭരണകർത്താക്കളുടെ ഇടയിൽ ശക്തിപ്പെടുന്നു.

സർക്കാർ സേവനങ്ങളുടെ ഗുണനിലവാരത്തിൽ കുറഞ്ഞ പ്രതീക്ഷകൾ നിലനിൽക്കുന്നതിന്റെ മറ്റൊരു പ്രതികൂല ഫലമാണ് സ്വകാര്യ മേഖലയുടെ അമിത ആശ്രയത്വം. സർക്കാർ ആശുപത്രികളുടെ വൈകല്യങ്ങൾ കാരണം പലരും സ്വകാര്യ ആശുപത്രികൾ തേടുന്നു. പൊതുപാഠശാലകളുടെ ഗുണനിലവാരം കുറവായതിനാൽ സ്വകാര്യ വിദ്യാലയങ്ങളിൽ പോകുന്നു. ഇതിലൂടെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾ കൂടുതൽ ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരികയും, സാമൂഹിക അസമത്വം വർദ്ധിക്കുകയും ചെയ്യുന്നു. മാതാപിതാക്കൾ 6 മുതൽ 14 വയസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകേണ്ട ഉത്തരവാദിത്വവും ഭരണഘടന വ്യക്തമാക്കുന്നു. എന്നാൽ പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിന്റെ മൂല്യാപചയം സർക്കാർ സംവിധാനത്തേക്കാൾ കൂടുതൽ ജനങ്ങളുടെ പ്രതികരണശേഷിക്കുറവ് മൂലമാണ് എന്ന് ജനങ്ങൾ സമ്മതിക്കാറില്ല. പലപ്പോഴും, പൊതുസേവനങ്ങളുടെ നിലവാരം മെച്ചപ്പെടുത്താൻ വേണ്ട നടപടികൾ ജനങ്ങൾ തന്നെ ആവശ്യപ്പെടുന്നില്ല. വികസനപ്രവർത്തനങ്ങളിൽ വൈകല്യങ്ങൾ, കരാർ ജോലികളിലെ അഴിമതി, നിർമ്മാണത്തിന്റെ നിലവാരക്കുറവ് എന്നിവയെക്കുറിച്ച് ശക്തമായ പൊതു പ്രതികരണങ്ങൾ ഉണ്ടാകാത്തത് ഭരണത്തിലെ ശരാശരി നില തുടരാൻ സഹായിക്കുന്നു. സത്യത്തിൽ സർക്കാരുകളുടെ അടിസ്ഥാനം എന്നത്, ജനങ്ങളുടെ ഉന്നമനത്തിനായി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ ജനങ്ങൾ കൂടിച്ചേർന്ന് സംഭാവന ചെയ്ത് അവർ സൃഷ്ടിക്കുന്ന അടിസ്ഥാന സൗകര്യങ്ങളാണ്. എന്നാൽ അതിലേക്ക് നികുതിയായി സംഭാവന ചെയ്യുകയും അതിന്റെ നടത്തിപ്പിലും ശോചനീയാവസ്ഥയിലും പ്രതികരിക്കാതെ അതെ സൗകര്യങ്ങൾക്ക് വേണ്ടി സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിച്ച് ഇരട്ടി ചെലവ് സഹിക്കുകയും ചെയ്യുന്നതാണ് ഇന്നുകാണുന്ന പ്രഹേളിക നിറഞ്ഞ പ്രബുദ്ധത.

ഈ പ്രവണതയിൽ നിന്ന് മോചിതരാകാൻ പൗരന്മാരിൽ ഉയർന്ന നിലവാരമുള്ള ഭരണത്തിനുള്ള അവകാശ ബോധം വളർത്തേണ്ടതാണ്. പരാതികൾ രജിസ്റ്റർ ചെയ്യുക, പൊതുയോഗങ്ങളിൽ പങ്കെടുക്കുക, മാധ്യമങ്ങളിലൂടെ പ്രശ്നങ്ങൾ ഉയർത്തിക്കാട്ടുക, നിയമപരമായ വഴികൾ പിന്തുടരുക – ഇവയെല്ലാം ഭരണഘടനാ മൂല്യങ്ങൾ ശക്തിപ്പെടുത്താനുള്ള മാർഗ്ഗങ്ങളാണ്. ഭരണത്തിലെ ശരാശരി നിലവാരം 'സാധാരണ' എന്ന നിലയിൽ അംഗീകരിക്കുന്ന ഓരോ നിമിഷവും, ഭാവി തലമുറകൾക്കും അതേ നിലവാരത്തോട് ഒത്തുപോകേണ്ട അവസ്ഥ സംജാതമാകുന്നു. അതിനാൽ, ഉയർന്ന നിലവാരത്തിനുള്ള ആവശ്യം സ്ഥിരമായി ഉയർത്തിപ്പിടിക്കുമ്പോഴാണ് സുതാര്യവും കാര്യക്ഷമവുമായ ഭരണത്തെ ഒരു യാഥാർത്ഥ്യമായി മാറ്റാൻ കഴിയുക.

മലയാളികൾക്ക് ബൗദ്ധിക ചർച്ചകളോടും വാക്കിന്റെ ശക്തിയോടും പ്രത്യേകമായ അഭിമാനബോധമുണ്ട്. എന്നാൽ, പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സ്വയം

സമയമോ പരിശ്രമമോ ചിലവഴിക്കാൻ തയ്യാറാകുന്നവരുടെ എണ്ണം വളരെ കുറവാണ്. ഉദാഹരണത്തിന്, നഗരത്തിലെ മാലിന്യ പ്രശ്നത്തെക്കുറിച്ച് മണിക്കൂറുകളോളം ചർച്ച ചെയ്യുന്നവരിൽ യാഥാർത്ഥ്യത്തിൽ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ, പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിക്കാൻ അല്ലെങ്കിൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കാൻ തയ്യാറാകുന്നവർ വിരളമാണ്.

ഈ പ്രവണതയ്ക്ക് പിന്നിൽ പ്രവർത്തിക്കുന്ന ഒരു പ്രധാന കാരണമാണ് 'എന്റെ ചെറിയ ശ്രമം കൊണ്ട് ഒന്നും മാറില്ല' എന്ന നിരാശാപരമായ ധാരണ. മറ്റൊരു പാട് പേർക്ക് അവരുടെ ജോലി, കുടുംബജീവിതം, വ്യക്തിപരമായ കാര്യങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകുന്നതിനാൽ പൊതുപ്രവർത്തനങ്ങൾക്കായി സമയം മാറ്റിവെയ്ക്കാൻ താൽപര്യമില്ല. ചിലപ്പോൾ, സ്വമേധയായും പ്രവർത്തിക്കാൻ തുടങ്ങുന്നവരെ സമൂഹം തന്നെ 'പ്രദർശനമായി' കാണുകയും വിമർശിക്കുകയും ചെയ്യുന്നത് ആളുകളുടെ മനസിൽ പ്രതികൂലമായൊരു ഭയം സൃഷ്ടിക്കുന്നു. സാമൂഹിക മാധ്യമങ്ങൾ ഇത്തരം പ്രവണതയെ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. പ്രശ്നങ്ങളെക്കുറിച്ച് പോസ്റ്റുകൾ ഇടുക, വിമർശനപരമായ കമന്റുകൾ എഴുതുക, ചിത്രങ്ങളും വീഡിയോകളും ഷെയർ ചെയ്യുക എന്നിവ വഴി, പലർക്കും ഒരു 'സാമൂഹിക പങ്കാളിത്തം' ഉണ്ടെന്ന തോന്നൽ ലഭിക്കുന്നു. എന്നാൽ, ഓൺലൈൻ പങ്കാളിത്തം മാത്രമല്ല, തൊട്ടറിയാവുന്ന പ്രവർത്തനങ്ങളാണ് യഥാർത്ഥ മാറ്റത്തിനാവശ്യമായത്.

പ്രവർത്തിയിൽ കാണാത്ത ചർച്ചകളുടെ പ്രശ്നം, ഭരണാധികാരികൾക്കും സുഖകരമാണ്. ജനങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അവർക്ക് ജനങ്ങളിൽ നിന്ന് നേരിട്ടുള്ള സമ്മർദ്ദം നേരിടേണ്ടിവരുന്നില്ല. അതുവഴി, പ്രശ്നപരിഹാരത്തിനായി അധികാരികൾ അടിയന്തിരമായി നടപടിയെടുക്കേണ്ട സാഹചര്യം ഉണ്ടാകുന്നില്ല. ഈ പ്രവണതയിൽ നിന്ന് മോചിതരാകാൻ ചർച്ചകൾക്ക് പ്രവർത്തനപരമായ തുടർച്ച നൽകുന്ന സംസ്കാരം വളർത്തേണ്ടതുണ്ട്. ചെറിയ തോതിലും വ്യക്തിപരമായ ശ്രമങ്ങൾ ആരംഭിക്കാം. ഒരു പ്രദേശത്തെ വൃത്തിയാക്കൽ, ഒരു സ്കൂളിൽ പഠനസഹായം നൽകൽ, റോഡ് സുരക്ഷ ബോധവൽക്കരണം നടത്തൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ തുടങ്ങി തങ്ങളാൽ കഴിയുന്നത് എന്തും. ഇതിലൂടെ, സമൂഹത്തിൽ മാതൃകകൾ സൃഷ്ടിക്കുകയും കൂടുതൽ ആളുകളെ പ്രവർത്തനത്തിലേക്ക് കർമ്മനിരതരാവാൻ പ്രേരിപ്പിക്കുകയും ചെയ്യാം.

വാക്കുകൾക്ക് പ്രചോദനവും ബോധവൽക്കരണവും നൽകുന്ന ശക്തിയുണ്ടെങ്കിലും, പ്രവൃത്തിയില്ലാതെ അവയ്ക്ക് ദീർഘകാല ഫലം ഉണ്ടാകില്ല. പ്രശ്നങ്ങളെക്കുറിച്ച് ആവേശത്തോടെ സംസാരിക്കുന്ന അതേ ശക്തി പ്രവർത്തനത്തിലേക്കും സമൂ

ഹത്തിലെ യഥാർത്ഥ മാറ്റത്തിലേക്കും തിരിച്ചു വിടുമ്പോഴാണ് ഒരു ഉത്തരവാദിത്തമുള്ള പൗരസംസ്കാരം വളരുക.

മലയാളി സമൂഹത്തിലും സാമൂഹിക മാധ്യമ ഗ്രൂപ്പുകളിൽ, കുടുംബസംഗമങ്ങളിലും, സൗഹൃദ കൂട്ടായ്മകളിലും, 'കേട്ടത്' മാത്രം അടിസ്ഥാനമാക്കിയുള്ള ചർച്ചകൾ നടക്കാറുണ്ട്. ഉദാഹരണത്തിന്, സർക്കാർ നടപ്പിലാക്കുന്ന ഒരു നയത്തെക്കുറിച്ചോ ഒരു പൊതുസംഭവത്തെക്കുറിച്ചോ പൂർണ്ണ വിവരങ്ങൾ ലഭിക്കാതെ തന്നെ വ്യക്തമായ അഭിപ്രായങ്ങൾ രൂപപ്പെടുകയും അത് തുറന്നുപറയുകയും ചെയ്യുന്നു. പലപ്പോഴും, ഇത്തരം അഭിപ്രായങ്ങൾ വികാരാധിഷ്ഠിതവും പക്ഷപാതപരവുമാകുന്നു. അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ പേരിൽ വിദ്വേഷ പ്രസ്താവനകളും അധിക്ഷേപ പരമായ പരാമർശങ്ങളും നടത്തുന്നത് ഒരു ജനാധിപത്യ സംസ്കാരത്തിന് അപകടകരമാണ്. മത-ജാതി അടിസ്ഥാനത്തിലുള്ള തെറ്റായ ആരോപണങ്ങൾ, വ്യക്തിപരമായ, അപകീർത്തികരമായ പ്രസ്താവനകൾ, സാമൂഹിക വിഭാഗങ്ങളെ തമ്മിൽ തിരിക്കുന്ന തരത്തിലുള്ള സന്ദേശങ്ങൾ ഇവയെല്ലാം സമൂഹത്തിലെ ഐക്യത്തിന് നേരിട്ടുള്ള ഭീഷണിയാണ്.

സ്വാതന്ത്ര്യത്തിനൊപ്പം ഉത്തരവാദിത്വവും ഉണ്ടായിരിക്കണം എന്നതാണ് അടിസ്ഥാനതത്വം. അഭിപ്രായം പ്രകടിപ്പിക്കുന്നതിന് മുമ്പ് വസ്തുതകൾ വിശ്വാസ്യതയുള്ള ഉറവിടങ്ങളിൽ നിന്ന് പരിശോധിക്കുക, വാക്കുകൾ സമൂഹത്തിൽ ഉണ്ടാക്കുന്ന പ്രതിഫലനങ്ങൾ മനസിലാക്കുക, വ്യത്യസ്ത കാഴ്ചപ്പാടുകൾ പരിഗണിക്കുക എന്നിവ ഒരു ഉത്തരവാദിത്തമുള്ള പൗരന്റെ നിർബന്ധമായ കടമകളാണ്. അഭിപ്രായ സ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്യുന്ന പ്രവണത നിയന്ത്രിക്കാൻ മാധ്യമ സാക്ഷരത വളർത്തേണ്ടത് അനിവാര്യമാണ്. സ്കൂൾ തലത്തിൽ തന്നെ, വിവരങ്ങൾ പരിശോധിക്കുന്ന രീതികൾ, തെറ്റായ വിവരങ്ങൾ തിരിച്ചറിയുന്ന കഴിവ്, വസ്തുതകളുടെ ഉറവിടം വിലയിരുത്തുന്ന ശീലങ്ങൾ തുടങ്ങിയവ വിദ്യാർത്ഥികളിൽ വളർത്തണം. അഭിപ്രായ സ്വാതന്ത്ര്യത്തെ സംരക്ഷിക്കേണ്ടതും, അതിനെ ദുരുപയോഗം ചെയ്യുന്നതിൽ നിന്ന് സമൂഹത്തെ രക്ഷിക്കേണ്ടതും ഒരേസമയം നടക്കണം. സ്വാതന്ത്ര്യത്തിന്റെ പേരിൽ സത്യത്തെ വക്രപ്പെടുത്തുകയോ വിദ്വേഷം പരത്തുകയോ ചെയ്യുന്ന പ്രവണത ഒടുവിൽ സ്വാതന്ത്ര്യത്തേക്കാൾ നിയന്ത്രണങ്ങൾക്ക് വേദി ഒരുക്കും. അതിനാൽ, വാക്കുകളുടെ ശക്തിയെ ഉത്തരവാദിത്വത്തോടെ വിനിയോഗിക്കുന്ന സംസ്കാരം വളർത്തുകയാണ് ജനാധിപത്യത്തെ ആരോഗ്യകരമായി നിലനിർത്താനായി പൗരന്മാർ ചെയ്യേണ്ടത്.

ഒരു ജനാധിപത്യ സമൂഹത്തിന്റെ ശക്തി, അധികാരത്തിലുള്ളവരെ ഉത്തരവാദിത്ത നിരതരാക്കാനുള്ള ജനങ്ങളുടെ കഴിവിലാണ്. എന്നാൽ ഇന്ത്യയിലും പ്രത്യേകിച്ച് മലയാളി രാഷ്ട്രീയ സംസ്കാരത്തിലും, വാഗ്ദാനങ്ങളും അഴിമതികളും കുറച്ച് കാലത്തിനകം മറക്കുന്ന 'ഹ്രസ്വകാല സ്മരണം' ശക്തമായി പ്രവർത്തിക്കുന്ന

തായി കാണാം. തിരഞ്ഞെടുപ്പിന് മുമ്പ് രാഷ്ട്രീയ നേതാക്കൾ നടത്തുന്ന വാഗ്ദാന ങ്ങൾ; അടിസ്ഥാന സൗകര്യ വികസനം, തൊഴിൽ അവസരങ്ങൾ, വിലക്കുറവ്, ജനജീവിത നിലവാരത്തിലെ പുരോഗതി എന്നിവ തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ പലപ്പോഴും മറവിയിലാകുന്നു. ജനങ്ങൾ ആദ്യം പ്രതികരിച്ചാലും കുറച്ച് മാസങ്ങൾ ക്ക് ശേഷം ഈ വിഷയം ചർച്ച ചെയ്യാതെയും രാഷ്ട്രീയ നേതാക്കൾക്ക് വീണ്ടും വേ ദി ഒരുക്കിക്കൊടുക്കുകയും ചെയ്യുന്നു. ഇതേ രീതിയിൽ, വലിയ അഴിമതിക്കേസുക ൾ പോലും ചില മാസങ്ങൾക്കുള്ളിൽ 'പുതിയ വാർത്തകളുടെ തിരയിൽ' മറഞ്ഞു പോകുന്നു.

മാധ്യമങ്ങളുടെ വാർത്താ ചക്രം (news cycle) വേഗത്തിൽ മാറുന്നതും സമൂഹത്തി ന്റെ ശ്രദ്ധ പിടിച്ചുപറ്റുന്ന പുതിയ സംഭവങ്ങൾ തുടർച്ചയായി വരുന്നതുമാണ് ജന ങ്ങളുടെ ഓർമ്മ ക്ഷയിക്കാൻ കാരണമാകുന്നത്. ഉദാഹരണത്തിന്, കോടികളു ടെ അഴിമതിയിൽപ്പെട്ടൊരു രാഷ്ട്രീയക്കാരൻ കേസിന്റെ ആദ്യഘട്ടത്തിൽ ജന പ്രക്ഷോഭം നേരിട്ടാലും വർഷങ്ങൾക്കുശേഷം വീണ്ടും സ്ഥാനാർത്ഥിയാകുമ്പോൾ പഴയ കുറ്റങ്ങൾ പലരും ഓർമ്മിക്കാത്ത സ്ഥിതിവിശേഷം രൂപപ്പെടുന്നു. ജനങ്ങ ളുടെ ഈ ഹ്രസ്വകാല സ്മരണം, ഭരണത്തിൽ മികവ് വരുത്താനുള്ള സമ്മർദ്ദം കുറയ്ക്കുന്നു. ഉത്തരവാദിത്ത ബോധം ഇല്ലാത്ത രാഷ്ട്രീയക്കാർക്ക്, 'കുറച്ച് കാലം ക ഴിഞ്ഞാൽ ജനങ്ങൾ മറക്കും' എന്ന ആത്മവിശ്വാസം വളരുന്നു. ഇതിന്റെ ഫലമാ യി, വാഗ്ദാനങ്ങളും അഴിമതിയും ആവർത്തിക്കപ്പെടുന്ന ഒരു രാഷ്ട്രീയചക്രം സ്ഥിര പ്പെടുന്നു. ഇതിൽ നിന്ന് മോചനം നേടാൻ ജനങ്ങളുടെ രാഷ്ട്രീയ സ്മരണ നീണ്ടുനി ലനിൽക്കണം. പഴയകാല വാഗ്ദാനങ്ങളും ഭരണപരാജയങ്ങളും രേഖപ്പെടുത്തുക യും പൊതുവേദികളിൽ വീണ്ടും വീണ്ടും ചർച്ച ചെയ്യുകയും വേണം. സാമൂഹിക മാ ധ്യമങ്ങളും പൗരപ്രസ്ഥാനങ്ങളും പഴയഅഴിമതികളെ ഓർമ്മപ്പെടുത്തുന്ന കാമ്പെ യിനുകൾ നടത്തേണ്ടതും അത്യാവശ്യമാണ്. ജനങ്ങളുടെ രാഷ്ട്രീയ ബോധവും ഓ ർമ്മയും ശക്തമായിരിക്കുമ്പോഴാണ് ജനാധിപത്യം ആരോഗ്യകരമായി വളരുക. മറക്കുന്ന ജനങ്ങൾ തങ്ങളെ തന്നെ ചതിക്കുന്നവർക്കു വീണ്ടും അധികാരം സമ്മാ നിക്കുന്ന അപകടകരമായ വഴിയിലാണ് നടക്കുന്നത്.

ജനാധിപത്യത്തിന്റെ അടിസ്ഥാനമായ സ്വഭാവം വ്യക്തികളെയും പാർട്ടികളെ യും ചോദ്യം ചെയ്യാനുള്ള സ്വാതന്ത്ര്യത്തിലും ഉത്തരവാദിത്വത്തിലും അടിയുറച്ച താണ്. പക്ഷേ, ഇന്ത്യൻ രാഷ്ട്രീയ സംസ്കാരത്തിലും മലയാളി സമൂഹത്തിലും 'നാ യക ആരാധന' (Political Hero Worship) പലപ്പോഴും വിമർശനാത്മക ചിന്തയെ അടിച്ചമർത്തുന്ന ഒരു ശക്തിയായി പ്രവർത്തിക്കുന്നു. ഒരാൾക്ക് വ്യക്തിപ്രഭാവം, വാഗ്മിത, അല്ലെങ്കിൽ മത-ജാതി തിരിച്ചറിവിന്റെ ആകർഷണം ലഭിച്ചാൽ, അദ്ദേ ഹത്തിന്റെ ഭരണപരാജയങ്ങളും അഴിമതികളും പോലും അനുയായികൾ തുറന്നു പറയാതെ മറയ്ക്കും. ചിലർക്ക്, നേതാവിനെ വിമർശിക്കുന്നത് സ്വന്തം തിരിച്ചറിവി നോടോ പാർട്ടി വിശ്വാസത്തോടോ ദ്രോഹം ചെയ്യുന്നതായി തോന്നുന്നു. ഇതു മൂ

ലം, ഭരണത്തിന്റെ യഥാർത്ഥ നിലവാരം വിലയിരുത്താൻ സാധിക്കാത്ത അവസ്ഥ ഉണ്ടാകുന്നു. മലയാളി രാഷ്ട്രീയത്തിൽ, ചില നേതാക്കൾക്ക് 'ദൈവസമാന' പദവി നൽകിയിരിക്കുന്നതു പോലെ പെരുമാറുന്ന പ്രവണത കാണാം. അവരുടെ തെറ്റുകൾ വെളിപ്പെടുത്തുന്ന മാധ്യമങ്ങളെ പോലും 'വിരുദ്ധശക്തികൾ' എന്ന് മുദ്ര കുത്തി തള്ളിക്കളയുന്നു. സോഷ്യൽ മീഡിയയിലെ ആരാധകസംഘങ്ങൾ, വിമർശനാത്മക ചർച്ചകൾക്ക് പകരം നേതാവിന്റെ ചിത്രം പൊന്നുകൊണ്ട് പൊതിഞ്ഞ 'മീം'കളും പുകഴ്ത്തകളും പ്രചരിപ്പിക്കുന്നു.

ഈ നായക ആരാധന, ജനാധിപത്യത്തിൽ ആവശ്യമായ 'പരിശോധനയും പ്രതികരണവും' ഇല്ലാതാക്കുന്നു. നേതാക്കൾക്ക് തങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഉത്തരവാദിത്വം വഹിക്കേണ്ടതില്ലെന്ന മനോഭാവം വളർന്നുവരുന്നു. കാലക്രമേണ, വ്യക്തിപൂജ രാഷ്ട്രീയപാർട്ടി ഘടനകളെയും നയരൂപീകരണത്തിനെയും തകർക്കുന്ന വിധത്തിൽ അധികാരം കേന്ദ്രീകരിക്കുന്നു. ജനാധിപത്യത്തെ സുസ്ഥിരമായി നിലനിർത്താൻ, വ്യക്തികളെ ആരാധിക്കുന്നതിനേക്കാൾ ആശയങ്ങൾക്കും മൂല്യങ്ങൾക്കും മുൻഗണന നൽകുന്ന സംസ്കാരം വളർത്തേണ്ടതാണ്. നേതാവ് നല്ലത് ചെയ്താൽ അഭിനന്ദിക്കുകയും തെറ്റുകൾ സംഭവിക്കുമ്പോൾ തുറന്നു പറയുകയും ചെയ്യുന്ന മനോഭാവം മാത്രമേ ആരോഗ്യകരമായ രാഷ്ട്രീയത്തിനും സമൂഹത്തിനും അടിസ്ഥാനം നൽകൂ.

കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ക്ഷേമപദ്ധതികളിലും വിദേശത്തുനിന്നുള്ള പണമിടപാടുകളിലും അതിരുകടന്ന ആശ്രയത്വം പതിവായി കാണപ്പെടുന്നു. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വിദേശത്തുള്ള പ്രവാസികളുടെ പണമാണ് മുഖ്യധാരയായി മാറിയത്. പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്ന മലയാളികളുടെ വരുമാനമാണ് സംസ്ഥാനത്തിന്റെ ഉപഭോഗ ശേഷിക്കും സാമ്പത്തിക പ്രവാഹത്തിനും വലിയ പിന്തുണ നൽകിയിട്ടുള്ളത്. എന്നാൽ, ഈ ആശ്രയത്വത്തിന്റെ മറുവശത്ത് ആഭ്യന്തര തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും പ്രാദേശിക വ്യവസായ വികസനത്തിലും മതിയായ ശ്രമം നടക്കാതെ പോയി. തലമുറകളായി പല കുടുംബങ്ങളും വിദേശവരുമാനത്തിൽ ആശ്രയിക്കുന്ന അവസ്ഥ, കേരളത്തിന്റെ സാമ്പത്തിക അടിസ്ഥാനത്തെ സ്വയം പര്യാപ്തതയിൽ നിന്ന് അകറ്റിക്കൊണ്ടുപോയി.

സർക്കാരിന്റെ ക്ഷേമപദ്ധതികളെ സാമൂഹിക സുരക്ഷയുടെ സമഗ്രപരിഹാരം എന്ന നിലയിൽ കാണുന്ന മനോഭാവം ശരിയല്ല. ഇത് വ്യക്തിയുടെ സംരംഭക മനോഭാവത്തെയും സമൂഹനിർമ്മാണത്തിൽ പങ്കാളിത്തത്തെയും കുറയ്ക്കുന്നു. സഹായം സ്ഥിരമായൊരു ജീവനാധാരം ആകുമ്പോൾ മനുഷ്യർ അവരുടെ സ്വന്തം സാധ്യതകളെ വികസിപ്പിക്കാൻ താത്പര്യമില്ലാത്തവരായി മാറുന്നു. ഗൾഫ് വരുമാനം മലയാളി കുടുംബങ്ങൾക്ക് ഉയർന്ന ജീവിതനിലവാരം സമ്മാനിച്ചുവെ

ന്നത് സത്യമാണ്. നല്ല വീടുകൾ, മികച്ച വിദ്യാഭ്യാസം, ആരോഗ്യമേഖലയിലെ ചെലവുകൾ എന്നിവയ്ക്ക് ഇതിലൂടെ വഴിതുറന്നു. എന്നാൽ അതിനൊപ്പം, കൈത്തറി, കൃഷി, ചെറുകിട വ്യവസായം പോലുള്ള ആഭ്യന്തര മേഖലകളിൽ യുവതലമുറയുടെ പങ്കാളിത്തം നഷ്ടപ്പെട്ടുപോയി. കഠിനാധ്വാനം, സഹിഷ്ണുത, കൈത്തൊഴിലുകൾ എന്നീ മൂല്യങ്ങൾ ക്ഷയിച്ചപ്പോൾ ഗൾഫ് വരുമാനം കുറഞ്ഞാലോ അവസാനിച്ചാലോ അതിന് പകരം വയ്ക്കാനുള്ള സംവിധാനങ്ങൾ സംസ്ഥാനത്തിന് ഇല്ലാതാകുന്ന അവസ്ഥയാണ് ഉയരുന്നത്. അതോടൊപ്പം ഗൾഫ് മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന തകർച്ചയും സ്വന്തം നാട്ടിൽ സംരംഭങ്ങൾ തുടങ്ങിയാൽ അതിനെ തകർക്കാനും മുടക്കാനും ശ്രമിക്കുന്ന രാഷ്ട്രീയക്കാരെപ്പറ്റിയുള്ള ചിന്തകൾ പ്രവാസി മനസ്സുകളിൽ മാനസിക സമ്മർദ്ദം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു.

ഈ വെല്ലുവിളികളെ മറികടക്കാൻ വിദ്യാഭ്യാസത്തിലും തൊഴിൽ പരിശീലനത്തിലും പുതുചിന്തകൾ ആവശ്യമുണ്ട്. പ്രാദേശിക വിഭവങ്ങളുടെ പ്രായോഗിക വിനിയോഗം ഉറപ്പുവരുത്തുകയും ഗ്രാമങ്ങളിലും നഗരങ്ങളിലും സമാനമായി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും വേണം. തൊഴിൽ സൃഷ്ടി സർക്കാർ മാത്രം ഏറ്റെടുക്കേണ്ട ബാധ്യതയല്ല. സമൂഹവും സ്വകാര്യ മേഖലയും ചേർന്ന് പ്രവർത്തിക്കേണ്ട ഉത്തരവാദിത്വമാണ്. കേരളത്തിന്റെ പ്രകൃതി സമ്പത്തുകളും മനുഷ്യവിഭവങ്ങളും ഒരുമിച്ച് വിനിയോഗിക്കുമ്പോൾ സ്വയംപര്യാപ്തമായൊരു സമ്പദ്വ്യവസ്ഥയിലേക്ക് മുന്നേറുവാൻ കഴിയും. സഹായം ആവശ്യമായിടത്ത് സർക്കാർ ഇടപെടലുകളും ക്ഷേമപദ്ധതികളും ലഭ്യമാകണം. പക്ഷേ അവസരങ്ങൾ ലഭിക്കുമ്പോൾ വ്യക്തിയും സമൂഹവും സ്വന്തം പ്രാപ്തിയാൽ മുന്നോട്ട് പോകുന്ന മനോഭാവമാണ് സ്വയം പര്യാപ്തതയുടെ അടിസ്ഥാനം. ആശ്രയത്വം കുറച്ച് സ്വയംശ്രമം വർദ്ധിപ്പിക്കുന്ന നിമിഷമാണ് കേരളത്തിന്റെ സമൃദ്ധ ഭാവിയുടെ വഴികൾ തുറക്കപ്പെടുന്നത്.

നമ്മുടെ നാട്ടിലെ പ്രശ്നങ്ങളെ നേരിട്ട് അനുഭവിക്കുന്നവരുടെ കണ്ണിൽ പ്രത്യക്ഷമായ, സങ്കീർണ്ണമല്ലാത്ത, പക്ഷെ അവഗണിക്കപ്പെട്ട പ്രശ്നങ്ങൾ നമ്മുടെ സമൂഹത്തിന്റെ അടിസ്ഥാന പ്രവർത്തനങ്ങളെയും ജീവിത നിലവാരത്തെയും നേരിട്ട് ബാധിക്കുന്നു. പാതകളിലെ ദുരവസ്ഥയും ചാലുകളുടെ പൊട്ടലുകളും മാലിന്യ സംസ്കരണത്തിലെ അപര്യാപ്തതയും പോലുള്ള പ്രശ്നങ്ങൾ, പൊതുജനങ്ങളുടെ ദൈനംദിന ജീവിതത്തെ ബാധിക്കുന്നത് വളരെ നേരിട്ട് ആണ്. എന്നാൽ പലപ്പോഴും ജനങ്ങളും രാഷ്ട്രീയക്കാരും സാമൂഹിക പ്രവർത്തകരും അവയവാത്മക ആശയവാദങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ഈ അടിസ്ഥാന പ്രശ്നങ്ങളെ അവഗണിക്കുകയും ചെയ്യുന്നു. പൊതുജനങ്ങളെ നേരിട്ട് ബാധിക്കുന്ന ഈ അവലോകനീയ പ്രശ്നങ്ങൾ പലപ്പോഴും ലളിതമായ പരിഹാരങ്ങളോടെയും ചെറിയ നിക്ഷേപങ്ങളോടെയും യുക്തിപരമായ ഇടപെടലുകളോടെയും പരിഹരിക്കാവുന്നതാണ്. എന്നാൽ പ്രാദേശിക ഭരണഘടകങ്ങളിലും ജനകീയ സംഘടനകളിലും നിലനിൽക്കുന്ന അവഗണന, ജനങ്ങളുടെ ജീവിക്കാനുള്ള അടിസ്ഥാന സൗ

കര്യങ്ങളിൽ തടസ്സം സൃഷ്ടിക്കുന്നു. പൊതുസ്വാരസ്യത്തിന്റെ പേരിൽ നടത്തപ്പെട്ടുന്ന വലിയ വിഷയങ്ങൾക്കും ആലോചനകൾക്കും പുറമേ, ചെറിയ നിലവാരമുള്ള പ്രശ്നങ്ങളെ പരിഹരിക്കാൻ തയ്യാറാകാത്ത സമീപനം ജനങ്ങളുടെ വിശ്വാസത്തിനും നീതിക്കും പ്രതിസന്ധി സൃഷ്ടിക്കുന്നു.

ഇതു വസ്തുതാപരമായി കാണുമ്പോൾ ഒരു പകുതി നേരത്തെ തന്നെ പരിഹരിക്കാവുന്ന പാതകളിലെ പൊട്ടലുകൾ, മഴക്കാലത്ത് വെള്ളം നികത്താത്ത ചാലുകൾ, മാലിന്യ ശേഖരണത്തിന് ആവശ്യമായ മാനേജ്മെന്റ് സൗകര്യങ്ങളുടെ അഭാവം, നഗരവാസികൾക്ക് വലിയ അസൗകര്യം സൃഷ്ടിക്കുന്നു. ഈ പ്രശ്നങ്ങൾ നേരിടാൻ നഗരസഭകളിൽ തകരാറുകൾ കാണപ്പെട്ടുമ്പോൾ, ജനങ്ങൾ പലപ്പോഴും സ്വകാര്യ നടപടികളിലേയ്ക്ക് തിരിയുന്നു. അത് കൂടുതൽ ആശങ്കകളും സാമ്പത്തിക ഭാരവും കൊണ്ടുവരുന്നു. പ്രാദേശിക പ്രശ്നങ്ങളിൽ ശ്രദ്ധ കൊടുക്കാതെ സിദ്ധാന്തപരമായ ചർച്ചകളിൽ ഏർപ്പെടുന്നത് ജനങ്ങളുടെ നിത്യജീവിതത്തെ വിലക്കുന്ന തരത്തിലുള്ള അപമാനം മാത്രമല്ല. മറിച്ച്, ഭാവിയിൽ സാമൂഹിക പാളിച്ചകൾക്കും ഭരണപരമായ അസമത്വത്തിനും വഴി തുറക്കുന്നു. ജനങ്ങളുടെ അവകാശങ്ങൾക്കും സുരക്ഷിതത്വത്തിനും മുൻഗണന നൽകാതെ ആശയ തർക്കങ്ങളിലേയ്ക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ദീർഘകാലത്തിൽ നമ്മുടെ സമൂഹത്തിന്റെ വികസനത്തെ പ്രതിസന്ധിയിലാക്കുന്നു. പ്രാദേശിക പ്രശ്നങ്ങളെ അംഗീകരിച്ച് അവയെ പരിഹരിക്കാൻ കഴിവുള്ള നടപടികൾ സ്വീകരിക്കുന്നത് മാത്രമേ ജനങ്ങളുടെ വിശ്വാസവും പങ്കാളിത്തവും ഉറപ്പാക്കൂ. പാതകൾ, ചാലുകൾ, മാലിന്യ ശേഖരണം പോലുള്ള അടിസ്ഥാന പ്രവർത്തനങ്ങളിൽ യുക്തിപരമായ ഇടപെടലുകൾ നടപ്പിലാക്കുന്നതിലൂടെ മാത്രമേ സമൂഹത്തിന്റെ സമഗ്രമായ പുരോഗതിയും ഭാവിയിലെ ജനകീയ വിശ്വാസവും നിലനിൽക്കൂ.

സാമൂഹികവും സാംസ്കാരികവുമായ ഇടപെടലുകൾ ജനങ്ങളുടെ നിത്യജീവിതത്തിലെ അഭ്യന്തര ചേരുവകളാണ്. എന്നാൽ പലപ്പോഴും ഇത്തരം വിഷയങ്ങളെ രാഷ്ട്രീയ സമ്മർദ്ദത്തിലേക്ക് ഉയർത്തിക്കൊണ്ട് പോകുന്നത് പതിവായി കാണപ്പെടുന്നു. ഒരു സാംസ്കാരിക ആഘോഷം, കായിക മത്സരം, മതപരമായ ചടങ്ങ് പോലും രാഷ്ട്രീയ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ ഉപയോഗിക്കുന്ന പ്രവണത, സമൂഹത്തിൽ വിഭജനം സൃഷ്ടിക്കുകയും വിശ്വാസങ്ങൾ ലംഘിക്കുകയും ചെയ്യുന്നു. രാഷ്ട്രീയ കാരണങ്ങൾക്കായി ജനങ്ങളുടെ സാംസ്കാരിക സ്വാതന്ത്ര്യവും വിനോദത്തിന്റെ അന്തരീക്ഷവും തകർക്കുന്നത് സമൂഹത്തിന്റെ ഒത്തുചേരലിനും ഐക്യത്തിനും മേൽ പ്രഭാവമുണ്ടാക്കുന്ന ഒരു പ്രധാന പ്രശ്നമാണ്. സാംസ്കാരിക പരിപാടികളിൽ രാഷ്ട്രീയ പ്രചാരണങ്ങൾ ഉൾപ്പെടുത്തുന്നത് ആ സംഭവങ്ങളുടെ യഥാർത്ഥ ഉദ്ദേശ്യത്തെ നശിപ്പിക്കുന്നു. സംഗീതോത്സവങ്ങൾ, നൃത്തോത്സവങ്ങൾ, പ്രാദേശിക കലാപരമായ ചടങ്ങുകൾ എന്നിവയിൽ രാഷ്ട്രീയ കാമ്പെയിനുകൾ ഉൾപ്പെട്ടുമ്പോൾ അനുഭവിക്കുന്നവർക്ക് കേവലം വിനോദമായല്ല, ഒരു രാഷ്ട്രീയ സ

ന്ദേശം പ്രചരിക്കുന്നതിനെക്കുറിച്ച് മാത്രം ശ്രദ്ധ കേന്ദ്രീകൃതമാകും. ഇത് സമൂഹം ഛിന്നഭിന്നമാകുന്നതിന് വഴിവെക്കുന്നു. ജനങ്ങൾ ഒരേ സ്ഥലത്ത് സമുച്ചിതമായി ആസ്വദിക്കുന്ന സംഭവങ്ങൾ രാഷ്ട്രീയ വിക്ഷേപങ്ങൾ കൊണ്ടു വ്യത്യസ്ത ഗ്രൂപ്പുക ളായി വിഭജിക്കപ്പെടുന്നു.

കായിക മത്സരങ്ങളും മതപരമായ ചടങ്ങുകളും രാഷ്ട്രീയവത്കരിക്കപ്പെടുന്ന മ റ്റൊരു ഉദാഹരണം, സമൂഹത്തെ വിഭജിക്കുന്ന രീതിയാണ്. ദേശീയോത്സവങ്ങ ൾ, കായിക-വിനോദ മത്സരങ്ങൾ, മതപാരമ്പര്യ ചടങ്ങുകൾ എന്നിവയുടെ ശ രിയായ ലക്ഷ്യം ജനങ്ങളെ ഒന്നിപ്പിക്കലാണ്. പക്ഷേ ഇത്തരം ഇടപെടലുകൾ രാ ഷ്ട്രീയ പ്രചാരണത്തിന് ഉപകരണമാകുമ്പോൾ ജനങ്ങൾ തമ്മിൽ ഭിന്നിപ്പിക്കപ്പെ ടുകയും ആശയവിനിമയത്തിൽ പരിമിതികൾ ഉണ്ടാകുകയും ചെയ്യുന്നു. ഇത് സമൂ ഹത്തിൽ നീണ്ടകാലത്തേക്ക് അനിശ്ചിതത്വവും ആശങ്കയും സൃഷ്ടിക്കുന്നു. ഇത് പൊതുജനങ്ങളുടെ ആത്മവിശ്വാസത്തേയും സാംസ്കാരിക പാരമ്പര്യത്തേയും പ്ര തിരോധിക്കുന്ന വലിയ തടസ്സമാണ്. രാഷ്ട്രീയ ലക്ഷ്യങ്ങൾക്കെതിരെ സമൂഹത്തി ലെ വ്യക്തികളും സംഘങ്ങളും പ്രതിരോധിക്കാൻ ശ്രമിക്കുമ്പോഴും, പലപ്പോഴും അ വർക്ക് യുക്തിപരമായ വാദങ്ങൾ പുറത്തെടുക്കാൻ കഴിയാത്ത സാഹചര്യം നേ രിടുന്നു. അങ്ങനെ ഒരു പരിപാടി ജനങ്ങൾ തമ്മിലുള്ള പൊതുഅനുഭവമായി മാ റാതെ, കക്ഷി-പാർട്ടി രചനകൾ കൊണ്ടു മനസ്സിൽ ഭിന്നത സൃഷ്ടിക്കുന്നു. ആദ്യ മേ, ഓരോ സാംസ്കാരിക, കായിക, മതപരമായ പരിപാടിയേയും അവയുടെ യ ഥാർത്ഥ ഉദ്ദേശ്യം, ജനകീയ ഐക്യം, സംസ്കാരിക ആസ്വാദനം എന്നിവയെ മുൻനിർത്തി സംരക്ഷിക്കുക എന്നത് അത്യാവശ്യമാണ്. രാഷ്ട്രീയ ആവശ്യങ്ങൾ ക്കായി ഈ അവകാശങ്ങൾ മാറ്റപ്പെടുന്നത് സമൂഹത്തിന്റെ നന്മയ്ക്കും ഐക്യത്തി നും നേരെ നടക്കുന്ന പ്രത്യാഘാതമാണ്. സാമൂഹിക, സാംസ്കാരിക, മതപരമായ പ്രവർത്തനങ്ങൾ സ്വാഭാവികവും സർഗ്ഗാത്മകവും ആയതിന്റെ രസം പൂർണമാ യി അനുഭവിക്കുവാനുള്ള അവകാശം എല്ലാവർക്കും ലഭിക്കണം.

ഇന്ത്യയിലെ നഗരങ്ങളിലും ഗ്രാമങ്ങളിലും പൊതുവേ കാണപ്പെടുന്ന ഒരു പ്രത്യേ ക മനോഭാവമുണ്ട് - നിയമങ്ങൾ പാലിക്കേണ്ടത് സ്വന്തം സൗകര്യത്തിന് അനു സരിച്ച് മാത്രമാണെന്ന് കരുതൽ. നിയമത്തിന്റെ ഉദ്ദേശ്യം എന്താണെന്ന് ആ ലോചിക്കാതെ, പലരും അതിനെ 'തടസ്സം' എന്നു മാത്രം കാണുന്നു. ട്രാഫിക് നി യമങ്ങൾ, പിഴകൾ, പൊതുസമ്പത്ത് സംരക്ഷണത്തിനുള്ള ചട്ടങ്ങൾ തുടങ്ങിയ വ വ്യക്തിയുടെ സ്വാതന്ത്ര്യത്തെ തടയുന്ന വിലങ്ങുകളായി തോന്നുമ്പോൾ സമൂ ഹത്തിന്റെ നിയമക്രമവും ശൃംഖലയും ദ്രുതഗതിയിലുള്ള ഭ്രംശത്തിലേക്കാണ് വഴി മാറുന്നത്. ഈ പ്രതികൂല മനോഭാവത്തിന്റെ അടിസ്ഥാനകാരണം വ്യക്തിപരമാ യ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള തെറ്റായ ധാരണയാണ്. യാഥാർത്ഥ്യത്തിൽ, നി യമങ്ങൾ ഒരാളെ തടയാനോ ചുരുക്കാനോ ഉള്ള സംവിധാനമല്ല. മറിച്ച്, വ്യക്തി ക്കും സമൂഹത്തിനും സുരക്ഷയും സൗകര്യവും ഉറപ്പാക്കുന്ന മാർഗ്ഗരേഖയാണ്. എ

ന്നാൽ നമ്മുടെ സാഹചര്യത്തിൽ, 'ഇത് എനിക്ക് അസൗകര്യമാണോ?' എന്ന മൂല്യ നിർണയം മാത്രം അടിസ്ഥാനമാക്കി പലരും നിയമത്തെ വിലയിരുത്തുന്നു.

നിയമം പാലിക്കണമെന്ന് ആവശ്യപ്പെടുന്ന അധികാരപരമായ ഇടപെടലുകൾ പലപ്പോഴും ജനങ്ങൾ 'സ്വാതന്ത്ര്യത്തിന്റെ ലംഘനം' എന്നു കരുതുന്നു. ഫലമായി, നിയമ ലംഘനം സാധാരണ വത്ക്കരിക്കപ്പെടുകയും, 'ഞാൻ മാത്രം അല്ല, എല്ലാവരും തന്നെ ഇങ്ങനെ ചെയ്യുന്നു' എന്ന തെറ്റായ സുരക്ഷാഭാവം ആളുകളിൽ വളരുകയും ചെയ്യുന്നു. ഇതുവഴി ചെറിയ നിയമ ലംഘനങ്ങൾ പോലും ഗുരുതരമായ അന്യായ പ്രവർത്തനങ്ങളിലേക്കും സാമൂഹിക ദുരന്തങ്ങളിലേക്കും നയിക്കുന്നു. ഒരു സംവിധാനത്തിൽ നിയമം ശക്തമായി നടപ്പിലാക്കപ്പെടാതെ പോകുമ്പോൾ, ആളുകൾക്ക് നിയമത്തെ അവഗണിക്കാൻ കൂടുതൽ ധൈര്യം ലഭിക്കുന്നു. അത് സമൂഹത്തിൽ അനധികൃത പ്രവർത്തനങ്ങൾക്ക് അനുകൂല അന്തരീക്ഷം സൃഷ്ടിക്കുന്നു. കേരളം പോലുള്ള രാഷ്ട്രീയബോധമുള്ള സംസ്ഥാനങ്ങളിലും ഇതേ പ്രവണത വ്യക്തമാണ്. ഫൈൻ ചുമത്തുമ്പോൾ പലരും അതിനെ നിയമാനുസൃതമായ നടപടിയായി കാണാതെ അപമാനമായി കരുതുന്നു. പൊതുവേദികളിൽ നിയമം നടപ്പിലാക്കുന്ന ഉദ്യോഗസ്ഥരെ തന്നെ കുറ്റക്കാരായി ചിത്രീകരിക്കാനും ജനങ്ങൾ മടിക്കാറില്ല. ഇതിലൂടെ നിയമം പാലിക്കാൻ ശ്രമിക്കുന്ന സാധാരണക്കാരെയും ഉദ്യോഗസ്ഥരെയും നിരാശപ്പെടുത്തുന്ന അവസ്ഥ രൂപപ്പെടുന്നു.

സമൂഹത്തിലെ ഓരോ വ്യക്തിയും നിയമങ്ങളുടെ ന്യായത്വം തിരിച്ചറിയുകയും വ്യക്തിപരമായ അസൗകര്യം മാത്രം പരിഗണിക്കാതെ അവയെ പാലിക്കുകയും ചെയ്യുമ്പോഴാണ് ആരോഗ്യകരമായ സാമൂഹിക അന്തരീക്ഷം ഉറപ്പാക്കാൻ കഴിയുക. നിയമം ജനങ്ങളെ നിയന്ത്രിക്കാൻ മാത്രമല്ല, സമൂഹത്തെ സംരക്ഷിച്ച് മുന്നോട്ട് കൊണ്ടുപോകാൻ വേണ്ടിയാണ് ഉള്ളതെന്ന് മനസ്സിലാക്കണം. നിയമങ്ങളെ 'വിലങ്ങ്' എന്ന് കാണുന്ന മനോഭാവം മാറി, അവയെ 'സുരക്ഷയുടെ ചക്രവാളം' എന്നു കാണാൻ തുടങ്ങുന്ന നിമിഷമാണ് സുരക്ഷിതമായ നഗരങ്ങളും ക്രമബദ്ധമായ സാമൂഹിക ജീവിതവും സാക്ഷാത്കരിക്കപ്പെടുക.

മതവും, ജാതിയും, രാഷ്ട്രീയ പാർട്ടി അനുഭാവങ്ങളും പലപ്പോഴും സമൂഹത്തിൽ ആഴത്തിൽ വിഭജനം സൃഷ്ടിക്കുന്നു. പൊതുവായ ആശയങ്ങളിൽ വ്യത്യാസം ഉണ്ടാകുന്നത് സ്വാഭാവികമാണ്. പക്ഷേ, ചിലപ്പോൾ ഈ വ്യത്യാസങ്ങൾ വ്യക്തിപരമായ ബന്ധങ്ങളെ പോലും തകർത്ത് മതിലുകൾ സൃഷ്ടിക്കുന്നു. കുടുംബത്തിനുള്ളിൽ പാർട്ടി സപ്പോർട്ടിന്റെ പേരിൽ വഴക്കുകൾ, സൗഹൃദ കൂട്ടായ്മകളിൽ അഭിപ്രായ തർക്കങ്ങൾ തുടങ്ങിയവ കാണുന്നു. പലരും തർക്കങ്ങൾക്ക് ഇടയിൽ പൊതു ആശയങ്ങൾ മറന്ന് വ്യക്തിപരമായ ബന്ധങ്ങളെ വിലക്കുന്നു. തൊഴിൽ സ്ഥലങ്ങളിലും ഇതിന്റെ പ്രതിഫലനം വ്യക്തമായി കാണാം. ഓഫീസുകൾ, സ്ഥാപനങ്ങൾ, വിദ്യാർത്ഥി കൂട്ടായ്മകൾ എന്നിവയിൽ വ്യക്തികളുടെ രാഷ്ട്രീയ നിലപാടുക

ൾ, മതഭേദങ്ങൾ, പാർട്ടി അംഗത്വം തുടങ്ങിയ കാരണങ്ങൾ സംഘബന്ധങ്ങളെ ക്ഷയിപ്പിക്കുന്നു. ഇത് പ്രവർത്തനക്ഷമതയേയും ഉത്പാദനശേഷിയേയും മാത്രമല്ല, സംഘടനാബലത്തേയും ഏകോപനത്തേയും കൂടി ബാധിക്കുന്നു. കൂട്ടായ്മകളിലെ അഭിപ്രായ വ്യത്യാസങ്ങൾ യുക്തിപരമായി സംവാദത്തിലൂടെ പരിഹരിക്കപ്പെടുമ്പോഴാണ് സുസ്ഥിരമായ ഫലം ലഭിക്കുന്നത്. എന്നാൽ പലപ്പോഴും അവ വ്യക്തിപരമായ അകലം വർദ്ധിപ്പിക്കുന്ന രീതിയിലായാണ് തുടരുന്നത്. ഗ്രാമസഭകളും നഗര കൂട്ടായ്മകളും ഇതിന്റെ വലിയ ഉദാഹരണങ്ങളാണ്. പൊതുപ്രശ്നങ്ങൾ പരിഹരിക്കുമ്പോഴും രാഷ്ട്രീയ വേർതിരിവുകൾ, മതപരമായ ഭേദങ്ങൾ, കുത്തക താല്പര്യങ്ങൾ എന്നിവ ജനങ്ങളെ ഐക്യത്തിലേക്ക് നയിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നു. ഫലമായി, പൊതുസേവനങ്ങൾ, സുരക്ഷ, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ കാര്യങ്ങളിൽ ജനങ്ങൾ പൂർണ്ണ പങ്കാളിത്തം നൽകാൻ പ്രയാസപ്പെടുന്നു. ഈ വിഭജനം നേരിടാൻ ഏകോപിത സമീപനം വളർത്തുന്നത് അനിവാര്യമാണ്. രാഷ്ട്രീയ, മത, പാർട്ടി വ്യത്യാസങ്ങൾ ഉണ്ടാകാം. പക്ഷേ, അവയെ വ്യക്തിപരമായ ബന്ധങ്ങൾക്ക് മേൽ ആധിപത്യം സ്ഥാപിക്കുവാൻ അനുവദിക്കരുത്. എല്ലാവരും സമാധാനപരമായ സഹവർത്തിത്വത്തോടെയും പരസ്പരമുള്ള ബഹുമാനത്തോടെയും പ്രവർത്തിക്കുന്ന മാനസികതയെ വളർത്തുക മാത്രമാണ് സാമൂഹിക ഐക്യവും ശാന്തിയും ഉറപ്പാക്കാനുള്ള മാർഗ്ഗം.

പൗരബോധം എന്നത് നിയമങ്ങൾ പാലിക്കുന്നതിലോ, കടമകൾ നിർവഹിക്കുന്നതിലോ പരിമിതമായ ഒന്നല്ല. ഓരോ വ്യക്തിക്കും സമൂഹത്തിനും ഒരുമിച്ച് പ്രവർത്തിക്കാനുള്ള ഉത്തരവാദിത്തവും സൃഷ്ടിപരമായ പങ്കാളിത്തവും നൽകുന്ന ഒരു ജീവിച്ചിരിക്കുന്ന ചിന്താധാരയാണ്. വ്യക്തിയുടെ സ്വാതന്ത്ര്യവും സമൂഹത്തിന്റെ സുരക്ഷയും തമ്മിൽ യഥാർത്ഥ സന്തുലനം കണ്ടെത്തുന്നിടത്താണ് പൗരബോധം പൂർണ്ണത പ്രാപിക്കുന്നത്. സ്വന്തം പ്രയോജനത്തിനപ്പുറം പൊതുനന്മയ്ക്കായി ചിന്തിക്കാനും പ്രവർത്തിക്കാനും നമ്മെ പഠിപ്പിക്കുന്ന ശക്തിയാണ് ഇത്. നിയമങ്ങളെ തടസ്സമെന്നല്ല, സുരക്ഷയും സൗകര്യവും നൽകുന്ന മാർഗ്ഗരേഖയെന്ന നിലയിലാണ് കാണേണ്ടത്. പൗരബോധം ഒരാളുടെ ജീവിതത്തിന്റെ ദിശ മാറ്റുന്നതുപോലെ, ഒരു രാഷ്ട്രത്തിന്റെ പുരോഗതിയുടെ വഴികാട്ടിയും ആവുന്നു. സ്വന്തം വീടിനെപ്പോലെ പൊതുസ്ഥലങ്ങളെ കരുതുകയും സ്വന്തം കുടുംബത്തെപ്പോലെ സഹപൗരന്മാരെ മാനിക്കുകയും ചെയ്യുന്ന മനോഭാവമാണ് ഒരു സമൂഹത്തെ സംസ്കൃതവും ശക്തവുമാക്കുന്നത്.

അദ്ധ്യായം-9
രാഷ്ട്രീയം

ലോകത്തിലെ ഭരണഘടനകൾ എല്ലാം പൊതുജനങ്ങളുടെ നന്മയ്ക്കുവേണ്ടിയാണ് രൂപീകരിച്ചിരിക്കുന്നത് എന്ന് പറയപ്പെടുന്നു. എന്നാൽ, യാഥാർത്ഥ്യത്തിൽ അധികാരവും സമ്പത്തും കൈവശം വച്ചിരിക്കുന്ന ചെറിയൊരു എലീറ്റ് വിഭാഗമാണ് രാഷ്ട്രീയത്തെയും ഭരണത്തെയും നിയന്ത്രിക്കുന്നത്. 'രാജ്യം ജനങ്ങൾക്കായി' എന്ന ആശയം ഭരണഘടനയുടെ വാക്കുകളിൽ തെളിഞ്ഞുനിൽക്കുമ്പോഴും, 'രാജ്യം എലീറ്റുകൾക്കായി' എന്നതാണ് പ്രവർത്തനരീതിയുടെ മറച്ചുവയ്ക്കാനാകാത്ത സത്യം. ഇന്ത്യയും ഇതിൽ നിന്നും വ്യത്യസ്തമല്ല. വിദേശകാര്യ മന്ത്രാലയം നടത്തുന്ന നയതന്ത്ര ഇടപെടലുകളും പ്രധാനമന്ത്രിയുടെയും ശക്തരായ രാഷ്ട്രീയ നേതാക്കളുടെയും അന്താരാഷ്ട്ര വേദികളിലെ ചർച്ചകളും കരാറുകളും പുറത്തേക്ക് ദേശീയ പുരോഗതി, തൊഴിൽ സൃഷ്ടി, വികസനം തുടങ്ങിയ മഹത്തായ ലക്ഷ്യങ്ങളായി അവതരിപ്പിക്കപ്പെടുന്നു. പക്ഷേ, ആന്തരികമായി നോക്കുമ്പോൾ അവയുടെ പ്രധാന ലക്ഷ്യം ഇന്ത്യൻ കോർപ്പറേറ്റുകൾക്കും ധനികരായ ബിസിനസ് ഗ്രൂപ്പുകൾക്കും ആഗോള വിപണിയിൽ കൂടുതൽ സ്വാധീനം നേടിക്കൊടുക്കലാണ്.

അന്താരാഷ്ട്ര സംഘടനകളുമായുള്ള കൂട്ടുകെട്ടുകളും വലിയ വ്യാപാര ഉടമ്പടികളും സൗജന്യ വ്യാപാര കരാറുകളും സാധാരണ കർഷകനോ തൊഴിലാളിയോ ചെറുകിട വ്യവസായിയോ നേരിട്ട് അനുഭവിക്കാത്തവിധം ചില സമ്പന്ന കുടുംബങ്ങളുടെയും കോൺഗ്രോമറേറ്റുകളുടെയും സാമ്പത്തിക ശക്തി ഇരട്ടിപ്പിക്കുന്ന ഉപകരണങ്ങളായി മാറുന്നു. പലപ്പോഴും ഇത്തരം കരാറുകൾ കർഷകരുടെ വിളകൾക്ക് വില കുറഞ്ഞേക്കാനും വിദേശ കമ്പനികൾക്ക് ഇന്ത്യൻ വിപണിയിൽ അമിതമായ പ്രവേശനം ലഭിക്കാനും കാരണമാകുന്നു. അതേസമയം വലിയ ഇന്ത്യൻ കോർപ്പറേറ്റുകൾക്ക് ലോകവ്യാപകമായ വിപണിയിൽ അനായാസ പ്രവേശനം ലഭിക്കുകയും അവരുടെ സമ്പാദ്യം ഉയരുകയും ചെയ്യുന്നു.

രാജ്യത്തിന്റെ വിദേശനയം പുറത്തേക്ക് 'ഇന്ത്യയുടെ പ്രതിഛായ' ഉയർത്തിക്കാട്ടുന്നതായി തോന്നിച്ചാലും, യാഥാർത്ഥ്യത്തിൽ അത് 'ഗ്ലോബൽ മാർക്കറ്റിൽ ഇന്ത്യൻ എലീറ്റ് വിഭാഗത്തിന്റെ പിടുത്തം എങ്ങനെ ശക്തിപ്പെടുത്താം' എന്ന ചിന്തയോടെയാണ് പ്രവർത്തിക്കുന്നത്. GDP ഉയരുന്നു, രാജ്യം വളരുന്നു എന്ന വാർത്തകളിൽ സാധാരണ ജനങ്ങൾ അഭിമാനിച്ചാലും ആ നേട്ടത്തിന്റെ പ്രധാന ഭാഗം കുറച്ച് പേരുടെ ബാങ്ക് അക്കൗണ്ടുകളിലാണ് അടിഞ്ഞുകൂടുന്നത്. ഇന്ത്യയുടെ വിദേശനയം ഇങ്ങനെ 'ദേശീയ പുരോഗതിയുടെ മുഖം' കാണിച്ചുകൊണ്ട് ജന

ങ്ങളുടെ ചുമലുകളിൽ അധികഭാരങ്ങൾ കെട്ടിത്തൂക്കുകയും ധനികരുടെ സാമ്രാജ്യങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യുന്ന ദ്വന്ദ്വസത്യമാണ്.

ഇന്ത്യയുടെ വിദേശനയം പലപ്പോഴും 'സ്റ്റാറ്റജിക് പാർട്ണർഷിപ്പ്' എന്ന മഹത്തായ പേരിൽ അവതരിപ്പിക്കപ്പെടുന്നു. എന്നാൽ അതിന്റെ യഥാർത്ഥ പ്രതിഫലം സാധാരണ ജനങ്ങൾക്ക് അനുഭവപ്പെടുന്നത് ഉയർന്ന നികുതിയിലും വിലക്കയറ്റത്തിലും മാത്രമാണ്. പൊതുധനത്തിൽ നിന്നുള്ള വിദേശ നിക്ഷേപങ്ങളും സഹായപദ്ധതികളുടെ പേരിൽ ഒഴുക്കുന്ന കോടികളും കരാറുകളുടെ ഭാഗമായി വില കുറച്ച് കൈമാറുന്ന പ്രകൃതി വിഭവങ്ങളും എല്ലാം കൂടി ചില സമ്പന്നരുടെ അന്താരാഷ്ട്ര വ്യാപാര സാമ്രാജ്യത്തിന് അടിത്തറ തീർക്കുന്ന കല്ലുകളായി മാറുന്നു. പ്രധാനമന്ത്രിയുടേയും ഉന്നത രാഷ്ട്രീയ നേതാക്കളുടേയും വിദേശ സന്ദർശനങ്ങൾ പൊതുജനങ്ങൾക്ക് 'രാജ്യത്തിന്റെ അന്താരാഷ്ട്ര പ്രതിച്ഛായ ഉയരുന്നു' എന്ന അഭിമാനമായി പ്രചരിപ്പിക്കപ്പെടുന്നു. എന്നാൽ യാഥാർത്ഥ്യം, ഈ സന്ദർശനങ്ങൾ വലിയ വ്യവസായ ഗ്രൂപ്പുകളുടെ സ്വകാര്യ കരാറുകൾക്കുള്ള വാതിലുകളാണ് തുറക്കുന്നത്. അവർക്കായി ഒരുക്കുന്ന പ്രത്യേക ഇളവുകൾ, നികുതി സൗകര്യങ്ങൾ, നിയമപരമായ പരിരക്ഷകൾ ഇവയുടെ ഭാരമാണ് അവസാനത്തിൽ ജനങ്ങളുടെ ചുമലുകളിൽ വീഴുന്നത്. 'ദേശത്തിന്റെ അഭിമാനം' എന്ന മുദ്രാവാക്യം മുഴങ്ങുമ്പോൾ അതിന്റെ വില സാധാരണക്കാരൻ തന്നെയാണ് തന്റെ വിയർപ്പിലൂടെയും നികുതിയിലൂടെയും അടയ്ക്കുന്നത്.

വിദേശനയം വിദ്യാഭ്യാസത്തിനോ ആരോഗ്യത്തിനോ തൊഴിൽ സുരക്ഷയ്ക്കോ നേരിട്ട് സേവനം ചെയ്യുന്നില്ല. മറിച്ച് 'മാർക്കറ്റ് ലിബറലൈസേഷൻ' എന്ന മുദ്രാവാക്യത്തിന്റെ കീഴിൽ, തൊഴിലാളികളുടെ ഉറച്ച ജീവിതം തന്നെ തകർന്നടിയുന്നു. വലിയ കോർപ്പറേറ്റുകൾക്ക് അനുകൂലമായ അന്താരാഷ്ട്ര കരാറുകളുടെ പേരിൽ ചെറുകിട വ്യവസായങ്ങൾ അടഞ്ഞുപോകുകയും ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് സ്ഥിരമായ ഉപജീവനം നഷ്ടപ്പെടുകയും ചെയ്യുന്നു. അതിനാൽ, ഇന്ത്യയുടെ വിദേശനയം സാധാരണ ജനങ്ങളുടെ ക്ഷേമത്തിനുള്ള പദ്ധതിയെന്ന നിലയിൽ കാണാനാവില്ല. അത് യാഥാർത്ഥ്യത്തിൽ 'കോർപ്പറേറ്റുകളും രാഷ്ട്രീയ എലീറ്റ് വിഭാഗവും' ലോകവ്യാപകമായി ശക്തിപ്പെടുന്നതിനുള്ള ഒരു അടിത്തറയാണ്. ഇന്ത്യ വിദേശരാജ്യങ്ങളിൽ നിക്ഷേപിക്കുന്നു, അവിടെനിന്നും ക്രൂഡോയിൽ വാങ്ങുന്നു, റെയർ എർത്ത് മിനറലുകൾ ഇറക്കുമതി ചെയ്യുന്നു എന്നതിന് അർത്ഥം ഇന്ത്യയിലെ കമ്പനികൾ വിദേശരാജ്യങ്ങളുമായി വ്യാപാരം ചെയ്യുന്നു എന്നത് മാത്രമാണ്. ഇത് രാജ്യങ്ങൾ തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുന്നു എന്നത് സത്യമാണ്. എന്നാൽ രാജ്യത്തിന്റെ ഗുണഫലങ്ങൾ എലൈറ്റ് വിഭാഗം അനുഭവിക്കുമ്പോൾ വിഴുപ്പുകൾ എല്ലാം സാധാരണക്കാരൻ തന്റെ ജീവിതത്തിലെ വിലപിടിപ്പുള്ള ഭാഗങ്ങളായ സമയം, പരിശ്രമം, നികുതി എന്നിവ ത്യജിച്ച് സഹിക്കേണ്ടിവരുന്നു.

മൊത്തത്തിൽ നോക്കുമ്പോൾ ഇന്ത്യയുടെ വിദേശനയം എന്നും 'ദേശത്തിന്റെ ഭാവി' എന്ന മുദ്രാവാക്യം കൊണ്ട് ജനങ്ങളെ ആകർഷിക്കുന്നു. പക്ഷേ അതിന്റെ യഥാർത്ഥ ഉള്ളടക്കം പൊതുജനങ്ങളുടെ ജീവിതമല്ല. മറിച്ച്, കോർപ്പറേറ്റുകളുടെയും ധനികരുടെ കൂട്ടായ്മയുടെയും രാഷ്ട്രീയ മേലാളന്മാരുടേയും സ്വകാര്യ സൗകര്യങ്ങളാണ്. ജനങ്ങളെ ഒരു സമൂഹത്തിന്റെ ഭാഗമായി കാണുന്നതിന് പകരം, വെറും ഉൽപാദന ശേഷിയുള്ള തൊഴിലാളികളായും നികുതി അടയ്ക്കുന്ന യന്ത്രങ്ങളായും മാത്രമാണ് കാണപ്പെടുന്നത്. ഭരണഘടനയിൽ രാജ്യത്തിന്റെ ഉടമസ്ഥാവകാശം ജനങ്ങളുടേതാണെന്നു പറയുന്നുണ്ടെങ്കിലും യാഥാർത്ഥ്യത്തിൽ അത് ശാന്തവും ശക്തവുമായ എലീറ്റ് വിഭാഗത്തിനാണ് കൈവശമുള്ളത്. ഇത് ഇന്ത്യയ്ക്ക് മാത്രമുള്ള പ്രശ്നമല്ല. ചരിത്രം മുഴുവൻ നോക്കിയാലും എല്ലാ രാജ്യങ്ങളും ഒരേ മാതൃകയിലാണ് പ്രവർത്തിച്ചിട്ടുള്ളത്. ആരാണ് ഭരിക്കുന്നത് എന്നതിലല്ല കാര്യത്തിന്റെ ഗൗരവം. ആഗോള വിപണിയിലെ മത്സരത്തിൽ രാജ്യത്തെ 'വലിയവൻ' ആയി കാണിക്കാനുള്ള അവസരങ്ങൾ ആരെ ശക്തിപ്പെടുത്തുന്നു എന്നതാണ് നിർണായക ഘടകം. അതുകൊണ്ട് തന്നെ സർക്കാരുകളുടെ മുഖ്യപരിഗണന എന്നും ശക്തരായ വ്യവസായികളുടെയും ധനികരുടെയും താൽപര്യങ്ങളിലേക്കാണ് വഴിമാറുന്നത്. അതേസമയം ആഗോളശക്തികളായ രാജ്യങ്ങളിലെ എലീറ്റ് വിഭാഗം മറ്റൊരു രാജ്യത്തെ നിയന്ത്രിക്കാനും അടിമപ്പെടുത്തുവാനും ഇപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കും. അതിനായി ആ രാജ്യത്തിലെ സർക്കാരിനെ അട്ടിമറിക്കുക, കലാപങ്ങൾ ഉണ്ടാക്കുക, അസ്ഥിരപ്പെടുത്തുക, അവരുടെ നിയന്ത്രണത്തിലുള്ള പാവഗവണ്മെന്റുകളെ അധികാരത്തിലേറ്റുവാൻ വഴിതുറക്കുക, അവർ ഉന്നം വയ്ക്കുന്ന രാജ്യം ആഗോള നിക്ഷേപത്തിന് അനുകൂല സാഹചര്യമുള്ളതല്ല എന്ന ധാരണയുണ്ടാക്കുവാൻ പ്രയത്നിക്കുക, മാധ്യമങ്ങളെ സ്വാധീനിച്ച് വിഷയുക്ത-വിഘടന ഹേതുവായ വാർത്തകൾ പ്രചരിപ്പിക്കുക മുതലായ ദുഷ്പ്രവർത്തികൾ നടത്തിക്കൊണ്ടിരിക്കും. കോൺഗ്രസ്സ് എന്നും അവരുടെ അടിമകൾ ആയിരുന്നതിനാൽ മുൻകാലങ്ങളിൽ വിദേശശക്തികളുടെ പ്രവർത്തനം ഇന്ത്യയിൽ സുഗമമായിരുന്നു.

ജനാധിപത്യത്തിന്റെ മുഖമുദ്രയായി പ്രധാനമന്ത്രിയും കേന്ദ്ര നേതൃത്വവും പ്രത്യക്ഷപ്പെടുന്നു. പക്ഷേ അവരുടെ യഥാർത്ഥ പങ്ക് ജനങ്ങളുടെ പ്രതിനിധികളെന്നതിനേക്കാൾ എലീറ്റ് വിഭാഗങ്ങളുടെ വാതിൽ കാവൽക്കാരെന്നതാണ്. തിരഞ്ഞെടുപ്പിൽ വോട്ട് നൽകി അധികാരത്തിലേറുന്ന നേതാക്കൾ അധികാരം കിട്ടിയതിന് ശേഷം വലിയ വ്യവസായികളും രാഷ്ട്രീയ ഫണ്ടർമാരും അന്താരാഷ്ട്ര കൂട്ടുകെട്ടുകളും നിർദ്ദേശിക്കുന്ന വഴിയിലാണ് നടക്കുന്നത്. അതാണ് രാഷ്ട്രീയത്തിന്റെ മറച്ചുവയ്ക്കാനാകാത്ത കഠിനസത്യം. പ്രധാനമന്ത്രിയുടെ ഓഫീസ് എന്നത് ഭരണകേന്ദ്രമെന്നതിനേക്കാൾ കോർപ്പറേറ്റുകളുടെ നിയന്ത്രണ കേന്ദ്രമായാണ് പ്രവർത്തിക്കുന്നത്. വലിയ വ്യവസായ ഗ്രൂപ്പുകളുടെ ആവശ്യങ്ങൾ നിറവേറ്റാൻ നിയമങ്ങളും നയങ്ങളും കരാറുകളും ഇവിടെ തന്നെ രൂപപ്പെടുന്നു. അവയുടെ പ്രഖ്യാപനം 'ജന

ങ്ങളുടെ പുരോഗതി' എന്ന പേരിലായാലും യാഥാർത്ഥ്യത്തിൽ ലക്ഷ്യം വ്യവസായികൾക്ക് പരമാവധി ലാഭം ഉറപ്പാക്കി നൽകുക എന്നതാണ്. സ്വകാര്യവൽക്കരണവും, പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റഴിക്കലും, അടിസ്ഥാന സൗകര്യങ്ങളുടെ മേലുള്ള കോർപ്പറേറ്റുകളുടെ പിടിമുറുക്കവും എല്ലാം ഇതിന്റെ തെളിവുകളാണ്.

വിദേശ സന്ദർശനങ്ങൾക്കും വലിയ പ്രചാരണമാണ് നടക്കുന്നത്. 'രാജ്യത്തിന്റെ അഭിമാനം ഉയർത്തുന്നു' എന്ന മുദ്രാവാക്യം മുഴങ്ങുമ്പോൾ, പിന്നാമ്പുറം വ്യക്തമാകുന്നു. ഇന്ത്യൻ കോർപ്പറേറ്റുകൾക്ക് വിദേശ വിപണിയിൽ പ്രവേശനം, അന്താരാഷ്ട്ര കമ്പനികളുമായി കരാറുകൾ, വിദേശ നിക്ഷേപകരെ ഇന്ത്യൻ വിപണിയിലേക്ക് ആകർഷിക്കൽ തുടങ്ങിയവ പല പദ്ധതികളായി പ്രഖ്യാപിക്കപ്പെടുന്നു. ജനങ്ങളുടെ തൊഴിൽ, വിദ്യാഭ്യാസം, ആരോഗ്യം, ക്ഷേമം ഇവയെല്ലാം പിന്നോട്ടാണ് നീങ്ങുന്നത്. അത് നേടുവാൻ ജനങ്ങൾ സർക്കാരിനെ പ്രതീക്ഷിക്കാതെ വിപണിയിൽ കൂടുതൽ ധനം ചിലവഴിച്ച് സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുവാൻ വിധിക്കപ്പെടുന്നു. രാജ്യത്തിന്റെ അന്താരാഷ്ട്ര പ്രതിഛായ ഉയർത്തുന്നതിൽ വ്യവസായികളുടെ പങ്ക് സർക്കാരുകൾക്കറിയാം. അതിനാൽ അവരുടെ ആവശ്യങ്ങളാണ് എന്നും മുൻഗണനയിൽ എത്തുന്നത്.

പ്രധാനമന്ത്രി എടുക്കുന്ന തീരുമാനങ്ങൾ ജനങ്ങളുടെ ദിനചര്യയെ നേരിട്ട് ബാധിക്കുന്നുവെങ്കിലും അവയിൽ പൊതുജനങ്ങളുടെ അഭിപ്രായങ്ങൾക്ക് യാതൊരു ഇടവും ഇല്ല. തിരഞ്ഞെടുപ്പ് സമയത്ത് പ്രഖ്യാപിച്ച വാഗ്ദാനങ്ങൾ കാലാകാലങ്ങളായി അനുഷ്ഠിച്ച് വരുന്ന ആചാരം എന്നത് പോലെ അധികാരത്തിലെത്തിയാൽ മറവിയിൽ പോകുകയും പുതിയ പദ്ധതികൾ എല്ലായ്പ്പോഴും 'വികസനം' എന്ന പേരിൽ കോർപ്പറേറ്റുകൾക്ക് അനുകൂലമായി മാത്രം രൂപപ്പെടുകയും ചെയ്യുന്നു. പൊതുധനം ഉപയോഗിച്ചാണ് ഈ പദ്ധതികൾ നടപ്പാക്കപ്പെടുന്നത്. പക്ഷേ, യഥാർത്ഥ ഗുണഭോക്താക്കൾ സർക്കാരിന്റെ രാഷ്ട്രീയ പ്രചാരണങ്ങൾക്ക് ധന സഹായം ചെയ്യുന്ന വലിയ വ്യവസായ ഗ്രൂപ്പുകളാണ്.

ഭരണകൂടത്തിന്റെ ഘടന നോക്കുമ്പോൾ സാധാരണക്കാർ വെറും 'വോട്ടർമാർ' എന്ന നിലയിലാണ് വിലയിരുത്തപ്പെടുന്നത്. അധികാരത്തിലേറിയ ശേഷം എലീറ്റ് വിഭാഗങ്ങൾക്ക് മാത്രം മുൻഗണന ലഭിക്കുന്നു. കാർഷികം, തൊഴിൽ, ആരോഗ്യം പോലുള്ള അടിസ്ഥാന മേഖലകൾക്കുള്ള ധനസഹായം പോലും കുറവാണ്. എന്നാൽ കോടികൾ പൊതുധനത്തിൽ നിന്ന് കോർപ്പറേറ്റുകൾക്ക് 'ബെയിൽ ഔട്ട് പാക്കേജുകളായി' ഒഴുകിക്കൊണ്ടിരിക്കുന്നു. കേന്ദ്രമോ, സംസ്ഥാനമോ ആയിക്കോട്ടെ സർക്കാരുകൾ ഇന്ന് ജനങ്ങളുടെ 'സംരക്ഷകൻ' അല്ല. മറിച്ച്, വലിയ വ്യവസായികളുടെ 'വാതിൽ കാവൽക്കാരൻ' മാത്രമാണ്. അവർക്ക് അനുകൂലമായി നിയമങ്ങൾ തിരുത്തപ്പെടുന്നു, നിയന്ത്രണങ്ങൾ നീക്കംചെയ്യുന്നു, പൊ

ുസമ്പത്ത് സ്വകാര്യവൽക്കരിക്കുന്നു. ഫലം; ജനങ്ങൾക്ക് ഉയർന്ന നികുതി, വില ക്കയറ്റം, തൊഴിലില്ലായ്മ. പ്രധാനമന്ത്രിയുടെ പ്രസംഗങ്ങളിൽ ജനങ്ങളുടെ വികാ രങ്ങളെ പിടിച്ചിരുത്താനായി ദേശസ്നേഹം, മതം, സംസ്കാരം തുടങ്ങിയ വിഷയ ങ്ങൾ ഉയർത്തിക്കാട്ടപ്പെടുന്നു. എന്നാൽ പശ്ചാത്തലത്തിൽ നടപ്പിലാക്കപ്പെടുന്ന ത് കോർപ്പറേറ്റുകളുടെ ലാഭത്തിനുള്ള കൃത്യമായ കണക്കുകൂട്ടലുകളാണ്. ദേശസ്നേ ഹത്തിന്റെ ആവേശത്തിൽ ജനങ്ങൾ മുങ്ങിത്താഴുമ്പോഴും, രാജ്യത്തിന്റെ സമ്പ ത്ത് സ്വകാര്യസാമ്രാജ്യ അധിപതികളുടെ കരങ്ങളിലേയ്ക്ക് ഒഴുകിക്കൊണ്ടിരിക്കു ന്നു. അതുകൊണ്ട്, കേന്ദ്രനേതൃത്വത്തെ ജനങ്ങളുടെ സേവകനെന്നു കരുതുന്നത് തെറ്റദ്ധാരണ മാത്രമാണ്. യാഥാർത്ഥ്യത്തിൽ, അവർ എലീറ്റ് വിഭാഗത്തിന്റെ വാതിൽ തുറക്കുന്ന ഗേറ്റ്കീപ്പർമാരാണ്. സാധാരണ ജനങ്ങളുടെ ജീവിതം അവ രുടെ രാഷ്ട്രീയ പ്രസംഗങ്ങളിൽ മാത്രമേ പ്രത്യക്ഷപ്പെടുന്നുള്ളൂ. എന്നാൽ അവരു ടെ തീരുമാനങ്ങളുടെ യഥാർത്ഥ ഫലം വലിയ വ്യവസായ സാമ്രാജ്യങ്ങളുടെ ബാങ്ക് അക്കൗണ്ടുകളിലാണ് അടിഞ്ഞുകൂടുന്നത്. ഇത് നമ്മുടെരാജ്യത്ത് മാത്രം ന ടക്കുന്ന ഒരു കാര്യമല്ല. മറിച്ച്, ഒരു ആഗോള പ്രതിഭാസമാണ്. ഗൾഫ് മേഖലയി ലെ സമ്പന്ന രാജ്യങ്ങളും ഇതേ മാതൃകയിലാണ് പ്രവർത്തിക്കുന്നത്. ഇതിന് വിരു ദ്ധമായി മതരാജ്യം പടുത്തുയർത്താൻ ശ്രമിക്കുന്ന രാജ്യങ്ങളുടെ അവസ്ഥ മൂന്നാം ലോക രാജ്യങ്ങൾക്കും താഴേയ്ക്ക് പതിക്കുന്നതായി നിങ്ങൾക്ക് കാണാവുന്നതാണ്. മാത്രമല്ല, അത്തരം രാജ്യങ്ങളെ കോർപ്പറേറ്റ് രാജ്യങ്ങൾ ചൂഷണം ചെയ്യുകയും അവരുടെ കീഴിലേക്ക് കൊണ്ടുവന്ന് വിഭവങ്ങൾ അപഹരിക്കുകയും ചെയ്യുന്നു. അ മേരിക്കൻ എലീറ്റ് വിഭാഗത്തിന്റെ മുദ്രാവാക്യം ശ്രദ്ധിക്കുക. അത് ഇപ്രകാരമാണ് 'ഞങ്ങൾക്ക് സ്ഥായിയായ സുഹൃത്തുക്കളോ ശത്രുക്കളോ ഇല്ല. ഉള്ളത് സ്ഥായി യായ താല്പര്യങ്ങളാണ്. അത് തികച്ചും വ്യാപാരപരമാണ്'.

എലീറ്റ് വിഭാഗങ്ങൾ രാജ്യത്ത് നടക്കുന്ന സാമ്പത്തിക ചൂഷണവും ഘടനാപരമാ യ കവർച്ചയും പൊതുജനങ്ങളിൽ നിന്നും മറച്ചുവയ്ക്കാൻ മതം, ജാതി, ഭാഷ, ദേശാ ഭിമാനം തുടങ്ങിയ തിരിച്ചറിവുകളെ 'പുകമറ'യായി ഉപയോഗിക്കുന്നു. സാധാര ണ പൗരന്മാർക്ക് ഈ തിരിച്ചറിവുകൾ ആത്മാഭിമാനത്തിന്റെയും ആത്മപരിചയ ത്തിന്റെയും അവിഭാജ്യഘടകങ്ങൾ ആയതിനാൽ അവർക്ക് അതിനോടുള്ള അ ന്ധമായ വിശ്വാസവും വികാരബന്ധവുമുണ്ട്. എന്നാൽ ആ വികാരബന്ധം ത ന്നെയാണ് എലീറ്റ് വിഭാഗങ്ങൾ അവരുടെ ഏറ്റവും വലിയ ആയുധമാക്കുന്നത്. ജനങ്ങൾ രാഷ്ട്രീയ നേതാക്കളോടോ മത-ജാതി ഗ്രൂപ്പുകളോടോ അതിരുകടന്ന വിശ്വാസം പുലർത്തുമ്പോൾ മുകളിലത്തെ തലത്തിൽ നടക്കുന്ന സാമ്പത്തിക ത ട്ടിപ്പുകളും രാഷ്ട്രീയ-കോർപ്പറേറ്റ് കൂട്ടുകെട്ടുകളും ശ്രദ്ധിക്കാറില്ല. അവർ തമ്മിൽ മത -ജാതി അടിസ്ഥാനത്തിലുള്ള കലഹങ്ങളിൽ മുഴുകിക്കിടക്കുമ്പോൾ എലീറ്റ് വിഭാ ഗങ്ങൾ ബാങ്കുകളെയും വ്യവസായങ്ങളെയും പൊതുസമ്പത്തും തങ്ങളുടെ നിയ ന്ത്രണത്തിലാക്കി അധികാരവും ധനസ്ഥിതിയും ഉയർത്തിക്കൊണ്ടിരിക്കുന്നു.

ഇങ്ങനെ, 'ജനങ്ങളുടെ വികാരപരമായ വിശ്വാസങ്ങൾ' ഒരു സാമൂഹിക ശക്തിയായി മാറുന്നതിന് പകരം അത് ജനങ്ങളെ തന്നെ ദുർബലരാക്കുന്ന രാഷ്ട്രീയ-സാമ്പത്തിക ഉപകരണമായി മാറുന്നു. ഇതാണ് ഇന്ത്യയിൽ സാധാരണ പൗരന്മാർ അനുഭവിക്കുന്ന ഏറ്റവും വലിയ ദുരന്തം. അവരുടെ വിശ്വാസം തന്നെ അവരുടെ ചൂഷണത്തിന് വഴിയൊരുക്കുന്നു. അതേസമയം, മാറിചിന്തിക്കാനുള്ള വഴികളിൽ എല്ലാം വിഘടനവാദികളും തീവ്രവാദ ശക്തികളും അവരെ ഉപയോഗപ്പെടുത്തുവാനായി തക്കംപാർത്തിരിക്കുന്നു. എന്നിരുന്നാലും, സാധാരണക്കാരനും സമ്പന്നർക്കും തമ്മിലുള്ള ബന്ധം ഒരുതരം സാമൂഹിക പരസ്പരാശ്രയത്വമാണ്. ഉന്നതർ നടത്തുന്ന വ്യവസായ-നിക്ഷേപ പ്രവർത്തനങ്ങൾ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും ശമ്പളത്തിനാൽ കഴിയുന്നവർക്ക് ജീവിക്കാനുള്ള മാർഗ്ഗം നൽകുകയും ചെയ്യുന്നു. രാജ്യത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ, നഗര വികസനം, സാങ്കേതിക വിദ്യ, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ സംഭവിക്കുന്ന മുന്നേറ്റങ്ങൾക്ക് പിന്നിൽ അവരുടെ നിക്ഷേപങ്ങളും പങ്കാളിത്തവുമുണ്ട്. അതേസമയം, സാധാരണ ജനങ്ങളുടെ തൊഴിലും പരിശ്രമവും ഇല്ലാതെ ആ സമ്പന്നർക്കും നിലനിൽപ്പില്ല. അവർക്കു കെട്ടിടങ്ങൾ പണിയാൻ തൊഴിലാളികളും, സ്ഥാപനങ്ങൾ നടത്താൻ ജീവനക്കാരും, ഉത്പന്നങ്ങൾ വാങ്ങാൻ ഉപഭോക്താക്കളുമാണ് അനിവാര്യമായ ആവശ്യം. അതായത്, സാധാരണക്കാരുടെ ജീവൻ തന്നെ അവരുടെ സാമ്രാജ്യത്തിന്റെ അടിത്തറയാണ്. ഇങ്ങനെ നോക്കുമ്പോൾ, രാഷ്ട്രത്തിന്റെ സമ്പദ്വ്യവസ്ഥയിൽ സമ്പന്നരും സാധാരണക്കാരും തമ്മിൽ കൂടി ചേർന്ന ഒരു സഹജീവിതമാണ് നിലനിൽക്കുന്നത്. പക്ഷേ, സർക്കാർ ജനങ്ങളുടെ താത്പര്യം സംരക്ഷിക്കുന്ന തരത്തിൽ സമത്വവും നീതിയും ഉറപ്പാക്കുന്നില്ലെങ്കിൽ ഈ ബന്ധം ചൂഷണമായി മാറുകയും സാധാരണക്കാരൻ ശ്വാസംമുട്ടുന്ന അവസ്ഥയിലേക്ക് വീഴുകയും ചെയ്യുന്നു.

രാഷ്ട്രീയ പാർട്ടികൾ ജനങ്ങളെ അധികാരത്തിലേക്കുള്ള കാൽവഴിയായി കാണുമ്പോൾ കോർപ്പറേറ്റുകൾ ആ വഴിക്ക് കാന്തമായ ധനം വിതറി വെക്കുന്നു. അധികാരത്തിന്റെ വാതിലുകൾ തുറക്കാൻ ജനങ്ങളുടെ വോട്ട് ആവശ്യമാണ്. ആ വോട്ട് വാങ്ങാൻ ആവശ്യമായ വാക്കുകൾ എഴുതിക്കൊടുക്കുന്നത് ധനസാമ്രാജ്യങ്ങളാണ്. വോട്ടുകൾ വാങ്ങുന്നവർക്കും വാക്കുകൾ വിൽക്കുന്നവർക്കും ഇടയിൽ രൂപം കൊള്ളുന്ന ഈ നിശബ്ദ കരാർ, ജനാധിപത്യത്തിന്റെ ആത്മാവിനെ ആഴത്തിൽ മങ്ങിച്ചുകളഞ്ഞിരിക്കുന്നു. ഭരണഘടനയുടെ മഹത്വം ഇപ്പോൾ ഒരു പ്രമേയമായി മാത്രം നിലനിൽക്കുന്നു. യാഥാർത്ഥ്യത്തിൽ അത് ഭാവനാപരമായ ഒരു കെട്ടുറപ്പായി മാറിയിരിക്കുന്നു. ജനങ്ങളുടെ ഭാവിയെ തീരുമാനിക്കുന്ന നയങ്ങൾ ഇനി ജനങ്ങളുടെ ശബ്ദത്തിൽ നിന്നും ഉരിത്തിരിയുകയില്ല. അവ പണമുടമകളുടെ മേശകളിൽ നിന്നാണ് ആകൃതിയും അർത്ഥവും കൈവരിക്കുന്നത്. 'സാമർത്ഥ്യം' എന്ന വാക്ക് ഇന്നത്തെ ഭരണത്തിന്റെ പുതിയ മന്ത്രമാകുമ്പോൾ, അതിന്റെ മറവിൽ നടക്കുന്ന യഥാർത്ഥ ഗണിതം സമ്പത്ത് കുറച്ചുപേരുടെ കയ്യിൽ കേന്ദ്രീക

രിക്കപ്പെടുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുമ്പോൾ അത് വികസനമായി അവതരിപ്പിക്കപ്പെടുന്നു. എന്നാൽ സത്യം ഇതാണ്, പൊതുധനം സ്വകാര്യ മഠങ്ങളിൽ കുടിയേറുകയാണ്. പൊതുമേഖല നഷ്ടത്തിലാകുന്നത് അതിന്റെ നിലനില്പിന്റെ ദൗർബല്യം കൊണ്ടല്ല. മറിച്ച്, അതിന്റെ നടത്തിപ്പിലെ അഴുക്കുകളാണ് കാരണം. മേൽത്തട്ടിലും അടിത്തട്ടിലും നടക്കുന്ന കെടുകാര്യസ്ഥതയെ നിരീക്ഷിക്കാൻ യഥാർത്ഥ ഉത്തരവാദിത്വമില്ലാത്തതിനാൽ സ്ഥാപനങ്ങൾ ക്ഷയിച്ച് പോകുന്നു. പൗരൻ അടയ്ക്കുന്ന നികുതി അവന്റെ ജീവിതം മെച്ചപ്പെടുത്താനല്ല, ആ അഴുക്ക് ഉണ്ടാക്കുന്ന നഷ്ടം നികത്താനാണ് ഉപയോഗിക്കപ്പെടുന്നത്. നികുതിപ്പണം കൊണ്ട് നിർമ്മിക്കുന്ന റോഡുകളും പാലങ്ങളും പിന്നീട് സ്വകാര്യ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലൂടെ കടന്നുപോകുമ്പോൾ ജനാധിപത്യത്തിൽ സ്വാതന്ത്ര്യം എന്നത് വെറും മിഥ്യാവചനം ആയിത്തീരുന്നു.

തെരഞ്ഞെടുപ്പുകൾ ഈ മിഥ്യയുടെ മഹോത്സവം മാത്രമാണ്. വോട്ട് ചെയ്യുവാനുള്ള അവകാശം സ്വാതന്ത്ര്യത്തിന്റെ ചിഹ്നമെന്ന തോന്നൽ മാത്രം. യാഥാർത്ഥ്യത്തിൽ തിരഞ്ഞെടുപ്പ് ഒരു വിപണിയാണ്. അവിടെ വോട്ടുകൾ വിലക്കുറവിൽ വിൽക്കപ്പെടുന്നു. മതവിശ്വാസങ്ങളും വികാരങ്ങളും വാണിജ്യവസ്തുക്കളായി മാറുന്നു. ജനങ്ങളുടെ മനസ്സുകൾ പ്രചാരണങ്ങളാൽ ശില്പം പോലെ തീർത്തെടുക്കപ്പെടുന്നു. മാധ്യമങ്ങൾ ഇന്നൊരു കണ്ണാടിയല്ല, അവ ഒരു മായാജാല യന്ത്രമാണ്. കാണിക്കേണ്ടത് മാത്രം കാണിച്ച്, മറയ്ക്കേണ്ടത് മൂടിവെച്ച്, കോർപ്പറേറ്റുകൾക്ക് അനുകൂലമായ യാഥാർത്ഥ്യങ്ങൾ മാത്രമാണ് പ്രചരിക്കുന്നത്. ബാക്കി സത്യം അന്ധകാരത്തിന്റെ അഗാധമായ ഇടനാഴികളിലേക്ക് തള്ളപ്പെടുന്നു. ഭരണഘടന പ്രഖ്യാപിച്ച സ്വാതന്ത്ര്യത്തിന്റെ പ്രതിജ്ഞ ദിനംപ്രതി അർത്ഥശൂന്യവാക്യങ്ങളായി അന്തരീക്ഷത്തിൽ പ്രതിധ്വനിക്കുന്നു. ജനങ്ങൾക്ക് ലഭിക്കുന്ന സൗകര്യങ്ങൾ പോലും അവരുടെ തന്നെ പണത്തിൽ നിന്നും വകയിരുത്തപ്പെടുന്നതിനാൽ അത് ഒരു 'ദാനം' അല്ല. 'കടം' പോലെയാണ്. 10 രൂപ പിരിച്ചെടുക്കുമ്പോൾ 50 പൈസ തിരികെ നൽകുന്ന ഒരു മായാജാലമാകുന്നു ഭരണ സംവിധാനം. വീണ്ടും പല ഇരട്ടിയായി തിരിച്ചെടുക്കുന്നു. സാധാരണ പൗരന്റെ അവകാശങ്ങൾ നിസ്സാരമായതായി കരുതപ്പെടുമ്പോൾ നിക്ഷേപകരുടെ ചെറിയ ആശങ്കകൾക്കും സർക്കാർ അടിയന്തിരമായി ഇടപെടുന്നു. ഭരണഘടനയുടെ ആത്മാവ് സംരക്ഷിക്കേണ്ട കോടതികളും ബ്യൂറോക്രസിയും അധികാരത്തിന്റെ അടുക്കളയിൽ പാചകം ചെയ്യുന്ന നിയമങ്ങളുടെ പാചകക്കാരായി മാറിയിരിക്കുന്നു.

ജനാധിപത്യം ഇന്നൊരു പ്രതീകമായി മാത്രമേ നിലനിൽക്കുന്നുള്ളൂ. അതിന്റെ ഉള്ളടക്കം പുരാതന രാജാധികാരത്തിന്റെ നിഴലാണ്. വ്യത്യാസം വെറും പേരിൽ മാത്രം. രാജാവ് ഇപ്പോൾ തിരഞ്ഞെടുക്കപ്പെടുന്നു. പക്ഷേ, ആ രാജകീയ ആനുകൂല്യങ്ങൾ എല്ലാം അദ്ദേഹത്തിനുണ്ട്. ജനങ്ങൾ വോട്ട് ചെയ്യുമ്പോൾ തങ്ങൾ ഭരണത്തിൽ പങ്കാളികളാണെന്ന മിഥ്യാഭിമാനത്തിൽ മുങ്ങിയിരിക്കുകയാണ്. എ

ന്നാൽ യഥാർത്ഥ അധികാരങ്ങൾ അവരുടെ കൈകളിൽ നിന്നും വർഷങ്ങളായി നീക്കം ചെയ്തിരിക്കുന്നു. ആയതിനാൽ, ഇന്നത്തെ ജനാധിപത്യം ഒരു സ്വർണ്ണ കൂടാരത്തെയാണ് ഓർമ്മപ്പെടുത്തുന്നത്. പുറത്തുനിന്ന് തിളങ്ങുന്ന, എന്നാൽ അകത്ത് പഴയ രാജാധികാരത്തിന്റെ അതേ ചങ്ങലകളിൽ പുനർജനിച്ച് കിടക്കുന്ന ഒരു അലങ്കാര മൃത്യുശാല. ഭരണഘടനയുടെ പേജുകളിൽ ജനങ്ങളുടെ സ്വപ്നങ്ങൾ എഴുതിവച്ചിരിക്കുമ്പോൾ അധികാരത്തിന്റെ ഇരുണ്ട മുറികളിൽ അതിലുള്ള യാഥാർത്ഥ്യങ്ങൾ നിശബ്ദമായി മായിച്ചെടുക്കപ്പെടുന്നു. അതാണ് ഇന്നത്തെ ഭരണഘടനാപരമായ യാഥാർത്ഥ്യം. ജനാധിപത്യത്തിന്റെ മറവിൽ നടക്കുന്ന രാജകീയത.

ഒരു രാജ്യത്തിന്റെ ചക്രം തിരിയുന്നത് രണ്ടു ലോകങ്ങളുടെ സങ്കീർണബന്ധത്തിലൂടെയാണ്. സാധാരണ ജനങ്ങളുടെ അധ്വാനവും എലീറ്റ് വിഭാഗത്തിന്റെ നിക്ഷേപവുമാണ് ആ ചക്രത്തിന്റെ രണ്ട് ഭാഗങ്ങൾ. ഒരാൾ കൈപ്പുണ്യത്താൽ പണിയുമ്പോൾ മറ്റൊരാൾ ധനപുണ്യത്താൽ നിയന്ത്രിക്കുന്നു. ഇരുവരും പരസ്പരം ആശ്രയിക്കുന്നവരാണ് എന്ന് തോന്നുമെങ്കിലും യാഥാർത്ഥ്യം അത്ര സമതുലിതമല്ല. ഈ ബന്ധം പലപ്പോഴും സഹജീവിതത്തിന്റെ ഭംഗിയിൽ മറഞ്ഞിരിക്കുന്ന ഒരു ചൂഷണ തന്ത്രമാണ്. സാധാരണക്കാരന്റെ അധ്വാനം ഒരു സമൂഹത്തിന്റെ രക്തസ്രാവം പോലെയാണ്. അത് നിശ്ചലമാവുമ്പോൾ വ്യവസ്ഥിതി മരിച്ചുപോകും. കർഷകൻ നിലം ഉഴുതില്ലെങ്കിൽ ആഹാരം ഉണ്ടാകില്ല, തൊഴിലാളികൾക്ക് കയ്യുറപ്പില്ലെങ്കിൽ കെട്ടിടങ്ങൾ ഉയരുകയില്ല. ഡ്രൈവർ, നേഴ്സ്, ക്ലാർക്ക്, അധ്യാപകർ ഇവരുടെ ദിനംപ്രതി പരിശ്രമം ഇല്ലാതെ ജീവിതത്തിന്റെ ചലനം തന്നെ നിശ്ചലമാകും. എന്നാൽ അവരുടെ ജീവിതത്തിന്റെ പ്രതിഫലം അവർ ഉണ്ടാക്കുന്ന മൂല്യത്തിന് തുല്യമല്ല. മറിച്ച്, അവരുടെ കഷ്ടപ്പാടിന്റെ ഫലം മറ്റൊരാളുടെ കയ്യിലേക്കാണ് ഒഴുകുന്നത്.

സമ്പന്നൻ തന്റെ നിക്ഷേപം 'വികസനത്തിന്റെ അടിത്തറ' എന്നാണ് പ്രഖ്യാപിക്കുന്നത്. പക്ഷേ ആ നിക്ഷേപം സാധാരണയായി മറ്റുള്ളവരുടെ അധ്വാനത്തെ വിലകുറച്ച് വാങ്ങുന്നതിലൂടെയാണ് വളരുന്നത്. തൊഴിൽ വിപണിയിൽ ലഭിക്കുന്ന ശമ്പളത്തിന്റെ വാസ്തവം നോക്കു. അതിൽ തൊഴിലാളിയുടെ കഴിവിനേക്കാൾ പ്രധാനപ്പെട്ടത് കമ്പനിയുടമയുടെ ലാഭാനുപാതമാണ്. ഉൽപ്പാദനത്തിനുള്ള യഥാർത്ഥ പ്രചോദനം മനുഷ്യ ശ്രമമാകുമ്പോഴും അതിന്റെ ഫലമായ സമ്പത്ത് അതിനെ നിയന്ത്രിക്കുന്നവന് ലഭിക്കുന്നു. ഈ അസമത്വമാണ് സാമ്പത്തിക വ്യവസ്ഥയുടെ അസ്ഥികളിൽ ഒളിഞ്ഞിരിക്കുന്ന ദീർഘനിശബ്ദ രോഗം. സാമൂഹിക ഘടനയിൽ എലീറ്റുകൾ തങ്ങളെത്തന്നെ 'അവസരസൃഷ്ടാക്കൾ' എന്ന പദവിയിലേക്ക് ഉയർത്തിയിരിക്കുന്നു. അവർ ഇല്ലെങ്കിൽ തൊഴിൽ ഇല്ലെന്നും നിക്ഷേപം ഇല്ലെങ്കിൽ സമ്പദ്വ്യവസ്ഥ തകർന്നു പോകുമെന്നും അവർ പ്രചരിപ്പിക്കുന്നു. പക്ഷേ ആ പ്രസ്താവനയുടെ മറവിൽ ഒരു മായാജാലമുണ്ട്. തൊഴിലാളികൾ ഇല്ലെ

ങ്കിൽ അവരുടെ നിക്ഷേപം പാറയുടെ തണുത്ത കഷ്ണങ്ങൾ പോലെ കിടക്കും. ജീവൻ കിട്ടുകയില്ലെന്ന് മാത്രമല്ല, ലാഭം കിട്ടാനും സാധിക്കില്ല. അതായത്, യഥാർത്ഥ മൂല്യസൃഷ്ടാക്കൾ തൊഴിലാളികളാണ്. എന്നാൽ അവർ തന്നെയാണ് ഏറ്റവും കുറച്ച് നേട്ടം അനുഭവിക്കുന്നത്. ഇതിനൊരു മറുവശം കൂടിയുണ്ട്. സർക്കാർ ജനങ്ങളുടെ കൈയ്യിൽ നിന്നും പണം പിരിച്ച് ഭരിക്കുന്നു. എന്നാൽ സർക്കാർ നേരിട്ട് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് വിരളം. സർക്കാർ ചെയ്യേണ്ടതായ കടമകൾ കോർപറേറ്റുകൾ ചെയ്യുമ്പോൾ സർക്കാർ അവർക്ക് ആനുകൂല്യങ്ങൾ നൽകുന്നു. ജനങ്ങൾ ചൂഷണത്തിന് വിധേയരായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

ഒരുവശത്ത് കോർപ്പറേറ്റുകൾ അവരുടെ സേവനങ്ങൾക്ക് പ്രതിഫലം തങ്ങൾക്കിഷ്ടമുള്ളപോലെ നിശ്ചയിക്കുന്നു. വിപണി സാഹചര്യം, ആവശ്യകത, ബ്രാൻഡ് മൂല്യം എന്നൊക്കെയാണ് അവയുടെ പേരുകൾ. പക്ഷേ അതേ കോർപ്പറേറ്റുകൾ മറുവശത്ത് തൊഴിലാളികളുടെ വേതനം നിശ്ചയിക്കുമ്പോൾ 'ചെലവു നിയന്ത്രണം' എന്ന വാക്കാണ് ധർമ്മഗ്രന്ഥം പോലെ ഉദ്ധരിക്കുന്നത്. അതാണ് ഈ സംവിധാനത്തിന്റെ ഏറ്റവും വിചിത്രമായ നീതി — ഇരട്ട മാനദണ്ഡങ്ങളുടെ ഏറ്റവും വലിയ ഉദാഹരണം. സമ്പന്നരുടെ സമയം വിലയേറിയതാണെന്ന ധാരണയിൽ അവർ മണിക്കൂറുകൾക്ക് കോടികൾ വിലയിരുത്തുമ്പോൾ, അവർക്ക് സമ്പത്ത് സൃഷ്ടിക്കുന്ന തൊഴിലാളിയുടെ സമയം വില കുറഞ്ഞതായിത്തീരുന്നു. ഒരുവിഭാഗത്തിന്റെ അധ്വാനം 'പ്രവർത്തന മികവ്' എന്നു പ്രശംസിക്കപ്പെടുമ്പോൾ മറുവിഭാഗത്തിന്റെ അതേ അധ്വാനം 'സാധാരണ ഉത്തരവാദിത്വം' എന്ന രീതിയിൽ തരം താഴ്ത്തപ്പെടുന്നു. ഇതൊരു സമൂഹത്തിന്റെ കേവല ധാർമ്മികതയുടെ പ്രതിബിംബമാണ്. അവിടെ മൂല്യം പണത്തോടാണ് ബന്ധിച്ചിരിക്കുന്നത്, മനുഷ്യത്വത്തോടല്ല. കോർപ്പറേറ്റുകൾ അവരുടെ ലാഭം ന്യായീകരിക്കാൻ ഉത്പാദനച്ചെലവിനെയും വിപണി മത്സരത്തെയും കാണിക്കുന്നു. പക്ഷേ, തൊഴിലാളിയുടെ ജീവിതച്ചെലവിനും മാനുഷിക ആവശ്യങ്ങൾക്കും അവിടെ സ്ഥാനം ഇല്ല. തൊഴിൽ ദാതാവിന് ലാഭം വർദ്ധിപ്പിക്കാൻ നിയമങ്ങൾ പുനഃരാഖ്യാനിക്കുമ്പോൾ തൊഴിലാളിക്ക് തന്റെ അർഹത പറയാനുള്ള വേദി പോലും ഇല്ലാതെയാകുന്നു. ഇങ്ങനെ സമത്വത്തിന്റെ പേരിൽ തുടങ്ങുന്ന ഈ ബന്ധം കാലക്രമേണ അടിമത്തത്തിന്റെ പുതിയ രൂപമായി മാറുന്നു.

ഒരു കമ്പനിയുടെ വളർച്ച ഗ്രാഫ് ഉയരുമ്പോൾ അതിന് പിന്നിലെ മനുഷ്യരുടെ കണ്ണീർ കാണിക്കുന്ന ഗ്രാഫ് ആരും വരയ്ക്കാറില്ല. അതാണ് ഈ കാലഘട്ടത്തിന്റെ ദുഃഖകരമായ സത്യാവസ്ഥ. ഉത്പാദനം കൂട്ടാനുള്ള എല്ലാ സംവിധാനങ്ങളും മനുഷ്യനെ കുറയ്ക്കാനുള്ള ഉപാധികളായി മാറിയിരിക്കുന്നു. കോർപ്പറേറ്റുകൾ 'സാമർത്ഥ്യം' എന്ന വാക്ക് ഉപയോഗിച്ച് ആളുകളെ യന്ത്രങ്ങളാക്കി മാറ്റുമ്പോൾ അവർക്കു പിന്നിൽ അവശേഷിക്കുന്നത് ആ സാമർത്ഥ്യത്തിനായി ത്യജിക്കപ്പെട്ട അനേകം ജീവിതങ്ങളാണ്. ഈ ഇരട്ടനീതിയുടെ ഭാരം സമൂഹത്തിന്റെ അടിസ്ഥാന

ഘടനയെ തകർക്കുന്നു. കാരണം സമത്വം ഇല്ലാതെ സഹജീവിതം നിലനിൽക്കാനാകില്ല. ഒരു വിഭാഗം സമ്പാദിക്കുമ്പോൾ മറ്റൊരു വിഭാഗം പൊറുക്കേണ്ടി വരുന്ന അവസ്ഥ നീതിയല്ല, അത് നിയമാനുസൃതമായ ചൂഷണമത്രേ. ജനാധിപത്യത്തിന്റെ കൃത്രിമ മുഖം ഈ വാസ്തവം മറയ്ക്കാൻ ശ്രമിക്കുമ്പോഴും തൊഴിലാളിയുടെ ചോർന്ന വിയർപ്പും അവന്റെ മൗനവിലാപവുമാണ് യഥാർത്ഥ സമകാലീക സാമ്പത്തിക ശാസ്ത്രത്തിന്റെ അടിസ്ഥാനം എന്ന് പറയാതെ വയ്യ. എന്നുവെച്ച് ലാഭം തുല്യമായി വീതിക്കണം എന്നല്ല. അവന്റെ ജീവിതത്തെയും അധ്വാനത്തെയും മാനിക്കുകയും അർഹിക്കുന്നതരത്തിൽ മാന്യമായി സമൂഹത്തിൽ ജീവിക്കാൻ ഉതകുന്ന വിധത്തിൽ പ്രതിഫലം നൽകുകയും വേണം.

എലീറ്റ് വിഭാഗം വികസനത്തിന്റെ പേരിൽ സർക്കാരിന്റെ നയങ്ങൾ വരെ നിയന്ത്രിക്കുന്നു. അവരുടെ നിക്ഷേപങ്ങൾക്ക് അനുകൂലമായി നിയമങ്ങൾ പാസാകുമ്പോൾ സാധാരണ ജനങ്ങൾക്ക് അതിന്റെ പ്രതിഫലം ഉയർന്ന വിലകളും തൊഴിൽ അനിശ്ചിതത്വവുമാണ്. ബാങ്കുകൾ അവരുടെ നഷ്ടങ്ങൾ പൊതുപണത്തിലൂടെ തീർക്കുമ്പോൾ നികുതി അടക്കുന്ന പൗരന് അതിന്റെ യഥാർത്ഥ വില തിരിച്ചറിയാൻ കഴിയുന്നില്ല. വികസനം എന്ന ഓമനപ്പേരിൽ വിളിക്കപ്പെടുന്ന ഈ ഘടന യാഥാർത്ഥ്യത്തിൽ സമൂഹത്തിന്റെ താഴത്തെ പാളിയിൽ നിന്നുള്ള സമ്പത്ത് മുകളിൽ ചോർന്ന് കയറിക്കൊണ്ടിരിക്കുന്ന ഒരു ഏകദിശ സ്രോതസ്സാണ്. നീതി എന്നത് സമത്വം മാത്രമല്ല, അത് ഉത്തരവാദിത്തവുമാണ്. എന്നാൽ ഇന്നത്തെ ലോകത്തിൽ ഉത്തരവാദിത്തം മറക്കുകയും അധികാരം മാത്രം ഓർക്കുകയും ചെയ്യുന്നവരാണ് മുൻനിരയിൽ. എലീറ്റ് വിഭാഗം സമൂഹത്തിന്റെ ആത്മാവിനെ സ്വയം കൈവശപ്പെടുത്താൻ ശ്രമിക്കുന്നു. അവർ നിശ്ചയിക്കുന്നു എന്താണ് 'വികസനം', ആരാണ് 'വിജയി', എന്താണ് 'മാന്യത'. അതിനാൽ സാധാരണ മനുഷ്യന്റെ ബോധം പോലും അവരുടെ നിർമ്മിത സിദ്ധാന്തങ്ങളുടെ പരിധിക്കുള്ളിൽ അടയ്ക്കപ്പെടുന്നു. ഒരാൾ തന്റെ തൊഴിൽ കൊണ്ട് സമൂഹത്തിന് സംഭാവന ചെയ്താലും അവന്റെ നിലവിലെ സ്ഥിതിക്ക് നീതി ലഭിക്കുന്നത് മാർക്കറ്റിലെ മൂല്യ നിർണയത്തിന്റെ നിയമം അനുസരിച്ചാണ്. മാനവികതയുടെ നിയമം അനുസരിച്ച് അല്ല.

ഈ അസ്ഥിരതയെ പരസ്പരാശ്രയത്വം എന്നൊരുപേരിൽ ന്യായീകരിക്കുകയാണ് ഇന്നത്തെ വ്യവസ്ഥ. 'ഞങ്ങൾ നിങ്ങൾക്ക് തൊഴിൽ നൽകുന്നു, നിങ്ങൾ ഞങ്ങൾക്ക് ലാഭം സൃഷ്ടിക്കുന്നു' എന്ന ഈ ചലച്ചിത്ര സംഭാഷണം സാമരസ്യത്തിന്റെ മുഖംമൂടിയാണെങ്കിലും അതിന്റെ അഗാധതയിൽ ചൂഷണത്തിന്റെ ഉറച്ച കാൽവേരുകൾ അടങ്ങിയിരിക്കുന്നു. ഒരു തൊഴിലാളി തന്റെ ജീവിതം മുഴുവൻ ചില വഴിച്ചിട്ടും വീടിന്റെ വായ്പ അടക്കാനാവാത്തപ്പോൾ, അതേ സമയം കമ്പനിയുടമ തന്റെ സ്വകാര്യ ജെറ്റിൽ വിദേശയാത്ര ചെയ്യുമ്പോൾ, അത് സഹജീവിതമല്ല — അത് നിയന്ത്രിത അടിമത്തമാണ്.

സമത്വം ഇല്ലാതെ സഹജീവിതം നിലനിൽക്കില്ല. നീതി ഇല്ലാതെ സ്വാതന്ത്ര്യം അർത്ഥശൂന്യം. ജനങ്ങളും എലീറ്റുകളും തമ്മിലുള്ള ബന്ധം യാഥാർത്ഥ്യത്തിൽ പരസ്പരാശ്രയത്വമല്ല. മറിച്ച്, പരസ്പരാവലംബതയുടെ മറവിൽ നടക്കുന്ന സ്ഥിരചൂഷണമാണ്. എലീറ്റുകൾക്ക് അധികാരം നിലനിർത്താനുള്ള ശക്തി നൽകുന്നത് ജനങ്ങളുടെ അധ്വാനവും അജ്ഞതയുമാണ്. ജനങ്ങൾ ബോധവത്കരിക്കപ്പെട്ടാൽ ആ ചങ്ങലകൾ വിണ്ടുമാറും. ഇതിനാൽ, ജനാധിപത്യം എന്നത് വോട്ടിംഗ് ബൂത്തിലെ ഒരു നിമിഷമല്ല. അത് നീതിയും സമത്വവും അനുഭവിക്കുന്ന ദൈനംദിന ജീവിതത്തിന്റെ ഭാഗമായിരിക്കണം. ഒരാൾ മറ്റൊരാളുടെ അധ്വാനത്തെ വിലകുറച്ച് വാങ്ങുമ്പോൾ സമൂഹത്തിന്റെ ആത്മാവ് തന്നെ വിറ്റുപോകുന്നു. ജനങ്ങളും എലീറ്റുകളും തമ്മിലുള്ള ബന്ധം യാഥാർത്ഥ്യത്തിൽ സഹജീവിതം ആകണമെങ്കിൽ അതിൽ ബഹുമാനവും നിഷ്പക്ഷതയും പങ്കിട്ട ഉത്തരവാദിത്തവും വേണം. ഇല്ലെങ്കിൽ ആ ബന്ധം എത്ര സുന്ദരമായ വാക്കുകളാൽ അലങ്കരിച്ചാലും അതിന്റെ അടിയിൽ ചൂഷണത്തിന്റെ ചൂട് നിറഞ്ഞിരിക്കും. ഇന്ത്യയിലെ മാനവശേഷിയാണ് വിദേശ എലീറ്റുകളെയും കോർപ്പറേറ്റുകളെയും ഇന്ത്യയിലേയ്ക്ക് ആകർഷിക്കുന്നത്. മാനവശേഷി കുറവുള്ള രാജ്യങ്ങളിൽ ജീവിത നിലവാരവും ശംബളവും കമ്പനി–തൊഴിലാളി ലാഭ അനുപാതവും മികച്ചതായിരിക്കുന്നത് കാണാവുന്നതാണ്. എന്നാൽ മാനവശേഷി കൂടിയ രാജ്യങ്ങൾ ചൂഷണത്തിനുള്ള വിളനിലങ്ങളായി മാത്രം അവശേഷിക്കുന്നു.

'ഡീപ് സ്റ്റേറ്റ്' എന്ന പദം പൊതുജനങ്ങളുടെ മുന്നിൽ അധികാരം ഇല്ലാത്തതുപോലെ തോന്നുന്നുവെങ്കിലും പിന്നാമ്പുറത്ത് രാജ്യം നിയന്ത്രിക്കുന്ന ശക്തികളെ സൂചിപ്പിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട സർക്കാർ, തെരഞ്ഞെടുപ്പ് പ്രക്രിയ, ജനാധിപത്യമെന്നൊക്കെ ഉയർന്ന തലത്തിൽ പ്രവർത്തിക്കുന്നതുണ്ടെങ്കിലും ഇവയെ നിയന്ത്രിക്കുന്ന രാഷ്ട്രീയത്തിലൂടെ നേരിട്ട് നിയന്ത്രിക്കാനാവാത്ത, മറഞ്ഞിരിക്കുന്ന ശക്തമായ ഒരു ഘടന നിലവിലുണ്ട്. ഇന്ത്യയിൽ ഇത് സൂക്ഷ്മമായും നിഷ്കളങ്കമായും പ്രവർത്തിച്ചാലും അതിന്റെ സ്വാധീനം വളരെ ശക്തമാണ്. സീക്രട്ട് സൊസൈറ്റികൾ ചരിത്രാതീത കാലം മുതൽ തന്നെ നിലനിന്നിരുന്നു എന്ന് വേണം കരുതാൻ. ആദ്യകാലങ്ങളിൽ വിശപ്പ് മാത്രമായിരുന്നു മനുഷ്യന്റെ സ്വാതന്ത്ര്യത്തിന് പ്രതിബന്ധമായി നിലനിന്നിരുന്നത്. അക്കാലത്ത് ഭക്ഷണം അടിമത്വത്തെ ന്യായികരിച്ചിരുന്നു എങ്കിൽ പിന്നീട് അത് സമ്പത്തിനും അധികാരത്തിനും വേണ്ടി പ്രവർത്തിച്ചു. ഭരണകൂടങ്ങളുടെ ആവിർഭാവത്തിന്റെ വേരുകൾ പരിശോധിച്ചാൽ അടിമപ്പെടുത്തലുകളുടെ വേരുകൾ കാണാം. അന്നും ഇന്നും മനുഷ്യന് ആഹാരത്തിനും നിലനിൽപ്പിനും വേണ്ടി അധ്വാനിക്കുക തന്നെ വേണ്ടിയിരിക്കുന്നു. സമൂഹികജീവി എന്ന നിലയിൽ വ്യക്തിയുടെ ഭരണകൂടത്തോടുള്ള ധർമ്മവും കടമകളും പറഞ്ഞ് ന്യായീകരിക്കാൻ ശ്രമിച്ചാലും ഭരണകൂടവും പൗരനും തമ്മിലുള്ള ബന്ധം കച്ചവടക്കാരനും ഉപഭോക്താവും തമ്മിലുള്ളത് മാത്രമാണ്. അതിന്റെ ഏറ്റവും ഭീകരമായ വശം അതിന് കൊള്ളപ്പലിശക്കാരന്റെ മറ്റൊരു മുഖം കൂടി

ഉണ്ടെന്നതാണ്. അത് വ്യക്തികളുടെ അധ്വാനത്തെ ഒരുവശത്ത് നിന്നും കാർന്ന് തിന്നുന്നു. തുച്ഛമായ സേവനങ്ങളിൽ പതിന്മടങ്ങ് തിരിച്ച് ആവശ്യപ്പെടുന്ന അതിന്റെ നടപടികളിൽ അത് നമുക്ക് ദർശിക്കാവുന്നതാണ്. കൂടാതെ നിയമങ്ങളാൽ ജനങ്ങളിൽ ഭയം സൃഷ്ടിച്ച് അവരെ അടിമപ്പെടുത്തി ഭാവിയെപ്പറ്റി ഭയക്കാതെ ജനങ്ങളുടെ അധ്വാനത്തിന്റെ പങ്കുപറ്റി സുഖമായി ജീവിക്കാം എന്ന ഫ്യൂഡലിസ്റ്റ് മനോഭാവവും അത് എന്നും ഉൾക്കൊള്ളുന്നു.

അടിമത്വം സൃഷ്ടിക്കപ്പെടുന്നത് ഒരുവനെ സ്വന്തം ആവശ്യത്തിനായി ഉപയോഗപ്പെടുത്താം എന്ന പ്രാഥമിക ചിന്തയിൽ നിന്നാണ്. അധികാരവും ധനസ്ഥിതിയും സാമൂഹിക സ്ഥാനവും സ്ഥായിയായി നിലനിർത്താൻ ഉപയോഗിക്കാം എന്ന കണ്ടുപിടുത്തമാണ് ഇന്നും ഫലപ്രദമായി ഉപയോഗിക്കപ്പെടുന്ന രഹസ്യ ആയുധമായി അതിനെ മാറ്റുന്നത്. അടിമത്വത്തിന്റെ ഏറ്റവും പഴയ തെളിവുകൾ നമുക്ക് ലഭിക്കുന്നത് ജൂതമതഗ്രന്ഥങ്ങളിൽ നിന്നാണ്. മനുഷ്യനെ അധികാരത്തിനും പണത്തിനും പണികൾക്കും വേണ്ടി വ്യാപാരം നടത്തിയിരുന്ന അവസ്ഥ പുരാതന റോമിലും, ഈജിപ്റ്റിലും, ഇസ്രയേലിലും, ഇറാനിലും അറബ് നാടുകളിലും നിലനിന്നിരുന്നു എന്ന് നമുക്ക് ചരിത്രത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ഇന്ത്യയിൽ മനുഷ്യനെ വിൽക്കുന്നതിനെപ്പറ്റി ഒരു തെളിവുകളും ഇല്ലെങ്കിലും സാമ്രാജ്യ വികസനത്തിനായും രാജ്യത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനായും ചെറു രാജ്യങ്ങൾ ആക്രമിച്ച് കീഴ്പ്പെടുത്തിയിരുന്ന രാജാക്കന്മാർ അവിടുത്തെ സൈന്യത്തെ അടിമകളാക്കിയിരുന്നു. അവരെയും അവരുടെ പിൻതലമുറകളെയും പല ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗിച്ചിരുന്നു. ഇന്ത്യൻ പ്രാമാണീക ഗ്രന്ഥങ്ങളിലെ ജാതിക്ക് ഇതുമായി യാതൊരു ബന്ധവും ഇല്ലെങ്കിലും ഇന്നുകാണുന്ന ജാതികളുടെ ഉദ്ഭവം രാജാക്കന്മാരുടെ പരാക്രമത്തിന്റെ ഫലമാണ്. പക്ഷെ ഇതിനെ ഇന്നത്തെ ഇന്ത്യയിലെ രാഷ്ട്രീയക്കാരും വൈദേശീക അക്രമികളും ബ്രിട്ടീഷുകാരും ഫലപ്രദമായി മുതലെടുത്തു. രാജ്യത്തിന്റെ ചരിത്രം മെനെഞ്ഞെടുത്തിരിക്കുന്നത് ഇത്തരത്തിലുള്ള വ്യാജചരിത്രകാരന്മാരാണ്. അതിൽ ബ്രിട്ടീഷുകാരും, കോൺഗ്രസ്സുകാരും കമ്മ്യൂണിസ്റ്റുകാരും ഉൾപ്പെടും. ഇംഗ്ളീഷുകാരാൽ നിർമ്മിക്കപ്പെട്ട ചരിത്രങ്ങൾക്ക് പിന്നിൽ ഇവാഞ്ചലിസ്റ്റ് ലോബികളുടെ ശക്തമായ ഫണ്ടിംഗ് പല ചരിത്രകാരന്മാർക്കും എഴുത്തുകാർക്കും ഉണ്ടായിരുന്നു. ബ്രിട്ടീഷുകാരെപ്പോലെ ജാതിയെ ഉപയോഗിച്ച് കൊണ്ടിരുന്നവരുടെയും ഉദ്ദേശ്യം രാജ്യത്തിന്റെ അനൈക്യവും അസ്ഥിരതയും തന്നെയായിരുന്നു എന്ന് വേണം കരുതാൻ. ഇന്നും പല വൈദേശിക എലീറ്റുകളും ഇന്ത്യയിൽ പിടിമുറുക്കുന്നതിന് വേണ്ടി വിഘടനവാദ ഗ്രൂപ്പുകളെയും തീവ്രവാദസംഘടനകളെയും അവരുടെ രാജ്യങ്ങളുടെ നയതന്ത്ര കാര്യാലയങ്ങൾക്ക് പിന്നിലൂടെ ഫണ്ടുകൾ നൽകി വളർത്തിക്കൊണ്ടു വരുന്നുണ്ട്.

ഇന്ത്യയിലെ ഡീപ് സ്റ്റേറ്റിന്റെ ഘടന പല തലങ്ങളിൽ നിലനിൽക്കുന്നു. സ്ഥിരം ഭരണകൂടം എന്ന ബ്യൂറോക്രസി, രാജ്യത്തിന്റെ സുരക്ഷാ-ഇന്റലിജൻസ് സംവിധാനങ്ങൾ, സാങ്കേതിക-ആന്താരാഷ്ട്ര ലോബികൾ, വലിയ കോർപ്പറേറ്റ് സ്ഥാപനങ്ങൾ, സാമ്പത്തിക-വാണിജ്യ സാധ്യതകളെ നിയന്ത്രിക്കുന്ന സ്വകാര്യ ശക്തികൾ എന്നിവ ഒന്നിച്ച് പ്രവർത്തിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട ഭരണഘടകത്തിന് ഇവയിൽ പലതിലും നേരിട്ടുള്ള നിയന്ത്രണമില്ല. തിരഞ്ഞെടുപ്പുകൾ, പാർലമെന്ററി ചർച്ചകൾ, പൊതുജനങ്ങളുടെ അഭിപ്രായങ്ങൾ എന്നിവയ്ക്ക് ഇവയെ തടയാൻ സാധിക്കുന്നില്ല. എന്നാൽ രാജ്യത്തിന്റെ രാഷ്ട്രീയ, സാമ്പത്തിക, പ്രതിരോധ, വ്യവസായ, ബഹിരാഷ്ട്ര ബന്ധങ്ങളെ ബാധിക്കുന്ന പ്രധാന തീരുമാനങ്ങൾ ഇവയുടെ സ്വാധീനത്തിലൂടെയാണ് ഉണ്ടാകുന്നത്.

ഉദാഹരണത്തിന്, പ്രധാനപ്പെട്ട വിദേശ വ്യാപാര കരാറുകൾ, പ്രതിരോധ ഇടപാടുകൾ, വലിയ അടിസ്ഥാന സൗകര്യ പദ്ധതികൾ എന്നിവയെല്ലാം പൊതുചർച്ചകളോ പാർലമെന്ററി വിചാരണകളോ ഇല്ലാതെ തന്നെ ചില പ്രത്യേക ലോബികളുടെ സമ്മർദ്ദത്താൽ തീരുമാനിക്കപ്പെടുന്നു. ഇപ്രകാരമുള്ള തീരുമാനങ്ങളിൽ പൊതുജനങ്ങളുടെ അഭിപ്രായങ്ങൾക്ക് ഇടമില്ല. അവരുടെ ജീവിതത്തെ ബാധിക്കുന്ന കാര്യങ്ങൾ പോലും അവർ അറിയുന്നത് വാർത്തകളിലൂടെയാണ്. ഡീപ് സ്റ്റേറ്റിന്റെ പ്രവർത്തനം സാധാരണ ജനങ്ങളിലേക്ക് നേരിട്ട് വരുന്നത് 'നിയന്ത്രണങ്ങളുടെയും നയങ്ങളുടെയും' രൂപത്തിലാണ്. കാർഷിക മേഖലയിലെ നിയമങ്ങൾ, തൊഴിൽ നിയമങ്ങളിൽ വരുത്തുന്ന മാറ്റങ്ങൾ, ബാങ്കിംഗ് സംവിധാനത്തിലെ പുതുക്കലുകൾ എല്ലാം കൂടി വലിയ ധനികർക്കു മാത്രമേ അനുകൂലമാകുന്നുള്ളൂ. സാധാരണക്കാരൻ അതിനോട് വഴങ്ങേണ്ടി വരുന്നു. കാരണം, തീരുമാനങ്ങൾ എവിടെ എങ്ങനെ ഉണ്ടാകുന്നു എന്നതിൽ അവർക്ക് നിയന്ത്രണമില്ല. ഡീപ് സ്റ്റേറ്റിന്റെ പ്രധാന ആയുധങ്ങളിൽ ഒന്നാണ് വിവരനിയന്ത്രണം. മാധ്യമങ്ങൾ, സോഷ്യൽ മീഡിയ, വാർത്ത ഏജൻസികൾ ഇവയെല്ലാം തന്നെ നിയന്ത്രണത്തിന് വിധേയമാക്കിയാണ് പൊതുജനങ്ങളുടെ അഭിപ്രായം രൂപപ്പെടുത്തുന്നത്. ജനങ്ങൾ എന്താണ് അറിയേണ്ടത്, എന്താണ് മറച്ചുവെക്കേണ്ടത്, എന്താണ് വളച്ചൊടിച്ച് അവതരിപ്പിക്കേണ്ടത് എന്നീ കാര്യങ്ങൾ ഈ രഹസ്യശക്തികൾ തീരുമാനിക്കുന്നു. ഇതുവഴി ജനാധിപത്യത്തിന്റെ അടിസ്ഥാനമായ ബോധപൂർവ്വമായ തീരുമാനമെടുക്കാനുള്ള അവകാശം തന്നെ സാധാരണക്കാരിൽ നിന്ന് അപഹരിക്കപ്പെടുന്നു. ആഗോള രാഷ്ട്രീയം എന്നും മാധ്യമങ്ങൾ ചർച്ച ചെയ്യാൻ ഇഷ്ടപ്പെടാത്ത വിഷയമായി നിലകൊള്ളുന്നു. കാരണം ആഗോളരാഷ്ട്രീയത്തെപ്പറ്റി ധാരണയുള്ളവന് രാജ്യത്തിൽ എന്താണ് നടക്കുന്നത്, സംഭവിക്കാൻ പോകുന്നത് എന്ന ധാരണ ഉണ്ടായിരിക്കും. ഇത് നയങ്ങൾ രൂപപ്പെടുത്തുന്നതിൽ ഗവണ്മെന്റുകൾക്ക് ഭൂഷണമായിരിക്കുകയില്ല. മാധ്യമങ്ങൾ ഗവണ്മെന്റുകളെപ്പറ്റി ആരോപണം ഉന്നയിച്ചാലും എലീറ്റുകളെ സംരക്ഷിക്കുന്നതിൽ അവരുടെ ഉത്തരവാദിത്തം നിറവേറ്റുന്നു.

അന്താരാഷ്ട്ര തലത്തിലും ഇന്ത്യൻ ഡീപ് സ്റ്റേറ്റ് ശക്തമായി പ്രവർത്തിക്കുന്നു. വിദേശ രാജ്യങ്ങളുമായുള്ള കരാറുകൾ പലപ്പോഴും ഇന്ത്യയിലെ സാധാരണ ജനങ്ങളുടെ ആവശ്യങ്ങൾക്കല്ല. മറിച്ച്, അന്താരാഷ്ട്ര കോർപ്പറേറ്റുകളും സാമ്പത്തിക സ്ഥാപനങ്ങളും ആവശ്യപ്പെടുന്നതാണ്. എന്നാൽ അതിൽ ചിലത് സാധാരണ ജനങ്ങളുമായി വിപണന സാധ്യത ഉള്ളതും ഉണ്ട്. അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കടം വാങ്ങുമ്പോൾ അവയുടെ നിബന്ധനകൾ ഇന്ത്യൻ സർക്കാരിന്റെ ആഭ്യന്തര നയങ്ങൾ വരെ നിർണയിക്കുന്ന സ്ഥിതിയാണ്. എന്നാൽ ഈ കടത്തിന്റെ ഈട് എന്നത് രാജ്യത്തെ ജനങ്ങളാണ്. അവർക്ക് നികുതി അടയ്ക്കാനുള്ള ത്രാണി ഉണ്ടോ എന്നതാണ്. ആ ഉറപ്പിന്റെ അടിസ്ഥാനത്തിൽ പണം തിരികെപ്പിടിക്കാൻ കഴിയുന്നതുകൊണ്ടാണ് കടം ലഭിക്കുന്നത്. ഇത് തെരഞ്ഞെടുക്കപ്പെട്ട സർക്കാരിന്റെ അധികാരത്തെ മറികടക്കുന്ന ഒരു അവസ്ഥ സൃഷ്ടിക്കുന്നു. ഡീപ് സ്റ്റേറ്റ് ഭരണകൂടത്തെ നിയന്ത്രിക്കുന്ന രീതി വളരെ സൂക്ഷ്മമാണ്. അവർ നേരിട്ട് പൊതുജനങ്ങൾക്ക് മുന്നിൽ വരുന്നില്ല. മറിച്ച്, തെരഞ്ഞെടുക്കപ്പെട്ട നേതാക്കളെ 'കാണാനാകാത്ത കരങ്ങളാൽ' നിയന്ത്രിക്കുന്നു. രാഷ്ട്രീയ നേതാക്കൾ പൊതുജനങ്ങളുടെ വികാരങ്ങളെ സ്പർശിക്കുന്ന തരത്തിലുള്ള പ്രസംഗങ്ങൾ നടത്തുമ്പോഴും അവർക്ക് പുറകിൽ പ്രവർത്തിക്കുന്ന കരുത്തുറ്റ ലോബികൾ ആണ് യഥാർത്ഥത്തിൽ തീരുമാനങ്ങൾ എടുക്കുന്നത്.

ഇന്ത്യൻ ജനാധിപത്യത്തിന്റെ ഏറ്റവും വലിയ വൈരുദ്ധ്യം ഇതുതന്നെയാണ്; ജനങ്ങൾ വോട്ടു ചെയ്ത് ഒരു സർക്കാരിനെ തിരഞ്ഞെടുക്കുന്നു. പക്ഷേ അവർ തിരഞ്ഞെടുക്കുന്ന സർക്കാരിന്റെ പ്രധാന തീരുമാനങ്ങൾ എടുക്കുന്നത് അവർക്ക് അനാവശ്യവും അറിയാനാകാത്തവുമായ ഒരു 'നിശ്ശബ്ദ ഭരണകൂടമാണ്.' ഈ അവസ്ഥയിൽ സാധാരണക്കാരൻ വെറും നിയമം പാലിക്കുന്ന, നികുതി അടക്കുന്ന, നിയന്ത്രണങ്ങൾ സഹിക്കുന്ന പശുവായിത്തീരുന്നു. ഡീപ് സ്റ്റേറ്റ് ജനാധിപത്യത്തിന്റെ ശബ്ദത്തെ ദുർബലമാക്കുമ്പോൾ രാജ്യത്തിന്റെ സമ്പത്ത്, വിഭവങ്ങൾ, ഭാവി എല്ലാം തന്നെ ഒരു ചെറുകൂട്ടം ആളുകളുടെ നിയന്ത്രണത്തിൽ പതിക്കുന്നു. ഇന്ത്യയിലെ ഭരണകൂടം പുറത്തുനിന്നു 'ജനങ്ങളുടെ സർക്കാർ' ആയി തോന്നിച്ചാലും, യാഥാർത്ഥ്യത്തിൽ അത് 'ജനങ്ങളുടെ പേരിൽ പ്രവർത്തിക്കുന്ന എലീറ്റ് സർക്കാരാണ്.'

ഇന്ത്യയുടെ സാമ്പത്തിക വളർച്ചയെക്കുറിച്ച് സംസാരിക്കുമ്പോൾ ഏറ്റവും അധികം ഉദ്ധരിക്കപ്പെടുന്ന കണക്കാണ് GDP (Gross Domestic Product). സർക്കാർ മുതൽ മാധ്യമങ്ങൾ വരെയുള്ള എല്ലാവരും GDP ഉയരുന്നു എന്ന വാർത്ത ജനങ്ങൾക്ക് മുന്നിൽ അഭിമാനത്തോടെ കേൾപ്പിക്കുന്നു. 'ലോകത്തിലെ വേഗത്തിൽ വളരുന്ന സമ്പദ്‌വ്യവസ്ഥ' എന്ന മുദ്രാവാക്യം പൊതുജനങ്ങളുടെ മനസ്സിൽ അഭിമാനവും ആത്മവിശ്വാസവും വളർത്തുന്ന ഒരു മാർഗ്ഗമാണ്. എന്നാൽ, ഈ GDP വളർച്ചയുടെ പിന്നിലെ യഥാർത്ഥ കഥ പൊതുജനങ്ങൾക്കു വേണ്ടി എഴുതിയത

ല്ല. അത് ഒരു ചെറുകൂട്ടം കോർപ്പറേറ്റുകളും ധനികരും രാഷ്ട്രീയ മേലാളന്മാരും ചേർന്നുണ്ടാക്കിയ 'മിഥ്യാകഥ' മാത്രമാണ്. ലോക ജി.ഡി.പി യിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന അമേരിക്കയിലെ ജനങ്ങളിൽ ഭൂരിഭാഗവും മാസവരുമാനത്തെയും, ക്രെഡിറ്റ്കാർഡുകളെയും, ലോണുകളെയും ആശ്രയിച്ചാണ് ജീവിച്ച് പോകുന്നത് എന്നത് ഈ അവസരത്തിൽ ഓർക്കുന്നത് നന്നായിരിക്കും.

GDP ഉയരുന്നു എന്നത് രാജ്യത്തിന്റെ മൊത്തത്തിലുള്ള ഉൽപാദനവും സേവനങ്ങളും വർദ്ധിക്കുന്നു എന്നതിന്റെ സൂചകമാണ്. പക്ഷേ, ആ വർദ്ധനവ് ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നില്ലെങ്കിൽ അതിന് യാതൊരു സാമൂഹിക പ്രാധാന്യവും ഇല്ല. ഇന്ത്യയിലെ സാഹചര്യത്തിൽ GDP ഉയരുന്നതോടെ സമ്പന്നർക്ക് കൂടുതൽ സമ്പത്ത് അടിഞ്ഞുകൂടുകയും, ദരിദ്രർക്ക് ദാരിദ്ര്യം തന്നെ ശക്തമായി അനുഭവിക്കേണ്ടി വരികയും ചെയ്യുന്നു. അടുത്തിടെ പുറത്തുവന്ന കണക്കുകൾ പ്രകാരം ഇന്ത്യയിലെ ഏറ്റവും സമ്പന്നരായ 10% ജനങ്ങൾ രാജ്യത്തിന്റെ മൊത്തം സമ്പത്തിന്റെ ഭൂരിഭാഗവും കൈവശം വെയ്ക്കുന്നു. അതേസമയം, ജനസംഖ്യയുടെ പകുതിയിലധികം ആളുകൾക്ക് ദിനംപ്രതി ജീവിക്കാൻ പോലും വേണ്ട വരുമാനമില്ല. എന്നാൽ സർക്കാരിന്റെ പ്രചാരണങ്ങളിൽ GDP വളർച്ച 'ദേശീയ പുരോഗതിയുടെ സൂചകമായി' മാത്രമായാണ് അവതരിപ്പിക്കുന്നത്. അതേസമയം ജനത്തിന് ഉപയോഗമാകും വിധം 'പെർ കാപ്പിറ്റ' ഉയരുന്നുമില്ല. അതിന് വേണ്ട നിയമങ്ങൾ പരിഷ്കരിക്കുന്നതിൽ ധനകാര്യ വകുപ്പിന് താൽപര്യവും കാണാറില്ല.

ഒരു സാധാരണ ഇന്ത്യൻ പൗരന്റെ വരുമാനത്തിൽ നിന്നും സർക്കാർ നേരിട്ട് പിരിക്കുന്ന നികുതികൾ, ഉത്പന്നങ്ങളുടെയും സേവനങ്ങളുടെയും നികുതികൾ, വസ്തു സേവനങ്ങളിൽ ഉണ്ടായേക്കാവുന്ന നിരക്കുകൾ, വില വർധനവുകൾ എന്നിവ ചേർന്നാൽ ഏകദേശം 55% വരുമാനവും രാജ്യത്തിന് വഴങ്ങുന്നു. വ്യക്തിയുടെയും കുടുംബത്തിന്റെയും അടിസ്ഥാന ജീവിത ആവശ്യങ്ങൾക്കും ഭക്ഷണം, വാസസ്ഥലം, യാത്രാ വ്യവസ്ഥകൾ, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ ചിലവുകളും കഴിയുമ്പോൾ മെച്ചമാകുന്നത് 25–30% മാത്രമാണ്. എങ്കിലും സാധാരണ നിലയിൽ ഒരു സാധാരണ പൗരന് തന്റെ വരുമാനത്തിൽ 10–20% മാത്രമാണ് ഭാവി ആവശ്യങ്ങൾക്കായി മിച്ചം പിടിക്കാൻ സാധിക്കുന്നത്. കുറഞ്ഞ വരുമാനമുള്ളവരുടെ അവസ്ഥയിൽ മിച്ച വരുമാനം ഇതിലും വളരെ കുറഞ്ഞതായിരിക്കാറുണ്ട്.

GDP വളർച്ചയുടെ കഥ ജനങ്ങളെ ഒരു വിധത്തിൽ മാനസികമായി ആശ്വസിപ്പിക്കുന്ന മായാജാലം പോലെ പ്രവർത്തിക്കുന്നു. തൊഴിൽ നഷ്ടപ്പെടുന്ന യുവാക്കളും, വിളയുടെ വില കിട്ടാതെ വലയുന്ന കർഷകരും, വിലക്കയറ്റത്തിൽ ദുരിതമനുഭവിക്കുന്ന തൊഴിലാളികളും — ഇവരുടെ പ്രശ്നങ്ങൾ GDPയുടെ കണക്കുകളിൽ പ്രതിഫലിക്കുന്നില്ല. മറിച്ച്, വലിയ കോർപ്പറേറ്റുകൾ നടത്തുന്ന വൻതോതിലുള്ള ഉൽ

പാദനവും കയറ്റുമതിയും G.D.P വളർച്ചയെ ഉയർത്തി കാണിക്കുന്നു. ഉദാഹരണത്തിന്, ഒരു വലിയ ടെക്നോളജി കമ്പനിയുടെ അന്താരാഷ്ട്ര വിപണിയിലെ വിജയം GDP ഉയർത്തും. അതേ സമയം, ഒരു ഗ്രാമത്തിലെ ആയിരക്കണക്കിന് യുവാക്കൾക്ക് സ്ഥിരതയുള്ള തൊഴിൽ ഇല്ലെങ്കിൽ GDPയുടെ വളർച്ച അവരുടെ ജീവിതത്തിൽ ഒരു മാറ്റവും സൃഷ്ടിക്കുന്നില്ല. എങ്കിലും, സർക്കാരും മാധ്യമങ്ങളും GDP ഉയരുന്നതിനെ 'ദേശത്തിന്റെ അഭിമാനം' ആയി ആഘോഷിക്കുന്നു.

GDP വളർച്ചയും സാമൂഹിക അസമത്വവും തമ്മിലുള്ള വൈരുദ്ധ്യം ഇന്ത്യയിൽ ഇന്ന് വ്യക്തമായി കാണാം. നഗരങ്ങളിൽ ആഡംബര കെട്ടിടങ്ങൾ ഉയരുമ്പോഴും ഗ്രാമങ്ങളിൽ കുടിവെള്ളത്തിന് പോലും ബുദ്ധിമുട്ട് അനുഭവിക്കുന്ന ജനങ്ങൾ ഉണ്ട്. മെട്രോ നഗരങ്ങളിലെ ഷോപ്പിംഗ് മാളുകളും, ബ്രാൻഡഡ് ഉൽപ്പന്നങ്ങളും 'വികസനത്തിന്റെ പ്രതീകങ്ങൾ' ആയി അവതരിപ്പിക്കപ്പെടുമ്പോഴും, അതേ നഗരത്തിലെ പാവപ്പെട്ടവർക്ക് ദിവസവും ഭക്ഷണം പോലും ഉറപ്പാക്കാൻ കഴിയാത്ത അവസ്ഥ തുടരുന്നു. ഇതൊക്കെയായിട്ടും GDP വളർച്ചയുടെ കഥ രാഷ്ട്രീയ നേതാക്കൾക്കും എലീറ്റ് വിഭാഗത്തിനും വളരെ അനുകൂലമാണ്. കാരണം, അവർക്ക് ജനങ്ങളോട് കാണിക്കാൻ ഒരു 'വിജയകഥ' ഉണ്ടാകുന്നു. സാധാരണക്കാരുടെ കണ്ണിൽ അത് പുരോഗതിയുടെ അടയാളമാകുമ്പോഴും യാഥാർത്ഥ്യത്തിൽ അത് അവരുടെ അസമത്വത്തെ മറയ്ക്കുന്ന ഒരു തിരശ്ശീലയാണ്. ഇന്ത്യയിലെ GDP വളർച്ചയിലെ മറ്റൊരു പ്രശ്നം 'സംഖ്യകൾ' മാത്രം ശ്രദ്ധിക്കുന്നത് കൊണ്ടാണ്. ഒരു രാജ്യത്തിന്റെ പുരോഗതിയെ വിലയിരുത്തേണ്ടത് ആരോഗ്യ സൗകര്യങ്ങൾ, വിദ്യാഭ്യാസ നിലവാരം, തൊഴിലവസരങ്ങൾ, വരുമാനവിതരണം, സാമൂഹിക നീതി എന്നിവയെ അടിസ്ഥാനമാക്കി ആയിരിക്കണം. എന്നാൽ GDP വളർച്ച മാത്രം മുന്നോട്ട് വെയ്ക്കുമ്പോൾ ഇവയെല്ലാം മറവിയിൽ പോകുന്നു.

ഫലമായി, GDP ഉയരുമ്പോഴും തൊഴിൽരാഹിത്യം കൂടി കൊണ്ടിരിക്കുന്നു. GDP ഉയരുമ്പോഴും കർഷകർ ആത്മഹത്യ ചെയ്യുന്നു. GDP ഉയരുമ്പോഴും പൊതുജനങ്ങളുടെ ജീവിതച്ചെലവ് നിയന്ത്രണാതീതമായി ഉയരുന്നു. ഇതൊക്കെയും വെളിവാക്കുന്നത് GDP വളർച്ച പൊതുജനങ്ങൾക്ക് വേണ്ടി ഉള്ളതല്ല. മറിച്ച്, എലീറ്റ് വിഭാഗങ്ങളുടെ സമ്പത്ത് വർദ്ധിപ്പിക്കാനായുള്ള കേവല ഉപകരണം മാത്രമാണ് എന്നുള്ളത്. GDP വളർച്ചയുടെ കഥ പൊതുജനങ്ങളുടെ കണ്ണിൽ രാജ്യത്തിന്റെ പുരോഗതിയെ തിളക്കമാർന്ന രീതിയിൽ അവതരിപ്പിക്കുന്ന മാർഗ്ഗമാണ്. എന്നാൽ ആ തിളക്കത്തിന്റെ അടിയിൽ അടങ്ങിയിരിക്കുന്നത് വളരുന്ന സാമൂഹിക അസമത്വം, തൊഴിൽ നഷ്ടം, ദാരിദ്ര്യം, അന്യായ ഭാരങ്ങൾ എന്നിവയാണ്. GDP എന്ന പദം ജനങ്ങളുടെ വായിൽ അഭിമാനവാക്കായി ഉയർത്തപ്പെടുമ്പോഴും, അതിന്റെ യഥാർത്ഥ ഭാരവും നഷ്ടവും പൊതുജനങ്ങളുടെ തന്നെ ചുമലിലാണ്.

ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിസ്ഥാന പ്രതിജ്ഞയാണ് 'ജനങ്ങൾക്കായുള്ള ഭരണകൂടം'. എന്നാൽ സാമ്പത്തിക രംഗത്ത് നോക്കുമ്പോൾ ജനങ്ങൾ സർക്കാരിനായി വെറും നികുതി അടയ്ക്കുന്ന യന്ത്രങ്ങൾ മാത്രമായി ചുരുക്കപ്പെട്ടിരിക്കുന്നു. രാഷ്ട്രത്തിന്റെ എല്ലാ ചെലവിനും, പദ്ധതികൾക്കും, വിദേശ കരാറുകൾക്കും അടിസ്ഥാനം ജനങ്ങളിൽ നിന്ന് ഈടാക്കുന്ന നികുതികളാണ്. എന്നാൽ, ആ നികുതികളുടെ യഥാർത്ഥ ഫലങ്ങൾ സാധാരണക്കാരുടെ ജീവിതത്തിൽ കാണാൻ കഴിയുന്നില്ല.

ഇന്ത്യയിലെ നികുതി സംവിധാനം പല തലങ്ങളിലായി പ്രവർത്തിക്കുന്നു. നേരിട്ട് അടയ്ക്കുന്ന വരുമാന നികുതി, പരോക്ഷമായി അടയ്ക്കുന്ന ജി.എസ്.ടി (GST), ഇന്ധനത്തിൽ, വൈദ്യുതിയിൽ, പൊതുസേവനങ്ങളിൽ അടയ്ക്കേണ്ട വിവിധ സെസ്സുകളും സർചാർജുകളും എല്ലാം കൂടി ഒരു സാധാരണ കുടുംബത്തിന്റെ വരുമാനത്തിന്റെ വലിയൊരു വിഹിതം സർക്കാർ പിടിച്ചെടുക്കുന്നു. എന്നാൽ, ഈ പണം പിന്നീട് എന്തിന് വിനിയോഗിക്കപ്പെടുന്നു എന്ന് ജനങ്ങൾക്ക് വ്യക്തമായ ഉത്തരം സർക്കാരിൽ നിന്ന് ലഭിക്കുന്നില്ല.

പൊതുധനത്തിന്റെ വലിയൊരു ഭാഗം പ്രത്യക്ഷമായി ജനങ്ങൾക്ക് തിരിച്ചുനൽകപ്പെടേണ്ട സേവനങ്ങളിൽ ചെലവാക്കപ്പെടുന്നില്ല. ആരോഗ്യരംഗം, വിദ്യാഭ്യാസം, പൊതുഗതാഗതം, കുടിവെള്ള സൗകര്യങ്ങൾ, തൊഴിൽ സുരക്ഷ ഈ മേഖലകൾ എല്ലാം തന്നെ ഇന്ത്യയിൽ ഗുരുതരമായ ദൗർലഭ്യം നേരിടുന്നു. പൊതുജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തേണ്ട പദ്ധതികൾക്ക് ആവശ്യമായ വിഹിതം ലഭിക്കാതെ കോടിക്കണക്കിന് രൂപ സബ്സിഡി, ബെയിൽഔട്ട് പാക്കേജ്, പ്രത്യേക ഇളവുകൾ എന്നിങ്ങനെ വലിയ കോർപ്പറേറ്റുകൾക്കാണ് ഒഴുകുന്നത്. ഉദാഹരണത്തിന്, ഒരു സാധാരണ തൊഴിലാളി തന്റെ മാസവരുമാനത്തിൽ നിന്ന് GST അടച്ച് വാങ്ങുന്ന ഓരോ സാധനവും സർക്കാരിന്റെ വരുമാനത്തിന് സംഭാവന ചെയ്യുന്നു. എന്നാൽ അതേ സർക്കാർ വലിയ വ്യവസായ ഗ്രൂപ്പുകൾക്ക് കോടിക്കണക്കിന് നികുതി ഇളവുകൾ നൽകി അവരുടെ കടബാധ്യതകൾ പോലും പൊതുധനത്തിൽ നിന്ന് തീർത്തുകൊടുക്കുന്നു. അപ്പോൾ സാധാരണക്കാരന്റെ നികുതിയും പൊതുധനവും ആഡംബരമായി ജീവിക്കുന്ന എലീറ്റ് വിഭാഗത്തിന്റെ സംരക്ഷണവല മാത്രമായി മാറുന്നു.

ഇന്ത്യയിലെ പരോക്ഷ നികുതികളുടെ ഭാരം വളരെ അന്യായമാണ്. ദരിദ്രനും സമ്പന്നനും ഒരേ തോതിൽ GST അടയ്ക്കേണ്ട സ്ഥിതിയാണ്. ഒരു കോടിപതി സ്വന്തമാക്കുന്ന ഒരു ഉൽപ്പന്നത്തിനും ഒരു സാധാരണ തൊഴിലാളി വാങ്ങുന്ന അതേ ഉൽപ്പന്നത്തിനും ഒരേ നികുതി നിരക്ക് ബാധകമാണ്. ഇതിലൂടെ, അനുപാതത്തിൽ നോക്കുമ്പോൾ ദരിദ്രരുടെ വരുമാനത്തിന്റെ വലിയ വിഹിതം നികുതിയായി പോകുന്നു. എന്നാൽ സർക്കാർ നൽകുന്ന തിരിച്ചുള്ള സേവനങ്ങൾ ഇരുകൂട്ടരും

ഒരു പോലെ അനുഭവിക്കുന്നില്ല. നികുതി പൊതുജനങ്ങളുടെ ജീവിതത്തിൽ അനിശ്ചിതത്വവും അസന്തുഷ്ടിയും മാത്രം വർദ്ധിപ്പിക്കുന്നു. പൊതുധനത്തിൽ നിന്ന് ആശുപത്രികൾക്കോ സ്കൂളുകൾക്കോ മതിയായ ചെലവ് അനുവദിക്കാത്തതിനാൽ സാധാരണക്കാരൻ സ്വകാര്യ ആശുപത്രികളിലേക്കും സ്കൂളുകളിലേക്കും പോകേണ്ടി വരുന്നു. അവിടെയും അവൻ വീണ്ടും ഉയർന്ന ചെലവ് വഹിക്കേണ്ടിവരുന്നു. അതായത്, ഒരിക്കൽ നികുതി അടച്ച്, പിന്നെയും സ്വകാര്യ സേവനങ്ങൾക്കായി സ്വന്തം പണം ചിലവഴിക്കേണ്ടി വരുന്ന ഇരട്ട ചുമടാണ് ജനങ്ങൾക്ക് അനുഭവിക്കേണ്ടിവരുന്നത്.

കൂടാതെ, സർക്കാർ പ്രഖ്യാപിക്കുന്ന വലിയ പദ്ധതികൾ പൊതുധനത്തിന്റെ പേരിൽ ജനങ്ങൾക്കായി ഉണ്ടാക്കുന്നതായി കാണിക്കപ്പെടുമ്പോഴും അവയുടെ പ്രധാന ഗുണഭോക്താക്കൾ കോർപ്പറേറ്റുകളാണ്. വലിയ ഹൈവേകൾ, വ്യാവസായിക കോറിഡോറുകൾ, സ്പെഷ്യൽ ഇക്കണോമിക് സോണുകൾ ഇവയ്ക്കായി ചെലവാകുന്ന പൊതുപണം സാധാരണക്കാരന്റെ ജീവിത നിലവാരം ഉയർത്തുന്നില്ല. മറിച്ച്, ജനങ്ങളെ അവരുടെ ഭൂമികളിൽ നിന്ന് ഒഴിപ്പിക്കുകയും പുതിയ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

ഇന്ത്യയിലെ നികുതി സംവിധാനം ഇന്ന് ജനങ്ങൾക്ക് പ്രതിഫലം നൽകാത്ത ചുമടുകളുടെ സമാഹാരമാണ്. ജനങ്ങൾ അടക്കുന്ന പണം തിരിച്ചുകിട്ടേണ്ടത് സൗജന്യ ആരോഗ്യസംരക്ഷണത്തിലൂടെയോ മികച്ച പൊതുവിദ്യാഭ്യാസത്തിലൂടെയോ തൊഴിൽ സുരക്ഷാ പദ്ധതികളിലൂടെയോ ആയിരിക്കണം. പക്ഷേ യാഥാർത്ഥ്യത്തിൽ സംഭവിക്കുന്നത് പൊതുധനത്തിന്റെ വലിയൊരു വിഹിതം ഭരണകൂടത്തിന്റെ ആഡംബര ചെലവുകൾക്കും, രാഷ്ട്രീയക്കാരുടെ യാത്രകൾക്കും, സുരക്ഷയ്ക്കും, പരസ്യങ്ങൾക്കും, പിന്നെ വലിയ വ്യവസായ ഗ്രൂപ്പുകളുടെ സ്വകാര്യ നേട്ടങ്ങൾക്കുമാണ്. ഒരു പൗരൻ തന്റെ വരുമാനാനുസൃതമായി നികുതി നൽകുമ്പോൾ അത് ഒരു സാമ്പത്തിക പങ്കാളിത്തം കൂടിയാണ്, ഒരു ഉത്തരവാദിത്തം കൂടിയാണ്, ഒരു നാഗരിക ബാധ്യത കൂടിയാണ്. എന്നാൽ നമ്മുടെ നികുതിയുടെ ഘടന പൗരന്റെ കഴിവിന് അനുസരിച്ചല്ല. ധനികനായ ഒരുവൻ നികുതി നൽകുമ്പോൾ ഉള്ള ഭാരമല്ല ദരിദ്രമായ ഒരുവന് അതേ ശതമാനം നികുതിയായി നൽകേണ്ടി വരുമ്പോൾ ഉണ്ടാകുന്നത്. സത്യനിഷ്ഠയോടെ നികുതി നൽകുന്നവരെ സമൂഹവും സർക്കാരും ബഹുമാനിക്കേണ്ടതാണ്. എന്നാൽ ഇന്ത്യയിൽ പലപ്പോഴും നികുതി പ്രക്രിയ പൗരനോടുള്ള ഭീഷണിപ്പെടുത്തലായി മാറുന്നു. രേഖാപരമായ പിഴവുകൾ, അപ്രത്യക്ഷമായ വരുമാന പരിശോധനകൾ, അതിവേഗ നോട്ടീസുകൾ തുടങ്ങിയവ സാധാരണ പൗരന്മാരിൽ ഭയം, നിരാശ, അസഹനീയത തുടങ്ങിയവ സൃഷ്ടിക്കുന്നു. ഇത്തരം രീതി നികുതിയെ പൊതുജനങ്ങളുടെ സന്തോഷപൂർവ്വമായ സഹകരണവും ഉത്തരവാദിത്വവും എന്നതിന് പകരം ഗുണ്ടാപ്പിരിവ് പോലൊരു ഭയഘടന ആയി തോന്നിക്കുന്നു.

ഇന്ത്യൻ പൗരന്മാർ നികുതി അടയ്ക്കുന്നത് പലപ്പോഴും ഒരു രാജ്യനിർമ്മാണ ഉത്തരവാദിത്വം എന്ന നിലയിലല്ല. മറിച്ച്, അവർക്കത് ഒരു കടബാധ്യത എന്ന രീതിയിൽ അനുഭവപ്പെടുന്നു. അവരുടെ സ്വന്തം വരുമാനത്തിൽ നിന്നുള്ള ഓരോ രൂപയും പൊതുജനക്ഷേമത്തിനും സാമൂഹിക-സാമ്പത്തിക സമത്വം ഉറപ്പാക്കുന്നതിനും ഉപയോഗിക്കപ്പെടുന്നില്ലെന്ന് അവർ അനുഭവിച്ചറിയുന്നു. അവരുടെ പണം സാധാരണ പൗരന്മാരെ വിട്ട് എലീറ്റ് വിഭാഗങ്ങളുടെ അധികാരവും സമ്പത്തും ശക്തിപ്പെടുത്താൻ മാത്രമാണ് ചിലവഴിക്കുന്നത്.

ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയിൽ വലിയ പങ്കുവഹിക്കുന്ന ഒരു വിഭാഗം വിദേശത്ത് ജോലി ചെയ്യുന്ന ഇന്ത്യൻ തൊഴിലാളികളാണ്. പ്രത്യേകിച്ച് മദ്ധ്യപൂർവ്വദേശങ്ങൾ, യൂറോപ്പ്, അമേരിക്ക, ഏഷ്യയിലെ വിവിധ രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന മലയാളികൾ, തമിഴർ, ബിഹാറി തൊഴിലാളികൾ ഉൾപ്പെടെ കോടിക്കണക്കിന് ഇന്ത്യക്കാർ കഠിനമായ പരിശ്രമത്തിന്റെയും വിയർപ്പിന്റെയും പ്രതിഫലമായി റെമിറ്റൻസുകൾ രൂപത്തിൽ രാജ്യത്തേക്ക് വലിയ തുക അയയ്ക്കുന്നു. ഈ പണം രാജ്യത്തിന്റെ വിദേശനാണയ സംഭരണങ്ങൾ ഉറപ്പാക്കാനും ബാങ്കിംഗ് മേഖലയുടെ സ്ഥിരത നിലനിറുത്താനും അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് ആവശ്യമായ സമ്പത്ത് നൽകാനുമുള്ള അമൂല്യ പങ്കാളിത്തമാണ്. എങ്കിലും സർക്കാർ ഈ പ്രവൃത്തിയെ പൂർണ്ണമായും തിരിച്ചറിയുന്നത് ഒട്ടും വാസ്തവപരമായി അല്ല. അവർ സൃഷ്ടിക്കുന്ന സമ്പദ്‌വ്യവസ്ഥയിൽ പ്രമാണമായ നികുതി നൽകുന്നവരുടെ ഭാഗങ്ങൾ, പ്രത്യേകിച്ച് വിദേശനാണയം എത്തിക്കുന്ന തൊഴിലാളികളുടെ സംഭാവന 'വിദേശനാണയം എത്തിക്കുന്നവരാണ്' എന്ന ലേബലിൽ പരിമിതമായി മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. സർക്കാരിനെ സംബന്ധിച്ചിടത്തോളം പുറംനാട്ടിൽ ജോലിചെയ്യുന്ന ഈ തൊഴിലാളികളുടെ ആകെ റെമിറ്റൻസ് തുക വലിയ കാര്യം ആണെങ്കിലും അതിനെ ഓരോ പൗരന്റെ സംഭാവനയുമായി തട്ടിച്ച് നോക്കുമ്പോൾ ആഗോള വ്യവസായികളായ എലീറ്റ് ഭീമന്മാർ ഓരോരുത്തരും രാജ്യത്തിൽ എത്തിക്കുന്ന വലിയതുക മാത്രം കണ്ണിൽ പെടുന്നു. ഈ വീക്ഷണം മൂലം അവരുടെ ശക്തമായ സാമ്പത്തിക പങ്കാളിത്തവും രാജ്യത്തിന്റെ വളർച്ചയിലും വികസനത്തിലുമുള്ള സംഭാവനയും സമൂഹം മുഖ്യമായി കാണാറില്ല. മറിച്ച്, വെറും ഒരു ലേബലിൽ മാത്രം പരിമിതമാക്കപ്പെടുന്നു. ഇന്ത്യയിൽ നിലവിലുള്ള നികുതി സംവിധാനം പൊതുസമൂഹത്തിന്റെ സാമ്പത്തിക പങ്കാളിത്തത്തെയും വിദേശത്തുള്ള പ്രവാസികളുടെയും അതുല്യമായ സംഭാവനകളെയും വിലമതിക്കാതെ എലീറ്റ് വിഭാഗങ്ങളുടെ അധികാരവും സമ്പത്തും ശക്തിപ്പെടുത്തുന്ന ഒരു ഘടകമായി മാറിക്കഴിഞ്ഞിരിക്കുന്നു. ഇതോടെ സാധാരണ പൗരന്മാർക്കും വിദേശത്തുള്ള പ്രവാസികൾക്കും അവരുടെ സാമ്പത്തിക പങ്കാളിത്തം രാജ്യത്തിന്റെ സമഗ്രമായ വളർച്ചയുടെ ഭാഗമാണ് തങ്ങൾ എന്ന ബോധം നഷ്ടമാക്കുന്നു.

ശാസ്ത്രീയവും സാങ്കേതികവുമായ മികവ് പുലർത്തുന്ന ജനതയാണ് ഒരു രാജ്യത്തിന്റെ യഥാർത്ഥ ശക്തി. വിദ്യാഭ്യാസം, ഗവേഷണം, നവീകരണം, തൊഴിൽ സൃഷ്ടി എന്നിവയിൽ ജനങ്ങളെ മുഖ്യധാരയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുന്നത് രാജ്യത്തെ ഉന്നതിയിലേക്ക് നയിക്കേണ്ടതാണ്. പക്ഷേ ഭരണകൂടം പലപ്പോഴും ജനങ്ങളെ പിന്നിലേക്ക് തള്ളിക്കളയുന്ന രീതിലൂടെയാണ് പ്രവർത്തിക്കുന്നത്. ഇതിനുള്ള കാരണങ്ങൾ ഒന്നിലധികമാണ്. ആദ്യം, രാഷ്ട്രീയ നേതാക്കളുടെയും വലിയ കോർപ്പറേറ്റുകളുടെയും കൂട്ടുകെട്ട്. ശാസ്ത്രീയ ബോധവൽക്കരണങ്ങളിലൂടെ ജനങ്ങൾ ചോദ്യങ്ങൾ ചോദിക്കുകയും അവകാശങ്ങൾ ആവശ്യപ്പെടുകയും ചെയ്താൽ അത് അധികാരസ്ഥാപനങ്ങൾക്ക് വെല്ലുവിളിയാകും. അതിനാൽ ജനങ്ങളുടെ അറിവും കഴിവും പരിമിതപ്പെടുത്തുന്നത് ഭരണം എളുപ്പമാക്കുന്നു. രണ്ടാമതായി, മതം, ജാതി, ഭാഷ, പ്രദേശികത എന്നീ തിരിച്ചറിവുകളിലൂടെ സമൂഹത്തെ വിഭജിച്ചു വയ്ക്കുന്നതാണ് അവരുടെ പ്രധാന രഹസ്യായുധം. ഒരുമിച്ചു ബോധവാന്മാരായ ജനങ്ങളെ നിയന്ത്രിക്കാൻ പ്രയാസമാകുമ്പോൾ വിഭജിക്കപ്പെട്ട സമൂഹം ഭരണകൂടത്തിന് അനായാസമായി വഴങ്ങുന്നു. മൂന്നാമതായി, ഭരണകൂടത്തിന്റെ മുൻഗണന സാധാരണ ജനങ്ങളുടെ വളർച്ചയല്ല. മറിച്ച്, അധികാരത്തിലും സമ്പത്തിലും തുടർച്ചയായി പിടിച്ചുനിൽക്കലാണ്. അതേസമയം, ഇന്ത്യപോലെയുള്ള രാജ്യങ്ങൾ സാങ്കേതികമായി മുന്നിൽ നിൽക്കുന്ന വിദേശരാജ്യങ്ങളിൽ നിന്നും ബില്ല്യൺ കണക്കിന് ഡോളർ ചിലവഴിച്ച് ആയുധങ്ങളും വിവിധ സാങ്കേതിക വസ്തുക്കളും ഇറക്കുമതി ചെയ്യുന്നു. സ്വന്തം ജനതയുടെ ശാസ്ത്രീയ ശേഷി വളർത്തി ലോകോത്തര ഗവേഷണ കേന്ദ്രങ്ങളും ഉൽപാദന സംവിധാനങ്ങളും നിർമ്മിക്കാൻ സർക്കാർ ഉത്സാഹിക്കാത്തപ്പോൾ അതേ ഗവേഷണ ഫലങ്ങൾ വിദേശത്തു നിന്നും വില കൊടുത്ത് വാങ്ങേണ്ടിവരുന്നു. ഇതിലൂടെ വിദേശരാഷ്ട്രങ്ങൾ കൂടുതൽ സമ്പന്നരാകുമ്പോൾ നമ്മുടെ സ്വന്തം ജനങ്ങളുടെ കഴിവുകളും സൃഷ്ടിപരമായ ശേഷികളും നിരസിക്കപ്പെട്ട് അവഗണിക്കപ്പെട്ട നിലയിൽ തുടരും.

അവസാന ഫലം, രാജ്യത്തിനകത്തെ ബൗദ്ധിക ശക്തിയും നവീകരണ ശേഷിയും ഒരിക്കലും മുഴുവൻ പ്രാപ്തിയിലേക്ക് ഉയരാൻ കഴിയാതെ ജനങ്ങൾ നിയന്ത്രിതരായും ആശ്രിതരായും തുടരുന്നു. ഭരണകൂടം സാധാരണ ജനങ്ങളെ മുഖ്യധാരയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാതെ അവരുടെ കഴിവുകൾ അടിച്ചമർത്തിയും വിദേശ രാജ്യങ്ങളെ ആശ്രയിച്ചും മുന്നേറുന്നതാണ് രാജ്യത്തിന്റെ ഏറ്റവും വലിയ വിരോധാഭാസം. ഭാരതത്തിന്റെ വിദേശകാര്യത്തിലും സാമ്പത്തിക നയങ്ങളിലും അന്തർദേശീയ വ്യാപാര കരാറുകൾക്കും അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കും വലിയ പ്രാധാന്യം നൽകപ്പെടുന്നു. എന്നാൽ, ഈ കരാറുകളും പദ്ധതികളും ദേശത്തിന്റെ സമഗ്ര വികസനത്തിനല്ല. മറിച്ച്, ഏതാനും വ്യവസായ ഭീമന്മാരുടെയും രാഷ്ട്രീയ-ബ്യൂറോക്രാറ്റിക് പ്രഭുക്കളുടെയും സമ്പാദ്യത്തിനായാണ് കൂടുതൽ പ്രവർത്തിക്കുന്നത് എന്നതാണ് കഠിന സത്യം.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ തന്നെ വിദേശ വ്യാപാര കരാറുകൾക്ക് പിന്നിൽ പ്രവർത്തിച്ചിരുന്ന ശക്തികൾ രാജ്യത്തിന്റെ കാർഷിക, കൃഷിയിട, തൊഴിലാളി മേഖലകൾക്ക് നേട്ടമുണ്ടാക്കുന്നതിനേക്കാൾ വിപുലമായ കോർപ്പറേറ്റുകളുടെ വിപണി വികസനത്തിനായിരുന്നു മുൻഗണന നൽകിയിരുന്നത്. 1990–കളിലെ ലിബറലൈസേഷൻ, പ്രൈവറ്റൈസേഷൻ, ഗ്ലോബലൈസേഷൻ നയങ്ങൾക്ക് ശേഷം ഈ പ്രവണത കൂടുതൽ ശക്തമായി. ഇതിലൂടെ വിദേശ എലീറ്റ് ശക്തികൾക്ക് ഇന്ത്യൻ വിപണിയിൽ എളുപ്പത്തിൽ കടന്നു കയറാൻ കഴിഞ്ഞു. WTO (World Trade Organization) കരാറുകളിലും, പുതിയ തലമുറ Free Trade Agreements (FTA) കളിലും, 'ദേശത്തിന്റെ വളർച്ച' എന്ന പേരിൽ നടപ്പാക്കുന്നത് ആഗോള കമ്പനി താൽപര്യങ്ങൾ തന്നെയാണ്.

ഒരു വ്യാപാര കരാർ നടപ്പിലാക്കുമ്പോൾ അതിൽ ഉൾപ്പെടുന്ന ഇളവുകളും ആനുകൂല്യങ്ങളും പ്രധാനമായും മൾട്ടിനാഷണൽ കമ്പനികൾക്കും ഇന്ത്യൻ കോർപ്പറേറ്റ് ഭീമന്മാർക്കും വേണ്ടിയുള്ളതാണ്. ഉദാഹരണത്തിന്, വിദേശ കാർഷിക ഉൽപ്പന്നങ്ങൾക്കുള്ള തുറന്ന വിപണി ഇന്ത്യൻ കർഷകരുടെ ജീവിതത്തെ തകർക്കുമ്പോഴും അന്തർദേശീയ വിതരണ ശൃംഖലയിൽ പങ്കാളികളായ വലിയ റീട്ടെയിൽ കമ്പനികൾക്ക് അതു വൻലാഭമാണ് നൽകുന്നത്. അതുപോലെ, ഫാർമസ്യൂട്ടിക്കൽ കരാറുകളിൽ വലിയ കമ്പനികളുടെ പേറ്റന്റ് അവകാശങ്ങൾ ഉറപ്പാക്കപ്പെടുന്നു. എന്നാൽ സാധാരണ രോഗികൾക്ക് മരുന്നിന്റെ വില വർദ്ധിക്കുകയും പൊതുജനാരോഗ്യത്തിനുള്ള പ്രവേശനം പരിമിതപ്പെടുകയും ചെയ്യുന്നു.

അടിസ്ഥാന സൗകര്യ പദ്ധതികൾ- ഹൈവേ, തുറമുഖം, എയർപോർട്ട്, നഗര നവീകരണം തുടങ്ങിയവ ഇന്ത്യയിൽ 'ദേശത്തിന്റെ പുരോഗതിയുടെ അടയാളം' എന്നു പറയപ്പെടുന്നു. എന്നാൽ യാഥാർത്ഥ്യത്തിൽ, ഈ പദ്ധതികളുടെ ലാഭകരമായ കരാറുകൾ നേടുന്നത് സർക്കാരിനോട് അടുപ്പമുള്ള ചില സ്വകാര്യ കോൺസോർട്ടിയങ്ങളാണ്. പൊതുമുതലുകൾ ഉപയോഗിച്ച് ആരംഭിക്കുന്ന പദ്ധതികൾ പിന്നീട് പൂർണ്ണമായും സ്വകാര്യവത്കരിക്കുകയും, പൊതുജനങ്ങൾ ടോൾ, സർചാർജ്, സർവീസ് ഫീസ് എന്ന രീതിയിൽ സ്ഥിരമായ അടവ് നൽകേണ്ട അവസ്ഥയും വരുന്നു. മെട്രോ റെയിൽ പദ്ധതികളിൽ പോലും ഇതേ രീതി തന്നെയാണ് അവലംബിക്കുന്നത്. വലിയ നഗരങ്ങളിൽ നടപ്പാക്കുന്ന മെട്രോ പദ്ധതികൾ, നഗരത്തിലെ സാധാരണ യാത്രക്കാരുടെ സൗകര്യത്തിനല്ല. റിയൽ എസ്റ്റേറ്റ് വികസനത്തിനും കോർപ്പറേറ്റ് സ്പോൺസർഷിപ്പിനുമാണ് കൂടുതൽ പ്രവർത്തിക്കുന്നത്. യാത്രക്കാർക്ക് ഉയർന്ന നിരക്കുകൾ അടയ്ക്കേണ്ടിവരുമ്പോൾ കരാർ നേടിയ കമ്പനികൾ സ്ഥിരമായ വരുമാന ഉറപ്പാണ് നേടുന്നത്. ടോൾ റോഡുകൾ ഉപയോഗിക്കുന്ന ജനത വാഹനം വാങ്ങുമ്പോഴും ഉയർന്ന റോഡ് ടാക്സ് അടയ്ക്കുന്നു എന്നത് എപ്രകാരമാണ് സർക്കാർ സംവിധാനങ്ങൾ ജനങ്ങളെ പിഴിയുന്നത് എന്നതിനുള്ള ഉദാഹരണമാണ്.

ഈ തരത്തിലുള്ള ഇൻഫ്രാസ്ട്രക്ചർ കരാറുകൾ രാജ്യത്തിന്റെ വിദേശ ബന്ധങ്ങളിലും വലിയ പങ്കുവഹിക്കുന്നു. ചൈന, ജപ്പാൻ, അമേരിക്ക, യൂറോപ്യൻ യൂണിയൻ തുടങ്ങിയ രാജ്യങ്ങളുമായി ഇന്ത്യ നടത്തുന്ന Joint Infrastructure Projects, പലപ്പോഴും വലിയ വിദേശ വായ്പകളുടെ അടിസ്ഥാനത്തിലാണ്. എന്നാൽ, വായ്പ തിരിച്ചടക്കേണ്ട ബാധ്യത സർക്കാർ ഏറ്റെടുക്കുമ്പോഴും ലാഭം സ്വകാര്യ കമ്പനികൾക്കാണ്. പലപ്പോഴും ഈ വായ്പകളുടെ പലിശ സാധാരണ നികുതി അടക്കുന്ന പൗരന്മാരുടെ ചുമലിലാണ് പതിക്കുന്നത്. 'ദേശത്തിന്റെ പുരോഗതി' എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിക്കുന്ന ഇത്തരം കരാറുകൾക്ക് പിന്നിലെ യഥാർത്ഥ ലക്ഷ്യം പൊതുമുതൽ സ്വകാര്യവൽക്കരിക്കുകയും ജനങ്ങളുടെ ജീവിതാവശ്യങ്ങൾ ലാഭകരമായ മേഖലകളാക്കി മാറ്റുകയും ചെയ്യുകയാണ്. സാധാരണ ജനങ്ങൾ ദിവസേന ഉയർന്ന വിലയും ചുമത്തപ്പെടുന്ന ടോൾ ഫീസും സഹിക്കുമ്പോൾ കരാറുകൾ നേടിയ കോർപ്പറേറ്റ്-രാഷ്ട്രീയ കൂട്ടുകെട്ട് അനവധി കോടികൾ സമ്പാദിക്കുന്നു.

രാജ്യത്തിന്റെ വിദേശനയവും വ്യാപാരനയവും ഒരുപോലെ മൂലധനാധിഷ്ഠിത താൽപര്യങ്ങളുടെ ചുറ്റുപാടിലാണ് പ്രവർത്തിക്കുന്നത്. തൊഴിലാളി വർഗ്ഗത്തിനും കർഷകർക്കും ചെറുകിട വ്യവസായികൾക്കുമൊന്നും ഈ കരാറുകളിൽ സ്ഥാനം പോലും ഇല്ല. പൊതുജനങ്ങളുടെ ക്ഷേമം, ദേശത്തിന്റെ യഥാർത്ഥ വികസനം എന്നീ ആശയങ്ങൾ വെറും പ്രചാരണ മുദ്രാവാക്യങ്ങളായി മാത്രം നിലകൊള്ളുന്നു. അതുകൊണ്ട് ഇന്ത്യയിൽ നടക്കുന്ന അന്തർദേശീയ വ്യാപാര-അടിസ്ഥാന സൗകര്യ കരാറുകൾ പ്രഭുക്കളുടെ സമ്പാദ്യ ഉപകരണം മാത്രമാണ്. പൊതുജനങ്ങളുടെ ഭാവി അതിൽ ഒരിക്കലും പരിഗണിക്കപ്പെട്ടിട്ടില്ല.

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യം എന്ന് വിളിക്കുന്ന ഈ രാഷ്ട്രം യാഥാർത്ഥ്യത്തിൽ ജനാധിപത്യത്തിന്റെ പേരിൽ പ്രവർത്തിക്കുന്ന ഒരു ഒലിഗാർക്കിക് സംവിധാനം മാത്രമാണ്. ഭരണഘടനയിലെ വാഗ്ദാനങ്ങളും സ്വാതന്ത്ര്യ സമരത്തിലെ ആശയങ്ങളും പോലെ സമത്വം, സ്വാതന്ത്ര്യം, നീതി എന്നത് പൊതുജനങ്ങൾക്ക് സ്വപ്നമായി മാത്രമേ നിലകൊള്ളുന്നുള്ളൂ. രാജ്യത്തിന്റെ സാമ്പത്തിക-രാഷ്ട്രീയ ഘടനകൾ മുഴുവനും ചില പ്രത്യേക വിഭാഗങ്ങളുടെ ആധിപത്യം ഉറപ്പാക്കാനാണ് ഉപയോഗിക്കപ്പെടുന്നത്. പൊതുവിഭവങ്ങളുടെ സ്വകാര്യവൽക്കരണം, അന്തർദേശീയ വ്യാപാര കരാറുകൾ, അടിസ്ഥാന സൗകര്യ പദ്ധതികളുടെ കോർപ്പറേറ്റ്വൽക്കരണം, ഭരണഘടനാപരമായ നിയമ വ്യവസ്ഥകളുടെ രാഷ്ട്രീയ ഉപയോഗം, മാധ്യമങ്ങളുടെ നിയന്ത്രണം, ജനങ്ങളെ മത, ജാതി, ഭാഷാ വിഭാഗങ്ങളായി വിഭജിക്കൽ - എല്ലാംകൂടി നോക്കുമ്പോൾ, ഇന്ത്യയുടെ ഭരണസംവിധാനം ഒരു ജനകീയ രാഷ്ട്രമല്ല, മറിച്ച് പ്രഭുക്കളുടെ ക്ലബ്ബാണ് എന്ന് തെളിഞ്ഞു കാണാം. സാങ്കേതിക വികാസം അപര്യാപ്തമായിരുന്ന കാലഘട്ടത്തിൽ കുബുദ്ധികളായിരുന്ന എലീറ്റ് സീക്രട്ട് സൊസൈറ്റികൾ പുതിയ മതങ്ങൾ സൃഷ്ടിച്ച് അവയ്ക്ക് വേ

ണ്ടി വ്യാജ ചരിത്രകാരന്മാരെയും പുരാവസ്തു ഗവേഷരെയും അവതരിപ്പിച്ച് തെളിവുകൾ ഉണ്ടാക്കി വിശ്വാസത്തിന്റെ പേരിൽ ജനങ്ങളെ നിയന്ത്രിച്ചിരുന്നു എങ്കിൽ ഇന്ന് ഡിജിറ്റൽ വിപ്ലവത്തിലൂടെ നിയന്ത്രിക്കുന്നു.

ഒരു വശത്ത്, കോടിക്കണക്കിന് സാധാരണ പൗരന്മാർക്ക് അടിസ്ഥാന സൗകര്യങ്ങൾ പോലും ലഭ്യമല്ലാത്ത അവസ്ഥ തുടരുമ്പോൾ, മറുവശത്ത് ചില കോർപ്പറേറ്റ് ഭീമന്മാർക്കും രാഷ്ട്രീയ നേതാക്കൾക്കും രാജ്യത്തിന്റെ സമ്പത്ത് മുഴുവൻ സ്വന്തമാക്കാനുള്ള വാതിൽ തുറക്കപ്പെടുന്നു. നഗരങ്ങളിലും ഗ്രാമങ്ങളിലും വികസനം, തൊഴിൽ, ക്ഷേമം എന്ന വാക്കുകൾ കേൾക്കുന്നുണ്ടെങ്കിലും അവ സാധാരണയായി വോട്ടുനേടാനുള്ള മുദ്രാവാക്യങ്ങളാണ്. ഇത് യാഥാർത്ഥ്യത്തിൽ സാധാരണ ജനങ്ങളുടെ ജീവിതത്തിൽ വലിയ മാറ്റമൊന്നും വരുത്തുന്നില്ല. വിദേശ വ്യാപാര കരാറുകൾ മുതൽ നികുതി നയങ്ങൾ വരെയും, വിദ്യാഭ്യാസവും ആരോഗ്യവും മുതൽ മാധ്യമങ്ങളും വരെ എല്ലാ മേഖലകളിലും സാധാരണ മനുഷ്യന്റെ സ്ഥാനം ഉപഭോക്താവിന്റേത് മാത്രമാണ്. തീരുമാനങ്ങളിലെ പങ്കാളിയുടേത് ഒരിക്കലുമല്ല. കർഷകർ ആത്മഹത്യ ചെയ്യുന്ന രാജ്യത്ത് കോടികളുടെ ആഡംബര പദ്ധതികൾ നടപ്പാക്കുന്നത് ജനങ്ങൾക്ക് വേണ്ടിയല്ല. പ്രഭുക്കളുടെ സമ്പാദ്യത്തിനായി എന്നതാണ് തെളിവ്. അതിനർത്ഥം രാജ്യത്തിന്റെ പുരോഗതിക്കാവശ്യമായ പദ്ധതികൾ വേണ്ടെന്നല്ല. ഇത്തരം പദ്ധതികൾക്ക് പണം ചെലവാക്കുമ്പോൾ തന്നെ രാജ്യത്തിന്റെയും അതിനും മേലെ ജീവന്റെ തന്നെ നിലനിൽപ്പിന് ആധാരമായി നിൽക്കുന്ന കർഷകരെയും കാർഷിക വൃത്തിയെയും താങ്ങി നിർത്തേണ്ട കടമ സർക്കാർ മറക്കാൻ പാടില്ല.

ഏതൊരു രാജ്യത്തിന്റെയും സമഗ്രമായ ഭൂമിക പരിശോധിക്കുമ്പോൾ അതിൽ പൊതുജനങ്ങളുടെ സ്ഥാനം നിയന്ത്രിത അടിമകളുടേതാണെന്ന് കാണാം. ഇന്ത്യയുടെ യാഥർത്ഥ ചിത്രവും തെളിയിക്കുന്നത് അത് ഒരു 'ഭൂരിപക്ഷത്തിനായുള്ള രാഷ്ട്രം' അല്ല. മറിച്ച്, വളരെ ചെറിയ ശതമാനം ആളുകളുടെ സമ്പത്തും അധികാരവും ഉറപ്പാക്കുന്ന ഒരു ഘടന മാത്രമാണ്. ജനങ്ങളെ ജനാധിപത്യത്തിന്റെ സ്വപ്നം, വികസനത്തിന്റെ മുദ്രാവാക്യം, മത–ദേശാഭിമാന വികാരം എന്നിവകൊണ്ട് ശാന്തരാക്കുന്നുണ്ട്. എന്നാൽ, യാഥാർത്ഥ്യത്തിൽ പൊതുജനങ്ങളുടെ ജീവിതം മാറാതെ തുടരുന്നു. ഒരു രാഷ്ട്രത്തിന്റെ അർത്ഥം, അതിലെ ജനങ്ങളുടെ സംരക്ഷണവും പുരോഗതിയും ഉറപ്പാക്കുന്നതിലൂടെയാണ് തെളിയിക്കപ്പെടേണ്ടത്. പക്ഷേ ഇന്നത്തെ ഇന്ത്യയിൽ രാഷ്ട്രത്തിന്റെ ആത്മാവ് നഷ്ടപ്പെട്ടിരിക്കുകയാണ്. ബാക്കിയുള്ളത് അധികാരവും സമ്പത്തും കൈവശം വെച്ചിരിക്കുന്നവർക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരു സംവിധാനം മാത്രമാണ്. അവിടെ ജനങ്ങൾ അവരുടെ ജീവിതാവസ്ഥ മാറ്റം കാണാതെ സ്വപ്നങ്ങളും മുദ്രാവാക്യങ്ങളും മാത്രം ഏറ്റുവാങ്ങി ജീവിക്കുന്ന ദുരവസ്ഥയിലാണ്.

അദ്ധ്യായം-10

മൂല്യക്രമം

ഒരു രാജ്യത്തിന്റെ ഭരണകൂടം സ്വന്തം ജനങ്ങളെല്ലാവരേയും ഒരേ നിലയിൽ കാണുന്നില്ലെന്നത് വസ്തുതയാണ്. ഭരണസംവിധാനം ഏവരേയും പൗരൻ എന്ന പേരിൽ സമതുല്യമായി ആദരിക്കുന്നു എന്ന് തോന്നിപ്പിക്കുമ്പോഴും യാഥാർത്ഥ്യത്തിൽ സർക്കാരിന്റെ മുൻഗണന ആരുടെ മൂല്യം എത്രത്തോളം സമൂഹത്തിനും സമ്പദ്‌വ്യവസ്ഥയ്ക്കും രാജ്യത്തിനും ഗുണകരമാണ് എന്നതിനെ ആശ്രയിച്ചിരിക്കുന്നു. സാധാരണ ജനങ്ങൾ നികുതിയും വോട്ടും നൽകി നിലനിൽക്കുന്ന ജനസമൂഹം അധികമായി എണ്ണപ്പെടുന്നവർ മാത്രമാണ്. അവർക്ക് നൽകിയിരിക്കുന്ന സ്ഥാനം തിരഞ്ഞെടുപ്പ് പട്ടികയിൽ, തൊഴിൽ ശക്തിയിൽ, വിപണിയിൽ കാണാം. പക്ഷേ അവരുടെ ശബ്ദം, സ്വാധീനം, തീരുമാനങ്ങൾ ഒന്നുംതന്നെ ഭരണകേന്ദ്രത്തിൽ പോലും ഗൗരവമായി പരിഗണിക്കപ്പെടുന്നില്ല.

മൂല്യവത്തായ വ്യക്തികളെന്നാൽ സർക്കാർ സ്വയം മുൻപോട്ട് വന്ന് ബന്ധം പുലർത്തുന്നവർ. ഇവർക്ക് സാമ്പത്തിക ശക്തി, തൊഴിൽസൃഷ്ടി, രാഷ്ട്രീയ ബന്ധം, അന്തർദേശീയ ഇടപാട് തുടങ്ങിയ മേഖലകളിൽ കരുത്തുണ്ട്. അവർ രാജ്യത്തിന് ആവശ്യമായവരാണ്. മറുവശത്ത്, സാധാരണക്കാരുടെ ജീവിതം ദിനംപ്രതി തൊഴിൽ ചുമടുകളും ചെലവുകളും കൊണ്ട് നിറഞ്ഞതാണ്. അവർക്ക് സ്വന്തം ജീവിതത്തിനപ്പുറം വലിയൊരു കാഴ്ചപ്പാട് ഇല്ലാതെ പോകുന്നു. ഈ അവസ്ഥയെ 'കൂപമണ്ഡൂകം' എന്ന ഇന്ത്യൻ ഉപമ ചിട്ടയായും തെളിച്ചമായും വിവരിക്കുന്നു. ഒരു കിണറ്റിനുള്ളിൽ കുടുങ്ങി പുറത്തുള്ള വിശാലമായ ലോകത്തെക്കുറിച്ച് ധാരണയില്ലാതെ ജീവിക്കുന്ന തവളയെപ്പോലെ അനേകം ആളുകൾ അവരുടെ ചെറിയ ലോകത്ത് സന്തോഷിക്കുകയും തൃപ്തരാകുകയും ചെയ്യുന്നു. വാർത്തകളിലും വിനോദങ്ങളിലും രാഷ്ട്രീയ വാഗ്ദാനങ്ങളിലും അകപ്പെട്ട് യഥാർത്ഥ ശക്തിയിലേക്കുള്ള വഴികൾ തേടാതെയാണ് അവർ ജീവിതം കഴിക്കുന്നത്.

അതിനാൽ, ഭരണസംവിധാനത്തിന്റെ കണ്ണിൽ 'എണ്ണപ്പെടുന്നവർ' ആയ സാധാരണക്കാരും തൊഴിലാളികളും ഒരിക്കലും മൂല്യമുള്ളവർ ആകുന്നില്ല. മുൻപന്തിയിൽ എത്താൻ സ്വയം വളർത്തുകയും സ്വന്തം കഴിവുകളും സ്വാധീനങ്ങളും സമൂഹത്തിന് നൽകുകയും ചെയ്യേണ്ടത് അനിവാര്യമാണ്. വിദ്യാഭ്യാസവും യുക്തിപരമായ ചിന്തയും യൗവനത്തിൽ മാത്രം ഒതുങ്ങേണ്ട ഒന്നല്ല. അത് നിരന്തരമായി തുടരേണ്ട ഒരു പ്രക്രിയയാണ്. തന്നിൽ തന്നെ കൂടുതൽ മെച്ചപ്പെട്ട ഒരുവനെ കണ്ടെത്താനുള്ള ഒരു പരിശ്രമം. അല്ലാത്ത പക്ഷം ഭരണകൂടത്തെ പഴിച്ച് ചൂഷണത്തിന് വിധേയരായി ജീവിതം മുൻപോട്ട് നയിക്കേണ്ടിവരുന്ന ഭൗതികവും മാനസി

കവുമായ ജീർണ്ണമായ അവസ്ഥയിൽ തന്നെ തുടരേണ്ടിവരും. മൂല്യം എന്നത് ഒരിക്കലും ഒരേ അളവുകോലിൽ അളക്കാവുന്ന ഒന്നല്ല. സർക്കാരും അധികാരകേന്ദ്രങ്ങളും പൗരന്റെ മൂല്യം അളക്കുന്നത് ഉൽപ്പാദനമൂല്യം, പണം, പ്രതിഫലം, നികുതി സംഭാവന എന്നിവയ്ക്ക് ചുറ്റിലാണ്. എന്നാൽ വ്യക്തി തന്റെ ജീവിതം അനുഭവിക്കുന്നതിൽ കണ്ടെത്തുന്ന മൂല്യം പൂർണ്ണമായും വ്യത്യസ്തമായതാണ്. ഒരു കർഷകൻ തന്റെ മണ്ണിന്റെ ഗന്ധത്തിൽ കണ്ടെത്തുന്ന സന്തോഷം, ഒരു കലാകാരൻ തന്റെ കൃതിയിലൂടെ അനുഭവിക്കുന്ന ആത്മസാക്ഷാത്കാരം, ഒരു അമ്മ തന്റെ മകന്റെ മുഖത്ത് കാണുന്ന സമാധാനം ഇവയ്ക്ക് സർക്കാരിന്റെ പട്ടികകളിൽ സ്ഥാനം ഇല്ല. അതിനാൽ 'മൂല്യവാനായ' എന്ന പദം അധികാരത്തിന്റെ കണ്ണിലൂടെ നോക്കുമ്പോൾ അതൊരു സാമ്പത്തിക അളവായിത്തീരുന്നു. എന്നാൽ ആത്മീയതയുടെ കണ്ണിലൂടെ നോക്കുമ്പോൾ അത് ജീവന്റെ അർത്ഥമാകുന്നു.

ആധുനിക ഭരണഘടനയും വിപണിയും ചേർന്ന് മനുഷ്യനെ സംഖ്യകളാക്കി മാറ്റിയിരിക്കുന്നു. GDPയിൽ ഒരു ദശാംശം നികുതിയിലാണ് അവന്റെ വില. എന്നാൽ മനുഷ്യൻ എന്ന നിലയിൽ അവന്റെ വില അതിനേക്കാൾ വലുതാണ്. മൂല്യവത്കരണത്തിന്റെ യാഥർത്ഥ്യം തിരികെ പിടിക്കണമെങ്കിൽ വ്യക്തി തന്റെ മൂല്യത്തെ സ്വയം നിർവചിക്കണം. 'എന്താണ് എനിക്ക് പ്രാധാന്യം?' എന്ന ചോദ്യത്തിന് സത്യസന്ധമായ ഉത്തരമാണ് അതിന്റെ ആരംഭം. ഔദ്യോഗിക അംഗീകാരങ്ങളോ സാമൂഹിക പദവികളോ ഈ മൂല്യത്തെ നിർണയിക്കില്ല. അത് മനസ്സിന്റെ വിശുദ്ധിയിൽ നിന്നാണ് ജനിക്കുന്നത്. ഒരാൾ തന്റെ ഉള്ളിലെ സത്യത്തിന് വിരുദ്ധമായി ജീവിക്കുമ്പോൾ എത്ര ബഹുമതികൾ ലഭിച്ചാലും ആന്തരികമായി അവൻ ശൂന്യനാകും. അതിനാൽ യഥാർത്ഥ മൂല്യം ഒരു സർക്കാരിന്റെ കണക്കിൽ അല്ല, മനസ്സിന്റെ ആഴത്തിലുള്ള ധ്വനികളിലാണ്.

എന്നാൽ ചൂഷണവിധേയരായി ജീവിക്കാൻ വിധിക്കപ്പെട്ട കെട്ടുപാടുകളിൽ അധികാരസ്ഥാനങ്ങളുടെ മൂല്യനിർണയങ്ങളെക്കുറിച്ചും സ്വാതന്ത്ര്യത്തിന്റെ പാതയിലേക്കുള്ള ചുവടുകളെക്കുറിച്ചും ഓരോ പൗരന്മാരും അറിഞ്ഞിരിക്കേണ്ടതുണ്ട്. ഒരു രാജ്യത്തിന്റെ ഭരണകൂടം എങ്ങനെയാണ് തന്റെ ജനങ്ങളെ പരിഗണിക്കുന്നതെന്ന് സൂക്ഷ്മമായി നിരീക്ഷിച്ചാൽ അത് ഒരു പിരമിഡ് ആകൃതിയിൽ കാണാം. മുകളിലത്തെ തലങ്ങളിൽ ചിലർക്ക് മാത്രം പ്രത്യേകം സ്ഥാനമുണ്ട്. അവർ രാജ്യത്തിന്റെ ഭരണത്തിലും സാമ്പത്തിക വ്യവസ്ഥയിലും അതിപ്രധാനമായ പങ്ക് വഹിക്കുന്നു. താഴോട്ട് പോകുന്നത്രയും മൂല്യം കുറഞ്ഞവരായ വിഭാഗങ്ങളാണ്. പിരമിഡിന്റെ കീഴെ അവസാനം കേവലമൂല്യം വെറും എണ്ണത്തിൽ മാത്രം ഗണിക്കപ്പെടുന്നവരായി വലിയൊരു ജനക്കൂട്ടം നിലനിൽക്കുന്നു.

ഈ അധികാരപിരമിഡിന്റെ ഏറ്റവും മുകളിൽ സ്ഥിരമായി സ്ഥാനം പിടിച്ചിരിക്കുന്നവർ രാജ്യത്തെ പുരാതന എലീറ്റ് കുടുംബങ്ങളും ധനിക വംശങ്ങളും ആഗോള

മൂലധന ശക്തികളും തന്നെയാണ്. സാധാരണക്കാർക്ക് കാണാൻ കഴിയാത്ത രഹസ്യ ഇടപാടുകളിലൂടെയാണ് ഇവരുടെ യഥാർത്ഥ ശക്തി പ്രകടമാകുന്നത്. രാഷ്ട്രീയ പാർട്ടികളുടെ തെരഞ്ഞെടുപ്പ് ചെലവുകൾ നിറവേറ്റുന്നതും അന്തർദേശീയ ബാങ്കുകളുമായുള്ള ബന്ധങ്ങൾ സ്ഥാപിക്കുന്നതും വിദേശ ഉടമ്പടികളിൽ സ്വന്തം താൽപര്യങ്ങൾ ഉറപ്പുവരുത്തുന്നതും ഇവരാണ്. ഭരണഘടനാപരമായ എല്ലാ ഘടകങ്ങളും ഇവരെ അനുകൂലിക്കുന്ന രീതിയിൽ തന്നെ പ്രവർത്തിക്കാറാണ് പതിവ്. രാജ്യം മുഴുവൻ 'തങ്ങളെ നഷ്ടപ്പെടുത്തരുത്' എന്ന നിലപാടിൽ പ്രവർത്തിക്കാൻ സർക്കാർ പ്രേരിതമാകുന്നത് ഇവരുടെ സാമ്പത്തിക-സാമൂഹിക മുൻതൂക്കമാണ്.

അവർക്കു പിന്നാലെ വമ്പൻ കോർപ്പറേറ്റുകളും ബിസിനസ് സാമ്രാജ്യാധിപന്മാരും വരുന്നു. രാജ്യത്തിന്റെ ജി.ഡി.പി.യിൽ ഭൂരിഭാഗം സംഭാവന ചെയ്യുന്നത് ഇവരുടെ കമ്പനികളാണ്. ആയിരക്കണക്കിന് തൊഴിലവസരങ്ങൾ, വിദേശ വ്യാപാര കരാറുകൾ, രാജ്യത്തിന്റെ ധനസ്രവണത്തിന്റെ വലിയൊരു വിഹിതം എല്ലാം ഇവരുടെ നിയന്ത്രണത്തിലാണ്. ഒരു വലിയ കമ്പനി നഷ്ടത്തിലായാൽ അത് നേരിട്ട് രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ബാധിക്കും. അതിനാൽ സർക്കാർ പൊതുധനം വിനിയോഗിച്ചും, പ്രത്യേക നിയമങ്ങൾ പാസാക്കി കൊണ്ടും ഇവരെ രക്ഷിക്കാൻ ശ്രമിക്കും. സാധാരണ ജനങ്ങൾക്ക് ലഭിക്കാത്ത പ്രത്യേക ആനുകൂല്യങ്ങൾ ഇവർക്ക് സർക്കാർ നൽകുന്നത് 'രാജ്യത്തിന്റെ താൽപര്യം' എന്ന പേരിലാണ്.

രാഷ്ട്രീയ നേതാക്കളും മുൻ ഭരണാധികാരികളും അടുത്ത തലത്തിലാണ്. അധികാരം കൈവശമുള്ളപ്പോൾ അവർക്ക് നിയമം തന്നെ വളയ്ക്കാനുള്ള കഴിവുണ്ട്. അധികാരത്തിൽ നിന്ന് മാറിയാലും അവരുടെ സ്വാധീനവും ബന്ധങ്ങളും അവരെ സംരക്ഷിക്കും. പാർട്ടി സ്വാർത്ഥത, ബന്ധുത്വ രാഷ്ട്രീയം, അനൗപചാരിക ഇടപാടുകൾ എല്ലാം ചേർന്നാണ് അവരുടെ സുരക്ഷ ഉറപ്പാക്കുന്നത്. രാജ്യത്തിനായി ചെയ്യുന്ന സേവനത്തെക്കാൾ അവർ കൈവശം വയ്ക്കുന്ന 'നിർണയാധികാരം' കൊണ്ടാണ് ഇവർക്ക് മുൻഗണന.

അതിനു പിന്നാലെ സൈനിക-സുരക്ഷാ സ്ഥാപനം. സൈനിക മേധാവികൾ, ഇന്റലിജൻസ് തലവന്മാർ, പ്രതിരോധ വ്യവസായ കൂട്ടായ്മകൾ. ഇവരുടെ കൈകളിലാണ് രാഷ്ട്രത്തിന്റെ ഭൗതിക സുരക്ഷ. കോടികൾ വിലവരുന്ന പ്രതിരോധ കരാറുകൾ പലപ്പോഴും പൊതുജനങ്ങൾക്ക് ചോദ്യമാകുമ്പോഴും സർക്കാർ അതിനെ ദേശീയ സുരക്ഷയ്ക്കുള്ള അനിവാര്യതയായി കാണുന്നു. സുരക്ഷയുടെ പേരിൽ നടത്തുന്ന ഏതൊരു നടപടിക്കും നിയമപരമായ സംശയങ്ങൾ ഉയരാതെ പോകുന്നത് ഇവരുടെ പ്രത്യേക ശക്തിയാണ്.

ന്യായാധിപത്യ വ്യവസ്ഥയുടെ മുകളിലത്തെ തലങ്ങൾ (സുപ്രീം കോടതി, ഹൈക്കോടതി) അടുത്തതായി വരുന്നു. നിയമത്തിന്റെ കാവൽക്കാരെന്ന് പൊതുജനങ്ങൾ വിശ്വസിച്ചാലും യാഥാർത്ഥ്യത്തിൽ കോടതികൾ പലപ്പോഴും ഭരണകൂടത്തിന്റെയും എലീറ്റ് വിഭാഗങ്ങളുടെയും സുരക്ഷയ്ക്കായി പ്രവർത്തിക്കുന്നു. പൊതുജന വിശ്വാസം നിലനിർത്താൻ ജനപക്ഷ വിധികൾ ഉണ്ടാവുമെങ്കിലും വലിയ കേസുകളിൽ ശക്തരുടെ താൽപര്യങ്ങൾക്കാണ് മുൻഗണന.

ബ്യൂറോക്രസിയും ഭരണകാര്യാധികാരികളും അടുത്ത തലത്തിലാണ്. സ്ഥിരമായ ഭരണയന്ത്രം ഇവരാണ്. സർക്കാർ മാറിയാലും ഇവർ മാറുന്നില്ല. നിയമങ്ങൾക്കും നയങ്ങൾക്കും ഭാഷ നൽകുന്നത് ഇവരുടെ പേനയിലൂടെയാണ്. വിരമിച്ച ശേഷം വലിയ കമ്പനികളിൽ ഉയർന്ന സ്ഥാനങ്ങൾ ലഭിക്കുന്നത് അവർ ഭരണകാലത്ത് ചെയ്ത 'അനുകൂല സേവനത്തിന്റെ' പ്രതിഫലമാണ്.

അതിനുശേഷം ധനകാര്യ മേഖല. ബാങ്കുകളും നിക്ഷേപസ്ഥാപനങ്ങളും ധനകാര്യ ഇടനിലക്കാരും. സമ്പദ്‌വ്യവസ്ഥയുടെ രക്തസ്രവണ പലിശ നിരക്കുകൾ, വായ്പകൾ, വിപണി സ്ഥിരത തുടങ്ങിയവയിലെല്ലാം ഇവരുടെ തീരുമാനങ്ങൾ സ്വാധീനിക്കപ്പെടുന്നു. ഒരു ബാങ്ക് തകർന്നാൽ ആയിരങ്ങൾ ബാധിക്കപ്പെടും. അതിനാൽ ഭരണകൂടം പൊതുധനം വിനിയോഗിച്ച് പോലും ഇവരെ രക്ഷിക്കുന്നു.

അടുത്ത തലത്തിൽ മാധ്യമ സാമ്രാജ്യങ്ങളും സാംസ്കാരിക സ്വാധീനികളും. വാർത്തകൾ എങ്ങനെ പ്രചരിക്കണം, ജനങ്ങൾ എന്ത് വിശ്വസിക്കണം, നേതാക്കളെ ആരെ ഉയർത്തണം ആരെ താഴ്ത്തണം, എല്ലാം അവർ തീരുമാനിക്കുന്നു. സർക്കാർ ഇവരെ അനുകൂലിപ്പിക്കാൻ പ്രത്യേക ഇളവുകളും പരസ്യ വരുമാനവും അനുവദിക്കുന്നു. മാധ്യമങ്ങൾ ഭരണകൂടത്തിന് അനുയോജ്യമായ കഥകൾ പറയുമ്പോൾ മാത്രം അവരെ സംരക്ഷിക്കുന്നു. എന്നാൽ ഭരണത്തിൽ ഇരിക്കുന്നവരോ പ്രതിപക്ഷമോ ഇവരെ ചോദ്യം ചെയ്യുകയില്ല. ജനങ്ങൾക്ക് ഇവരോടുള്ള വിശ്വാസം ഇരുകൂട്ടർക്കും രാഷ്ട്രീയത്തിൽ അവരുടെ ആശയപ്രചാരണങ്ങൾക്ക് ആവശ്യമാണ്.

പ്രൊഫഷണലുകളും ലോബിയിസ്റ്റുകളും അടുത്ത നിലയിൽ. അന്താരാഷ്ട്ര ലോബിയിംഗ് നെറ്റ്‌വർക്കുകൾ, വലിയ നിയമ ഉപദേശക സ്ഥാപനങ്ങൾ, കൺസൾട്ടന്റുകൾ, ഇവരാണ് അടച്ചിട്ട മുറികളിൽ നടക്കുന്ന ഭരണ തീരുമാനങ്ങളെ സ്വാധീനിക്കുന്നത്. പൊതുജനങ്ങൾ അറിയാത്ത ഇടങ്ങളിൽ ഇവരുടെ ശബ്ദം ശക്തമായി കേൾക്കപ്പെടുന്നു. അതിനുശേഷം മധ്യവർഗ്ഗം. സർക്കാരിന്റെ പ്രധാന വരുമാന ഉറവിടം ഇവരാണ്. ശമ്പളത്തിൽ നിന്നുള്ള നേരിട്ടുള്ള നികുതി, ചിലവഴിക്കുന്ന എല്ലാ സാധനങ്ങളിലും അടയ്ക്കുന്ന പരോക്ഷ നികുതി എല്ലാം ഇവരുടെ മേൽ ഭാരമായി ഭവിക്കുന്നു. ഭരണകൂടം ചില ചെറിയ ആനുകൂല്യങ്ങൾ– ഹൗസിംഗ് ലോൺ പലിശ ഇളവുകൾ, ക്ഷേമപദ്ധതികൾ എന്നിവ നൽകി ഇവരെ ശാന്തരാക്ക

ന്നു. എന്നാൽ യാഥാർത്ഥ്യത്തിൽ 'നികുതി അടയ്ക്കുന്ന യന്ത്രം' എന്ന നിലയിലാണ് ഇവരെ ഭരണകൂടം കാണുന്നത്.

പിരമിഡിന്റെ ഏറ്റവും താഴെ പൊതുജനങ്ങളും തൊഴിലാളികളും ദരിദ്രരും. രാജ്യത്തിന്റെ അടിസ്ഥാന സൗകര്യം നിലനിർത്തുന്നത് അവരുടെ തൊഴിലാണ്. അവർ ചെയ്യുന്ന ജോലികൾ (റോഡുകൾ പണിയൽ, കെട്ടിടങ്ങൾ നിർമ്മിക്കൽ, ദിനംപ്രതി സേവനങ്ങൾ) രാജ്യത്തിന്റെ അടിത്തറയാണ്. പക്ഷേ അവരുടെ സ്വരം ഭരണകൂടത്തിന്റെ മുറികളിൽ ഒരിക്കലും കേൾക്കപ്പെടാറില്ല. തെരഞ്ഞെടുപ്പ് സമയത്ത് സൗജന്യ ഭക്ഷ്യപദ്ധതികൾ, ആരോഗ്യ പദ്ധതി, കുറഞ്ഞ വേതനം എന്നിവയുടെ പേരിൽ വാഗ്ദാനങ്ങൾ നൽകി പിടിച്ചുനിർത്തപ്പെടുന്ന കൂട്ടമാണ് അവർ. യാഥാർത്ഥ്യത്തിൽ, അവർ ഭരണകൂടത്തിന്റെ കാഴ്ചപ്പാടിനു മുന്നിൽ 'വോട്ട് ചെയ്യുന്ന യന്ത്രങ്ങൾ' മാത്രമാണ്.

ഇങ്ങനെയാണ് ഒരു സർക്കാരിന്റെ മുൻഗണന പിരമിഡ് പ്രവർത്തിക്കുന്നത്. മുകളിൽ ചിലർക്ക് മാത്രം നേരിട്ടുള്ള ബന്ധവും പ്രത്യേക സുരക്ഷയും. നടുവിൽ സർക്കാരിനെ തുടരാൻ സഹായിക്കുന്നവർക്കുള്ള വരുമാനവും വിദഗ്ദ്ധസേവനവും. ഏറ്റവും താഴെ ജനസംഖ്യയുടെ വലിയൊരു വിഭാഗം. അവരുടെ വില വെറും എണ്ണത്തിലും വോട്ടിലും മാത്രം. ഇതാണ് ഭരണകൂടം രൂപപ്പെടുത്തുന്ന അദൃശ്യ മൂല്യക്രമം ഒരു സമൂഹത്തിന്റെ ഭാവി ആരെ ആശ്രയിച്ചാണ് സർക്കാർ കണ്ടുനിൽക്കുന്നതെന്നതിന് തെളിവായി നിലകൊള്ളുന്നത്. പക്ഷേ അതിന്റെ രൂപം സ്ഥിരമല്ല. അതിനുള്ളിലെ പാളികൾ മാറിക്കൊണ്ടിരിക്കുന്നു. അതേസമയം അടിത്തറ ഒരിക്കലും ഉയരുകയില്ല. ഈ ഘടനയുടെ മുകളിൽ അധികാരത്തിന്റെ സങ്കല്പം വസിക്കുന്നു. അത് വ്യക്തികളല്ല, സംവിധാനങ്ങളാണ് നിയന്ത്രിക്കുന്നത്. പിരമിഡിന്റെ അഗ്രത്തിൽ ഇരിക്കുന്നവർ സമൂഹത്തെ കാണുന്നത് ഒരു ചെസ്ബോർഡായി; താഴെയുള്ള മനുഷ്യർ അവർക്കു വേണ്ട ചെസ്സ് സൈനികർ. അതിനാൽ സാമൂഹിക നീതി എന്ന ആശയം പിരമിഡിന്റെ അടിത്തട്ടിൽ ആഗ്രഹമായി മാത്രമേ നിലനിൽക്കു.

ഈ ഘടനയുടെ വിസ്മയം അതിന്റെ അദൃശ്യത തന്നെയാണ്. ജനങ്ങൾ അതിനകത്ത് ജീവിക്കുമ്പോൾ തന്നെ അതിന്റെ അടിമകളാണെന്ന് തിരിച്ചറിയുന്നില്ല. വിദ്യാഭ്യാസം അവരെ നയിക്കുമെന്നു തോന്നിപ്പിക്കുമ്പോഴും അത് മാനസികമായി നിയന്ത്രിക്കുന്ന മാർഗ്ഗമാണ്. നിയമം സംരക്ഷണമെന്ന പേരിൽ അനുസരണത്തിനുള്ള വഴികൾ തീർക്കുന്നു. മാധ്യമ ശബ്ദങ്ങൾ അവബോധം നൽകുന്നുവെന്നു തോന്നിപ്പിച്ചാലും അവ അഭിപ്രായങ്ങളെ നിശ്ചിത ദിശയിലേക്കാണ് ചലിപ്പിക്കുന്നത്. ഈ പിരമിഡ് എത്രയോ പേരുടെ ജീവിതവും സ്വപ്നങ്ങളും രഹസ്യമായി വിഴുങ്ങിക്കൊണ്ടിരിക്കുന്നു. യഥാർത്ഥ വിപ്ലവം ഈ ഘടനയുടെ മുകളിൽ നിന്നല്ല ആരംഭിക്കുക. അത് അടിത്തട്ടിൽ നിന്നുള്ള ആത്മബോധത്തിലാണ് ജനിക്കുന്ന

ത്. വ്യക്തി തന്റെ സ്ഥാനം തിരിച്ചറിയുമ്പോൾ, അനുസരണയ്ക്ക് പകരം ചോദ്യം ചെയ്യൽ സ്വീകരിക്കുമ്പോൾ, ഈ പിരമിഡ് വിറയ്ക്കും. ഭരണഘടനയെ മറികടക്കാനാകില്ലെങ്കിലും അവയെ തിരിച്ചറിയാനുള്ള ബോധം വളർത്തിയാൽ മാത്രമേ അതിന്റെ കരുത്ത് തകർക്കാൻ കഴിയൂ.

രാജ്യവും ഭരണകൂടവും ജനങ്ങളോടുള്ള ബന്ധം പലപ്പോഴും തെറ്റായി അവതരിപ്പിക്കുന്നു. ഭരണകൂടം സ്വന്തം മൂലധനം ഒന്നും ചിലവഴിക്കാതെ ജനങ്ങളെ 'നിക്ഷേപമായി' കാണുന്നു. ഒരു കുഞ്ഞ് ജനിക്കുന്ന നിമിഷം മുതൽ അവന്റെ പരിപാലനം, വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം തുടങ്ങിയവയ്ക്ക് മാതാപിതാക്കളും കുടുംബവും അവരുടെ സമ്പാദ്യവും പരിശ്രമവും ചിലവഴിക്കുന്നു. ജീവിക്കാൻ വേണ്ടിയുള്ള പോരാട്ടത്തിൽ വ്യക്തി തന്റെ തൊഴിൽ, കഴിവ്, സമയം, ആരോഗ്യശക്തി എന്നിവയെല്ലാം വിനിയോഗിക്കുന്നു. എന്നാൽ ഈ വ്യക്തിയുടെ എല്ലാ ശ്രമങ്ങളും ഒരർത്ഥത്തിൽ സർക്കാരിന്റെ വരുമാനമായി മാറുന്നു. വ്യക്തിയുടെ സമ്പാദ്യത്തിന്റെ ഓരോ രൂപയിലും ശരാശരി അറുപത് ശതമാനം വരെ നഷ്ടപ്പെടുന്നു. അതായത്, ഒരു പൗരൻ സ്വന്തം ജീവിതത്തിനായി ചിലവഴിക്കുന്ന തുകയുടെ വലിയൊരു വിഹിതം അവൻ അറിയാതെയെങ്കിലും ഭരണകൂടത്തിന്റെ കോശത്തിലേക്ക് ഒഴുകുന്നു. എന്നാൽ അതിനായുള്ള 'നിക്ഷേപം' ഭരണകൂടം ചെയ്യുന്നില്ല. വിദ്യാഭ്യാസവും ആരോഗ്യവും പോലെയുള്ള അടിസ്ഥാന സേവനങ്ങൾ നൽകുന്നത് സർക്കാരിന്റെ പൗരന്മാരോടുള്ള ഭരണപരമായ ഉത്തരവാദിത്തമാണ്. അത് ഒരിക്കലും 'ദാനം' അല്ല. പക്ഷേ യാഥാർത്ഥ്യത്തിൽ സർക്കാർ അത് പോലും ശരിയായ രീതിയിൽ നിറവേറ്റുന്നില്ല. സ്കൂളുകൾ സ്വകാര്യവൽക്കരിക്കപ്പെട്ട സാഹചര്യത്തിൽ മാതാപിതാക്കളാണ് വിദ്യാഭ്യാസഭാരം മുഴുവൻ വഹിക്കുന്നത്. ആശുപത്രികളിൽ മികച്ച ചികിത്സ ലഭിക്കാൻ ജനങ്ങൾ സ്വകാര്യ സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. തൊഴിൽ സുരക്ഷയോ സാമൂഹ്യനീതിയോ ഉറപ്പുനൽകുന്നതിൽ ഭരണകൂടം പരാജയപ്പെടുന്നു.

ഇങ്ങനെ രാഷ്ട്രം ഒരുതരം കൃഷിയിടം പോലെയാണ്. അവിടെ പാടമാണ് ജനങ്ങൾ. വിത്തും വളവും വെള്ളവും ജനങ്ങൾ തന്നെയാണ് നൽകുന്നത്. എന്നാൽ വിളവെടുക്കുന്നത് ഭരണകൂടം മാത്രം. അതായത് ധാന്യം സ്വയം പാകം ചെയ്യപ്പെടുന്നു, യജമാനന്റെ വിശപ്പകറ്റാൻ. ജനങ്ങളുടെ ജീവിതം വിൽപ്പനയ്ക്കോ വിനിയോഗത്തിനോ ഉള്ള വ്യാപാരച്ചരക്ക് മാത്രമായിത്തീരുന്നു. ജനങ്ങളെ വളർത്തുകയും നിലനിർത്തുകയും ചെയ്യുന്ന പ്രക്രിയയിൽ സർക്കാരിന്റെ 'വ്യക്തിഗത' പങ്ക് അത്ര കാണാനാവുന്നില്ലെങ്കിലും അവരുടെ പരിശ്രമഫലം അനവധിയായി സർക്കാരിന്റെ വരുമാനമായി ഒഴുകിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് ഭരണകൂടത്തെ പലരും 'ജനങ്ങളുടെ രക്ഷാധികാരി' എന്നതിനേക്കാൾ 'ജനങ്ങളുടെ പരിശ്രമഫലങ്ങളുടെ പരമ പ്രയോജനഭോക്താവ്' എന്ന നിലയിലാണ് കാണേണ്ടതെന്ന് പറയുന്നത്.

ഒരു രാജ്യത്തിന്റെ ഭരണഘടനയിൽ 'ജനാധിപത്യം ജനങ്ങളുടെ ശക്തിയിലാണ്' എന്ന് പറഞ്ഞാലും, യാഥാർത്ഥ്യത്തിൽ സാധാരണക്കാരന്റെ ജീവിതം സർക്കാരിന്റെ കണ്ണിൽ ഏറ്റവും താഴ്ന്ന തലത്തിലാണ്. ഭരണകൂടത്തിന് അവൻ ഒരു ജീവിച്ചിരിക്കുന്ന വ്യക്തി അല്ല. മറിച്ച്, ഒരു ഉപകരണം മാത്രമാണ്. അവന്റെ വരുമാനം, അവന്റെ ഉപഭോഗം, അവന്റെ ചിലവ് എല്ലാം സർക്കാരിന് ഒരു വരുമാന സ്രോതസാണ്. ശമ്പളം കിട്ടുന്ന ദിവസം തന്നെ സർക്കാർ തന്റെ പങ്ക് പിടിച്ചെടുക്കും. അവൻ കടയിൽ നിന്നും വാങ്ങുന്ന ഓരോ സാധനത്തിന്റെയും വിലയിൽ സർക്കാർ ചുമത്തിയ ജിഎസ്ടി, സർചാർജ്ജ്, സെസ്സ് എന്നിവ ഒളിഞ്ഞിരിക്കും. എന്നാൽ ഇതെല്ലാം അടച്ചുകൊണ്ടിരിക്കുമ്പോൾ, തിരികെ ലഭിക്കുന്ന സേവനങ്ങളുടെ നിലവാരം വളരെ കുറഞ്ഞതാണ്. പക്ഷേ, അധ്വാനത്തിന്റെ സിംഹഭാഗവും നികുതിയും, സൃഷ്ടിക്കപ്പെടുന്ന വിലക്കയറ്റവുമായി സർക്കാരിനുവേണ്ടി ചിലവഴിക്കുമ്പോഴും സർക്കാർ അവനോട് ചോദിക്കുന്ന ചോദ്യമോ നിലപാടായി പ്രദർശിപ്പിക്കുന്ന അവകാശവാദങ്ങളോ ഒരിക്കലും കുറയുന്നില്ല. പൗരൻ എന്നത് ഭരണകൂടത്തിന്റെ ഭാഷയിൽ ഒരു ഡാറ്റാ യൂണിറ്റാണ്; ഒരു ഐഡി നമ്പർ, വോട്ടർ ലിസ്റ്റ്, നികുതി ദായകൻ. എന്നാൽ മനുഷ്യജീവിതം അങ്ങനെ ചുരുക്കിയാൽ അതിന്റെ മർമ്മം നഷ്ടമാകും. ഒരു പൗരന്റെ മൂല്യം എത്ര നികുതി അടയ്ക്കുന്നു, എത്ര ഉദ്പാദനത്തിൽ പങ്കാളിയാണ് എന്ന രീതിയിലൂടെ അളക്കുന്നത് സമൂഹത്തിന്റെ ആത്മാവിനെ നശിപ്പിക്കുന്നു. പൗരത്വം അതിനേക്കാൾ ആഴമുള്ളതാണ്. അത് പരസ്പര ഉത്തരവാദിത്വത്തിന്റെ ബന്ധമാണ്.

ഇന്നത്തെ രാജ്യങ്ങൾ പൗരനെ സഹഭാഗിയായി കാണുന്നില്ല. മറിച്ച്, സാധനമായി കാണുന്നു. വോട്ട് ഒരു നിയന്ത്രിത ആചാരമായി, നികുതി ഒരു ഭയമൂലക ബാധ്യതയായി മാറിയിരിക്കുന്നു. അതിനാൽ സാധാരണ പൗരൻ ഒരു ഭരണ സങ്കേതത്തിനകത്ത് ജീവിക്കുന്ന ശാന്തനായ തടവുകാരനാണ്. എന്നാൽ ഈ നില മാറ്റുന്നത് എളുപ്പമല്ല. കാരണം അവൻ തന്നെ ആ സംവിധാനത്തിന്റെ അനിവാര്യ ഭാഗമായിത്തീർന്നിരിക്കുന്നു. ഒരു സമൂഹം പൗരനെ വിലയിരുത്തേണ്ടത് അവന്റെ ആത്മബോധം, നീതിബോധം, സഹജീവനബോധം എന്നിവയുടെ അടിസ്ഥാനത്തിലാണ്. അവൻ എത്രയോ പദവികൾ നേടിയാലും അവന്റെ മനസ്സ് ദാസ്യത്തിൽ ഉടരുകയാണെങ്കിൽ അവൻ പൗരനല്ല. അവൻ ഉപഭോക്താവ് മാത്രമാണ്. അതിനാൽ യഥാർത്ഥ പൗരത്വം അതിനോട് യുദ്ധം ചെയ്യുന്ന മനസ്സിലാണ് ജനിക്കുന്നത്. സ്വാതന്ത്ര്യം നല്കപ്പെടുന്നൊരു അവകാശമല്ല. അത് ഓരോ ദിവസവും നേടേണ്ടതായൊരു പരിശ്രമമാണ്.

ഇതിനുപുറമെ, സാധാരണ പൗരൻ ഒരു തൊഴിലാളി ആണ്. രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥ മുന്നോട്ടു പോകുന്നത് അവരുടെ ദിനംപ്രതി ചെയ്യുന്ന ജോലികളാൽ ആണ്. നിർമ്മാണം, ഗതാഗതം, ഓഫീസുകൾ, സേവനമേഖല എല്ലാം അവരുടെ പരിശ്രമത്തിൽ ആശ്രയിക്കുന്നു. എന്നാൽ അതിന് വിരോധാഭാസമായി,

അവരുടെ ജോലി എളുപ്പത്തിൽ പുനഃസ്ഥാപിക്കാവുന്ന ഒന്നാണ്. ഒരാൾ പോയാൽ പകരം മറ്റൊരാൾ എത്തും. അതിനാൽ സർക്കാരിന്റെ കണ്ണിൽ അവർ പകരം വയ്ക്കാവുന്നവരാണ്. വ്യക്തിപരമായി ആരും നിർണായകമല്ല.

തിരഞ്ഞെടുപ്പ് സമയത്ത് സാധാരണക്കാരന്റെ വോട്ടിന്റെ മൂല്യം അൽപ്പം ഉയരുന്നു. രാഷ്ട്രീയ നേതാക്കൾ ഗ്രാമങ്ങളിലും നഗരങ്ങളിലും എത്തി വലിയ വാഗ്ദാനങ്ങൾ നൽകും. സൗജന്യ ഭക്ഷണം, പുതിയ വീടുകൾ, വായ്പാ ഇളവുകൾ എല്ലാം ഇതിൽ ഉൾപ്പെടും. പക്ഷേ തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ അവരുടെ പരിതസ്ഥിതിയും പരിവേദനങ്ങളും രാഷ്ട്രീയക്കാരെ സംബന്ധിച്ചിടത്തോളം വീണ്ടും മറവിയിലാകുന്നു. വീണ്ടും അവൻ ഒരു നമ്പർ മാത്രമായി മാറുന്നു–വോട്ടർ പട്ടികയിലെ വെറും ഒരു അക്കം.

സാധാരണക്കാരന്റെ മനസ്സ് ഈ അവസ്ഥയിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കുന്നില്ലെന്നതാണ് ഏറ്റവും വലിയ ദുരന്തം. വിനോദവും ഉപഭോഗവും രാഷ്ട്രീയകലാപങ്ങളും അവരുടെ ചിന്തകളിൽ വേരുപിടിച്ചിരിക്കുന്നു. ദിനംപ്രതി വാർത്താവിനിമയ മാധ്യമങ്ങൾ നൽകുന്ന ഉന്മാദം, സാമൂഹിക മാധ്യമങ്ങളിൽ നടക്കുന്ന ചർച്ചകൾ, സിനിമകൾ, സീരിയലുകൾ ഇവയിൽ ഒതുങ്ങിയാണ് അവന്റെ ലോകം. വലിയ രാഷ്ട്രീയ തീരുമാനങ്ങൾ, അന്താരാഷ്ട്ര വ്യാപാര കരാറുകൾ, സാമ്പത്തിക നയങ്ങൾ എന്നിവയിൽ അവർക്ക് യാതൊരു പങ്കും ഇല്ല. പലപ്പോഴും അവയെക്കുറിച്ച് അറിവും ഇല്ല.

സർക്കാരിന് ഈ അവസ്ഥ വളരെ സുഖകരമാണ്. വിനോദത്തിലേർപ്പെട്ട, ഉപഭോഗത്തിൽ മുങ്ങിയ, രാഷ്ട്രീയവാഗ്ദാനങ്ങളിൽ വിശ്വസിക്കുന്ന സാധാരണക്കാരൻ അധികാരത്തിന്റെ കണ്ണിൽ ഭീഷണിയല്ല. അവർ തങ്ങളുടെ ജീവിതത്തിന്റെ ചെറിയ വലയത്തിനുള്ളിൽ കുടുങ്ങി കഴിയുമ്പോൾ ഭരണകൂടത്തിന് അതിന്റെ യഥാർത്ഥ മുൻഗണനകളിലേക്ക് തിരിഞ്ഞ് പ്രവർത്തിക്കാൻ സ്വാതന്ത്ര്യം ലഭിക്കുന്നു. തൊഴിലവസരങ്ങൾ കുറയുകയോ വിലകൾ ഉയരുകയോ വിദ്യാഭ്യാസ–ആരോഗ്യരംഗം തകരുകയോ ചെയ്താലും സാധാരണക്കാരന്റെ പ്രതികരണം പരിമിതമായിരിക്കും. അവർ പ്രതിഷേധിക്കുന്നുവെങ്കിൽ അത് കുറച്ചുദിവസം മാത്രം. പിന്നെ വീണ്ടും ജീവിതത്തിന്റെ തിരക്കിലേക്കും വിനോദത്തിന്റെ ലോകത്തിലേക്കും മടങ്ങിപ്പോകും.

ഈ നിലയിൽ തുടരുന്നവർ സർക്കാരിന്റെ കണ്ണിൽ അദൃശ്യർ ആണ്. അവരുടെ ഉപസ്ഥിതി ഒരു വലിയ സംഖ്യയായി കാണപ്പെടുന്നു. എന്നാൽ അവരുടെ വ്യക്തിഗത ശബ്ദം ഭരണകൂടത്തിന് കേൾക്കാൻ താൽപ്പര്യമില്ല. സർക്കാർ തീരുമാനങ്ങൾ സ്വീകരിക്കുമ്പോൾ, അവർക്കുവേണ്ടിയുള്ള നേട്ടങ്ങൾ മുഖ്യമായ പരിഗണനയായി വരാറില്ല. ഒരിക്കലും അവർ നയരൂപീകരണത്തിന്റെ ഭാഗം ആകു

ന്നില്ല. അവർ ഭരണഘടനയിൽ പരാമർശിക്കപ്പെടുന്ന ജനാധിപത്യത്തിന്റെ അടിത്തറ ആണെങ്കിലും ഭരണകൂടത്തിന്റെ പ്രവർത്തനരീതിയിൽ അവർ കാണപ്പെടാത്തവർ ആകുന്നു. ഈ അവസ്ഥയിൽ നിന്നു മാറാതെ കഴിയുന്നവർ ജീവിതം മുഴുവൻ കീഴെയുള്ള പടിവാതിൽ തന്നെയാണ്. അവർ ജനാധിപത്യത്തിന്റെ ആത്മാവായി കണക്കാക്കപ്പെടുന്നു. എന്നാൽ യാഥാർത്ഥ്യത്തിൽ അധികാരം പ്രവർത്തിക്കുന്ന തലങ്ങളിൽ അവരുടെ സാന്നിദ്ധ്യം വളരെ കുറവാണ്. സമൂഹത്തിന്റെ വലിയ ശക്തികളായ സമ്പന്നരെയും വ്യവസായികളെയും ബാങ്കുകളെയും മാധ്യമങ്ങളെയും സർക്കാരുകൾ പ്രധാനമായി കാണുമ്പോൾ സാധാരണക്കാരനെ വെറും ഉപകരണം ആയി മാത്രം ഉപയോഗിക്കുന്നു.

ഒരു ജനതയുടെ ഏറ്റവും വലിയ ദുരന്തം പുറത്തുനിന്നുള്ള ശത്രുക്കളല്ല, ഉള്ളിൽ തന്നെ വളർത്തുന്ന ചിന്താഗതിയുടെ ഉള്ളടക്കം ആണ്. ജീവിതത്തെ ഒരിക്കലും വിപുലമായ ആകാശവുമായി ബന്ധിപ്പിക്കാതെ ഒരു ചെറുകിണറിന്റെ ചുമരുകൾക്കുള്ളിൽ മാത്രം കണ്ടു മനസ്സിലാക്കുന്ന മനോഭാവമാണ് കൂപമണ്ഡൂകത്വം. കിണറ്റിലെ തവളയ്ക്കു കടലിന്റെ വിപുലതയെക്കുറിച്ച് കേട്ടാലും വിശ്വസിക്കാനാവില്ല. അതുപോലെതന്നെ ചെറുജീവിത വലയത്തിനപ്പുറം ലോകത്തെ അനുഭവിക്കാനോ, അവിടെ സ്വന്തം മൂല്യം കണ്ടെത്താനോ സാധിക്കാത്ത അവസ്ഥയിലാണ് സാധാരണക്കാർ. 'കിണറ്റിലെ തവള' എന്ന പ്രതീകം ഒരു പുരാതന ഉപമ മാത്രമല്ല. അത് മനുഷ്യബോധത്തിന്റെ ജീവശാസ്ത്രമാണ്. സമൂഹം വിദ്യാഭ്യാസം, മതം, മാധ്യമം എന്നിവ വഴി മനുഷ്യനെ ഒരു കിണറ്റിൽ അടച്ചിരിക്കുന്നു. അവിടെ നിന്ന് പുറത്തേക്കുള്ള പ്രകാശം കാണാനാകില്ല. തവളക്ക് ലോകം കിണറ്റിന്റെ വലുപ്പത്തിലാണ്. അതുപോലെ മനുഷ്യനും തന്റെ പഠനവും മതവിശ്വാസവും ഭാഷയും അടിസ്ഥാനമാക്കിയ പരിധികളിലാണ് ജീവിക്കുന്നത്. ഈ ചിന്താവൈകല്യം ആളുകളെ ചെറിയ കാര്യങ്ങളിൽ തന്നെ നിറഞ്ഞ സന്തോഷം തേടാൻ പ്രേരിപ്പിക്കുന്നു. ചില വിനോദങ്ങൾ, കുറച്ച് രാഷ്ട്രീയ വാർത്തകൾ, ചെറിയ സാമൂഹിക ചർച്ചകൾ, പിന്നെ സ്ഥിരമായ ഉപജീവനം—ഇതിൽപ്പുറം ജീവിതമില്ലെന്ന പോലെ അവർ ജീവിക്കുന്നു. ഈ രീതിയിലുള്ള മനോഭാവം സാധാരണക്കാരനെ വലിയ ലക്ഷ്യങ്ങൾ തേടാതെ, ഭരണകൂടത്തിനായി ഉപയോഗിക്കാവുന്ന 'ജനസംഖ്യ'യായി മാത്രം നിലനിർത്തുന്നു.

കൂപമണ്ഡൂകത്വം മനുഷ്യനെ സുഖകരമായ പരിധികളിൽ അടച്ച് വയ്ക്കുന്നു. പുതിയ ചിന്തയെ അവൻ ഭയപ്പെടുന്നു. അന്യമായതിനെ അവഗണിക്കുന്നു. ഈ നിലപാട് അധികാരകേന്ദ്രങ്ങൾക്ക് ഏറ്റവും അനുകൂലമായതാണ്. കാരണം ചിന്തിക്കുന്ന ജനതയാണ് ഭീഷണി. അതിനാൽ സമൂഹം 'ആലോചിക്കരുത്, അനുസരിക്കുക' എന്ന മുദ്രാവാക്യത്തിൽ വളരുന്നു. സമൂഹത്തിന്റെ പുരോഗതി അതിന്റെ ബൗദ്ധിക വിസ്താരത്തിലാണ് ആശ്രയിക്കുന്നത്. കിണറ്റിൽ നിന്ന് ചാടി പുറത്തേക്ക് വരുന്ന തവളയാണ് നവീകരണത്തിന്റെ പ്രതീകം. അതുപോലെ, പഠനത്തിന്റെ ല

ക്ഷ്യം ഉത്തരങ്ങൾ നേടുക എന്നതിൽ അല്ല. ചോദ്യങ്ങൾ ചോദിക്കാൻ ധൈര്യം നേടുക എന്നതായിരിക്കണം. ഒരാൾ തന്റെ ചിന്താവലയത്തെ വിശാലമാക്കുമ്പോൾ അവൻ വെറും വ്യക്തിയല്ല. ഒരു സമൂഹവിപ്ലവമാണ്. അതിനാൽ കൂപമണ്ഡൂകത്വം തകർക്കാനുള്ള ആദ്യ പടി സ്വയം സംശയിക്കുക എന്നതാണ്.

കൂപമണ്ഡൂക ചിന്തയുടെ സാമൂഹിക വളർച്ച കുട്ടിക്കാലം മുതലാണ്. മാതാപിതാക്കളും അധ്യാപകരും കുട്ടികളോട് പറഞ്ഞുപോകുന്നത് സുരക്ഷിതമായ വഴികൾ മാത്രമാണ്. 'പഠിച്ച് ഒരു ജോലി നോക്ക്, സർക്കാർ ജോലി കിട്ടിയാൽ അതിലേറെ വേണ്ട.' സ്വന്തം കഴിവുകളിൽ നിന്ന് ഉയർന്നുവന്ന് ലോകത്തെ മാറ്റാൻ കഴിയും എന്ന ആശയം അവർ ഒരിക്കലും കുട്ടികളുടെ മനസ്സിൽ വിതച്ചുകൊടുക്കുന്നില്ല. ബ്രിട്ടീഷുകാർ ഇന്ത്യൻ ജനതയ്ക്ക് വിദ്യാഭ്യാസം നൽകിയത് അവർക്ക് ആവശ്യമായ ജോലിക്കാരെ സൃഷ്ടിക്കാൻ വേണ്ടിയായിരുന്നു. ആ വിദ്യാഭ്യാസ ശൈലി തന്നെയാണ് ഇന്നും ഇന്ത്യയിൽ തുടരുന്നത്. ഇങ്ങനെ, ചെറുവലയത്തിനുള്ളിൽ മാത്രം തലമുറകൾ വളരുന്നു. സർക്കാരിനും അധികാരത്തിനും ഇത്തരം ചിന്താഗതിക്കാർ വളരെ പ്രിയപ്പെട്ടവരാണ്. കാരണം, വലിയ സ്വപ്നങ്ങൾ കാണാത്ത, ചോദ്യം ചെയ്യാത്ത, സുരക്ഷിതമായ ചെറുജീവിതത്തിൽ തൃപ്തരാകുന്ന ജനങ്ങൾ ഭരണകൂടത്തിന് ഭീഷണിയല്ല. അവർ വോട്ട് ചെയ്യാൻ എത്തും, നികുതി അടയ്ക്കും, നിർദ്ദേശങ്ങൾ പാലിക്കും, പക്ഷേ ചോദ്യം ചെയ്യുകയില്ല, മാറ്റം ആവശ്യപ്പെടുകയില്ല. അതുകൊണ്ട് കൂപമണ്ഡൂകജീവിതം സർക്കാർ തന്നെയാണ് പല തരത്തിലും നിലനിർത്തുന്നത്.

വിനോദ വ്യവസായം, മാധ്യമ പ്രചാരണങ്ങൾ, ഉപഭോഗ സംസ്കാരം ഇവയെല്ലാം സാധാരണക്കാരനെ കിണറിന്റെ ചുമരുകൾക്കുള്ളിൽ തന്നെ സൂക്ഷിക്കുന്നതിനുള്ള കരുത്തുറ്റ ഉപാധികളാണ്. സിനിമകളും സീരിയലുകളും ചെറിയ സന്തോഷത്തിന്റെ ഭ്രമം നൽകും. വാർത്തകളും രാഷ്ട്രീയ നാടകങ്ങളും സ്ഥിരമായ കലഹത്തിന്റെ വികാരത്തിൽ ജനങ്ങളെ പിടിച്ചിരുത്തും. ഇങ്ങനെ, ജീവിതത്തിന്റെ വലിയ ചിത്രത്തെ മറക്കാൻ സമൂഹം തന്നെ ആളുകളെ പരിശീലിപ്പിക്കുന്നു. അതിലുപരി, സംസ്കാരവും മതവും പോലും പലപ്പോഴും ആളുകളെ ഇടുങ്ങിയ രീതിയിൽ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. 'ദൈവം തന്ന വഴി ചോദ്യം ചെയ്യാതെ നടന്നുപോകു' എന്നതാണ് ആളുകൾ കേൾക്കുന്ന സന്ദേശം. ഇത് സ്വന്തം ജീവിതം വലിയൊരു സാധ്യതയാണെന്ന തിരിച്ചറിവ് പോലും നഷ്ടപ്പെടുത്തുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ സ്വയം തങ്ങൾ തന്നെ വലിയൊരു സാധ്യതയാണെന്ന് മനസ്സിലാക്കാൻ മതങ്ങൾ അവരെ സമ്മതിക്കുന്നില്ല. എല്ലാവരും ആവശ്യപ്പെട്ടുന്നത് അടിമത്വമാണ്. എന്നാൽ, ജീവിച്ചിരിക്കുമ്പോൾ അടിമത്വവും മരണാനന്തരം സ്വാതന്ത്ര്യവും അതൊരു പ്രഹേളികയാണെങ്കിൽ പോലും, ലഭിച്ചിട്ട് എന്തുകാര്യം?.

ഈ കുടുക്കിൽ നിന്ന് രക്ഷപ്പെടാൻ ഏറ്റവും ആദ്യം വേണ്ടത് ചിന്തയുടെ വൈപുല്യമാണ്. വലിയ ചോദ്യങ്ങൾ ചോദിക്കാൻ, സ്വന്തം പരിധികളെ മറികടക്കാൻ, ലോകത്തെ വലുതായി കാണാൻ ധൈര്യം കാണിക്കണം. ഇല്ലെങ്കിൽ ഒരാൾ ചെറുകിണറ്റിൽ മുഴുവൻ ജീവിതം കഴിച്ചുകൂട്ടി ലോകത്തിന് മുന്നിൽ ഒരു നമ്പറായി മാത്രം ശേഷിക്കും. കൂപമണ്ഡൂക ചിന്തയുടെ അപകടം എന്തെന്നാൽ അത് സ്വയം സന്തോഷഭ്രമം സൃഷ്ടിക്കുന്നു. തനിക്ക് കിട്ടിയ ചെറിയ നേട്ടങ്ങൾ പോലും ലോകത്തിലെ ഏറ്റവും വലിയ കാര്യങ്ങളാണെന്ന് കരുതി ഒരാൾ ആത്മസന്തോഷത്തിൽ ജീവിക്കും. പക്ഷേ ഭരണകൂടത്തിനും ശക്തി കേന്ദ്രങ്ങൾക്കും മുന്നിൽ ഇത്തരം ആളുകളുടെ വില വളരെ കുറവാണ്. ഭരണകൂടം അത് അറിയുന്നു എങ്കിലും ജനങ്ങൾ അത് അറിയുന്നില്ല. അവർ എപ്പോഴും ഒരു മതിഭ്രമത്തിൽ അകപ്പെട്ടിരിക്കുന്നു.

ഒരു സമൂഹം സ്വതന്ത്രമായി മുന്നോട്ട് പോകണമെങ്കിൽ ആളുകൾ കിണറ്റിന് പുറത്തേക്ക് നോക്കാനുള്ള ധൈര്യം നേടണം. സാധാരണക്കാരൻ തന്റെ ജീവിതം മുഴുവനും ചെറുതായി കരുതുന്നിടത്ത് രാഷ്ട്രത്തിന്റെ ചതുരംഗ പലകയ്ക്ക് മുന്നിൽ സർക്കാരിന് വേണ്ടത് നൈപുണ്യമുള്ള കളിക്കാരെയാണ്. അതിൽ പങ്കാളിയാകാൻ ഒരാൾ ആദ്യം തന്നെ മനസ്സിന്റെ കിണറിനു പുറത്തേക്ക് കടക്കണം. സാമൂഹിക ജീവിതത്തിന്റെ ആഗോള വീക്ഷണത്തിൽ സാധാരണക്കാരന്റെ ജീവിതം ഭാവിയില്ലാതെ മാംസത്തിനും പാലിനും വേണ്ടി വളർത്തുന്ന നാൽക്കാലികളുടെ നിലയിലേയ്ക്ക് മാത്രമായി ചുരുങ്ങുന്നത് അവരുടെ ചിന്തകൾ ചിതലെടുത്തിരിക്കുന്നു എന്നതിന്റെ തെളിവാണ്. ഒരു വ്യക്തി വോട്ടർ, നികുതി ദായകൻ, തൊഴിലാളി എന്നതിലപ്പുറം മൂല്യവാനായി മാറേണ്ടതാണ്. എന്നാൽ ഇത് സ്വാഭാവികമായോ എളുപ്പത്തിലോ സംഭവിക്കില്ല. ധൈര്യവും, മനോനയവും, ദീർഘദർശനവും അതിന് ആത്യാവശ്യമാണ്.

ആദ്യപടി ക്ഷമതയും കഴിവും വികസിപ്പിക്കുകയാണ്. സാധാരണക്കാരന്റെ ജോലി പലപ്പോഴും പകരം വയ്ക്കാവുന്നതാണ്. ഒരു ഡാറ്റാ എൻട്രി ജോലിയിലെ തൊഴിലാളിക്ക് പകരമായി മറ്റാരെയെങ്കിലും എത്തിക്കാമെന്ന് ഉറപ്പാണ്. എന്നാൽ ഒരാൾക്ക് അപരിവർത്തനീയമായ വൈദഗ്ദ്ധ്യം ഉണ്ടെങ്കിൽ സർക്കാർ, വ്യവസായം, സാമൂഹിക സ്ഥാപനങ്ങൾ, ചിലപ്പോൾ അന്തർദേശീയ ഇടപാടുകാർ പോലും അവനിൽ സ്വാധീനം ചെലുത്തേണ്ടിവരും. ടെക്നോളജി, ഫിനാൻസ്, നിയന്ത്രണ നയം, മാർക്കറ്റിംഗ് തുടങ്ങിയ മേഖലകളിൽ വൈശിഷ്ട്യമുള്ള കഴിവുകൾ മനുഷ്യരെ 'മൂല്യമുള്ളവർ' ആക്കുന്നു.

രണ്ടാമത്തെ മുഖ്യ മാർഗ്ഗം ഉദ്യമശീലവും സംരംഭകത്വവുമാണ്. സ്വന്തമായൊരു സംരംഭം ആരംഭിച്ച് സമൂഹത്തിനും സാമ്പത്തിക സംവിധാനത്തിനും നേരിട്ട് മൂല്യം സൃഷ്ടിക്കുന്നവരെ സർക്കാരിന് അവഗണിക്കാൻ കഴിയില്ല. ചെറിയൊരു ബി

സിനസ്സ് പോലും ഒരു നഗരത്തിൽ ജോലി അവസരങ്ങൾ സൃഷ്ടിക്കുകയും സാമ്പത്തിക പ്രവാഹം സജീവമാക്കുകയും സാമൂഹിക സ്വാധീനം വളർത്തുകയും ചെയ്യുന്നു. ഇത്തരം സംരംഭകർ സംസ്ഥാനത്തിനും രാജ്യത്തിനും ലാഭകരമായ രീതിയിൽ പ്രവർത്തിക്കുന്ന സമഗ്ര ശക്തികളാണ്. സംരംഭകത്വം തൊഴിലാളിയെ ഒരു ഉപകരണമായി മാത്രം കാണുന്നില്ല. സൃഷ്ടിക്കാവുന്ന മൂല്യത്തിന്റെ കേന്ദ്രബിന്ദുവായി മാറ്റുന്നു.

മൂന്നാമത്തേത്, ഉയർന്ന ബന്ധങ്ങളും സ്വാധീനം വളർത്തലും ആണ്. ഒരു വ്യക്തി മറ്റുള്ളവരുമായി ബന്ധം സ്ഥാപിക്കുന്ന രീതിയും, വിവരങ്ങളും ആശയങ്ങളും ഏകോപിപ്പിക്കുന്ന കഴിവും വളർത്തുമ്പോൾ അവൻ സമൂഹത്തിന് ഒഴിവാക്കപ്പെടാനാവാത്ത വ്യക്തിത്വമായി മാറ്റപ്പെടുന്നു. സർക്കാർ, വ്യവസായം, രാഷ്ട്രീയ കേന്ദ്രങ്ങൾ, ഇൻഫ്രാസ്ട്രക്ചർ തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളിലും ഇവരെ പരിഗണിക്കാൻ ആരംഭിക്കുന്നു. ബന്ധങ്ങളുടെ ശക്തി നീണ്ടകാല പദ്ധതി നടപ്പാക്കാനുള്ള കഴിവ് മൂല്യ നിർമ്മാണത്തിലെ നിർണായക ഘടകമാണ്.

അടുത്തത് സാമ്പത്തിക സ്ഥിതി ഉയർത്തുന്നതാണ്. ധനം, ഭൂമി, പങ്കുവിതരണങ്ങൾ, ബിസിനസ്സ് ആസ്തികൾ എന്നിവയിലൂടെ വ്യക്തി സ്വാതന്ത്ര്യം നേടുന്നതിലൂടെ ആഗോള പ്രഭാവം വളരുന്നു. സാമ്പത്തിക സ്വാതന്ത്ര്യം ഇല്ലാത്ത ആളുകൾ എപ്പോഴും മറ്റുള്ളവരുടെ നിയമങ്ങൾ അനുസരിച്ച് നിയന്ത്രണ വിധേയരായി മാത്രമേ ജീവിച്ചിരിക്കാൻ ഇടയുള്ളൂ. സമ്പത്ത് ഉരുത്തിരിഞ്ഞാൽ അവർക്ക് തീരുമാനം കൈക്കൊള്ളാനും പ്രോജക്ടുകൾ തുടങ്ങാനും പുതിയ വിപണികളിലേക്ക് കടക്കാനും കഴിയും.

അവസാനമായി, ചിന്താശേഷിയും നേതൃത്വവും വായന-അന്വേഷണ ത്വരതയും വളർത്തുക എന്ന അനിവാര്യതയാണ്. സാധാരണ ജനങ്ങൾ കൂടുതൽ സമയം മറ്റുള്ളവരുടെ കഥകളും നയങ്ങളും സ്വീകരിക്കാൻ ചിലവഴിക്കും. എന്നാൽ മൂല്യവാനായി മാറുന്നവർ സാധാരണ ചിന്തകളിൽ കുടുങ്ങാതെ തന്റെ ആശയങ്ങൾ, ദർശനങ്ങൾ, നയങ്ങൾ സൃഷ്ടിക്കുന്നു. അവർ മാധ്യമങ്ങളിൽ പ്രാധാന്യം നേടുകയും അഭിപ്രായ നിർണയത്തിൽ സ്വാധീനം ചെലുത്തുകയും ചെയ്യുന്നു.

ഈ അഞ്ച് ഘടകങ്ങൾ; കഴിവ് വികസിപ്പിക്കൽ, സംരംഭകത്വം, ബന്ധനശീലങ്ങൾ, ധനം, ചിന്താപ്രവർത്തനം -ഒരാളിനെ 'മൂല്യമുള്ള വ്യക്തി' ആക്കുന്നു. അധികാരവും സാമ്പത്തികവും സൃഷ്ടിക്കുന്നവർക്ക് മുൻഗണന നൽകുന്ന സർക്കാർ ഇത്തരം വ്യക്തികളെ കാണാതെ പോകുകയില്ല. അതുകൊണ്ട് ഒരു സാധാരണ പൗരനും ഇത്തരമൊരു ദിശയിൽ പ്രവർത്തിക്കണം.

ഈ പ്രക്രിയയിൽ ധൈര്യം, അനുരഞ്ജനം, ദീർഘദർശനം എന്നിവ മുഖ്യമാണ്. കൃഷിഭൂമി, ബിസിനസ്സ് ആശയങ്ങൾ, ടെക്നോളജി, വിദ്യാഭ്യാസ സേവനങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി വ്യക്തി തന്റെ മൂല്യം ഉയർത്തുന്നു. ഈ മൂല്യം ഒരാളെ സാധാരണക്കാരനേക്കാൾ കൂടുതൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന വ്യക്തിയാകുന്നു. അതിനൊപ്പം, എല്ലാ ശ്രമങ്ങളിലും സമയബോധവും സാങ്കേതിക വിദ്യയിലെ നിപുണതയും വളർത്തേണ്ടതാണ്. പുതിയ മാർക്കറ്റുകൾ, സാമ്പത്തിക നയങ്ങൾ, വിദേശ ബന്ധങ്ങൾ എന്നിവ മനസ്സിലാക്കുന്ന കഴിവ് വളർത്തുന്നത് വ്യക്തിയെ സർക്കാരിനും വ്യവസായത്തിനും അനിവാര്യനായ പങ്കാളിയാക്കി മാറ്റുന്നു.

അവസാനമായി, ഒരു സാധാരണക്കാരൻ മൂല്യം നേടിയാൽ മറ്റുള്ളവരെ ആശ്രയിക്കാതെ സ്വന്തം ജീവിതത്തിന്റെ നിയന്ത്രണവും സ്വാതന്ത്ര്യവും വർദ്ധിക്കുകയും അത് തന്റെ വർദ്ധിച്ച മൂല്യത്തിലൂടെ സ്വയം നിർണായക ഘടകമായി തീരുകയും ചെയ്യും. ആ വ്യക്തി കൂപമണ്ഡൂകത്വം ഒഴിവാക്കി സ്വയം സൃഷ്ടിച്ച മൂല്യത്തിലൂടെ ഭരണകൂടത്തിനും സമൂഹത്തിനും അഭിമുഖ്യമാകുന്ന വ്യക്തിയായിതീരുന്നു.

ഒരു സാധാരണ പൗരൻ തന്റെ സാമ്പത്തിക ജീവിതത്തിന്റെ വഴിയിൽ സഞ്ചരിക്കുമ്പോൾ ദിവസവരുമാനം പലപ്പോഴും വേതനത്തിനും ഉപഭോഗത്തിനും ഇടയിൽ കുടുങ്ങി പോകുന്നു. 'ശമ്പളാധിഷ്ഠിത' ജീവിതം എന്ന് പറയപ്പെടുന്നത്, വ്യക്തിക്ക് മതിയായ സ്വാതന്ത്ര്യവും നിയന്ത്രണ ശേഷിയും ഇല്ലാത്തതിന്റെയും ജീവിതം വെറും ജീവനോപാധിയായി ചുരുങ്ങിയതിന്റെയും പ്രതീകമാണ്. എന്നാൽ ജീവിതത്തിൽ യഥാർത്ഥ മാറ്റം സംഭവിക്കുന്നത് ഒരാൾ സുരക്ഷിതമായെങ്കിലും പരിമിതമായ നിലനിൽപ്പിന്റെ ചുറ്റളവിൽ കുടുങ്ങാതെ സ്വയം നിർണായക ശക്തിയായി ഉയരാൻ തുടങ്ങുമ്പോഴാണ്. ഇത് സാധാരണ പൗരന്റെ ജീവിതവഴിയിൽ നിന്ന് തുടങ്ങിയും കാലക്രമേണ സ്വന്തമായ കഴിവുകൾ, സംരംഭകത്വം, ബന്ധനശീലങ്ങൾ, സമ്പാദ്യശക്തി, ചിന്താ നൈപുണ്യങ്ങൾ എന്നിവയെ ഉപയോഗിച്ചും ഒരാൾ അപരിഹാര്യ ഘടകമായിത്തീരുന്ന ഒരു കടുത്ത കയറ്റത്തിലേയ്ക്കുള്ള യാത്ര ചെയ്യുന്നത് പോലെ ആണ്.

ആദ്യഘട്ടം സ്വയം മൂല്യം തിരിച്ചറിയലാണ്. ശമ്പളാധിഷ്ഠിത ജീവിതത്തിൽ പലപ്പോഴും ആളുകൾക്ക് സ്വന്തം കഴിവുകളും ആവിഷ്ക്കാരങ്ങളും വിലമതിക്കാനാകുന്നില്ല. എന്നാൽ സ്വയം മൂല്യവാനായ വ്യക്തി ശമ്പളാധിഷ്ഠിത ജീവിതത്തിൽ മാത്രമല്ല, തന്റെ കഴിവുകൾ, നിർണായക നിർദ്ദേശങ്ങൾ, സാമ്പത്തിക സൃഷ്ടികൾ എന്നിവ വഴി സമൂഹത്തിലും വ്യവസായത്തിലും രേഖപ്പെടുത്തുന്നു. ഇവരുടെ നിലനിൽപ്പ് മാറ്റം വരുത്തുന്നത് സൃഷ്ടിക്കപ്പെടുന്ന മൂല്യത്തിന്റെ വലുപ്പത്തെ ആശ്രയിക്കുന്നു.

രണ്ടാമത്തെ ഘട്ടം ദീർഘകാല ലക്ഷ്യങ്ങളും കാഴ്ചപ്പാടുകളും സ്ഥാപിക്കുന്നതിൽ ആണ്. ചെറിയ കാര്യങ്ങൾ, ദൈനംദിന പ്രശ്നങ്ങൾ മാത്രം കണ്ടുകൊണ്ട് ജീവിക്കുന്നത് ശമ്പളാധിഷ്ഠിത ജീവിത നിലവാരം തന്നെയാണ്. എന്നാൽ മൂല്യവാനായ വ്യക്തി, തന്റെ പ്രവൃത്തികൾ ഏത് ദിശയിലേക്ക് കൊണ്ടുപോകണമെന്ന് മനസ്സിലാക്കി പ്രവർത്തിക്കുന്നു. വലിയ വ്യവസായ സംരംഭങ്ങൾ, സാമ്പത്തിക പദ്ധതികൾ, സ്വയം നിർമ്മിച്ച ആശയങ്ങൾ ഇവ മുഴുവൻ ഭാവിയെയും സ്വാധീനിക്കുന്നു.

മൂന്നാമത്, അച്ചടക്കം, ക്രമശീലം, തന്ത്രപരമായ ആലോചന എന്നിവ നിർണായകമായി വളർത്തുന്നതിലാണ്. ശമ്പളാധിഷ്ഠിത ജീവിതത്തിൽ ആളുകൾക്ക് പലപ്പോഴും സ്വയം നിയന്ത്രണശേഷി നഷ്ടപ്പെടുന്നു. ചെലവുകൾ നിയന്ത്രിക്കാൻ കഴിയുന്നില്ല, പുതിയ കഴിവുകൾ വളർത്താൻ സമയമില്ല, അനുഭവങ്ങളിലൂടെ പഠിക്കാനും ഉത്സാഹം കുറവായിരിക്കുന്നു. എന്നാൽ സ്വയം നിർണായകമാകാൻ ആഗ്രഹിക്കുന്നവർ ഓരോ ദിവസവും സാമ്പത്തിക, സാമൂഹിക, വ്യവസായിക, ബുദ്ധിപരമായ പ്രവർത്തനങ്ങൾ എന്നിവയെ ക്രമീകരിക്കേണ്ടതാണ്.

നാലാമത്, സാധാരണമായതിനേക്കാൾ കൂടുതൽ ഉപാധികൾ സൃഷ്ടിക്കുക എന്നതാണ്. ശമ്പളാശ്രിതത്വം എന്ന നിലയിൽ വ്യക്തി, ജീവിതത്തിന്റെ പ്രധാന ഘടകങ്ങളിൽ തന്നെ; ജോലിസ്ഥലം, വായ്പ, പരമ്പരാഗത ഉപാധികൾ തുടങ്ങിയ പലകാര്യങ്ങളിലും മറ്റുള്ളവരെ ആശ്രയിക്കേണ്ടിവരും. എന്നാൽ സ്വയം നിർണായകനായ വ്യക്തി, സ്വയം സൃഷ്ടിച്ച മൂല്യങ്ങൾ വഴി അധികാരത്തെയും സ്വാതന്ത്ര്യത്തെയും കൈവരിക്കുന്നു. സാമ്പത്തിക സ്വാതന്ത്ര്യം, ബന്ധങ്ങൾ, ആശയപ്രവാഹങ്ങൾ എന്നിവ ഒരു 'പദവിയാണ്' – ആശ്രിതത്വം അല്ല.

അഞ്ചാമത്, ഉദാഹരണങ്ങളും പ്രമാണങ്ങളും പഠിക്കൽ. ശമ്പളാശ്രിതത്വ ജീവിതത്തിൽ പലപ്പോഴും സാധാരണ പൗരൻ സമകാലിക വിജയം, പരസ്പര വിജയ കഥകൾ, വ്യവസായ പ്രവണതകൾ എന്നിവയിൽ ശ്രദ്ധ ചെലുത്താനാകാതെ അന്ധമായി കൂട്ടത്തിൽ ഒഴുകി പോകുന്നു. എന്നാൽ മൂല്യവാനായ വ്യക്തി, ഈ തെളിവുകൾ പഠിച്ച് തന്റെ പ്രവർത്തനരീതിയിൽ തന്ത്രപരമായ മാറ്റങ്ങൾ കൊണ്ടുവരുന്നു.

അവസാനമായി, മൂല്യ നിർമ്മാണം വ്യക്തിയുടെ സ്വാധീനം വർദ്ധിപ്പിക്കുന്നു. ശമ്പളാശ്രിതത്വത്തിൽ ജീവിക്കുന്ന വ്യക്തി നിലവിലെ സ്ഥിതിയിൽ പണി ചെയ്തു മൂല്യമില്ലാതെ തന്റെ അധ്വാനത്തിന്റെ ഭൂരിഭാഗം സർക്കാരിനു സമർപ്പിച്ച് ജീവിച്ചുപോകുന്നു. എന്നാൽ, സ്വയം നിർണായകമാകുന്ന വ്യക്തി തന്റെ സ്വാതന്ത്ര്യത്തിലും, സ്വാധീനത്തിലും, സമ്പദ് വ്യവസ്ഥയിലും സമൂഹത്തിലും നേരിട്ടുള്ള മാറ്റങ്ങൾ വരുത്തുന്നു. സർക്കാർ, വ്യവസായം, സമൂഹം എല്ലാവരും അവനെ അപരിഹാര്യ

ഘടകമായി കാണുകയും, പ്രശ്നപരിഹാരങ്ങൾക്ക് അവന്റെ പങ്ക് ആവശ്യപ്പെട്ടു കയും ചെയ്യുന്നു.

ഇത് വെറുമൊരു മാറ്റം മാത്രമല്ല; ഒരു ശമ്പളാധിഷ്ഠിത ജീവനക്കാരനു പൂർണ്ണമായ സ്വാതന്ത്ര്യം, സ്വാധീനം, വ്യക്തിഗത മൂല്യം കൈവരിക്കാനാവുന്ന സംസ്കാരപരവും സാമ്പത്തികവുമായ പരിവർത്തനമാണ്. ശരിയായ ദർശനവും, സാങ്കേതിക ശേഷിയും, ധൈര്യവുമുള്ള വ്യക്തി ശമ്പളാധിഷ്ഠിത അവസ്ഥയുടെ പരിമിതികളിൽ നിന്ന് ഉയർന്ന് സമൂഹത്തിനും സാമ്പത്തിക ഘടനകൾക്കും നിർണായക ഘടകമായിത്തീരും.

ജീവിതത്തിൽ സ്വയം മൂല്യവാനായി മാറുന്നതിന്റെ ഗുണങ്ങൾ അനവധിയാണ്. പക്ഷേ, ഈ ഉയർച്ചയോട് ചേർന്ന് വരുന്ന ഏറ്റവും വലിയ വെല്ലുവിളി ഒരു പരിധി വരെയുള്ള സ്വാതന്ത്ര്യം നഷ്ടപ്പെടൽ ആണ്. അത് സമൂഹത്തിലെ താഴെയുള്ളവരുടെ സാതന്ത്ര്യമില്ലായ്മയിൽ നിന്നും വ്യത്യസ്തപ്പെട്ടിരിക്കുന്നു. സാധാരണക്കാരന്റെ സ്വാതന്ത്രമില്ലായ്മ അവന്റെ അടിസ്ഥാന അസ്തിത്വത്തിൽ തൊടുമ്പോൾ ഇത് അവരുടെ പ്രവർത്തന മേഖലയിൽ ആണെന്ന് മാത്രം. അധികാരത്തിന്റെ മുൻഗണന ക്രമത്തിൽ ഉയരുമ്പോൾ, പലപ്പോഴും വ്യക്തി രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക സംവിധാനങ്ങളുടെ ഭാഗമാവുകയും, ആധിപത്യ സംവിധാനത്തിന്റെ നയം അനുസരിച്ച് പ്രവർത്തിക്കേണ്ട അവസ്ഥയിൽ കുടുങ്ങുകയും ചെയ്യുന്നു. അതേസമയം, ശമ്പളാധിഷ്ഠിത ജീവിതത്തിന്റെ അടിമയായിരുന്ന വ്യക്തിക്ക് ചെറുതായെങ്കിലും പ്രവർത്തന സ്വാതന്ത്ര്യമുണ്ട്. എന്നാൽ സ്വാധീനമില്ല. സ്വാതന്ത്ര്യവും മൂല്യവും ഒരേസമയം നിലനിർത്തുന്നതിന് ശക്തമായ മനോനയം, സങ്കൽപ ശക്തി, തന്ത്രപരമായ പ്രവർത്തനം എന്നിവ ആവശ്യമാണ്.

മുൻഗണനകളിൽപ്പെട്ട വ്യവസായജ്ഞന്മാർ, സംരംഭകർ, ബന്ധനശേഷിയുള്ളവർക്കും ഒരുപാട് അധികാര പ്രതിബന്ധങ്ങൾ ഉണ്ടായേക്കാം. പലപ്പോഴും വലിയ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ, അവർക്ക് സർക്കാർ, ബിസിനസ് പങ്കാളികൾ, നിയമ-നയ സമിതികൾ എന്നിവയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കേണ്ടിവരും. സ്വാതന്ത്ര്യത്തെ കുറിച്ചുള്ള ആശയം ഇവിടെ വെല്ലുവിളിയാകുന്നു. ഒരാൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയാത്ത പക്ഷം, അദ്ദേഹത്തിന്റെ മൂല്യം എന്നത് കൂടുതൽ നിയന്ത്രിതമായ പ്രാധാന്യമായി മാറും.

ഇത് തിരിച്ചറിയുന്നതിനായി, ഓരോ വ്യക്തിയും സ്വന്തം നിയന്ത്രണ ശേഷിയും നിയന്ത്രണ ഘടനകളും മനസ്സിലാക്കേണ്ടത് അനിവാര്യമാണ്. നിയമം, സാമ്പത്തിക നയങ്ങൾ, ജോലിസ്ഥലത്തിലെ നിയന്ത്രണങ്ങൾ തുടങ്ങി പല ഘടകങ്ങളും വ്യക്തിയുടെ പ്രവർത്തന പരിധിയെ നിർവചിക്കുന്നു. എങ്കിലും, ഈ പരിമിതികളിൽ കുടുങ്ങാതെ സ്വന്തം മൂല്യം സ്വയം സൃഷ്ടിക്കുന്ന വഴികളെ കണ്ടെത്തുന്നതാ

ണ് പ്രധാനം. ഉദാഹരണത്തിന്, ഒരു സംരംഭകനെ പരിഗണിക്കാം; സർക്കാർ നിയമങ്ങളും നയങ്ങളും പാലിക്കുന്നത് നിർബന്ധമാണ്. എന്നാൽ അതിനപ്പുറം പുതിയ വിപണികൾ അന്വേഷിച്ചും വ്യക്തിപരമായ ആശയങ്ങൾ വികസിപ്പിച്ചും സാങ്കേതിക നൈപുണ്യങ്ങൾ പ്രയോഗിച്ചും ഒരാൾക്ക് തന്നെ അപരിഹാര്യ ഘടകമായി ഉയർന്ന് വരാൻ കഴിയും.

സമ്പത്ത്, ബന്ധങ്ങൾ, ആശയങ്ങൾ ഇവയുടെ സാന്ദ്രതയും സ്വാധീനവും കൂട്ടിച്ചേർക്കുന്നത് മൂല്യവർദ്ധനവിന് അനിവാര്യമാണ്. ശമ്പളാധിഷ്ഠിത ജീവിതത്തിൽ സ്വാതന്ത്ര്യം ഉണ്ടായാലും സ്വാധീനം പരിമിതമാണ്. എന്നാൽ ഉയർന്ന പ്രാധാന്യമുള്ള വ്യക്തി സാമ്പത്തിക സ്വാതന്ത്ര്യം നിലനിർത്തുന്നതോടൊപ്പം വ്യക്തിഗത സ്വാതന്ത്ര്യവും നയങ്ങളിൽ സ്വാധീനവും സംയോജിപ്പിക്കേണ്ടതാണ്. ഇതാണ് തന്ത്രപരമായ മൂല്യനിർമ്മാണം.

സ്വാതന്ത്ര്യത്തിന്റെയും മൂല്യത്തിന്റെയും വ്യത്യസ്ത തലങ്ങൾ വ്യക്തമായി തിരിച്ചറിയുന്നത് അനിവാര്യമാണ്. ഒരാൾ ഉയരുമ്പോൾ സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക ഘടനകൾ പലപ്പോഴും അവനെ അടിച്ചമർത്താൻ ശ്രമിക്കും. ശമ്പളാധിഷ്ഠിത ജീവിതത്തിൽ കഴിയുന്ന സാധാരണക്കാരന് ഇത്രത്തോളം വെല്ലുവിളികൾ നേരിടേണ്ടിവരാറില്ല. എന്നാൽ മൂല്യവാനായി ഉയരുന്നവർക്ക് ഇവ അനിവാര്യമായ പരീക്ഷണങ്ങളായി മാറും. ഈ വെല്ലുവിളികളെ ധൈര്യത്തോടെ നേരിടുന്നവർക്കു മാത്രമേ സ്വാതന്ത്ര്യത്തോടൊപ്പം മൂല്യം നിലനിർത്താൻ കഴിയൂ.

സൃഷ്ടിച്ച മൂല്യത്തിന്റെ സ്വാധീനം ഉപയോഗിച്ച് പ്രതിസന്ധികളെ മറികടക്കുക അനിവാര്യമാണ്. ശമ്പളാധിഷ്ഠിത ജീവിതത്തിൽ പ്രതിസന്ധി നേരിടുമ്പോൾ വ്യക്തിയുടെ സ്വാധീനം അതു സംബന്ധിച്ച സാഹചര്യങ്ങളിൽ കുറഞ്ഞു പോകും. പിന്നീട്ടുള്ളത് മറ്റുള്ളവരിൽ ആശ്രയിക്കേണ്ട അവസ്ഥയാകുന്നു. ഉയർന്ന പ്രാധാന്യമുള്ള വ്യക്തി മറ്റുള്ളവരെ നിയന്ത്രിക്കാൻ സമയം ചിലവഴിക്കരുത്. പകരം, താൻ സൃഷ്ടിച്ച മൂല്യവും സ്വാധീനവും പരിപോഷിപ്പിച്ച് സ്വയം നിർണായകമായി പ്രവർത്തിക്കുന്ന കഴിവ് വികസിപ്പിക്കണം. അദ്ദേഹത്തിന്റെ പ്രഭാവം മറ്റുള്ളവരിലുള്ള ആശ്രയത്തെ ജനിപ്പിക്കാതെ സ്വതന്ത്രമായും ദൃഢമായും നിലനിൽക്കണം.

അവസാനമായി, മൂല്യവും സ്വാതന്ത്ര്യവും സംയോജിപ്പിക്കുന്ന ധൈര്യം വളർത്തുക. ശമ്പളാധിഷ്ഠിത ജീവിതത്തിൽ, സ്വാതന്ത്ര്യം ലഭിച്ചാലും സ്വാധീനം ഇല്ല. ഉയരുമ്പോൾ, സ്വാധീനം ലഭിച്ചാലും നിയന്ത്രണങ്ങൾ വരും. എന്നാൽ ഈ രണ്ടു ഘടകങ്ങളും കൈവരിക്കുന്നതാണ് സത്യമായ സമഗ്ര വിജയത്തിന്റെ അടയാളം. വ്യക്തി ശമ്പളാധിഷ്ഠിത ജീവിതനിലയിൽ നിന്ന് മാറി സ്വയം നിർണായകമായി പ്രവർത്തിച്ചാൽ അദ്ദേഹത്തിന്റെ സ്വാതന്ത്ര്യവും മൂല്യവും ഒരുപോലെ നിലനിൽക്കും. അങ്ങനെ, ഒരു വ്യക്തി ശമ്പളാധിഷ്ഠിത ജീവിതത്തിന്റെ തടസ്സത്തിൽ നിന്ന്

ഉയർന്ന് സ്വാതന്ത്ര്യവും മൂല്യവും നിലനിർത്തുന്ന നിലയിലേയ്ക്ക് എത്തുമ്പോൾ സർക്കാരിന്റെ മുൻഗണന ക്രമത്തിലും വ്യവസായ ഘടനകളിലും നിർണായക ഘടകമായി മാറുന്നു. ഈ നില, ശമ്പളാശ്രിതനായ ഒരു സാധാരണക്കാരന്റെ ജീവിതത്തിൽ സ്വപ്നം മാത്രമാണ്. എന്നാൽ ധൈര്യവും ദീർഘദർശനവും കൈവച്ചു പ്രവർത്തിക്കുന്ന വ്യക്തിക്ക് ഇത് യാഥാർത്ഥ്യമാകുന്നു. ഇതിനും മുകളിൽ നിലനിൽക്കുന്നത് ഉന്നതരായ എലീറ്റ് വിഭാഗങ്ങളായ രാജ്യത്തെ തന്നെ നിയന്ത്രിക്കുന്ന ശക്തികളാണ്. ഈ തലത്തിൽ പരിപൂർണ്ണ സ്വാതന്ത്ര്യം ഉണ്ട്. എന്നാൽ, ഈ തലത്തിലേയ്ക്ക് മറ്റുള്ളവർ എത്രവളർന്നാലും പ്രവേശനമില്ല. എന്നുമാത്രമല്ല, വളർച്ചകൾക്ക് ഇവിടെ ചില രഹസ്യ നിയന്ത്രണങ്ങളും നിയമങ്ങളും ഏർപ്പെടുത്തിയിരിക്കുന്നു.

എല്ലാത്തിനും ഉപരിയായി കേവല യാഥാർത്ഥ്യത്തിൽ മൂല്യവത്തായ ജീവിതം എന്നത് ജീവിതത്തിന്റെ കാരണം മനസ്സിലാക്കുകയും അതിന്റെ യഥാർത്ഥ ലക്ഷ്യം തിരിച്ചറിയുകയും അത് നേടുന്നതിനായുള്ള പഥത്തിൽ ഉറച്ചുനിൽക്കുകയും ചെയ്യുന്ന യാത്രയാണ്. എന്നാൽ ചരിത്രത്തിന്റെ മുഴുവൻ കാലയളവിലും ഗൂഢശക്തികളും ഭരണകൂടത്തെ നിയന്ത്രിക്കുന്ന ഉന്നതവർഗ്ഗങ്ങളും ജനങ്ങളെ സ്വന്തം ആവശ്യങ്ങൾക്കായി രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഒരുവ്യക്തി തന്റെ അന്തർസാരത്തെ അന്വേഷിക്കുന്ന പകരം, അധികാര ശക്തികളുടെ സങ്കേതത്തിൽ മുൻകൂട്ടി തീർത്ത മാതൃകകളിൽ ഒതുങ്ങി പോകുകയാണ് ചെയ്യുന്നത്. ആധുനിക സമൂഹത്തിൽ സാധാരണക്കാരൻ ഒരിക്കലും ചോദിക്കാത്ത ചോദ്യങ്ങൾ തന്നെയാണ് അദ്ദേഹത്തിന്റെ ആത്മസ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനങ്ങൾ. 'ഞാൻ എന്തിനാണ് ജീവിക്കുന്നത്?', 'എന്താണ് എന്റെ ജീവിത ലക്ഷ്യം?' എന്ന ചോദ്യങ്ങൾക്ക് മറുപടി തേടാൻ ജനങ്ങൾക്ക് സ്വാതന്ത്ര്യമില്ലാതെ ആക്കിയത് തന്നെയാണ് അധികാര വർഗ്ഗത്തിന്റെ വിജയരഹസ്യം. ദിനചര്യയിലെ ചെറുതും വലുതുമായ കാര്യങ്ങൾക്കപ്പുറം ചിന്തിക്കാനും അവലോകനം ചെയ്യാനും ഉള്ള കഴിവ് ജനത്തിന് നഷ്ടപ്പെട്ടിരിക്കുന്നു. കാരണം അടിമത്വം എന്നത് എലീറ്റ് വിഭാഗങ്ങളുടെ നിലനിൽപ്പിന്റെ അടിസ്ഥാന ആവശ്യകതയാണ് എന്നതാണ്.

വിദ്യാഭ്യാസരംഗത്തെ നോക്കുമ്പോൾ പോലും അത് ജനങ്ങളെ പ്രബോധിപ്പിക്കാനും സ്വതന്ത്രമായ ചിന്താപരമ്പര സൃഷ്ടിക്കാനുമല്ല. മറിച്ച്, അധികാര കേന്ദ്രങ്ങൾക്ക് ആവശ്യമായ തൊഴിലാളികളെ സൃഷ്ടിക്കാനാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിദ്യാർത്ഥികളിൽ നിന്ന് തന്നെ വലിയ തുക ഈടാക്കി, അവരെ മുൻകൂട്ടി തയ്യാറാക്കിയ 'തൊഴിൽയോഗ്യ' മാതൃകയിലേക്ക് ചുരുക്കുന്നു. അറിവിന്റെ യഥാർത്ഥ ലക്ഷ്യമായ ജീവിതബോധം നൽകുക എന്നത് സങ്കുചിത ചിന്തക്ക് മുന്നിൽ വഴിമാറുന്നു. ജനങ്ങൾക്ക് എന്ത് ഭക്ഷിക്കണം, എന്ത് കാണണം, എന്ത് കേൾക്കണം, എന്ത് ചിന്തിക്കണം എല്ലാം തന്നെ നിയന്ത്രണ വിധേയമാക്കപ്പെട്ടിരിക്കുന്നു. മാധ്യമങ്ങളും വിനോദ വ്യവസ്ഥകളും അധികാരവർഗ്ഗത്തിന്റെ ഉപകരണങ്ങളാ

യി മാറിയതിനാൽ വ്യക്തിക്ക് സ്വതന്ത്രമായി അവലോകനം ചെയ്യാനുള്ള അവസരം നഷ്ടമാകുന്നു. സ്വയം പ്രബുദ്ധരെന്ന് കരുതുന്നവർക്ക് പോലും അവരുടെ മുന്നിൽ അവതരിപ്പിക്കപ്പെടുന്ന 'വൻകിട വിഷയങ്ങളിൽ' മാത്രം പ്രതികരിക്കാനാണ് കഴിയുന്നത്. അവരെ നിയന്ത്രിക്കുന്ന ഗൂഢശക്തികളുടെ അരങ്ങിനപ്പുറം പോകുന്ന ചിന്തകളും ചോദ്യങ്ങളും ഉയരാതെ തന്നെ നിലച്ചുപോകുന്നു.

ഇതിനാൽ, മൂല്യവത്തായ ജീവിതത്തിലേക്കുള്ള യാത്ര ഒരു വിധത്തിൽ ജനങ്ങൾക്ക് മുന്നിൽ മൂടിവെക്കപ്പെട്ടിരിക്കുന്നു. ഗൂഢശക്തികളുടെ കണ്ണിൽ സാധാരണ ജനത്തിന്റെ ജീവിതം എന്നത് ഒരു മൃഗത്തിന്റെ ജീവിതത്തിന് സമാനമാണ്. അധ്വാനിക്കുക, കഴിക്കുക, ഉറങ്ങുക, പ്രജനനം ചെയ്യുക, മരിച്ച് പോകുക എന്നതിനപ്പുറം ഒന്നും തന്നെ ഇല്ല. അതിനാൽ സമൂഹത്തെ അവർ മാംസത്തിനായ് വളർത്തുന്ന മൃഗങ്ങളുടെ കൂട്ടമായി കാണുന്നു. മനുഷ്യശരീരത്തിന്റെയും മസ്തിഷ്കത്തിന്റെയും മൃഗാതീതമായ സാധ്യതകളെ മനസ്സിലാക്കാത്തവർ അതിനായി അൽപം പോലും തുനിയാതെ മൂല്യമില്ലാത്ത താൽകാലീക കോലാഹലങ്ങൾ സന്തോഷമെന്ന് തെറ്റദ്ധരിച്ച് ജീവിക്കുകയും അവഗണനയേയും ചൂഷണത്തേയും പറ്റി പരിതപിക്കുകയും ചെയ്യുമ്പോൾ മസ്തിഷ്കം സ്വയം തങ്ങളുടെ ആശയങ്ങൾക്ക് പകരം മറ്റുള്ളവരുടെ ആശയങ്ങൾക്ക് അടിയറവ് വച്ചിരിക്കുകയാണ് എന്ന് തിരിച്ചറിയണം. സത്യാന്വേഷണത്തിനും സ്വതന്ത്രചിന്തയ്ക്കും പകരം, അവർക്ക് മുൻകൂട്ടി നിർവചിച്ച 'ജീവിതരൂപങ്ങൾ' മാത്രമാണ് ലഭിക്കുന്നത്. അതിനെ തിരിച്ചറിയാതെ, വ്യക്തിക്ക് സ്വന്തമായുള്ള ലക്ഷ്യത്തിലേക്കുള്ള വഴിയിൽ പ്രവേശിക്കാനാവുകയുമില്ല.

ഒരു സമൂഹത്തിലെ സാധാരണ പൗരൻ ശമ്പളാധിഷ്ഠിത ജീവിതത്തിനും കൂപമണ്ഡൂക ചിന്തയ്ക്കുമിടയിൽ ഒതുങ്ങി പോകുമ്പോൾ അവന്റെ സ്വാതന്ത്ര്യവും സ്വാധീനവുമെല്ലാം മറ്റുള്ളവരുടെ നിയന്ത്രണത്തിൽ എത്തുന്നു. എന്നാൽ ബോധവാനായ പൗരൻ എന്നത് ആ ജീവിതത്തിലെ അടിമത്തവും അപര്യാപ്തതയും മറികടന്ന് സ്വയം സമൂഹത്തിനും സമ്പദ് വ്യവസ്ഥയ്ക്കും നിർണായക ഘടകമായി മാറുന്ന വ്യക്തി ആണ്. അതിന് വേണ്ടത് ധൈര്യം, ജ്ഞാനം, ചിന്താശക്തി, കാര്യക്ഷമമായ പ്രവർത്തനം, ദീർഘദർശനം എന്നിവയാണ്. അല്ലാതെ ആരും സ്വാഭാവികമായി ഈ നിലയിലേയ്ക്ക് എത്തപ്പെടുന്നതല്ല.

കൂപമണ്ഡൂക സാമ്രാജ്യത്തിൽ മൂല്യക്രമം മനുഷ്യചിന്തയുടെ ഏറ്റവും വ്യാപകമായ പരിമിതിയെ തുറന്നു കാണിക്കുന്ന പ്രതീകാത്മക മാതൃകയാണ്. സ്വന്തം ചെറിയ പരിസരത്തെ ലോകത്തിന്റെ പൂർണ്ണമായ രൂപമെന്ന് കരുതി ജീവിക്കുന്ന അവസ്ഥയെ ഇത് സൂചിപ്പിക്കുന്നു. വിജ്ഞാനത്തിലും ജീവിതാനുഭവത്തിലും, സാമൂഹ്യ-സാംസ്കാരിക രംഗത്തും, രാഷ്ട്രീയ-ആത്മീയ ധാരണകളിലും, ഈ കാഴ്ചപ്പാടിന്റെ തടവറ മനുഷ്യനെ അനിവാര്യമായി കീഴടക്കുന്നു. അന്തിമ വിശകലനത്തിൽ കൂ

പമണ്ഡൂക മൂല്യക്രമം മനുഷ്യ ജീവിതത്തിലെ സങ്കുചിത ദർശനം മുതൽ വിശാല മായ ബോധാവസ്ഥ വരെയുള്ള യാത്രയെ വിലയിരുത്താൻ സഹായിക്കുന്നു.

കൂപമണ്ഡൂക മനോഭാവത്തിന്റെ അന്തിമഫലം വ്യക്തിജീവിതത്തിൽ പ്രതിഭയുടെ മരണവും, സമൂഹത്തിൽ നവീകരണങ്ങളുടെ ക്ഷയവും ആണ്. തവള കിണറ്റിന്റെ ഭിത്തികൾക്കുള്ളിൽനിന്നു പുറത്തുള്ള സമുദ്രത്തെപ്പറ്റി അഭിപ്രായപ്പെടുമ്പോൾ അ തിന് യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ല. ഇതുപോലെ, ലോകത്തെക്കു റിച്ചുള്ള തെറ്റായ താരതമ്യങ്ങളും തെറ്റിദ്ധാരണകളും വ്യക്തിയുടെ ധാരണയെ നിയന്ത്രിക്കുന്നു. അന്തിമത്തിൽ, വിലയിരുത്തൽ ശേഷിയും ദർശനത്തിന്റെ ആഴ വും നഷ്ടപ്പെടുന്നു.

മൂല്യക്രമത്തിന്റെ ഏറ്റവും വലിയ പാഠം 'പരിധികളെ മറികടക്കുക' എന്നതാണ്. വ്യക്തിയുടെ അറിവ്, സംസ്കാരം, ആത്മീയാനുഭവം, ലോകദർശനം—എല്ലാം സ്വ ന്തം കിണറ്റിന്റെ ചുമരുകൾ പോലെ പരിമിതപ്പെട്ടിരിക്കാം. അവയെ കടന്നുപോ കുന്ന ധൈര്യവും അന്വേഷണ ചിന്തയും മാത്രമാണ് യഥാർത്ഥ വികസനത്തിന് വഴിയൊരുക്കുന്നത്. ആത്മീയമായി നോക്കുമ്പോൾ, ലോകത്തെ കാണുന്ന രീതി കൾ മനുഷ്യന്റെ ചിത്താവസ്ഥയെ ആശ്രയിച്ചിരിക്കുന്നു. കൂപമണ്ഡൂക മനോഭാ വത്തിൽ കുടുങ്ങിയാൽ പരമസത്യത്തെ അറിയാൻ കഴിയില്ല. സമൂഹങ്ങൾ പല പ്പോഴും തങ്ങളുടെ സംസ്കാരത്തെ, മതത്തെ, ഭാഷയെ, രാഷ്ട്രീയത്തെ തന്നെ പര മമായ സത്യമായി പ്രഖ്യാപിക്കുന്നു. എന്നാൽ ഇത് ലോകത്തിന്റെ വിശാലമായ സംസ്കാരത്തെയും മനുഷ്യ സമൂഹത്തിന്റെ സർവ്വലൗകികമായ മൂല്യങ്ങളെയും ചെറുതാക്കുന്നു. അതിനാൽ മൂല്യക്രമം സമൂഹങ്ങളെ അവരുടെ ആന്തരിക ചെറു പ്പത്തിൽ നിന്ന് സർവ്വലൗകിക സാദ്ധ്യതകളിലേക്ക് നീങ്ങാൻ പ്രേരിപ്പിക്കുന്നു.

സ്വയം മൂല്യവത്കരണം മനുഷ്യന്റെ ആത്മപരിവർത്തനത്തിന്റെ മധ്യബിന്ദുവാ ണ്. ലോകം നമുക്ക് മൂല്യം നൽകുന്നില്ല. നാം തന്നെയാണ് അത് സ്വന്തമായി നി ർമ്മിക്കേണ്ടത്. സമൂഹം പറയുന്ന 'വിജയം' പലപ്പോഴും മറ്റുള്ളവരുടെ അളവുകോ ലാണ്. എന്നാൽ, ആത്മസന്തോഷം മാത്രമേ യഥാർത്ഥ വിജയമായി തോന്നൂ. അതിനാൽ സ്വയം മൂല്യവത്കരണം എന്നത് സമൂഹത്തിന്റെ പ്രതീക്ഷകളിൽ നി ന്ന് വിമുക്തമാകാനുള്ള കല ആണ്. ഈ പാതയിൽ ആദ്യ ചുവടായി ആത്മ സാ ക്ഷാത്കാരം വരുന്നു. 'ഞാൻ ആരാണ്?' എന്ന ചോദ്യത്തെ സത്യസന്ധമായി നേരിടുക. രണ്ടാം ഘട്ടം സ്വതന്ത്ര പ്രവർത്തനം; സ്വന്തം കഴിവുകളും ആഗ്രഹങ്ങ ളും അനുസരിച്ച് ജീവിക്കുക. മൂന്നാം ഘട്ടം മാനസിക ശാന്തി; കാരണം മൂല്യം അള വല്ല, ആന്തരിക സമത്വമാണ്. നാലാമത്തേത് സഹജീവനബോധം; മറ്റുള്ളവരു മായി താരതമ്യം ചെയ്യാതെ അവരെ ഉൾക്കൊള്ളുന്ന മനസ്സ്. സ്വയം മൂല്യവത്ക രണം സ്വാർത്ഥതയല്ല. അത് സ്വയം സത്യസന്ധമായിരിക്കാനുള്ള ധൈര്യമാ ണ്. ഒരാൾ തന്റെ മൂല്യം തിരിച്ചറിയുമ്പോൾ അവൻ ഇനി പ്രാപിക്കേണ്ടതൊന്നു

മില്ല. കാരണം, അവൻ തന്നെയാണ് അവന്റെ ലക്ഷ്യം. ലോകം അവനെ വിലയിരുത്തുമ്പോൾ അവൻ ശാന്തമായി ചിരിക്കും — 'എന്റെ മൂല്യം എനിക്ക് അറിയാം.' അതാണ് ആത്മസ്വാതന്ത്ര്യത്തിന്റെ ശുദ്ധമായ രൂപം.

മൂല്യക്രമം നമ്മെ പഠിപ്പിക്കുന്ന വലിയ സന്ദേശം വ്യക്തവും കാലാതീതവുമാണ്. പരിധി വിട്ടു പുറത്തേക്കു നോക്കാതെ വിജ്ഞാനത്തിന്റെ, അനുഭവത്തിന്റെ, സത്യത്തിന്റെ, ആത്മീയമായ വിശാലതയുടെ സാന്നിധ്യം ഒരിക്കലും അനുഭവിക്കാനാവില്ല. ജീവിതം ഒരു കിണറല്ല. അത് സമുദ്രമാണ്. സമുദ്രത്തിന്റെ വിശാലതയിലേക്ക് കടക്കാൻ ധൈര്യപ്പെടുന്നവർക്കാണ് യഥാർത്ഥ സ്വാതന്ത്ര്യം, പുരോഗതി, ആത്മീയോന്നതി എല്ലാം ലഭിക്കുന്നത്.

കൂപമണ്ഡൂക

പ്രബുദ്ധ സാമ്രാജ്യം

അറിയുവാനും ചിന്തിക്കുവാനും പ്രതികരിക്കുവാനും ഭരണം കൈയ്യാളുന്നവരും നിയന്ത്രിക്കുന്നവരും നിശ്ചയിച്ച അദൃശ്യമായ പരിധികൾ നിലനിൽക്കുന്ന ലോകത്തിൽ, മിഥ്യാഭ്രമത്തിന്റെ വർണ്ണ ശബളതയ്ക്കുള്ളിൽ പ്രബുദ്ധത അരിയാഹാരം കഴിക്കുന്നവരുടെ ജന്മാവകാശം എന്ന് കരുതി ജീവിക്കുന്നവരുടെ നാട്ടിൽ, പ്രബുദ്ധതയുടെ യാഥാർത്ഥ ചിത്രം വിശകലനം ചെയ്യാൻ ശ്രമിക്കുകയാണ് കൂപമണ്ഡൂക പ്രബുദ്ധ സാമ്രാജ്യം എന്ന ഈ ഗ്രന്ഥം.

മനുഷ്യന്റെ ചിന്തകളെ ചുറ്റി അന്ധകാരം തീർത്തിരിക്കുന്ന മതിലുകൾ പലപ്പോഴും അവൻ തന്നെ അറിയാതെ ഉയർത്തിയ തടവറകളാണ്. സ്വാതന്ത്ര്യത്തിന്റെ ആകാശം അവനു മുകളിലുണ്ടെങ്കിലും അവൻ കണ്ണുകൾ തുറക്കാതെ ഇരുട്ടിൽ ജീവിക്കുന്നു. അറിവിനെ അവകാശമായി കരുതുന്നവർ സൃഷ്ടിച്ച മിഥ്യാഭ്രമങ്ങളുടെ മറവിൽ ഒളിഞ്ഞിരിക്കുന്ന യഥാർത്ഥ പ്രബുദ്ധതയെ പുറത്തു കൊണ്ടുവരുകയാണ് ഈ ഗ്രന്ഥം.

ശ്രീകേഷ് പുതുവാശ്ശേരി : പൗരാണിക തത്വശാസ്ത്രം, പ്രാചീന ചരിത്രം, തന്ത്രദർശനം, പാരമ്പര്യങ്ങളുടെ അന്തർധാരകൾ എന്നിവയുടെ ആഴത്തിലുള്ള പഠനത്തിലൂടെ ശ്രദ്ധേയനായ എഴുത്തുകാരനും സ്വതന്ത്ര ഗവേഷകനുമാണ്. വിവിധ സംസ്കാരങ്ങൾ, ആത്മീയ പാരമ്പര്യങ്ങൾ, മറഞ്ഞു പോയ അറിവുകളുടെ ബന്ധങ്ങൾ എന്നിവയെ തർക്കശേഷിയോടെ വിശകലനം ചെയ്ത് അവതരിപ്പിക്കുന്നതാണ് അദ്ദേഹത്തിന്റെ രചനകളുടെ പ്രത്യേകത. സങ്കീർണ്ണമായ ആത്മീയ ആശയങ്ങളെ ആധുനിക വായനക്കാർക്ക് ഉൾക്കൊള്ളാൻ എളുപ്പമാക്കുന്ന രീതിയിൽ അവതരിപ്പിക്കുന്നതിലൂടെ നിലവിലുള്ള ധാരണകളെ ചോദ്യം ചെയ്യുകയും പുതിയ ചിന്താപഥങ്ങൾ തുറക്കുകയും ചെയ്യുന്നു. വായിക്കാൻ തയ്യാറുള്ളവർക്ക് അദ്ദേഹത്തിന്റെ വാക്കുകൾ സാധാരണ വാക്യങ്ങളല്ല. ദീർഘകാലമായി അടച്ചിട്ട വാതിലുകൾ തുറക്കുന്ന താക്കോലുകളാണ്.

APC BOOKS

ISBN 978-93-344-1613-8

9 789334 416138